# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 15, ബുധൻ

## ഔദ്യോഗിക റിപ്പോർട്ട്


വാല്യം 191 - നമ്പർ 17



കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 15, ബുധൻ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II അടിയന്തരപ്രമേയ നോട്ടീസ്** ....

**III ശ്രദ്ധ ക്ഷണിക്കൽ** ....

വയോജന സൗഹൃദ സംസ്ഥാനം

- ശ്രീ. കെ. പി. മോഹനൻ ....

**IV സബ്മിഷൻ**

അഴീക്കോട് വൃദ്ധമന്ദിരം

- ശ്രീ. കെ. വി. സുമേഷ് ....

**V മേശപ്പുറത്തുവച്ച കടലാസുകൾ** ....

ലിസ്റ്റ് 1 [ചട്ടം 236 (5)], ലിസ്റ്റ് 2 [ചട്ടം 236 (6)] പ്രകാരമുള്ള കടലാസുകൾ ....

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ .....

**VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ബ്രഹ്മപുരം മാലിന്യ പ്ലാന്റ്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ......

**VIII ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ....

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

**അപരാഹ്ന സമ്മേളനം**

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

**അനുബന്ധം** ....

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 15, ബുധൻ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 17

---

നിയമസഭ 2023 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.... ചോദ്യം നമ്പർ (*421)

ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത

1 (*421) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മിൽമയും ക്ഷീരവികസന വകുപ്പും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമയുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് മിൽമ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി മിൽമയ്ക്ക് എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) മിൽമ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ വിപണനം ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആരോഗ്യദായകമായ ഭക്ഷ്യവസ്തുക്കൾ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് മിൽമയുടെ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിന്റെ ഘടകങ്ങൾക്കുള്ള ധനസഹായവും നൽകി വരുന്നുണ്ട്. ഇതിനുപുറമെ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന

മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. 2022-23 മുതൽ ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ക്ഷീര കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുകവഴി സ്ഥായിയായ വിപണി ഉറപ്പാക്കുന്നതോടൊപ്പം ന്യായവിലയും നൽകിവരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ, സൈലേജ്, വയ്ക്കോൽ തുടങ്ങിയവ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നു. ഇതിന്റെ ഫലമായി ക്ഷീരസംഘങ്ങൾവഴി സംഭരിക്കുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

മിൽമയിൽ പാൽ നൽകുന്ന ക്ഷീര സംഘങ്ങൾ വഴിയുള്ള സംഭരണത്തിൽ 2020-21-ൽ 9.04 ശതമാനവും 2021-22-ൽ സംഘങ്ങൾ വഴിയുള്ള സംഭരണത്തിൽ 12.46 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്. മിൽമയും പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളും മുഖേനയുള്ള പാൽ സംഭരണം സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ പാൽ സംഭരണം (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|
| 2016-2017 | 5.94 |
| 2017-2018 | 6.62 |
| 2018-2019 | 6.80 |
| 2019-2020 | 6.79 |
| 2020-2021 | 7.12 |
| 2021-2022 | 7.73 |

(ബി) മിൽമ ഉപഭോക്താക്കൾക്ക് ആവശ്യമുള്ള വിവിധയിനം പാലും ഗുണമേന്മയുള്ള അസംഖ്യം ഉല്പന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്, ഐസ്ക്രീം തുടങ്ങിയ ഉല്പന്നങ്ങളുടെ വില്പനയുടെ മുഖ്യ പങ്ക് മിൽമയ്ക്കാണ്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. വിപണനത്തിന്റെ എല്ലാ മേഖലകളും പരമാവധി പ്രയോജനപ്പെടുത്തി മിൽമ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്താനുള്ള നടപടികളാണ് മിൽമ സ്വീകരിച്ചുവരുന്നത്.

(സി) കർഷകരിൽനിന്നും സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നുണ്ട്. നിലവിൽ നെയ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ലേവേഡ് മിൽക്കുകൾ, ഐസ്ക്രീമുകൾ, ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണിതന്നെ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നുമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആന്റ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. ഈ വർഷം പുറത്തിറക്കിയ വെജിറ്റബിൾ ബിരിയാണി മിക്സ്, ഇൻസ്റ്റന്റ് പനീർ ബട്ടർ മസാല, ചോക്ലേറ്റ് പേഡ, ഷുഗർ ഫ്രീ പേഡ തുടങ്ങിയവയും ഈ ഉല്പാദന ശ്രേണിയിൽ ഉൾപ്പെടുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലുമുണ്ടാക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽപ്പൊടി, ലോംഗ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ഡി) ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ വിപണന വെബ്സൈറ്റുകൾവഴി ഇന്ത്യയിലുടനീളം മിൽമ ഉൽപ്പന്നങ്ങൾ ഇന്ന് ലഭ്യമാണ്. സ്വിഗ്ഗി, പൊട്ടാഫോ, എ.എം. നീഡ്സ് തുടങ്ങിയ ഓൺലൈൻ ഡെലിവറി സേവനദാതാക്കൾ വഴിയും മിൽമ ഉല്പന്നങ്ങൾ ലഭിക്കുന്നുണ്ട്.

(ഇ) സ്കൂളുകളിലെ പി.ടി.എ-യുമായി സഹകരിച്ച് മിൽമയുടെ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ മിൽമ മേഖലാ യൂണിയനുകൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ആരോഗ്യദായക ഭക്ഷ്യവസ്തുക്കൾ ന്യായമായ വിലയ്ക്ക് കുട്ടികൾക്ക് ലഭ്യമാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. നിലവിൽ പാലക്കാട്-4, കോഴിക്കോട്-6, വയനാട്-2, കണ്ണൂർ-4, കാസർഗോഡ്- 4, തൃശ്ശൂർ-2, എറണാകുളം-2, തിരുവനന്തപുരം-2 എന്നിങ്ങനെ 26 സ്കൂളുകളിൽ മിൽമയുടെ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷത്തിൽ കൂടുതൽ സ്കൂളുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഇക്കാലയളവിൽ മിൽമയുടെ പ്രവർത്തനം സ്തുത്യർഹമാംവിധം മെച്ചപ്പെട്ടിട്ടുണ്ട്. മിൽമയെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ എടുത്തിട്ടുള്ള സംരംഭങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങളാണ്

നടത്തിവരുന്നത്. ഇതുമൂലം പാലിന്റെ വില്പനയിൽ 2021-22 വർഷത്തെ അപേക്ഷിച്ച് 2022-23-ൽ 10.85% വർദ്ധനവുണ്ടായിട്ടുണ്ട്. മിൽമയുടെയും മിൽമ ഉല്പന്നങ്ങളുടെയും വിപണനം വർദ്ധിപ്പിക്കുന്നതിനായി പാൽ വിതരണം ഇനിയും ചെന്നെത്താത്ത ഗ്രാമപ്രദേശങ്ങളിൽ ട്രാൻസ്പോർട്ട് വാഹനങ്ങളും വിതരണ റൂട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടി/സ്കൂൾ കുട്ടികൾക്കും കോവിഡ് കാലത്ത് ലേബർ ക്യാമ്പുകളിലേയ്ക്കും പാൽ വിതരണം നടത്തിയിരുന്നു. മിൽമ ഉല്പന്നങ്ങൾ ബസ് യാത്രക്കാർക്ക് ലഭിക്കുന്നതിനായി പല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും 'മിൽമ ഓൺ വീൽസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം ലൊക്കേഷനുകളിൽ മിൽമ ഷോപ്പികൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ കൊച്ചി നേവൽ ബേസ്, ഷിപ്പ് യാർഡ് എന്നിവിടങ്ങളിൽ പാൽ വിതരണം ആരംഭിച്ചിട്ടുണ്ട്. റൂറൽ മാർക്കറ്റിംഗിന്റെ ഭാഗമായി മിൽമ ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഒരു കുടക്കീഴിൽ ലഭിക്കുന്നതിനായി സൊസൈറ്റികളിലും ഷോപ്പികൾ ആരംഭിച്ചിട്ടുണ്ട്. ആമസോൺ, ഫ്ലിപ്കാർട്ട് പോലുള്ള ഓൺലൈൻ വിപണന വെബ്സൈറ്റുകൾവഴി ഇന്ത്യയിലുടനീളം മിൽമ ഉല്പന്നങ്ങൾ ലഭ്യമാണ്. സ്വിഗ്ഗി, സൊമാറ്റോ, എ.എം. നീഡ്സ് തുടങ്ങിയ ഓൺലൈൻ സേവനദാതാക്കൾവഴിയും മിൽമ

ഉല്പന്നങ്ങൾ ലഭിക്കുന്നുണ്ട്. പാൽ വിൽപ്പന വിലയുടെ 83 ശതമാനവും ഉല്പാദകർക്ക് തിരിച്ചുനൽകുന്ന ഒരു പ്രസ്ഥാനമാണ് മിൽമ. സ്റ്റാറ്റ്യൂട്ടറി ഫണ്ടുകളും അംഗങ്ങൾക്ക് നൽകുന്നതിനുള്ള ലാഭവിഹിതവും വകമാറ്റിയതിനുശേഷമുള്ള അറ്റലാഭത്തിന്റെ 70 ശതമാനമാണ് സഹകരണ നിയമപ്രകാരം സംഘത്തിന് ബോണസായി കൊടുക്കുന്നത്. ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പരമാവധി ബോണസ് ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്. അതുപോലെ നെയ്, പാലട മിക്സ്, പേഡ തുടങ്ങിയ ഉല്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ലഹരിവിരുദ്ധ ക്യാമ്പയിൻ ആചരിക്കുന്നതിന്റെ ഭാഗമായി ലഹരിമാഫിയയെയൊക്കെ തോൽപ്പിക്കുംവിധം കേരളത്തിലെ സ്കൂളുകളിൽ കുഞ്ഞുങ്ങൾക്കായി മിൽമയുടെ ഷോപ്പി കൊണ്ടുവരികയാണ്. സ്കൂളുകളിലെ മിൽമ ഷോപ്പികളിൽനിന്ന് എല്ലാത്തരം ശുദ്ധമായ മിൽമ ഉല്പന്നങ്ങളും കുഞ്ഞുങ്ങൾക്ക് ലഭിക്കുംവിധമാണ് പ്രസ്തുത പദ്ധതി പ്ലാൻ ചെയ്തിരിക്കുന്നത്. കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉല്പാദനച്ചെലവും കണക്കിലെടുത്ത് പാലിന്റെ വിൽപ്പന വില ലിറ്ററിന് 6 രൂപവച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75% (5.025 രൂപ)

കർഷകർക്കും 0.75% (0.045 രൂപ) ക്ഷീര കർഷക ക്ഷേമനിധി ബോർഡിനും 5.75% (0.345 രൂപ) വീതം ഡീലർമാർക്കും സംഘങ്ങൾക്കും 3.5% (0.21 രൂപ) മിൽമയ്ക്കും 0.5% (0.03 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനും ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും.

- മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83% നേരിട്ടുള്ള സംഭരണ വിലയായും, കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകിവരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽനിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമനിധിയിലേയ്ക്ക് നൽകിവരുന്നു.
- കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകുന്നു. ചെലവ് കുറഞ്ഞ പാലുൽപ്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു.
- സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ

വഴി വയ്ക്കോൽ ബൈലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ വിപണിയിലെത്തിക്കുന്നു.

- അടിസ്ഥാന സൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് 15,000/- രൂപ വരെയും കാലിത്തൊഴുത്ത് നിർമ്മാണത്തിന് 15,000/- രൂപ വരെയുമുള്ള ധനസഹായങ്ങൾ നൽകിവരുന്നു.
- തെരഞ്ഞെടുത്ത സംഘങ്ങളിൽ 300 രൂപയ്ക്ക് ഡോക്ടറുടെ സേവനവും മരുന്നും കർഷകഭവനത്തിൽ ലഭ്യമാക്കുന്ന വികേന്ദ്രീകൃത യൂണിറ്റുകൾ ആരംഭിച്ചു. പശുക്കളിലെ ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും പാലിലെ ആന്റിബയോട്ടിക് മരുന്നുകളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനുംവേണ്ടി മേഖലാ യൂണിയൻ നിർമ്മിച്ച ചെലവ് കുറഞ്ഞ ഇ.വി.എം. മരുന്നുകളുടെ വിതരണം നടത്തിവരുന്നു.
- കൃത്രിമ ബീജദാന കേന്ദ്രങ്ങൾവഴി കറവമാടുകളുടെ വർഗ്ഗോദ്ധാരണത്തിന് ബീജമാത്രകളുടെ സൗജന്യ വിതരണം നടത്തിവരുന്നു. 50% സബ്സിഡിയോടെ ധാതുലവണ മിശ്രിത വിതരണം, ഉയർന്ന ഉല്പാദനക്ഷമതയുള്ള തെരഞ്ഞെടുത്ത ഗർഭിണിപ്പശുക്കൾക്ക് 70% സബ്സിഡി നിരക്കിൽ ബൈപ്പാസ് ഫാറ്റ്

വിതരണം, 50% സബ്സിഡി നിരക്കിൽ സ്റ്റെയിൻലെസ് സ്റ്റീൽ പാൽപാത്ര വിതരണം എന്നിവ നടത്തിവരുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, സ്വന്തമായി വീടില്ലാത്ത ക്ഷീരകർഷകർക്ക് ഭവന നിർമ്മാണത്തിനായി ഒരു ജില്ലയിൽ ഒരാൾക്ക് 5 ലക്ഷം രൂപ എന്ന രീതിയിൽ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ, ക്ഷീര കർഷകരുടെ ടൈപ്പ് 1 പ്രമേഹ രോഗികളായ 18 വയസ്സിൽ താഴെയുള്ള മക്കളുടെ ചികിത്സാ ധനസഹായവും ക്ഷീരകർഷകർക്ക് ജനിക്കുന്ന പെൺകുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള ക്ഷീര സുകന്യ പദ്ധതിയും നടപ്പിലാക്കിവരുന്നു.

അകിട് രോഗ നിർണയ-നിവാരണ പദ്ധതി (ഡി.സി.എ.എം.) നടപ്പിലാക്കുന്നു. ഗ്രാമങ്ങളിൽ 8.135 ലക്ഷം ലിറ്റർ പാൽ ശീതീകരണ സംവിധാനമൊരുക്കുകയും മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ വഴി അർഹരായവർക്ക് ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും 10,000/- രൂപ ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്.

- ഉൽപ്പാദനച്ചെലവ് ഏറിയതിനാലും വരുമാനം കുറഞ്ഞതിനാലും പല ക്ഷീരകർഷകരും യുവസംരംഭകരും ഈ മേഖല ഉപേക്ഷിക്കുന്നതും

പുതിയ സംരംഭകർ കടന്നുവരാൻ മടിക്കുന്നതുമായ സാഹചര്യവും മികച്ച ഉല്പാദനശേഷിയുള്ള പശുക്കളുടെ വിലവർദ്ധനവും ദൗർലഭ്യവും കാലിത്തീറ്റയുടെയും കാലിത്തീറ്റയ്ക്കുള്ള അസംസ്കൃത വസ്തുക്കളുടെയും വിലവർദ്ധനവുംമൂലം പാൽ സംഭരണത്തിൽ ഗണ്യമായ കുറവുവന്നു.

- സംഘങ്ങളിലൂടെയുള്ള പാൽ വില വർദ്ധനവും, പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം യൂണിയന് ആവശ്യമുള്ളതിന്റെ 85 ശതമാനമായി ഉയർന്നിട്ടുണ്ട്.

- തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവയന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സാ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന

നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച് നൽകുന്ന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും എന്നിവ ലഭ്യമാക്കിവരുന്നു.

- മിൽമ ഉപഭോക്താക്കൾക്ക് ആവശ്യമായ രീതിയിലുള്ള വിവിധ തരം പാലിനോടൊപ്പം ഗുണമേന്മയുള്ള അസംഖ്യം ഉൽപ്പന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഘടിത മേഖലാ വിൽപ്പനയുടെ മുഖ്യ പങ്ക് കയ്യാളുന്നത് മിൽമയാണ്.

ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ക്ഷീരഗ്രാമം പൊതുവിൽ അംഗീകാരം നേടിയ പദ്ധതിയാണ്. പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ ചേർക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷീരഗ്രാമം തെരഞ്ഞെടുക്കുന്നതിന്

ചില മാനദണ്ഡങ്ങളുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെയും ക്ഷീര മേഖലയിൽ പുതുതായി കടന്നുവരുന്ന സംരംഭകരുടെയും ക്ഷീര മേഖലയിലേയ്ക്ക് കടന്നുവരാൻ താൽപ്പര്യമുള്ള യുവാക്കളുടെയും സ്ത്രീകളുടെയും എണ്ണം, ഗ്രാമപഞ്ചായത്തിലെ കറവയുള്ള മൃഗങ്ങളുടെ എണ്ണം, ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഫാമുകളുടെ എണ്ണവും പാലുല്പാദനവും, ക്ഷീരസംഘങ്ങളുടെ എണ്ണം, പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ കൈകാര്യം ചെയ്യുന്ന പാലിന്റെ വിഹിതം, പഞ്ചായത്ത് പ്രദേശത്ത് പ്രാദേശിക യൂണിയനുകളുടെ മിൽക്ക് റൂട്ടുകൾ, പഞ്ചായത്തിലെ പുൽക്കൃഷി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം എന്നിവയെല്ലാം നോക്കിയാണ് ക്ഷീരഗ്രാമം തെരഞ്ഞെടുക്കുന്നത്. കഴിഞ്ഞ വർഷം 10 ക്ഷീരഗ്രാമം തെരഞ്ഞെടുത്തിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം 10 എണ്ണം മാത്രമേ തെരഞ്ഞെടുക്കാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ഇത്തവണ 20 ക്ഷീരഗ്രാമം തെരഞ്ഞെടുത്തിട്ടുണ്ട്. 20 എണ്ണമായപ്പോൾ എല്ലായിടത്തും എത്തിച്ചേരാൻ കഴിയുന്നില്ല. കഴിഞ്ഞ നാലഞ്ച് വർഷംകൊണ്ട് നല്ലൊരു തുക പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഈ വർഷം 50 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഈ

മേഖലയിലെ പദ്ധതിക്കായി 25 ലക്ഷം രൂപ മാറ്റിവച്ചാൽ വകുപ്പ് 25 ലക്ഷം രൂപകൂടി നൽകി 50 ലക്ഷത്തിന്റെ പ്രോജക്ടുകൾ 50 പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള പദ്ധതിയാണ് ഈ വർഷം തയ്യാറാക്കിയിരിക്കുന്നത്. അങ്ങനെ വരുമ്പോൾ കൂടുതൽ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ഇതുകൂടാതെ മറ്റ് സ്കീമുകളുമുണ്ട്. എന്നാൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്നുള്ളത് ഒരു പോരായ്മയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ക്ഷീര കർഷകരെ സഹായിക്കാൻ സർക്കാരും വകുപ്പും ഒട്ടേറെ സഹായങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പശുവിനെ വളർത്താൻ ചെലവ് വർദ്ധിക്കുന്ന ഈ സാഹചര്യത്തിൽ ക്ഷീരകർഷകർക്ക് കൂടുതൽ നേട്ടമുണ്ടാകേണ്ടതുണ്ട്. മിൽമയുടെ പാൽ വില വർദ്ധനവിൽ കർഷകനും മിൽമയ്ക്കും എത്ര ശതമാനമാണ് നേട്ടമുണ്ടാകുന്നത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പാൽ വില ഒരു ലിറ്ററിന് 6 രൂപ വച്ച് വർദ്ധിപ്പിച്ചിരുന്നു. അപ്പോൾ ഈ തുക കർഷകനിലേയ്ക്കുതന്നെ എത്തിച്ചേരണമെന്നുള്ള ഒരു ഡിമാന്റാണ് ഞങ്ങൾ മിൽമയ്ക്ക് മുന്നിൽ വച്ചത്. അങ്ങനെ ഒരു ലിറ്റർ പാലിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ അഞ്ച് രൂപ രണ്ടര പൈസയും ക്ഷീരകർഷകനുതന്നെ കിട്ടുന്ന നിലയാണുള്ളത്.

അതനുസരിച്ചാണ് കർഷകന് കൊടുത്തുകൊണ്ടിരിക്കുന്നത്. ബാക്കി തുക മാത്രമേ ക്ഷീര കർഷക ക്ഷേമനിധി ബോർഡിനും ഡീലർമാർക്കും പ്ലാസ്റ്റിക് നിർമ്മാർജനത്തിനുമായി മാറ്റിവച്ചിട്ടുള്ളൂവെന്നത് യാഥാർത്ഥ്യമാണ്. ഗുണനിലവാരമുള്ള പാൽ സംഘത്തിന് കർഷകർ നൽകുമ്പോൾ അവർക്ക് 5.025 രൂപ അധികമായി ലഭിക്കുന്നുണ്ട്. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. ഉയർന്ന ഗുണനിലവാരമുള്ളതിന് 8 മുതൽ 9 രൂപ വരെ കർഷകന് ലഭിക്കുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. രണ്ട് കറവകൾ തമ്മിലുള്ള വ്യത്യാസം 12 മണിക്കൂറാക്കി പരിഷ്കരിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അത് ഈ വർഷം വയനാട് ജില്ല മുതൽ തുടങ്ങുകയാണ്. 12 മണിക്കൂർ ഇടവിട്ട് പശുവിനെ കറന്നാൽ പാലുല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. മാത്രമല്ല, രാവിലെ 6 മണിക്ക് കറന്നാൽ പിന്നെ വൈകുന്നേരം 6 മണിക്ക് കറന്നാൽ മതിയാകും. അപ്പോൾ 12 മണിക്കൂർ ഇടവേള ലഭിക്കും. പശുവിന്റെ അകിടുവീക്കമുൾപ്പെടെയുള്ള മറ്റ് പല രോഗങ്ങളും ഇതിലൂടെ നിയന്ത്രിക്കാനും സാധിക്കും. അതുപോലെ, വേണമെങ്കിൽ ക്ഷീരകർഷകർക്ക് ഈ ഇടവേള സമയത്ത് മറ്റ് ജോലികൾക്ക് പോകാനും

കഴിയും. അത്തരത്തിലൊരു സംവിധാനം എല്ലാ ജില്ലകളിലും കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കിയ ജില്ലയിൽ പാലിന്റെ ഉല്പാദനവും ക്വാളിറ്റിയും 20% വർദ്ധിച്ചതായാണ് മനസ്സിലാക്കാൻ സാധിച്ചത്.

ശ്രീമതി സി. കെ. ആശ: സർ, അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാൽ കേരളത്തിലെ ക്ഷീരവികസന വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധിച്ച് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയാൽ നടപടി സ്വീകരിക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിനില്ല. ക്ഷീരവികസന വകുപ്പിന് അതിനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ചെക്ക്പോസ്റ്റ് ലാബുകൾ ഇടുക്കി ജില്ലയിലെ കുമളിയിലും സംസ്ഥാനത്തിന്റെ

അതിർത്തിയായ വാളയാറിലുമുള്ളതിനാൽ പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. പാലിന് ഗുണമേന്മയില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ് അധികാരം നൽകിയിരിക്കുന്നത്. ഏറ്റവുമവസാനം ആര്യങ്കാവ് അതിർത്തിയിൽ പിടിച്ച പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയതാണ്. അത് ആറ് മണിക്കൂർ മാത്രമേ പാലിൽ നിലനിൽക്കാറുള്ളൂവെന്ന യാഥാർത്ഥ്യം നമുക്കറിയാം. തിരുവനന്തപുരത്ത് ആ പാൽ കൊണ്ടുവന്ന് പരിശോധിച്ചപ്പോൾ സമയം കഴിഞ്ഞുപോയതുകൊണ്ടാണ് മായം ചേർക്കൽ കൃത്യമായി കണ്ടെത്താൻ സാധിക്കാതിരുന്നത്. ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ് ഗുണനിലവാര പരിശോധനയ്ക്കുള്ള അധികാരം നൽകിയിരിക്കുന്നത്. ക്ഷീരവികസന വകുപ്പിൽ ഗുണനിലവാരം ചെക്ക് ചെയ്യാൻ കഴിയുന്ന ഉദ്യോഗസ്ഥരുള്ളതിനാൽ ഇതിന്റെ അധികാരം ക്ഷീരവികസന വകുപ്പിനും നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ക്ഷീര വികസന വകുപ്പ് പാലിന്റെ ഗുണനിലവാരം പരിശോധിച്ചാലും യഥാർത്ഥത്തിൽ ഇത് പരിശോധിക്കേണ്ട ചുമതല

ഭക്ഷ്യസുരക്ഷ വകുപ്പിനാണെന്ന് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. ആയതിനാൽ ക്ഷീര വികസന വകുപ്പിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ചുമതല നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം ലഭിക്കുന്നുണ്ടെങ്കിലും ശരിയായ വളർച്ചയ്ക്കാവശ്യമായ പ്രോട്ടീനുകളുടെയും ധാതുക്കളുടെയും വിറ്റാമിനുകളുടെയും അപര്യാപ്തത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല, സംസ്ഥാനത്തെ വിദ്യാലയങ്ങളോട് ചേർന്നുള്ള ലഘുഭക്ഷണശാലകളെക്കുറിച്ചും അവിടെ വിൽക്കപ്പെടുന്ന ഭക്ഷണത്തെക്കുറിച്ചും പലതരത്തിലുള്ള പരാതികൾ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും സമൂഹത്തിനുമുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പോഷകസമൃദ്ധമായ മിൽമയുടെ പാൽ ഉൽപ്പന്നങ്ങൾ വിൽക്കുന്ന വിപണനശാലകൾ സ്കൂളുകളിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അടുത്തകാലത്താണ് സ്കൂളുകളിൽ അത്തരത്തിലുള്ള സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിച്ചത്. കാരണം, ഗവൺമെന്റ് സംസ്ഥാനമൊട്ടാകെ സ്കൂളുകളും കോളേജ്

ക്യാമ്പസുകളും തെരഞ്ഞെടുത്തുകൊണ്ട് ലഹരി വിമുക്ത ക്യാമ്പയിൻ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിൽനിന്നും വിപുലമായ നിലയിൽ ലഹരിക്കെതിരായ ക്യാമ്പയിനെന്ന നിലയ്ക്ക് എല്ലാ സ്കൂളുകളിലും മിൽമ പാർലർ തുടങ്ങണമെന്നാണ് തീരുമാനിച്ചത്. 'മിൽമ അറ്റ് സ്കൂൾ' എന്നാണ് അതിന് പേരിട്ടിരിക്കുന്നത്. പല ജില്ലകളിലും അത് തുടങ്ങിക്കഴിഞ്ഞു; എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ പോകുകയുമാണ്. പി.ടി.എ.-യുടെ സഹായത്തോടെ പ്രധാന സ്കൂളുകളിൽ മിൽമ പാർലറുകൾ സ്ഥാപിതമാക്കി. മിൽമ ഉൽപ്പന്നങ്ങൾ രുചിച്ചാൽ പിന്നെ എപ്പോഴും കഴിക്കണമെന്ന് കുഞ്ഞുങ്ങൾക്ക് തോന്നും. ഐസ്ക്രീം ഉൾപ്പെടെയുള്ള നല്ല ഭക്ഷ്യോല്പന്നങ്ങളാണ് മിൽമ ഇറക്കുന്നത്. അത് കഴിച്ചാൽ ഒരു ദോഷവും വരില്ല. എല്ലാ സ്കൂളുകളിലും അത് പ്രാവർത്തികമാക്കാനുള്ള ശ്രമത്തിലാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 'ക്ഷീര ഗ്രാമം' പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന അതിപ്രധാനമായ വയനാട് ജില്ലയിൽ ഒരു പദ്ധതി മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. അങ്ങയുടെ ജില്ലയിൽ മൂന്ന് പദ്ധതികൾ വന്നപ്പോൾ aspirational district ആയ വയനാട്ടിൽ ഒരു പദ്ധതി മാത്രമേയുള്ളൂ. ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡും

ഫോർമാലിനമുൾപ്പെടെയുള്ള രാസപദാർത്ഥങ്ങൾ ചേർക്കുന്നുണ്ട്. പാൽ അഞ്ചര മണിക്കൂർ മാത്രമേ കേടുകൂടാതിരിക്കുകയുള്ളൂ. എന്നാൽ അതിനുശേഷവും കേടാകാതിരിക്കുന്നതിനായി രാസപദാർത്ഥങ്ങൾ ചേർക്കുകയാണ്. ഇത് പരിശോധിക്കാനുള്ള സംവിധാനം വകുപ്പിനില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പും ക്ഷീര വികസന വകുപ്പും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ അത് ക്രമീകരിക്കപ്പെടാതെ പോകുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇതിനുള്ള മറുപടി നേരത്തെ പരാമർശിച്ചതാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടിയെടുക്കും.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് 135 കോടി രൂപ ചെലവിൽ പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ ഫാക്ടറിയിൽ ദിവസം ഒരു ലക്ഷം ലിറ്റർ പാൽ പൊടിയാക്കാൻ സാധിക്കും. എന്നാൽ ജില്ലയിൽ ആകെയുള്ള 252 ക്ഷീര സംഘങ്ങൾക്ക് ദിവസം ഒരു ലക്ഷം ലിറ്റർ പാൽ നൽകാൻ സാധിക്കില്ല. ആയതിനാൽ മലപ്പുറം ജില്ലയിലെ പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; കാലിത്തീറ്റയ്ക്കും വയ്ക്കോലിനും സബ്സിഡി നൽകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. ഇന്ന് 90% പാലുല്പാദനമുണ്ട്, കുറച്ച് മാത്രമേ ഇനി ബാക്കിയുള്ളൂ. അതിന്റെയർത്ഥം, ഏകദേശം 14 ലക്ഷം ലിറ്റർ പാൽ ദിവസം ലഭിക്കുന്നുണ്ടെന്നാണ്. രണ്ട് ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. അതുണ്ടാകാനുള്ള കാരണം, വീടുകളിലെ പശുക്കളിൽനിന്നും കറന്നെടുക്കുന്ന പാൽ തൊട്ടടുത്തുള്ള വീടുകളിൽ കൊടുക്കുന്നതാണ്. അതിന് കണക്കില്ല, സംഘത്തിൽ പാൽ കൊടുക്കുന്നതിന്റെയും സംഘം മിൽമയ്ക്ക് പാൽ കൊടുക്കുന്നതിന്റെയും കണക്കാണുള്ളത്. യഥാർത്ഥത്തിൽ കേരളം സ്വയംപര്യാപ്തതയിലെത്തിയെന്ന് പറയാൻ കഴിയും. കാരണം, ഇപ്പോൾ നമുക്കാവശ്യമുള്ള പാലിന്റെ ഭൂരിഭാഗവും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. ബാക്കി വേണ്ടിവരുന്ന പാൽ പുറത്തുനിന്ന് കൊണ്ടുവരികയാണ് ചെയ്യുന്നത്. മിൽമയ്ക്ക് പാൽ കൊടുക്കാത്ത ചില സംഘങ്ങളുണ്ട്. ആ പാലും കേരളത്തിലുണ്ട്. മിൽമ ഉല്പന്നങ്ങൾ കൂടുതലും പാൽ ഉപയോഗിച്ചാണുണ്ടാക്കുന്നത്. അതിന്റെ കണക്ക് ഇതിൽ വരുന്നില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇൻഷ്വർ ചെയ്യാത്ത പശുക്കൾ മരണപ്പെട്ടാൽ 15,000/- രൂപയും കലിത്തൊഴുത്ത് തകർന്നാൽ 10,000/- രൂപയും നൽകുന്ന കണ്ടിജൻസി ഫണ്ട് നിലവിലുണ്ടായിരുന്നു. 'ക്ഷീര

സാന്ത്വനം' എന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി ക്ഷീര കർഷകർക്ക് ഏറെ ആശ്വാസകരമായതാണ്. ഈ രണ്ട് പദ്ധതികളും വരാൻ പോകുന്ന (2023-24) സാമ്പത്തിക വർഷത്തിലും തുടരാൻ സാധ്യതയുണ്ടോ; അത് തുടരാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അതിനുള്ള നടപടിയിലേയ്ക്ക് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. ക്ഷീര സാന്ത്വനം പദ്ധതി ഈ വർഷം നിർത്തിയിരുന്നു. ക്ഷീര കർഷക ക്ഷേമനിധി ബോർഡും ക്ഷീരമേഖലയും ചേർന്നുനിന്ന് അത് പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ, ഇൻഷ്വറൻസ് പദ്ധതി ബൃഹത്തായ നിലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇൻഷ്വർ ചെയ്യാത്ത പശുക്കൾ മരണപ്പെട്ടാൽ അടിയന്തരമായി 15,000/- രൂപ കൊടുക്കാനുള്ള സംവിധാനവുമുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ക്ഷീര കർഷകർ ഏറെയുള്ളതും ക്ഷീര സംഘങ്ങൾ തീരെയില്ലാത്തതുമായ പ്രദേശങ്ങളിൽ പുതിയ സംഘങ്ങൾ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ആലോചിക്കുന്നുണ്ട്. ചിലപ്പോൾ ഒരു പഞ്ചായത്തിൽ ഒരു ക്ഷീര സംഘം മാത്രമേ കാണുകയുള്ളൂ. ആ സംഘത്തിന്റെ ഏരിയ വിട്ട് മറ്റൊരു ക്ഷീരസംഘം കൊണ്ടുവരുന്നതിന്

യാതൊരു ബുദ്ധിമുട്ടുമില്ല.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതുപോലെതന്നെ സംസ്ഥാനത്തിനകത്ത് ഗുണമേന്മയില്ലാത്ത കാലിത്തീറ്റ ഉപയോഗിക്കുന്നതിന്റെ ഫലമായി പശുക്കൾക്ക് രോഗവും പാലിന് ദോഷവുമുണ്ടാകുന്നുണ്ട്. കാലിത്തീറ്റയിലെ മായം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കാലിത്തീറ്റയിലെ മായം തടയുന്നതിനുള്ള ഒരു ബിൽ അടുത്ത കാലത്ത് നിയമസഭയിൽ കൊണ്ടുവന്നിരുന്നു. അതിന്റെ ഭാഗമായി പതിനഞ്ചംഗ സെലക്ട് കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ആദ്യഘട്ടമെന്ന നിലയ്ക്ക് ഞങ്ങൾ പഞ്ചാബിൽ പോകുകയും ചെയ്തിരുന്നു. പഞ്ചാബ്, ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാനുൾപ്പെടെ പഞ്ചാബിൽ പോയത്. അവിടത്തെ ക്ഷീര സംഘങ്ങളിലും പശുവളർത്തൽ കേന്ദ്രങ്ങളിലും ഫീഡ് ഉല്പാദിപ്പിക്കുന്ന സ്ഥലങ്ങളിലും ഞങ്ങൾ പോയിരുന്നു. അടുത്ത മാസം ആദ്യം ഞങ്ങൾ ആന്ധ്രാപ്രദേശിൽ പോകുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ ഏഴോളം ജില്ലകളിലെ

ക്ഷീരകർഷകരെ വിളിച്ചുചേർത്ത് അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ചിട്ടുണ്ട്. ബാക്കിയുള്ളിടത്തും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ പോകുകയാണ്. അതിനുശേഷം എത്രയുംവേഗം ഈ ബിൽ നിയമസഭയിൽ കൊണ്ടുവരും. പുറത്തുനിന്ന് കൊണ്ടുവരുന്ന കാലിത്തീറ്റയിലെ പ്രശ്നങ്ങൾ കാരണം നമ്മുടെ നാട്ടിലെ പല പശുക്കളും മരണപ്പെടാനിടയായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരാണ് അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗുണമേന്മയില്ലാത്ത കാലിത്തീറ്റ കൊണ്ടുവരുന്നത് തടയാനും അങ്ങനെ ചെയ്യുന്നവർക്കെതിരെ ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള പുതിയ നിയമമാണ് കൊണ്ടുവരാൻ പോകുന്നത്.

## കന്നുകാലികളിലെ ചർമ്മ മുഴ രോഗം

2 (*422) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ വ്യാപകമായി കന്നുകാലികളിൽ കാണുന്ന ചർമ്മ മുഴ രോഗം നിയന്ത്രിക്കുന്നതിനായി

പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമാക്കിയിരുന്നോ; എങ്കിൽ ഇതിന് ആവശ്യമായ മരുന്ന് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിക്കുന്ന മൃഗങ്ങളിൽനിന്നും പകർച്ചവ്യാധികൾ വ്യാപകമാകുന്നതിനാൽ സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്ന മൃഗങ്ങൾ രോഗവിമുക്തമായവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) രാത്രിയിലുൾപ്പെടെ വീട്ടുപടിക്കൽ മൃഗചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി വിപുലീകരിക്കുമോ; വിശദമാക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, (എ) പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമാക്കിയിരുന്നു. ആവശ്യമായ വാക്സിൻ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. 18-01-2023 മുതൽ 24-02-2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ സംസ്ഥാനത്തുടനീളം നടത്തുന്നതിന് വാക്സിനും

ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്യുകയും മതിയായ നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി മുതലായ പ്രതിസന്ധികൾ കാരണം പ്രസ്തുത ക്യാമ്പയിൻ 14-03-2023 വരെ നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ പുരോഗമിച്ചുവരുന്നു.

(സി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുടനീളം 19 ആർ.പി. ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. ചെക്ക്പോസ്റ്റിൽക്കൂടി കടന്നുവരുന്ന മൃഗങ്ങളിൽ രോഗബാധ സംശയിക്കുന്നവയിൽനിന്നും ബ്ലഡ് സാമ്പിളുകൾ ശേഖരിക്കുകയും ആരോഗ്യ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. രോഗബാധയുണ്ടെന്ന് കണ്ടെത്തുന്ന മൃഗങ്ങളെ ചെക്ക്പോസ്റ്റ് കടത്തിവിടാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പ്രജനനത്തിനുകൊണ്ടുവരുന്ന കന്നുകാലികളിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നുണ്ട്.

(ഡി) മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിനുശേഷം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്നതിന് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി നിലവിൽ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി

ആകെ 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങാൻ പ്രത്യേക ഫണ്ട് വകയിരുത്തുന്നുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കാനും തുക അനുവദിക്കുന്നുണ്ട്. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം എന്നിവയ്ക്കുപുറമെ പൊതുജനങ്ങളുടെ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് രണ്ട് പുതിയ യൂണിറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 12 മൊബൈൽ സർജറി യൂണിറ്റുകൾ അധികമായി സ്ഥാപിക്കുന്നതിനും അനുമതി ലഭ്യമായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾകൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ

എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ 1962 എന്ന നമ്പരിൽ കോൾ സെന്ററും പ്രവർത്തിച്ചുവരുന്നു. മൊബൈൽ വെറ്ററിനറി സേവനം കൂടുതൽ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. പി. വി. അൻവർ: സർ, പശുക്കളിൽ കാണുന്ന ചർമ്മ മുഴ ഒരു വൈറസ് രോഗമാണ്. മുൻകാലങ്ങളിൽ സാധാരണമല്ലാത്ത ഈ രോഗംമൂലം ഒട്ടനവധി പശുക്കൾ മരണപ്പെടുകയുണ്ടായി. പാലുല്പാദനം കുറയുകയും ചെയ്യുന്നുണ്ട്. പശുക്കളെ ബാധിക്കുന്ന ഈ രോഗംമൂലം ക്ഷീര കർഷകർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ചർമ്മ മുഴ രോഗം ബാധിച്ച പശുക്കൾക്ക് സർക്കാർ പ്രത്യേകമായി എന്തെങ്കിലും ചികിത്സാ സഹായം നൽകുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള ചികിത്സാ രീതിയാണ് ചർമ്മ മുഴ രോഗത്തിന് അവലംബിച്ചിട്ടുള്ളത്. ഇതിനുള്ള ചികിത്സ മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. 2019-ലാണ് ചർമ്മ മുഴ രോഗം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. എല്ലാ ക്ഷീര കർഷകരുടെ ഉരുക്കൾക്കും വാക്സിൻ

നൽകാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. മൃഗാശുപത്രികൾ വഴിയും വാക്സിൻ നൽകും. പശുക്കളുടെ പ്രസവസമയത്ത് ഉൾപ്പെടെ ഈ രോഗം ഗുരുതരമായി ബാധിക്കുന്നു. പശുക്കിടാങ്ങളെയും ഇത് ബാധിക്കുന്നുണ്ട്. ഈ രോഗം വന്നുകഴിഞ്ഞാൽ മുഴകൾ പൊട്ടി വ്രണമാകും. അതുണ്ടാകാതിരിക്കാനുള്ള വാക്സിനാണ് തൽക്കാലം നൽകുന്നത്. ഇതൊരു പുതിയ രോഗമാണ്. കേന്ദ്ര സർക്കാർ ഇതിൽ യാതൊരു ഇടപെടലും നടത്തുന്നില്ല. പന്നിപ്പനിക്കും പക്ഷിപ്പനിക്കും നൽകുന്നതുപോലുള്ള സബ്സിഡിയൊന്നും ഇതിന് അനുവദിക്കുന്നില്ല. എന്നാൽ കേരളത്തിൽ ആദ്യമായി ചർമ്മ മുഴ വന്ന് ചത്ത പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരമായി 30,000/- രൂപ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. പ്രായം കുറഞ്ഞ പശുവിന് 16,000/- രൂപയും ഏറ്റവും ചെറിയ പശുവിന് അതായത്, പശുക്കുട്ടിക്ക് 5,000/- രൂപയും നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. വി. അൻവർ: സർ, ചർമ്മ മുഴ ഒരു വൈറസ് രോഗമായതിനാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ലെന്ന് ചില കർഷകർ പരാതിപ്പെട്ടിരുന്നു. ഇങ്ങനെ മരണപ്പെടുന്ന പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും ലഭിക്കുമോ; അല്ലെങ്കിൽ ചികിത്സാ സഹായമായി

ഇൻഷ്വറൻസിൽനിന്ന് എന്തെങ്കിലും സഹായം ലഭിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 30,000/- രൂപ, 16,000/- രൂപ, 5,000/- രൂപ എന്ന തരത്തിൽ കേരളത്തിൽ ആദ്യമായി കേന്ദ്രസർക്കാരിന്റെ ഒരു സഹായവുമില്ലാതെ മൃഗസംരക്ഷണ വകുപ്പുവഴി നൽകാൻ തീരുമാനിച്ചത് നടപ്പിലാക്കും. അതുകൂടാതെ ഇൻഷ്വറൻസ് നൽകാനുള്ള സംവിധാനം ഇത്തവണത്തെ പ്രോജക്ടിൽ ആലോചിച്ചിട്ടുണ്ട്. ഇതുവരെ സംസ്ഥാനത്ത് ആകെ 19543 ഉരുക്കൾക്ക് രോഗബാധയുണ്ടായതിൽ 549 എണ്ണം മരണപ്പെടുകയും 15180 എണ്ണം രോഗമുക്തി നേടുകയും 3814 എണ്ണം ചികിത്സയിലുമാണ്. ചർമ്മ മുഴ രോഗംമൂലം മരണപ്പെട്ടുപോയ കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കന്നുകാലികളുടെ സംരക്ഷണത്തിന്റെ ഭാഗമായ പ്രതിരോധ കുത്തിവയ്പ്പ് ഉൾപ്പെടെ സമഗ്ര പദ്ധതികൾ നടപ്പാക്കുന്ന മൃഗസംരക്ഷണ വകുപ്പിനെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുന്നു. പക്ഷിപ്പനിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. നേരത്തെ നിരവധി താറാവുകൾ ചത്തൊടുങ്ങിയിരുന്നു. പക്ഷിപ്പനി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്നും ഇത് നിയന്ത്രണ

വിധേയമാണോയെന്നും വിശദമാക്കാമോ? രാജ്യത്തിന്റെ പല ഭാഗത്തുനിന്നും ഉരുക്കളെ കൊണ്ടുവരുന്ന പ്രധാനപ്പെട്ട വാണിയംകുളം ചന്ത ഷൊർണ്ണൂർ മണ്ഡലത്തിലാണ്. ചെക്ക് പോസ്റ്റുകളിൽ ഇതിനാവശ്യമായ പരിശോധനയും പ്രതിരോധ കുത്തിവയ്പും നടത്താനുള്ള സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, മൂന്നുനാല് വർഷങ്ങളായി കേരളത്തിൽ പക്ഷിപ്പനി വ്യാപകമായിരിക്കുകയാണ്. അത് ഏറ്റവും കൂടുതൽ വ്യാപിച്ചിരിക്കുന്നത് കുട്ടനാട്, ആലപ്പുഴ പ്രദേശങ്ങളിലാണ്. ആലപ്പുഴ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രോഗം ബാധിച്ചിരിക്കുന്നത് കോട്ടയം ജില്ലയിലാണ്. ഏറ്റവുമവസാനം തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്തും അത് ബാധിച്ചതായി കാണുന്നുണ്ട്. രോഗം ബാധിച്ച പക്ഷികളെ കൊല്ലുകയല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കില്ല. രോഗം ഏറ്റവും കൂടുതൽ ബാധിച്ചത് താറാവുകളെയാണ്. വളരെയധികം താറാവുകളെയാണ് ഒരു വർഷം മുമ്പ് കൊന്നൊടുക്കിയത്. അതിന്റെ നഷ്ടപരിഹാരത്തുകയുടെ പകുതി കേന്ദ്രസർക്കാരും 50% കേരളത്തിലെ മൃഗസംരക്ഷണ വകുപ്പുമാണ് നൽകുന്നത്. എന്നാൽ കേന്ദ്രസർക്കാർ നാല് വർഷമായി ഈ ഫണ്ട് അനുവദിക്കുന്നില്ല. എന്നിട്ടും കേരളത്തിൽ പക്ഷിപ്പനിമൂലം മരണപ്പെട്ട

പക്ഷികളുടെ ഉടമകൾക്ക് കഴിഞ്ഞ ഒരു വർഷംകൊണ്ട് നാല് കോടി രൂപയാണ് വകുപ്പ് നൽകിയത്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് മാത്രം മൂന്ന് കോടി രൂപയും കോട്ടയം ജില്ലയിൽ ഒരു കോടി രൂപയും ഞാൻ നേരിട്ടുപോയി അവിടത്തെ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിലാണ് നൽകിയത്. ഇനിയും കുറച്ച് കർഷകർക്കുകൂടി നഷ്ടപരിഹാരം നൽകാനുണ്ട്. കേന്ദ്രസർക്കാരിന്റെ ഫണ്ടിനായി കാത്തിരിക്കുകയാണ്. കാരണം, പക്ഷിപ്പനിക്കും പന്നിപ്പനിക്കുമായി ആറ് കോടിയോളം രൂപ വകുപ്പിന്റെ ഫണ്ടിൽനിന്ന് നൽകിയത് കേന്ദ്ര ഫണ്ട് വരുമ്പോൾ recoup ചെയ്യേണ്ട സ്ഥിതിയുണ്ട്. കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് ആലപ്പുഴ ജില്ലയിലെ ബാക്കിയുള്ള കർഷകർക്കുകൂടി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മുൻവർഷങ്ങളിലൊന്നുമില്ലാത്ത തരത്തിലുള്ള സാംക്രമിക രോഗങ്ങളാണ് മൃഗങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്നത്. പന്നിപ്പനി, ചർമ്മ മുഴ രോഗം എന്നീ സാംക്രമികരോഗങ്ങൾ വലിയ നഷ്ടമാണ് കർഷകർക്കുണ്ടാക്കുന്നത്. ഇവ നിയന്ത്രിക്കുന്നതിനും പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും യഥാസമയം ചികിത്സ അവലംബിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിന് പ്രത്യേക

സംവിധാനമുണ്ടോയെന്ന് വിശദമാക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, African swine fever എന്നുപറയുന്ന പന്നിപ്പനിക്കും പക്ഷിപ്പനിക്കും കേന്ദ്ര സർക്കാരിന്റെ ഫണ്ടുണ്ട്. പക്ഷെ ചർമ്മ മുഴ രോഗത്തിന് കേന്ദ്ര ഫണ്ടില്ല. പന്നിപ്പനിയും പക്ഷിപ്പനിയും ഉണ്ടാകുമ്പോൾ ആ പ്രദേശത്തെ ജന്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നത് ഭോപ്പാലിലാണ്. അവിടെ നിന്ന് റിസൾട്ട് വന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് ഫണ്ട് അനുവദിക്കാനും സാധിക്കുകയുള്ളൂ. ഈ രോഗങ്ങൾക്കുള്ള വാക്സിൻ മൃഗസംരക്ഷണ വകുപ്പുതന്നെ നൽകുന്നുണ്ട്. പന്നിപ്പനിക്കും പക്ഷിപ്പനിക്കും പുതിയ മരുന്നുകളൊന്നും നൽകാൻ സാധിക്കുന്നില്ല. കന്നുകാലികൾക്കുള്ള കുളമ്പ് രോഗത്തിനും ചർമ്മ രോഗത്തിനും ആവശ്യമുള്ള വാക്സിനുകൾ സ്റ്റോക്ക് ചെയ്ത് നൽകുന്നുണ്ട്. പേവിഷബാധ വ്യാപകമായതിനെത്തുടർന്ന് എട്ട് ലക്ഷത്തോളം വളർത്തുനായ്ക്കൾക്കും മൂന്ന് ലക്ഷത്തോളം തെരുവുനായ്ക്കൾക്കും വാക്സിൻ നൽകാനുള്ള സംവിധാനമൊരുക്കുകയും അതെല്ലാം നിരന്തരം ചെയ്തുകൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പക്ഷികൾക്കും മൃഗങ്ങൾക്കും വിവിധതരം അസുഖങ്ങൾ ബാധിച്ചുകൊണ്ടിരിക്കുകയാണ്. രോഗം വന്ന്

ചികത്സിക്കുന്നതിനേക്കാൾ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കലാണ് ഉത്തമം. മൃഗങ്ങളിലും പക്ഷികളിലും കണ്ടുവരുന്ന ഇത്തരം അസുഖങ്ങൾക്കെതിരെ മൃഗസംരക്ഷണ വകുപ്പ് പ്രതിരോധ കുത്തിവയ്പ് ഉൾപ്പെടെയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജന്തുരോഗ നിയന്ത്രണ പദ്ധതി മുഖാന്തരമാണ് വാക്സിനേഷൻ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം നടപ്പാക്കുന്ന ഈ പദ്ധതികൾക്ക് കേന്ദ്രസഹായവും ലഭിച്ചുവരുന്നു. ഉരുക്കളിലെ കുളമ്പുരോഗം, ചർമ്മ മുഴ, കുരലടപ്പൻ, ബ്രൂസെല്ലോസിസ്, ആട്ടുവസന്ത എന്നീ രോഗങ്ങൾക്കെതിരെയും പക്ഷികളിലെ കോഴിവസന്ത, താറാവുവസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെയും പ്രതിരോധ കുത്തിവയ്പ് നൽകിവരുന്നുണ്ട്. പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സിനുകൾ പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസിൽ ഉല്പാദിപ്പിച്ചുവരുന്നുണ്ട്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ക്ഷീരകർഷകർ കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. മുൻകാലങ്ങളിൽ ഒരു വീട്ടിൽ

ഒരു പശുവുണ്ടെങ്കിൽ ആ കുടുംബം പുലർന്നുപോകുമായിരുന്നു. എന്നാൽ ഇന്ന് ക്ഷീരകർഷകരും കുടുംബവും വളരെയേറെ പ്രയാസത്തിലാണ്. അതുകൊണ്ട് ക്ഷീരകർഷകരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആദ്യം അധികാരത്തിൽ വരുമ്പോൾത്തന്നെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അംഗീകരിക്കുന്നതിനെക്കുറിച്ചാണ് ആലോചിച്ചത്. ഇതുമായി ബന്ധപ്പെട്ട് രണ്ടുതവണ കേന്ദ്രമന്ത്രി ഉൾപ്പെടെയുള്ളവരെ നേരിൽക്കണ്ട് അപേക്ഷ കൊടുത്തെങ്കിലും ഒരു സംസ്ഥാനത്തെയും പരിഗണിച്ചില്ല. എന്നാൽ ഇക്കാര്യങ്ങളെപ്പറ്റി ആലോചിക്കാമെന്ന് ഇപ്പോൾ കേന്ദ്രസർക്കാർ പറഞ്ഞിട്ടുണ്ട്. അതിനായി ഒരു കമ്മിറ്റി രൂപീകരിച്ചതായാണ് അറിയുന്നത്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം അംഗീകരിക്കില്ലെങ്കിലും പുല്ല് വളർത്തുന്ന കർഷകത്തൊഴിലാളികളെ ഉൾപ്പെടുത്താൻവേണ്ടിയുള്ള ആലോചന കേന്ദ്രത്തിൽ നടക്കുന്നുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അതോടൊപ്പം ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമുള്ള ക്ഷീരകർഷകരെ

തൊഴിലുറപ്പ് തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്. മറ്റുള്ളവരെക്കൂടി അംഗീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ കേരളത്തിൽ നിന്നുള്ള എം.പി.-മാർക്കെല്ലാം ഞാൻ നേരിട്ടുപോയി കത്ത് കൊടുത്തിരുന്നതാണ്. ഇക്കാര്യത്തിൽ അവരുടെ സഹായംകൂടി ആവശ്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കന്നുകാലികളുടെ പരിപാലനത്തിനുവേണ്ട നടപടികളുടെ അപര്യാപ്തത നിലനിൽക്കുകയാണ്. പാവപ്പെട്ട കർഷകർ അവരുടെ ജീവനോപാധിയായാണ് കന്നുകാലിയെ വളർത്തുന്നത്. സ്ത്രീകളാണ് ഈ മേഖലയിൽ ഏറ്റവുമധികം ജോലി ചെയ്യുന്നത്. ഇത്തരം സ്ത്രീകൾക്ക് പ്രത്യേക പരിഗണനയും പിന്തുണയും കൊടുക്കാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ഇവർക്കുവേണ്ടിയുള്ള പ്രത്യേക പരിരക്ഷാ പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അക്കാര്യം സർക്കാർ ആലോചിക്കുന്നുണ്ടെന്ന് മാത്രമല്ല, ഈ വർഷം അതിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ദരിദ്രരുണ്ട്. എന്നാൽ അതിനും താഴെയുള്ള അതിദരിദ്രരായവരുടെ എണ്ണവും കേരളത്തിൽ കൂടുതലാണ്. ഗവൺമെന്റിന്റെ കണക്കുപ്രകാരം 64000 പേർ ഈ

വിഭാഗത്തിലുൾപ്പെടുന്നവെന്നാണ് മനസ്സിലാക്കുന്നത്. അതിൽ കുറച്ചധികം ആളുകൾക്ക് 90% സബ്സിഡിയോടുകൂടി പശുവിനെ നൽകുന്ന പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു. പ്രസ്തുത ലിസ്റ്റിലുൾപ്പെടുന്ന ബാക്കിയുള്ളവരിൽ പശുവിനെ വളർത്താൻ താല്പര്യമുള്ള സ്ത്രീകൾക്ക് മുൻഗണന നൽകി അടുത്തവർഷവും പശുക്കളെ കൊടുത്തു. രണ്ടാമതായി, ഇരുവിഭാഗങ്ങളിലുമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ടാണ് ടി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ആടുവളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ തുടങ്ങിയവയ്ക്ക് പകുതി തുക സബ്സിഡിയോടുകൂടി ലോൺ നൽകുന്നതിനുള്ള പുതിയ സംവിധാനത്തിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

## കാർഷികോല്പന്നങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ

3 (*423) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ വാർഷികാടിസ്ഥാനത്തിൽ നടത്തിവരുന്ന വൈഗ മേള കാർഷിക വിളകളിൽനിന്നുള്ള മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യകളും നൂതന ഉല്പന്നങ്ങളും

പ്രചരിപ്പിക്കുന്നതിൽ എത്രത്തോളം പ്രയോജനപ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജില്ലാതലത്തിൽ പ്രദർശന, വിപണന പരിപാടികൾ സംഘടിപ്പിച്ച് കാർഷികോല്പന്നങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ വ്യാപകമാക്കുന്നതിനും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലെയും വിദേശത്തെയും വിപണി സാധ്യത മനസ്സിലാക്കുന്നതിനും സംരംഭകർക്ക് അവസരമൊരുക്കുന്നകാര്യം പരിഗണിക്കുമോ;

(സി) എഫ്.പി.ഒ.-കളുടെയും എസ്.എഫ്.എ.സി.-കളുടെയും വ്യാപനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കഴിഞ്ഞ അഞ്ച് വൈഗ പ്രദർശന മേളകളിൽ രൂപംകൊണ്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ 161-ഓളം സ്റ്റാർട്ടപ്പുകൾ കാർഷിക മേഖലയിൽ തയ്യാറാക്കിയെടുക്കാനും 118-ഓളം എഫ്.പി.ഒ.-കളുടെ രൂപീകരണത്തിന് ഇടയാക്കുകയും ചെയ്തതുൾപ്പെടെ വലിയ നേട്ടമാണ് വൈഗ പ്രദർശന മേളയിലൂടെ കേരളത്തിലെ കാർഷിക മേഖലയ്ക്കുണ്ടായിരിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനമെന്ന ആശയം

മുൻനിർത്തിക്കൊണ്ടാണ് 2023-ലെ വൈഗ പ്രദർശന മേള സംഘടിപ്പിച്ചത്. അതിലൂടെയുണ്ടായ നേട്ടങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ ഉത്തരത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(എ) ഉണ്ട്. സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പൊതുസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA-Value Addition for Income Generation in Agriculture) പ്രദർശന മേള സംഘടിപ്പിച്ചുവരുന്നു. വിവിധ ഉല്പാദന/വികസന പദ്ധതികൾക്കൊപ്പം മൂല്യവർദ്ധനവിന് ഊന്നൽ നൽകുന്നതിലൂടെ കാർഷിക വരുമാനം ഉയർത്താൻ സാധിക്കുമെന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് സംഘടിപ്പിച്ചുവരുന്ന വൈഗ മേളയിൽ വൈവിദ്ധ്യമേറിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ യാഥാർത്ഥ്യമായതും ആയത് പൊതുജനങ്ങൾക്ക് ഊർജ്ജം പകരുന്ന രീതിയിൽ പ്രദർശിപ്പിക്കാൻ സാധിച്ചതും വൈഗയുടെ പ്രവർത്തന മികവായി കാണുന്നു. കൂടാതെ ഇതര സംസ്ഥാനങ്ങളുടെ സ്റ്റാളുകളിൽ പ്രദർശത്തിനെത്തിയ കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ

വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യത കേരളത്തിലെ കർഷകർക്കും സംരംഭകർക്കും പരിചയപ്പെടുത്തിക്കൊടുക്കുന്നതിനിടയാക്കി. കാർഷിക മേഖലയിലെ നവീനവും വ്യത്യസ്തവുമായ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്ത സെമിനാറുകൾ കേരളത്തിലെ കർഷകർക്കും സംഭംരകർക്കുമുണ്ടാക്കിയ അനുഭവം വ്യത്യസ്തമാണ്. കഴിഞ്ഞ അഞ്ച് വൈഗ മേളകളിലെ 73 പ്രധാനപ്പെട്ട സെമിനാറുകളിലായി ഉരുത്തിരിഞ്ഞ ആശയങ്ങളുടെ ഫലമായി 161-ഓളം സ്റ്റാർട്ടപ്പുകൾ കാർഷിക മേഖലയിൽ തയ്യാറാക്കിയെടുക്കാനും 118-ഓളം എഫ്.പി.ഒ.-കൾ രൂപീകരിക്കാനും കഴിഞ്ഞു. സംസ്കരണ മേഖലയിൽ പുതിയ 16 സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കും സംരംഭങ്ങളിലേയ്ക്കും കേരള കാർഷിക സർവ്വകലാശാല പകർന്നുനൽകിയത് വൈഗയുടെ പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ്. സി.റ്റി.സി.ആർ.ഐ., എൻ.ഐ.ഐ.എസ്.റ്റി., കെ.വി.കെ. പത്തനംതിട്ട, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ ആരംഭിച്ച ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ വൈഗ മേളയുടെ ഭാഗമായി ശാക്തീകരിച്ച് സംരംഭകർക്ക് തുടർച്ചയായി പരിശീലനം നൽകിവരുന്നു. അട്ടപ്പാടി മില്ലറ്റ് വില്ലേജിന്റെ രൂപീകരണവും സംസ്കരണ കേന്ദ്രത്തിന്റെ സ്ഥാപനവും

വൈഗയുടെ ഭാഗമായി യാഥാർത്ഥ്യമായതാണ്. കേരള കാർഷിക സർവ്വകലാശാല, കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കേന്ദ്രസർക്കാരിന്റെയും നിയന്ത്രണത്തിലുള്ള വിവിധ കാർഷിക സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയുടെ 529-ഓളം സ്റ്റാളുകൾ കർഷകർക്ക് കാർഷിക മേഖലയിലെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ പകർന്നുനൽകി. എസ്.എഫ്.എ.സി. വഴി കാർഷിക മേഖലയിൽ 54 ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാനായത് വൈഗയുടെ നേട്ടങ്ങളാണ്. മുൻവർഷങ്ങളിൽ നടത്തപ്പെട്ട വൈഗകളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ് "കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം" എന്ന ആശയം മുൻനിർത്തി 2023 ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം, പുത്തരിക്കണ്ടം മൈതാനത്ത് വൈഗ സംഘടിപ്പിച്ചത്. 2016-ൽ വൈഗ ആരംഭിച്ചപ്പോൾ പ്രദർശനത്തിനും സെമിനാറിനും മാത്രം പ്രാധാന്യം നൽകിയിരുന്ന രീതിയിൽനിന്നും വ്യത്യസ്തമായി തുടർവർഷങ്ങളിൽ ബിസിനസ് മീറ്റ്, ഹാക്കത്തോൺ, ഡി.പി.ആർ. ക്ലിനിക് തുടങ്ങിയ പരിപാടികൾകൂടി സംഘടിപ്പിക്കുന്നതിന് സാധിച്ചു. ഇത്തവണത്തെ B2B മീറ്റിൽ 140 'സെല്ലേഴ്സും' (കർഷകർ, FPOs, സംരംഭകർ) 77 'ബയേഴ്സുമാണ്' (കയറ്റുമതിക്കാർ, വൻകിട

വ്യാപാരികൾ, വ്യവസായികൾ) പങ്കെടുത്തത്. ഇതിന്റെ ഭാഗമായി 39.76 കോടി രൂപയുടെ 128 സമ്മതപത്രങ്ങളാണ് കൈമാറാൻ സാധിച്ചത്. ലളിതമായ നടപടിക്രമങ്ങളിലൂടെ കർഷകർക്ക് നേരിട്ട് വ്യാപാരക്കരാറിൽ ഏർപ്പെടാനുള്ള അവസരമാണ് ഇതിലൂടെ ലഭിച്ചത്. എക്സിബിഷൻ, സെമിനാറുകൾ, ബിസിനസ് മീറ്റ്, ഹാക്കത്തോൺ എന്നിവയോടൊപ്പം നടത്തപ്പെട്ട 'DPR ക്ലിനിക്' ഇത്തവണത്തെ വൈഗയുടെ പ്രധാന സവിശേഷതയാണ്. 50 കാർഷികാധിഷ്ഠിത നവീന പദ്ധതി രേഖകൾ പുതുസംരംഭകർക്കും കാർഷികോല്പാദന സംഘടനകൾക്കും ബാങ്കുകൾക്ക് സമർപ്പിക്കത്തക്കവിധം തയ്യാറാക്കാൻ സാധ്യമായിവരുന്നു. ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സംരംഭകനെ പ്രാപ്തനാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഡി.പി.ആർ. ക്ലിനിക്, തിരുവനന്തപുരം സമേതി (സ്റ്റേറ്റ് അഗ്രിക്കൾചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) യിൽ 2023 ഫെബ്രുവരി 15 മുതൽ 17 വരെ സംഘടിപ്പിച്ചത്. കർഷകർക്കും പൊതുജനങ്ങൾക്കും പുതുസംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതികവിദ്യകൾ പങ്കിടുന്നതിനുമുള്ള വേദിയൊരുക്കുകയെന്ന ലക്ഷ്യം

വൈഗയിലൂടെ നിറവേറ്റപ്പെടുന്നുവെന്നത് വസ്തുതയാണ്. 2023-ലെ വൈഗയിൽ 18 സെമിനാറുകളിലായി കാർഷിക മേഖലയിലെ വ്യത്യസ്തമായ ആശയങ്ങൾ കേരളത്തിലെയും ഇന്ത്യയിലെയും വിദേശത്തെയും സാങ്കേതികവിദഗ്ദ്ധർ കേരളത്തിലെ കർഷകരുമായും കൃഷി ഉദ്യോഗസ്ഥന്മാരുമായും പങ്കുവച്ചത് കാർഷിക മേഖലയിലെ പുത്തനുണർവിന് ഊർജ്ജം നൽകുമെന്നതിൽ സംശയമില്ല.

കാർഷിക മേഖലയിലെ ഏറ്റവും വലിയ ഹാക്കത്തോണായ "വൈഗ അഗ്രി ഹാക്ക് 2023" വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചു. മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, കർഷകർ, പ്രൊഫഷണലുകൾ തുടങ്ങിയവരാണ് ഹാക്കത്തോണിൽ പങ്കെടുത്തത്. കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന തെരഞ്ഞെടുത്ത പ്രധാന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമുള്ള പരിഹാരങ്ങൾ മത്സരാടിസ്ഥാനത്തിൽ ടീമുകൾ അവതരിപ്പിക്കുകയും പ്രാഥമിക വിലയിരുത്തലിലൂടെ തെരഞ്ഞെടുക്കപ്പെട്ട 30 ടീമുകൾ ഹാക്കത്തോണിന്റെ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കുകയും ചെയ്തു. 36 മണിക്കൂർ നീണ്ട വൈഗ അഗ്രി ഹാക്ക് 2023-ൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മത്സരങ്ങൾ

നടത്തുകയുണ്ടായി. മത്സരാർത്ഥികൾ നിർദ്ദേശിച്ച പ്രശ്നപരിഹാരങ്ങൾ (സൊല്യൂഷനുകൾ) പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കാവുന്നവിധം വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. വിജയികളായവർ കണ്ടെത്തിയ പ്രശ്നപരിഹാരങ്ങൾ പ്രായോഗിക തലത്തിൽ വികസിപ്പിക്കാവുന്നതും അവ കാർഷികമേഖലയ്ക്ക് ഉപയുക്തമാകുന്നതരത്തിൽ വിനിയോഗിക്കുന്നതുമാണ്. വൈഗയുടെ ഭാഗമായി കേരളം സന്ദർശിച്ച് വ്യത്യസ്ത ചർച്ചകളിൽ പങ്കാളികളായ വിവിധ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമന്ത്രിമാർ കാർഷിക മേഖലയിൽ കേരളവുമായി സഹകരിക്കാവുന്ന മേഖലകളെക്കുറിച്ച് വ്യക്തമായി ആശയങ്ങൾ പങ്കുവച്ചതും അവരുടെ സംസ്ഥാനങ്ങളിൽ മൂല്യവർദ്ധന മേഖലയിലെ സാധ്യത വൈഗ പോലെയുള്ള പ്രദർശനങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങളിലും കർഷകരിലും എത്തിക്കാൻ കഴിഞ്ഞതും വൈഗയുടെ മികവിനെ വിളിച്ചോതുന്നു.

ഓൺലൈൻ ഇ-കൊമേഴ്സ് പോർട്ടലുകളിൽ കൃഷി വകുപ്പിന്റെ 100 ഉല്പന്നങ്ങൾ വിപണനത്തിനായി എത്തിക്കാൻ നടപടി സ്വീകരിച്ചതും 'ഒരു കൃഷിഭവൻ ഒരു ഉല്പന്നം' എന്ന നിലയിലേയ്ക്ക് 2023 കലണ്ടർ വർഷം എത്താൻ പോകുന്നതും വൈഗയുടെ മികവാണ്. വൈഗയിൽ അവതരിപ്പിക്കപ്പെട്ട കാർഷിക മാതൃകകൾ പ്രവാസികൾക്കും

യുവകർഷകർക്കും സ്ത്രീകൾക്കും കൂട്ടായ്മകൾക്കും കാർഷിക മേഖല പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാക്കാൻ പ്രചോദനം നൽകുന്നതാണ്. ഇപ്രകാരം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ കാർഷിക വിളകളിൽനിന്നുള്ള മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യകളുടെ കൈമാറ്റത്തിനും നൂതന ഉല്പന്നങ്ങളുടെ പ്രചാരണത്തിനും വൈഗ വലിയ പങ്കുവഹിക്കുന്നു.

(ബി) "കൃഷിദർശൻ" എന്ന പേരിൽ കൃഷി വകുപ്പ് ജില്ലകളിലെ കാർഷിക ബ്ലോക്കുതലത്തിൽ സംഘടിപ്പിച്ചുവരുന്ന കൃഷി വകുപ്പുമന്ത്രിയുടെ കൃഷിയിട സന്ദർശന പരിപാടിയോടനുബന്ധിച്ച് എക്സിബിഷനുകളും സംഘടിപ്പിച്ചുവരുന്നു. ഈ പ്രദർശന പരിപാടികളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രാധാന്യം നൽകിവരുന്നുണ്ട്. ഇതിനകം മൂന്ന് ജില്ലകളിൽ കൃഷിദർശൻ സംഘടിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര കാർഷിക ബ്ലോക്കിലും കണ്ണൂർ ജില്ലയിലെ തലശ്ശേരി കാർഷിക ബ്ലോക്കിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കാർഷിക ബ്ലോക്കിലുമാണ് കൃഷിദർശൻ പൂർത്തീകരിച്ചത്. കൂടാതെ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആദായകരമായി കൃഷി ചെയ്യുന്ന വിദേശരാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും കൃഷിയിടങ്ങൾ സന്ദർശിച്ച് മികച്ച

കൃഷിരീതികൾ മനസ്സിലാക്കി പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്നതിന്റെ ആദ്യപടിയായി തെരഞ്ഞെടുക്കപ്പെട്ട 27 കർഷകരടങ്ങുന്ന ഒരു സംഘം 2023 ഫെബ്രുവരി 12 മുതൽ 19 വരെ ഇസ്രായേൽ സന്ദർശിക്കുകയുണ്ടായി. കൂടാതെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷിക മേഖലയിൽ അനുവർത്തിക്കുന്ന പുതിയ രീതികൾ കണ്ട് പഠിക്കാനും അനുയോജ്യമായവ പകർത്താൻ കർഷകരെ തയ്യാറാക്കാനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ.-കൾ) വ്യാപനമുദ്ദേശിച്ചാണ് സർക്കാർ കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. പ്രത്യേക കാർഷികവിളകൾ ആധാരമാക്കി കൃഷിയിലേർപ്പെടുന്ന കൃഷിക്കൂട്ടങ്ങളെ ഒരുമിപ്പിച്ച് മേഖലയിലെ കർഷക ഉല്പാദക സംഘടനകളാക്കാനാണ് ലക്ഷ്യമിടുന്നത്. കൃഷിക്കൂട്ടങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിവരുന്നു. RKVY പദ്ധതിപ്രകാരം പുതിയ 50 കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 50 എണ്ണത്തിന്റെ ശാക്തീകരണവും കൃഷി വകുപ്പ് എസ്.എഫ്.എ.സി. മുഖേന രൂപീകരിച്ച്

പ്രവർത്തനമാരംഭിച്ചുവരുന്നു. ഒരു എഫ്.പി.ഒ.-യ്ക്ക് 60 ലക്ഷം രൂപയുടെ ആനുകൂല്യമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 41 പുതിയ FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

മേന്മയുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിനും ഉല്പന്നങ്ങളുണ്ടാക്കുന്നതിനും കർഷകരെ പ്രാപ്തരാക്കുന്നതിനുമായി നൂതന സാങ്കേതികവിദ്യകൾ, വായ്പ, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, വിപണന സൗകര്യങ്ങൾ മുതലായവ ലഭിക്കുന്നതിന് കർഷകർക്ക് സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 10000 എഫ്.പി.ഒ-കളുടെ രൂപീകരണ പദ്ധതിപ്രകാരം ഏജൻസികളായ നബാർഡ്, എസ്.എഫ്.എ.സി. (GOI) നാഫെഡ്, എൻ.സി.ഡി.സി. എന്നിവ മുഖാന്തരം 76 എഫ്.പി.ഒ.-കൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതികൾപ്രകാരം നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ എ.ഐ.എഫ്. തുടങ്ങിയ വിവിധ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. എഫ്.എസ്.എ.സി. മുഖേന രൂപീകരിച്ച വിവിധ എഫ്.പി.ഒ.-കൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കി വിപണനം

നടത്തിവരുന്നു. എസ്.എഫ്.എ.സി. മുഖേന ആനുകൂല്യം ലഭിച്ച എം.എസ്.എം.ഇ. യൂണിറ്റുകളും എഫ്.പി.ഒ.-കളും കൃഷി വകുപ്പ് സംഘടിപ്പിച്ചുവരുന്ന വൈഗ പ്രദർശന മേളയിൽ സജീവ സാന്നിധ്യമാകാറുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പുകളുടെ മീറ്റിംഗുകൾ കൂടുകയും കൂടുതൽ കർഷകരെ ഷെയർഹോൾഡേഴ്സാക്കുന്നതിനും എഫ്.പി.ഒ.-കളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതുകൂടാതെ നിലവിൽ രൂപീകൃതമായ വിവിധ എഫ്.പി.ഒ.-കളുടെ നേതൃത്വത്തിൽ ഇൻപുട്ട് സെന്ററുകൾ, കളക്ഷൻ സെന്ററുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റുകൾ, പുതിയ സംരംഭങ്ങൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ എഫ്.പി.ഒ.-കളുടെ വ്യാപനത്തിന് വഴിയൊരുക്കുന്നതിന് സഹായകരമാകുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ബ്രാന്റിംഗിലൂടെയും ലേബലിംഗിലൂടെയും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും കർഷകരുടെ വരുമാനവും കാർഷികോല്പാദനക്ഷമതയും വർദ്ധിപ്പിക്കാനും വിപണന/മൂല്യവർദ്ധിത മേഖലകളിൽ കൂടുതൽ കർഷക പങ്കാളിത്തം ഉറപ്പാക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനും കൃഷി വകുപ്പുമന്ത്രിയും

വ്യവസായ വകുപ്പുമന്ത്രിയും ഉപാദ്ധ്യക്ഷന്മാരുമായി രൂപീകരിച്ച മൂല്യവർദ്ധിത കൃഷി മിഷൻ ഏറെ പ്രതീക്ഷ നൽകുന്നതാണ്. കേരളത്തെ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റാക്കി മാറ്റുകയെന്ന ആശയംകൂടി മൂല്യവർദ്ധിത മിഷൻ മുന്നോട്ടുവയ്ക്കുമെന്നുള്ള കൃഷി വകുപ്പുമന്ത്രിയുടെ പ്രസ്താവന ശ്രദ്ധേയമാണ്. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനായി ഓരോ ബ്ലോക്കിലും എഫ്.പി.ഒ.-കൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; 'കേരൾ അഗ്രോ' എന്ന ബ്രാൻഡിൽ എഫ്.പി.ഒ. ഉല്പന്നങ്ങളും മറ്റും ഓൺലൈൻ വിപണനത്തിന് ചേർക്കാനുള്ള സാധ്യതയെപ്പറ്റി കൃഷി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: എഫ്.പി.ഒ.-കളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുക എന്നതുതന്നെയാണ്. അതിന്റെ ഭാഗമായി ആർ.കെ.വി.വൈ. പദ്ധതിപ്രകാരം പുതിയ അമ്പത് കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണവും നിലവിലുള്ള അമ്പത് കർഷക ഉല്പാദക സംഘങ്ങളുടെ ശാക്തീകരണവും കൃഷി വകുപ്പിന്റെ എസ്.എഫ്.എ.സി.

മുഖേന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചുവരുന്നുണ്ട്. ഒരു എഫ്.പി.ഒ.-ക്ക് 60 ലക്ഷം രൂപയുടെ ആനുകൂല്യമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. വി.എഫ്.പി.സി.കെ. മുഖേന 41 പുതിയ എഫ്.പി.ഒ-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. NAFED (National Agricultural Co-operative Marketing Federation of India Ltd.), NCDC (National Co-operative Development Corporation), Central SFAC (Small Farmers' Agribusiness Consortium) അടക്കമുള്ള സ്ഥാപനങ്ങൾ മുഖാന്തരം 76 എഫ്.പി.ഒ.-കൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ എഫ്.പി.ഒ.-കളെയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള സംവിധാനമുണ്ടാകും. ഏപ്രിൽ മാസത്തിൽത്തന്നെ അതുമായി ബന്ധപ്പെട്ട യോഗങ്ങൾ ചേരുന്നതാണ്. 2023 മാർച്ച് 31-നുമുമ്പായി 100 ഉല്പന്നങ്ങൾ 'കേരൾ അഗ്രോ' എന്ന പേരിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു സംവിധാനവുമായി സർക്കാർ മുന്നോട്ടുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട് കാബ്കോ എന്ന പേരിൽ കാർഷികോല്പന്ന വിപണന കമ്പനിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലെത്തിയിട്ടുണ്ട്. VAAM (Value Added Agriculture

Mission) യാഥാർത്ഥ്യമായി അതിന്റെ പ്രവർത്തനം കൃത്യമായ തലത്തിലെത്തുന്നതോടുകൂടി കർഷകർക്ക് വലിയ നേട്ടമുണ്ടാകും. മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനത്തിൽ വർദ്ധനയുണ്ടാക്കുന്നതിനുള്ള ശക്തമായ ഇടപെടലുകളായിരിക്കും വരും നാളുകളിലുണ്ടാകുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, കാർഷികോല്പന്നങ്ങൾക്ക് ആദായകരമായ വില ഉറപ്പാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതോടൊപ്പം അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കി യന്ത്രവൽക്കരണവും അഗ്രോ സർവ്വീസും കാര്യക്ഷമമാക്കാനും പഞ്ചായത്തുകൾതോറും ഇവ ഉറപ്പാക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, 'കൃഷിശ്രീ സെന്ററുകൾ' വ്യാപിപ്പിക്കേണ്ടതുണ്ട്. ഒറ്റയടിക്ക് എല്ലാ പഞ്ചായത്തുകളിലേയ്ക്കും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുക സാധ്യമല്ല. ചക്കയുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ കാര്യത്തിൽ വലിയ രീതിയിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ചക്കയെ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ പരിശീലനത്തിനും ഇൻക്യുബേഷൻ

സെന്ററിനുമായി പത്തനംതിട്ടയിലെ കൃഷി വിജ്ഞാൻ കേന്ദ്രത്തിന് ഒരു കോടി രൂപ നൽകുകയും ഇതിനോടകം പത്ത് ഡി.പി.ആർ.-കൾ തയ്യാറാക്കുകയും 25 ടെക്നോളജികൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം ഇത്തരം പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്. വൈഗ പ്രദർശന മേളയുടെ ഭാഗമായി ആലോചിച്ചിരുന്ന പ്രധാനപ്പെട്ട കാര്യവും അതുതന്നെയാണ്. ചക്ക അടക്കമുള്ള പഴവർഗ്ഗങ്ങളെ പരമാവധി മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേയ്ക്കടക്കം എത്തിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എ. സി. മൊയ്തീൻ: സർ, വൈഗ പ്രദർശന മേളയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കപ്പെട്ട B2B മീറ്റിന്റെ അഞ്ചാം എഡിഷനിലൂടെ എന്തുമാത്രം പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ഉല്പാദകരുടെയും സംരംഭകരുടെയും ഉല്പന്നങ്ങൾ രാജ്യത്തിനകത്തും പുറത്തും കയറ്റുമതി ചെയ്യുന്നതിന് എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, വൈഗ പ്രദർശന മേളയുടെ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയായിരുന്നു B2B മീറ്റ്. ബയേഴ്സിനെയും

സെല്ലേഴ്സിനെയും ഒന്നിച്ചാണ് B2B മീറ്റിലേയ്ക്ക് വിളിച്ചത്. കർഷകരും എഫ്.പി.ഒ.-കളും കൃഷിക്കൂട്ടങ്ങളുമായിരുന്നു സെല്ലേഴ്സായി ഉണ്ടായിരുന്നത്. പ്രധാനപ്പെട്ട വ്യവസായികളും മറ്റ് സ്ഥാപനങ്ങളുമെല്ലാം ഉല്പന്നങ്ങൾ വാങ്ങുന്നവരായി ആ പരിപാടിയിൽ പങ്കെടുത്തു. ഇപ്രാവശ്യത്തെ വൈഗ മേളയിലൂടെ ഒരു വർഷംകൊണ്ട് 100 കോടി രൂപയുടെ ബിസിനസ് നടക്കണമെന്നായിരുന്നു സർക്കാർ കണക്കുകൂട്ടിയത്. എന്നാൽ ഫെബ്രുവരി 27-ാം തീയതി സംഘടിപ്പിച്ച വൈഗ മേളയിൽ ഒറ്റദിവസംകൊണ്ട് കൃഷിക്കൂട്ടങ്ങൾ, എഫ്.പി.ഒ.-കൾ എന്നിവയുമായി ബന്ധപ്പെട്ട് 128 സമ്മതപത്രങ്ങളിലൂടെ 39.76 കോടി രൂപയുടെ കരാർ ഒപ്പിടാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടമാണ്. ഒരു വർഷംകൊണ്ട് 100 കോടി രൂപയ്ക്കപ്പുറത്തേയ്ക്ക് പോകാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് B2B മീറ്റ് എന്നത് വൈഗയിൽ ഒരു ദിവസത്തെ പരിപാടിയായിട്ടാണ് വിഭാവനം ചെയ്യുന്നത്. എല്ലാ ജില്ലകളിലും B2B മീറ്റ് സംഘടിപ്പിക്കാനാണ് ആലോചിക്കുന്നത്. കൃഷിക്കൂട്ടങ്ങളുടെയും സാധാരണ കർഷകരുടെയും ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളായോ അല്ലാതെയോ B2B മീറ്റുകളുടെ ഭാഗമായി വിറ്റഴിക്കാനുള്ള സംവിധാനമുണ്ടാകും. തിരുവനന്തപുരത്തോ കൊച്ചിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും

കേന്ദ്രത്തിലോ മാത്രം വന്ന് ഈ കച്ചവടത്തിൽ പങ്കെടുക്കണമെന്നല്ല, മറിച്ച് കർഷകരുടെ ഇടങ്ങളിലേയ്ക്ക് B2B മീറ്റ് എത്തിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി. പി. സുമോദ്: സർ, വൈഗയുമായി ബന്ധപ്പെട്ട് ഉല്പാദകരെയും കച്ചവടക്കാരെയും ഉൾക്കൊള്ളിച്ച് നടത്തിയ B2B മീറ്റിൽ എത്ര ഉല്പാദകരും കച്ചവടക്കാരും പങ്കെടുത്തുവെന്നും എത്ര രൂപയുടെ കച്ചവടത്തിന് ധാരണയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഫെബ്രുവരി 27-ാം തീയതി സംഘടിപ്പിച്ച വൈഗ മേളയിലൂടെ ഒറ്റദിവസംകൊണ്ട് 39.76 കോടി രൂപയുടെ കച്ചവടത്തിനുള്ള എഗ്രിമെന്റ് വയ്ക്കാൻ സാധിച്ചു. അതിനുശേഷവും ആളുകൾ വരുന്നുണ്ട്. കേരളത്തിലെ നെല്ലിനങ്ങളുടെ പ്രത്യേകതയനുസരിച്ച് അവൽ ലഭ്യമാകുമോയെന്ന് വൈഗ മേള നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ആളുകൾ വിളിച്ചുചോദിക്കുകയും അതിന്റെ കരാറിലേർപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു. B2B മീറ്റിൽ നൂറിലധികം സെല്ലേഴ്സും നൂറോളം ബയേഴ്സും പങ്കെടുക്കുകയുണ്ടായി. നാല് മാസത്തിലൊരിക്കൽ എല്ലാ ജില്ലകളിലും ഈ പരിപാടി സംഘടിപ്പിക്കണമെന്നും കൃഷി ദർശന്റെ ഭാഗമായും B2B മീറ്റ് സംഘടിപ്പിക്കണമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചതിന്റെ ഫലമായി ഉൽപ്പാദന മേഖല ശക്തിപ്പെട്ടിട്ടുണ്ടെങ്കിലും മൂല്യവർദ്ധിത സംരംഭങ്ങളുടെ മേഖലയിൽ മതിയായ മുന്നേറ്റം ഇനിയും കൈവരിക്കാനുണ്ട്. ഇത്തരത്തിൽ കൂടുതൽ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിന് സഹായകരമായ രീതിയിൽ മൂല്യവർദ്ധിത കൃഷി മിഷനിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ അഥവാ മൂല്യവർദ്ധിത കാർഷിക മിഷനെക്കുറിച്ച് നേരത്തെയും ഇവിടെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും കൃഷി-വ്യവസായ വകുപ്പുമന്ത്രിമാർ വൈസ് ചെയർമാന്മാരുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിലാണ് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാത്രമല്ല മൂല്യവർദ്ധിത കൃഷിയിലേയ്ക്കുകൂടി എത്തേണ്ടതുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കനുസരിച്ചുള്ള കൃഷിയിലേയ്ക്കെത്തുമ്പോൾ കർഷകർക്ക് കുറച്ചുകൂടി പ്രയോജനകരമാകും. ഒരു കൃഷി ഭവൻ ഒരു മൂല്യവർദ്ധിത

ഉല്പന്നമെങ്കിലുമുണ്ടാക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. 1076 കൃഷി ഭവനുകളുള്ളതിൽ ഇപ്പോൾത്തന്നെ അഞ്ഞൂറിലധികം കൃഷി ഭവനുകളുമായി ബന്ധപ്പെട്ട് കർഷകർ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ഈ ഉല്പന്നങ്ങളെല്ലാം ഒരു പൊതു ബ്രാൻഡിൽ വിപണിയിലെത്തിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായാണ് കേരൾ അഗ്രോ എന്ന പേര് നൽകിയത്. അതിൽ നൂറ് ഉല്പന്നങ്ങളെങ്കിലും ഓൺലൈൻ മാർക്കറ്റിലേയ്ക്ക് ഉടൻതന്നെ എത്തിക്കണമെന്ന് തീരുമാനിക്കുകയും ഇപ്പോൾ ഏതാണ്ട് അറുപത്തിയഞ്ചിലധികം ഉല്പന്നങ്ങളാകുകയും ചെയ്തിട്ടുണ്ട്. മാർച്ച് 31-ഓടുകൂടി നൂറ് ഉല്പന്നങ്ങളാക്കാനാണ് പരിശ്രമിക്കുന്നത്. അപ്പോൾ പുതിയൊരു ബ്രാൻഡും മൂല്യവർദ്ധിത കൃഷിയുമുണ്ടാകുന്നു, ഈ കൃഷിയുടെ കാര്യത്തിൽ പ്രത്യേക സഹായങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിനുള്ള സംവിധാനങ്ങളുമുണ്ടാകുന്നു. അതോടൊപ്പം ആകർഷകമായ പാക്കിംഗ് ഏറ്റവും പ്രധാനപ്പെട്ടതാണെന്നുള്ളതുകൊണ്ട് മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് എന്ന സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവിധ പരിപാടികളാണ് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെ (VAAM) ഭാഗമായി നടപ്പിലാക്കാൻ പോകുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, 2023-നെ അന്താരാഷ്ട്ര മില്ലറ്റ് വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ചെറുധാന്യങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്ന ലോകവ്യാപകമായ പ്രചരണത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ കുറെയേറെ കർമ്മപരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മില്ലറ്റ് ഇയറിന്റെ ഭാഗമായി കൃഷിക്കാർക്ക് സഹായകരമാകുന്ന വിധത്തിൽ ചെറുധാന്യങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും അതിന്റെ വ്യാപനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, അന്താരാഷ്ട്ര മില്ലറ്റ് വർഷം പ്രമാണിച്ച് വിപുലമായ പരിപാടികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീന്റെ മണ്ഡലത്തിൽ ഒരു മില്ലറ്റ് ഗ്രാമം ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു ഫാക്ടറിതന്നെ തുടങ്ങിയിട്ടുണ്ട്. പാലക്കാടിന്റെ പ്രത്യേകതകളും കേരളത്തിന്റെ അനന്തസാധ്യതകളിലൊന്നായ പശ്ചിമഘട്ടം, മഴക്കാലം, മണ്ണിന്റെ പ്രത്യേകത, ഇവിടെയുണ്ടാകുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിയും മാർക്കറ്റ് ചെയ്യാൻ കഴിയും. ഇതിന്റെയടിസ്ഥാനത്തിലാണ് അട്ടപ്പാടിയെ പ്രത്യേകമായി ഒരു മില്ലറ്റ് ഗ്രാമമായി പ്രഖ്യാപിച്ചത്. അവിടെ അതിന്റെ ഫാക്ടറിയുണ്ടാക്കി.

വിളവെടുപ്പിന് ഞങ്ങളെല്ലാം പോയതാണ്. മാത്രമല്ല, ഇതെല്ലാം കർഷകരിലേയ്ക്കെത്തിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണയുണ്ടാക്കുകയും കർഷകരെ അവിടങ്ങളിലേയ്ക്കയച്ച് പരിശീലിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ ഇക്കഴിഞ്ഞ 26-ാം തീയതി അട്ടപ്പാടിയിൽനിന്നും 18 ആദിവാസി കർഷകർ അവിടെ പരിശീലനത്തിന് പോകുകയും 3-ാം തീയതി തിരിച്ചെത്തുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടിയിൽ മാത്രമല്ല മറ്റിടങ്ങളിലും കൃഷി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് ആവശ്യമായ സഹായങ്ങളുൾപ്പെടെ നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് മൂല്യവർദ്ധിത ഉല്പന്നങ്ങളെക്കുറിച്ച് ഒരുപാട് നാളായി ഇവിടെ പറയുന്നതാണ്. ഓരോ കൃഷിഭവനുകളും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ പറഞ്ഞു. മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ സർക്കാർ എന്താണ് നൽകുന്നത്; അതിന് സൗകര്യങ്ങളും സാങ്കേതികവിദ്യകളും നൽകണ്ടേ? ഗവൺമെന്റ് എന്ത് സപ്പോർട്ടാണ് നൽകുന്നത്? 14 കാർഷിക പാർക്കുകൾ പ്രഖ്യാപിച്ചിട്ട് ഒരെണ്ണംപോലും സാദ്ധ്യമാക്കിയിട്ടില്ല. നീരയുടേതടക്കമുള്ള

കാര്യങ്ങളിലെല്ലാം പരാജയപ്പെട്ടിരിക്കുകയാണ്. പ്രഖ്യാപനം നടത്തിയിട്ട് മാത്രം കാര്യമില്ല.

ശ്രീ. പി. പ്രസാദ്: സർ, അങ്ങ് ഇക്കാര്യങ്ങളെക്കുറിച്ച് ഗൗരവതരമായി മനസ്സിലാക്കണമെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്. കേരളത്തിൽ വൈഗ പ്രദർശന മേള സംഘടിപ്പിച്ചപ്പോൾ ഞാൻ എല്ലാവരെയും ക്ഷണിച്ചതാണ്. വൈഗ മേള നേരിൽക്കണ്ട പ്രതിപക്ഷാംഗങ്ങൾ ഇതിനകത്തുണ്ട്. അങ്ങ് ആ വൈഗ മേള കണ്ടിരുന്നെങ്കിൽ ഗവൺമെന്റ് മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുവേണ്ടി എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്ന് മനസ്സിലാകുമായിരുന്നു. ഇതെല്ലാം പറഞ്ഞാലും കണ്ടാലും അങ്ങേയ്ക്ക് മനസ്സിലാകുന്നില്ലെങ്കിൽ മനസ്സിലാക്കിത്തരാൻ എനിക്ക് കഴിയില്ല. അങ്ങയുടെ അറിവിലേയ്ക്ക് ഞാൻ ഇക്കാര്യങ്ങൾ ആവർത്തിച്ച് പറയുകയാണ്. 'ഒരു കൃഷി ഭവൻ ഒരു ഉല്പന്നം' എന്നുപറയുമ്പോൾ അവിടെ ഏത് ഉല്പന്നത്തിനാണോ പ്രാധാന്യമുള്ളത് ആ ഉല്പന്നത്തിൽനിന്ന് എങ്ങനെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുമെന്ന കാര്യങ്ങളുൾപ്പെടെ ആലോചിക്കണം. കിഴങ്ങുവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ സ്ഥാപനമാണ് Central Tuber Crops Research Institute (CTCRI). സംസ്ഥാന സർക്കാർ ഒരു കോടി രൂപ

കൊടുത്താണ് അവിടെ ഒരു ഇൻക്യുബേഷൻ സെന്റർ ഒരുക്കിയിരിക്കുന്നത്. CTCRI-ൽ കപ്പയുടെ മൂല്യവർദ്ധിത ഉൽപ്പന്നമുണ്ടാക്കി പാക്കിംഗുൾപ്പെടെ ചെയ്യാൻ സാധിക്കും. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നത്തിന്റെ വഴികാട്ടി പത്തനംതിട്ട ജില്ലയിലെ KVK (Krishi Vigyan Kendra) ആണ്. സംസ്ഥാന സർക്കാർ ഒരു കോടി രൂപ കൊടുത്താണ് പത്ത് ഡി.പി.ആർ.-മേൽ 25 ടെക്നോളജി ഡെവലപ് ചെയ്തത്. സംസ്ഥാന സർക്കാർ എന്ത് ചെയ്തുവെന്ന് ചോദിച്ചാൽ ഇതൊക്കെയാണ് ചെയ്തത്. National Institute for Interdisciplinary Science and Technology (NIIST)-ക്ക് ഒരു കോടി രൂപ സംസ്ഥാന സർക്കാരാണ് കൊടുത്തത്. അവിടെയല്ലാം ഇതിന്റെ പരിശീലനമുൾപ്പെടെ നടത്തുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായം കർഷകർക്ക് ലഭിച്ചതുകൊണ്ടാണ് അഞ്ഞൂറോളം കൃഷി ഭവനുകളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടായത്. FPO-കൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം ഉൾപ്പെടെ കൊടുക്കുകയാണ്. ആകർഷകമായ പാക്കിംഗ് പ്രധാനപ്പെട്ട ഘടകമാണ്. ഒരു സ്റ്റിക്കർ മാത്രം ഒട്ടിച്ചാൽ മതിയെന്നായിരുന്നു നേരത്തെ വിചാരിച്ചിരുന്നത്. പക്ഷെ, അങ്ങനെയല്ല. അതിനൊരു ടെക്നോളജിയുണ്ട്. പ്ലാസ്റ്റിക് കവറിൽ ഉല്പന്നങ്ങളിട്ട് പായ്ക്കറ്റാക്കിയാൽ അത് അന്താരാഷ്ട്ര മാർക്കറ്റിലൊന്നും കൊണ്ടുപോകാൻ

കഴിയില്ലെന്നുമാത്രമല്ല നാഷണൽ മാർക്കറ്റിലും പ്രയാസമായിരിക്കും. മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് ഏറ്റവും പ്രശസ്തമായ കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇക്കഴിഞ്ഞ വൈഗ മേളയിൽവച്ച് ഐ.ഐ.പി. (Indian Institute of Packaging, Mumbai) മുംബൈയുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ചു. അതിന്റെ ഗുണങ്ങൾ കേരളത്തിലെ കർഷകർക്ക് ലഭ്യമാകാൻ പോകുകയാണ്. ഇത്തരത്തിലുള്ള സാങ്കേതികവിദ്യ, യന്ത്രങ്ങളുടെ സഹായം, സാമ്പത്തികസഹായം എന്നിവയെല്ലാം നൽകുകയാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട് ബാങ്കിനെ സമീപിക്കുമ്പോൾ വയബിളല്ലെന്ന കാരണത്താൽ പലതും തഴയപ്പെടുകയായിരുന്നു. അതുകൊണ്ടുതന്നെ ഇതിന്റെ ഭാഗമായി സർക്കാർ ഒരു ഡി.പി.ആർ. ക്ലിനിക് കൊണ്ടുവരികയും 50 ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. അതിൽ 31 എണ്ണത്തിന് ലോൺ നൽകാൻ സന്നദ്ധമാണെന്ന് കാനറ ബാങ്കിന്റെ ജനറൽ മാനേജർ അറിയിക്കുകയുണ്ടായി. ഇതൊക്കെ സംസ്ഥാന ഗവൺമെന്റ് പ്രൊവൈഡ് ചെയ്യുന്നതല്ലേ; പണം മുടക്കിയിട്ടല്ലേ ഡി.പി.ആർ. ഉൾപ്പെടെ തയ്യാറാക്കി കർഷകരെ സഹായിക്കുന്നത്? കർഷകരെ ഇങ്ങനെയെല്ലാം സഹായിക്കുമ്പോൾ അത് കാണണമെന്നാണ് വിനയപൂർവ്വം

അഭ്യർത്ഥിക്കാനുള്ളത്.

## പുതിയ റെയിൽവേ വികസന പദ്ധതികൾ

4 (*424) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കാത്തതിനാൽ ട്രെയിൻ യാത്ര ദുരിതപൂർണ്ണമായിരിക്കുന്ന സാഹചര്യത്തിൽ പുതിയ ട്രെയിനുകൾ അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന താല്പര്യാർത്ഥം തിരുത്തണമെന്ന് ആവശ്യപ്പെടുമോ;

(ബി) സംസ്ഥാനത്തിന് പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിന് അനിവാര്യമായ നേമം ടെർമിനൽ വികസനം ഉപേക്ഷിച്ച തീരുമാനം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാന വികസനത്തിനാവശ്യമായ റെയിൽവേ വികസന പദ്ധതികൾ നടപ്പിലാക്കാതിരിക്കുകയും യാത്രക്കാരുടെ എണ്ണത്തിന് ആനുപാതികമായി ട്രെയിൻ യാത്രാ സൗകര്യം ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ തനത് റെയിൽവേ വികസന പദ്ധതികൾക്കുകൂടി കേന്ദ്രസർക്കാർ വിഘാതം സൃഷ്ടിക്കുന്ന സമീപനം തിരുത്താൻ ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) തിരുവനന്തപുരം കണ്ണൂർ വന്ദേഭാരത് ട്രെയിൻ, കോഴിക്കോട്-ബാംഗ്ലൂർ ഇന്റർസിറ്റി, പാലക്കാട്-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്സ്, എറണാകുളം-സേലം ഇന്റർസിറ്റി, കൊച്ചുവേളി-മുംബൈ, കൊച്ചുവേളി-ഹൗറ, കൊച്ചുവേളി-ഹൈദരാബാദ്, കൊച്ചുവേളി-വേളാങ്കണ്ണി, കൊച്ചുവേളി-രാമേശ്വരം, വാസ്കോ-എറണാകുളം, വാസ്കോ-നാഗർകോവിൽ, കണ്ണൂർ-മധുരൈ ഇന്റർസിറ്റി തുടങ്ങിയ പുതിയ ട്രെയിനുകൾ ഉൾപ്പെടെ ഏകദേശം പന്ത്രണ്ടോളം പുതിയ ട്രെയിനുകൾ കേരളത്തിന് അനുവദിക്കണമെന്നും കേരളത്തിലെ ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യം ഉൾപ്പെടെ സംസ്ഥാന റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിഷയങ്ങളും 2023-24-ലെ

കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി 01-12-2022-ലെ കത്ത് മുഖാന്തരം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസ്ഥാന റെയിൽവേ മന്ത്രിയും കേന്ദ്ര സർക്കാരിനോട് ഇതേ ആവശ്യമുന്നയിച്ചെങ്കിലും ആവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) നേമം സാറ്റലൈറ്റ് ടെർമിനലിന്റെ പ്രവർത്തനം 2018-19 Umbrella Work Sanction-ന്റെ ഭാഗമാണ്. അതിനുശേഷം നേമത്ത് 500 കോടി രൂപ ചെലവിൽ പുതിയ കോച്ചിംഗ് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. 02-11-2019-ൽ റെയിൽവേ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചു. അതനുസരിച്ച്, അന്നത്തെ റെയിൽവേ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ വീഡിയോ കോൺഫറൻസിംഗിലൂടെ പദ്ധതിക്ക് തറക്കല്ലിട്ടു. എന്നാൽ പദ്ധതി ഇപ്പോൾ ഉപേക്ഷിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെടുകയും കേരള സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നേമത്ത് ഒരു കോച്ചിംഗ് ടെർമിനൽ അത്യന്താപേക്ഷിതമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ അനിവാര്യമായ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 02-07-2022-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ആവശ്യപ്പെടുകയും 17-08-2022-ന് കേന്ദ്ര റെയിൽവേ

മന്ത്രിയെ നേരിൽക്കണ്ട് നിവേദനം നൽകുകയും ചെയ്തെങ്കിലും നാളിതുവരെ അതിന് അനുകൂലമായ മറുപടിയുണ്ടായിട്ടില്ല.

(സി) സംസ്ഥാന റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിഷയങ്ങളും 2023-2024-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി 01-12-2022-ലെ കത്ത് മുഖാന്തരം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നെങ്കിലും അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല.

കേരള സംസ്ഥാനത്തെ പ്രധാന റെയിൽവേ വികസന പദ്ധതികളായ സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം-കാസർഗോഡ് പദ്ധതി, തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ-നഞ്ചൻകോട് പദ്ധതി, അങ്കമാലി-ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം റെയിൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പദ്ധതികളാണ്. റെയിൽവേയുടെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ചുമതല നൽകിയിരിക്കുന്നത്. റെയിൽ പദ്ധതികളുടെയെല്ലാം പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പ്രസ്തുത സംയുക്ത സംരംഭ കമ്പനി വഴി വിശദ പദ്ധതി രൂപരേഖ, റെയിൽ മന്ത്രാലയവുമായുള്ള

ഏകോപനം, നിരന്തര ചർച്ചകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ റെയിൽ മന്ത്രാലയവുമായി യഥാസമയം ഇടപെടലുകൾ നടത്തിയിരുന്നു. മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തിവരാറുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ റെയിൽവേ വികസനം അവഗണിച്ചതിലുള്ള പ്രതിഷേധം സഭയെ അറിയിക്കുകയാണ്. കേരളത്തിലോടുന്ന ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള 626 വളവുകളും അതനുസരിച്ചുള്ള വേഗത നിയന്ത്രണങ്ങളും നിലവിലുണ്ട്. വളവുകൾ കാരണം മണിക്കൂറിൽ 110 കിലോമീറ്റർ പരമാവധി വേഗതയിലുള്ള പാത നേരെയാക്കുന്നത് അപ്രായോഗികമാണെന്ന് മാത്രമല്ല ജനങ്ങളെയും ജനവാസകേന്ദ്രങ്ങളെയും

കൂടുതൽ ബാധിക്കുന്നതുമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഡബിൾ ലൈൻ നിർമ്മിച്ച് മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിൽ സഞ്ചരിച്ച് 4 മണിക്കൂർകൊണ്ട് കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ എത്തിച്ചേരാൻ സാധ്യമാകുന്ന തരത്തിലുള്ള സിൽവർ ലൈൻ പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട് യാതൊരറിയിപ്പും നാളിതുവരെ നൽകിയിട്ടില്ല. അതോടൊപ്പം വന്ദേഭാരത് ട്രെയിൻ പോലുള്ള നിരവധി കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

**ശ്രീ. പി. വി. ശ്രീനിജിൻ**: സർ, ട്രെയിൻ യാത്രക്കാർക്ക് മികച്ച സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ശ്രീ. വി. അബ്ദുറഹിമാൻ**: സർ, ഇതുതന്നെയാണ് നേരത്തെ സൂചിപ്പിച്ചത്. കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി നേരിട്ട് ഇക്കാര്യങ്ങൾ ചർച്ച ചെയ്തതാണ്. അതിന്റെ ഭാഗമായി കൊല്ലം റെയിൽവേ സ്റ്റേഷനും കോഴിക്കോട് റെയിൽവേ സ്റ്റേഷനും സ്വകാര്യവൽക്കരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് റെയിൽവേ മുന്നോട്ടുവയ്ക്കുന്നത്. അമൃത് പദ്ധതിയിലുൾപ്പെടുത്തി കേരളത്തിൽ പുതിയ റെയിൽവേ സ്റ്റേഷനുകൾ

നിർമ്മിക്കുകയോ നിലവിലുള്ളവയെ നവീകരിക്കുകയോ ചെയ്യുണമെന്നുള്ള ആശയം റെയിൽവേ മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. ആൻസലൻ: സർ, മുതിർന്ന പൗരന്മാർക്ക് ട്രെയിൻ യാത്രാനിരക്കിൽ മുൻകാലങ്ങളിൽ ഇളവ് നൽകിയിരുന്നെങ്കിലും കോവിഡ് കാലഘട്ടത്തിൽ അതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ടി നിയന്ത്രണങ്ങൾ മാറ്റി മുതിർന്ന പൗരന്മാർക്ക് യാത്രായിളവ് പുനഃസ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് മുൻകാലങ്ങളിൽ റെയിൽവേ യാത്രാനിരക്കിൽ ഇളവുകൾ നൽകിയിരുന്നു. പക്ഷെ, കോവിഡിനുശേഷം ഇത്തരം ഇളവുകൾ നൽകുന്നതിലൂടെ റെയിൽവേയ്ക്ക് ഭീമമായ നഷ്ടം വരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ടി ആനുകൂല്യം പുനഃസ്ഥാപിക്കാൻ നാളിതുവരെ റെയിൽവേ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ വീണ്ടും സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്ര സർക്കാർ എല്ലാ കാര്യങ്ങളിലും സംസ്ഥാനത്തെ അവഗണിക്കുന്ന സമീപനം തന്നെയാണ്

സ്വീകരിച്ചുവരുന്നത്. റെയിൽവേയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന അവഗണന അതിന്റെ എല്ലാ പരിധികളും ലംഘിച്ചിരിക്കുകയാണ്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന്റെ വികസനത്തിന്റെ ഭാഗമായി കൊച്ചുവേളിയിൽ സെക്കൻഡ് ടെർമിനൽ പ്രഖ്യാപിച്ചെങ്കിലും കഴിഞ്ഞ 10 വർഷമായി അതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി സെക്കൻഡ് ടെർമിനൽ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നേമം, കൊച്ചുവേളി ടെർമിനൽ അടക്കമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിയുമായി മൂന്നുതവണ ചർച്ച നടത്തിയതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ നിരവധി തവണ കത്തെഴുതിയെങ്കിലും നാളിതുവരെ അനുകൂല നിലപാട് സ്വീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല.

ശ്രീ. പി. ടി. എ. റഹീം: സർ, സംസ്ഥാന റെയിൽവേ വികസനത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ശബരി പാതയുമായി

ബന്ധപ്പെട്ട കേന്ദ്രസർക്കാർ നിലപാട് എന്താണ്; അതിന്റെ നിലവിലുള്ള സ്ഥിതിയെന്താണ്; വ്യക്തമാക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, 1997-98 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിലാണ് 110 കിലോമീറ്റർ ദൈർഘ്യമുള്ള ശബരി പാതയുടെ നിർമ്മാണം ആദ്യമായി നിർദ്ദേശിക്കപ്പെടുന്നത്. ഇതിനാവശ്യമായ ചെലവിന്റെ 50% കേരള സർക്കാർ നൽകണമെന്നും അങ്കമാലി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചതാണ്. എന്നാൽ ഇതുവരെ അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളുണ്ടായിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ശബരിപാതയുമായി ബന്ധപ്പെട്ട് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമീപകാലത്തുതന്നെ ശബരി റെയിൽപ്പാത നടപ്പിലാക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നിലമ്പൂർ-ഷൊർണ്ണൂർ പാതയിലെ കോട്ടയം-നിലമ്പൂർ പാസഞ്ചർ ട്രെയിൻ, നിലമ്പൂർ-കോട്ടയം പാസഞ്ചർ ട്രെയിൻ എന്നിവയ്ക്ക് തുവ്വൂരിൽ സ്റ്റോപ്പുണ്ടായിരുന്നത് കോവിഡ് കാലത്ത് നിർത്തലാക്കി. ഇപ്പോൾ അത് പുനഃസ്ഥാപിക്കാൻ റെയിൽവേയുമായി ബന്ധപ്പെട്ട്

കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാർ പ്രസ്തുത സ്റ്റേഷൻ പുനഃസ്ഥാപിക്കണമെന്ന നിർദ്ദേശം വച്ചാൽ അത് കൂടുതൽ ഗുണകരമാകുമെന്നതിനാൽ അത്തരമൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കോവിഡ്-19 രൂക്ഷമായതിനെത്തുടർന്ന് നിർത്തിവച്ച പല ട്രെയിനുകളും സ്റ്റോപ്പുകളും നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. മാവേലി എക്സ്പ്രസ്സിന്റെ നിർത്തലാക്കിയ തിരൂർ അടക്കമുള്ള സ്റ്റോപ്പുകളും നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. നിലമ്പൂർ പാസഞ്ചർ ട്രെയിനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരവധി തവണ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട പി. വി. അൻവർ അടക്കമുള്ള അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് DRM (Divisional Railway Manager)-നെ നേരിൽക്കണ്ട് കാര്യങ്ങൾ ബോധിപ്പിച്ചിട്ടുള്ളതാണ്. തിരുവനന്തപുരത്തുവച്ച് കേരളത്തിന്റെ ചാർജ്ജ് വഹിക്കുന്ന ജനറൽ മാനേജരുമായും ഇക്കാര്യം സംസാരിച്ചെങ്കിലും നിർത്തിവച്ച സ്റ്റോപ്പുകൾ പുനഃരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അനുകൂലമായ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഒരു ട്രെയിൻ ഒരു സ്റ്റോപ്പിൽ നിർത്തണമെങ്കിൽ ആവശ്യമായിവരുന്ന ചെലവ് അവിടെനിന്നും അത്രയും ടിക്കറ്റുകളിലൂടെ ലഭ്യമാകുന്നില്ലെന്നതാണ് സ്റ്റോപ്പ്

പുനഃസ്ഥാപിക്കാത്തതിനുള്ള കാരണമായി അധികൃതർ പറയുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയം തന്നെയാണ് തീരുമാനമെടുക്കേണ്ടത്. സർക്കാർ നിരന്തരമായി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

## കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി

5 (*425) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് ഫലപ്രദമായി തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ&ബി) ഉണ്ട്. വിവിധ കാർഷികവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ താഴെ വിശദീകരിക്കും പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

1. ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനായി തരിശുരഹിത കൃഷി, സങ്കരവിത്തുകളുടെ ഉപയോഗം, കാർഷിക പാരിസ്ഥിതിക മേഖല ആധാരമാക്കിയുള്ള കൃഷിരീതി തുടങ്ങിയവ അനുവർത്തിച്ചുവരുന്നു;

2. നവീന സാങ്കേതികവിദ്യയിലധിഷ്ഠിതമായ കൃഷിരീതികളായ പോളിഹൗസ്, മഴമറ, ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ് മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. മാനവശേഷിയുടെ കുറവും ഉയർന്ന കൂലിയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നിലമൊരുക്കൽ മുതൽ സംഭരണം വരെ പൂർണ്ണമായും യന്ത്രവൽക്കരണത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നു. ഇതിനായി കേരള സ്റ്റേറ്റ് മെക്കനൈസേഷൻ മിഷനെ പ്രത്യേകമായി ചുതലപ്പെടുത്തി യന്ത്രവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

നെല്ലിന്റെ ഉല്പാദനത്തിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യത ഇപ്പോൾത്തന്നെ ഉപയോഗിക്കാൻ സാധ്യമാകുന്നുണ്ട്;

3. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങളുടെ ഫലപ്രദമായ ഇടപെടലിലൂടെ കർഷകവരുമാനത്തിൽ വർദ്ധനവ് ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി 25887 കൃഷിക്കൂട്ടങ്ങൾ പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 80% ഉല്പാദനമേഖലയിലും 20% സേവന സംഭരണ മൂല്യവർദ്ധനവ് മേഖലകളിലും പ്രദേശികതല രജിസ്ട്രേഷനോടെ പ്രവർത്തിക്കാനാണ് ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിലുൾപ്പെടുത്തി മൂല്യവർദ്ധന മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു;

4. വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വിളയധിഷ്ഠിത കൃഷിരീതിയിൽ നിന്നും വിളയിടാധിഷ്ഠിത കൃഷിരീതിയിലേയ്ക്കുള്ള മാറ്റം ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് 10760 വിളയിടാധിഷ്ഠിത മാതൃകാ തോട്ടങ്ങൾ സ്ഥാപിച്ച് വിവിധ കാർഷികവിളകളുടെ വിസ്തൃതി വർദ്ധനവും വികസനവുമെന്ന സമീപനത്തിലുൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു;

5. സംസ്കരണം, മൂല്യവർദ്ധനവ്, വിപണന പിന്തുണ എന്നീ മേഖല സജീവമാക്കുന്നതിന് സ്റ്റാർട്ടപ്പുകൾ, എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെയുള്ള ഇടപെടലുകൾ നടത്തിവരുന്നു. പുതുതായി 50 FPO-കളുടെ രൂപീകരണവും നിലവിലുള്ള 50 FPO-കളുടെ ശാക്തീകരണവും പുരോഗമിച്ചുവരുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ കീഴിലായി ആകെ 116 FPO-കൾ രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ 169 സ്റ്റാർട്ടപ്പുകൾക്ക് പരിശീലനം നൽകി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്;

6. കാർഷിക ഉല്പന്നങ്ങൾക്ക് പൊതു ബ്രാൻഡ് നൽകുന്നതിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ പാക്കേജ് ആകർഷകമാക്കേണ്ടതുണ്ട്. ഇതിനായി കേരളത്തിലെ കാർഷിക സംരംഭകരെ സജ്ജമാക്കാനായി മുബൈ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജുമായി വൈഗ-2023 വേദിയിൽ കരാർ ഒപ്പിട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

7. കൃഷി വകുപ്പിന്റെ ഫാമുകൾ ഉല്പാദിപ്പിക്കുന്ന 100 മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാർച്ച് 31-നുമുമ്പ് ഓൺലൈൻ വിപണിവഴി പൊതുജനത്തിലേയ്ക്കെത്തിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

കേരളാഗ്രോ ബ്രാൻഡിൽ പൊതുവിപണിയിലെത്തിക്കുന്ന ഈ ഉല്പന്നങ്ങൾ Flipkart, Amazon പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമായി തുടങ്ങിയിട്ടുണ്ട്;

8. "ഒരു കൃഷിഭവൻ ഒരു മൂല്യവർദ്ധിത ഉല്പന്നം" എന്ന സർക്കാർ നയത്തിന്റെ ഭാഗമായി അഞ്ഞൂറോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഇവയെ "കേരളാഗ്രോ" പൊതു ബ്രാൻഡിൽ വിപണിയിൽ സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;

9. കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തി കാർഷിക വരുമാനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

10. വിപണനത്തിനായി പ്രത്യേക സംവിധാനമൊരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തമുറപ്പാക്കി ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്;

11. വിവര സാങ്കേതികവിദ്യ ഫലപ്രദമായി കാർഷികമേഖലയിൽ പ്രയോജനപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ AIMS Portal (Agriculture Information Management System) വഴി സംസ്ഥാനത്തെ കർഷകരുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കാനും കർഷകർക്ക് വിവിധ പദ്ധതികളിൻകീഴിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. കൃഷി സ്ഥലത്തെ AIMS Portal-മായി ബന്ധിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System) സോഫ്റ്റ്‌വെയറുമായുള്ള സംയോജന പ്രക്രിയ പൂർത്തീകരിച്ചുവരുന്നു. ഇത് പൂർണ്ണമാകുന്നതോടെ സംസ്ഥാനത്തെ കർഷകരുടെ വിവരങ്ങളും ഓരോ കർഷകന്റേയും കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും കൃത്യമായി ലഭ്യമാക്കാൻ സാധിക്കും. അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് മുതൽ കൃഷി ഡയറക്ടറേറ്റ് വരെ ഇ-ഓഫീസ് സംവിധാനം ഫലപ്രദമായി ആരംഭിച്ചിട്ടുണ്ട്;

12. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കർഷകസമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ

നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം;

13. കാർഷിക മേഖലയിൽ അനുവർത്തിച്ചുവരുന്ന വിവിധ പദ്ധതികളുടെ അവലോകനത്തിനും അതുവഴി കൂടുതൽ പദ്ധതി വിപുലീകരണത്തിനും Agristat വഴി ലഭിക്കുന്ന കാർഷിക മേഖലയിലെ കണക്കുകൾ പ്രയോജനപ്പെടുത്താവുന്നതാണ്;

14. വിള ഇൻഷ്വറൻസ് പദ്ധതികൾ കർഷക സൗഹൃദവും ആകർഷകവുമാക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായും ഓൺലൈൻ സംവിധാനം മുഖേന നടപ്പാക്കിക്കഴിഞ്ഞു. കർഷകർക്ക് നേരിട്ട് പ്രീമിയം തുക അടയ്ക്കുന്നതിനും പോളിസി, ഇൻഷ്വറൻസ് എന്നിവ ലഭിക്കുന്നതിനും AIMS Portal വഴി സാധ്യമാകുന്നു. കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയായ Restructured Weather Based Crop Insurance Scheme (RWBIS) തുടങ്ങിയവയുടെയും സംസ്ഥാന വിഹിതം അഗ്രിക്കൾച്ചർ

ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന അടവാക്കി കർഷകരുടെ വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് സഹായിക്കുന്നു;

15. പ്രധാന വിളകൾ കേന്ദ്രീകരിച്ചും മേഖലകൾ കേന്ദ്രീകരിച്ചുമുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായും (Agro Ecological Zones) 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തിരിച്ച് ഓരോ മേഖലയ്ക്കും യൂണിറ്റിനും അനുയോജ്യമായ രീതിയിലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ പ്രത്യേക കാർഷിക മേഖലകൾക്ക് പ്രാധാന്യം നൽകി കുട്ടനാട്, വയനാട്, കാസർഗോഡ്, ഇടുക്കി തുടങ്ങിയ സ്ഥലങ്ങളുടെ ഭൂപ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള പദ്ധതികളും (കുട്ടനാട് പാക്കേജ്, വയനാട്, കാസർഗോഡ്, ഇടുക്കി സ്പെഷ്യൽ പാക്കേജ്) ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു;

16. കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. Agriculture Infrastructure Fund (AIF), Rural Infrastructure Development Fund (RIDF), Rebuild Kerala Initiative (RKI) തുടങ്ങിയ വിവിധ പദ്ധതികൾ

നടപ്പിലാക്കുകവഴി പ്രളയാനന്തര കാർഷികമേഖലയെ പരിപോഷിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ട്;

17. കൃഷി ഉദ്യോഗസ്ഥരെ പൂർണ്ണമായും ഫീൽഡിലേയ്ക്ക് വിന്യസിച്ച് കർഷകർക്ക് ആവശ്യമായ സാങ്കേതികോപദേശം യഥാസമയം നൽകുന്നതിനുള്ള ആസൂത്രിത ഇടപെടലുകൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനായി കൃഷി ഉദ്യോഗസ്ഥരുടെ പേപ്പർ ജോലികൾ ലഘൂകരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നിലവിൽ ഫലപ്രദമായ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. നെല്ല് സംഭരണം - നെൽകർഷകർക്ക് നെല്ലിന് ന്യായമായ വില ലഭ്യമാക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് നെല്ല് സംഭരണം. ഒരു കിലോഗ്രാം നെല്ല് സംഭരിക്കുന്നതിന് കർഷകർക്ക് 28.20 രൂപ നൽകി വരുന്നു. 2021-22 സാമ്പത്തികവർഷം ജൂൺ മാസം വരെ 748403.193 മെട്രിക് ടണ്ണും 2022-23 വർഷത്തിൽ ഇതുവരെ 262864.7 മെട്രിക് ടണ്ണും നെല്ല് സംഭരിച്ചിട്ടുണ്ട്;

2. പതിനാറ് ഇനം പഴം പച്ചക്കറികൾക്ക് സർക്കാർ അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്;

3. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. പച്ചത്തേങ്ങ സംഭരണം വിപുലീകരണത്തിന്റെ ഭാഗമായി കേരഫെഡ്, വിവിധ സഹകരണ സംഘങ്ങൾ, എഫ്.പി.ഒ-കൾ എന്നിവ മുഖേനയും, VFPCK-യുടെ സ്വാശ്രയ കർഷക വിപണികൾ മുഖേനയും, കേരള നാളികേര വികസന കോർപ്പറേഷൻ സംഭരണ കേന്ദ്രങ്ങൾ വഴിയും പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. നിലവിൽ കിലോയ്ക്ക് 32 രൂപ നിരക്കിലാണ് കർഷകരിൽനിന്നും സംഭരിക്കുന്നത്. ഇത് അടുത്ത സാമ്പത്തികവർഷം മുതൽ 34 രൂപയായി ഉയർത്തിയിട്ടുണ്ട്. നാഫെഡ് മുഖേന കൊപ്ര സംഭരണവും നടപ്പിലാക്കി വരുന്നു. കിലോയ്ക്ക് 105.90 രൂപ നിരക്കിലാണ് 2022-ൽ കൊപ്ര സംഭരണം നടത്തിയത്. 2023 വർഷം കിലോയ്ക്ക് 108.60 രൂപ നിരക്കിൽ കൊപ്ര സംഭരണം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്;

4. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170/- രൂപയായി പ്രഖ്യാപിച്ച് റബ്ബർ സംഭരണ പ്രക്രിയയും (Rubber Production Incentive Scheme

-RPIS) 2015-16 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിവരുന്നു. റബ്ബർ ബോർഡ് പ്രഖ്യാപിക്കുന്ന അതത് ദിവസത്തെ നാലാം ഗ്രേഡ് റബ്ബറിന്റെ വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം കർഷകർക്ക് ഇൻസെന്റീവായി നൽകുന്നു. നാളിതുവരെ 1806.92 കോടി രൂപ ഈ ഇനത്തിൽ സർക്കാർ റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 500 കോടി രൂപ ഈ ഇനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്;

5. ഹോർട്ടികോർപ്പ്, VFPCK എന്നിവ വഴിയുള്ള പഴം-പച്ചക്കറി സംഭരണത്തിലൂടെയും ഓണം, ക്രിസ്തുമസ് കാർഷിക വിപണികൾ നടപ്പിലാക്കുന്നതുവഴിയും കർഷകരുടെ ഉല്പന്നങ്ങളുടെ വിലയിടിവിന് പരിഹാരമാർഗ്ഗം കണ്ടെത്താൻ സാധിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക 2021 മേയ് മാസം വരെയുള്ള അപേക്ഷകർക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. മതിയായ തുക ബഡ്ജറ്റിൽ ലഭ്യമല്ലാത്തതാണ് നഷ്ടപരിഹാരം നൽകാൻ കഴിയാത്തതിന്റെ കാരണമായി സർക്കാർ പറയുന്നത്. പ്രളയവും പ്രകൃതിദുരന്തങ്ങളും കൂടുതൽ നേരിടുന്ന ഈ സാഹചര്യത്തിലും എന്തുകൊണ്ടാണ് മതിയായ തുക

വകയിരുത്താൻ സർക്കാർ ശ്രദ്ധിക്കാത്തത്; ഇൻഷ്വറൻസ് തുക സമയബന്ധിതമായി നൽകുമെന്ന് ഉറപ്പുവരുത്തുമോ?

ശ്രീ. പി. പ്രസാദ്: സർ, കുടിശ്ശികയായി നിൽക്കുന്ന ഇൻഷ്വറൻസ് തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാനത്തെ വിളകൾക്ക് താങ്ങുവിലയും സ്ഥിരവിലയും ലഭിക്കാത്തതിനാൽ കർഷകർ പ്രതിസന്ധിയിലാണ്. അതുപോലെ ആവശ്യത്തിന് സംഭരണ സംവിധാനങ്ങളില്ലാത്തതിനാൽ ബഹുഭൂരിപക്ഷം കർഷകരും ന്യായവിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണുള്ളത്. കാർഷികമേഖലയിൽ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സംഭരണത്തിനും മൂല്യവർദ്ധിത ഉല്പാദനത്തിനുമുള്ള പദ്ധതികളൊരുക്കി കാർഷികവൃത്തി ലാഭകരമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വളരെ പ്രസക്തമായ കാര്യമാണ് അംഗം പറഞ്ഞത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ മൂല്യവർദ്ധിത

കാർഷിക മിഷൻ (VAAM) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഈ മേഖലയിൽ കോൾഡ് സ്റ്റോറേജുകൾ, സംഭരണകേന്ദ്രങ്ങൾ, വാഹനങ്ങൾ എന്നിവ കൂടുതലായി ആവശ്യമുണ്ട്. ഇപ്പോൾത്തന്നെ 26 റീഫർ വാനുകൾ പുറത്തിറക്കിക്കഴിഞ്ഞു. ഇവയെല്ലാം റെഫ്രിജറേറ്റഡ് വാഹനങ്ങളാണ്. കൂടുതലായി അത്തരം വാഹനങ്ങൾ ആവശ്യമുണ്ട്. സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടൊക്കെ ഉപയോഗിച്ച് ഇത്തരം സംവിധാനങ്ങൾ വീണ്ടും വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ഡി.പി.ആർ. ക്ലിനിക്കിൽ പങ്കെടുത്തിരുന്നു. അവർക്ക് ഓരോ മേഖലയ്ക്കും അനുയോജ്യമാകുന്നതരത്തിലുള്ള കോൾഡ് സ്റ്റോറേജുകൾ, റീഫർ വാനുകൾ, മറ്റ് സംഭരണകേന്ദ്രങ്ങളുമുൾപ്പെടെ ഇതിന്റെ ഭാഗമായി കൊണ്ടുവരുന്നുണ്ട്. ഉല്പന്നങ്ങൾ കൃത്യമായി സംഭരിക്കുന്നതിനും സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കുന്നതിനുമുള്ള നടപടികളുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂന്നാമത്തെ നൂറുദിന പദ്ധതിയുടെ ഭാഗമായി സംഭരണ സംസ്കരണത്തിനായി ആയിരം കൃഷിക്കൂട്ടങ്ങൾ ക്രമീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതെല്ലാം യാഥാർത്ഥ്യമാകുന്നതോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കാനാകും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേന്ദ്രസർക്കാർ 2022-ഓടുകൂടി കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും നടന്നില്ല. കർഷകരുടെ ഉല്പാദനച്ചെലവിന്റെ 150% വില നിശ്ചയിച്ച് ഉല്പന്നങ്ങൾ സംഭരിക്കുമെന്ന പ്രഖ്യാപനമുണ്ടായിരുന്നു. അത് അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അതിന്റെ ഭാഗമായാണ് മൂല്യവർദ്ധിത കാർഷിക മിഷനിലേയ്ക്ക് നീങ്ങുന്നത്. ബഹുമാനപ്പെട്ട അംഗം വൈഗ, കൃഷിദർശൻ എന്നീ പരിപാടികൾ നേരിട്ട് കാണേണ്ടതായിരുന്നു. തലശ്ശേരിയിൽ സംഘടിപ്പിച്ച കൃഷിദർശൻ ഉൾപ്പെടെയുള്ളവയുടെ കാര്യങ്ങൾ ഇവിടെ പറഞ്ഞതാണ്. കർഷകർക്ക് വരുമാനമുണ്ടാകുന്നതിന്റെ നൂറുകണക്കിന് കഥകൾ ഇതിലൂടെ പറയാൻ സാധിക്കും. ഇതിന്റെ ഭാഗമായി 500 വനിതകളുടെ വിജയകഥകൾ പ്രസിദ്ധീകരിക്കുമ്പോൾ വരുമാന ഇനത്തിൽ കർഷകർക്ക് എത്ര വർദ്ധനവുണ്ടാകുന്നുവെന്ന കാര്യം മനസ്സിലാകുന്നതാണ്. ഇത് കൂടുതലായി കൊണ്ടുവരേണ്ടതുണ്ട്. അതിനാവശ്യമായ എല്ലാ ഇടപെടലുകളും നടത്തുന്നതായിരിക്കും.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

10:00 AM]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ശ്രീമതിമാർ ഉമ തോമസ്, കെ. കെ. രമ, സർവ്വശ്രീ കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ തിരുവനന്തപുരത്തെ ചേങ്കോട്ടുകോണത്ത് 16 വയസ്സുകാരിയായ പെൺകുട്ടി ആക്രമിക്കപ്പെട്ട വിഷയത്തിന്മേലാണ് നോട്ടീസ് നൽകിയിട്ടുള്ളത്. റൂൾ 50 പ്രകാരം സഭ പരിഗണിക്കേണ്ട അടിയന്തരസ്വഭാവം ഈ നോട്ടീസിനില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം ശ്രീമതി ഉമ തോമസിന് ഇന്നത്തെ ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇങ്ങനെയൊരു നടപടി സർക്കാർ സ്വീകരിക്കുന്നത് ശരിയല്ല. അങ്ങും ഗവൺമെന്റും ശ്രദ്ധിക്കണം. പതിനാറ് വയസ്സുള്ള, സ്കൂളിൽ പഠിക്കുന്ന പെൺകുട്ടി പട്ടാപ്പകൽ നടുറോഡിൽവച്ച് ക്രൂരമായി അധിക്ഷേപിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്ത സംഭവമാണിത്. സ്ത്രീ സുരക്ഷയെ സംബന്ധിക്കുന്ന ഗൗരവതരമായ സംഭവം തിരുവനന്തപുരത്ത്

ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടക്കുന്നു. സ്ത്രീ സുരക്ഷയെ സംബന്ധിക്കുന്ന വിഷയം ചർച്ച ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ എന്തിനാണ് ഈ സഭ? ഇത് കൗരവ സഭയാണോ? (...ബഹളം...)

മി. സ്പീക്കർ: ഇത് recent occurrence അല്ല. അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു. ഇവിടെ അനുവദിക്കപ്പെടേണ്ടതും ഡിബേറ്റ് ചെയ്യപ്പെടേണ്ടതുമായ വിഷയങ്ങൾ ഡിബേറ്റ് ചെയ്തിട്ടുണ്ട്. ഇത്തവണ ഇത് അനുവദിക്കാൻ സാധിക്കുകയില്ല. (.....ബഹളം......)

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

10:03 AM]

**III ശ്രദ്ധ ക്ഷണിക്കൽ**

വയോജന സൗഹൃദ സംസ്ഥാനം

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ വയോജനങ്ങളുടെ പ്രശ്നമാണ് ഞാൻ ഇന്ന് ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. വയോജന ക്ഷേമ സമിതിയുടെ ചെയർമാനെന്ന നിലയിൽ ഒന്നര വർഷക്കാലമായി കേരളത്തിലുള്ള അനേകായിരം വയോജനങ്ങളുടെ പ്രശ്നങ്ങളുമായി ഞാൻ സംവദിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ വയോജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നതായാണ് അതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. (......ബഹളം.......)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്....

ശ്രീ. കെ. പി. മോഹനൻ: സർ, മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എഴുതിയ 'വയോജന സൗഹൃദമാകണം കേരളം' എന്ന ലേഖനം ഇക്കഴിഞ്ഞ 2-ാം തീയതി മാതൃഭൂമി പ്രസിദ്ധീകരിച്ചിരുന്നു. കേരളം വയോജന സൗഹൃദമാകണമെന്നാണ് ഞങ്ങളും ആഗ്രഹിക്കുന്നത്. പെൻഷനേഴ്സ് അടക്കമുള്ള സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയും കുട്ടികളുടെ

എണ്ണം കുറഞ്ഞുവരികയും ചെയ്യുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. 2021-ഓടെ കേരളത്തിലെ പെൻഷനേഴ്സ് അടക്കമുള്ള വയോജനങ്ങൾ 16 ശതമാനമാണെങ്കിൽ അടുത്ത 25 വർഷംകൊണ്ട് അത് ഇരട്ടിയായി വർദ്ധിക്കും. (.......ബഹളം.......) ഇവരുടെ ക്ഷേമം അനിവാര്യമായ കാലമാണിത്. മുതിർന്ന പൗരന്മാർ മക്കളിൽനിന്നും മറ്റും അനുഭവിക്കുന്ന പീഡനങ്ങളും ദുരിതങ്ങളും പരിഹരിക്കുന്നതിനുള്ള പരാതികൾ ഉടൻ തീർപ്പാക്കേണ്ടത് അനിവാര്യമാണ്. സ്വത്ത് ഭാഗം ചെയ്ത് മക്കൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ട്. വാർദ്ധക്യം ഒരു രോഗമല്ല അതൊരു അവസ്ഥയാണെന്ന് അറിയാത്തവരായി ആരുമില്ല. എങ്കിലും ഈ അവസ്ഥ എന്താണെന്നും എങ്ങനെയാണെന്നും തിരിച്ചറിയാനും അതിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാനും ഇന്ന് പൊതുസമൂഹം സന്നദ്ധമാകുന്നില്ല. ശൈശവാവസ്ഥയെക്കാൾ ഭയാനകമാണ് വാർദ്ധക്യാവസ്ഥയെന്ന് തിരിച്ചറിഞ്ഞ് മുതിർന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ സംസ്ഥാനം മുന്നോട്ടുവരണം. ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ കൂടുതലുള്ളത് പത്തനംതിട്ട ജില്ലയിലാണ്. ഡോ. രാമൻകുട്ടിയുടെയും ഡോ. വിജയകുമാറിന്റെയും നേതൃത്വത്തിൽ ഹെൽത്ത് ആക്ഷൻ ഫോർ പീപ്പിൾ എന്ന സംഘടന വയോജന പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനുവേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നുണ്ട്. പത്തനംതിട്ട ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ വയോജനങ്ങളുടെ പരിചരണത്തിന് മുന്നോട്ടുവന്നവർക്കായി ഒരു പരിശീലന ക്യാമ്പും ചരൽക്കുന്നിൽ നടത്തിയിട്ടുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള ഇത്തരം പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കേണ്ടതുണ്ട്. ഭരണകൂടങ്ങൾ ശ്രദ്ധ ചെലുത്തിയാൽ മാത്രമേ വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നതിൽ തർക്കമില്ല. ആയതിനാൽ ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുന്നു. (....ബഹളം....)

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(ശ്രീ. പി. കെ. ബഷീർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

10:06 AM]

## IV സബ്മിഷൻ

(പ്രതിപക്ഷാംഗങ്ങൾ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## അഴീക്കോട് വൃദ്ധമന്ദിരം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധമന്ദിരത്തിൽ ആവശ്യക്കാരായ ജീവനക്കാരില്ലാത്തതിനാൽ നേരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സ് മുഖേന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള Second Innings Home പദ്ധതി നടപ്പിലാകാത്ത സ്ഥിതിവിശേഷമാണുള്ളത്. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്..... ബാനർ താഴ്ത്തി പിടിക്കണം.

ശ്രീ. കെ. വി. സുമേഷ്: അവിടെ 61-ഓളം അന്തേവാസികളുണ്ട്. അതിൽ പത്ത് പേർ കിടപ്പിലാണ്. വൃദ്ധമന്ദിരത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ സാഹചര്യമുണ്ടാക്കാൻ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+ (....ബഹളം....)

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ., ശ്രീ. ജോബ് മൈക്കിൾ, ശ്രീ. പി. മമ്മിക്കുട്ടി, ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീമതി സി. കെ. ആശ എന്നീ അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള മറുപടികൾ ബഹുമാനപ്പെട്ട

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്[+]. (....ബഹളം....)

10:08 AM]

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ചട്ടം 236 (5) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV - ആഭ്യന്തരകാര്യങ്ങൾ | 2021-22 | 1 | 4, 11 |

2. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII - സാമൂഹ്യസേവനം | 2019-20 | 4 | 10 |

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II - ഭൂനികുതിയും ദേവസ്വവും | 2021-22 | 1 | 4 |

4. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII - വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2021-22 | 1 | 71, 84 |

5. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV - വ്യവസായവും ധാതുക്കളും | 2020-21 | 5 | 28, 34 |
| | 2021-22 | 1 | 4-16, 26 |

6. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2021-22 | 1 | 11, 26, 29, 42, 43, 44 |

7. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2019-20 | 4 | 46 |

8. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |

| | | | |
|---|---|---|---|
| VII – വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2021-22 | 1 | 68, 69, 70 |

9. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII – ആരോഗ്യവും കുടുംബക്ഷേമവും | 2019-20 | 4 | 2-12, 56 |

10. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II – ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21, 22 |

11. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V – മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2020-21 | 5 | 143 |
| VI- വിദ്യാഭ്യാസം | 2020-21 | 5 | 145, 148-156 |

(1) <u>ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം</u>

1. മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2020-21 (കാലതാമസ പത്രിക സഹിതം) | അച്ചടി വകുപ്പ് |
| XXVIII -പലവക സാമ്പത്തിക സർവ്വീസുകൾ | ,, | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) |

2. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VI - ഭൂനികുതി, XI-ജില്ലാ ഭരണവും പലവകയും | 2021-22 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേയും ഭൂരേഖയും വകുപ്പ് ) |
| XI- ജില്ലാ ഭരണവും പലവകയും, XVI- പെൻഷനും പലവകയും | ,, | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |

3. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2018 -19 (കാലതാമസ പത്രിക സഹിതം) | കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി -KRWSA) |
| XXIX - കൃഷി (ചെറുകിട ജലസേചനം) | 2021 -22 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII - ജലസേചനം | | ജലവിഭവ വകുപ്പ്, ഇറിഗേഷൻ പ്രോജക്ട് -1, ഇറിഗേഷൻ പ്രോജക്ട്-2 , കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി. |

4. ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ

മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| X - ട്രഷറികളും അക്കൗണ്ടുകളും<br>XI - ജില്ലാ ഭരണവും പലവകയും<br>XVI - പെൻഷനും പലവകയും<br>XLIII-നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും<br>XLV- പലവക വായ്പകളും മുൻകൂറുകളും<br>XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2021-22 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |

5. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2015-16 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് |
| ,, | 2017-18 | വ്യവസായ വകുപ്പ്<br>(കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യവസായ വാണിജ്യ വകുപ്പ് |
| ,, | ,, | വ്യവസായ വകുപ്പ് |

| | | |
|---|---|---|
| | | [കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘം (സുരഭി )] |
| ,, | ,, | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ) |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) |
| XXXVII - വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം | വ്യവസായ വകുപ്പ് [കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (KSACC)] |
| ,, | ,, | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്) |

| | | |
|---|---|---|
| ,, | ,, | വ്യവസായ വകുപ്പ് [കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ )] |
| ,, | ,, | വ്യവസായ വകുപ്പ് (ദി ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (ആട്ടോകാസ്റ്റ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് [സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക് )] |
| II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ<br>III - നീതിന്യായ നിർവ്വഹണം | 2021-22 (കാലതാമസ പത്രിക സഹിതം) | നിയമ വകുപ്പ് |
| XXXVII -വ്യവസായങ്ങൾ | 2021-22 (കാലതാമസ പത്രിക സഹിതം) | വ്യവസായ വകുപ്പ് (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്) |
| ,, | ,, | വ്യവസായ വകുപ്പ് (ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്) |

6. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIII - മത്സ്യബന്ധനം | 2020-21 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് |

7. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2011-12 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |
| ,, | 2012-13 | ,, |
| ,, | 2013-14 | ,, |
| ,, | 2014-15 | ,, |
| XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2015-16 | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) |
| ,, | 2016-17 | ,, |
| ,, | 2017-18 | ,, |

(………ബഹളം………)

8. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നട്ടെല്ല് ഇല്ലാത്ത, നട്ടെല്ല് വാഴപ്പിണ്ടി കൊണ്ടുണ്ടാക്കിയ പ്രതിപക്ഷം പറയുന്നത് കേൾക്കരുത്. (…….ബഹളം…….)

താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV- പൊതുമരാമത്ത് | 2021-22 (കാലതാമസ പത്രിക സഹിതം) | പൊതുമരാമത്ത് വകുപ്പ് |
| XXI - ഭവന നിർമ്മാണം | ,, | പൊതുമരാമത്ത് വകുപ്പ് |
| XLII - വിനോദസഞ്ചാരം | ,, | വിനോദസഞ്ചാര വകുപ്പ് |

9. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |

| | | |
|---|---|---|
| XLI - ഗതാഗതം | 2021-22 (കാലതാമസ പത്രിക സഹിതം) | കെ.എസ്.ആർ.ടി.സി. |
| ,, | ,, | ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് |

10. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2020-21 (കാലതാമസ പത്രിക സഹിതം) | ആയുഷ് വകുപ്പ് |
| ,, | 2021-22 (കാലതാമസ പത്രിക സഹിതം) | ,, |

11. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |

| | | |
|---|---|---|
| XXX - ഭക്ഷ്യം | 2021-22 (കാലതാമസ പത്രിക സഹിതം) | ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

12. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI - ജില്ലാ ഭരണവും പലവകയും | 2021-22 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന വഖഫ് ബോർഡ് |
| XVI - പെൻഷനും പലവകയും | ,, | ,, |

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

10:11 AM]

## VI റിപ്പോർട്ടുകളുടെ സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

10:11 AM]

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ബ്രഹ്മപുരം മാലിന്യ പ്ലാന്റ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിലെ തീ മാർച്ച് 13-ന് പൂർണമായും അണച്ചു. ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസിന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സംവിധാനംകൂടി പ്രയോജനപ്പെടുത്തി ഏകോപിതമായ പ്രവർത്തനമാണ് നടത്തിയത്. ഈ ഓപ്പറേഷനിൽ ഇന്ത്യൻ നേവിയുടെ ഹെലികോപ്റ്ററുകൾ, എയർഫോഴ്സ്, ബി.പി.സി.എൽ., എച്ച്.പി.സി.എൽ., സിയാൽ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഫാക്ട് എന്നീ സ്ഥാപനങ്ങളുടെ സംവിധാനങ്ങളും സിവിൽ ഡിഫൻസ് വോളണ്ടിയർമാരും അണിചേർന്നു. ഇരുന്നൂറ്റി അൻപതോളം ഫയർ ആൻഡ് റസ്ക്യൂ ജീവനക്കാർ രണ്ട് ഷിഫ്റ്റുകളിലായി രാപ്പകൽ ഭേദമില്ലാതെ പ്രവർത്തിച്ചു. 32 ഫയർ യൂണിറ്റുകൾ, നിരവധി ഹിറ്റാച്ചികൾ, ഉയർന്ന ശേഷിയുള്ള മോട്ടോർ പമ്പുകൾ

എന്നിവ ഇതിനായി ഉപയോഗിച്ചു. 2000 അഗ്നിശമനസേനാ പ്രവർത്തകരും 500 സിവിൽ ഡിഫൻസ് വോളണ്ടിയർമാരും പ്രവർത്തനങ്ങളിൽ പങ്കാളികളായി. വളരെ ചിട്ടയോടെ നടത്തിയ കൂട്ടായ ശ്രമത്തിന്റെ ഭാഗമായാണ് തീ അണയ്ക്കാൻ കഴിഞ്ഞത്. ഈ പ്രവർത്തനത്തിൽ പങ്കാളികളായ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ്, ആരോഗ്യ വകുപ്പ്, സിവിൽ ഡിഫൻസ്, പോലീസ്, കൊച്ചി കോർപ്പറേഷൻ എന്നിവയിലെ ജീവനക്കാർ തുടങ്ങി എല്ലാവർക്കും അഭിനന്ദനങ്ങൾ.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

തീപിടിത്തമുണ്ടായതുമുതൽ സർക്കാർ, ജില്ലാ ഭരണസംവിധാനം, കൊച്ചി കോർപ്പറേഷൻ എന്നിവരുടെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാർച്ച് 3-ന് തന്നെ കലക്ടറേറ്റിൽ കൺട്രോൾ റൂം സജ്ജീകരിച്ചു. മാർച്ച് 4-ന് മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും അടിയന്തര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. മാർച്ച് 5-ന് വ്യവസായ, ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാർ കൊച്ചിയിൽ ഉന്നതതല യോഗം ചേർന്ന് തീയണയ്ക്കുന്നതിനും ജനങ്ങളുടെ ആരോഗ്യസുരക്ഷ

ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾക്ക് വേഗം കൂട്ടി. തുടർപ്രവർത്തനങ്ങൾ മന്ത്രിതലത്തിൽ ഏകോപിപ്പിച്ചു. മാർച്ച് 7-ന് ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ച് അഗ്നിശമന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി, വ്യോമസേനയെയും വിന്യസിച്ചു.

മാർച്ച് 8-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗം സ്ഥിതിഗതികൾ വിലയിരുത്തി. പ്രശ്നപരിഹാര ശ്രമങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ നിർദ്ദേശിച്ചു. മാർച്ച് 10-ന് വ്യവസായ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിമാർ ബ്രഹ്മപുരം സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി. തുടർന്ന് മന്ത്രിമാർ പങ്കെടുത്ത് ജനപ്രതിനിധികൾ, ഫ്ലാറ്റ്-റസിഡന്റ്സ് അസോസിയേഷൻ, വ്യാപാരി വ്യവസായി സംഘടനാ ഭാരവാഹികൾ, ആരോഗ്യവിദഗ്ധർ എന്നിവരുടെ യോഗങ്ങൾ പ്രത്യേകം പ്രത്യേകം ചേരുകയുണ്ടായി. മാർച്ച് 13-ഓടുകൂടി തീ പൂർണ്ണമായും അണയ്ക്കാനായി. ചെറിയ തീപിടിത്തങ്ങൾ ആവർത്തിക്കാനുള്ള സാധ്യത കണക്കിലെടുത്ത് തുടർന്നും ജാഗ്രതയും മുൻകരുതലും പുലർത്തിവരുന്നുണ്ട്.

ബ്രഹ്മപുരത്ത് വേർതിരിക്കാതെ നിരവധി വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള മാലിന്യത്തിനാണ് തീപിടിച്ചത്. മാലിന്യം പല അടുക്കുകളായി ഉണ്ടായിരുന്നതും തീ ആറ് മീറ്ററോളം ആഴത്തിൽ

കത്തിയതും അഗ്നിശമന പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയുയർത്തി. തീയണയ്ക്കാനുള്ള വാഹനങ്ങൾക്കും യന്ത്രസാമഗ്രികൾക്കും മാലിന്യ കൂമ്പാരത്തിനിടയിലൂടെ കടന്നുപോകാൻ ആദ്യ ഘട്ടത്തിലുണ്ടായ പ്രയാസം മറ്റൊരു വെല്ലുവിളിയായിരുന്നു. എന്നാൽ അത് പെട്ടെന്നുതന്നെ പരിഹരിക്കാനായി. തീയണയ്ക്കുന്നതിന് വിവിധ കോണുകളിൽനിന്നുള്ള വിദഗ്ദ്ധാഭിപ്രായം സർക്കാർ നിരന്തരം തേടിക്കൊണ്ടിരുന്നു. ജനപ്രതിനിധികളും മറ്റും നൽകിയ നിർദ്ദേശങ്ങളുടെ പ്രായോഗികതയും സർക്കാർ പരിഗണിക്കുകയുണ്ടായി. കൃത്രിമ മഴ, കാർബൺ ഡൈ ഓക്സൈഡിന്റെ പ്രയോഗം എന്നിങ്ങനെ ജനപ്രതിനിധികളിൽ ചിലർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിഗണിക്കുകയുണ്ടായെങ്കിലും പ്രായോഗികമല്ലെന്നായിരുന്നു വിദഗ്ദ്ധാഭിപ്രായം. മാലിന്യം ഇളക്കിമറിച്ച ശേഷം വെള്ളം പമ്പ് ചെയ്ത് തീയണയ്ക്കുന്ന രീതിയാണ് ബ്രഹ്മപുരത്ത് അവലംബിച്ചത്. ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസമിതിയും വിദഗ്ദ്ധാഭിപ്രായം തേടി സർക്കാർ സമീപിച്ച ന്യൂയോർക് സിറ്റി ഫയർ ഡിപ്പാർട്ട്മെന്റിന്റെ ഡെപ്യൂട്ടി ചീഫ് ശ്രീ. ജോർജ് ഹീലിയും ബ്രഹ്മപുരത്ത് അവലംബിച്ച രീതിതന്നെയാണ് ഏറ്റവും ഫലപ്രദമെന്നാണ് അഭിപ്രായപ്പെട്ടത്.

<u>പൊതുജനാരോഗ്യ സാഹചര്യം</u>

തീപിടിത്തമുണ്ടാകുകയും പുക പടരുകയും ചെയ്തതുമുതൽ ഏതൊരു അടിയന്തര സാഹചര്യത്തെയും നേരിടാനുള്ള മുൻകരുതലും തയ്യാറെടുപ്പും ആരോഗ്യ വകുപ്പ് സ്വീകരിക്കുകയുണ്ടായി. എറണാകുളം മെഡിക്കൽ കോളേജിലും രണ്ട് താലൂക്ക് ആശുപത്രികളിലും പ്രത്യേക വാർഡുകൾ, ജില്ലാശുപത്രിയിൽ 100 ഓക്സിജൻ ബെഡുകൾ, കളമശ്ശേരി ആശുപത്രിയിൽ സ്മോക്ക് കാഷ്വൽറ്റി എന്നിവയും അതിനുപുറമെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കി. സ്വകാര്യ ആശുപത്രികളും ആരോഗ്യ രക്ഷാപ്രവർത്തനങ്ങളിൽ നന്നായി സഹകരിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രണ്ട് കൺട്രോൾ റൂമുകളും സജ്ജീകരിച്ചു. നാലാം തീയതി മുതൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരന്തരം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഗർഭിണികൾ, കുട്ടികൾ, വയോധികർ എന്നിവർക്ക് പ്രത്യേകം ആരോഗ്യ സംരക്ഷണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറങ്ങുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്നുമുള്ള നിർദ്ദേശവും നൽകി. പ്രത്യേക മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി.

ലഭ്യമായ കണക്കനുസരിച്ച് 1335 പേരാണ് സർക്കാർ, സ്വകാര്യ

ആശുപത്രികളിൽ വൈദ്യസഹായം തേടിയത്. 128 പേർ 10 വയസ്സിൽ താഴെയുള്ള കുട്ടികളും 262 പേർ 60 വയസ്സിന് മുകളിലുള്ളവരുമാണ്.

21 പേർക്കാണ് കിടത്തി ചികിത്സ ആവശ്യമായിവന്നത്. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ആർക്കുമുണ്ടായില്ല.

ബ്രഹ്മപുരത്തിന്റെ ചരിത്രം

മുൻ വർഷങ്ങളിൽ നാല് തവണ ബ്രഹ്മപുരത്ത് തീപിടിത്തമുണ്ടായിട്ടുണ്ട്. വേർതിരിക്കാതെ വൻതോതിൽ മാലിന്യം കൊണ്ടുവന്ന് നിക്ഷേപിക്കുന്ന അശാസ്ത്രീയമായ രീതിയാണ് കഴിഞ്ഞ ഒരു ദശകത്തിലേറെയായി ബ്രഹ്മപുരത്ത് നിലനിൽക്കുന്നത്. മാലിന്യ സംസ്കരണ കേന്ദ്രത്തിനായി ആദ്യം 33 ഏക്കറും പിന്നീട് 15 ഏക്കറും ഭൂമിയാണ് 1995-2000 കാലയളവിൽ കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് ഏറ്റെടുത്തത്. തുടർന്ന് 2000-2005 കാലയളവിൽ 13 ഏക്കറും 2005-2010 കാലയളവിൽ 60 ഏക്കറും ഭൂമി ഏറ്റെടുത്തു. 2006-2011 കാലയളവിലെ എൽ.ഡി.എഫ്. സർക്കാർ 100 കോടി രൂപ ഭൂമി ഏറ്റെടുക്കാൻ അനുവദിക്കുകയുണ്ടായി.

തുടക്കത്തിൽ മാലിന്യം തരംതിരിച്ചാണ് ബ്രഹ്മപുരത്തെ കേന്ദ്രത്തിൽ എത്തിച്ചിരുന്നത്. പ്ലാസ്റ്റിക് മാലിന്യം അനുവദിച്ചിരുന്നില്ല. 2008-ൽ

ആരംഭിച്ച ജൈവമാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനായി. ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃതവും കാര്യക്ഷമവുമായ മാലിന്യ സംസ്കരണ രീതി അവലംബിച്ചതിലൂടെ 2009-ൽ മികച്ച സീറോ വേസ്റ്റ് നഗരത്തിനുള്ള പുരസ്കാരം കൊച്ചിക്ക് ലഭിക്കുകയുണ്ടായി. എന്നാൽ 2010-നുശേഷം വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടെയുമുള്ള മാലിന്യ സംസ്കരണ സംവിധാനത്തിൽനിന്ന് കൊച്ചി കോർപ്പറേഷൻ പിന്നാക്കം പോയി. അജൈവ മാലിന്യം വൻതോതിൽ ബ്രഹ്മപുരത്തേയ്ക്കെത്തി. കൊച്ചി കോർപ്പറേഷന് മാത്രമായുണ്ടായിരുന്ന ബ്രഹ്മപുരം പ്ലാന്റിൽ സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള മാലിന്യവും നിക്ഷേപിക്കാൻ തുടങ്ങി. ജൈവമാലിന്യ സംസ്കരണ പ്ലാന്റിന്റെ കാലാനുസൃതമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അത് ജീർണ്ണാവസ്ഥയിലായി. ഇതേത്തുടർന്ന് 10 വർഷംകൊണ്ട് 559000 ടൺ മാലിന്യം കുമിഞ്ഞുകൂടി. ഈ മാലിന്യക്കൂമ്പാരം ശാസ്ത്രീയമായി സംസ്കരിക്കാൻ ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടു. എന്നാൽ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച അജണ്ട തീരുമാനമെടുക്കാതെ 23 തവണ കോർപ്പറേഷൻ കൗൺസിൽ മാറ്റിവയ്ക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിലാണ് ഹരിത

ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കാനായി ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന സർക്കാർ ഇടപെട്ടതും ബയോ മൈനിംഗിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും. കെ.എസ്.ഐ.ഡി.സി. മുഖേനയാണ് ബയോമൈനിംഗിനും വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടി 2019-ൽ ആരംഭിച്ചത്. തുടർന്ന് ബയോമൈനിംഗിനുള്ള കരാർ സംബന്ധിച്ച് കൗൺസിൽ ഏകകണ്ഠമായാണ് തീരുമാനമെടുത്തത്. ബയോമൈനിംഗ് കരാർ 54.90 കോടി രൂപയുടേതാണ്. 30% ബയോമൈനിംഗാണ് ഇതുവരെ പൂർത്തീകരിച്ചത്. രണ്ട് ഗഡുക്കളായി കമ്പനിക്ക് 11.06 കോടി രൂപ നൽകിയിട്ടുണ്ട്. 2023 ജൂൺ 30-ന് ബയോമൈനിംഗ് പൂർത്തിയാക്കാൻ കമ്പനിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് മാത്രമല്ല, സമാന പ്രശ്നങ്ങൾ തുടർന്നും ഉണ്ടാകാതിരിക്കാനും പുതുമാലിന്യക്കൂമ്പാരം ഉണ്ടാകാതിരിക്കാനും ബ്രഹ്മപുരത്ത് 350 കോടി രൂപ ചെലവിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കാനും സർക്കാർ തീരുമാനിച്ചിരുന്നു. 2018-ൽ പ്ലാന്റ് നിർമ്മിക്കാൻ ജിജെ ഇക്കോ പവർ എന്ന കമ്പനിക്ക് കരാർ നൽകുകയും ചെയ്തിരുന്നു. എന്നാൽ കരാർ നൽകി രണ്ടുവർഷം കഴിഞ്ഞിട്ടും പണി ആരംഭിക്കാനോ

നടപടികൾ മുന്നോട്ടുപോകാനോ കഴിയാതെ വന്നതിനാൽ 2020-ൽ കരാർ റദ്ദാക്കി. പുതിയ കരാർ നൽകുന്നതിനുള്ള തർക്കങ്ങൾ കൊച്ചി കോർപ്പറേഷനിൽ നിലനിൽക്കുന്നതിനാൽ പദ്ധതി വൈകുകയാണ്. എങ്കിലും അടുത്ത 2 വർഷത്തിൽ പുതിയ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ബ്രഹ്മപുരത്ത് തീപിടിത്തവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രിമിനിൽ കേസ് പോലീസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കും. പ്ലാന്റിന്റെ ആരംഭം മുതലുള്ള നടപടികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തും.

ബ്രഹ്മപുരത്ത് തീപിടിത്തത്തിലേയ്ക്ക് നയിച്ച കാരണങ്ങളുൾപ്പെടെയുള്ളവ സംബന്ധിച്ചും, മാലിന്യസംസ്കരണ പദ്ധതി പ്രവർത്തനക്ഷമമാക്കാനും ഇത്തരം അപകടങ്ങൾ ഭാവിയിൽ ഒഴിവാക്കാനും കഴിയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി സാങ്കേതിക വിദഗ്ധരുൾപ്പെടെയുള്ള ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കുന്നതാണ്. താഴെപ്പറയുന്ന ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിൽ ഈ സംഘം അന്വേഷണം നടത്തും.

- തീപിടിത്തത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം?

- ഭാവിയിൽ തീപിടിത്തമുണ്ടാകാതിരിക്കാൻ നടപ്പിലാക്കേണ്ട നടപടികൾ എന്തെല്ലാം?
- ഖരമാലിന്യ സംസ്കരണ-മാലിന്യ നിക്ഷേപ കേന്ദ്രമെന്ന നിലയിൽ നിലവിലെ സ്ഥലം എത്രത്തോളം അനുയോജ്യമാണ്?
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ട്?
- നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾ ആരൊക്കെയാണ്?
- വിൻഡ്രോ കമ്പോസ്റ്റിംഗ് നടപ്പിലാക്കാൻ ഏർപ്പെട്ട ഉടമ്പടിയിൽ പിഴവുകളുണ്ടായിരുന്നോ?
- കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്തെ പ്രവൃത്തി കൃത്യമായി നിരീക്ഷിച്ചിരുന്നോ? അതിന്റെ ഉത്തരവാദിത്വം ആർക്കായിരുന്നു? പ്രവൃത്തിയിൽ ന്യൂനതകൾ ചൂണ്ടിക്കാണിച്ചിരുന്നോ ?
- പ്രവൃത്തിയിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് കരാറുകാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം?
- കൊച്ചി കോർപ്പറേഷനിലെ ഖരമാലിന്യം സംഭരിക്കാനും സംസ്കരിക്കാനും ഉദ്ദേശിച്ച സ്ഥലത്ത് മറ്റ് തദ്ദേശസ്ഥാപനങ്ങളുടെ മാലിന്യംകൂടി വരാനുള്ള കാരണമെന്ത്?
- നിലവിൽ സ്ഥാപിച്ചിട്ടുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റിന്റെ

പ്രവർത്തനത്തെ ബാധിക്കുന്ന ഘടകങ്ങളെന്തെല്ലാം?

- വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റിന്റെ ശോചനീയാവസ്ഥയ്ക്കും നടത്തിപ്പിലെ വീഴ്ചകൾക്കും ഉത്തരവാദികൾ ആരെല്ലാം?
- മുൻകാല മാലിന്യം കൈകാര്യം ചെയ്യാനെടുത്ത നടപടികളുടെ വിശകലനവും കാലതാമസത്തിനുള്ള കാരണങ്ങളും.
- ബയോ റെമഡിയേഷൻ പ്രക്രിയ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒപ്പിട്ട കരാർ പ്രകാരം കോർപ്പറേഷന്റെയും കരാറുകാരുടെയും ചുമതലകൾ അതത് കക്ഷികൾ എത്രത്തോളം പാലിച്ചിരുന്നു?
- കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ ജൈവ, അജൈവ മാലിന്യ ശേഖരണത്തിനും അവ സംസ്കരണ കേന്ദ്രത്തിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള സംവിധാനം എന്തായിരുന്നു; കരാറുകാരുടെ പ്രവർത്തനം വിലയിരുത്തിയത് എങ്ങനെയായിരുന്നു; തരംതിരിക്കാതെ മാലിന്യം ശേഖരിക്കുന്നതിനും ബ്രഹ്മപുരത്ത് നിക്ഷേപിക്കുന്നതിനും തീരുമാനിക്കാനുള്ള കാരണമെന്ത്; ഇത് പരിഹരിക്കാനെടുത്ത നടപടികൾ എന്തെല്ലാം?
- വലിയ തോതിലുള്ള ഖരമാലിന്യമുണ്ടാകുന്ന കേന്ദ്രങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കാൻ എത്രത്തോളം സാധിച്ചിട്ടുണ്ട്?

ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ തീയണയ്ക്കാനും നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ദുരന്ത നിവാരണ

നിയമത്തിലെ 24(ഇ) വകുപ്പ് പ്രകാരം എംപവേഡ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. കുറ്റമറ്റ രീതിയിലുള്ള മാലിന്യസംസ്കരണം ഉറപ്പുവരുത്തുന്നതിനും അതിനായി തയ്യാറാക്കിയിട്ടുള്ള സമഗ്ര കർമ്മ പരിപാടി സമയബന്ധിതമായി നടപ്പിലാക്കാനും തടസ്സങ്ങൾ നീക്കം ചെയ്യാനും ദുരന്തനിവാരണ നിയമത്തിലെ 24 (എൽ) വകുപ്പ് പ്രകാരം സർക്കാർ എംപവേഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതാണ്. കൊച്ചിയിലെ പ്രവർത്തനങ്ങൾ പ്രത്യേകമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ദൈനംദിനം വിലയിരുത്തും. ഇതിനുപുറമെ തദ്ദേശസ്വയംഭരണ/വ്യവസായ വകുപ്പുമന്ത്രിമാർ എല്ലാ ആഴ്ചയിലും അവലോകനം നടത്തും.

ആരോഗ്യ പഠനം

തീപിടിത്തത്തെത്തുടർന്ന് ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് സമഗ്രമായ ആരോഗ്യ സർവ്വേ ബ്രഹ്മപുരത്തും സമീപ പ്രദേശങ്ങളിലും നടത്തുന്നുണ്ട്. ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുള്ള ഘടകങ്ങൾ മണ്ണിലോ വെള്ളത്തിലോ മനുഷ്യ ശരീരത്തിലോ ഉണ്ടോ എന്നറിയാൻ ശാസ്ത്രീയമായ പഠനവും വിദഗ്ധരുടെ നേതൃത്വത്തിൽ നടത്തും. ബ്രഹ്മപുരത്തിന്റെ പാഠം,

കൊച്ചിയിൽ മാത്രമല്ല, സംസ്ഥാനത്താകെ മാലിന്യ സംസ്കരണമെന്ന ചുമതല യുദ്ധകാലാടിസ്ഥാനത്തിലും വിട്ടുവീഴ്ചയില്ലാതെയും നടപ്പാക്കണമെന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കുള്ള ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർണ്ണയിച്ചും സമയബന്ധിതമായി സമഗ്രമായ കർമ്മപദ്ധതി വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ സർക്കാർ നേതൃത്വം കൊടുക്കും. ഖരദ്രവമാലിന്യങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ സംസ്കരണവും ഇതിന്റെ ഭാഗമായൊരുക്കും. ജനങ്ങളെയാകെ ബോധവൽക്കരിക്കുന്നതിന് വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും. മാലിന്യ സംസ്കരണം സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്താകെ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തും. നിയമലംഘനം നടത്തുന്നവർക്കെതിരെ ഒരു വിട്ടുവീഴ്ചയുമില്ലാത്ത നടപടികൾ സ്വീകരിക്കും. മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരായി സങ്കുചിത താല്പര്യത്തോടെ ആസൂത്രിതമായി സംഘടിപ്പിക്കുന്ന പ്രതിഷേധങ്ങൾ കേരളത്തിന് ഇനിയും താങ്ങാനാവില്ല. അത്തരം പ്രതിഷേധങ്ങളെ ഇനിയും വകവച്ചുകൊടുത്തുകൊണ്ട് മുന്നോട്ടുപോകാനുമാകില്ല.

മാലിന്യമുക്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാനായി രണ്ട് ഘട്ടങ്ങളായുള്ള സമഗ്ര പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. മാർച്ച് 13 മുതൽ മേയ് 31 വരെയും സെപ്തംബർ 1 മുതൽ ഡിസംബർ 31 വരെയുമുള്ള രണ്ട് ഘട്ടങ്ങളായാണ് സർക്കാർ ഇത് നടപ്പാക്കുക. ഉറവിട മാലിന്യസംസ്കരണം, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, ഹരിതകർമ്മ സേനയുടെ സമ്പൂർണ വിന്യാസം, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കൽ, ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിവ ഈ കർമ്മപദ്ധതിയുടെ പ്രധാന ഉള്ളടക്കമാണ്. ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കും. തദ്ദേശസ്ഥാപന, ജില്ലാ, സംസ്ഥാന തലങ്ങളിൽ വാർ റൂമുകൾ സജ്ജീകരിക്കും. ജില്ലാതലത്തിൽ എൻഫോഴ്സ്മെന്റ് ടീമുകളും വിജിലൻസ് സ്ക്വാഡുകളും രൂപീകരിക്കും. കർമ്മപദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശസ്ഥാപന തലത്തിൽ സോഷ്യൽ ഓഡിറ്റും നടത്തും. ഇനിയും മെല്ലെപ്പോക്ക് ഇക്കാര്യങ്ങളിൽ തുടരാനാവില്ല. ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും.

അന്താരാഷ്ട്ര വൈദഗ്ദ്ധ്യം

ബ്രഹ്മപുരത്തിന്റെ പശ്ചാത്തലത്തിൽ മാലിന്യ സംസ്കരണത്തിന് അന്താരാഷ്ട്ര തലത്തിലുള്ള വൈദഗ്ദ്ധ്യം ലഭ്യമാക്കാനുള്ള നടപടികൾക്കും സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ലോക ബാങ്ക് ഇതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. മാർച്ച് 21, 23 തീയതികളിലായി ഇതിനായി ലോക ബാങ്ക് പ്രതിനിധി സംഘവുമായി ചർച്ച നടത്തും. മറ്റ് ഏജൻസികളുടെ വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തും.

ഇനിയൊരു ബ്രഹ്മപുരം ദുരന്തം ആവർത്തിക്കാതിരിക്കാൻ മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നമുക്ക് സാക്ഷാത്കരിക്കേണ്ടതുണ്ട്. അതിനായി കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും അണിനിരക്കുന്ന ഒരു ജനകീയ യത്നം നമുക്ക് ആരംഭിക്കാം. ബ്രഹ്മപുരം സൃഷ്ടിച്ച പ്രതിസന്ധിയെ ശുചിത്വ കേരളമെന്ന ലക്ഷ്യം നേടുന്നതിനുള്ള അവസരമാക്കി നമുക്ക് മാറ്റാം.

10:30 AM]

**VIII ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി

(ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| XXXIII | മത്സ്യബന്ധനം | 454,98,11,000 | 231,52,00,000 | 686,50,11,000 |
| XXXIV | വനം | 747,38,13,000 | 103,57,02,000 | 850,95,15,000 |

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ് ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| XXX | ഭക്ഷ്യം | 2062,38,06,000 | 32,63,00,000 | 2095,01,06,000 |
| XXXI | മൃഗസംരക്ഷണം | 952,52,21,000 | 31,94,25,000 | 984,46,46,000 |
| XXXII | ക്ഷീരവികസനം | 170,86,29,000 | 29,84,00,000 | 200,70,29,000 |

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.35-ന് പിരിഞ്ഞു).

* * * * * *

## അനുബന്ധം

## I രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ആർ.ടി.സി. ശമ്പള ഉത്തരവ്

6(*426) ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. 15.02.2023-ന് ഇറക്കിയ ഉത്തരവിൽ ജീവനക്കാർക്ക് നൽകാനുള്ള പകുതി ശമ്പളം മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടിൽനിന്നും നൽകുകയുള്ളൂവെന്ന് വ്യക്തമാക്കിയിരുന്നോ?

ഇല്ല. 15-02-2023-ലെ ഉത്തരവുപ്രകാരം ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം നൽകുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) No. 15353 of 2022 നമ്പർ കേസിൽ ഉത്തരവായ സാഹചര്യത്തിൽ എല്ലാ മാസവും 5-ാം തീയതിക്കുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ

കൈവശമുള്ള തുകയും ഓവർ ഡ്രാഫ്റ്റും ചേർത്ത് പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായി നൽകാനും സർക്കാർ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക നൽകാനും ഉദ്ദേശിക്കുന്നതായി പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ ധനസഹായം ലഭ്യമായതിനുശേഷം ശമ്പളം മതിയെന്ന് ആഗ്രഹിക്കുന്നവർക്ക് ആയത് തെരഞ്ഞെടുക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്.

(ബി) ജോലി ചെയ്യുന്നവർക്ക് കൂലി നൽകണം എന്ന ഭരണഘടനാ മൂല്യങ്ങൾക്കെതിരാണ് ഈ നടപടിയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) തൊഴിൽ ചൂഷണ സംസ്കാരത്തിന് തുടക്കം കുറിക്കുന്നതായി പറയപ്പെടുന്ന കെ.എസ്.ആർ.ടി.സി.-യുടെ പ്രസ്തുത തീരുമാനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബഹുമാനപ്പെട്ട കോടതി നിർദ്ദേശമനുസരിച്ച് ജീവനക്കാർക്ക് ശമ്പളം ഒന്നിച്ച് നൽകാൻ കഴിയാത്ത സാഹചര്യമുള്ളതിനാലാണ് രണ്ട് ഗഡുക്കളായി ശമ്പളം നൽകാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കേണ്ടിവന്നത്. ജോലി ചെയ്യുന്നവർക്ക് കൂലി നൽകണം എന്ന ഭരണഘടന മൂല്യങ്ങൾക്ക് മുൻതൂക്കം

നൽകി സാമ്പത്തിക പരാധീനതകൾക്കിടയിലും ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും മുടക്കം കൂടാതെ വിതരണം ചെയ്തുവരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഒരു മാസംപോലും നിഷേധിച്ചിട്ടില്ല.

**കൊച്ചിയിൽ സംഘടിപ്പിച്ച പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഉച്ചകോടി**

7 (*427) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തി വിദ്യാർത്ഥികളെ സംരംഭകരാക്കുന്നതിനും അവരുടെ തൊഴിൽ ശേഷിയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റുമായി ചേർന്ന് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) നൈപുണ്യ വികസന പരിശീലന പരിപാടി നടത്തിവരുന്നുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയിലൂടെ വ്യവസായശാലകളുടെ ചെറുമാതൃകകൾ പോളിടെക്നിക്

ക്യാംപസുകളിൽ പ്രവർത്തിപ്പിക്കുകവഴി വിദ്യാർഥികൾക്ക് തൊഴിൽ നൈപുണ്യം, നൂതന ഉല്പാദനപ്രക്രിയയെപ്പറ്റി അവബോധം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ അസാപ് നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽക്ഷമതയിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിൽ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ടും വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്. വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടി അനുസരിച്ച് ഗവേഷണ-അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അദ്ധ്യാപകരുടെയും പ്രൊഫഷണലുകളുടെയും

സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിദ്യാർഥികൾക്ക് തൊഴിൽ ലഭിക്കാനും കരിയർ ഗൈഡൻസിനുമുള്ള പരിശീലനവും നടത്തിവരുന്നുണ്ട്. ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതികവിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ-ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. അൻപതിലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും

സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് പോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29-09-2022-ലെ സ.ഉ. (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ ലഭ്യമാക്കിയിരുന്നു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംരഭകരാക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലുള്ള RLV കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കലാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലവും അതിലുപരിയായി തൊഴിൽ നൈപുണ്യവും പ്രദാനം ചെയ്യുന്ന പുതിയ പദ്ധതിയാണ് "Earn While You

Learn" . പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ കോളേജിലും വിദ്യാർത്ഥികൾക്ക് ചെയ്യാൻ കഴിയുന്ന തൊഴിലവസരങ്ങൾ കണ്ടെത്തുകയും കണ്ടെത്തുന്ന തൊഴിലവസരങ്ങൾ കൃത്യതയോടെ ചെയ്ത് പൂർത്തീകരിക്കുന്നതിനായി താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു.

(ബി) ആഗോളതലത്തിൽ ഉയർന്നുവരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കി വ്യവസായ മേഖലയുമായി ചേർന്ന് നൈപുണി വികസനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ആഗോളതലത്തിൽ ഉയർന്നുവരുന്ന പുത്തൻ തൊഴിലവസരങ്ങൾ മനസ്സിലാക്കി വ്യവസായ മേഖലയുമായി ചേർന്ന് പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നൈപുണ്യ വികസന പരിശീലനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് കേരളത്തിലൊട്ടാകെ സ്ഥാപിച്ചിട്ടുള്ളത്. 25000-ൽ അധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മിച്ചിരിക്കുന്നത്. പ്രമുഖ വ്യവസായ

സ്ഥാപനങ്ങളുമായി ചേർന്ന് ദേശീയ/അന്തർദേശീയ അംഗീകാരമുള്ള കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. കൂടാതെ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തോടൊപ്പം പുത്തൻ തൊഴിലിനായുള്ള നൈപുണ്യ പരിശീലനം നേടുന്നതിനായി അസാപ് കേരളയിലൂടെ 130-ലധികം വിവിധ കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതികവിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി സംവദിക്കാൻ അവസരമൊരുക്കുന്നതിനായി കൊച്ചിയിൽ സംഘടിപ്പിച്ച പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഉച്ചകോടി പ്രയോജനപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രൊഫഷണൽ സ്റ്റുഡന്റ്സ് മീറ്റ് ഫെബ്രുവരി 11-ന് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ വച്ചാണ് സംഘടിപ്പിച്ചത്. നാനൂറിലധികം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നായി രണ്ടായിരത്തോളം വിദ്യാർത്ഥികളും അഞ്ഞൂറോളം അധ്യാപകരും പങ്കെടുത്ത സമ്മിറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. സമ്മിറ്റിൽ

വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലകളിലെ വിദഗ്ധരുമായി നേരിട്ട് സംവദിക്കാൻ അവസരം ലഭിച്ചു. ഓരോ മേഖലയിലും ഉയർന്നുവരുന്ന തൊഴിലവസരങ്ങളും തൊഴിൽ മേഖലയിലെ മാറ്റങ്ങളും പുത്തൻ സാങ്കേതികവിദ്യകളും മനസ്സിലാക്കാനും അതിനനുസരിച്ച് ഭാവി കരുപ്പിടിപ്പിക്കാനും സമ്മിറ്റ് സഹായകമായി. മെഡിസിൻ, ഡെന്റൽ, എഞ്ചിനിയറിംഗ്, അഗ്രികൾച്ചർ, ഫിഷറീസ്, ലോ, വെറ്ററിനറി, ആയുർവേദ, നഴ്സിംഗ്, ഫാർമസി, മാനേജ്മെന്റ് തുടങ്ങിയ പതിനാല് പ്രൊഫഷണൽ വിഷയങ്ങളിലെ വിദ്യാർത്ഥികളാണ് സമ്മിറ്റിൽ പങ്കെടുത്തത്.

## വിദ്യാർഥികൾക്ക് യാത്രാസൗജന്യം തുടരാൻ നടപടി

8 (*428) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ വിദ്യാർത്ഥികളുടെ

യാത്രാസൗജന്യം അടക്കമുള്ള ആനുകൂല്യങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന എല്ലാ യാത്രാസൗജന്യവും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം ചെലവിന് പര്യാപ്തമല്ല. കെ.എസ്.ആർ.ടി.സി.-യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകിവരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതുമൂലം 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

(ബി) സ്വകാര്യ സ്കൂൾ, കോളജ് വിദ്യാർഥികൾക്ക് നൽകിവരുന്ന യാത്രാസൗജന്യവും ആദായനികുതി നൽകുന്ന രക്ഷാകർത്താക്കളുടെ കുട്ടികൾക്കുള്ള യാത്രാഇളവും നിർത്തലാക്കാൻ കെ.എസ്.ആർ.ടി.സി.

തീരുമാനമെടുത്തിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ?

നിലവിലെ യാതൊരുവിധ വിദ്യാർത്ഥി യാത്രാ സൗജന്യവും നിർത്തലാക്കിയിട്ടില്ല. സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും BPL പരിധിയിൽ വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കാനാണ് കെ.എസ്.ആർ.ടി.സി. നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ യാത്രാ ചാർജിന്റെ 35 ശതമാനവും രക്ഷാകർത്താവ് 35 ശതമാനവും കെ.എസ്.ആർ.ടി.സി. 30 ശതമാനവും വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

സർക്കാർ, അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡായ വിദ്യാർത്ഥികൾക്കും തൊഴിൽ വൈദഗ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

കൂടാതെ സർക്കാർ-അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ-അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ആദായ നികുതി നൽകുന്ന സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന മാതാപിതാക്കളുടെ വിദ്യാർത്ഥികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രസ്തുത തീരുമാനം വിദ്യാർത്ഥികളുടെ താല്പര്യത്തിന് വിരുദ്ധവും വിദ്യാഭ്യാസ അവകാശത്തെ അട്ടിമറിക്കുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിലവിലുള്ള വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിച്ച് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യം ലഭ്യമാക്കുന്നതാണ്. അർഹരായ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നിഷേധിക്കരുതെന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

## മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും

9(*429) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിത സ്വാശ്രയ സംഘങ്ങളിലൂടെ പാലുല്പാദനവും പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വനിത സ്വാശ്രയ സംഘങ്ങളായ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങൾക്കും സ്വാശ്രയ സംഘങ്ങൾ (എസ്.എച്ച്.ജി.), സംയുക്ത ബാധ്യത ഗ്രൂപ്പുകൾ (ജെ.എൽ.ജി.), മറ്റ് രജിസ്റ്റേഡ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് ക്ഷീരവികസന വകുപ്പിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. നിലവിൽ ഇത്തരം ഗ്രൂപ്പുകൾ വകുപ്പ് മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും ക്ഷീര സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ

തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) കൊഴുപ്പ് കുറഞ്ഞ പാൽ, തൈര്, യോഗർട്ട്, ഐസ്ക്രീം, പേട, ബട്ടർ മിൽക്ക്, സംഭാരം എന്നിവയുടെ വിപണനം ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൊഴുപ്പ് കുറഞ്ഞ പാൽ, തൈര്, യോഗർട്ട്, ഐസ്ക്രീം, പേട, ബട്ടർ മിൽക്ക്, സംഭാരം എന്നീ ഉല്പന്നങ്ങളെല്ലാംതന്നെ മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. 1.5/9.0 കൊഴുപ്പ്/കൊഴുപ്പിതര ഗുണനിലവാരമുള്ള ഡബിൾ ടോൺഡ് മിൽക്ക്, 3.0/8.5 ഗുണനിലവാരമുള്ള ഹോമോജനൈസ്ഡ് ടോൺഡ് മിൽക്ക് എന്നിവ മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്. സ്കിംഡ് മിൽക്ക് തൈര്, ഡബിൾ ടോൺഡ് മിൽക്ക് തൈര് എന്നിവ കേരളത്തിലുടനീളമുള്ള മിൽമ ഏജൻസികൾ വഴി ഉപഭോക്താക്കളിൽ കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. അതുപോലെ സംസ്ഥാനമൊട്ടാകെ നിലവിലുള്ള ഡിസ്ട്രിബ്യൂട്ടർമാർ വഴി മിൽമ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളും ഉപഭോക്താക്കളിലെത്തിക്കാൻ വേണ്ട നടപടികൾ മിൽമ സ്വീകരിച്ചിട്ടുണ്ട്.

## ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

10 (*430) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ച് ലക്ഷത്തിലധികം ജനങ്ങൾ ആശ്രയിക്കുന്ന ക്ഷീരമേഖല പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ?

ഇന്ത്യയിലെതന്നെ പാലുല്പാദന ചെലവ് ഏറ്റവും കൂടിയ സംസ്ഥാനം കേരളമാണ്. കാലികളുടെ തീറ്റച്ചെലവ് കൂടുന്നതിനനുസരിച്ച് ഉല്പാദന ചെലവ് കൂടുന്നുണ്ട്. തീറ്റച്ചെലവ് കുറയ്ക്കുന്നതുവഴി ഉല്പാദന ചെലവ് കുറയ്ക്കാൻ കഴിയും. ചെലവിനനുസരിച്ച് കർഷകർക്ക് വരുമാനം ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. മികച്ച ഉൽപ്പാദന ശേഷിയുള്ള പശുക്കളുടെ ഉയർന്ന വിലയും അവയുടെ ദൗർലഭ്യവും കാലിത്തീറ്റയുടെയും മറ്റിതര തീറ്റ വസ്തുക്കളുടെയും ഉയർന്ന വിലയും ക്ഷീരമേഖലയെ ബാധിക്കുന്നുണ്ടെങ്കിലും ഉയർന്ന പാൽ വില നൽകിയും

ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ചും ക്ഷീരകർഷകരെ ഈ മേഖലയിൽ സംരക്ഷിച്ച് നിർത്തുന്ന നടപടികൾ ക്ഷീരവികസന വകുപ്പ് കൈക്കൊള്ളുന്നു.

(ബി) പശുവളർത്തൽ ലാഭകരമാക്കാനും ക്ഷീരമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പശുവളർത്തൽ ലാഭകരമാക്കുന്നതിനും ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമെ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത, മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം

ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീര കർഷകരുടെ

സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ പശു വളർത്തൽ ലാഭകരമാക്കുന്നതിനും ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വില്പന വിലയുടെ 83% ഉൽപ്പാദകർക്ക് തിരിച്ച് നൽകുന്ന ഒരു പ്രസ്ഥാനമാണ് മിൽമ. സ്റ്റാറ്റ്യൂട്ടറി ഫണ്ടുകളും അംഗങ്ങൾക്ക് നൽകുന്നതിനുള്ള ലാഭ വിഹിതവും വകമാറ്റിയതിന് ശേഷമുള്ള അറ്റ ലാഭത്തിന്റെ 70 ശതമാനമാണ് ബോണസായി നൽകുന്നതിന് സഹകരണ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ബോണസ് ക്ഷീര കർഷകർക്ക് നൽകുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലന കേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം, തീറ്റപ്പുൽകൃഷി, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ ഉൾപ്പെടെ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകന് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പ്

വരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലമുണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ തീർത്ത് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു.

(സി) ഉയർന്ന ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള കന്നുകാലി ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉല്പാദിപ്പിക്കാനും കർഷകരുടെ ഇടങ്ങളിലുള്ള ഉല്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

പശുക്കളുടെ രോഗപ്രതിരോധശേഷി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി. ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ

സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER)-ഉം സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു.

പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരഞ്ഞെടുത്ത് ഉല്പാദനക്ഷമത മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എൽ.ഡി. ബോർഡിന്റെ സന്തതി പരിശോധനാ പദ്ധതിയിൽനിന്നും ഉന്നത ജനിതകമേന്മയുള്ള വിത്തുകാളകളെ ഉല്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

## ബിരുദ പാഠ്യപദ്ധതി പരിഷ്കരണം

11 (*431) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ പഠനം നടപ്പാക്കുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നാലുവർഷ ബിരുദ പഠനത്തിനുള്ള മാതൃകാ പാഠ്യപദ്ധതി എന്നത്തേയ്ക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളെ നിയമിക്കുകയും പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for

Higher Education) രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി പരിഷ്കരിച്ച ബിരുദ പാഠ്യപദ്ധതിയുടെ രൂപരേഖ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**കൃഷിക്കൂട്ടങ്ങൾ**

12 (*432) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനഫലമായി എത്ര കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാനായിട്ടുണ്ട്; പുതുതായി എത്ര സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദവിവരം അറിയിക്കുമോ?

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ക്യാമ്പയിനാണ് "ഞങ്ങളും

കൃഷിയിലേയ്ക്ക്." ആയതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 15538 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി തുടർന്നുവരുന്നു. ഇതിലൂടെ 136344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കാനും സാധ്യമായിട്ടുണ്ട്.

" ഞങ്ങളും കൃഷിയിലേയ്ക്ക്" ക്യാമ്പയിനിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കർഷക ദിനമായ ചിങ്ങം 1 (2022 ഓഗസ്റ്റ് 17)-ന് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിക്ക് തുടക്കം കുറിച്ചു. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്+. സംസ്ഥാനത്തൊട്ടാകെ നെല്ല്, വിവിധ ഇനം പച്ചക്കറി ഇനങ്ങൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങ് വർഗ്ഗങ്ങൾ, തുടങ്ങി മറ്റ് വിളകൾ ഉൾപ്പെടെ 78312 ഹെക്ടർ സ്ഥലത്ത് ഇതുമൂലം കൃഷി വ്യാപിപ്പിക്കാൻ സാധ്യമായിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഞങ്ങളും കൃഷിയിലേയ്ക്ക് ക്യാമ്പയിനിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതി'-യിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി വിവിധ ഇനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 30 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 2.5 രൂപ വിലവരുന്ന 34.341 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തി. കൂടാതെ ഞങ്ങളും കൃഷിയിലേയ്ക്ക് എന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന 7.5 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 10 ലക്ഷം പച്ചക്കറി തൈകളും വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനായി വിതരണം ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ ക്യാമ്പയിന്റെ ഭാഗമായി 'ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി'-യിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10/- രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 48.02 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും വിവിധ ഇനത്തിൽപ്പെട്ട 149.92 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കുന്നത്. കൂടാതെ വിവിധ സന്നദ്ധ സംഘടനകൾ/റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന 19660 പച്ചക്കറി വിത്ത് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

(ബി) പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് മുൻവർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം കാർഷിക മേഖലയിൽ മികച്ച നിരക്കിലുള്ള വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2019-20 വർഷത്തിൽ

പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടറായി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2021-22-ലെ 'Quick estimate' അനുസരിച്ച് സ്ഥിര വിലയുടെ (constant price) അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിലെ മൂല്യവർദ്ധനവിന്റെ (Gross value added) വളർച്ചാ നിരക്ക് 2020-21-ൽ 0.24 ശതമാനത്തിൽനിന്നും 2021-22 ൽ 4.64 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

(സി) ശാസ്ത്രീയമായ സംയോജിത കൃഷി സമ്പ്രദായത്തിലൂടെ ഉല്പാദന വർദ്ധനവും വിസ്തൃതി വിപുലീകരണവും സാധ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

വിളയധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൃഷി ഭൂമിയിൽനിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുക എന്നതാണ് 2022-2023 സാമ്പത്തിക വർഷം പുതിയതായി ആരംഭിച്ച "സംയോജിത കൃഷി

സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ബഡ്ജറ്റിൽ 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയമായ സംയോജിത കൃഷി സമ്പ്രദായത്തിലൂടെ ഉല്പാദന വർദ്ധനവും വിസ്തൃതി വിപുലീകരണവും വരുമാന വർദ്ധനവുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നെല്ല്, തെങ്ങ്, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ തുടങ്ങിയ വിളകളും കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയിലെ ഘടകങ്ങളും ശാസ്ത്രീയമായി ഏകോപിപ്പിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തെരഞ്ഞെടുക്കുന്നതിലൂടെയും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വഴി ഓരോ തുണ്ട് ഭൂമിയിൽനിന്നുമുള്ള ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനാണ് സംയോജിത കൃഷി സമ്പ്രദായത്തിലൂടെ സാധ്യമാകുന്നത്.

വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശ സംവിധാനത്തിന്റെ പിന്തുണയോടെ കൃഷി ഭവനുകൾ

മുഖേന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ തെരെഞ്ഞെടുക്കുന്നു.

ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണ രേഖ (Farm Plan) പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക. ശരാശരി 20 സെന്റ് മുതൽ 2 ഏക്കർ വരെ വിസ്തൃതിയുള്ള 1000 സംയോജിത കൃഷി യൂണിറ്റുകളുടെ ഫാം പ്ലാനുകൾ അംഗീകരിച്ചിട്ടുണ്ട്. സംയോജിത കൃഷി സമ്പ്രദായത്തിലൂടെ വിളകളുടെ വികസനം നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് (രൂപ 25000/യൂണിറ്റ് എന്ന നിരക്കിൽ). നിലവിൽ സംസ്ഥാനത്തെ നിർദ്ദിഷ്ട 1000 IFS പ്ലോട്ടുകളുടെയും ഫാം പ്ലാനുകൾ ബ്ലോക്കുതല കർഷക വിജ്ഞാന കേന്ദ്രങ്ങൾ (BLAKC) അംഗീകരിച്ച് ആയവയിൽ പ്രവർത്തനങ്ങൾ ആരംഭിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

## പാലുല്പാദന മേഖലയിലെ ചെലവ് കുറയ്ക്കുന്നതിന് നടപടി

13 (*433) ശ്രീ. പി. പി. സുമോദ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദന മേഖലയിൽ ചെലവ് വളരെ കൂടുതലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാലികളുടെ തീറ്റച്ചെലവ് കൂടുന്നതിനനുസരിച്ച് ഉല്പാദനച്ചെലവ് കൂടുന്നുണ്ട്. തീറ്റച്ചെലവ് കുറയ്ക്കുന്നതുവഴി ഉല്പാദനച്ചെലവ് കുറയ്ക്കാൻ കഴിയും. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം നിലനിൽക്കുന്നതിനാൽ ക്ഷീരകർഷകർ കാലിത്തീറ്റയെയാണ് ആശ്രയിക്കുന്നത്. എന്നാൽ കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാംതന്നെ ഉല്പാദിപ്പിക്കുന്നത് അയൽസംസ്ഥാനങ്ങളിലാണ്. അയൽ സംസ്ഥാനങ്ങളിൽനിന്ന് ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച്

തൊഴിലാളികളുടെ വേതനവും കേരളത്തിൽ കൂടുതലാണ്. പാലുല്പാദന ചെലവ് വർദ്ധിക്കുന്നതിന്റെ മറ്റൊരു പ്രധാന ഘടകം കാലികളുടെ ചികിത്സാ ചെലവാണ്. തൊഴിലാളികളുടെ ദൗർലഭ്യം, ഇന്ധനവിലയിലുണ്ടായ വ്യതിയാനംമൂലം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിലുണ്ടായ വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് എന്നിവയും ക്ഷീരമേഖലയിലെ ഉല്പാദനച്ചെലവ് കൂട്ടുന്നതിന് കാരണമാകുന്നു.

ഗുണമേന്മയുള്ള കാലിത്തീറ്റകൾ, മറ്റ് ബദൽ തീറ്റവസ്തുക്കൾ എന്നിവ പരമാവധി വില കുറച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് മിൽമയും മേഖലാ യൂണിയനുകളും പ്രത്യേകം ശ്രദ്ധ പുലർത്തുന്നുണ്ട്. ഇതോടൊപ്പംതന്നെ ഉല്പാദനോപാധികളും ക്ഷീരവൃത്തിക്കാവശ്യമായ സംവിധാനങ്ങളും സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി ഉയർന്ന ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിന് മിൽമയുടെ മേഖലാ യൂണിയനുകൾ ശ്രമിക്കുന്നുണ്ട്.

(ബി) പാലുല്പാദനച്ചെലവുകളിൽ പ്രധാനപ്പെട്ടത് പണിക്കൂലിയായതിനാൽ ഇത് കുറയ്ക്കുന്നതിന് വാണിജ്യാധിഷ്ഠിത ഫാമുകൾ പിന്തുടരുന്ന സാങ്കേതികവിദ്യയിലൂന്നിയുള്ള നടത്തിപ്പ് ചെറുകിട മേഖലയിലും പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കുമോ; അറിയിക്കുമോ?

ഡയറിഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുള്ള ഘടകങ്ങൾക്കുമുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമെ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത, മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറിഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

(സി) ചെലവേറിയ കാലിത്തീറ്റയിൽനിന്നും പാശ്ചാത്യ രാജ്യങ്ങളും നമ്മുടെ അയൽസംസ്ഥാനങ്ങളും പിന്തുടരുന്ന നാര് അധിഷ്ഠിത സമ്പൂർണ്ണ മിശ്രിത തീറ്റയിലേയ്ക്ക് കർഷകരെ മാറ്റുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി സർക്കാർ ധനസഹായത്തോടുകൂടി ടി.എം.ആർ., പച്ചപ്പുൽ, വൈക്കോൽ, സൈലേജ് എന്നിവ നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ,

മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ്., ടി.എം.ആർ. തീറ്റ ഉല്പാദിപ്പിച്ച് സംഘങ്ങൾക്ക് നൽകിവരുന്നുണ്ട്.

കേരള ഫീഡ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന സമ്പുഷ്ടീകരിച്ച വൈക്കോൽ കട്ട (TMR) നാര് അധിഷ്ഠിത സമ്പൂർണ്ണ സമീകൃത കാലിത്തീറ്റയാണ്. കേരളത്തിലെ കന്നുകാലി വളർത്തലിൽ തീറ്റയ്ക്കാവാശ്യമായ പരുഷാഹാരം കുറവാണ്. ഇതിന് പരിഹാരമായി നൽകാവുന്ന ഒരു തീറ്റവസ്തുവാണ് സൈലേജ്. സൈലേജ് നൽകുന്നതിലൂടെ പശുവിന് പാലുല്പാദനം, ആരോഗ്യം, തീറ്റയിലെ നാരിന്റെ ലഭ്യത എന്നിവ മെച്ചപ്പെടുത്താൻ സഹായിക്കുന്നു. കേരളത്തിൽ നിലവിൽ സൈലേജിന്റെ ലഭ്യതക്കുറവുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽനിന്നും സൈലേജ് സംഭരിക്കുകയും അവ കേരളത്തിൽ വിതരണം ചെയ്യാനുള്ള നടപടികൾ കേരള ഫീഡ്സ് സ്വീകരിച്ചുവരികയുമാണ്.

(ഡി) തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനായുള്ള സ്ഥലലഭ്യതക്കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ക്ഷീര കർഷകർക്ക് തങ്ങളുടെ കാലികൾക്ക് നൽകുന്നതിന് ഏറ്റവും ആവശ്യമായ തീറ്റവസ്തുവാണ് പച്ചപ്പുൽ. സ്ഥലപരിമിതിമൂലം തീറ്റപ്പുൽകൃഷി വ്യാപകമായി നടത്താൻ കേരളത്തിൽ ബുദ്ധിമുട്ടാണ്. എന്നിരിക്കിലും സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ വഴി നല്ലയിനം പച്ചപ്പുൽ കൃഷി ചെയ്യുന്നതിന് കഴിവുള്ള സംരംഭകരെ വളർത്തിയെടുക്കുന്നതിനും അവരിൽനിന്നും തീറ്റപ്പുല്ല് സംഭരിച്ച് കർഷകർക്ക് ആവശ്യാനുസരണം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുമുള്ള ചില നടപടികൾ മിൽമ നടപ്പിലാക്കുന്നുണ്ട്.

(ഇ) ക്ഷീര മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ ക്ഷീര മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഒട്ടുമിക്ക പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നുണ്ട്. തീറ്റപ്പുൽകൃഷി, തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിൽ ഇത്തരത്തിൽ ചെയ്തുവരുന്നത്.

ക്ഷീര കർഷകരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കി ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിപ്പെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീര കർഷകർക്ക് പശുപരിപാലനത്തിന് ചുവടെ ചേർക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീരസഹകരണ സംഘത്തിന് നൽകിയ ദിവസങ്ങളിൽ മാത്രം ഒരു ദിവസത്തെ വേതനം (നിലവിൽ 311/- രൂപ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നുണ്ട്.

1. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം നൽകുന്ന ദിവസങ്ങളിൽ പശുക്കളെ വളർത്തുന്നു എന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം

2. പശുക്കളുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

3. ക്ഷീര കർഷക സഹകരണ സംഘത്തിന്റെ പാസ് ബുക്ക്

പരമാവധി 100 ദിവസത്തെ വേതനമാണ് ഇപ്രകാരം ഒരു കുടുംബത്തിന് അനുവദിച്ചുനൽകുന്നത്. നിലവിൽ 5334 ക്ഷീര കർഷകർ ഈ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ കൈപ്പറ്റിവരുന്നു.

**ഉന്നത വിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി**

14 (*434) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സ്വദേശത്തും വിദേശത്തുമുള്ള വിദ്യാർത്ഥികളെ കൂടി ആകർഷിക്കത്തക്ക രീതിയിൽ സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ

ഹബ്ബാക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വൻതോതിൽ പൊതുനിക്ഷേപം ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കോളേജുകളെയും സർവ്വകലാശാലകളെയും മെച്ചപ്പെടുത്തുന്നതിനും പുതിയ ഉന്നതവിദ്യാ പീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് കേരളത്തെ അറിവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും ഒരു ബൃഹത് പരിപാടിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിനായി കേരളത്തിലുള്ള 52 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും സർവ്വകലാശാലകൾക്കും പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കാലാകാലങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമുള്ള വിദ്യാർത്ഥികളെക്കൂടി ആകർഷിക്കത്തക്ക രീതിയിലാണ് കണ്ണൂരിലെ ധർമ്മടം വില്ലേജിൽ ആരംഭിക്കാനിരിക്കുന്ന പിണറായി എഡ്യൂക്കേഷൻ ഹബ്ബ് വിഭാവനം ചെയ്തിരിക്കുന്നത്. ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, സിവിൽ സർവ്വീസ് അക്കാഡമി, സർക്കാർ ഐ.റ്റി.ഐ., സർക്കാർ പോളിടെക്നിക് കോളേജ്, കെ.എച്ച്.ഐ.എം. കോളേജ് തുടങ്ങിയവ ഈ ഹബ്ബിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ :-

1. കരിക്കുലം പരിഷ്കാരം:- ബിരുദതലം മുതൽ ഗവേഷണ തലംവരെയുള്ള കരിക്കുലം ഘടനാപരമായി പുനഃസൃഷ്ടിക്കുന്നതിന്റെ ഭാഗമായി കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു. ഇതിനായി കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക് രൂപീകരിക്കാൻ ഒരു കരിക്കുലം കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

2. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Interdisciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് അനുയോജ്യമായ സൗകര്യം ഒരുക്കുന്നതിന് അന്താരാഷ്ട്ര ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് സർവ്വകലാശാലകൾക്ക് കിഫ്ബി വഴി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

5. മറ്റ് പ്രധാന പദ്ധതികൾ:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം
- ഇ-ജേണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- "ബ്രെയിൻ ഗെയിൻ" വഴി ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാബേസ് സൃഷ്ടിക്കലും കേരളത്തിലെ സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും വിനിയോഗിക്കുന്നതിനുള്ള പദ്ധതി.

- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

(ബി) കേരള സർവ്വകലാശാലയ്ക്ക് നാക് എ പ്ലസ് പ്ലസ് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞതുപോലെ മറ്റ് സർവ്വകലാശാലകളെയും കോളേജുകളെയും മികച്ച നിലവാരത്തിലുള്ള അംഗീകാരം നേടിയെടുക്കാൻ പ്രാപ്തമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സർവ്വകലാശാലകളെയും കോളേജുകളെയും മികച്ച നിലവാരത്തിനുള്ള അംഗീകാരം നേടിയെടുക്കാൻ പ്രാപ്തമാകുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എ. കരിക്കുലം പരിഷ്കരണം:- ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) 06.01.2023-ലെ സ.ഉ. (സാധാ)നം. 35/2023/HEDN പ്രകാരം രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

ബി. <u>ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം</u>

1. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:- സർവ്വകലാശാലകളിൽ സൃഷ്ടിക്കുന്ന അറിവുകൾ ഉല്പന്നങ്ങൾ ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. 20 കോടി രൂപ വീതം വിവിധ സർവ്വകലാശാലകൾക്ക് ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

2. സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE):- സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റി സെന്റേഴ്സ് ഓഫ് എക്സലൻസ് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച വരുന്നു.

സി. <u>സാക്ക് (SAAC - State Assessment & Accreditation Centre)</u>:

രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന

നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values-ന് പുറമെ Social Inclusiveness (Inclusive Education), Equity and Excellence, Scientific temper and secular outlook എന്നീ 3 core values-ന്റെ കൂടി അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളും (State specific) കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും.

ഡി. <u>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF)</u>:- സംസ്ഥാനത്തെ ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework-KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും.

NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. NAAC-ന്റെ പരിഗണനാ വിഷയങ്ങളിൽ സർവ്വകലാശാലകൾ അടക്കമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകുന്നതിന് എല്ലാ IQAC-കളെയും യോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ (SLQAC) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യം മികവുറ്റതാക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ചും റൂസ ഫണ്ട് ഉപയോഗിച്ചും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ :

സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെയും 52 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെയും 6 എഞ്ചിനീയറിംഗ് കോളേജുകളുടെയും 8 പോളിടെക്നിക് കോളേജുകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനായും യൂണിവേഴ്സിറ്റികളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഡൊമസ്റ്റിക് ആൻഡ് ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുന്നതിനായും വിശദമായ പദ്ധതി രേഖകൾ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവ നിലവിലെ ചട്ടങ്ങൾക്കനുസൃതമായി സമർപ്പിക്കുകയും ബോർഡ് ഇവ ഫണ്ടിംഗിനായി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി 3 സർവ്വകലാശാലകളിൽ വീതം ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കണ്ണൂരിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബ്, വിളപ്പിൽശാലയിൽ ട്രിവാൻഡ്രം എഞ്ചിനീയറിംഗ്

സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്കിനായി (TrEST Research Park) 50 ഏക്കർ സ്ഥലം ഏറ്റെടുക്കൽ, കേരള സർവകലാശാലയ്ക്കായി ഉപകരണങ്ങൾ വാങ്ങൽ എന്നിവയും കിഫ്ബിയുടെ ജനറൽ ബോഡി അംഗീകാരത്തിനായി പരിഗണിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നാളിതുവരെ ആകെ 1752.35 കോടി രൂപയുടെ അംഗീകാരം കിഫ്ബി ഇതിനോടകം നൽകിയിട്ടുണ്ട്.

റൂസ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവികസനത്തിനും ഗുണനിലവാരമുയർത്തുന്നതിനുമായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ അഥവാ റൂസ. ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി 60:40 എന്ന അനുപാതത്തിലാണ് സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്. ഇതുവരെ റൂസ-ഫേസ്-I, റൂസ-ഫേസ്-II എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

റൂസ ഒന്നാം ഘട്ടം 16 ഘടകങ്ങളിലായി ആവിഷ്കരിക്കപ്പെട്ടതിൽ 6 ഘടകങ്ങളിലൂടെ സംസ്ഥാനത്ത് നടപ്പാക്കുന്നത് മൊത്തം 194 കോടി

രൂപയുടെ പദ്ധതികളാണ്. ഇതിൽ നാളിതുവരെ 186.23 കോടി രൂപ അനുവദിച്ചുകഴിഞ്ഞു.

ഇതിൽ സംസ്ഥാനത്തെ 6 സർവ്വകലാശാലകൾക്ക് 20 കോടി രൂപ വീതവും 28 സർക്കാർ കോളേജുകൾക്ക് 50.5 കോടി രൂപയും അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ചു. കൂടാതെ മാതൃകാ കോളേജ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപയും ഇക്വിറ്റി ഇനിഷ്യേറ്റീവ് പദ്ധതികൾക്ക് ഇതുവരെ 3.75 കോടിയും ഫാക്കൽറ്റി ഇപ്രൂവ്മെന്റ് പദ്ധതികൾക്ക് ഒരു കോടിയും പ്രിപ്പറേറ്ററി ഗ്രാന്റ് ഇനത്തിൽ 8 കോടിയും MMER ഗ്രാന്റായി 98 ലക്ഷം രൂപയും റൂസ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

റൂസ രണ്ടാം ഘട്ടത്തിൽ പ്രധാനമായും 4 (നാല്) ഘടകങ്ങളിലായാണ് പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത്.

(എ) ഘടകം 5. മാതൃകാ കോളേജ് - സംസ്ഥാനത്ത് വയനാട് ജില്ലയിലെ മാനന്തവാടിയിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാതൃകാ കോളേജ് സ്ഥാപിക്കുന്നു. ഈ പദ്ധതിക്ക് മൊത്തം 14 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുണ്ട്. ആയതിൽ ആദ്യ ഗഡുവായി 01-02-2023-ലെ

സർക്കാർ ഉത്തരവ് G.O.(Rt)No.153/2023/HEdn പ്രകാരം 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് സ്ഥാപിക്കുന്നതിലേയ്ക്കായി മാനന്തവാടി താലൂക്കിലെ പെരിയയിൽ 10 ഏക്കർ സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഘടകം 8. സ്വയംഭരണ കോളേജുകളുടെ ഗുണനിലവാരമുയർത്തുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്വയംഭരണ കോളേജുകൾക്ക് 5 കോടി രൂപ വീതം നൽകുന്നു. ആയതിൽ ഇതുവരെ മൊത്തം 18.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഘടകം 9. കോളേജുകളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 113 സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്ക് നിർമ്മാണ/നവീകരണ/പർച്ചേസ് പ്രവൃത്തികൾക്കായി 2 കോടി രൂപ വീതം അനുവദിക്കുന്ന ഈ പദ്ധതിയിൽ നാളിതുവരെ 160 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 38 കോളേജുകൾ നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഘടകം 10. ഗവേഷണ മേഖലയിലെ ഗുണനിലവാരമുയർത്തുന്ന പദ്ധതി പ്രകാരം സർവ്വകലാശാലകൾക്ക് ക്ലാസ് റൂമുകൾ,

ഹോസ്റ്റലുകൾ, Sports Facility Centre-കൾ, Amenity Centre-കൾ, ഗവേഷണ ആവശ്യങ്ങൾക്കുള്ള അത്യാധുനിക സാങ്കേതിക സൗകര്യങ്ങളുള്ള ലാബ് ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കായി 50 കോടി രൂപ വീതം അനുവദിക്കുന്ന ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് കുസാറ്റിനും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും 50 കോടി രൂപ വീതം അനുവദിക്കുന്നതിൽ നാളിതുവരെ 57.5 കോടി രൂപ രണ്ട് സർവ്വകലാശാലകൾക്കുമായി നൽകിയിട്ടുണ്ട്.

**സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം**

15 (*435) ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക വിപുലീകരണത്തിന് വിഘാതമാകുന്നുവെന്ന പ്രശ്നം പരിഹരിക്കാൻ രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം വിശദമാക്കാമോ?

കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മസേന, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനത്തിന്റെ ആവശ്യകതകൾ കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി നിറവേറ്റുന്നതിന് ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സാങ്കേതികമായി നിർവ്വഹിക്കുന്നതിനുള്ള ഒരു അപെക്സ് ബോഡിയായിട്ടാണ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുള്ളത്. 2018-ൽ മിഷൻ രൂപീകരിച്ചതുമുതൽ നാളിതുവരെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള 16-ൽപ്പരം പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ചെറുകിട കാർഷിക യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധരായ തൊഴിലാളികളെയും ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ബ്ലോക്കടിസ്ഥാനത്തിലാണ് കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നത്. 2020-21 വർഷംവരെ സംസ്ഥാനത്ത് 99 കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 8 കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022-23 വർഷം 20 കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഒരു കൃഷിശ്രീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെന്റർ സ്ഥാപിക്കുന്നതിന് 32.5334 ലക്ഷം രൂപ നൽകുന്നുണ്ട്. ഇതിൽ 22 ലക്ഷം രൂപ നൽകുന്നത് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും 2 ലക്ഷം രൂപ ഓഫീസ് സംവിധാനം ഒരുക്കുന്നതിനും 3 ലക്ഷം രൂപ 'maintenance' ഫണ്ട് ആയും 2.4334 ലക്ഷം രൂപ പ്രവർത്തന (Operational) ഫണ്ടായും 3.1 ലക്ഷം രൂപ സേവനദായകർക്ക് പരിശീലനം നൽകുന്നതിനുമാണ് നൽകിയിട്ടുള്ളത്. നിലവിൽ കാർഷിക സേവന കേന്ദ്രം/കൃഷിശ്രീ സെന്ററുകൾ ഇല്ലാത്ത എല്ലാ ബ്ലോക്കിലും വരുംവർഷങ്ങളിൽ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു.

(സി) കാർഷിക കർമ്മ സേനകളെ ശാക്തീകരിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവാക്കളുടെ കർമ്മശേഷി പ്രയോജനപ്പെടുത്തി കർഷകർക്ക് സേവനം ലഭ്യമാക്കുന്നതിന് കൃഷി ഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കൃഷിഭവനുകളിൽ 2021-22 സാമ്പത്തിക വർഷം മുതൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. വിദ്യാസമ്പന്നരായ യുവാക്കൾക്ക് കാർഷിക മേഖലയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അവസരമൊരുക്കുക, സർക്കാർ പരിപാടികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് താഴേത്തട്ടിൽ

സേവനം ലഭ്യമാക്കുക എന്നീ ഇരട്ടലക്ഷ്യത്തോടെയാണ് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കിവരുന്നത്. വി.എച്ച്.എസ്.ഇ. (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ഓർഗാനിക് ഫാമിംഗ് എന്നീ യോഗ്യതയുള്ള 18-നും 41-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളെ പ്രതിമാസം 2500/- രൂപ ഓണറേറിയം നൽകി ആറുമാസത്തേയ്ക്കാണ് ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## യാത്രാ സൗജന്യം നൽകുന്നതുമൂലമുള്ള കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം പരിഹരിക്കാൻ നടപടി

16 (*436) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന യാത്രാ ആനുകൂല്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന എല്ലാ യാത്രാസൗജന്യങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം ചെലവിന് പര്യാപ്തമല്ല. കെ.എസ്.ആർ.ടി.സി.-യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകിവരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതുമൂലം 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

(ബി) വിവിധ യാത്രാഇളവുകളും യാത്രാസൗജന്യവും നൽകുക വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) യാത്രാസൗജന്യം നൽകുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) 2015-16 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ കെ.എസ്.ആർ.ടി.സി.-യിൽ C&AG ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആഡിറ്റ് ചെയ്യപ്പെടാത്ത താൽക്കാലിക കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് യാത്രാ ഇളവുകളും യാത്രാസൗജന്യവും നൽകുന്നതുവഴി 2007-08 മുതൽ 2021-22 കാലയളവുവരെ ഉണ്ടായ ബാധ്യത 3768.13 കോടി രൂപയാണ്.

വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ട്. ഇതിനൊപ്പം സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി യാത്രാസൗജന്യം നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽനിന്നും സമർപ്പിച്ചിട്ടുള്ള കത്ത് സർക്കാർ പരിശോധിച്ചുവരികയാണ്.

## റബ്ബർ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ

17 (*437) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

കാലാകാലങ്ങളിൽ റബ്ബർ കർഷകരുടെ ആവശ്യങ്ങളനുസരിച്ച് ഈ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ സർക്കാർ വരുത്താറുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോ ഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

റബ്ബറിനെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലുംപെടുത്തി സംസ്ഥാന സർക്കാർ ആനുകൂല്യം നൽകി വരുന്നുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുറഞ്ഞത് 25 റബ്ബർ മരങ്ങളെങ്കിലുമുള്ള കർഷകന് തന്റെ മുഴുവൻ മരങ്ങളും ഇൻഷ്വർ ചെയ്തുകൊണ്ട് ഈ പദ്ധതിയിൽ അംഗമാകാം. കറയെടുക്കുന്ന മരങ്ങൾക്ക് വാർഷിക പ്രീമിയം ആയി മരമൊന്നിന് 3 രൂപയോ ത്രൈ വാർഷിക പ്രീമിയമായി മരമൊന്നിന് 7.5 രൂപയോ അടയ്ക്കേണ്ടതാണ്. പ്രകൃതിക്ഷോഭം വന്യമൃഗ ആക്രമണം, കാട്ടുതീ, ചുഴലിക്കാറ്റ്, ഇടിമിന്നൽ എന്നിവമൂലം കൃഷി നശിച്ചാൽ കറയെടുക്കുന്ന മരമൊന്നിന് 1000 രൂപ നിരക്കിൽ നഷ്ടപരിഹാരം ലഭിക്കും. കറയെടുക്കാത്ത മരങ്ങൾക്ക് ത്രൈ വാർഷിക പ്രീമിയമായി മരമൊന്നിന് 1.50 രൂപ വീതം അടച്ചാൽ മതിയാകും. ഇത്തരം മരങ്ങൾക്ക് 3 വർഷം വരെയുള്ള കാലയളവിൽ മേൽ വിവരിച്ചവമൂലം കൃഷിനാശം സംഭവിച്ചാൽ മരമൊന്നിന് 200 രൂപ വീതം നഷ്ടപരിഹാരം ലഭിക്കും. 3-7 വർഷക്കാലയളവിലാണെങ്കിൽ മരമൊന്നിന് 600 രൂപ നഷ്ടപരിഹാരമായി ലഭിക്കും.

പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ടാപ്പ് ചെയ്യാത്ത മരമൊന്നിന് 200 രൂപയും ടാപ്പ് ചെയ്യുന്ന മരമൊന്നിന് 300 രൂപയും നഷ്ടപരിഹാരമായി ലഭിക്കും. റബ്ബർ ബോർഡ് കേരളത്തിലെ റബ്ബർ കർഷകർക്ക് പുതുകൃഷി/ആവർത്തന കൃഷിക്ക് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിന് പ്രതി ഹെക്ടർ 5000 രൂപയും മരുന്ന് തളിക്കുന്നതിന് 7500 രൂപയും ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ റബ്ബർ ഉല്പാദക സംഘങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണശാലയിലെ വിവിധ ആവശ്യങ്ങൾക്കായി പരമാവധി ആറ് ലക്ഷം രൂപയും നൽകിവരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധനസഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിന് കീഴിൽ റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL MODEL' ഒരു റബ്ബർ കമ്പനി " കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ രൂപീകരിച്ച് 2021 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ കോമ്പൗണ്ട് റബ്ബറിന് പ്രഖ്യാപിച്ച വർദ്ധിപ്പിച്ച ഇറക്കുമതി ചുങ്കം റബ്ബർ കർഷകർക്ക് ആശ്വാസം നൽകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ പ്രതികരിക്കുന്നതിനും ഇടപെടുന്നതിനും സംസ്ഥാനത്തുനിന്നുള്ള പാർലമെന്റംഗങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ 2023-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്ര ബജറ്റിൽ കോമ്പൗണ്ടഡ് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി 10 ശതമാനത്തിൽനിന്നും 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നാക്കി മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കോമ്പൗണ്ടഡ് റബ്ബർ എന്ന പേരിൽ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്ത് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ വില കുറയ്ക്കുന്ന നടപടി ഗണ്യമായി കുറയ്ക്കുമെന്നാണ് കേന്ദ്ര സർക്കാർ കരുതുന്നത്.

(സി) സ്വാഭാവിക റബ്ബർ ഇറക്കുമതി നിയന്ത്രണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ; വിശദമാക്കുമോ?

സ്വാഭാവിക റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട് നിരവധി സമ്മർദ്ദങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ചെലുത്തിവരുന്നുണ്ട്. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി

അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ " Make In India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായിട്ടില്ല. ഇന്ത്യയിലേയ്ക്ക് ചണ്ടി റബ്ബർ (Cup Lump Rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. എല്ലാതരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റെയും റബ്ബർ അനുബന്ധ ഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ

സാധ്യമാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. WTO കരാറിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ അറിയിച്ചുകൊണ്ട് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്കും സംസ്ഥാന സർക്കാർ കത്ത് അയച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. വരുമാന വർദ്ധനവിന് നടപടി**

18(*438) ശ്രീമതി ഒ. എസ്. അംബിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സർക്കാർ സഹായം ആശ്രയിക്കാതെ ശമ്പളം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് തനത് വരുമാനത്തിൽനിന്നും കണ്ടെത്തുകയെന്ന ഉദ്ദേശ്യത്തോടെ കിഫ്ബിയിൽനിന്നുള്ള തുകയും പദ്ധതി വിഹിതവും വിനിയോഗിച്ച് പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

KIIFB ആദ്യഘട്ട ധനസഹായമായ 359 കോടി രൂപയിൽനിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും ടി ബസ്സുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസുകൾക്ക് ഉപയോഗിച്ചുവരികയും

ചെയ്യുന്നു. ടി തുകയുടെ ബാക്കി തുകയിൽനിന്നും 170 ഇലക്ട്രിക് ബസുകളും 262 ഡീസൽ ബസുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, KIIFB രണ്ടാംഘട്ട ധനസഹായമായ 455 കോടി രൂപ ഉപയോഗിച്ച് 225 ഇലക്ട്രിക് ബസുകളും 285 ഡീസൽ ബസുകളും വാങ്ങുന്നതിനുള്ള പദ്ധതി രേഖയും കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധന വിതരണ ഔട്ട്‌ലെറ്റ് ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽമുടക്കില്ലാതെ പൊതുമേഖല എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും വിവിധ ഡിപ്പോകളിലായി ഇതുവരെ 13 ഇന്ധന വിതരണ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും വലിയ

ഇന്ധന വിതരണ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖലയാകാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.

ഇതിനുപുറമെ പൊൻകുന്നം, പെരുമ്പാവൂർ ഡിപ്പോകളിൽ കൂടി ഫ്യൂവൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇപ്രകാരം സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി ഘട്ടംഘട്ടമായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണ രംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി വളർത്തിയെടുക്കുകയാണ് ലക്ഷ്യം.

## യൂണിവേഴ്സിറ്റികളെ അന്തർദ്ദേശീയ നിലവാരത്തിലാക്കാൻ നടപടി

19(*439) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. <u>കരിക്കുലം പരിഷ്കരണം</u>:- ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിരുന്നു (06-01-2023-ലെ സ.ഉ. (സാധാ) നം. 35/2023/HEdn). പ്രസ്തുത കമ്മിറ്റി പരിഷ്കരിച്ച ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയുടെ ചട്ടക്കൂട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

2. <u>പുതുതലമുറ കോഴ്സുകൾ</u>:- സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള നൂറ്റി എഴുപതോളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ/ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE):- സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റി താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് സംബന്ധിച്ച ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

5. മറ്റ് പ്രധാന പദ്ധതികൾ:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ വികസനത്തിന് കാൾനെറ്റ്
- ഇ-ജേണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അധ്യാപക പരിശീലന പദ്ധതി

- സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡേറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

(ബി) ഭാവി സാധ്യതകൾ മുന്നിൽക്കണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ റിസർച്ച് സൗകര്യങ്ങൾ ഉൾപ്പെടെ അനുവദിച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ റിസർച്ച് സൗകര്യങ്ങൾ ഉൾപ്പെടെ അനുവദിച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ കൂടുതൽ ആകർഷകമാക്കാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. <u>സെന്റേഴ്സ് ഓഫ് എക്സലൻസ്</u>:- സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ

സർവ്വകലാശാലയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് പരിശോധനയിലുള്ളത്.

- കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്.
- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്.
- മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി.

2. <u>ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ</u>:- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല മാറണം. അതിനായി ട്രാൻസ്ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും കൂടുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. <u>ഇ-ജേണൽ കൺസോർഷ്യം</u>:- സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്. പ്രമുഖ പ്രസാധകരായ എൽസെവിയർ, knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

4. <u>കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്)</u>:- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ

ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

5. ബ്രെയിൻ ഗെയിൻ:- കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതുസംബന്ധിച്ച വിവരശേഖരണം നടത്തിക്കഴിഞ്ഞു. Building Up Database of the Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും.

6. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുംകൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച

എറുഡൈറ്റ് സ്കോളറുമായി ചേർന്ന് നിരവധി അക്കാദമിക പ്രോജക്ടുകളും പ്രബന്ധങ്ങളും സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് അധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്.

**പരമ്പരാഗത കൃഷി രീതിയും വിത്തിനങ്ങളും സംരക്ഷിക്കുന്നതിന് നടപടി**

20 (*440) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കൃഷി രീതികളും അന്യം നിന്നുപോകുന്ന വിത്തിനങ്ങളും സംരക്ഷിക്കുന്നതിനും പ്രസ്തുത കൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പരമ്പരാഗത കൃഷി രീതികളുടെ ഗുണങ്ങൾ മനസ്സിലാക്കി ഇവയെ മുഖ്യധാരാ കൃഷിയുടെ ഭാഗമാക്കുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി സംസ്ഥാനത്ത് 'സുഭിക്ഷം സുരക്ഷിതം' എന്ന പേരിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക്

എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയിൻ കീഴിൽ ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പും (FIG 1) മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പും (FIG 2) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ആനുകൂല്യം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിലെ കാർഷിക വിളകളുടെ പരമ്പരാഗത ഇനങ്ങളെയും തനത് ഇനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽ വികസനത്തിൽ സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. കേരളത്തിലെ പരമ്പരാഗത നെല്ലിനങ്ങളായ പൊക്കാളി, ഞവര,

ജീരകശാല, ഗന്ധകശാല, രക്തശാലി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ഹെക്ടർ ഒന്നിന് 10,000/- രൂപ എന്ന നിരക്കിൽ സഹായം നൽകുന്നു.

കേരളത്തിന്റെ തനത് തെങ്ങിനമായ വെസ്റ്റ് കോസ്റ്റ് ടോൾ (WCT) എന്നതിന്റെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി "നാളികേര വികസന പദ്ധതി'-യിലൂടെ നാളികേര മിഷൻ പരിപാടിയുടെ സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടികളും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി WCT തെങ്ങിൻ തൈകൾ സംസ്ഥാനത്തിലെ എല്ലാ വാർഡുകളിലും തൈ ഒന്നിന് 50/- രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു. കേര രക്ഷാ വാരം പദ്ധതി പ്രകാരം പച്ചിലവളം ലഭ്യമാക്കുന്നതിന് ശീമക്കൊന്ന നട്ടുപിടിപ്പിക്കുന്നതിന് ആനുകൂല്യം നൽകുന്നു.

സുഗന്ധവ്യഞ്ജന വികസനം പദ്ധതിയുടെ ഭാഗമായി പുതിയതും മെച്ചപ്പെട്ടതുമായ ഇനങ്ങളോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ തനത് ഇനമായ കരിമുണ്ടയ്ക്കും പ്രോത്സാഹനം നൽകുന്നു. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ശീമ ചക്ക, അഗത്തി, മുരിങ്ങ, കറിവേപ്പില തുടങ്ങിയ തനത് പച്ചക്കറികളുടെ കൃഷിയും കൃഷി വകുപ്പ് പ്രോത്സാഹിപ്പിക്കുന്നുണ്ട്.

വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിള വൈവിധ്യവൽക്കരണ പദ്ധതി ലക്ഷ്യമിടുന്നു. ഇടവിളയായിട്ടോ പ്രാഥമിക വിളയ്ക്ക് ശേഷമോ അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റ് ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, ഭൗമ സൂചിക പദവി ലഭിച്ച കേരളത്തിന്റെ പ്രാദേശിക പ്രാധാന്യമുള്ള വിളകൾ (ഉദാഹരണത്തിന് ഓണാട്ടുകര എള്ള്) എന്നിവയ്ക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നു.

കേരള കാർഷിക സർവകലാശാല വിവിധ വിളകളുടെ നാടൻ ഉൾപ്പെടെയുള്ള ഇനങ്ങൾ ശേഖരിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. ഇപ്രകാരം നെല്ലിൽ 1400 ഇനങ്ങൾ, വാഴയിൽ 256 ഇനങ്ങൾ, പച്ചക്കറികളിൽ 281 ഇനങ്ങൾ എന്നിങ്ങനെയുള്ള ജനിതകശേഖരങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ പരിപാലിക്കപ്പെടുന്നു. കൂടാതെ വിവിധ പ്രദേശങ്ങളിലെ പരമ്പരാഗത കൃഷിരീതികൾ (Indigenous/ traditional knowledge) വിവിധ ഗവേഷണ പദ്ധതികളുടെ ഭാഗമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) വനാതിർത്തികളിലും ഉൾവനങ്ങളിലും താമസിക്കുന്ന പട്ടിക ഗോത്ര വിഭാഗത്തിൽപ്പെട്ടവർ പിന്തുടരുന്ന കൃഷി രീതികൾ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ പ്രസ്തുത മേഖലയിലെ ജനവിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷയും തൊഴിലും ഉറപ്പാക്കുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനാതിർത്തികളിലും ഉൾവനങ്ങളിലും താമസിക്കുന്ന പട്ടിക ഗോത്ര വർഗ്ഗവിഭാഗത്തിൽപ്പെട്ടവർ പിൻതുടരുന്ന കൃഷി രീതികൾ നിലനിർത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) <u>അട്ടപ്പാടി മില്ലറ്റ് വില്ലേജ് </u>- പാലക്കാട് ജില്ലയിൽ അഗളി താലൂക്കിൽ അട്ടപ്പാടി, അഗളി, ഷോളയൂർ പഞ്ചായത്തുകളിലായി 192 ആദിവാസി ഊരുകളിൽ 1150 ഹെക്ടർ സ്ഥലത്ത് 1236 ആദിവാസി വിഭാഗത്തിൽപ്പെടുന്ന കൃഷിക്കാരെ ഉൾപ്പെടുത്തി 'അട്ടപ്പാടി മില്ലറ്റ് വില്ലേജ്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ ചെറുധാന്യങ്ങളുടെ (മില്ലറ്റ്) ഉൽപ്പാദനം, സംഭരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളിൽ കാര്യക്ഷമമായി ഇടപെട്ട് പ്രസ്തുത കർഷകരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിൽപ്പെടുത്തി 7.99 കോടി രൂപ ഇതിലേയ്ക്കായി 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തി പദ്ധതി തുടർന്നുവരുന്നു.

(2) <u>അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ട്</u> - തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി പഞ്ചായത്തിൽ 14 ആദിവാസി ഊരുകളിലായി 429 ആദിവാസി കുടുംബങ്ങളെ ഉൾപ്പെടുത്തി ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത കൃഷികളെ പോഷിപ്പിക്കുന്നതിനും കാർഷിക മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനുമായി അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ട് എന്ന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റിവ് (RKI-യുടെ ഭാഗമായി 2020-21 മുതൽ നിലവിലുണ്ട്. പ്രധാനമായും കുരുമുളക്, ജാതി, മഞ്ഞൾ, മഞ്ഞക്കൂവ, കാപ്പി, കമുക് എന്നിവയാണ് ഈ പദ്ധതി വഴി കൃഷി ചെയ്യുന്നത്. ഇവ കർഷകനിൽനിന്നും സംഭരിക്കുന്നതോടൊപ്പം ആദിവാസി വിഭാഗക്കാർ വനത്തിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങളുംകൂടി സംഭരിച്ച് അതിരപ്പിള്ളി" എന്ന ബ്രാൻഡിൽ വിപണനം ചെയ്തുവരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ൽ ഉൾപ്പെടുത്തി 7.91 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. കെ.വി.കെ. വയനാട്, പാലക്കാട്, തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ ICAR-കേന്ദ്ര

ഫണ്ട് ഉപയോഗിച്ചും വിവിധ ബാഹ്യ ഏജൻസി ഫണ്ട് വഴിയും SC/ST ട്രൈബൽ സബ് പദ്ധതികളിൽ വിവിധ കൃഷിയിട പരീക്ഷണങ്ങളും പരിശീലനങ്ങളും നടത്തിവരികയും തനത് ഗോത്ര വിഭാഗങ്ങളുടെ പരമ്പരാഗത കൃഷി രീതികളുടെ നിലനിൽപ്പിനും ഭക്ഷ്യ സുരക്ഷയ്ക്കും തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു.

കെ.വി.കെ. തൃശ്ശൂരിൽ Institutional Village Linkage Programme (IVLP) പദ്ധതിപ്രകാരം ഗോത്രവർഗ്ഗ ഗ്രൂപ്പുകൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന പരിശീലനവും വിപണന സാധ്യതകളും സംബന്ധിച്ച് പരിശീലനം നൽകിവരുന്നു. സംയോജിത കൃഷി പ്രോത്സാഹന പദ്ധതിയിലുൾപ്പെടുത്തി തേനീച്ച കൃഷി, കൂൺ ഉത്പാദനം, ആവശ്യാനുസരണമുള്ള മൃഗസംരക്ഷണ പരിപാടി എന്നിവ ഗോത്ര വനിതകൾക്ക് നൽകിവരുന്നു.

(സി) പ്രസ്തുത മേഖലയിലെ കാർഷികോല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണന സൗകര്യങ്ങളൊരുക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ

ആധുനിക സൗകര്യങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആദിവാസി കർഷകരുടെ പരമ്പരാഗത ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. ഈ കുറവ് പരിഹരിക്കാൻ അട്ടപ്പാടിയിൽ അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ മില്ലറ്റ് (ATFAM) എന്ന കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് ഇതുവഴി വിവിധ ചെറുധാന്യങ്ങൾ സംഭരിച്ച് അവയുടെ മൂല്യവർദ്ധനവ് നടത്തി വിവിധ മേളകളിൽക്കൂടി വിറ്റുവരുന്നു. ചെറുധാന്യങ്ങളുടെ സംഭരണത്തിനും മൂല്യവർദ്ധനവിനുമായി ഒരു മൂല്യവർദ്ധൻ യൂണിറ്റ് ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിൽ കർഷകരിൽനിന്നും ചെറുധാന്യങ്ങൾ സംഭരിക്കുകയും ആയത് വൃത്തിയാക്കി മൂല്യവർദ്ധനവ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നു. ഇതുവഴി മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കുന്നു.

അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ടിന്റെ കീഴിൽ അതിരപ്പിള്ളി ട്രൈബൽവാലി & ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് "അതിരപ്പിള്ളി" ബ്രാൻഡിൽ കാർഷിക വിള ഉല്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധനവ് നടത്തിയും സ്വന്തമായുള്ള ഓൺലൈൻ

സംവിധാനത്തിലൂടെയും വിവിധ വിപണനമേളകൾ വഴിയും സൂപ്പർ മാർക്കറ്റുകൾപോലുള്ള സംഘടിത ചില്ലറ വിപണന ശൃംഖല വഴിയും പൊതുജനങ്ങളിൽ എത്തിക്കുന്നു. ഇതുവഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി പരിഷ്കരണം

21 (*441) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മാതൃകാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ

അദ്ധ്യക്ഷനായി പരീക്ഷ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് 06-01-2023-ലെ സ.ഉ.(സാധാ)നം. 35/2023/HEDN പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പാഠ്യപദ്ധതിയുടെ സവിശേഷതകൾ:**

1. നാല് വർഷ ഡിഗ്രി പ്രോഗ്രാം (FYUGP)
2. 3 വർഷംകൊണ്ട് ബിരുദം/4 വർഷം ഓണേഴ്സ് ബിരുദം
3. മൾട്ടി ഡിസിപ്ലിനറി/ഫൗണ്ടേഷൻ/കോമൺ/എബിലിറ്റി എൻഹാൻസ്മെന്റ്/സ്കിൽ എൻഹാൻസ്മെന്റ്/വാല്യു അഡിഷൻ കോഴ്സുകൾ
4. ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷൻ (OBE)

5. ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്സ്.

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തെത്തുടർന്ന് വിദ്യാർത്ഥികൾക്കായുള്ള ലൈബ്രറി, ലബോറട്ടറി ഉൾപ്പെടെയുള്ള അക്കാദമിക സേവനങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിവിധ സർവ്വകലാശാലകളിൽ ലബോറട്ടറിയുടെയും ലൈബ്രറിയുടെയും പ്രവർത്തന സമയം ഇതിനകംതന്നെ സർവ്വകലാശാലാതലത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കായുള്ള ലൈബ്രറി, ലബോറട്ടറി ഉൾപ്പെടെയുള്ള അക്കാദമിക സേവനങ്ങളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കുന്ന വിഷയം സർവ്വകലാശാലാതലത്തിൽ പരിശോധിക്കുന്നുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള തൊഴിൽ മേഖലയിൽ പ്രായോഗിക പരിശീലനം നേടാൻ അവസരമൊരുക്കുന്നതിന് പാഠ്യപദ്ധതി നവീകരണത്തിലൂടെ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

പാഠ്യപദ്ധതി നവീകരണത്തിലൂടെ തൊഴിൽ മേഖലയിൽ പ്രായോഗിക പരിശീലനം നേടാൻ അവസരമൊരുക്കുന്നതിന് താഴെപ്പറയുന്ന ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു :

1. Foundation Courses
2. Graduate Attributes
3. Skill enhancement & Vocational courses
4. Ability enhancement courses (AEC)
5. Multi disciplinary courses (MDC)
6. Vocational Education & Training

ഇതോടൊപ്പം ഇന്റേൺഷിപ്പും ഇൻഡസ്ട്രി ട്രെയിനിംഗും കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതും പരിഗണിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്ക് പഠനത്തിനൊപ്പം വരുമാനം ഉറപ്പാക്കാൻ പദ്ധതി**

22 (*442) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർവ്വകലാശാലകളെയും അഫിലിയേറ്റഡ് കോളേജുകളെയും അവയിലെ ഡിപ്പാർട്ട്മെന്റുകളെയും ഗ്രേഡ് ചെയ്യുന്നതിന് നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC), നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (NBA) എന്നിവ ദേശീയതലത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാക് ഇൻസ്റ്റിറ്റ്യൂഷണൽ അക്രഡിറ്റേഷനൊപ്പം ഏതെങ്കിലുമൊരു ഡിപ്പാർട്ട്മെന്റ്/സ്കൂൾ/സെന്റർ എന്നിവയെയും അസസ്സ്മെന്റിന്റെ യൂണിറ്റുകളായി പരിഗണിക്കുന്നു. എന്നാൽ NAAC സ്ഥാപനങ്ങളുടെ സ്ഥാപനതല അക്രഡിറ്റേഷനാണ് കൂടുതൽ പ്രാമുഖ്യം നൽകുന്നത്. ഇതിനായി NAAC ഏഴ് മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്.

1. Curricular Aspects

2. Teaching - Learning & Evaluation

3. Research, Innovation & Extension

4. Infrastructure and Learning Resources

5. Student Support and Progression

6. Governance, Leadership and Management

7. Institutional Values and Best Practices

സാക് അസസ്സ്മെന്റിനും അക്രഡിറ്റേഷനും നാക്കിന്റെ മാനദണ്ഡങ്ങളോടൊപ്പം സംസ്ഥാനാധിഷ്ഠിത (State specific) മൂന്ന് മാനദണ്ഡങ്ങൾകൂടി ഉപയോഗിക്കുന്നു.

1. Equity and Excellence

2. Scientific temper

3. Secular outlook

NBA പ്രധാനമായും പ്രൊഫഷണൽ സ്ഥാപനങ്ങളുടെ ഡിപ്പാർട്ട്മെന്റ്/ പ്രോഗ്രാംതല അസസ്സ്മെന്റും അക്രഡിറ്റേഷനുമാണ് നൽകുന്നത്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ NBA പ്രധാനമായും ഉപയോഗിക്കുന്നു.

1. Mission and Vision Statement

2. Program Educational Objectives (PEOs)

3. Program Outcomes (Pos)

4. Course Outcomes (Cos)

(ബി) വിദ്യാർത്ഥികൾക്ക് പഠനത്തിനൊപ്പം വരുമാനം ഉറപ്പാക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോയെന്നും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

കേരളത്തിലെ കലാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലവും അതിലുപരിയായി തൊഴിൽ നൈപുണ്യവും പ്രദാനം ചെയ്യുന്ന പുതിയ പദ്ധതിയാണ് "Earn While You Learn". പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ കോളേജുകളിലും വിദ്യാർത്ഥികൾക്ക് ചെയ്യാൻ കഴിയുന്ന തൊഴിലവസരങ്ങൾ കണ്ടെത്തുകയും കണ്ടെത്തുന്ന തൊഴിലവസരങ്ങൾ കൃത്യതയോടെ ചെയ്ത് പൂർത്തീകരിക്കുന്നതിനായി താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. ആദ്യഘട്ടമായി കോളേജിനുള്ളിൽ ചെയ്യാൻ കഴിയുന്ന ജോലികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്, എം.ടെക് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യമൊരുക്കുന്നുണ്ട്. കൂടാതെ, തൊഴിൽ സംരംഭകത്വം പാഠ്യവിഷയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ

കേന്ദ്രീകരിച്ചുള്ള Centres of Excellence സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേന്ദ്രങ്ങളിൽ Industry-IN-Campus, Technology Business Incubator, Mini Industrial Units തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്യുന്നതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്താനുള്ള മാർഗ്ഗം തുറക്കപ്പെടുന്നു.

(സി) കലാസാഹിത്യ വൈജ്ഞാനിക മേഖലയിലെ പ്രമുഖർക്ക് ഒത്തുകൂടി ആശയങ്ങൾ പങ്കുവയ്ക്കാനും പ്രാവർത്തികമാക്കാനുമുള്ള എന്തെങ്കിലും സംവിധാനങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിവിധ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

<u>കേരള സർവ്വകലാശാല</u>

Meet the Scholar, Interaction with Eminent Scholar എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും സെമിനാറുകളും ശില്പശാലകളും നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ പഠന വകുപ്പുകളുടെ കീഴിലുള്ള വിവിധ ക്ലബ്ബുകളുടെയും മറ്റും നേതൃത്വത്തിൽ സമൂഹത്തിലെ വിവിധ മേഖലകളിലുള്ള പ്രഗത്ഭരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരങ്ങളൊരുക്കാറുണ്ട്.

എം.ജി. സർവ്വകലാശാല

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളുടെ കൂട്ടായ്മയായ U3A (University of the Third Age) എന്ന പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഈ പ്രസ്ഥാനത്തിലെ അംഗങ്ങളുടെ പ്രാവീണ്യം സർവകലാശാലയുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് ഉപകാരപ്പെടുംവിധം ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

നവീകരണത്തിനും സംരംഭകത്വത്തിനുമുള്ള അന്തരീക്ഷം വികസിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപന സംവിധാനമായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ (BIIC) പ്രവർത്തിക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

വൈജ്ഞാനിക മേഖലയിലെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുവേണ്ടി സെമിനാറുകളും കോൺഫറൻസുകളും വീക്കിലി ടോക്കുകളും ലക്ചർ സീരീസുകളും സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകൾ കേന്ദ്രീകരിച്ച് പതിവായി നടത്തിവരുന്നുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

കേന്ദ്ര സംഗീത നാടക അക്കാദമിയുമായി സഹകരിച്ച് സർവ്വകലാശാല അമൃത് യുവ മഹോത്സവ് 2021 അവാർഡ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും 2021 വർഷത്തെ ഉസ്താദ് ബിസ്മില്ലാഖാൻ യുവ പുരസ്കാര ജേതാക്കളുടെ കലാപ്രകടനങ്ങൾ സർവ്വകലാശാല സമൂഹത്തിനും പൊതുസമൂഹത്തിനും അനുഭവവേദ്യമാക്കുകയും ചെയ്തു. സർവ്വകലാശാലയുടെ വിവിധ അക്കാദമിക വകുപ്പുകളുടെ നേതൃത്വത്തിൽ 'Erudite Scholars in Residence Programme' സംഘടിപ്പിക്കുക വഴി ലോകത്തിലെ തന്നെ ഏറ്റവും മികച്ച Academician-മായി സംവദിക്കാനും ആശയ വിനിമയം നടത്തുന്നതിനും സമൂഹത്തിനും പ്രത്യേകിച്ച് കുട്ടികൾക്കും അവസരമൊരുക്കുന്നു. ലോകത്തിലെതന്നെ പ്രശസ്ത സർവകലാശാലയിലെ അധ്യാപകരുടെ പ്രഭാഷണ പരമ്പരകൾക്ക് തുടർച്ചയായി വേദിയൊരുക്കുന്നു. മലയാള ഭാഷാ

വാരാചരണത്തിന്റെ ഭാഗമായുള്ള പ്രഭാഷണ പരമ്പരകൾക്ക് സ്ഥിരം വേദിയാകുന്നു. കേരള ചരിത്ര ഗവേഷണ കൗൺസിലുമായി ബന്ധപ്പെട്ട് അക്കാദമിക സഹകരണവും തദ്വാര കൂടുതൽ ഗവേഷണ പാരമ്പര്യവും വൈജ്ഞാനിക മേഖലയിലെ ഒത്തുകൂടലുകളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്കൃത പ്രചാരണത്തിന്റെ ഭാഗമായുള്ള സംസ്കൃത ദിനാചരണത്തിലും മികവുറ്റ പ്രഭാഷണ പരമ്പരകൾക്ക് സർവ്വകലാശാല വേദിയൊരുക്കുന്നു.

<u>മലയാള സർവ്വകലാശാല</u>

കലാസാഹിത്യ വൈജ്ഞാനിക മേഖലയിലെ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാറുകൾ, വിശേഷാൽ പരിപാടികൾ എന്നിവ സർവ്വകലാശാലയിലെ വിവിധ സ്കൂളുകളുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.

<u>എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി</u>

കോളേജ് തലത്തിൽ കലോത്സവവും മറ്റ് പരിപാടികളും നടത്തിവരുന്നുണ്ട്. ഈ പരിപാടികളിൽ കല-സാഹിത്യ രംഗത്തെ പ്രമുഖരെ

ക്ഷണിക്കുകയും അവരുമായി സംവദിക്കാനുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

(ഡി) കോളേജ് ക്ലസ്റ്ററുകൾ എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഈ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് മേന്മ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യു.ജി.സി നിർദ്ദേശാനുസരണം 'ക്ലസ്റ്റർ ഓഫ് കോളേജസ്' എന്ന പദ്ധതി നടപ്പിലാക്കിയത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ ക്ലസ്റ്ററുകൾ എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റിസർച്ചിന് പ്രാധാന്യമുള്ള കോളേജുകളെ ലീഡ് കോളേജുകളായി കണക്കാക്കി കോമൺ ഇൻസ്ട്രുമെന്റേഷൻ ലാബ് ക്രമീകരിക്കുകയും പ്രസ്തുത ലാബുകൾ മറ്റ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിനൽകുകയും ചെയ്തിട്ടുണ്ട്.

## സ്വാഭാവിക റബ്ബറിനുണ്ടായ വിലത്തകർച്ച നേരിടുന്നതിന് നടപടി

23 (*443) ശ്രീ ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വാണിജ്യ കരാറുകളുടെ ഫലമായി സ്വാഭാവിക റബ്ബറിനുണ്ടായ വിലത്തകർച്ച നേരിടുന്നതിന് കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

WTO കരാറിലും മറ്റ് അന്താരാഷ്ട്ര വാണിജ്യ കരാറുകളിലും സംസ്ഥാനത്തെ റബ്ബർകൃഷിയെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തയച്ചിരുന്നു. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം

നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും പ്രസ്തുത കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എല്ലാ തരത്തിലുള്ള റബ്ബർ ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡ്ഡിന്റെയും റബ്ബർ അനുബന്ധ ഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും സ്വാഭാവിക റബ്ബർ ഇറക്കുമതിക്ക് നിലവിലുള്ള തുറമുഖ നിയന്ത്രണങ്ങൾ തുടരണമെന്നും ആവശ്യപ്പെട്ടും കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു.

(ബി) ഉല്പാദന ചെലവ് ശാസ്ത്രീയമായി നിർണ്ണയിച്ച് ഉല്പാദകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് അറിയിക്കുമോ?

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/- രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാന സർക്കാർ 24-12-2022-ലെ D.O. No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(സി) റബ്ബർ മേഖലയ്ക്ക് പ്രോത്സാഹനം ആവശ്യമില്ലെന്ന കാഴ്ചപ്പാട് നീതി ആയോഗ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കർഷകരുടെ ആശങ്ക കണക്കിലെടുത്ത് ഉല്പാദന ചെലവിനെക്കാൾ ഉയർന്ന വില ലഭിക്കാൻ സ്വാമിനാഥൻ കമ്മീഷൻ ശിപാർശ നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കുമോ?

കേരളത്തിലെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ നീതി ആയോഗ് കേന്ദ്ര സർക്കാരിൽ ശിപാർശ ലഭ്യമാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടതിൻപ്രകാരം റബ്ബർ ബോർഡിന്റെ പ്രവർത്തനം അസാനിപ്പിക്കുന്നതിന് നീതി ആയോഗ് എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് മാറ്റിനിർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 23-12-2022-ന് D.O.No.Agri-890/Min/2022-Agri നമ്പർ കത്തയച്ചിരുന്നു. തുടർന്ന് റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന ശിപാർശകൾ നിലവിലില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. കേരളത്തിലെ റബ്ബർ കൃഷിയുടെ ഉല്പാദനച്ചെലവ് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റബ്ബർ കർഷകരുടെ ആശങ്ക കണക്കിലെടുത്ത് എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശിപാർശ പ്രകാരമുള്ള താങ്ങുവില റബ്ബറിന് നൽകുന്നതുസംബന്ധിച്ച കാര്യം നാഷണൽ റബ്ബർ പോളിസിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/-രൂപയായി

വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 24-12-2022-ലെ D.O. No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

## കോഴിയിറച്ചി ഉല്പാദന, വിപണന ശൃംഖല

24 (*444) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചി ഉല്പാദന, വിപണന ശൃംഖലയെ അയൽ സംസ്ഥാനങ്ങളിലെ വൻകിട കച്ചവടക്കാർ നിയന്ത്രിച്ചിരുന്ന സാഹചര്യത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ പരിഹാരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോഴിയിറച്ചിയുടെ അമിതവിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കേരളത്തിലെ ആഭ്യന്തര വിപണിയുടെ അമ്പത് ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്തിനകത്തുതന്നെ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള

സർക്കാർ പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. ഇതിലൂടെ വിപണിയിലെ ഇടപെടൽ ഒരു ശതമാനത്തിൽനിന്നും മൂന്ന് ശതമാനമായി ഉയർന്നതായി കണക്കാക്കുന്നു. കേരള ചിക്കൻ എന്ന ബ്രാൻഡ് ഇറങ്ങുന്നതോടെ 10% വിപണി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള ചിക്കൻ പദ്ധതി വഴി കുടുംബശ്രീക്കും പൊതു വിപണിയിലെ ഇറച്ചിക്കോഴി വില നിയന്ത്രിച്ച് നിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) കോഴിത്തീറ്റയും ബ്രോയിലർ ഇനങ്ങളുടെയും മുട്ടക്കോഴികളുടെയും കുഞ്ഞുങ്ങളെയും ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ?

കോഴിത്തിറ്റയുടെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഉയർന്ന ഉല്പാദന ചെലവും കാരണം സംസ്ഥാനത്ത് കോഴിത്തീറ്റ ഉല്പാദനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാധ്യമാകുന്നില്ല.

പൊതുമേഖലാ സ്ഥാപനമായ കേരളാഫീഡ്സ് ലിമിറ്റഡ് മുട്ടക്കോഴികൾക്കായി അതുല്യം, ഗ്രോവർ, ലയർ, കൈരളി എന്നീ ബ്രാൻഡുകളിൽ പൊടിരൂപത്തിലുള്ള കോഴിത്തീറ്റയും കോഴിക്കുഞ്ഞുങ്ങൾക്കായി പൊടി രൂപത്തിലുള്ള ചിക്ക് മാഷ് ഫീഡും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) കോഴിത്തീറ്റ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നില്ല. ബ്രോയിലർ ഇനങ്ങളുടെ ഉല്പാദനത്തിൽ മൃഗസംരക്ഷണ വകുപ്പിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പരിമിതമായ പ്രവർത്തനമാണ് നിലവിലുള്ളത്. വകുപ്പിന്റെ ഫാമുകളിൽ ഇറച്ചിക്കോഴികളെ വളർത്തുന്നില്ല. മുട്ടക്കോഴി ഇനങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും വകുപ്പിന്റെ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് ആവശ്യമായ അളവിൽ ഉൽപ്പാദനം സാധ്യമാകുന്നില്ല. സ്ഥലപരിമിതിയും കെട്ടിടങ്ങളുടെ കുറവുമാണ് ഇതിന് കാരണം.

ബ്രോയിലർ ഇനങ്ങളുടെയും മുട്ടക്കോഴികളുടെയും കുഞ്ഞുങ്ങളെ ആവശ്യകതയ്ക്കനുസരിച്ച് വിതരണം ചെയ്യാനാകുന്നില്ലെങ്കിലും കെപ്കോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് ഇവ ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(സി) ഈ രംഗത്ത് കെപ്കോയുടെ ഇടപെടൽശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്; കെപ്കോയുടെ ഇടപെടൽശേഷി വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം കുടപ്പനക്കുന്നിൽ നിർമ്മിക്കുന്ന ഇറച്ചിക്കോഴി പ്രജനന

കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ പ്രതിമാസം മുപ്പതിനായിരത്തോളം കുഞ്ഞുങ്ങളെ കൂടുതലായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയും. ഇതിന്റെ പ്രവർത്തനങ്ങളുമായി കെപ്കോ മുന്നോട്ടുപോകുന്നുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള കെ.എസ്.ആർ.ടി.സി. കൺസഷൻ**

25 (*445) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇരുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ള വിദ്യാർത്ഥികളുടെ കൺസഷൻ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പെൻഷൻകാരായ പഠിതാക്കൾ, പ്രായപരിധി ബാധകല്ലാത്ത റഗുലർ കോഴ്സ് പഠിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾക്ക് കൺസഷൻ ആനുകൂല്യം നൽകാൻ കഴിയില്ല. ആയതിനാൽ വിദ്യാർത്ഥി കൺസഷൻ നൽകുന്നതിനുള്ള പരമാവധി പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തണമെന്ന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കുള്ള യാത്രാസൗജന്യവും ആദായ നികുതി നൽകുന്ന രക്ഷാകർത്താക്കളുടെ കുട്ടികൾക്കുള്ള യാത്രാ ഇളവും നിർത്തലാക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന യാത്രാസൗജന്യം നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ശമ്പളംപോലും നൽകാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ ലഭിക്കുന്ന വരുമാനം ചെലവിന് പര്യാപ്തമല്ല. ഈ സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി.-യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽനിന്നും വ്യത്യസ്തമായി പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകിവരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് കൺസഷൻ വിതരണം ചെയ്ത വകയിൽ 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കുന്നതാണ്. എന്നാൽ അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ യാത്രാ ചെലവിന്റെ 35 ശതമാനവും രക്ഷകർത്താവ് 35 ശതമാനവും കെ.എസ്.ആർ.ടി.സി. 30 ശതമാനവും വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

സർക്കാർ, അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡായ വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.

കൂടാതെ സർക്കാർ, അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ, അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ആദായ നികുതി നൽകുന്ന സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന മാതാപിതാക്കളുടെ

വിദ്യാർത്ഥികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ നിലവിലുള്ള രീതിയിൽ തുടരുന്നതാണ്.

(സി) വിദ്യാർത്ഥികളുടെ കൺസഷൻ സംബന്ധിച്ച വിഷയം കെ.എസ്.ആർ.ടി.സി.-യുടെ ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ബോർഡ് മീറ്റിംഗിലെ തീരുമാനം വിശദമാക്കാമോ?

വിദ്യാർത്ഥികളുടെ കൺസഷൻ വിതരണവുമായി ബന്ധപ്പെട്ട് പൊതുവായ തീരുമാനമെടുക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും ബോർഡ് മീറ്റിംഗിൽ വച്ചിട്ടില്ല. എന്നാൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനായി ഡിസ്കൗണ്ടിൽ സീസൺ ടിക്കറ്റ് മാതൃകയിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശിപാർശ ബോർഡ് മീറ്റിംഗിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ സ്വയം വിരമിക്കൽ സ്കീം

26 (*446) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സ്വയം വിരമിക്കൽ സ്കീം ഏർപ്പെടുത്താൻ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യിൽ വി.ആർ.എസ്. പദ്ധതി ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത ആവശ്യം മുന്നോട്ടുവയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ഈ ആവശ്യത്തിന്മേൽ കെ.എസ്.ആർ.ടി.സി. ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിലെ തീരുമാനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) കരാർ ജീവനക്കാർ ജോലി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന കമ്പനിക്ക് മുൻഗണന നൽകിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരെ കുറയ്ക്കാനുള്ള

നടപടിയാണ് ഇതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ബാധകമല്ല.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിന് നടപടി**

27 (*447) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്രയായിരുന്നു; ജീവനക്കാരുടെ ആത്മാർത്ഥമായ ശ്രമഫലമായി റെക്കോഡ് കളക്ഷൻ നേടാൻ കഴിയുമ്പോഴും മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസത്തിലെടുക്കുന്നില്ലെന്ന് പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റിന്റെ ഏകപക്ഷീയ നടപടികൾ പരിശോധനാവിധേയമാക്കുമോ?

കഴിഞ്ഞ മാസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ 6.35 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ക്രമാനുഗതമായി വർദ്ധിച്ചുവരികയാണ്. മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനായി എല്ലാ വിഭാഗം ജീവനക്കാരുടെയും ആത്മാർത്ഥമായ സേവനവും പരിശ്രമവും ലഭിച്ചിട്ടുണ്ട്.

മാനേജ്മെന്റും ജീവനക്കാരും നല്ല രീതിയിൽ പരസ്പര വിശ്വാസത്തോടെ പ്രവർത്തിച്ചതിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. മാനേജ്മെന്റ് ജീവനക്കാരെ വിശ്വാസത്തിലെടുക്കുന്നില്ലെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണ പദ്ധതികളെല്ലാംതന്നെ അംഗീകൃത യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്ത് യൂണിയനുകളെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്താണ് നടപ്പിലാക്കിവരുന്നത്.

(ബി) ശമ്പളം നൽകുന്നതിനെ ടിക്കറ്റ് വരുമാനലക്ഷ്യം നേടുന്നതുമായി ബന്ധപ്പെടുത്തുന്നത് ശാസ്ത്രീയമാണോയെന്ന് വ്യക്തമാക്കുമോ?

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലെയും ഡിപ്പോകളിലെ ചെലവും വരുമാനവും സർവ്വീസ്

ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ ഓരോ യൂണിറ്റും മേഖലകളും പ്രോഫിറ്റ് സെന്ററുകളായി പ്രവർത്തിക്കണമെന്നും ആയതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ.ടി.സി.-യിലെ ഓരോ യൂണിറ്റിന്റെയും വരവും ചെലവും പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഓരോ യൂണിറ്റിലും കൂട്ടായ പരിശ്രമത്തിലൂടെ ടാർജറ്റ് വരുമാനം നേടേണ്ടത് സ്ഥാപനത്തിന്റെ ഓരോ ജീവനക്കാരന്റെയും ഉദ്യോഗസ്ഥരുടെയും കർത്തവ്യമാണ്. ഇത്തരത്തിൽ കഴിഞ്ഞ 9 മാസമായി കർത്തവ്യ നിർവ്വഹണത്തിന് കൃത്യമായ ടാർജറ്റും പരിശോധനയും നടത്തുകയും മികച്ച പ്രവർത്തനത്തിന് ഇൻസെന്റീവും മോശം പ്രവർത്തനം നടത്തുന്നവരെ തിരുത്തൽ നടപടികൾ സ്വീകരിച്ച് മെച്ചപ്പെടുത്തുകയും ചെയ്തുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഡിപ്പോകൾക്കും ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകണമെന്ന നിർദ്ദേശം നൽകിയിട്ടില്ല.

(സി) സേവന താല്പര്യം ഹനിക്കാതെതന്നെ ഉചിതമായ ഷെഡ്യൂൾ പുനഃക്രമീകരണത്തിലൂടെയും മെച്ചപ്പെട്ട വാഹന വിനിയോഗത്തിലൂടെയും കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിന് നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ യൂണിറ്റിലും മാനവവിഭവശേഷി ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻകാലത്ത് യാത്രാവശ്യം പരിഗണിക്കാതെ നടത്തിയിരുന്ന നഷ്ടത്തിലുള്ള ട്രിപ്പുകൾ ഒഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും ലഭ്യമായ പരമാവധി ജീവനക്കാരെയും ഐഡിലായി കിടക്കുന്ന ബസുകളെയും മറ്റ് വിഭവങ്ങളെയും ഉപയോഗിച്ച് പൊതുജനോപകാരപ്രദമായതും ലാഭകരമായതുമായ സർവ്വീസുകൾ നടത്തേണ്ടതും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷന്

വളരെ അത്യാവശ്യമാണ്. ഒപ്പം വർദ്ധിച്ചുവരുന്ന ഇന്ധന വിലയ്ക്കനുസരിച്ച് കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്നതിനും സമയബന്ധിതമായി വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വാഹന വിനിയോഗം വർദ്ധിപ്പിക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനം താഴെപ്പറയുന്ന പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

- സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകൾ പ്രൊഡക്ഷൻ യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- 22 ജില്ല /സബ് ജില്ല വർക്ക്ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു.
- ഡിപ്പോ ഗ്യാരേജുകൾ പ്രതിദിന മെയിന്റനൻസ് നിർവ്വഹിക്കുന്നതിനായി ക്രമീകരിച്ചു.

കൂടാതെ, വാഹന പരിപാലനത്തിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിലേക്കായി ഫ്ലോട്ട് യൂണിറ്റുകൾ, ആധുനിക ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് എന്നിവ ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മേൽ പ്രവർത്തനങ്ങളുടെ പൂർണ്ണതയിൽ പരമാവധി വാഹന വിനിയോഗം സാധ്യമാക്കാൻ സാധിക്കുന്നതാണ്.

## ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക്

28 (*448) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥാപിക്കുന്ന ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് (ട്രെസ്റ്റ്) പാർക്ക് സെക്ഷൻ 8 കമ്പനിയായി 2015-ൽ വ്യവസായ-അക്കാഡമിക് സഹകരണവും സംയുക്ത ഗവേഷണവും മുഖ്യ ലക്ഷ്യമായി രൂപീകരിച്ചു. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് അടക്കമുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരും വിദ്യാർത്ഥികളും റിസർച്ച് പാർക്കിന്റെ ഗവേഷണ പ്രവർത്തനത്തിൽ നേരിട്ട് പങ്കാളികളാകുന്നു.

വിവിധ സാങ്കേതിക മേഖലകളിലുള്ള 8 കമ്പനികൾ ഈ സ്ഥാപനത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്, ഈ സ്ഥാപനങ്ങളിൽ 56 എഞ്ചിനീയർമാരും ജോലി ചെയ്യുന്നുണ്ട്. തിരുവനന്തപുരം ശ്രീകാര്യത്ത് 20000 ചതുരശ്ര അടി വിസ്തീർണമുള്ള വാടക കെട്ടിടത്തിലാണ് നിലവിൽ ട്രെസ്റ്റ് റിസർച്ച് പാർക്ക് പ്രവർത്തിച്ചുവരുന്നത്.

ഇലക്ട്രിക് മൊബിലിറ്റി, മൈക്രോ പ്രോസസ്സർ ഡിസൈൻ & ഡെവലപ്മെന്റ്, നിർമ്മിത ബുദ്ധി, പാരമ്പര്യേതര ഊർജ്ജം എന്നീ സാങ്കേതിക മേഖലകളിലെ ഗവേഷണത്തിന് ട്രെസ്റ്റ് പാർക്ക് പ്രത്യേക ഊന്നൽ നൽകിവരുന്നു. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിലും ബിരുദധാരികളിലും സംരംഭകത്വം വളർത്തുന്നതിനുള്ള പ്രോത്സാഹനവും തൊഴിൽ പ്രാപ്തമാകുന്നതിന് ഉതകുന്ന വ്യാവസായിക പരിശീലനവും ട്രെസ്റ്റ് പാർക്കിൽ ലഭ്യമാക്കുന്നുണ്ട്.

ട്രെസ്റ്റ് റിസർച്ച് പാർക്കിന് സ്വന്തമായി ഒരു സ്ഥിരം ക്യാമ്പസ് വികസിപ്പിക്കുന്നതിനായി വിളപ്പിൽശാലയിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയോട് ചേർന്ന് കിടക്കുന്ന 50 ഏക്കർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാർക്കിന് ആവശ്യമായ സാങ്കേതിക, ഭൗതിക സൗകര്യങ്ങളൊരുക്കുന്നതിന് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ?

ഇല്ല. കിഫ്ബി ധനസഹായത്തോടെ സ്ഥലം ഏറ്റെടുക്കുന്നതിനായി എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി 10-11-2022-ലെ സ.ഉ. (കൈ) നം. 562/2022/ഉ.വി.വ. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

(സി) നവീന സാങ്കേതികവിദ്യയിലൂടെ വ്യവസായവൽക്കരണം എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പ്രസ്തുത പാർക്കിന് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എത്ര ആധുനിക കമ്പനികൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ടെസ്റ്റ് റിസർച്ച് പാർക്കിന്റെ പുതിയ ക്യാമ്പസ്സിന്റെ പ്രവർത്തനം തുടങ്ങി, 5 വർഷത്തിൽ പ്രമുഖ കമ്പനികളും സ്റ്റാർട്ടപ്പുകളും ഉൾപ്പെടെ 50 കമ്പനികൾ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്നും ഇതിനായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും അവ എങ്ങനെയെല്ലാം കണ്ടെത്താൻ കഴിയുമെന്നും വിശദമാക്കാമോ?

ടെസ്റ്റ് റിസർച്ച് പാർക്കിന്റെ പുതിയ ക്യാമ്പസ് വികസനം മൂന്നിലേറെ ഘട്ടങ്ങളായി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ അഡ്മിനിട്രേറ്റീവ് ബ്ലോക്ക്, ക്യാമ്പസ്സിനുള്ളിലെ റോഡുകൾ, കമ്പനികൾക്കാവശ്യമായ സ്ഥലം, ലബോറട്ടറി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒന്നര മുതൽ രണ്ട് വർഷം വരെ വേണ്ടിവരും. EV പാർക്കുകൂടി ഭാഗമായുള്ള പ്രാരംഭ ഘട്ടത്തിന് 35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുക കിഫ്ബി വഴി ലഭിക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ഇലക്ട്രിക് മൊബിലിറ്റിയുടെ വിവിധ ഘടകങ്ങളുടെ ഗവേഷണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കെ-ഡിസ്ക്(K-Disc)-ന്റെ മേൽനോട്ടത്തിൽ, ട്രാവൻകൂർ ടൈറ്റാനിയം, ടെസ്റ്റ് പാർക്ക്, സി-ഡാക്, വി.എസ്.എസ്.സി. എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 25 കോടി രൂപ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

അടുത്ത ഘട്ടത്തിൽ കെ-ഡിസ്ക്, കിഫ്ബി തുടങ്ങിയ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ മൈക്രോപ്രോസസ്സർ വികസനം, നിർമ്മിതബുദ്ധി & റോബോട്ടിക്സ്, വൈബ്രേഷണൽ അനാലിസിസ് തുടങ്ങിയ സങ്കേതിക

മേഖലകളിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ദേശീയ അന്തർദ്ദേശിയ സ്ഥാപനങ്ങളും കമ്പനികളുമായുള്ള സഹകരണവും വിപുലീകരണവും നടത്തുന്നതാണ്. ലബോറട്ടറികളുടെയും ടെസ്റ്റിംഗ് സംവിധാനങ്ങളുടെയും സർട്ടിഫിക്കേഷൻ പ്രക്രിയയും ഈ ഘട്ടത്തിൽ പൂർത്തീകരിക്കും.

**റോഡ് സുരക്ഷ വർദ്ധിപ്പിക്കാൻ നടപടി**

29 (*449) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് സേഫ് കേരള പദ്ധതിയുടെ ഭാഗമായി 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ ആകെ 726

ക്യാമറകൾ നിരത്തുകളിൽ സ്ഥാപിക്കുകയും ഇവ മുഖേന കണ്ടെത്തുന്ന ഗതാഗതനിയമ ലംഘനങ്ങളിൽ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും 14 ജില്ലാതല കൺട്രോൾ റൂമുകളും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംവിധാനം പൂർണ്ണമായും പ്രവർത്തനസജ്ജമാണ്.

(ബി) വലിയ തുക മുടക്കി സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ ഒരു വർഷത്തോളമായിട്ടും പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ക്യാമറകളും കൺട്രോൾ റൂമുകളും ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. പ്രസ്തുത പദ്ധതിക്ക് ഒരു സമഗ്രമായ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) റോഡ് സുരക്ഷയെ ബാധിക്കുന്ന തരത്തിൽ ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി ശക്തമാക്കുന്നതിനുള്ള നിയമ ഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19-ലെ 1 (b) പ്രകാരം ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള അധികാരം മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരുടെ എണ്ണം കൂടി വരുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഇത് തടയുന്നതിന് പോലീസ്, എക്സൈസ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുനിരത്തുകളിൽ ഗതാഗത നിയമലംഘനം തടയുന്നതിന് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## സമുദ്രശാസ്ത്ര മേഖലയിലെ ഗവേഷകർക്കായി ഇ-ലേണിംഗ് പ്ലാറ്റ്ഫോമുകൾ

30 (*450) <u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ യൂണിയൻ ഇക്കോ മറൈൻ പ്രോജക്ട് നിർവ്വഹണത്തിനുള്ള യൂറോപ്പ്, എഷ്യ ഭൂഖണ്ഡങ്ങളിലെ ആറ് രാജ്യങ്ങളിലുള്ള എട്ട് ഗവേഷണ സ്ഥാപനങ്ങളിലൊന്നായി കേരള സർവ്വകലാശാല തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; ഗവേഷണ പദ്ധതിക്കായി തുക ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള സർവ്വകലാശാലയെ യൂറോപ്യൻ യൂണിയൻ ഇറാസ്മസ് (ERASMUS) + പ്രോഗ്രാം ധനസഹായം നൽകുന്ന ഇക്കോമറൈൻ പ്രോജക്ട് പങ്കാളിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ആറ് രാജ്യങ്ങളിൽനിന്നുള്ള (യൂറോപ്പും ഏഷ്യയും ഉൾപ്പെടെ) ഒമ്പത് സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത നെറ്റ്‌വർക്ക് പ്രോജക്റ്റ് ഇന്ത്യയിലെയും മലേഷ്യയിലെയും ഏഷ്യൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (HEIs) മറൈൻ കൺസർവേഷൻ മോണിറ്ററിംഗ് ലാബുകളുടെ മാനേജ്മെന്റും പ്രവർത്തനവും മെച്ചപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

പ്രസ്തുത പ്രോജക്ട് പ്രകാരം കേരള സർവ്വകലാശാലയുടെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗത്തിന് ഏകദേശം 110427 യൂറോ (ഏകദേശം ഒരു കോടി ഇന്ത്യൻ രൂപ) ലഭ്യമാകും. ഇതിൽ പകുതി തുക

നിലവിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുകയും പ്രോജക്റ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാലാവസ്ഥാ മാറ്റത്തിന്റെ പ്രത്യാഘാതങ്ങളിൽനിന്ന് സമുദ്ര ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി വരുന്നത്; വിശദമാക്കാമോ?

യൂറോപ്യൻ സ്ഥാപനങ്ങളുമായുള്ള നെറ്റ്‌വർക്കിംഗിലൂടെയും പരിശീലനത്തിലൂടെയും അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗം സമുദ്രനിരീക്ഷണത്തിനുള്ള ഒരു "മറൈൻ മോണിറ്ററിംഗ് ലാബ്" സ്ഥാപിക്കുകയും അധ്യാപകരുടെയും ഗവേഷകരുടെയും പരിശീലനവും നൈപുണ്യശേഷി വികസനവും ഉറപ്പുവരുത്തുകയുംചെയ്യും.

മൂന്ന് പ്രധാന മേഖലകളിലാണ് ഗവേഷണം -

1. കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കാൻ കണ്ടൽക്കാടുകൾ ഉൾപ്പടെയുള്ള ആവാസവ്യവസ്ഥകളുടെ കാർബൺ സംഭരണശേഷി വിലയിരുത്തുക;

2. ഡ്രോൺ പോലുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തീരദേശ ജൈവവൈവിധ്യം രേഖപ്പെടുത്തുക;

3. സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് വിശിഷ്യാ, സൂക്ഷ്മ പ്ലാസ്റ്റിക്കുകളുടെ അളവ് തിട്ടപ്പെടുത്തുകയും പരിഹാരനിർദ്ദേശങ്ങളും നയപരമായ ഇടപെടലുകളും നിർദ്ദേശിക്കുക.

(സി) സമുദ്രശാസ്ത്ര മേഖലയിലെ ഗവേഷകർക്കായി ഇ-ലേണിംഗ് പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരള സർവ്വകലാശാല പങ്കാളിയായിട്ടുണ്ടോ; വിശദമാക്കാമോ?

സമുദ്രശാസ്ത്ര മേഖലയിലെ ഗവേഷകർക്കായി ഇ-ലേണിംഗ് പ്ലാറ്റ്ഫോമുകൾ ഇക്കോ മറൈൻ പ്രോജക്റ്റ് വികസിപ്പിച്ചുവരുന്നു. ഇതിൽ കേരള സർവകലാശാല പ്രോജക്ടിന്റെ ഭാഗമായി പങ്കാളിയാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ആദിവാസികൾക്ക് കൃഷി ഭൂമി

1 (5273) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസികൾക്ക് കൃഷി ഭൂമി ഉറപ്പുവരുത്തുന്നതിനായി പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 09-11-2001-ലെ സ.ഉ. (അച്ചടി) നമ്പർ. 63/2001/പജപവവിവ പ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചു.

ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളെയും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി ലഭ്യമാക്കുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ഭൂമി പട്ടികവർഗ്ഗക്കാർ കൃഷിക്കായി ഉപയോഗപ്പെടുത്തുന്നു.

## കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

2 (5274) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനയുടെയും വിപണന വിദ്യകളുടെയും പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സുസ്ഥിര കാർഷിക വികസനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ.-കൾ) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ 50 പുതിയ കർഷക ഉത്പാദക സംഘടനകളുടെ

രൂപീകരണവും നിലവിലുള്ള 49 കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കിവരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എഫ്.എ.സി. മുഖേന കാർഷിക മേഖലയിലെ സംരംഭകർക്ക് മൂലധന നിക്ഷേപങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകുന്നു. 'വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും' 2022-23 പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്ന ഘടക പദ്ധതിയാണ്.

2021-22 വർഷത്തിൽ ആരംഭിച്ച "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്.

കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുണ്ട്.

'ഒരു കൃഷി ഭവൻ ഒരു മൂല്യവർദ്ധിത ഉല്പന്നം' എന്ന സർക്കാർ നയത്തിന്റെ ഭാഗമായി അഞ്ഞൂറോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഇവയെ "കേരളാഗ്രോ" പൊതു ബ്രാൻഡിൽ വിപണിയിൽ സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കിക്കഴിഞ്ഞു.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയുടെ സ്ഥാപനം വാണിജ്യാവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതു സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമാവശ്യമായ അടിസ്ഥാന

സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

വിപണനത്തിനായി പ്രത്യേക സംവിധാനമൊരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം മുതലായവ ലക്ഷ്യമിട്ട് 2016 മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സംരംഭമാണ് 'വൈഗ'. ആയതിൽ സംസ്ഥാനത്തിനകത്തും ഇതര സംസ്ഥാനത്തും നിന്നുള്ള സംരംഭകർ ഒത്തുചേരുന്നതിനും അവരുടെ ഉല്പന്നങ്ങളും സാങ്കേതികവിദ്യകൾ എന്നിവ കൈമാറുന്നതിനും അതുവഴി മൂല്യവർധനവും വിപണിയും ഉറപ്പാക്കി ഉല്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനും സാധിക്കും. 2023 വൈഗയോടനുബന്ധിച്ച് സെമിനാറുകൾ, പ്രദർശനങ്ങൾ, അഗ്രി ഹാക്കത്തോൺ, ഡി.പി.ആർ. ക്ലിനിക്, ബി2 ബി മീറ്റ് എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ബി2 ബി-യുടെ

ഭാഗമായി സംസ്ഥാനത്തിനകത്തും ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തെ കർഷക ഗ്രൂപ്പുകൾ, സംരംഭകർ എന്നിവരുമായി കരാറിലേർപ്പെടുകയും ഏകദേശം 39 കോടി രൂപയുടെ കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയുമുണ്ടായി. കൂടാതെ ഡി.പി.ആർ. ക്ലിനിക്കുകൾ സംഘടിപ്പിച്ചതിലൂടെ കർഷകർക്ക് താത്പര്യമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയിലും ഭക്ഷ്യ സംസ്കരണ മേഖലയിലും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഡി.പി.ആർ. ക്ലിനിക്കുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൃഷിവകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'വൈഗ 2023'-ന്റെ ഭാഗമായി 2023 ഫെബ്രുവരി 15, 16, 17 തീയതികളിലായി ഡി.പി.ആർ. ക്ലിനിക് സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും DPR ക്ലിനിക് ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് സർക്കാർ നടത്തുന്ന കൃഷിദർശൻ പരിപാടിയോടനുബന്ധിച്ച് DPR ക്ലിനിക് സംഘടിപ്പിക്കുന്നതാണ്.

(സി) ഒരു കൃഷി ഭവൻ പരിധിയിൽ ഒരു ഉല്പന്നമെങ്കിലും തയ്യാറാക്കി വിപണനം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടത്തിയ പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. "ഒരു കൃഷിഭവൻ ഒരു മൂല്യവർദ്ധിത ഉല്പന്നം" എന്ന സർക്കാർ നയത്തിന്റെ ഭാഗമായി അഞ്ചൂറോളം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഇവയെ "കേരളാഗ്രോ" എന്ന പൊതു ബ്രാൻഡിൽ വിപണിയിൽ സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2016 മുതൽ സംസ്ഥാനത്ത് നടത്തിവരുന്ന വൈഗയോടനുബന്ധിച്ച് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾവഴി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും കർഷകരെ പങ്കാളികളാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില

3 (5275) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

2022-23 "വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ചെറുകിട കർഷക-കാർഷിക വ്യാപാര കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മ തലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിനനുസൃതമായി സബ്സിഡി അനുവദിക്കുന്നു. ഇതിനായി 400 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുംവിധം പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകളെ

രൂപീകരിക്കുന്നതിനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും എസ്.എഫ്.എ.സി. മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

എഫ്.പി.ഒ.-കൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മൂല്യവർദ്ധിത യൂണിറ്റുകളുടെ വിപണനത്തിൽ സഹായിക്കുന്നതിനായി 140 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവ്വീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് ആകെ വിലയുടെ 20% ധനസഹായം നൽകുന്നതാണ്. നടപ്പ് സാമ്പത്തിക വർഷം 140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിലുള്ള കാർഷികോല്പന്നങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും PACS-ന് കീഴിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിച്ചെലവിന്റെ 50% തുക ധനസഹായമായി നൽകുന്നു.

കൂടാതെ കൃഷിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പിന്റെ കീഴിൽ മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനുമായി മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിംഗ് യൂണിറ്റ്, തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസിംഗ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

(ബി) വിവിധ കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാൻ പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനും വിലയിടിവ് തടയാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

<u>പച്ചത്തേങ്ങ സംഭരണം</u>:- നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ

സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, വി.എഫ്.പി.സി.കെ., കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്.

നെല്ല് സംഭരണം:- സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് ഇരുപത് രൂപ നാല്പത് പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ്സും കൂടി ചേർത്ത് കിലോഗ്രാമിന് ഇരുപത്തിയെട്ട് രൂപ ഇരുപത് പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്.

പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി:- സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ

ഉൽപ്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു. 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി:- റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കേരൾ അഗ്രോ ബ്രാൻഡിൽ കൃഷി ഉല്പന്നങ്ങൾക്ക് പൊതുവിപണി, കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ

ലഭ്യമാക്കുക, കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി KABCO (കേരളാ അഗ്രോ ബിസിനസ്സ് കമ്പനി), മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനും മൂല്യവർദ്ധിത കൃഷി വർദ്ധിപ്പിക്കുന്നതിനും കൃഷിക്കൂട്ടങ്ങളും FPO-കളും, മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളുടെ പൂർണ്ണമായ മേൽനോട്ടത്തിനും കർഷകവരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും VAAM (Value Added Agriculture Mission) തുടങ്ങിയവയും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമാണ്.

**കാർഷിക വിജ്ഞാന വ്യാപനം**

4 (5276) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായുള്ള ഒരു സമഗ്ര പദ്ധതിയാണ് 2023-24 കാലയളവിൽ സർക്കാർ നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. കേരള സംസ്ഥാനത്ത് ഇദംപ്രഥമായി കൃഷിമന്ത്രിയും ഉന്നതോദ്യോഗസ്ഥരും വിദഗ്ദ്ധ സംഘവും കർഷകരുടെ കൃഷിയിടത്തിലേയ്ക്കെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ആ പ്രദേശത്തെ കാർഷിക പ്രശ്നങ്ങൾക്ക് അപ്പപ്പോൾത്തന്നെ പരിഹാരം കണ്ടെത്തുകയും ആ പ്രദേശത്തിനായി ഒരു വികസന പരിപ്രേക്ഷ്യം തയ്യാറാക്കുകയും ചെയ്യുന്ന കൃഷി ദർശൻ പദ്ധതി 2022-2023 കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൃഷിദർശൻ എന്ന ഈ പദ്ധതി B2B മീറ്റ്, ഡി.പി.ആർ. ക്ലിനിക്ക് എന്നിങ്ങനെയുള്ള വിവിധ പരിപാടികൾ കൂടി ഉൾപ്പെടുത്തി കൂടുതൽ കാർഷിക ബ്ലോക്കുകളിൽ 2023-24 കാലയളവിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സുരക്ഷിത ഭക്ഷ്യോത്പാദനവും തൊഴിലവസര സൃഷ്ടിയും മുൻനിർത്തി ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്'. ഇതിന്റെ ഭാഗമായി സ്വയംസഹായ സംഘ മാതൃകയിൽ 25000-ൽ അധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഉല്പാദനം, സേവനം, സംസ്കരണം, വിപണനം എന്നിങ്ങനെ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് അവ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കൂടാതെ കർഷക വരുമാനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 2023-24 കാലയളവിൽ കൃഷിക്കൂട്ടങ്ങൾക്ക് വിവിധ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനായി വെൻച്വർ ക്യാപിറ്റൽ ഫണ്ടുകൾ നൽകുന്നതിനായി ഉദ്ദേശിക്കുന്നു. ഇതിനായി 6 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമെ വാർഡുതല അഗ്രോക്ലിനിക്കുകൾ നടത്തുന്നതിനായി 70 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ സാങ്കേതികവിദ്യകൾ കൂടുതലായി കർഷകരിലേയ്ക്കും കർഷക കൂട്ടായ്മകളിലേയ്ക്കും എത്തിക്കാൻ ഇവ ഉപകരിക്കും.

**കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

5 (5277) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ കൃഷിക്കാരും ചെറുകിട കച്ചവടക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ കൃഷിക്കാരും ചെറുകിട കച്ചവടക്കാരും പ്രത്യേകിച്ച് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത വിതരണക്കാരിൽനിന്നും കർഷകർക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. സബ്സിഡിയിൽ കാർഷിക യന്ത്രങ്ങൾ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും നൽകുന്ന പ്രധാന പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പോലെയുള്ള പദ്ധതികൾ പൂർണ്ണമായും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങൾ അവർക്ക് ഇഷ്ടമുള്ള പദ്ധതി അംഗീകൃത വിതരണക്കാരിൽനിന്നും വാങ്ങാവുന്നതാണ്. ഈ പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ കർഷകർ കൃഷി വകുപ്പിന്റെ ഓഫീസുകളിൽ പോകേണ്ടതില്ല. ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും അവരുടെ അപേക്ഷയുടെ മുൻഗണനാക്രമമനുസരിച്ച് അപേക്ഷകന് കാർഷിക യന്ത്രങ്ങൾ ലഭ്യമാകുന്നതും സബ്സിഡി ഓൺലൈനായിത്തന്നെ അവരുടെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നതുമാണ്.

(ബി) സാധാരണ കർഷകർ പ്രസ്തുത ഉപകരണങ്ങൾ വാങ്ങുമ്പോൾ ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കാർഷിക ഉപകരണങ്ങൾ വാങ്ങുമ്പോൾ ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതുസംബന്ധിച്ച് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ വാങ്ങുന്ന കാർഷികോപകരണങ്ങളുടെ ഗുണനിലവാരവും വിൽപ്പനാനന്തര സേവനങ്ങളും ഉറപ്പുവരുത്തുന്നതിനായി അംഗീകൃത വിതരണക്കാരിൽനിന്നും വാങ്ങുന്നതായിരിക്കും ഉചിതം. ഇതുമൂലം കർഷകർക്ക് മെച്ചപ്പെട്ട ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാകുന്നു. SMAM പദ്ധതിയിലൂടെ നൽകുന്ന വിവിധ കാർഷിക യന്ത്രോപകരണങ്ങളുടെ വിശദവിവരങ്ങളും അംഗീകൃത നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും ലിസ്റ്റും https://agrimachinery.nic.in/CitizenCorner/CitizenCorner എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരം കാര്യങ്ങളിൽ കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ഏറ്റവും വേഗം ലഭ്യമാക്കാൻ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ കൃഷി ഭവൻ വഴി ലഭ്യമാക്കുന്നുണ്ട്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായും കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായും സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കിവരുന്നു. വാർഷിക പദ്ധതിയായ സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ 28 കൃഷിഭവനുകളും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന RIDF പദ്ധതി പ്രകാരം ഒരു ജില്ലയിൽനിന്നും ഒരു കൃഷിഭവൻ വീതവും സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൃഷിഭവനുകളിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം കൂടി നടപ്പിലാക്കുന്നതാണ്.

**കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

6 (5278) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പാദന ക്ഷമത, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങളിൽനിന്നുള്ള വരുമാനം തുടങ്ങിയവ വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രധാന വിളകൾ കേന്ദ്രീകരിച്ചും കാർഷിക മേഖലകൾ കേന്ദ്രീകരിച്ചുമുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 23 കാർഷിക മേഖലകളായി (Agro Ecological Zones) തിരിച്ച് ഓരോ മേഖലയ്ക്കും അനുയോജ്യമായ രീതിയിലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വിവിധ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗം, ഉല്പാദനോപാദികളുടെ വിതരണം, അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തലും വിതരണവും തുടങ്ങിയ സമീപനങ്ങൾ സ്വീകരിച്ചുവരുന്നു. നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, ഫലവർഗ്ഗ വികസന പദ്ധതി, പൂക്കളുടെയും ഔഷധ സസ്യങ്ങളുടെയും വികസനം, സുഗന്ധവിള വികസനം തുടങ്ങിയ വിള അധിഷ്ഠിത പദ്ധതികളിലൂടെ ഉല്പാദന വർദ്ധനവും ഉല്പാദന ക്ഷമത വർദ്ധനവും ലക്ഷ്യംവയ്ക്കുന്നുണ്ട്.

സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനും വരുമാന ഭദ്രതയ്ക്കുംവേണ്ടി സാധ്യമായ ഭൂഭാഗങ്ങളിലെല്ലാം കൃഷി ചെയ്യുന്നതിനും വിഷരഹിത ഭക്ഷണം എന്ന പേരിൽ വിപണനം ചെയ്യുന്നതിനും എല്ലാ ജനവിഭാഗങ്ങളെയും

ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ജനകീയ ക്യാമ്പയിനായ 'ഞങ്ങളും കൃഷിയിലേയ്ക്ക്' നടപ്പിലാക്കിവരുന്നു. 'ഞങ്ങളും കൃഷിയിലേക്ക്' ക്യാമ്പയിനിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധന വിപണി എന്നീ മേഖലകളിലായി 25887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ഓഗസ്റ്റ് 17) കർഷകദിനത്തോടനുബന്ധിച്ച് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയും ആരംഭിച്ചു.

കർഷകരുടെ വരുമാന വർദ്ധനവ് ആദ്യപരിഗണനയായി മുന്നിൽക്കണ്ട് 14-ാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ ഈ സർക്കാർ സ്വീകരിച്ചുവരുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. വിള കേന്ദ്രീകൃത ആസൂത്രണത്തിൽനിന്നും വിഭിന്നമായി കൃഷിയിടത്തിന്റെ സാധ്യതകൾ മുന്നിൽക്കണ്ട് സ്വീകരിക്കുന്ന ശാസ്ത്രീയമായ സമീപനമാണിത്. നിലവിൽ വിള അടിസ്ഥാനമായുള്ള പദ്ധതികളോടൊപ്പംതന്നെ സമുചിതമായ ഭൂവിനിയോഗം കൈവരിക്കുക, സംയോജിത പോഷക പരിപാലന രീതികൾ പ്രോത്സാഹിപ്പിക്കുക, ദുരന്ത നിവാരണ തന്ത്രമായി സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുക, വിവിധ വിള സമ്പ്രദായങ്ങളിൽ വിള വൈവിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിയിടാധിഷ്ഠിത പദ്ധതികളും

നടപ്പിലാക്കുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമായി രൂപീകരിച്ച് നടപ്പിലാക്കിവരുന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് "വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" (Post Harvest Management and Value Addition). ഇടത്തരം, ചെറുകിട, സൂക്ഷ്മ കാർഷിക സംസ്കരണ/മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുക കർഷക ഉല്പാദക സംഘടനകളെ നവീകരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷിക മേഖലയിലെ സംരംഭകത്വത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകുന്നു.

കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തി കാർഷിക വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിപണനത്തിനായി പ്രത്യേക

സംവിധാനമൊരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കർഷകർക്ക് സുസ്ഥിരവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോല്പന്നങ്ങളുടെ കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളായ 'കാർഷിക വിപണി ശക്തിപ്പെടുത്തൽ', 'വിലനിലവാരം സ്ഥിരപ്പെടുത്താൻ വിപണി ഇടപെടൽ', 'കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില' എന്നിവ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിലയിലെ ഏറ്റക്കുറച്ചിലുകൾ, കാര്യക്ഷമമായ വിപണന സംവിധാനത്തിന്റെ അഭാവം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം.

(ബി) ഇത്തരം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

കാർഷിക വികസന കാർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കെല്ലാം നിരന്തരമായ മോണിറ്ററിംഗ് സംവിധാനം വകുപ്പിൽത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

https://www.planspace.kerala.gov.in/ എന്ന പോർട്ടലിൽ പദ്ധതി പുരോഗതി അപ്പപ്പോൾത്തന്നെ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പൊതുപ്രവർത്തന സംവിധാനമായി ജില്ലകളുടെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താൻ കൃഷി ഡയറക്ടർ പ്രതിമാസ അവലോകന യോഗങ്ങൾ എല്ലാ മാസവും നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഉത്തരവുകളും നൽകുകയും ചെയ്യുന്നുണ്ട്. ഓരോ പദ്ധതിയുടെയും സംസ്ഥാനതല നിർവ്വഹണ ചുമതല അതിനായി കൃഷി അഡീഷണൽ ഡയറക്ടർക്കോ സ്റ്റേറ്റ് കൃഷി എഞ്ചിനീയർക്കോ ആയിരിക്കും. കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് വിവിധ ജില്ലകളുടെ നോഡൽ ഓഫീസർമാർ എന്ന ചുമതലയും നൽകിയിട്ടുണ്ട്. ഇവർ ജില്ലകളിൽ വച്ചുതന്നെ പദ്ധതി അവലോകന യോഗങ്ങൾ യഥാസമയം നടത്താറുണ്ട്.

ജില്ലാതലത്തിൽ ജില്ലാ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരുടെ യോഗങ്ങൾ

എല്ലാ മാസവും നടത്തുകയും പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ അതത് കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും പദ്ധതി നിർവ്വഹണ ചുമതല. കൂടാതെ അവർക്കുതന്നെ വിവിധ ബ്ലോക്കുകൾ നോഡൽ ബ്ലോക്കുകളായി നൽകിയിട്ടുമുണ്ട്. കൂടാതെ ജില്ലാതല ഓഫീസർമാർ ഫീൽഡ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരാണ് കൃഷിഭവൻ തലത്തിൽ പദ്ധതി നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുന്നത്. മാസാമാസങ്ങളിലുള്ള യോഗങ്ങൾക്കുപുറമെ കൃഷിഭവൻ ഫീൽഡ് പരിശോധനകൾകൂടി നടത്തിയാണ് പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നത്.

കൃഷി ഓഫീസർമാർ തങ്ങളുടെ കൃഷി അസിസ്റ്റന്റുമാരുടെയും അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെയും പദ്ധതി നിർവ്വഹണം യഥാസമയം വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

**കേരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ നടപ്പാക്കാൻ നടപടി**

7 (5279) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതുവഴി എന്തെല്ലാം പുരോഗതികളാണ് വാമനപുരം മണ്ഡലത്തിലെ ആനാട് ഗ്രാമപഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആനാട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിലാണ് ഒന്നാം വർഷ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

43750 തെങ്ങുകൾക്ക് (250 ഹെ.) തടം തുറക്കൽ, കുമ്മായം, ജൈവ രാസവളം, രോഗ കീട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെ വിവിധ പ്രവൃത്തികൾക്ക് പ്രോത്സാഹനം നൽകിയതിന്റെ ഭാഗമായി നാളികേര ഉല്പാദനത്തിൽ ഗണ്യമായ പുരോഗതിയുണ്ടായി.

ജലസേചന സൗകര്യം ക്രമീകരിക്കലിന്റെ ഭാഗമായി കിണർ (5 എണ്ണം), പമ്പ് സെറ്റ് (5 എണ്ണം) തുടങ്ങിയവ അനുവദിച്ചതും തെങ്ങുകയറ്റം ലഘൂകരിക്കുന്നതിന് palm climber (30 യൂണിറ്റ്) വിതരണം ചെയ്തതും കാറ്റുവീഴ്ച രോഗം ബാധിച്ചതും കാലം ചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി (1085) പുതിയ തെങ്ങിൻ തൈകൾ (1750) വയ്ക്കുന്നതിന് പ്രോത്സാഹനം നൽകിയതും തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്ക് വളരെ ഗുണം ചെയ്തിട്ടുണ്ട്. തെങ്ങ് കൃഷിക്കൊപ്പം ഇടവിള കൃഷിക്ക് (250 ഹെക്ടർ) നടീൽ വസ്തുക്കൾ

വിതരണം ചെയ്തതിൽനിന്ന് രണ്ടാം വർഷമായപ്പോൾ കേരകർഷകർ അധിക വിളവ് എടുത്തുതുടങ്ങി.

കേരഗ്രാമം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കേരസമിതി, തെങ്ങിൻ തൈ ഉല്പാദനം (300 എണ്ണം), ഉരുക്കുവെളിച്ചെണ്ണ നിർമ്മാണം (12 ലിറ്റർ), വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് (300 ലിറ്റർ), ചകിരിച്ചോറ് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് (10 ടണ്ണിലേറെ ഉല്പാദനമുള്ളവ) എല്ലാം മാതൃകാപരമായി പ്രവർത്തിക്കുന്നു.

കേരസമിതിയുടെ നേതൃത്വത്തിൽ തുടങ്ങിയ നാളികേര ചന്ത, പദ്ധതി പ്രചരണം ഉറപ്പാക്കലും കേരകർഷക ഏകോപനവും പുരോഗതി ഉറപ്പാക്കി മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുപോകുന്നു. ഇതിനകം 10 ലക്ഷം രൂപയിലധികം നാളികേര സംഭരണവും വിതരണവും (20 ടണ്ണിലേറെ) കേരസമിതി സാധ്യമാക്കിക്കഴിഞ്ഞു. 750-ൽ അധികം കർഷകർ മെമ്പർഷിപ്പെടുത്ത് കേരസമിതിയുടെ ഭാഗമായിട്ടുണ്ട്.

കേരഗ്രാമം പദ്ധതി ജനകീയവൽക്കരിക്കുന്നതിലും കേരകർഷകരെ ഒന്നിപ്പിക്കുവാനും തെങ്ങ് കൃഷി ഒരു സജീവ ചർച്ചയാക്കാനും ആനാടിന് കഴിഞ്ഞിട്ടുണ്ട്.

(ബി) എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി അനുവദിച്ചിരുന്നതെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ?

ഒന്നാം വർഷം 50.17 ലക്ഷം രൂപ അനുവദിക്കുകയും 100% തുക ചെലവഴിക്കുകയും ചെയ്തു.

രണ്ടാം വർഷം 20 ലക്ഷം രൂപ അനുവദിച്ചതിൽ 19.48 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു.

(സി) കേരകർഷകർക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2014-15 വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരഗ്രാമം. വരുംവർഷങ്ങളിലും ഇതുവരെ പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളിൽ തുടർച്ചയായ 100 ഹെക്ടർ തെങ്ങ് കൃഷിയുള്ള പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**കേരഗ്രാമം പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ**

8 (5280) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നാളികേര കൃഷിയുടെ വികസനത്തിലും നാളികേര സംഭരണത്തിലും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

നാളികേര വികസന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിക്കായി 7390 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. കൂടാതെ, സംസ്ഥാനത്തെ നാളികേര കൃഷിയുടെ വികസനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകളിൽ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നു. 2021-2022 വർഷം 9.27 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഫാമുകളിൽ ഉല്പാദിപ്പിക്കുകയുണ്ടായി. 2023 നടീൽ സീസണിൽ വിതരണത്തിന് 10 ലക്ഷത്തോളം തെങ്ങിൻ തൈകൾ ഫാമുകളിൽ തയ്യാറാക്കി വരുന്നു. 2022-23 സാമ്പത്തിക വർഷ പദ്ധതിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി 20 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്.

പച്ചത്തേങ്ങയുടെ സംഭരണ വില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതൽക്കാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14-01-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉല്പാദനച്ചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 3.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

09-3-2023 വരെ 122 കേന്ദ്രങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. കേരഫെഡ് 4 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും 24 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും 63 സംഭരണ കേന്ദ്രങ്ങളിൽ VFPCK മുഖേനയും 13 സംഭരണ കേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നത്. കൂടാതെ കേരഫെഡും VFPCK-യും മൊബൈൽ സംഭരണ കേന്ദ്രങ്ങൾ മുഖേനയും സംഭരണം നടത്തി വരുന്നു. ഒരു തെങ്ങിൽനിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും 07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 09-03-2023 വരെ 10346.72213 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്.

(ബി) ഉല്പാദനക്ഷമത കുറഞ്ഞതും രോഗബാധയുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതടക്കമുള്ള പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി കേരഗ്രാമം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ കേടുവന്നതും പ്രയാധിക്യംമൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങ് മുറിച്ചുമാറ്റുന്നതിന് 1,000/- രൂപയും പുതിയ തൈകൾ നടുന്നതിന് 60/- രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റീജുവനേഷൻ എന്ന പദ്ധതിയിലും തെങ്ങ് മുറിച്ചുമാറ്റുന്നതിനും പുതിയവ നടുന്നതിനും 1,000/- രൂപയും 40/- രൂപയും വീതം നൽകുന്നു.

(സി) സംസ്ഥാനത്ത് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) കേര ഗ്രാമം പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കിയതിലൂടെ എത്ര നാളികേര കർഷകർക്ക് ഗുണം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2022-23 വർഷത്തിൽ കേരഗ്രാമം പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കിയതിലൂടെ 304044 കർഷകർക്ക് ഗുണം ലഭിച്ചിട്ടുണ്ട്.

(ഇ) നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനും ഗുണമേന്മയേറിയ തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിനും കേന്ദ്ര, സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രയാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉല്പാപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള കാർഷിക സർവ്വകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (സി.ഡി.ബി.), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് എന്നിവയുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 വീതമെങ്കിലും 50% സബ്സിഡി നിരക്കിൽ പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക,

നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

കൂടാതെ, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനായി നാളീകേര വികസന ബോർഡിന്റെ പദ്ധതിയായ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി" 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവും ചെലവഴിച്ചുകൊണ്ടാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നിലവിൽ കൃഷി വകുപ്പ് ഫാമുകളിലാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 4 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിന് കേന്ദ്ര വിഹിതമായി 64 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 64 ലക്ഷം രൂപയുമായി ആകെ 128 ലക്ഷം രൂപ എന്ന തോതിൽ 2021-22 വർഷത്തിലും 2022-23 വർഷത്തിലും ലഭ്യമാക്കുകയും പ്രസ്തുത തുക ചെലവഴിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷിവകുപ്പ് ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി വരികയും ചെയ്യുന്നു. കൂടാതെ 2022-23 വർഷം കൃഷി വകുപ്പ് ഫാമുകളിൽ 80 ഹെക്ടറിൽ മാതൃകാ തെങ്ങിൻ തോട്ടങ്ങൾ സജ്ജീകരിക്കുന്നതിന് ഹെക്ടറൊന്നിന് 17,500/- രൂപ നിരക്കിൽ ഒന്നാം വർഷ സഹായധനമായി

14 ലക്ഷം രൂപയും 3 എണ്ണം കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു യൂണിറ്റിന് 40,000/- രൂപ നിരക്കിൽ 1.2 ലക്ഷം രൂപയുമായി ആകെ 15.2 ലക്ഷം രൂപ 100% കേന്ദ്ര വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.

**കർഷകർ സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് സബ്സിഡി**

9 (5281) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് വന്യജീവി ആക്രമണംമൂലം നാശനഷ്ടമുണ്ടായാൽ നിശ്ചിത മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. കൂടാതെ സംസ്ഥാന കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ചുവരുന്നു.

(ബി) വന്യമൃഗങ്ങളിൽനിന്നുള്ള ശല്യം ഒഴിവാക്കി കൃഷി സംരക്ഷിക്കുന്നതിന് കർഷകർ സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപ "മാനേജ്മെന്റ് ഓഫ് അനിമൽ അറ്റാക്ക്" എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. സോളാർ ഫെൻസിംഗ്, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ്, തേനീച്ചവേലി, ബോറപ്പ്, ഇക്കഡോൺ എന്നീ വികർഷണ വസ്തുക്കൾ ഉപയോഗിക്കുക മുതലായ നിയന്ത്രണ മാർഗ്ഗങ്ങൾക്കാണ് പ്രോജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചുവരുന്നത്.

(സി) കർഷകർ നേരിട്ട് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് 100% സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

കർഷകർ നേരിട്ട് സ്ഥാപിക്കുന്ന സോളാർ ഫെൻസിംഗിന് 100% സബ്സിഡി അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി**

10 (5282) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ക്യാമ്പയിനാണ് " ഞങ്ങളും കൃഷിയിലേയ്ക്ക്" . ആയതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ

കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 15538 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്റ്റ്രേഷൻ നടപടി തുടർന്നുവരുന്നു.

തദ്ദേശഭരണ സ്ഥാപനത്തിലും വാർഡ് തലത്തിലും സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും വിള നിശ്ചയിക്കൽ, ഭൂമി കണ്ടെത്തൽ, മൂല്യവർദ്ധനവിനും വിപണനനത്തിനുമായി സഹായിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രദേശികമായ ഉല്പാദന വിളനിർണ്ണയ-വിപണനരേഖകൾ തയ്യാറാക്കുകയും ചെയ്യുന്നു.

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പ് വരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ.-കൾ) വ്യാപനം ഉദ്ദേശിച്ചാണ് സർക്കാർ കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. പ്രത്യേക കാർഷിക വിളകൾ ആധാരമാക്കി കൃഷിയിൽ ഏർപ്പെടുന്ന കൃഷിക്കൂട്ടങ്ങളെ ഒരുമിപ്പിച്ച് മേഖലയിലെ കർഷക ഉല്പാദക സംഘടനകളാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൃഷിക്കൂട്ടങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു. RKVY പദ്ധതി പ്രകാരം പുതിയ 50 കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 50 കർഷക ഉല്പാദക

സംഘടനകളുടെ ശാക്തീകരണവും കൃഷി വകുപ്പ് എസ്.എഫ്.എ.സി. മുഖേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു. ഒരു എഫ്.പി.ഒ.-യ്ക്ക് 60 ലക്ഷം രൂപയുടെ ആനുകൂല്യമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 41 പുതിയ FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷിക ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ മൂല്യവർദ്ധിത മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 1000 കൃഷിക്കൂട്ടങ്ങളെ മൂല്യവർദ്ധന മേഖലയിൽ രജിസ്റ്റർ ചെയ്ത് തയ്യാറാക്കുന്നതാണ്.

ഒരു കൃഷി ഭവൻ ഒരു ഉല്പന്നം എന്ന ആശയം 2023 വർഷത്തിൽ സാധ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഓൺലൈൻ ഇ-കോമേഴ്സ് പോർട്ടലുകളിൽ കൃഷി വകുപ്പിന്റെ 100 ഉല്പന്നങ്ങൾ കേരൾ അഗ്രോ ബ്രാന്റിൽ വിപണനത്തിനായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേളത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് സ്ഥിരമായ വിപണന സംവിധാനമൊരുക്കുന്നതിനും അന്താരാഷ്ട്ര വിപണികൾ ഉൾപ്പെടെയുള്ള മാർക്കറ്റുകളിൽ വിപണനം നടത്തുന്നതിനുമുള്ള ഒരു ഏകോപിത സംവിധാനമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.

മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനായി ഉല്പന്നങ്ങളുടെ പാക്കേജിംഗിൽ പരിശീലനം ലഭ്യമാക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, മുംബൈയുമായി ഉടമ്പടിയിൽ ഏർപ്പെടുകയും പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

"കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം" എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ട് 2023-ൽ വൈഗ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത വൈഗയിൽ ബിസിനസ്സ് മീറ്റ്, അഗ്രി

ഹാക്കത്തോൺ, ഡി.പി.ആർ. ക്ലിനിക് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാൻ സാധിച്ചു.

“ ഞങ്ങളും കൃഷിയിലേക്ക്” ക്യാമ്പയിനിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കർഷക ദിനമായ ചിങ്ങം 1 (2022 ഓഗസ്റ്റ് 17)-ന് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തൊട്ടാകെ നെല്ല്, വിവിധ ഇനം പച്ചക്കറി ഇനങ്ങൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങ് വർഗ്ഗങ്ങൾ, തുടങ്ങി മറ്റ് വിളകൾ ഉൾപ്പെടെ 78312 ഹെക്ടർ സ്ഥലത്ത് ഇതുമൂലം കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്.

ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതി'-യിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരുമായി സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി സർക്കാർ വിഭാവനം ചെയ്ത പരിപാടിയായ 'കൃഷിദർശൻ' പരിപാടി പ്രാവർത്തികമായിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് മൂന്ന് ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(എ) ഒല്ലൂർക്കര ബ്ലോക്ക്, തൃശ്ശൂർ ജില്ല - 2022 ഒക്ടോബർ 25 മുതൽ 29 വരെ.

(ബി) തലശ്ശേരി ബ്ലോക്ക്, കണ്ണൂർ ജില്ല - 2022 നവംബർ 22 മുതൽ 26 വരെ

(സി) നെടുമങ്ങാട് ബ്ലോക്ക്, തിരുവനന്തപുരം ജില്ല - 2023 ജനുവരി 24 മുതൽ 28 വരെ.

(ബി) ഇതിനായി സർക്കാർ എന്തെങ്കിലും ധനസഹായം/സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്ങനെയാണ് ഈ പദ്ധതിയിൽ ചേരേണ്ടതെന്നും ഇതിലൂടെ കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്നും അറിയിക്കുമോ?

" ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പ് നടപ്പാക്കുന്നതും വിവിധ പദ്ധതികൾക്കായി വകകൊള്ളിച്ചിട്ടുള്ളതുമായ തുകകൾ ഫലപ്രദമായി ഞങ്ങളും കൃഷിയിലേക്ക് പദ്ധതിക്കായും പദ്ധതിയുടെ ഭാഗമായുള്ള വ്യക്തിഗത കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും നൽകുന്നുണ്ട്.

കാർഷിക താല്പര്യമുള്ള ഏതൊരു വ്യക്തിക്കും കുടുംബത്തിനും സംഘടനകൾക്കും പദ്ധതിയിൽ ചേരാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതിയിൽ വാർഡ് മെമ്പർമാർ രക്ഷാധികാരിയായ സമിതിയുടെ നേതൃത്വത്തിലാണ് പദ്ധതി വാർഡ് തലത്തിൽ നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തദ്ദേശ സ്ഥാപന തലവൻ അദ്ധ്യക്ഷനായ സമിതി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുന്നു. വർഡ് തലത്തിൽ കൃഷിക്കൂട്ടങ്ങളായി മാറിയ കൂട്ടായ്മ പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ നടത്തേണ്ടത് നിർബന്ധമാണ്. താല്പര്യം അനുസരിച്ച് ഉല്പാദന, സേവന, സംഭരണ, വിപണന മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധ്യമാകും. കൃഷിക്കൂട്ടങ്ങളെ എഫ്.പി.ഒ.-കളാക്കി മാറ്റുകയോ അല്ലെങ്കിൽ കൃഷിക്കൂട്ടങ്ങളായി നിലനിർത്തുകയോ

ചെയ്യുകയാണെങ്കിൽ ബന്ധപ്പെട്ട സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

2022-23 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന വിളയധിഷ്ഠിത കൃഷിക്കും കൃഷിക്കൂട്ടങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്.

## മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പാക്കിംഗ്

11 (5283) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പാക്കിംഗിനായി പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അത്തരം പാക്കിംഗ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) ഇല്ല. കാർഷിക ഉല്പന്നങ്ങളുടെ പാക്കേജിംഗിലെ കാലികവും നൂതനവുമായ പ്രവണതകളെക്കുറിച്ച് കൃഷിക്കൂട്ടങ്ങൾ, കർഷകോല്പാദക സംഘങ്ങൾ (FPO), കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുന്നതിനും സാങ്കേതികവിദ്യ കൈമാറ്റത്തിനും ദേശീയതലത്തിൽ

മുംബൈയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് എന്ന സ്ഥാപനവുമായി കൃഷി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

12 (5284) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കൃഷി ഭവൻ മുഖേന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (Pradhan Manthri Krishi Sinchayi Yojana-PMKSY-PDMC) പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും കൃഷി വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. ജില്ലകൾ തോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി

രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷി വകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയ്യാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യാപകമാക്കാൻവേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപ്പുസ്തകങ്ങളും വിതരണത്തിനായി തയ്യാറാക്കി വരുന്നു. പത്രമാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും PMKSY-PDMC പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വഴിയാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും സാങ്കേതിക വിവരങ്ങളും കൃഷി ഭവനുകളിൽ ലഭ്യമാണ്. സബ്സിഡിക്കായി കൃഷിഭവനുകൾ മുഖാന്തരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖേനയോ കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൃഷി ഭവൻ തലത്തിൽ ക്യാമ്പുകൾ നടത്തി ജീവനക്കാർക്കും കർഷകർക്കും പരിശീ പരിശീലനം നൽകി വരുന്നു.

## വിള ഉല്പാദിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി

13 (5285) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ ഭൂമിയിൽ വിള ഉല്പാദിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഏതെങ്കിലും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർത്തിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാംതന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകർക്കുവേണ്ടി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

കൂടാതെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി ഗോത്ര വിഭാഗക്കാരുടെ പരമ്പരാഗത കൃഷി പരിപോഷിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിൽ അഗളി താലൂക്കിൽ അഗളി, അട്ടപ്പാടി, ഷോളയൂർ പഞ്ചായത്തുകളിലെ ഗോത്രവർഗ്ഗ കർഷകരെ ഉൾപ്പെടുത്തി മില്ലെറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പാക്കി വരുന്നു. അതുപോലെ തൃശ്ശൂർ ജില്ലയിൽ ആദിവാസി ഗോത്ര വിഭാഗ കർഷകരെ ഉൾപ്പെടുത്തി അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്റ്റ് നിലവിൽ നടന്നുവരുന്നു. രണ്ട് പദ്ധതിയോടനുബന്ധിച്ചും ഉല്പന്നസംഭരണം, മൂല്യവർദ്ധനം, വിപണനം എന്നീ മേഖലകളിൽ ഇടപെടുന്നതിനായി കർഷക പ്രൊഡ്യൂസർ കമ്പനിയും സ്ഥാപിച്ച് കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) അപ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## വിള ഇൻഷ്വറൻസ്

14 (5286) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ ഓരോ ജില്ലയിലും എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ തീർപ്പുകൽപ്പിച്ചത് എത്രയെന്നും വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് 01-04-2021 മുതൽ 09-03-2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്ത ക്ലെയിമുകളുടെയും തീർപ്പാക്കിയവയുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രകൃതി ക്ഷോഭത്തിൽ നശിക്കുന്ന ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷയുള്ളതെന്നും പ്രകൃതി ക്ഷോഭത്തിലല്ലാതെ നശിക്കുന്ന വിളകൾക്ക് പരിരക്ഷ ലഭിക്കുമോയെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കൂവരക്, കുതിരവാലി) എന്നീ 27 വിളകൾക്കാണ് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകുന്നത്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും, വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിനും, നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഉണ്ടെന്നിരിക്കെ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന കൃഷി വകുപ്പ് മുഖേനയാണ്. കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഭസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പാക്കുന്നത് AICL എന്ന സ്വകാര്യ ഏജൻസിയാണ്.

**മഴമറ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ**

15 (5287) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് പച്ചക്കറി കൃഷി നടത്താൻ ആവശ്യമായ മഴമറകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിനിന്റെ ഭാഗമായി 'സമഗ്ര പച്ചക്കറി വികസന പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു മുഖ്യഘടകമാണ് മഴമറയിലെ പച്ചക്കറി കൃഷി.

മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം മഴമറ നിർമ്മിക്കുന്നതിന് സഹായധനമായി 506.430 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ആയതിന് അതത് കൃഷി ഭവനുകൾ വഴി കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**കൃഷിദർശൻ പദ്ധതി**

16 (5288) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ദിനത്തിൽ ആരംഭിച്ച കൃഷിദർശൻ പദ്ധതിയുടെ ഭാഗമായി എത്ര കൃഷിയിടങ്ങളിൽ പുതിയതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; കൃഷിയിടങ്ങളുടെ വിലാസം ഉൾപ്പെടെയുള്ള ലിസ്റ്റ് ജില്ല തിരിച്ച് നൽകുമോ?

ഒല്ലൂക്കര (തൃശ്ശൂർ), തലശ്ശേരി (കണ്ണൂർ), നെടുമങ്ങാട് (തിരുവനന്തപുരം) എന്നീ കാർഷിക ബ്ലോക്കുകളിലായി നടപ്പ് സാമ്പത്തികവർഷം നടത്തിയ കൃഷിദർശൻ പദ്ധതിയുടെ ഭാഗമായി പുതിയതായി ആരംഭിച്ച കാർഷിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മുഖേന എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്; നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കൃഷിദർശൻ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബ്ലോക്ക്തല കർഷക അദാലത്തിൽ ഉന്നയിക്കപ്പെട്ട നിരവധി പരാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 29-10-2022-ലെ സ.ഉ. (കൈ) നം. 93/2022/കൃഷി ഉത്തരവുപ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ച് അസംരക്ഷിത വനപ്രദേശങ്ങളിലും വാടകയ്ക്ക് എടുത്ത കൃഷിസ്ഥലങ്ങളിലും കൃഷി ചെയ്യുന്നവർക്കുകൂടി കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം മുടങ്ങിയതുമായി ബന്ധപ്പെട്ട് കെട്ടിക്കിടന്ന അപേക്ഷകളിൽ തീരുമാനമെടുത്ത് പെൻഷൻ കുടിശ്ശിക വിതരണം ചെയ്തു.

സംയോജിത കൃഷി പ്രോജക്ടുകളിൽ കൃഷി ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചു.

കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ, കൃഷി ഉദ്യോഗസ്ഥർ, മണ്ണ് പരിശോധകർ തുടങ്ങിയവർ ഉൾപ്പെട്ട വിദഗ്ദ്ധ സംഘം കൃഷിയിടങ്ങൾ സന്ദർശിച്ച് സ്ഥിതി വിലയിരുത്തുകയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കൃഷിദർശൻ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## തിരൂർ മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

17 (5289) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരവും നിർവ്വഹണ പുരോഗതിയും വിശദമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് നടന്നുവരുന്ന കാർഷിക പദ്ധതികളുടെ വിശദവിവരവും നിർവ്വഹണ പുരോഗതിയും അറിയിക്കുമോ?

തിരൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന കാർഷിക പദ്ധതികളുടെ വിശദവിവരവും നിർവ്വഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

**കാങ്കോൽ സീഡ് ഫാമിനെ വിപുലപ്പെടുത്താൻ നടപടി**

18 (5290) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ സീഡ് ഫാമിനെ ശക്തിപ്പെടുത്തി കൂടുതൽ വിപുലപ്പെടുത്താൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കാങ്കോൽ സീഡ് ഫാമിൽ 2023-24 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള (ഹൈടെക്) കന്നുകാലി ഫാം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.
2. ഫാമിൽ നട്ടുപിടിപ്പിച്ചിട്ടുള്ള ഫലവൃക്ഷത്തൈകൾ നനയ്ക്കുന്നതിനായി ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം നടപ്പിലാക്കും.
3. നിലവിൽ എച്ച്. ബ്ലോക്കിൽ ഉത്പാദനക്ഷമത കുറഞ്ഞ 40 മാവുകളുണ്ട്. ഇവ മുറിച്ചുമാറ്റി പകരം പുതിയ ഉത്പാദനക്ഷമത കൂടിയ മാവുകൾ വച്ചുപിടിപ്പിക്കുന്നതിനും മഴമറ നിർമ്മിച്ച് പ്രതിവർഷം 45000 പച്ചക്കറിത്തൈകൾ ഉത്പാദിപ്പിക്കാനും 30 സെന്റിൽ കൃത്യതാ കൃഷി അവലംബിച്ച് പ്രതിവർഷം 2 ടൺ പച്ചക്കറിയോ 500 കിലോ പച്ചക്കറി വിത്തോ ഉത്പാദിപ്പിക്കാനും ജില്ലാ പഞ്ചായത്ത്/കൃഷി വകുപ്പ് ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിക്കുന്നതാണ്. കൂടാതെ പുതിയ റെയിൻ ഷെൽട്ടർ നിർമ്മിക്കുന്നതിനും പഴയ റെയിൻ ഷെൽട്ടറിന്റെ റിപ്പയറിംഗിനുമായി 5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സീഡ് പ്രൊഡക്ഷൻ പ്രോഗ്രാം ഇൻ സ്റ്റേറ്റ് സീഡ് ഫാംസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു.

(ബി) ഫാമിന്റെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് കാർഷിക സർവകലാശാല എന്നിവയുടെ സഹകരണത്തോടെ ഫാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഫാമിന്റെ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട് കാർഷിക സർവ്വകലാശാല എന്നിവയുടെ സഹകരണത്തോടെ ഫാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

**നബാർഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ**

19 (5291) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി നബാർഡ് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം അറിയിക്കാമോ?

കൃഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി നബാർഡ്

ധനസഹായത്തോടെ കൃഷി എഞ്ചിനീയറിംഗ് വിഭാഗം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) 2020 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നബാർഡ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

2020 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ നബാർഡ് വഴി നടപ്പിലാക്കിയതും/നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## പുത്തൻ ആശയങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികൾ

20 (5292) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങൾ ലഭ്യമാക്കാനായി നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ് കൃഷി ദർശനം 'വൈഗ' എന്ന സമഗ്ര കാർഷിക മേളയും സംരംഭക വികസന പ്രവർത്തനങ്ങളും.

കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽ തന്നെ കാണുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണ് കൃഷി ദർശൻ. കൃഷി ദർശൻ പരിപാടികൾ, തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ നടത്തി. ഇതിൽ ഉൾപ്പെട്ട കർഷകരുമായുള്ള സമ്പർക്ക പരിപാടികളിലൂടെയും കൃഷിയിട സന്ദർശനത്തിലൂടെയും ഉയർന്നുവന്ന വിവിധ ആശയങ്ങളും ഫീൽഡ് തലത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെയും ആസ്പദമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2023-24-ലും പ്രസ്തുത പദ്ധതി വിവിധ ബ്ലോക്കുകളിൽ നടത്തുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പുത്തൻ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പൊതുസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA-Value Addition for Income Generation in Agriculture) എന്ന കാർഷിക പ്രദർശന സംരംഭക വികസന മേളയും ശില്പശാലയും സംഘടിപ്പിച്ചുവരുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും പുതു സംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതികവിദ്യകൾ പങ്കിടുന്നതിനുമുള്ള വേദിയൊരുക്കുന്നതിനും വൈഗയുടെ നടത്തിപ്പിലൂടെ സാധിക്കുന്നുണ്ട്.

കാർഷിക രംഗത്ത് നൂതന ആശയങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിലെ ഏറ്റവും വലിയ ഹാക്കത്തോൺ ആയ "വൈഗ അഗ്രി ഹാക്ക് 2023", വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചു. കാലാവസ്ഥ വ്യതിയാനം, കാർഷികോല്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ കീടരോഗ ബാധകൾ, ഉയർന്ന ഉൽപ്പാദന ചെലവ്, തൊഴിലാളികളുടെ

ലഭ്യതക്കുറവ് തുടങ്ങിയവയടക്കമുള്ള പ്രതിസന്ധികൾ കാർഷിക മേഖല നേരിടുന്നുണ്ട്. നിലവിലുള്ള പരിഹാര മാർഗ്ഗങ്ങൾക്കപ്പുറമുള്ള സാധ്യതകൾ കണ്ടെത്തുന്നതിനും പുത്തൻ ആശയങ്ങൾ ശേഖരിക്കുന്നതിനും വിവിധ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടത്തിയ അഗ്രിഹാക്കത്തോൺ വളരെ പ്രയോജനപ്രദമായിരുന്നു.

ആത്മ പദ്ധതിയിൽ 'ഫാർമർ ഇന്നൊവേഷൻസ്' എന്ന ഘടകം വഴി കർഷകർ കണ്ടുപിടിക്കുന്ന മാർഗ്ഗങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരീക്ഷിക്കുന്നതിനും അവസരമൊരുക്കുന്നുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പുത്തൻ സാങ്കേതികവിദ്യകൾ അപ്പപ്പോൾത്തന്നെ കർഷകരിലേയ്ക്ക് എത്തിക്കാനായി കൃഷി വകുപ്പ് ആരംഭിച്ച സംവിധാനമാണ് 'ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ' . കാർഷിക സർവ്വകലാശാലയിലെ ഒരു ശാസ്ത്രജ്ഞനും ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടറും ആ ബ്ലോക്കിലെ കൃഷി ഓഫീസർമാരും പുരോഗമന കർഷകരും അടങ്ങുന്ന ഒരു സംഘമാണിത്.

കാലാകാലങ്ങളിൽ ഈ വിജ്ഞാന കേന്ദ്രം യോഗങ്ങൾ കൂടുകയും ഫീൽഡ് സന്ദർശനങ്ങൾ നടത്തി യഥാവിധി പരിഹാരങ്ങൾ

നിർദ്ദേശിക്കുകയും പുതിയ സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്ക് എത്തിക്കുകയും ചെയ്യും.

മേൽപ്പറഞ്ഞവ കൂടാതെ മികച്ച പരമ്പരാഗതവിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡുതല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിന് ലക്ഷ്യമിടുന്ന കൃഷി പാഠശാല പദ്ധതിയിലൂടെയും മറ്റ് കാർഷിക വിജ്ഞാന വ്യാപന പദ്ധതികളിലൂടെയും കാർഷിക മേഖലയിൽ നൂതന ആശയങ്ങൾ ലഭ്യമാക്കുന്നതിന് വഴിയൊരുക്കുന്നുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

21 (5293) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയാണ് പ്രധാനമായും നടപ്പാക്കുന്നത്. ഇതിനായി ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 55%, മറ്റ് കർഷകർക്ക് 45% എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ എന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.

PMKSY- PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷാ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചതിനുശേഷം PMKSY- PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽനിന്ന്

താല്പര്യമുള്ള ഡീലറെ അപേക്ഷകന് തെരഞ്ഞെടുക്കാം. തെരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി സന്ദർശിച്ച് അളവുകളെടുത്ത് മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എഞ്ചിനീയറിംഗ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ച ശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കർഷകർ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തി, ബില്ലുകൾ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണയ തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയ കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബാധകമല്ല.

(5294 നമ്പർ ചോദ്യമില്ല)

## പ്രകൃതിദുരന്തംമൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം

22 (5295) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ 2020-21, 2021-22 വർഷത്തിൽ പ്രകൃതിദുരന്തംമൂലം കൃഷിനാശമുണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; നഷ്ടപരിഹാരം കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 489.82774 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം 2020-2021 വർഷത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം 4314.93940 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതം (SDRF) 1654.84163 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2021-2022 വർഷത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം

1131.41697 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതം (SDRF) 1261.16330 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ഇനിയും നൽകാനുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ കാലഘട്ടത്തിൽ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ടോ; നെൽ കർഷകർക്കുള്ള ഇൻസെന്റീവ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ചുവന്ന 2020-21 വർഷത്തിലെ നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിലെ എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ചുവന്ന നഷ്ടപരിഹാരം തൃശ്ശൂർ ജില്ല ഒഴികെയുള്ള 13 ജില്ലകൾക്കും പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

നെൽ കർഷകർക്കുള്ള നെല്ലുല്പാദന ബോണസ് പദ്ധതി പ്രകാരം ഉല്പാദന ബോണസിന് അർഹതയുള്ള കർഷകർക്ക് മുൻ കാലങ്ങളിലെ കുടിശ്ശിക നൽകാനുള്ളത് ഉൾപ്പെടെ ഈ കാലയളവിൽ (2020-21, 2021-22) വിതരണം ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം

1348.10397 ലക്ഷം രൂപയും 2021-22-ൽ ഈ പദ്ധതിയിലൂടെ 752.43704 ലക്ഷം രൂപയും വിതരണം നടത്തിയിട്ടുണ്ട്.

(സി) കർഷകർക്ക് പച്ചക്കറി സംഭരിച്ച വകയിൽ 2020 കാലഘട്ടത്തിൽ കൊടുത്തുതീർക്കുവാനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; 2012-ൽ പ്രഖ്യാപിച്ച ട്രാൻസ്പോർട്ടിംഗ് ചാർജ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കർഷകർക്ക് പച്ചക്കറി സംഭരിച്ച വകയിൽ 2020-21 വർഷത്തിൽ 7.88010 ലക്ഷം രൂപയും, 2021-22 വർഷത്തിൽ 11.17712 ലക്ഷം രൂപയും 2022-23 വർഷത്തിൽ (31-12-2022 വരെ) 15.83467 ലക്ഷം രൂപയും ചേർത്ത് ആകെ 34.89189 ലക്ഷം രൂപ നൽകാനുണ്ട്. ടി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ടിംഗ് ചാർജ് വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) കട്ടുത്തുരുത്തി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമൈത്രി ലേലകേന്ദ്രത്തിന് നൽകാനുള്ള കൈകാര്യ ചെലവ് 2019 മുതൽ സംഘത്തിനും കർഷകർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള

കാരണം എന്താണെന്നും അത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ?

01-08-2019 മുതൽ 31-03-2022 വരെ 12,62,949/- രൂപ കൈകാര്യ ചെലവിനത്തിൽ ജില്ലാ സംഭരണ കേന്ദ്രത്തിന് (സംഘമൈത്രിക്ക്) നൽകാനുണ്ട്. ഫണ്ട് ലഭ്യമാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കൃഷി ഭവനുകൾ സ്മാർട്ടാക്കുന്ന പ്രവർത്തനങ്ങളുടെ കാലതാമസം**

23 (5296) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി കൃഷി ഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിലേയ്ക്ക് അയച്ച ഫയലിൽ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ ഉത്തരവ് (07-08-2017-ലെ സ.ഉ. (അച്ചടി)102/2017/ഫിൻ) അനുസരിച്ച് കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ആവശ്യമാണ്. പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ആലപ്പുഴ കൃഷി

ഓഫീസർ ഹാജരാക്കിയ രേഖകളിൽ പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭ്യമാക്കുന്ന സർവ്വേ റിപ്പോർട്ട് ഹാജരാക്കിയിരുന്നില്ല. ആയത് ലഭ്യമാകുന്നതിന് കാലതാമസം നേരിടുകയുണ്ടായി. ടി റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള ഉത്തരവ് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) കൃഷി ഭവനുകൾ സ്മാർട്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് അനുവദിക്കുമ്പോൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് പ്രസ്തുത പ്രവൃത്തി നീട്ടിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകൾ

24 (5297) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ?

(എ&ബി) കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഇതിനായി പ്രത്യേക തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പ്രകാരം ഒരു ജില്ലയിൽ ഒരു കൃഷി ഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. നബാർഡ് ആയതിന് ആർ.ഐ.ഡി.എഫ്. XXVII പദ്ധതിയിലുൾപ്പെടുത്തി 31.5 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷി ഭവൻ പദ്ധതി കെ.എൽ.ഡി.സി. മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾക്കായി സംസ്ഥാന വാർഷിക പദ്ധതി പ്രകാരം തുക അനുവദിച്ചിരുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി സംസ്ഥാന വാർഷിക പദ്ധതിയിൽ 131.62558 ലക്ഷം രൂപ

ചെലവഴിച്ചിട്ടുണ്ട്. തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ സംഭരണം

25 (5298) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പച്ചക്കറി സംഭരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയ സംവിധാനം സംഭരണത്തിനായി നിലവിലുണ്ട്. കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 10 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളുമുണ്ട്. ഇടുക്കി ജില്ലയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനുമായി 35 ലക്ഷം രൂപയും ഈ വർഷം നീക്കിവച്ചിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉത്പ്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റ് മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനായി സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു. കൂടാതെ

ഇക്കോഷോപ്പ് ഔട്ട്ലെറ്റുകൾ മുഖേന വിപണനം ചെയ്ത ജൈവ ഉല്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉല്പന്നങ്ങൾക്ക് വിപണന സഹായം ലഭ്യമാക്കുകയുണ്ടായി. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും വേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ "10000 FPO-കൾ" പദ്ധതി പ്രകാരം 2020-21-ൽ 38-ഉം 2021-22-ൽ 36-ഉം 2022-23-ൽ 2 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കർഷകരിൽനിന്ന് വിളകൾ ഹോർട്ടികോർപ്പ് മുഖേന നേരിട്ട് സംഭരിക്കുന്നതിനും അപ്പോൾത്തന്നെ കർഷകർക്ക് വില നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കർഷകരിൽനിന്ന് ഉല്പന്നങ്ങൾ സമയബന്ധിതമായി നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനായി സംസ്ഥാനത്തുടനീളം 1000-ൽപ്പരം ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത്തരത്തിലുള്ള സംഭരണത്തിന്റെ തുക യഥാസമയം ബാങ്ക് മുഖേന നൽകുന്നതിനുള്ള ഒരു പദ്ധതി ഹോർട്ടികോർപ്പിന്റെ പരിഗണനയിലാണ്.

(സി) ജൈവ പച്ചക്കറി എന്ന വ്യാജേന കീടനാശിനി തളിച്ച പച്ചക്കറികൾ വ്യാപകമായി വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകൾ കേന്ദ്രീകരിച്ച് ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് കേരളത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് പ്രധാന ദൗത്യം. എന്നിരുന്നാലും സാധ്യമായ ഫാമുകളിൽ സംയോജിത കൃഷി സമ്പ്രദായം, ഹൈടെക് കൃഷി, സൂക്ഷ്മ കൃഷി രീതി എന്നിവയിലൂടെ പച്ചക്കറികൾ ഉല്പാദിപ്പിച്ച് വിൽക്കുന്നുണ്ട്. എല്ലാ ഫാമുകളിലും ഒരു കോടി ഫലവർഗ്ഗ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി ഭൂമി നീക്കിവയ്ക്കേണ്ടതുണ്ട്. ലഭ്യമായ തൊഴിലാളികളെ ഉപയോഗിച്ച് പരമാവധി ഉല്പാദന പ്രക്രിയകൾ നടത്തിവരുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനം എന്ന രീതിയിൽ ഉയർത്തുന്നതിന് സർക്കാർ ഫാമുകളിലെ പ്രവർത്തനങ്ങൾകൊണ്ട് മാത്രം സാധിക്കുകയില്ല.

(ഡി) നടീൽ വസ്തുക്കളും വളവും കർഷകർക്ക് നൽകുകയും കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾക്ക് തൂക്കം നോക്കി സബ്സിഡിയും ബോണസും നൽകുകയും ചെയ്യുന്ന സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

നിലവിൽ കർഷകർ ഉല്പാദിപ്പിക്കുന്ന വിളകളുടെ തൂക്കം നോക്കി സബ്സിഡി നൽകുന്ന രീതി പിന്തുടരുന്നില്ല.

(ഇ) സംഭരിച്ച പച്ചക്കറികളുടെ വില സംഭരണ കേന്ദ്രങ്ങളിൽനിന്നുതന്നെ കർഷകർക്ക് താമസംവിനാ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ വിതരണം നടത്തുന്ന 10,000/- രൂപ വരെയുള്ള ഉത്പന്നങ്ങളുടെ തുക നേരിട്ട് സംഭരണ സമയത്തുതന്നെ കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള സംഭരണത്തിന്റെ തുക യഥാസമയം ബാങ്ക് മുഖേന നൽകുന്നതിനുള്ള ഒരു പദ്ധതി ഹോർട്ടികോർപ്പിന്റെ പരിഗണനയിലാണ്.

**ജൈവ പച്ചക്കറി കൃഷി**

26 (5299) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഏക്കർ സ്ഥലത്താണ് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 12720.34 ഏക്കർ (5147.74 ഹെക്ടർ) സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്.

## സ്കൂൾ മുറ്റത്ത് പച്ചക്കറി കൃഷി

27 (5300) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പ് വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവ പച്ചക്കറി ഉല്പാദിപ്പിച്ച് പൊതുവിപണിയിലൂടെ വിൽപ്പന നടത്തി ലാഭവിഹിതം വിദ്യാലയത്തിനും എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കാമോ?

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലും സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ സഹായം നൽകി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ഘടകം 2022-23 സാമ്പത്തിക വർഷം ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഒരു പ്രോജക്ടിന് രണ്ട് ലക്ഷം രൂപ വരെ സഹായം നൽകുന്നു. ഇതുകൂടാതെ, ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന ജനകീയ

ക്യാമ്പയിന്റെ ഭാഗമായി പച്ചക്കറി തൈകളും പച്ചക്കറി വിത്ത് പാക്കറ്റുകളും വിദ്യാലയങ്ങളിൽ കുട്ടികൾക്ക് നൽകിവരുന്നു.

അംഗീകരിച്ച പ്രോജക്ട് പ്രകാരം കൃഷി ചെയ്തുല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളുകളും സ്ഥാപനങ്ങളും അവരുടെ ആവശ്യം കഴിഞ്ഞ ശേഷം ബാക്കിയുള്ളവ പൊതുവിപണിയിൽ വിൽക്കാറുണ്ട്. അതിൽനിന്നും ലഭിക്കുന്ന വരുമാനം അടുത്ത കൃഷിയിലേയ്ക്ക് ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ പൊതു വിപണിയിൽ വിറ്റ് ലാഭവിഹിതം എടുക്കണമെന്ന പ്രത്യേക നിബന്ധനയൊന്നും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ നൽകുന്ന പ്രോജക്ട് അടിസ്ഥാനപ്പെടുത്തിയാണ് അംഗീകാരം നൽകുന്നത്.

(ബി) വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കാൻ ഈ വർഷം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

യുവതലമുറയെ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്നുകൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ ഭാഗമായും നിലവിൽ പല പദ്ധതി ഘടകങ്ങൾ കാർഷിക

വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

എല്ലാ ജനങ്ങളെയും, പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്. കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനവും മറ്റ് അനുബന്ധ വകുപ്പുകളുടെ ഏകോപനത്തിലൂടെയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് സ്കൂളുകളിലും (സ്ഥല പരിമിതി കണക്കിലെടുക്കാതെ), മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിളിലും മറ്റ് സർക്കാർ/ സർക്കാരിതര സ്ഥപനങ്ങളിലും പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം "സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി" എന്ന മുഖ്യ ഘടകം നടപ്പിലാക്കിവരുന്നു. പ്രോജക്ട് അടിസ്ഥാനത്തിലാണ് ഈ ഘടകം നടപ്പിലാക്കുന്നത്. ഇതിനുവേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അധ്യാപക-വിദ്യാർത്ഥി പങ്കാളിത്തത്തോടെ കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കൃഷിഭവൻ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10 രൂപയുടെ 50 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധ സംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ പരമാവധി ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കിയത്.

കൃഷി ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ അവാർഡുകൾ നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ പട്ടാമ്പി മണ്ഡലത്തിലെ സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പച്ചക്കറി വികസന പദ്ധതി 2022-2023-ലെ വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ കൃഷി ഭവനിലെ താഴെ പറയുന്ന 11 സ്കൂളുകൾക്കായി 91,300/- രൂപ (₹ 8300 x 11) അനുവദിച്ചിട്ടുണ്ട്.

1. കെ.എം.എൽ.പി. സ്കൂൾ, കുരുവട്ടൂർ
2. എ.എം.എൽ.പി. സ്കൂൾ, നാലുമൂല
3. കെ.സി.എം.യു.പി. സ്കൂൾ, ചുങ്കപിലാക്കൽ
4. വി.സി.എം.എൽ.പി. സ്കൂൾ, മേച്ചേരി
5. ഒ.എ.എൽ.പി. സ്കൂൾ
6. എ.എം.എൽ.പി. സ്കൂൾ, വല്ലപ്പുഴ
7. വി.എച്ച്.എച്ച്.എസ്., വല്ലപ്പുഴ
8. ജി.എൽ.പി.എസ്., ചെറുകോട്
9. ബി.വി.എൽ.പി. സ്കൂൾ, ചെറുകോട്, മനയക്കലപ്പടി
10. ജി.എച്ച്.എസ്.എസ്., ചൂരക്കോട്
11. കെ.വി.എൽ.പി. സ്കൂൾ, മട്ടായ

## തൃശ്ശൂരിലെ കോൾ നിലങ്ങളിൽ വ്യാപകമായി പടർന്നുപിടിച്ച ബി.എൽ.ബി. രോഗം

28 (5301) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ വ്യാപകമായി പടർന്നുപിടിച്ച ബി.എൽ.ബി. രോഗത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിലെ പാടശേഖരങ്ങളിൽ വ്യാപകമായി ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ, കുമിൾ രോഗങ്ങളായ നെന്മണിയിലെ നിറവ്യത്യാസം, തവിട്ട് പുള്ളിക്കുത്ത് എന്നിവ ബാധിച്ച് വ്യാപകമായ വിളനഷ്ടം ഉണ്ടായിട്ടുണ്ട്. രോഗബാധയുടെ ലക്ഷണങ്ങൾ പാടത്ത് കണ്ടപ്പോൾത്തന്നെ കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു Multi Disciplinary Diagnostic Team (MDDT) രൂപീകരിക്കുകയും രോഗബാധയുള്ള എല്ലാ പാടശേഖരങ്ങളും സന്ദർശിച്ച് അവലോകനം നടത്തുകയും ചെയ്തു.

സ്ഥല പരിശോധനയുടെയും കർഷകരുമായുള്ള ആശയവിനിമയത്തിന്റെയും വിളയുടെ രോഗബാധയുടെ ലക്ഷണങ്ങളും

അവലോകനം ചെയ്തതിന്റെയടിസ്ഥാനത്തിൽ, കൂടിയ അന്തരീക്ഷ ആർദ്രതയും മണ്ണിലെ കൂടിയ അമ്ലത്വവും പൊട്ടാഷ് മൂലകത്തിന്റെ അഭാവവും കുമ്മായ പ്രയോഗത്തിന്റെ അപര്യാപ്തതയുമാണ് നെല്ലിലെ ഈ രോഗങ്ങൾക്ക് കാരണമായതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത രോഗത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് വിളവിൽ കുറവുണ്ടായെന്ന് അറിയിക്കാമോ?

ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് കാരണത്താൽ മണലൂർ മണ്ഡലത്തിൽ വിളവിൽ കുറവുണ്ടായ പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

1. മണലൂർത്താഴം പാടശേഖരം

2. മനക്കൊടി വെളുത്തൂർ ഉൾപ്പാടം

3. ചാലാടി പഴം കോൾ പടവ്

4. കൈപ്പള്ളി വെളുത്തൂർ ഉൾപ്പാടം

5. വാരിയം കോൾ പടവ്

6. മധുക്കര വടക്ക്

7. മണൽപ്പുഴ

8. പാറപ്പാടം

9. കിഴക്കേത്തല

10. വടക്കേകൊഞ്ചിറ

11. തെക്കേകൊഞ്ചിറ

(സി) കാർഷിക സർവ്വകലാശാല വിദഗ്ദ്ധ സംഘത്തിന്റെ നിർദ്ദേശ പ്രകാരം ഇതിനെതിരായി നടത്തിയ മരുന്ന് പ്രയോഗം വേണ്ടത്ര ഗുണം ചെയ്തില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബി.എൽ.ബി. രോഗം ബാധിച്ച് കൃഷി നാശം സംഭവിച്ച കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗം ബാധിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് താഴെ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

1. മനക്കൊടി വെളുത്തൂർ ഉൾപ്പാടം - ₹ 2,13,780/-

2. മണലൂർത്താഴം പാടശേഖരം- ₹ 5,35,360/-

കൂടാതെ പള്ളിപ്പുറം ആലപ്പാട് കോൾ ഫാമിംഗ് സൊസൈറ്റിക്ക് ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗബാധ മൂലമുണ്ടായ വിള നാശത്തിന്

17,86,960/- രൂപ 04-02-2023-ന് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

**സുസ്ഥിര നെൽകൃഷി വികസന പദ്ധതി**

29 (5302) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ സർക്കാർ ഒരു ഹെക്ടറിന് എത്ര രൂപയാണ് നിലവിൽ ധനസഹായം നൽകി വരുന്നതെന്ന് അറിയിക്കാമോ?

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ നിലവിൽ സർക്കാർ ഒരു ഹെക്ടറിന് 5,500/- രൂപ എന്ന തോതിൽ നെൽകൃഷിക്കുള്ള വിവിധ ഉല്പാദന ഉപാധികൾക്കായി ധനസഹായം നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ധനസഹായം അവസാനമായി വർദ്ധിപ്പിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ?

2017-18 വരെ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ധനസഹായം ഒരു ഹെക്ടറിന് 1,500/- രൂപയായിരുന്നത് 2018-19-ൽ ഹെക്ടറിന് 5,500/- രൂപയായി വർദ്ധിപ്പിച്ചു.

(സി) കൂലി, ചെലവ്, വളത്തിന്റെ വില എന്നിവ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

**പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില**

30 (5303) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊക്കാളി നെല്ലിന്റെ ഉല്പാദന ചെലവ് കണക്കാക്കുന്നതിന് ചുമതലപ്പെടുത്തിയ വിദഗ്ധ സമിതി ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉല്പാദനോപാധികളുടെ വില, കൂലിച്ചെലവ് എന്നിവയിൽ വന്നുകൊണ്ടിരിക്കുന്ന വർദ്ധനവ് പൊക്കാളി നെല്ലുത്പാദനത്തിനുള്ള ചെലവ്

വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ, പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രൈസസ് ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പൊക്കാളി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്ത് സ്ഥലം എം.എൽ.എ. വഴി സമർപ്പിച്ചതും വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതുമായ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പൊക്കാളി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്ത് സ്ഥലം എം.എൽ.എ. വഴി സമർപ്പിച്ച അപേക്ഷ ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുകയുണ്ടായി. 2022-2023 സീസണിലേക്കുള്ള നെല്ല് സംഭരണ രജിസ്ട്രേഷൻ വെബ്സൈറ്റിൽ കടമക്കുടി കൃഷി ഭവൻ ഉൾപ്പെട്ടിട്ടുണ്ടെന്നും കടമക്കുടി പഞ്ചായത്തിലെ കർഷകർ യഥാസമയം നെല്ല് സംഭരണ രജിസ്ട്രേഷൻ

പൂർത്തീകരിച്ച് കടമക്കുടി കൃഷി ഓഫീസർ അംഗീകരിക്കുന്നമുറയ്ക്ക് ടി പഞ്ചായത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പൊക്കാളി നെല്ല് നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സംഭരണ വിലയ്ക്ക് സപ്ലൈകോ സംഭരിക്കുമെന്നാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അറിയിച്ചിരിക്കുന്നത്.

(ഡി) സഹകരണ വകുപ്പിന്റെ സഹകരണത്തോടെ നെല്ല് സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സിവിൽ സപ്ലൈസ് മുഖേന നെല്ല് സംഭരിക്കുമ്പോൾ നൽകുന്ന സംഭരണ വിലയ്ക്ക് നെല്ല് നൽകുവാൻ പൊക്കാളി കർഷകർ തയ്യാറല്ലാത്തതിനാൽ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചിട്ടില്ല. എന്നാൽ കടമക്കുടിയിലെ പള്ളിയാക്കൽ സഹകരണ ബാങ്ക്, കോരമ്പാടം സർവീസ് സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങൾ 40-50 രൂപയ്ക്കു വരെ, വിവിധ ഗ്രേഡ് അനുസരിച്ച്, പൊക്കാളി നെല്ല് സംഭരിച്ചുവരുന്നു.

**നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

31 (5304) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട നാളികേര പരിപാലന രീതികൾ നടപ്പാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതിനുമാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി, സമഗ്രമായ നാളികേര പുനരുദ്ധാരണ പരിപാടികൾ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിയിലെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a) <u>കേരഗ്രാമം ഒന്നാംവർഷം പ്രവർത്തനങ്ങൾ</u>:

2022-23 വർഷത്തിൽ, ഒന്നാം വർഷം, 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം

ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 100 കേരഗ്രാമങ്ങൾക്ക് 2567 ലക്ഷം രൂപ.

b) കേര രക്ഷാ വാരം:

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) ₹ 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളുടെയും രോഗങ്ങളുടെയും നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള പരിശീലനവും നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം 433 ലക്ഷം രൂപ.

c) കേരഗ്രാമം രണ്ടാം വർഷം :

2022-23 വർഷത്തിൽ 84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ ധനസഹായം നൽകുന്നു.

i) തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം (19.75 ലക്ഷം രൂപ)

ii) പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം രൂപ)

iii) കൃഷിഭവനുകളുടെ പ്രവർത്തന ചെലവ് (0.0500 ലക്ഷം രൂപ).

സംസ്ഥാന പ്ലാൻ വിഹിതം രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് 1680 ലക്ഷം രൂപ

d) കേരഗ്രാമം മൂന്നാം വർഷം

2022-23 വർഷത്തിൽ, 15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായം നൽകുന്നു.

തെങ്ങിൻ തോപ്പുകളുടെ വളമിടീൽ-ജൈവവളം/രാസവളം (6 ലക്ഷം രൂപ/കേരഗ്രാമം). സംസ്ഥാന പ്ലാൻ വിഹിതം മൂന്നാംവർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷം രൂപ.

e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻ തൈകളുടെ വിതരണം:

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ, മുന്തിയ ഇനം തെങ്ങിൻതൈകൾ

(നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ സെന്ററുകൾ, ആറളം ഫാർമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന തെങ്ങിൻതൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 1263567 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. സംസ്ഥാന പ്ലാൻ വിഹിതം 820.3191 ലക്ഷം രൂപ.

സംസ്ഥാനത്തെ നാളീകേര കൃഷിയുടെ വികസനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നു. 2021-2022 വർഷം 9.27 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഫാമുകളിൽ ഉത്പാദിപ്പിക്കുകയുണ്ടായി. 2023 നടീൽ സീസണിൽ വിതരണത്തിന് 10 ലക്ഷത്തോളം തെങ്ങിൻ തൈകൾ ഫാമുകളിൽ തയ്യാറാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നാളികേര ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനും നാളികേരത്തിന്റെ വിവിധ മൂല്യവർദ്ധിത

ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

നാളികേര ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന് നാളികേര വികസന പദ്ധതിയിൽ കേര ഗ്രാമം, കേര രക്ഷാ വാരം, മുന്തിയഇനം തെങ്ങിൻ തൈകളുടെ വിതരണം, പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ വിവിധ പ്രവർത്തനങ്ങളിലൂടെ കൈവരിക്കാൻ സാധിക്കുന്നതാണ്. കേരഗ്രാമം പദ്ധതിയിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് തുടക്കംകുറിക്കാൻ 2 ലക്ഷം രൂപ ഒരു കേരഗ്രാമത്തിനു നൽകുന്നു.

നാളികേര കർഷകർക്ക് താങ്ങായി നാളികേരത്തിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ മെച്ചപ്പെട്ട പാക്കിംഗ് സൗകര്യങ്ങളോടെ വിറ്റഴിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് എസ്.എഫ്.എ.സി. വഴി സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യ വർദ്ധിത സംരംഭങ്ങൾക്കുള്ള (MSME Scheme) പ്രോത്സാഹന പദ്ധതി നടപ്പാക്കി വരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ, ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി കെട്ടിടം, ഓഫീസ് കെട്ടിടം, ഓഫീസ് സാമഗ്രികൾ, യന്ത്രസാമഗ്രികൾ, ബയോ വേസ്റ്റ് നിർമ്മാർജ്ജന

യൂണിറ്റ്, പാക്കേജിംഗ് യന്ത്രങ്ങൾ തുടങ്ങിയ മൂല്യവർദ്ധിത സംരംഭകത്വ പ്രോത്സാഹനത്തിനുതകുന്ന എല്ലാ മേഖലയിലും കൃഷി വകുപ്പ് MSME പദ്ധതിയിലൂടെ സബ്സിഡി നൽകിവരുന്നു. സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

നാളിതുവരെ നാളികേരത്തിൽ നിന്നും ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വെർജിൻ കോക്കനട്ട് ഓയിൽ, ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് യൂണിറ്റ്, കോക്കനട്ട് ചിപ്സ്, ടെണ്ടർ കോക്കനട്ട് വാട്ടർ തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന 30 യൂണിറ്റുകൾക്ക് 5,0763,677/- രൂപ എസ്.എഫ്.എ.സി. സബ്സിഡിയായി നല്കിയിട്ടുണ്ട്.

(സി) നാളികേര മിഷന്റെ പ്രവർത്തനങ്ങളും ലക്ഷ്യവും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ആവിഷ്കരിച്ച പദ്ധതികളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക. ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.
2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുക. 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

3. തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉല്പാദക സൊസൈറ്റി / കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിലെ ഉല്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടെയും കുറിയ ഇനങ്ങളുടെയും സങ്കര ഇനങ്ങളുടെയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും, വിപണന സാധ്യതയുള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും, സൂക്ഷ്മ മൂലകങ്ങളുടെ

പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉല്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും, തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേരഗ്രാമങ്ങൾ" ആരംഭിക്കുക. സാധ്യമായ എല്ലാ കേരഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേരസമിതികൾ/ ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികൾ തമ്മിൽ പരസ്പര ഏകോപനം സാധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള

പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ/അന്തർദ്ദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേരം ന്യായവിലയ്ക്ക് സംഭരിക്കുക. ഉപോല്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന / കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ / അന്തർദ്ദേശീയ വിപണികളിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക.

നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലമാക്കി സംസ്ഥാനത്ത് കേരകൃഷി വിസ്തൃതിയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ

വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2019-20-ൽ ആണ് തെങ്ങിൻ തൈ വിതരണം തുടങ്ങിയത്. 2020 -21, 2021-22 എന്നീ വർഷങ്ങളിലും തെങ്ങിൻതൈ വിതരണം നടത്താൻ സാധിച്ചു.

| വർഷം | നെടിയ ഇനം (WCT) | കുറിയ ഇനം (Dwarf) | സങ്കര ഇനം (Hybrid) |
|---|---|---|---|
| 2019-20 | 222751 | 32493 | 95781 |
| 2020-21 | 606967 | 29217 | 120986 |
| 2021-22 | 898647 | 31293 | 130052 |
| 2022-23 | 1123790 | 40965 | 98812 |

സംസ്ഥാനത്തെ നാളികേര കൃഷിയുടെ വികസനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകളിൽ ഉത്പാദിപ്പിച്ച് വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നു. 2021-2022 വർഷം 9.27 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഫാമുകളിൽ ഉത്പാദിപ്പിക്കുകയുണ്ടായി. 2023 നടീൽ സീസണിൽ വിതരണത്തിന് 10 ലക്ഷത്തോളം തെങ്ങിൻ തൈകൾ ഫാമുകളിൽ തയ്യാറാക്കിവരുന്നു. 2022-23 സാമ്പത്തികവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന സർക്കാർ നാളികേര കർഷകരെ സഹായിക്കാൻ പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണ നടത്തുന്നു.

i)<u>പച്ചത്തേങ്ങ സംഭരണം</u>:

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ/FPO മുഖേനയും VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) മുഖേനയും

പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്.

ii) <u>കൊപ്ര സംഭരണം</u>

2022 സീസണിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവില (പി.എസ്.സി.) പദ്ധതി 2022 പ്രകാരം കേരളത്തിലെ കർഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനുവേണ്ടി നിലവിൽ മാർക്കറ്റ് ഫെഡിനെയാണ് സ്റ്റേറ്റ് ലെവൽ ഏജൻസി (SLA) ആയി പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ നടന്നത്. സംഘങ്ങൾ കൊപ്ര കർഷകരിൽ നിന്നും സംഭരിക്കുന്നതിനോടൊപ്പം പച്ചത്തേങ്ങയും സംഭരിച്ച് കൊപ്രയാക്കി മാർക്കറ്റ്ഫെഡിന് നൽകി.

(ഡി) കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഇതുമൂലം തെങ്ങ് കൃഷിയിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും

പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ നൽകുന്നു.

ഇതിൽ താഴെ പറയുന്ന ഘടകങ്ങളിൽനിന്നും പ്രദേശത്തിന്റെ ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വള പ്രയോഗം

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ, - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം )

ജൈവിക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

iii) രോഗം ബാധിച്ചതും ഉല്പാദന ശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

iv) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. ജൈവവള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7,000/- രൂപ.

ക്രമ നം. 2 മുതൽ 7 വരെയുള്ള പ്രവർത്തനങ്ങൾക്കായി 6.47 ലക്ഷം രൂപ നൽകുന്നു. കൂടാതെ, താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ.

നാളികേരത്തിന്റെ വിലത്തകർച്ച, നാളികേരം പറിക്കാൻ ആളില്ലാത്ത അവസ്ഥ, വളങ്ങളുടെ വില കൂടുതൽ എന്നീ പ്രശ്നങ്ങൾ കാരണം കർഷകർ തെങ്ങിനെ അവഗണിച്ചു. കേരഗ്രാമം പദ്ധതിയിലൂടെ സമഗ്രമായ തെങ്ങു പരിപാലന മുറകൾ പാലിച്ചും ജലസേചന സൗകര്യം മെച്ചപ്പെടുത്തിയും ഉല്പാദനക്ഷമതയിലും കർഷകരുടെ മനോഭാവത്തിലും വ്യത്യാസം

കണ്ടുവരുന്നു. സംസ്ഥാന വിലനിർണ്ണയ ബോർഡ് നടത്തിയ പഠനത്തിൽ തെരഞ്ഞെടുത്ത കേരഗ്രാമങ്ങളിലെ ശരാശരി ഉല്പാദനക്ഷമത കൂടിയതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

32 (5305) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതിനുമാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സമഗ്രമായ നാളികേര പുനരുദ്ധാരണ - പുനർനടീൽ പരിപാടികൾ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിയിലെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a) കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ:

2022-23 വർഷത്തിൽ, ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ. ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 100 കേരഗ്രാമങ്ങൾക്കായി 2567/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

b) <u>കേര രക്ഷാ വാരം</u>:

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡയിഞ്ച, ചണമ്പ്) ₹ 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി

ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. മണ്ട വൃത്തിയാക്കൽ, തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം 433 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

c) കേരഗ്രാമം രണ്ടാം വർഷം:

2022-23 വർഷത്തിൽ, 84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷം ധനസഹായം നൽകുന്നു.

i) തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം (19.75 ലക്ഷം)

ii) പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം)

iii) കൃഷി ഭവനുകളുടെ പ്രവർത്തന ചെലവ് (0.0500 ലക്ഷം)

സംസ്ഥാന പ്ലാൻ വിഹിതം രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് 1680 ലക്ഷം രൂപ.

d) കേരഗ്രാമം മൂന്നാം വർഷം:

2022-23 വർഷത്തിൽ, 15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായം നൽകുന്നു.

തെങ്ങിൻ തോപ്പുകളുടെ വളമിടീൽ-ജൈവവളം/രാസവളം (6 ലക്ഷം/കേരഗ്രാമം). സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷം രൂപ.

e) <u>നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻതൈകളുടെ വിതരണം</u>:

തെങ്ങിന്റെ വിസ്തൃതി വ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ മുന്തിയ ഇനം തെങ്ങിൻ തൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ സെന്ററുകൾ, ആറളം ഫാമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 1263567 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. സംസ്ഥാന പ്ലാൻ വിഹിതമായി 820.3191 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നാളികേര കർഷകർക്ക് താങ്ങുവില ലഭ്യമാക്കാൻ നടപടി

33 (5306) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിനാൽ നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നാളികേരം ഏറ്റവും കൂടുതൽ ലഭിക്കുന്ന മാസങ്ങളിൽ കർഷകർക്ക് താങ്ങുവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഇല്ല. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചുവരുന്നത്.

പച്ചത്തേങ്ങയുടെ സംഭരണ വില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14-01-2022

മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണവില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ, എഫ്.പി.ഒ.-കൾ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളത്തിന്റെ (VFPCK) സ്വാശ്രയ കർഷക വിപണികൾ എന്നിവ മുഖേനയും കേരള നാളികേര വികസന കോർപ്പറേഷന്റെ കേന്ദ്രങ്ങൾ വഴിയും സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു.

(സി) 2022-23 കാലഘട്ടത്തിൽ എത്ര രൂപയുടെ നാളികേരം സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ 26568 കർഷകരിൽ നിന്ന് 30,09,88,019/- (മുപ്പത് കോടി ഒമ്പത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി പത്തൊമ്പത് രൂപ

മാത്രം) രൂപയുടെ (15332.49 മെട്രിക് ടൺ) പച്ചത്തേങ്ങ സംഭരിക്കുകയും ആയതിന്റെ വില കർഷകരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാകുന്നു.

**തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

34 (5307) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി 'കേരഗ്രാമം' ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ കേടുവന്നതും പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങ് മുറിച്ച്

മാറ്റുന്നതിന് 1,000/- രൂപയും പുതിയ തൈകൾ നടുന്നതിന് 60/- രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ 'റീപ്ലാന്റിംഗ് ആൻഡ് റിജുവനേഷൻ എന്ന പദ്ധതിയിലും തെങ്ങ് മുറിച്ച് മാറ്റുന്നതിന് ആയിരം രൂപയും പുതിയവ നടുന്നതിന് നാല്പത് രൂപയും നൽകുന്നു. 2022-23 വർഷത്തിൽ 450 ഹെക്ടർ തെങ്ങിൻ പ്രദേശത്തേയ്ക്ക് നാളികേര വികസന ബോർഡിന്റെ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

35 (5308) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയിൽ നിന്ന് കേര കർഷകർക്ക് ആശ്വാസമേകാൻ നാളികേര വികസന കോർപ്പറേഷൻ മുഖേന നിലവിൽ പച്ചത്തേങ്ങ സംഭരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര സംഭരണ കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; എത്ര രൂപയ്ക്കാണ് നാളികേരം സംഭരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ 10 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങളാണുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഏജൻസിയുടെ പേര് | സംഭരണ കേന്ദ്രത്തിന്റെ പേര് |
|---|---|
| a) കേരഫെഡ് (SCB മുഖേന) | മുഴപ്പിലങ്ങാട് SCB |
| b) കേരഫെഡ് (VFPCK മുഖേന) | മേലൂർ, പേരാവൂർ, കോളയാട്, കീഴൂർ ചാവശ്ശേരി, കൂടാളി |
| c)കേരഫെഡ് (KSCDC മുഖേന) | ആലക്കോട്, ചെറുപുഴ, പെരിങ്ങോം, കുഞ്ഞിമംഗലം |

നിലവിൽ പച്ചത്തേങ്ങ കിലോഗ്രാമിന് 32/- രൂപ നൽകിയാണ് സംഭരിച്ചുവരുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ സംഭരണ വില കിലോഗ്രാമിന് 34 രൂപയായി വർദ്ധിപ്പിക്കാൻ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**കൊപ്ര സംഭരണം**

36 (5309) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി ചുമതലപ്പെടുത്തിയ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും VFPCK-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിരുന്നു. 03-11-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 951/2022/അഗ്രി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനെ (VFPCK) കൂടി സംസ്ഥാനതല ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസി സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ 16-05-2022-ലെ സ.ഉ. (കൈ) നം 34/2022/AGRI പ്രകാരം കേരഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ് ഫെഡിന് കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡ് മുഖേന കൊപ്ര സംഭരണം നടത്തിയിട്ടുണ്ട്. മേൽ

ഏജൻസികൾ മുഖേന ഈ വർഷത്തെ സംഭരണം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കൊപ്ര സംഭരണത്തിനായി കേന്ദ്ര കൃഷി മന്ത്രാലയം മുന്നോട്ടുവച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ സംസ്ഥാനത്ത് കൊപ്ര സംഭരണം നടന്നത്; വിശദമാക്കാമോ?

മാനദണ്ഡങ്ങൾ പാലിച്ചാണ് കൊപ്ര സംഭരണം നടന്നത്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്.എസ്.) 2022 പ്രകാരം കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിരുന്നു. നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസി സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ 16-05-2022-ലെ സ.ഉ. (കൈ) നം. 34/2022/AGRI പ്രകാരം കേരഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ്ഫെഡിന് കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡ് മുഖേന കൊപ്ര സംഭരണം തുടരുകയും ചെയ്തു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന വിലയായ കിലോഗ്രാമിന് 105.90 രൂപ

നിരക്കിലാണ് കർഷകന് വില ലഭ്യമായത്. മാർക്കറ്റ് ഫെഡ് സൊസൈറ്റികൾ മുഖേന കൊപ്ര നേരിട്ട് സംഭരിക്കുന്നതിനോടൊപ്പം കൊപ്രയാക്കുന്നതിന് പച്ചത്തേങ്ങയും സൊസൈറ്റികൾ കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്. അപ്രകാരം പച്ചത്തേങ്ങ സംഭരിക്കുന്ന സംഗതിയിൽ കിലോഗ്രാമിന് 28.60 രൂപ നിരക്കിൽ കർഷകർക്ക് നൽകിയാണ് സംഭരണം നടത്തിയത്. ബാക്കിയുള്ളവ കിലോഗ്രാമിന് 3.40 രൂപ സൊസൈറ്റികൾ പച്ചത്തേങ്ങ കൊപ്രയാക്കി നാഫെഡിന് നൽകിയശേഷം കർഷകർക്ക് സർക്കാർ വിഹിതമായി നൽകുകയുമാണ് ചെയ്യുന്നത്.

(സി) സംസ്ഥാനത്ത് സംഭരിച്ച കൊപ്രയുടെ നിരക്ക് എത്രയായിരുന്നു; കഴിഞ്ഞവർഷം എത്ര ക്വിന്റൽ കൊപ്ര സംഭരിക്കുവാൻ കഴിഞ്ഞുവെന്നും ഈ ഇനത്തിൽ കർഷകർക്ക് നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

കൊപ്ര സംഭരണം രണ്ടു ഘട്ടങ്ങളിലുമായി അഞ്ചു സംഘങ്ങൾ വഴി ആകെ 255850 കിലോഗ്രാം കൊപ്ര നാഫെഡിന്റെ ഗോഡൗണുകളിൽ മാർക്കറ്റ് ഫെഡ് വഴി നിക്ഷേപിച്ചിട്ടുണ്ട്. ഈയിനത്തിൽ കിലോഗ്രാമിന് 105.90 രൂപ വീതം ആകെ 27094515 രൂപ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നാഫെഡിന്റെ സമൃദ്ധി പോർട്ടൽ വഴി മാർക്കറ്റ്ഫെഡ് നൽകിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ് സൊസൈറ്റികൾ മുഖേന കൊപ്ര നേരിട്ട്

സംഭരിക്കുന്നതോടൊപ്പം കൊപ്രയാക്കുന്നതിന് പച്ചത്തേങ്ങയും സൊസൈറ്റികൾ കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. അപ്രകാരം 913592.70 കിലോഗ്രാം പച്ചത്തേങ്ങ സംഭരിച്ച വകയിൽ സംസ്ഥാന വിഹിതമായി കിലോഗ്രാമിന് 3.40 രൂപ നിരക്കിൽ 3106215.18 രൂപ കർഷകർക്ക് നൽകാനുണ്ട്. ആയതിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കേന്ദ്ര നിർദ്ദേശങ്ങൾ പാലിച്ച് കൊപ്ര സംഭരിക്കാത്തതിനാൽ കർഷകർക്ക് നഷ്ടമുണ്ടായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

37 (5310) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) പ്ലാന്റേഷൻ കോർപ്പറേഷന് ഷീറ്റ് ഉണ്ടാക്കാനും സെൻട്രിഫ്യൂഗൽ ലാറ്റക്സും കപ്പ് ലംബ്ബും അടക്കമുള്ളവ നിർമ്മിക്കാനുമുള്ള സംവിധാനമുണ്ടായിട്ടും കമ്മീഷൻ ഏജന്റ് വഴി ലാറ്റക്സ് വിൽക്കുകയാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമൂലം അഞ്ച് ശതമാനം കമ്മീഷൻ നൽകി നഷ്ടത്തിലാണ് ലാറ്റക്സ് വിൽക്കുന്നത് എന്നുള്ളത് വസ്തുതയാണോ; വിശദമാക്കാമോ?

(ബി&സി) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ഫാക്ടറികളാണ് എറണാകുളം ജില്ലയിലെ കല്ലാല ഫാക്ടറിയും പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറിയും. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ പാൽ മൂല്യവർദ്ധനവ് നടത്തി 60% DRC സെൻട്രിഫ്യൂജ്ഡ് ലാറ്റക്സാക്കി ഇ-ടെണ്ടർ വഴി വിൽപ്പന നടത്തിവരുന്നു. ടി ഇ-ടെണ്ടറിൽ ഏജന്റുമാരും നേരിട്ടുള്ള

ഉപഭോക്താക്കളും പങ്കെടുക്കാറുണ്ട്. കോർപ്പറേഷന്റെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് ഏതൊരാൾക്കും നിരക്കുകൾ രേഖപ്പെടുത്തി ഇ-ടെണ്ടറിൽ പങ്കെടുത്ത് വിൽപ്പനയിൽ പങ്കാളിയാകാവുന്നതാണ്. ഇപ്രകാരം ഇ-ടെണ്ടറിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ മുഴുവൻ തുകയും മുൻകൂറായി കോർപ്പറേഷന്റെ അക്കൗണ്ടിൽ അടച്ചതിനുശേഷം മാത്രമേ സെനക്സ് വിൽപ്പന നടത്തുകയുള്ളൂ. ഏജന്റുമാരല്ലാതെ നേരിട്ട് സെനക്സ് വാങ്ങുന്നവർക്ക് കമ്മീഷൻ നൽകുന്നില്ല. ഏജൻസി കമ്മീഷൻ നൽകുന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഒരു മാസം 149 ബാരൽ വരെ - കമ്മീഷന് അർഹതയില്ല.

150 മുതൽ 200 വരെ 0.50%

201 മുതൽ 300 വരെ 0.55%

301 മുതൽ 400 വരെ 0.60%

401 മുതൽ 0.75%

കൂടാതെ, ലാറ്റക്സ് സെൻട്രിഫ്യൂജ് ചെയ്യുമ്പോൾ ഇതിൽനിന്നും ലഭിക്കുന്ന ഉപ ഉല്പന്നങ്ങളായ സ്കീം ക്രീപ്പ്, സെനക്സ് ഓവർ കോട്ട് - 1x, 2x, 3x; മില്ലിംഗ് വേസ്റ്റ്, പിറ്റ് റിക്കവറി തുടങ്ങിയവയുടെ വിപണനം നടത്തുന്നതിന് ഇ-ടെണ്ടർ/മാനുവൽ ടെണ്ടർ വഴി ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്ന

കരാറുകാരന് നിശ്ചിത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചു നൽകുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ വെറ്റിലപ്പാറ ഫാക്ടറിയിൽ cuplump മൂല്യവർദ്ധനവ് നടത്തി വിവിധ ഗ്രേഡിലുള്ള ISNR (block rubber) വിൽപ്പന നടത്തുന്നു. സെനക്സ് ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പനക്ക് കമ്മീഷൻ നൽകുന്നില്ല.

## സ്വന്തമായി ഭൂമിയില്ലാത്ത കർഷകർ

38 (5311) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നവർ |
|---|---|---|
| 1 | തിരുവനന്തപുരം | 13029 |
| 2 | കൊല്ലം | 3335 |
| 3 | പത്തനംതിട്ട | 5031 |
| 4 | ആലപ്പുഴ | 38548 |

| | | |
|---|---|---|
| 5 | കോട്ടയം | 12565 |
| 6 | ഇടുക്കി | 32280 |
| 7 | എറണാകുളം | 4929 |
| 8 | തൃശ്ശൂർ | 9068 |
| 9 | പാലക്കാട് | 10273 |
| 10 | മലപ്പുറം | 19562 |
| 11 | കോഴിക്കോട് | 10451 |
| 12 | വയനാട് | 2806 |
| 13 | കണ്ണൂർ | 9604 |
| 14 | കാസർഗോഡ് | 2199 |
| | **ആകെ** | **173680** |

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിള ഇൻഷ്വറൻസ് ഉൾപ്പെടെ കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന വാർഷിക വിളകൾക്കായുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യം ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും ലഭിക്കുന്നതാണ്. ഇവയിൽ വാർഷിക വിളകൾക്കായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളും ഉൾപ്പെടുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ ഹ്രസ്വകാല വാർഷിക കാർഷിക വിളകളുടെ പരിപാലന പദ്ധതികളിൽ ഇത്തരം കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്.

ഇത്തരം കർഷകർക്ക് 29-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 93/2022/അഗ്രി തീയതി പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് ഹ്രസ്വകാല വാർഷിക വിളകൾക്ക് സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നികുതി രസീതിന്റെ പകർപ്പ്, വാടകക്കരാറിന്റെ പകർപ്പ് എന്നിവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കർഷകന്റെ സത്യപ്രസ്താവനയിൽ കൃഷി ഓഫീസർ/അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ, അതത് പ്രദേശത്തെ വാർഡ് കൗൺസിലർ/മെമ്പർ സംയുക്ത പരിശോധന നടത്തി പ്രസ്തുത പരിശോധനാ റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാനപനത്തിന്റെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ഇത്തരം കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഏതെല്ലാം രീതിയിലാണ് സർക്കാർ സഹായിക്കുന്നത്/സഹായിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇത്തരം കൃഷി ചെയ്യുന്ന നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകോ വഴി സംഭരിക്കുന്നു. ഉല്പന്നങ്ങൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, ഹോൾസെയിൽ മാർക്കറ്റുകൾ, എഫ്.പി.ഒ. മാർക്കറ്റുകൾ മുഖാന്തരവും കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ VFPCK, ഹോർട്ടികോർപ്പ് മുഖാന്തരവും സംഭരിച്ച് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**വിളനാശം മൂലമുണ്ടാകുന്ന കടബാധ്യത**

39 (5312) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളനാശംമൂലം കടബാധ്യതയിലായ കർഷകർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് കൃഷി വകുപ്പ് മുഖേന നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത കർഷകർക്ക് വിളനാശം സംഭവിച്ചാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്ക് കർഷകരുടെ പ്രീമിയം തുകയ്ക്ക് ഉപരിയായ പ്രീമിയം തുകയുടെ 50% തുക സബ്സിഡിയായി നൽകുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നെല്ലിന്റെ സംഭരണ വിലയും ഹാൻഡ്ലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് (CACP)-ന്റെ ശിപാർശ പ്രകാരം കേന്ദ്ര സർക്കാരാണ് നെല്ലിന്റെ അടിസ്ഥാന താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത്. അപ്രകാരം 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കിലോഗ്രാമിന് 20.40 രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് കിലോഗ്രാമിന് 28.20 രൂപ സംഭരണ വിലയായി നിശ്ചയിച്ചാണ് സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്. കൂടാതെ ക്വിന്റലിന് 12/- രൂപ നിരക്കിൽ ഹാൻഡ്‌ലിംഗ് ചാർജ്ജും കർഷകർക്ക് നൽകിവരുന്നു.

നെല്ലിന്റെ സംഭരണ വിലയും ഹാൻഡിലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ നടപടി സ്വീകരിക്കുന്നതാണ്.

## വിളകളുടെ വിലത്തകർച്ച പരിഹരിക്കാൻ നടപടി

40 (5313) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലം, പൈനാപ്പിൾ ഉൾപ്പെടെയുള്ള വിളകളുടെ വിലത്തകർച്ച മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി ശിപാർശ ചെയ്യുന്നത് കേന്ദ്ര കൃഷി മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് (CACP) ആണ്. ഉല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യങ്ങൾക്ക് തുല്യമായ വില ഘടന രൂപപ്പെടുത്തുന്നതിന് അതത് സമയങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ വില സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ഉപദേശം നൽകുന്നു. CACP ലിസ്റ്റിൽ ഏലം ഉൾപ്പെട്ടിട്ടില്ല. കൂടാതെ കാർഷിക ഉല്പന്നങ്ങൾക്കുള്ള സഹായം നൽകിവരുന്നത് കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ടിൽ (PSF) നിന്നാണ്. ടി ഫണ്ടിന്റെ പരിധിയിലും ഏലം ഉൾപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ 25 വിള ഇനങ്ങൾക്കാണ് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ നിന്നും കൂടുതൽ നാണ്യവിളകൾ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അനുകൂല നിലപാട് എടുത്തിട്ടില്ല. ഏലം കുറഞ്ഞ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്താൻ

കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൈനാപ്പിളിനെ കുറഞ്ഞ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

(ബി) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നിയന്ത്രിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിനായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(സി) ഈ മേഖലയെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>പച്ചത്തേങ്ങ സംഭരണം</u>:- നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ

സ.ഉ. (കൈ) നം.3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. പച്ചത്തേങ്ങയുടെ സംഭരണവില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14-01-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്.

9-3-2023 വരെയുള്ള കണക്കനുസരിച്ച് 122 കേന്ദ്രങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. 04-03-2022-ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽനിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 09-02-2023 വരെ 10346.72213 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്.

<u>നെല്ല് സംഭരണം:</u>- സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20.40 രൂപയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് കിലോഗ്രാമിന് 28.20 രൂപ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 2101.9 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 2905.52 കോടി രൂപയും ഈ പദ്ധതിയിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 11-03-2023 വരെ 736.7141 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

<u>പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി</u>:- സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന

വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്ലാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി:- റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ഈ പദ്ധതിയുടെ 8-ാം ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നത്.

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 269.92 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 20.97 കോടിയും റബ്ബർ കർഷകർക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ

വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാളിതുവരെ ആകെ 1806.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണത്തിനായി 2021-22 മുതൽ നാളിതുവരെ റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെ കേരാഫെഡിനും നാളികേര വികസന കോർപ്പറേഷനുമായി 3.5 കോടി രൂപ നൽകിയിട്ടുണ്ട്.

കൂടാതെ വിപണി ഇടപെടലുകൾക്കായി ഹോർട്ടികോർപ്പിന് 2021-22 സാമ്പത്തിക വർഷം 16.25 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഏലം സ്പൈസസ് ബോർഡിന്റെ പരിധിയിൽ വരുന്ന നിർബന്ധിത വിളയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ജലസേചന വികസനം, മെച്ചപ്പെട്ട ഏലം ക്യൂറിംഗ് ഉപകരണങ്ങൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, ഏലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പരിപാടികളിലൂടെ സ്പൈസസ് ബോർഡ് കർഷകരെ പിന്തുണയ്ക്കുന്നുണ്ട്. ഏലത്തിന്റെ വിലയിടിവ് സംബന്ധിച്ച് കേന്ദ്ര

ഇടപെടലുകൾ ഉണ്ടാകുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## അർഹതപ്പെട്ട എല്ലാ കർഷകർക്കും പെൻഷൻ

41 (5314) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിന് കൈവശ ഭൂമിക്ക് പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. 2 ഹെക്ടറിൽ കൂടുതലുള്ളവർക്ക് ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ അനുവദിക്കുകയില്ല.

(ബി) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഗണിച്ചുകൊണ്ട് കൈവശ ഭൂമിയുടെ പരിധി ഒഴിവാക്കി 60 വയസ്സ് കഴിഞ്ഞ അർഹതപ്പെട്ട എല്ലാ കർഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കർഷക ക്ഷേമനിധി ബോർഡ്

42 (5315) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷക ക്ഷേമനിധിയിലേയ്ക്ക് ഗ്രാന്റ് ആയി എത്ര തുക നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ?

കേരള കർഷക ക്ഷേമനിധി ബോർഡിന് ഗ്രാന്റ് ഇനത്തിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി " 2401-00-109-76 (P) കർഷക ക്ഷേമനിധി ബോർഡ്" എന്ന ശീർഷകത്തിൻ കീഴിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2020-21 | 100.00 | 100.00 |
| 2021-22 | 200.00 | 188.00 |
| 2022-23 | 100.00 | 58.00 *(31.12.2022 വരെ) |

(ബി) പ്രസ്തുത ബോർഡ് മുഖേന നാളിതുവരെ എത്ര കർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ടെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഈ ഇനത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2021 മുതലാണ് കർഷക ക്ഷേമനിധിയിൽ കർഷകർക്ക് അംഗത്വം നൽകിത്തുടങ്ങിയത്. 5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് അറുപത് വയസ്സ് പൂർത്തിയായ കർഷകന് മാത്രമേ കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ അനുവദിക്കുകയുള്ളൂ. അതിനാൽ പെൻഷൻ വിതരണം 2026 മുതൽ ആരംഭിച്ചാൽ മതിയാകും.

**കർഷക പെൻഷൻ**

43 (5316) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിൽ സുലൈമാൻ പാച്ചത്ത്, കുഞ്ഞിമുഹമ്മദ് നെടുവാഞ്ചേരി, കുഞ്ഞിമരക്കാർ യു.വി., പ്രേമൻ പി., അബ്ദുൾ അസീസ് പി. എന്നിവരിൽനിന്നും കർഷക പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയും മേൽപ്പറഞ്ഞവർക്ക് എന്നത്തേയ്ക്ക് പെൻഷൻ അനുവദിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കൃഷി ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേയ്ക്ക് ലഭ്യമാക്കിയ കർഷക പെൻഷന് അർഹതയുള്ള പുതിയ ഗുണഭോക്താക്കളുടെ പട്ടികയിൽ വിവിധ സാമൂഹിക സുരക്ഷ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കുന്നവർ ഉൾപ്പെട്ടിരുന്നതിനാൽ ഇവരെ ഒഴിവാക്കി കർഷക പെൻഷനുമാത്രം അർഹരായവരുടെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കാൻ കൃഷി ഡയറക്ടർക്ക് 14-09-2022-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## വിള ഇൻഷ്വറൻസ് പദ്ധതി

44 (5317) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന,

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതികൾ.

പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

22-03-2017-ലെ സ.ഉ.(എം.എസ്) നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഓൺലൈൻ പോർട്ടലായ എയിംസ് മുഖേനയാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കും, വന്യജീവി ആക്രമണത്തിനും, കീടരോഗ ബാധമൂലം നെൽകൃഷിക്കുണ്ടാകുന്ന നാശനഷ്ടത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. 01-04-2022 മുതൽ 09-03-2023 വരെ പദ്ധതിയിൽ 233082 കർഷകർ അംഗങ്ങളാകുകയും 494.29770 ലക്ഷം രൂപ പ്രീമിയമായി ശേഖരിക്കുകയും 4082.5129 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുമുണ്ട്.

കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ

- **പ്രധാനമന്ത്രി ഫസൽ ബീമാ യോജന**

അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന ഇൻഷ്വറൻസ് കമ്പനിയെയാണ് പദ്ധതി നടത്തിപ്പ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും അതുവഴി നഷ്ടപരിഹാരവും പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി മുഖേന നൽകുന്നു. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

- **കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്.

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതികളിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ, കർഷകൻ ഒടുക്കുന്ന തുകയിൽ അധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു.

(സി) നിലവിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചവർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകൾക്ക് തൃശ്ശൂർ ജില്ലക്ക് 31-12-2021 വരെയും മറ്റ് ജില്ലകൾക്ക് 31-03-2022 വരെയുള്ള അപേക്ഷകൾക്ക് തുക വിതരണം ചെയ്തിട്ടുള്ളതാകുന്നു. ഇനിയും നൽകാനുള്ള തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ്.

**കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം**

45 (5318) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിലും കാലാവസ്ഥാ വ്യതിയാനംമൂലവും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ?

എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം കോതമംഗലം

നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭവും കാലാവസ്ഥാ വ്യതിയാനംമൂലവും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി 01-06-2019 മുതൽ നാളിതുവരെ 2318 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിക്കേണ്ടി വന്നുവെന്നും വ്യക്തമാക്കാമോ?

01-06-2019 മുതലുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതമായി 1469 കർഷകർക്ക് 1141.9524 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതമായി 1790 കർഷകർക്ക് 14.95123 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇനി എത്ര പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വിശദമാക്കാമോ;

(ഡി) അർഹരായ മുഴുവൻ പേർക്കും എത്രയും വേഗം നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 478 പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ട്. ഇതിനായി സംസ്ഥാന വിഹിതമായി 81.08701 ലക്ഷം രൂപയും SDRF വിഹിതമായി 4.68287 ലക്ഷം രൂപയും ആവശ്യമുണ്ട്. പ്രസ്തുത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അങ്കമാലി മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരം**

46 (5319) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ്, അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, കറുകുറ്റി, കാലടി, തുറവൂർ, മൂക്കന്നൂർ, അങ്കമാലി എന്നീ കൃഷി ഭവനുകളിൽ പ്രകൃതിക്ഷോഭം, വന്യമൃഗശല്യം, ശക്തമായ കാറ്റ് എന്നിവ മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്നും നഷ്ടപരിഹാരം നൽകുന്നതിനായി കൃഷി ഭവൻ വകുപ്പിനെ അറിയിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങളുടെ പട്ടിക ഇനം തിരിച്ചും കൃഷി ഭവൻ അടിസ്ഥാനത്തിലും ലഭ്യമാക്കുമോ?

<u>വന്യമൃഗാക്രമണംമൂലമുള്ള</u> കൃഷി നാശത്തിന് പ്രകൃതി

ദുരന്തങ്ങൾക്കായുള്ള അടിയന്തര പദ്ധതി മുഖേന ധനസഹായം നൽകാൻ കഴിയില്ല. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വന്യമൃഗാക്രമണംമൂലം വിള നാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.

പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പദ്ധതി പ്രകാരം തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും നൽകുവാനുള്ള നഷ്ടപരിഹാര തുകയുടെ വിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

(ബി) അതിശക്തമായ കാറ്റിൽ ജാതി, ഏത്തവാഴ, കവുങ്ങ്, തെങ്ങ് എന്നീ കായ്ഫലമുള്ള മരങ്ങളും നെൽകൃഷിയും നശിച്ചവർക്കുള്ള നഷ്ടപരിഹാരം കൊടുത്ത് തീർക്കാനും കുടിശ്ശിക ഉൾപ്പെടെ തീർത്ത് നട്ടം തിരിയുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൃഷി ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിലത്തകർച്ചയിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

47 (5320) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും അവയ്ക്ക് വേണ്ട ധനസഹായം അനുവദിക്കാനും അതുവഴി വിലത്തകർച്ചയിൽ നിന്ന് കർഷകരുടെ സംരക്ഷണം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട്.

2022-23 വർഷം മുതൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിളയിടാധിഷ്ഠിത കൃഷി രീതിയിൽ മൂല്യവർദ്ധിത കാർഷിക ഉത്പന്നങ്ങളുടെ ഉല്പാദനവും സംസ്കരണവും വിപണനവും മുഖ്യ ലക്ഷ്യമാണ്.

2021-22 വർഷത്തിൽ ആരംഭിച്ച “ ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന

ക്യാമ്പയിനിന്റെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട് . 'ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം' എന്ന ലക്ഷ്യമാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉത്പന്നങ്ങളുടെ വിപണനം നടത്തി വരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ കേന്ദ്രത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ 'തളിർ' എന്ന ഏകീകൃത ബ്രാൻഡിൽ വിപണനം ചെയ്യുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും ലക്ഷ്യമിടുന്നു. കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതു സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻക്യൂബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും

നടപ്പാക്കി വരുന്നു. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കുന്നതിനും പരിഗണിച്ചുവരുന്നു.

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ' One District One Product' അധിഷ്ഠിതമായി ആരംഭിച്ച ജില്ലതോറുമുള്ള മൈക്രോ സംരംഭങ്ങളുടെ കൂട്ടായ്മ വിപണി സംബന്ധമായ അറിവുകൾ പകർന്ന് നൽകിവരുന്നു.

2022-23 'വിളവെടുപ്പിന് ശേഷമുള്ള പരിശീലനവും മൂല്യവർദ്ധനവും' പദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്ക് മൂലധന നിക്ഷേപങ്ങൾക്ക് അനുസൃതമായി ധനസഹായം നല്കുന്നു.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ.-കൾ) രൂപീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 44 പുതിയ കർഷക ഉത്പാദക സംഘങ്ങളുടെ രൂപീകരണവും നിലവിലുള്ള 49 കർഷക ഉത്പാദക

സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 10000 എഫ്.പി.ഒ.-കളുടെ രൂപീകരണ പദ്ധതി പ്രകാരം ഏജൻസികളായ നബാർഡ്, എസ്.എഫ്.എ.സി., നാഫെഡ്, എൻ.സി.ഡി.സി എന്നിവ മുഖാന്തരം 76 എഫ്.പി.ഒ.-കൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതി പ്രകാരം നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ എ.ഐ.ഫണ്ട്, എം.എസ്.എം.ഇ.-കൾക്കുള്ള വിവിധ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിന് തന്നെ ഉത്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനമെടുക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും

അതുവഴി സുസ്ഥിര കാർഷിക വികസനത്തിനുമായി അഗ്രോ പാർക്കുകൾ സ്ഥാപിച്ചുവരുന്നു. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം, നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ഒരുക്കുന്നതിനാണ് അഗ്രോ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്.

**കുട്ടനാട്ടിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കാൻ നടപടി**

48 (5321) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. ഇതിനുപുറമെ,

ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും നെൽകൃഷി വികസന പദ്ധതിയിൽ ഫണ്ട് ലഭ്യമാണ്. കൂടാതെ, ഒരു ഹെക്ടറിന് 1,000/- രൂപ എന്ന നിരക്കിൽ നെൽകൃഷിക്ക് ഉത്പാദന ബോണസും കർഷകർക്ക് നൽകുന്നുണ്ട്.

(ബി) കുട്ടനാട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, സമഗ്രമായ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കുട്ടനാട് വികസന ഏകോപന കൗൺസിൽ 01-11-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പാടശേഖരങ്ങൾ, കർഷക സംഘടനകൾ എന്നിവരുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കുട്ടനാട്ടിലെ കർഷകർ നിലവിൽ

നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതുവഴി കുട്ടനാടിന്റെ സമഗ്രവികസനവുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനവും അതോടനുബന്ധിച്ച് അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭവും കുട്ടനാട്ടിലെ കർഷകരെ ഏറെ പ്രയാസപ്പെടുത്തുന്നുണ്ട്. കൂടാതെ, അനുയോജ്യമായ വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, കൊയ്ത്ത് മെതിയന്ത്രങ്ങളുടെ ക്ഷാമം എന്നിവയെല്ലാം ഇവിടത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. ഇതിന് പരിഹാരമായി കൃഷി വകുപ്പ് കുട്ടനാട്ടിലെ നെൽകൃഷിക്ക് പ്രത്യേകമായി തയ്യാറാക്കിയ കാർഷിക കലണ്ടർ അനുസരിച്ച് കാർഷിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുമ്പോൾ ഉല്പാദനോപാധികൾ, കാർഷിക യന്ത്രങ്ങൾ എന്നിവയുടെ ലഭ്യതയും ഉറപ്പുവരുത്തുവാൻ കഴിയും.

## കാർഷിക വായ്പകൾക്ക് ഇളവ്

49 (5322) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീമതി ഉമ തോമസ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തരിശുനിലങ്ങളിൽ ഉൾപ്പെടെ പാട്ട വ്യവസ്ഥയിൽ

കൃഷി ചെയ്യുന്നതിന് നബാർഡിന്റെ സഹകരണത്തോടുകൂടി ഷെഡ്യൂൾഡ് ബാങ്കുകൾ വഴി കാർഷിക ലോണുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ തിരിച്ചടവ് വ്യവസ്ഥകളും പലിശ നിരക്കും വ്യക്തമാക്കുമോ?

തരിശുനിലങ്ങൾ കൂട്ടായ്മയിൽ കൂടി ഏറ്റെടുത്ത് ജെ.എൻ.ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) രൂപീകരിച്ചാണ് ഷെഡ്യൂൾഡ് ബാങ്കുകൾ വായ്പകൾ അനുവദിക്കുന്നത്. ഇത്തരം ലോണുകൾക്ക് കാർഷിക ലോണിന്റെ വ്യവസ്ഥകളും പലിശയുമാണ് ബാങ്ക് ബാധകമാക്കുക.

(ബി) പ്രളയവും കോവിഡുംമൂലം പ്രതിസന്ധിയുണ്ടായതിനാൽ പ്രസ്തുത ലോണുകളുടെ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ 25 ശതമാനം തുക ഒറ്റത്തവണ അടച്ച് ബാധ്യത തീർക്കുന്നതിന് കർഷകർക്ക് അവസരം നൽകുമോ; എങ്കിൽ വിശദമാക്കുമോ?

കാലാകാലങ്ങളിൽ ആർ.ബി.ഐ. പുറപ്പെടുവിക്കുന്ന ഗൈഡ്‌ലൈൻ പ്രകാരവും ബാങ്കുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരവും മാത്രമേ തിരിച്ചടവ് മുടങ്ങിയ ലോണുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ സാധ്യമാകുകയുള്ളൂ.

**അരുവിക്കര മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി**

50 (5323) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിലെ കർഷകർക്ക് 2021-22, 2022-23 എന്നീ വർഷങ്ങളിൽ നൽകിയ ആനുകൂല്യം എത്രയാണെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിലെ കർഷകർക്ക് 2021-22, 2022-23 എന്നീ വർഷങ്ങളിൽ നൽകിയ ആനുകൂല്യത്തിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള കാർഷിക വിളകളെക്കാൾ കൂടുതൽ ഇനങ്ങൾ പരിഗണിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിലുള്ള കാർഷിക വിളകളെക്കാൾ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചുവരുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതി

51 (5324) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ 27 വിളകളെയാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം വിളകളെയാണ്

ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് പ്രധാനമന്ത്രി ഫസൽ ബീമാ യോജന ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, കരിമ്പ്, ഏലം, കമുക്, ജാതി, കശുമാവ്, മാവ്, ഉരുളക്കിഴങ്ങ്, കാബേജ്, ക്യാരറ്റ്, വെളുത്തുള്ളി, ബീൻസ്, പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, മുളക്, തക്കാളി, ചെറുധാന്യങ്ങൾ എന്നീ വിളകളാണ് കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കാലാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ?

കാലാവസ്ഥയെ അടിസ്ഥാനമാക്കി കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയാണ് പുനരാവിഷ്കരിച്ച

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി. പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ ഒഴികെയുള്ള കേരളത്തിലെ 12 ജില്ലകളിലെയും വിജ്ഞാപനം ചെയ്തിട്ടുള്ള ഇൻഷ്വറൻസ് യൂണിറ്റുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാലാവസ്ഥ നിലയങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ടേം ഷീറ്റുകൾ പ്രകാരം അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ക്ലെയിം തയ്യാറാക്കി തുക വിതരണം ചെയ്യുന്നു.

(ഡി) ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പദ്ധതി ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടമുണ്ടായാൽ 15 ദിവസത്തിനകം കർഷകൻ

ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ സ്ഥല പരിശോധന നടത്തി അർഹമായ ആനുകൂല്യം തിട്ടപ്പെടുത്തി അതത് ഉദ്യോഗസ്ഥതലത്തിൽ അംഗീകരിക്കുകയും Centralised Direct Benefit Transfer ആയി തുക നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

**പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അടങ്ങിയ കീടനാശിനികൾ**

52 (5325) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ അടങ്ങിയിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭ്യമാകുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അനിയന്ത്രിതമായ തോതിൽ കീടനാശിനികൾ അടങ്ങിയിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ചു വരുന്ന "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന 'സമഗ്ര പച്ചക്കറി വികസന പദ്ധതി' യിൽ

ഉൾപ്പെടുത്തി കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ നടപ്പിലാക്കിവരുന്ന "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം മുഖേന കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തിവരുന്നു. എന്നാൽ കൃഷി വകുപ്പിന്റെ ഇക്കോഷോപ്പ്, ബി.എൽ.എഫ്.ഒ. ചന്തകൾ (ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ) മുതലായവ വഴി വിതരണം ചെയ്യുന്ന പച്ചക്കറികളിൽ അവശിഷ്ട വിഷാംശം അനുവദനീയമായ പരിധിയിൽ നിന്നും അധികരിച്ചിട്ടില്ലെന്ന് പരിശോധന ഫലങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചച്ചീര, ബജി മുളക്, ക്യാപ്സിക്കം (മഞ്ഞ, പച്ച, ചുവപ്പ്), സെലറി, സ്പിനാച്ച് ഇല എന്നീ പച്ചക്കറികളിലെ ശേഖരിച്ച എല്ലാ സാമ്പിളുകളിലും അനുവദനീയമായ അളവിലും കൂടുതൽ കീടനാശിനി അവശിഷ്ട വിഷാംശം കണ്ടെത്തി. ബ്രോക്കോളി, വഴുതന, സാമ്പാർ മുളക്, മല്ലിയില, കറിവേപ്പില, നെല്ലിക്ക, പച്ചമുളക്, ലെറ്റൂസ്, പുതിന ഇല, സാലഡ് വെള്ളരി, ഉള്ളിപ്പൂവ്, പയർ എന്നിവയുടെ ശേഖരിച്ച 50 ശതമാനത്തിലധികം സാമ്പിളുകളിലും അനുവദനീയമായ പരിധിയിൽ

കൂടുതൽ കീടനാശിനി കണ്ടെത്തിയിട്ടുണ്ട്. കുമ്പളം, ക്യാബേജ് (വൈലറ്റ്), ചൗചൗ, അമരക്ക, ചേന, ഇഞ്ചി, വെളുത്തുള്ളി, ഏത്തക്കായ, കോളിഫ്ലവർ, ചെറിയ ഉള്ളി, സവാള, ഉരുളക്കിഴങ്ങ്, മത്തൻ, പീച്ചിങ്ങ എന്നിവയിൽ കീടനാശിനി അവശിഷ്ടം അനുവദനീയ പരിധിയിൽ കൂടുതൽ കണ്ടെത്തിയിട്ടില്ല. പഴവർഗ്ഗങ്ങളിൽ റോബസ്റ്റ, സപ്പോട്ട, മുന്തിരി (പച്ച) എന്നിവയിലെ ശേഖരിച്ച 50 ശതമാനത്തിലധികം സാമ്പിളുകളിലും അധികമായ കീടനാശിനി അവശിഷ്ടം കണ്ടെത്തുകയുണ്ടായി. ആപ്പിൾ (പച്ച), ഡ്രാഗൺ ഫ്രൂട്ട്, കിവി, മാങ്ങ, മുസാമ്പി, ഏത്തപ്പഴം, ഓറഞ്ച്, പപ്പായ, കൈതച്ചക്ക, മാതളം, കപ്പപ്പഴം, സബർജില്ലി എന്നിവയുടെ സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം പരിധി അധികരിച്ചതായി കണ്ടെത്തിയിട്ടില്ല.

(ബി) പ്രസ്തുത കീടനാശിനിയുടെ സാന്നിദ്ധ്യം സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നിലവിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിലായി നാല് കീടനാശിനി അവശിഷ്ട പരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവ്വകലാശാല

വെള്ളായണി കാർഷിക കോളേജിലെ എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള പരിശോധനാശാലയിലാണ് സംസ്ഥാനത്തൊട്ടാകെയുള്ള പഴം-പച്ചക്കറി-സുഗന്ധവ്യഞ്ജനങ്ങൾ, കറിപ്പൊടികൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ അവശിഷ്ട വിഷാംശം പരിശോധന നടത്തിവരുന്നത്. വിലപിടിപ്പുള്ള അത്യാധുനിക യന്ത്രങ്ങളുപയോഗിച്ച് അതീവ കൃത്യതയോടെയാണ് പരിശോധനകൾ നടത്തി വരുന്നത്.

(സി) എങ്കിൽ സംസ്ഥാന വ്യാപകമായി കീടനാശിനി നിർണ്ണയ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാന വ്യാപകമായിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയാണ് നിലവിൽ കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ നടത്തി വരുന്നത്.

**കാർഷിക സംരംഭകത്വ പ്രോത്സാഹനത്തിനുള്ള പദ്ധതികൾ**

53 (5326) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സംരംഭകത്വ പ്രോത്സാഹനത്തിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ കാർഷിക ഉല്പാദന രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

"വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതിയാണ് സൂക്ഷ്മ ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. കർഷകന്റെ വരുമാന വർദ്ധനവിന് സഹായിക്കുന്ന ഈ പദ്ധതി പ്രകാരം കർഷക സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മതലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ.

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു. നാളികേരം, നെല്ല്, തേൻ, ചെറുധാന്യങ്ങൾ, ചക്ക, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ മൂല്യവർദ്ധന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. 2017 മുതൽ എസ്.എഫ്.എ.സി. വഴി 54 സംരംഭങ്ങൾക്കായി 10,30,89,928/- (പത്തു കോടി മുപ്പത് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ സംരംഭകത്വ പ്രോത്സാഹന രംഗത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; കേരള അഗ്രോ ബ്രാന്റിലും ലോഗോയിലും ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കുമോ?

2022-23 വർഷത്തിൽ "വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ, ചെറുകിട, ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. സംരംഭകരുടെ പ്രോത്സാഹനത്തിനായി സംസ്ഥാന കൃഷി വകുപ്പ്

എസ്.എഫ്.എ.സി., കേരള വഴി ഈ പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മതലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു. വ്യക്തികൾക്കോ, സ്വാശ്രയ സംഘടനകൾക്കോ, പാർട്ട്ണർഷിപ്പുകൾക്കോ ഈ പദ്ധതി ആനുകൂല്യം ലഭ്യമാകും. ഫാക്ടറി യൂണിറ്റ്, യന്ത്രസാമഗ്രികൾ, സാങ്കേതികവിദ്യ, പാക്കേജിംഗ് സംവിധാനങ്ങൾ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ആനുകൂല്യം നൽകുന്നു. ഒരു സംരംഭത്തിന് പരമാവധി 50 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്നു.

കൃഷി വകുപ്പ് 'കേരളാഗ്രോ' എന്ന ബ്രാൻഡിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഓൺലൈൻ സംവിധാനം മുഖേന വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർ/എഫ്.പി.ഒ.-കൾ/കർഷക കൂട്ടായ്മകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഓൺലൈൻ മുഖേന 'കേരളാഗ്രോ' എന്ന ബ്രാൻഡിൽ മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) മൂല്യവർദ്ധിത കൃഷി മിഷൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന്

വിശദമാക്കാമോ?

കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission - VAAM) രൂപീകരിച്ചിട്ടുള്ളത്.

പ്രാഥമിക കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി മൂല്യവർദ്ധിത കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും

ആവശ്യമായ നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനുമായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/ റിസോഴ്സ് സബ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് വർക്ക് ഷോപ്പുകൾ എന്നിവ നടത്തി കൃഷിയെയും കൃഷിക്കാരെയും പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. മൂല്യവർദ്ധിത കാർഷിക മിഷന് വേണ്ടി ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ട്.

## വൈഗ കാർഷിക പ്രദർശനം

54 (5327)ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗ കാർഷിക പ്രദർശനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളും ഇതുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങളും വിശദമാക്കാമോ?

സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പൊതുസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA - Value Addition for Income Generation in Agriculture) സംഘടിപ്പിച്ചു വരുന്നു. വിവിധ ഉൽപ്പാദന/വികസന പദ്ധതികൾക്കൊപ്പം മൂല്യവർദ്ധനവിന് ഊന്നൽ നൽകുന്നത് കാർഷിക വരുമാനം ഉയർത്താൻ സാധ്യമാകുമെന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് സംഘടിപ്പിച്ചുവരുന്ന വൈഗയിൽ വൈവിധ്യമേറിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമായതും ആയത്

പൊതുജനങ്ങൾക്ക് ഊർജ്ജം പകരുന്ന രീതിയിൽ പ്രദർശിപ്പിക്കാൻ സാധിച്ചതും വൈഗയുടെ പ്രവർത്തനത്തിന്റെ മികവായി കാണുന്നു. കൂടാതെ ഇതര സംസ്ഥാനങ്ങളുടെ സ്റ്റാളുകളിൽ പ്രദർശത്തിനെത്തിയ കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ, വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യത കേരളത്തിലെ കർഷകർക്കും സംരംഭകർക്കും പരിചയപ്പെടുത്തിക്കൊടുക്കുന്നതിനിടയാക്കി. കാർഷിക മേഖലയിലെ നവീനവും വ്യത്യസ്തവുമായ സാങ്കേതികവിദ്യകൾ കേരളത്തിലെ കർഷകർക്ക് പരിചയപ്പെടുത്തുവാനായി ആസൂത്രണം ചെയ്ത സെമിനാറുകൾ കേരളത്തിലെ കർഷകർക്കും സംഭരകർക്കും ഉണ്ടാക്കിയ അനുഭവം വ്യത്യസ്തമാണ്. കഴിഞ്ഞ 5 വൈഗയിൽ 73 പ്രധാനപ്പെട്ട സെമിനാറുകളിലായി ഉരുത്തിരിഞ്ഞ ആശയങ്ങളുടെ ഫലമായി 161-ഓളം സ്റ്റാർട്ടപ്പുകളെ കാർഷിക മേഖലയിൽ തയ്യാറാക്കിയെടുക്കുവാനും 118-ഓളം എഫ്.പി.ഒ.-കളുടെ രൂപീകരണത്തിന് ഇടയാക്കുകയും ചെയ്തു. സംസ്കരണ മേഖലയിൽ പുതിയ 16 സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്കും സംരംഭങ്ങളിലേയ്ക്കും കേരള കാർഷിക സർവ്വകലാശാല പകർന്നുനൽകിയത് വൈഗയുടെ പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്നാണ്. സി.റ്റി.സി.ആർ.ഐ, എൻ.ഐ.ഐ.എസ്.റ്റി., കെ.വി.കെ. പത്തനംതിട്ട, കേരള കാർഷിക സർവ്വകലാശാല എന്നിവ ആരംഭിച്ച

ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വൈഗയുടെ ഭാഗമായി ശാക്തീകരിച്ച് സംരംഭകർക്ക് തുടർച്ചയായി പരിശീലനം നൽകിവരുന്നു. അട്ടപ്പാടി മില്ലറ്റ് വില്ലേജിന്റെ രൂപീകരണവും സംസ്കരണ കേന്ദ്രത്തിന്റെ സ്ഥാപനവും വൈഗയുടെ ഭാഗമായി യാഥാർത്ഥമായതാണ്. കേരള കാർഷിക സർവ്വകലാശാല, കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും കേന്ദ്രസർക്കാരിന്റെയും നിയന്ത്രണത്തിലുള്ള വിവിധ കാർഷിക സാങ്കേതിക സ്ഥാപനങ്ങളുടെ 529-ഓളം പ്രധാനപ്പെട്ട സ്റ്റാളുകൾ കേരളത്തിലെ കർഷകർക്ക് കാർഷിക മേഖലയിലെ മൂല്യവർദ്ധനവിന്റെ സാധ്യതകൾ പകർന്നു നൽകി. എസ്.എഫ്.എ.സി. വഴി കാർഷിക മേഖലയിൽ 54 ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാനായത് കഴിഞ്ഞ വൈഗയുടെ നേട്ടങ്ങളാണ്.

മുൻ വർഷങ്ങളിൽ നടത്തപ്പെട്ട വൈഗകളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ് "കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം" എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ട് 2023-ൽ വൈഗ ഫെബ്രുവരി ഇരുപത്തിയഞ്ച് മുതൽ മാർച്ച് രണ്ട് വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിച്ചത്. 2016-ൽ വൈഗ തുടങ്ങുമ്പോൾ പ്രദർശനത്തിനും സെമിനാറിനും മാത്രം പ്രാധാന്യം നൽകിയ

രീതിയിൽനിന്നും തുടർവർഷങ്ങളിൽ ബിസിനസ്സ് മീറ്റ്, ഹാക്കത്തോൺ, ഡി.പി.ആർ. ക്ലിനിക് തുടങ്ങിയ പരിപാടികൾ കൂടി സംഘടിപ്പിക്കുന്നതിന് സാധിച്ചു.

ഇത്തവണത്തെ B2B മീറ്റിൽ 140 ' സെല്ലേഴ്സും' (കർഷകർ, FPOs, സംരംഭകർ) 77 ' ബയേഴ്സുമാണ്' (കയറ്റുമതിക്കാർ, വൻകിട വ്യാപാരികൾ, വ്യവസായികൾ) പങ്കെടുത്തത്. ഇതിന്റെ ഭാഗമായി 39.76 കോടി രൂപയുടെ 128 സമ്മതപത്രങ്ങളാണ് കൈമാറാൻ സാധിച്ചത്. ലളിതമായ നടപടിക്രമങ്ങളിലൂടെ കർഷകർക്ക് നേരിട്ട് വ്യാപാര കരാറിൽ ഏർപ്പെടാനുമുള്ള അവസരമാണ് ഇതിലൂടെ ലഭിച്ചത്.

എക്സിബിഷൻ, സെമിനാറുകൾ, ബിസിനസ്സ്മീറ്റ്, ഹാക്കത്തോൺ എന്നിവയോടൊപ്പം നടത്തപ്പെട്ട " DPR ക്ലിനിക്ക്" ഇത്തവണത്തെ വൈഗയുടെ പ്രധാന സവിശേഷതയാണ്. 50 കാർഷികാധിഷ്ഠിത നവീന പദ്ധതി രേഖകൾ ബാങ്കുകളിലേയ്ക്ക് പുതുസംരംഭകർക്കും കാർഷിക ഉല്പാദന സംഘടനകൾക്കും ബാങ്കുകൾക്ക് സമർപ്പിക്കത്തക്ക വിധം തയ്യാറാക്കുവാൻ സാധ്യമായി വരുന്നു. ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സംരംഭകനെ പ്രാപ്തനാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഡി.പി.ആർ ക്ലിനിക് തിരുവനന്തപുരം സമേതിയിൽ

2023 ഫെബ്രുവരി 15 മുതൽ 17 വരെയുള്ള തീയതികളിൽ മൂന്ന് ദിവസമായി സംഘടിപ്പിച്ചത്.

കർഷകർക്കും പൊതുജനങ്ങൾക്കും പുതുസംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതികവിദ്യകൾ പങ്കിടുന്നതിനുമുള്ള ഒരു വേദിയൊരുക്കുക എന്ന ലക്ഷ്യം വൈഗയിലൂടെ നിറവേറ്റപ്പെടുന്നു എന്നത് വസ്തുതയാണ്. 2023-ലെ വൈഗയിൽ 18 സെമിനാറുകളിലായി കാർഷിക മേഖലയിലെ വ്യത്യസ്തമായ ആശയങ്ങൾ കേരളത്തിലെയും ഇന്ത്യയിലെയും വിദേശത്തെയും സാങ്കേതികവിദഗ്ധർ കേരളത്തിലെ കർഷകരുമായും കൃഷി ഉദ്യോഗസ്ഥന്മാരുമായും പങ്കുവച്ചത് കാർഷിക മേഖലയിലെ പുത്തനുണർവ്വിന് ഊർജ്ജം നൽകും എന്നതിന് സംശയമില്ല.

വൈഗയുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽനിന്നും കേരളം സന്ദർശിച്ച് വ്യത്യസ്തമായ ചർച്ചകളിൽ പങ്കാളികളായ സംസ്ഥാന കൃഷി വകുപ്പുമന്ത്രിമാർ കാർഷിക മേഖലയിൽ കേരളവുമായി സഹകരിക്കാവുന്ന മേഖലകളെക്കുറിച്ച് വ്യക്തമായി ആശയങ്ങൾ പങ്കുവയ്ക്കുകയും തങ്ങളുടെ സംസ്ഥാനങ്ങളിൽ മൂല്യവർദ്ധന മേഖലയിലെ സാധ്യത വൈഗ പോലെയുള്ള പ്രദർശനങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങളിലും കർഷകരിലും

എത്തിക്കുമെന്ന് അഭിപ്രായപ്പെട്ടത് വൈഗയുടെ മികവിനെ വിളിച്ചോതുന്നു.

ഓൺലൈൻ ഇ-കൊമേഴ്സ് പോർട്ടലുകളിൽ കൃഷി വകുപ്പിന്റെ 100 ഉല്പന്നങ്ങൾ വിപണനത്തിനായി എത്തിക്കാൻ നടപടി സ്വീകരിച്ചതും ഒരു കൃഷി ഭവൻ ഒരു ഉല്പന്നം എന്ന നിലയിലേയ്ക്ക് 2023 കലണ്ടർ വർഷം എത്താൻ സാധ്യമാകുന്നതും വൈഗയുടെ മികവാണ്.

വൈഗയിൽ അവതരിപ്പിക്കപ്പെട്ട കാർഷിക മാതൃകകൾ പ്രവാസികൾക്കും യുവകർഷകർക്കും സ്ത്രീകൾക്കും കൂട്ടായ്മകൾക്കും കാർഷിക മേഖല പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാക്കുവാൻ പ്രചോദനം നൽകുന്നതാണ്. ഇപ്രകാരം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ കാർഷിക വിളകളിൽ നിന്നുള്ള മൂല്യവർദ്ധിതോൽപ്പന്ന നിർമ്മാണത്തിനുള്ള സാങ്കേതികവിദ്യകളുടെ കൈമാറ്റത്തിനും നൂതന ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനും വൈഗ വലിയ പങ്കുവഹിക്കുന്നു.

(ബി) കാർഷിക മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിനും പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനും വൈഗയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഡി.പി.ആർ. ക്ലിനിക് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

കാർഷിക മേഖലയിലെ സംരംഭകത്വ പ്രോത്സാഹനത്തിനായി വൈഗ 2023-നോട് അനുബന്ധിച്ച് പ്രത്യേകമായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ ഡി.പി.ആർ. ക്ലിനിക്ക് ഇത്തവണത്തെ വൈഗയുടെ ഏറ്റവും പ്രധാന ആകർഷണമായിരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കി സംരംഭകനെ പ്രാപ്തനാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഡി.പി.ആർ ക്ലിനിക് തിരുവനന്തപുരം സമേതിയിൽ 2023 ഫെബ്രുവരി 15 മുതൽ 17 വരെ മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ചത്. ഒരു സംരംഭം ആരംഭിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അഥവാ ഡി.പി.ആർ. ഒരു സംരംഭത്തിന് ആവശ്യമായ ഭൗതിക സാഹചര്യം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, യന്ത്രസാമഗ്രികൾ, സാങ്കേതികവിദ്യ, സാമ്പത്തിക സ്രോതസ്സ്, സാമ്പത്തിക വിശകലനം, ആ പ്രൊഡക്ഷൻ യൂണിറ്റിന്റെ കപ്പാസിറ്റി, തുടങ്ങി ആ സംരംഭത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും കോർത്തിണക്കിയാണ് ഒരു ഡി.പി.ആർ. തയ്യാറാക്കുന്നത്.

അപ്രകാരം സംരംഭകരാകാൻ താല്പര്യമുള്ള തെരഞ്ഞെടുത്ത 50

പേരെയാണ് ഡി.പി.ആർ. ക്ലിനിക്കിൽ ഉൾപ്പെടുത്തിയത്. വിദഗ്ധരുടെ ഒരു പാനലിനു മുന്നിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നയാൾ തന്റെ സ്വപ്നങ്ങളും അതിനുവേണ്ടി താൻ ചെയ്തിട്ടുള്ള തയ്യാറെടുപ്പുകളും അവതരിപ്പിക്കുന്നു. ശാസ്ത്രജ്ഞർ, സാമ്പത്തിക വിദഗ്ധർ, സാങ്കേതിക വിദഗ്ധർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് പ്രോജക്ട് യൂണിറ്റിലെ ഉദ്യോഗസ്ഥർ, സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ, നബാർഡിന്റെ സബ്സിഡിയറി ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനായ നാബ്കോൺസ് തുടങ്ങിയവരാണ് പാനലിൽ ഉണ്ടായിരുന്നത്. സംരംഭകന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ സഹായിക്കുന്നതും ബാങ്കുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്നതുമായ ഒരു ഡി.പി.ആർ. ആണ് സംരംഭകന് ഡി.പി.ആർ. ക്ലിനിക്കിന്റെ ഭാഗമായി ലഭ്യമായത്. കൂടാതെ വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ക്ലിനിക്കിന്റെ ഭാഗമായി ഒന്നിച്ചിരുന്നതിനാൽ സംരംഭകരിൽ നിന്ന് ശേഖരിച്ച ആശയങ്ങളെ വിശകലനം ചെയ്ത് ഡി.പി.ആർ. തയ്യാറാക്കിയതിനോടൊപ്പം സർക്കാർ പദ്ധതികളെ സമന്വയിപ്പിക്കുന്നതിനും അത് പ്രകാരമുള്ള പരമാവധി ആനുകൂല്യങ്ങൾ സംരംഭങ്ങൾക്ക് ലഭ്യമാക്കാനും ഡി.പി.ആർ. ക്ലിനിക്കിലൂടെ സാധിച്ചു. ഡി.പി.ആർ. ക്ലിനിക്കിന്റെ ഭാഗമായി 50 സംരംഭകർക്ക്

ഡി.പി.ആർ. തയ്യാറാക്കി നല്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കാർഷിക മേഖലയിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് വൈഗയുമായി ബന്ധപ്പെട്ട് അഗ്രിഹാക്കത്തോൺ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കാർഷിക മേഖലയിലെ ഏറ്റവും വലിയ ഹാക്കത്തോൺ ആയ " വൈഗ അഗ്രി ഹാക്ക് 2023" വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചു. കാലാവസ്ഥ വ്യതിയാനം, കാർഷികോല്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ, കീടരോഗ ബാധകൾ, ഉയർന്ന ഉല്പാദന ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയടക്കമുള്ള പ്രതിസന്ധികൾ കാർഷിക മേഖല നേരിടുന്നുണ്ട്. നിലവിലുള്ള പരിഹാരമാർഗ്ഗങ്ങൾക്കപ്പുറമുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിന് നടത്തിയ അഗ്രിഹാക്കത്തോൺ പ്രയോജനപ്രദമായിരുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾ, സ്റ്റാർട്ടപ്പുകൾ, കർഷകർ, പ്രൊഫഷണലുകൾ തുടങ്ങിയവരാണ് ഹാക്കത്തോണിൽ പങ്കെടുത്തത്.

കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന തെരഞ്ഞെടുത്ത പ്രധാന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമുള്ള പ്രശ്ന പരിഹാരങ്ങൾ

മത്സരാടിസ്ഥാനത്തിൽ ടീമുകൾ അവതരിപ്പിക്കുകയും പ്രാഥമിക വിലയിരുത്തലിലൂടെ തെരഞ്ഞെടുക്കപ്പെട്ട 30 ടീമുകൾ ഹാക്കത്തോണിന്റെ ഗ്രാൻഡ് ഫിനാലെയിൽ പങ്കെടുക്കുകയും ചെയ്തു. 36 മണിക്കൂർ നീണ്ട വൈഗ അഗ്രിഹാക്ക് 2023-ൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള മത്സരങ്ങൾ നടത്തപ്പെട്ടു. മത്സരാർത്ഥികൾ നിർദ്ദേശിച്ച പ്രശ്നപരിഹാരങ്ങൾ (സൊല്യൂഷനുകൾ) പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കാവുന്ന വിധം വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. വിജയികളായവർ കണ്ടെത്തിയ പ്രശ്നപരിഹാരങ്ങൾ പ്രായോഗിക തലത്തിൽ വികസിപ്പിക്കാവുന്നതും, അവ കാർഷിക മേഖലയ്ക്ക് ഉപയുക്തമാകുന്ന തരത്തിൽ വിനിയോഗിക്കുന്നതുമാണ്.

(ഡി) ഉല്പാദകരെയും വിപണന-മൂല്യവർദ്ധന രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് വൈഗ 2023 എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരളത്തിന്റെ തനത് കാർഷികോല്പന്നങ്ങൾ എക്കാലത്തും ലോകത്തിന് പ്രിയമുള്ളതാണ്. സുഗന്ധവ്യഞ്ജനങ്ങളും ഫലവർഗങ്ങളും പച്ചക്കറിയും കിഴങ്ങ് വർഗ്ഗങ്ങളും ധാന്യങ്ങളും ഔഷധ സസ്യങ്ങളുമടക്കമുള്ള എല്ലാ വിളകൾക്കും വിപണി സാദ്ധ്യത ധാരാളമുണ്ടായിട്ടും ആയത്

പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായും ലഭിക്കുന്നതിനുമായി ബിസിനസ്സ് മീറ്റ് (ബി ടു ബി) വൈഗ 2023-ന്റെ ഭാഗമായി സംഘടിപ്പിച്ചത്. വൈഗ വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഉല്പാദകരെയും സംരംഭകരെയും വ്യാപാരികളെയും വ്യവസായികളെയും ഉൾപ്പെടുത്തി 2023 ഫെബ്രുവരി 28-ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ചാണ് ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചത്. ഇത്തവണത്തെ B 2 B മീറ്റിൽ 140 ‘ സെല്ലേഴ്സും’ (കർഷകർ, FPOs, സംരംഭകർ) 77 ‘ ബയേഴ്സുമാണ്“ (കയറ്റുമതിക്കാർ, വൻകിട വ്യാപാരികൾ, വ്യവസായികൾ) പങ്കെടുത്തത്. ഇതിന്റെ ഭാഗമായി 39.76 കോടി രൂപയുടെ 128 സമ്മതപത്രങ്ങളാണ് കൈമാറാൻ സാധിച്ചത്. ലളിതമായ നടപടിക്രമങ്ങളിലൂടെ കർഷകർക്ക് നേരിട്ട് വ്യാപാര കരാറിൽ ഏർപ്പെടാനുമുള്ള അവസരമാണ് ഇതിലൂടെ ലഭിച്ചത്.

**കേരളാ അഗ്രോ മെഷീനറി കോർപ്പറേഷന്റെ വിറ്റുവരവ്**

55 (5328) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2021-22 വരെ കേരളാ അഗ്രോ മെഷിനറി കോർപ്പറേഷന്റെ വിറ്റുവരവ് എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; പ്രസ്തുത കാലയളവിൽ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വിശദമാക്കാമോ?

| വർഷം | വിറ്റുവരവ് (ലക്ഷത്തിൽ) | ലാഭം (നികുതിക്ക് മുമ്പ്) (ലക്ഷത്തിൽ) |
|---|---|---|
| 2021-22 | 21792.3 | 78.99 |
| 2020-21 | 19782.4 | 72.97 |
| 2019-20 | 20141.47 | 563.67 |
| 2018-19 | 17911.85 | 405.27 |
| 2017-18 | 15612.65 | 375.79 |
| 2016-17 | 15335.12 | 284.77 |

**ഹോർട്ടികോർപ്പ് മുഖേനയുള്ള പഴം, പച്ചക്കറി വിപണനം**

56 (5329) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്യുന്ന

പച്ചക്കറികളുടെ വിലയും പൊതുവിപണിയിലെ വിലയും തമ്മിൽ വലിയ അന്തരമില്ലെന്നും പൊതുവിപണിയിലെ വിലയെക്കാൾ കൂടുതലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതമായ നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നു. സംസ്ഥാനത്ത് ചില പച്ചക്കറി ഇനങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതര

സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും, മൊത്ത വിതരണക്കാരിൽനിന്നും അത്തരം പച്ചക്കറികൾ നേരിട്ട് സംഭരിച്ച് കൈകാര്യ ചെലവ് മാത്രം കണക്കാക്കി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഹോർട്ടികോർപ്പ് ചെയ്തുവരുന്നത്. ചില സന്ദർഭങ്ങളിൽ കേരളത്തിൽ ലഭ്യമാകുന്ന നാടൻ ഉൽപ്പന്നങ്ങൾ ഇതര സംസ്ഥാനത്തുനിന്നും കുറഞ്ഞ വിലയ്ക്ക് പൊതുവിപണിയിൽ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(സി) ഹോർട്ടികോർപ്പ് നിലവിൽ എവിടെ നിന്നെല്ലാമാണ് പച്ചക്കറികൾ ശേഖരിക്കുന്നതെന്നും ഇതിനായി ഏജന്റുമാരെ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അഥവാ നേരിട്ടുള്ള സംഭരണമാണോ നടത്തുന്നതെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഹോർട്ടികോർപ്പ് നിലവിൽ കേരളത്തിൽ ലഭ്യമായ തനത് പച്ചക്കറികൾ കർഷകർ, കർഷക കൂട്ടായ്മകൾ, സ്വാശ്രയ കർഷക വിപണികൾ എന്നിവ മുഖാന്തരം സംഭരിക്കുന്നുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ ഫാർമേഴസ് പ്രൊഡ്യൂസേഴ്സ് കമ്പനികളിൽനിന്നും എംപാനൽ ചെയ്തിട്ടുള്ള മൊത്ത വിതരണക്കാരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പിന് പച്ചക്കറികൾ വാങ്ങി സംഭരിച്ച് വില കുറച്ച് വിതരണം ചെയ്യുന്നതിനായി സബ്സിഡി ഇനത്തിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ 16,25,00,000/- രൂപയും 2022-2023 സാമ്പത്തിക വർഷത്തിൽ 15,00,00,000/- രൂപയും ഉൾപ്പെടെ ആകെ 31,25,00,000/- രൂപയാണ് വിപണിയിടപെടലിനായി സർക്കാരിൽ നിന്നും അനുവദിച്ച നൽകിയിട്ടുള്ളത്.

(ഇ) 2022 ജനുവരി മുതൽ നാളിതുവരെ പൊതുവിപണിയിലെ പച്ചക്കറി വിലയും ഹോർട്ടികോർപ്പിലെ വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ?

2022 ജനുവരി മുതൽ നാളിതുവരെ പൊതുവിപണിയിലെ പച്ചക്കറി വിലയും ഹോർട്ടികോർപ്പിലെ വിലയും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(എഫ്) ഇത്തരത്തിൽ സബ്സിഡിയും മറ്റും നൽകിയിട്ടും പൊതുവിപണിയെക്കാൾ വില കുറച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നുള്ളത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വില അധികോൽപ്പാദനംമൂലം ക്രമാതീതമായി താഴുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ടമുണ്ടാകാതെ ഒരു നിശ്ചിത വില നൽകി സംഭരിക്കുന്നതിന് വേണ്ടിയും ഉത്സവകാലത്ത് കേരളത്തിലെ കർഷകരിൽ നിന്നും വിപണി വിലയെക്കാൾ 10% അധിക വില നൽകി സംഭരിക്കുന്നതിനും 30% വില കുറച്ച് വിറ്റഴിക്കുന്നതിനുമാണ് ഹോർട്ടികോർപ്പിന് സബ്സിഡി അനുവദിക്കുന്നത്. ഹോർട്ടികോർപ്പിൽ നിന്നും ദൈനംദിനം വിപണനം നടത്തുന്ന പച്ചക്കറികൾക്ക് സർക്കാർ ധനസഹായം നൽകുന്നില്ല.

**കർഷക കടാശ്വാസ കമ്മീഷൻ - പാലക്കാട് ജില്ലയിലെ തുക വിതരണം**

57 (5330) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കർഷക കടാശ്വാസ കമ്മീഷൻ മുഖേന പാലക്കാട് ജില്ലയിലെ കർഷകർക്ക് ഓരോ വർഷവും വിതരണം ചെയ്ത തുക എത്രയാണെന്ന് അറിയിക്കാമോ; ആയതിന്റെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

കമ്മീഷനിൽ കർഷകർ സമർപ്പിക്കുന്ന അപേക്ഷ സ്വീകരിച്ച് ജില്ലാടിസ്ഥാനത്തിൽ വേർതിരിച്ച് അതാത് ജില്ലകളിൽ സിറ്റിംഗ് നടത്തി അർഹത നിർണ്ണയിച്ച് കമ്മീഷൻ ഉത്തരവാകുന്നു. കമ്മീഷനിൽ സമർപ്പിക്കപ്പെടുന്ന, 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ചട്ടപ്രകാരമുള്ള ഫോറം സി-യിലുള്ള അപേക്ഷകളിൽ നിയോജകമണ്ഡലം രേഖപ്പെടുത്തുവാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ കടാശ്വാസം വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കിയ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കർഷക കടാശ്വാസ കമ്മീഷൻ

58 (5331) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസമായി അനുവദിച്ച തുക ബാങ്കുകൾക്ക് കൈമാറാത്തതിനാൽ കർഷകർ അവരുടെ വിഹിതം അടച്ചിട്ടും ബാങ്കുകൾ പണയ ഉരുപ്പടികൾ തിരികെ നൽകാത്തത് സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ 2 കോടതി കേസുകൾ നിലവിലുണ്ട്. ഇതിനുപുറമെ കണ്ണൂർ ജില്ലയിൽ കൊളക്കാട് സർവ്വീസ് സഹകരണ ബാങ്ക് പണയ ഉരുപ്പടികൾ തിരികെ നൽകാത്തത് സംബന്ധിച്ച് 6 പരാതികൾ നിലവിലുണ്ടെന്ന് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അറിയിച്ചിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷൻ ഏത് വർഷം മുതൽ അനുവദിച്ച തുകയാണ് ബാങ്കുകൾക്ക് കൈമാറാനുള്ളതെന്നും എത്ര തുക കൈമാറി നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ?

2019 ജൂലൈ മുതലുള്ള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശകളിൽ തുക അനുവദിക്കാനുണ്ട്. എന്നാൽ കടാശ്വാസ കമ്മീഷനിൽ നിന്നും ലഭ്യമാകുന്ന അന്തിമ ഉത്തരവുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ഇപ്രകാരം വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺ വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 2022 ജൂലൈ മുതൽ ലഭിച്ച വെരിഫിക്കേഷൻ പൂർത്തിയായ 8349 അപേക്ഷകളിന്മേൽ 74,83,56,933/- രൂപ കടാശ്വാസമായി അനുവദിക്കാനുണ്ട്.

(സി) കഴിഞ്ഞ ഒരു വർഷത്തിലധികമായി പുതിയ അപേക്ഷകൾ

കർഷക കടാശ്വാസ കമ്മീഷൻ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

01-01-2023 മുതൽ 30-06-2023 വരെ കടാശ്വാസ അപേക്ഷകൾ സ്വീകരിക്കാൻ കമ്മീഷന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് നിലവിൽ കമ്മീഷനിൽ പുതിയ അപേക്ഷകൾ സ്വീകരിച്ചു വരുന്നുണ്ട്.

**കാർഷിക കടാശ്വാസമായി വിതരണം ചെയ്ത തുക**

59 (5332) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസമായി നിലവിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കടാശ്വാസ കമ്മീഷനിൽനിന്നും ലഭ്യമാകുന്ന അന്തിമ ഉത്തരവുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ഇപ്രകാരം

വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 8349 അപേക്ഷകളിന്മേൽ 74,83,56,933/- രൂപ കടാശ്വാസമായി അനുവദിക്കാനുണ്ട്. പ്രസ്തുത തുകയടക്കം കടാശ്വാസ കമ്മീഷനിൽ നിന്ന് ലഭ്യമായ മുഴുവൻ അവാർഡുകളിന്മേലും വെരിഫിക്കേഷൻ നടപടികൾക്കുമുമ്പായി കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) കടാശ്വാസവുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതി രണ്ടു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെ എടുത്ത വായ്പകൾക്കും കടാശ്വാസത്തിന് അർഹതയുണ്ട്.

01-01-2023 മുതൽ 30-06-2023 വരെ അപേക്ഷ സമർപ്പിക്കാൻ അർഹരായ കർഷകർക്ക് അവസരമുണ്ട്. പ്രസ്തുത തീയതി ദീർഘിപ്പിക്കുന്ന

വിഷയം നിലവിൽ പരിഗണനയിലില്ല.

## സഹസ്ര സരോവർ പദ്ധതി

60 (5333) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സഹസ്ര സരോവർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് സഹസ്ര സരോവർ. ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജല സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും അതുവഴി കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ടി ബൃഹത് പദ്ധതിയുടെ ലക്ഷ്യം. വിവിധ സ്കീമുകളായ നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, സംസ്ഥാന വാർഷിക പദ്ധതി എന്നിവയുടെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ., സംസ്ഥാന വാർഷിക പദ്ധതി തുടങ്ങിയ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി സഹസ്ര സരോവർ പദ്ധതിയിൽ കഴിഞ്ഞ പത്തുവർഷക്കാലയളവിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പെൻഡിംഗിലാണെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 85 പ്രൊപ്പോസലുകൾ ലഭ്യമായതിൽ ഈ സാമ്പത്തിക വർഷത്തിൽ ആർ.ഐ.ഡി.എഫ്/ സംസ്ഥാന വാർഷിക പദ്ധതികളിലായി 10 പ്രൊപ്പോസലുകൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്. പെൻഡിംഗ് പ്രൊപ്പോസലുകളിന്മേലുള്ള തുടർനടപടി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

(ഡി) ഈ സാമ്പത്തിക വർഷം അനുവദിച്ച തുക പ്രസ്തുത പദ്ധതികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരണത്തിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സഹസ്രസരോവർ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി സ്കീമിലേയ്ക്ക് 425 ലക്ഷം രൂപ കൂടി 2023-24 വർഷത്തെ സബ്ജക്റ്റ് കമ്മിറ്റിയിൽ അധിക ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കേരഫെഡിലെ ശമ്പള പരിഷ്കരണം**

61 (5334) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കേരഫെഡിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

കേരഫെഡിലെ ജീവനക്കാർക്ക് 01-07-2019 തീയതി പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി തേടികൊണ്ടുള്ള പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ 12-12-2022-ൽ

സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

(ബി) 1992 മുതൽ താൽക്കാലികമായി ജോലി ചെയ്തുവന്നിരുന്ന കേരഫെഡ് ജീവനക്കാരെ 2008-ൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ശമ്പളം, ലീവ് എന്നിവ ലഭിക്കാത്ത ജീവനക്കാരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരഫെഡിന്റെ കരുനാഗപ്പള്ളി/നടുവണ്ണൂർ ഫാക്ടറികളിൽ സ്ഥിരപ്പെടുത്തിയ കാഷ്വൽ വർക്കർമാർക്കും കാഷ്വൽ ടെക്നീഷ്യൻമാർക്കും ഫാക്ടറീസ് ആക്ട് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

(സി) 1992 മുതലോ ജോലിക്ക് പ്രവേശിച്ച നാൾ മുതലോ ഉള്ള ഗ്രാറ്റുവിറ്റി നൽകണമെന്ന കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്തുകൊണ്ട് പ്രസ്തുത വിധി നടപ്പിലാക്കുന്നില്ലെന്ന് വ്യക്തമാക്കാമോ?

1972-ലെ ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമാണ് കേരഫെഡിൽ ഗ്രാറ്റുവിറ്റി നടപ്പിലാക്കിവരുന്നത്. ജീവനക്കാരുടെ താൽക്കാലിക സർവ്വീസും സ്ഥിരപ്പെടുത്തിയ സർവ്വീസും ഒന്നായി കണക്കാക്കിയാണ് ഗ്രാറ്റുവിറ്റി

നൽകിവരുന്നത്. 1992 മുതലോ ജോലിക്ക് പ്രവേശിച്ച നാൾ മുതലോ ഉള്ള ഗ്രാറ്റുവിറ്റി നൽകണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിറ്റുവരവ് കണക്കുകൾ**

62 (5335) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിറ്റുവരവ് എത്ര കോടി രൂപ വീതമാണെന്ന് ഓരോ സാമ്പത്തിക വർഷത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) 2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷ കാലയളവിൽ ഈ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വിശദമാക്കാമോ; ലാഭനഷ്ടത്തിന്റെ തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി)

| വർഷം | വിറ്റുവരവ് (ലക്ഷത്തിൽ) | ലാഭം/നഷ്ടം (ലക്ഷത്തിൽ) |
|---|---|---|

| | | |
|---|---|---|
| 2016-17 | 6370.46 | -190.48 |
| 2017-18 | 7428.15 | 15.88 |
| 2018-19 | 8928.56 | 4.23 |
| 2019-20 | 7406.6 | -181.66 |
| 2020-21 | 8578.64 | -74.04 |
| 2021-22 | 8714.66 | -117.80 |

## ലാബുകളുടെ ആധുനികീകരണം

63 (5336) ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മണ്ണ്, വളം, കീടനാശിനി എന്നിവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്ന ലാബുകളുടെ ആധുനികീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഡിപ്പാർട്ട്മെന്റൽ ലബോറട്ടറികളുടെ ആധുനികീകരണം (മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്) പദ്ധതിയിൽ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ലബോറട്ടറികളുടെ ആധുനികീകരണത്തിനും ശാക്തീകരണത്തിനും വളം കീടനാശിനികളുടെ

ഗുണനിലവാര നിയന്ത്രണത്തിനുമായി നടപ്പുവർഷത്തിൽ ആകെ 400 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിൽ മണ്ണ് പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടപ്പുവർഷത്തിൽ 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പടെ 15 സ്ഥാവര മണ്ണ് പരിശോധന ശാലകളുണ്ട് കൂടാതെ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലകൾ കൃഷിയിടങ്ങളിലെത്തി മണ്ണ് പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ഫിൽറ്റർ പേപ്പർ, ഗ്ലാസ്സ് വെയേഴ്സ്, മണ്ണ് പരിശോധനക്കാവശ്യമായ രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അവയുടെ വാർഷിക അറ്റകുറ്റപ്പണിക്കായുള്ള കരാറുകൾ പുതുക്കുന്നതിനും ലാബ് കെട്ടിടങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലാബുകളുടെ പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുമാണ് ഈ തുക വിനിയോഗിച്ചുവരുന്നത്. നിലവിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന വളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധനാശാലകൾ പ്രവർത്തിക്കുന്നുണ്ട്.

1. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം.

2. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി പട്ടാമ്പി , പാലക്കാട്.

3. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്യവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്.

കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് താഴെപ്പറയുന്ന ഒരു പരിശോധനശാലയാണ് നിലവിലുള്ളത്.

1. സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം.

ഗുണപരിശോധനാശാലകളുടെ പരിശോധനാ ഫലത്തിന്റെ കൃത്യത ഉറപ്പ് വരുന്നതിന് അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ സംവേദനക്ഷമതയ്ക്ക് (Sensitivity) വലിയ പ്രാധാന്യമുണ്ട്. ഉപകരണങ്ങളുടെ കാര്യക്ഷമത നിലനിർത്തുന്നതിനായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, പുതിയ ഉപകരണങ്ങൾ വാങ്ങി പരിശോധനശാലകൾ ശക്തിപ്പെടുത്തുന്നതിനും നവീകരണത്തിനുമായി " Modernisation of Departmental Laboratories - Strengthening of Existing Quality

Control Laboratories " എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം, ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്യുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്, സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം എന്നീ 4 പരിശോധനശാലകൾ ശക്തിപ്പെടുത്തുന്നതിനും നവീകരണത്തിനുമായി 70 ലക്ഷം രൂപ വിനിയോഗിച്ചുവരുന്നു. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം, ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്, സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം എന്നീ 3 പരിശോധനശാലകളിലെ പരിശോധനാ ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രെഡിറ്റേഷൻ നേടുന്നതിന് പരിശോധനശാലകൾ സജ്ജമാക്കുന്നതിനായി നടപ്പ് വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരിശോധനശാലകൾ

ശക്തിപ്പെടുത്തുന്നതിനും നവീകരണത്തിനുമായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ 5 മണ്ണ് പരിശോധന ലാബുകളും ഒരു Mobile Soil Testing Lab-ഉം 2 Soil & Plant Health Clinic-കളും പ്രവർത്തിച്ചുവരുന്നു.

**കർഷക ക്ഷേമനിധി ബോർഡ്**

64 (5337) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിലേയ്ക്ക് കർഷകർ അടയ്ക്കുന്ന പ്രതിമാസ അംശദായം എത്ര രൂപയാണ്; ഇതിന് തത്തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിന് പരിധി നിശ്ചയിച്ചിട്ടില്ല. അംഗങ്ങളുടെ അംശദായത്തിന്

തത്തുല്യമായ തുക പരമാവധി 250/- രൂപ വരെ സർക്കാർ വിഹിതമായി നൽകുന്നതാണ്. സർക്കാർ വിഹിതം നൽകിയിട്ടില്ല.

(ബി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

1. അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം;
2. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;
3. ക്ഷേമനിധി ആക്ടിലെ 8-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;
4. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശികയും പലിശയും;
5. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ‘ കിസാൻ അഭിമാൻ പദ്ധതി’ പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള

തുക;

6. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ 2013-ലെ കമ്പനി നിയമ പ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

7. കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേയ്ക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

8. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

9. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

10. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമ പ്രകാരമോ

സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;

11. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

## കാർഷിക മേഖലയിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ആധുനികീകരണം

65 (5338) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ഹോർട്ടികോർപ്പ്**

ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഗ്രാമശ്രീ ഹോർട്ടിബസാറുകളും എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും

ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും സ്വീകരിച്ചുവരുന്നു.

2. 4 ഇന്റഗ്രേറ്റഡ് പായ്ക്ക്ഹൗസ് തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഇടുക്കി ഊർക്കാട് മാർക്കറ്റ് കോംപ്ലക്സിൽ കർഷകരിൽ നിന്നും സംഭരിക്കുന്ന ക്യാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവ മെഷിൻ ഉപയോഗിച്ച് കഴുകി വൃത്തിയാക്കി തരംതിരിച്ച് സംഭരിക്കാനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

4. മൂന്നാറിൽ ഹോർട്ടികോർപ്പിന് ലഭ്യമായ സ്ഥലത്ത് സ്ട്രോബറി കൃഷി നടത്തുകയും സന്ദർശകർക്ക് "പിക്ക് & പാക്ക്" സംവിധാനത്തിൽ സ്ട്രോബറി വിളവെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഈ സ്ഥലത്ത് ഫാം ടൂറിസം പദ്ധതി സ്ഥാപിച്ച് സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതു കൂടാതെ മൂന്നാറിൽ സ്ട്രോബറി പ്രോസസ്സിംഗ് യൂണിറ്റ് മുഖേന സ്ട്രോബറി പ്രീസേർവ് ഉല്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചു.

5. ഇടുക്കി ജില്ലയിലെ കൊച്ചറയിൽ കർഷകരിൽനിന്നും തേൻ

സംഭരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനുമുള്ള യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ തേനീച്ച ഉപകരണ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് സ്ഥാപിച്ച് നാടൻ പച്ചക്കറികളും മറ്റ് ജൈവ ഉൽപ്പന്നങ്ങളും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിനായി ഒരു ഓർഗാനിക് സ്റ്റാൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

8. 80 ലക്ഷം രൂപ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിലുള്ള തേനീച്ച വളർത്തൽ കേന്ദ്രത്തിൽ ഒരു ട്രെയിനിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

9. ഇടുക്കി ജില്ലയിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിലെ പ്രീ-കൂളിംഗ് യൂണിറ്റും കോൾഡ് സ്റ്റോറേജ് യൂണിറ്റും പുനരുദ്ധാരണം ചെയ്യുന്നതിനും ഈ ഉൽപ്പന്നങ്ങൾ മറ്റു ജില്ലകളിൽ എത്തിക്കുന്നതിന് ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിനുമുള്ള ഒരു പദ്ധതി

ഹോർട്ടികോർപ്പ് നടപ്പിലാക്കിവരുന്നു.

10. സംസ്ഥാനത്തൊട്ടാകെ പുതിയ വിപണനശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഡി.പി.സി.-കൾ വിപുലീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

1. പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടവിളകളായ റബ്ബറിന്റെയും കശുവണ്ടിയുടെയും ഓയിൽ പാമിന്റെയും ഉൽപ്പാദനക്ഷമത കൂട്ടുവാനുള്ള പഠനം നടത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിലെ ഉൽപ്പാദനക്ഷമത കുറഞ്ഞതും പ്രായമേറിയതുമായ തോട്ടങ്ങൾ കണ്ടെത്തി ഘട്ടംഘട്ടമായി അടിയന്തരമായി മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമത കൂടിയ ഇനങ്ങൾ ഉപയോഗിച്ച് ആവർത്തന കൃഷി നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങി.

2. കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലുള്ള വെട്ടുകല്ല് പ്രദേശങ്ങളിൽ നിന്നും വെട്ടുകല്ല് വെട്ടിയെടുത്ത് ആയതിന്റെ വിൽപ്പനയിലൂടെ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും, മേൽമണ്ണിട്ട് നികത്തി ടി സ്ഥലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക്

സമർപ്പിക്കുന്നതിനുള്ള വിഷയം പരിശോധിച്ചു വരുന്നു.

3. കോർപ്പറേഷനിലെ കശുമാവ് തോട്ടങ്ങളിൽനിന്നുള്ള കശുമാങ്ങ ഉപയോഗിച്ച് കാഷ്യു ആപ്പിൾ, കാർബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. കശുമാങ്ങയിൽനിന്നും വൈൻ ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. കോർപ്പറേഷന്റെ കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ നഴ്സറികളിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) മുഖേനയും കർഷകർക്ക് നേരിട്ടും തൈകൾ നൽകുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചു.

5. കാസർഗോഡ് ജില്ല ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയുടെ പൂർണ്ണപ്രയോജനം ലഭിക്കുന്നതിനായി കശുവണ്ടി സംസ്കരിച്ച് പി.സി.കെ. ബ്രാൻഡിൽ വിപണനം നടത്തുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാകുന്നു.

6. ഓർഗാനിക് ഫാമിംഗിലൂടെ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ

എസ്റ്റേറ്റുകളിൽ കറുവപ്പട്ട കൃഷി ചെയ്ത് കറുവപ്പട്ടയും, കറുവപ്പട്ട ഓയിലും ഉൽപ്പാദിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറുവപ്പട്ട കൃഷി കൂടുതൽ വിപുലപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു.

7. കാസർഗോഡുള്ള കാഷ്യൂ തോട്ടങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികളെടുക്കുവാൻ തീരുമാനിച്ചു.

8. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കോർപ്പറേഷന്റെ തോട്ടങ്ങൾ പരിരക്ഷിക്കുന്നതിനായി ഏകദേശം 200 കി.മീ. വൈദ്യുത വേലി നിർമ്മിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചു.

9. കോർപ്പറേഷന്റെ ടി.എസ്സ്.ആർ. ഫാക്ടറി ആധുനികീകരിക്കുന്നതിനും പ്രൊഡക്ഷൻ കപ്പാസിറ്റി ഉയർത്തുന്നതിനുമായുള്ള നടപടികൾ ആരംഭിച്ചു.

**ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്**

1. ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ നിന്നുള്ള മുളപ്പിച്ച വിത്തുകളുടെ പ്രതിവർഷ ഉല്പാദനം നിലവിലെ 8 ലക്ഷത്തിൽ നിന്ന് 21 ലക്ഷമായി വർദ്ധിപ്പിക്കുന്നതിനായി പുതിയൊരു സീഡ് ഗാർഡൻ കൂടി കമ്പനിയുടെ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ സ്ഥാപിക്കുകയും പദ്ധതി പുരോഗമിക്കുകയും

ചെയ്യുന്നു.

2. കമ്പനിയുടെ ഏത്തൂർ എസ്റ്റേറ്റിൽ 3 മണിക്കൂറിനുള്ളിൽ 300 കിലോഗ്രാം തേൻ സംസ്കരിക്കാൻ ശേഷിയുള്ള ഒരു ഹണി പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിച്ചു.

3. കമ്പനിയുടെ ഏത്തൂർ എസ്റ്റേറ്റിലുള്ള പാംഓയിൽ മില്ലിലെ ബോയിലറുകളുടെ പ്രവർത്തന ശേഷിയും ആയുസ്സും വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ ഡി-എയറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

4. Kerala Economic Revival Programme (KERA) പദ്ധതിയിലേയ്ക്കായി പാംഓയിൽ മില്ലിന്റെ നവീകരണം. പുതിയ പാംഓയിൽ മില്ലും റിഫൈനറിയും സ്ഥാപിക്കുന്നതിനുള്ള നടപടി ഓയിൽപാം സ്വീകരിച്ചുവരുന്നു.

3. കമ്പനിയുടെ രജിസ്റ്റേഡ് ഓഫീസിൽ 20 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് ഓഫീസിന്റെ മുഴുവൻ വൈദ്യുത ആവശ്യങ്ങളും നിറവേറ്റുന്നു. കൂടാതെ എസ്റ്റേറ്റുകളിലും പാംഓയിൽ മിൽ, റൈസ് മിൽ തുടങ്ങി വിവിധ യൂണിറ്റുകളിലായി സൗരോർജ്ജ വൈദ്യുത

പദ്ധതികൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കമ്പനിയുടെ വിവിധ എസ്റ്റേറ്റ്/യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആധുനികമായ പ്രൊഡക്ഷൻ സോഫ്റ്റ്‌വെയർ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നു.

**സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള**

ഗുണമേന്മയുള്ള ഫലവൃക്ഷ തൈകൾ, അലങ്കാര സസ്യങ്ങൾ, അത്യുല്പാദനശേഷിയുള്ള റബ്ബർ തൈകൾ എന്നിവ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് വില്പന നടത്തുന്നതിനായി മദർ ഓർച്ചാഡോടുകൂടിയ ഹൈടെക്ക് നഴ്സറി 2021-ൽ ചിതൽവെട്ടി എസ്റ്റേറ്റിൽ ആരംഭിച്ചു.

**കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ**

ആറ്റിങ്ങൽ മാമത്തെ ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സിൽ ഉത്പാദിപ്പിക്കുന്ന 39 മെട്രിക് ടൺ ആധുനിക രീതിയിലുള്ള റോസ്റ്റഡ്, ഡബിൾ ഫിൽറ്റേർഡ് വെളിച്ചെണ്ണ പ്ലാന്റ് 2021 ജൂണിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിനോട് ചേർന്ന് 30000 ലിറ്റർ വിർജിൻ വെളിച്ചെണ്ണയും 18000 കി.ഗ്രാം ലോ-ഫാറ്റ് ഡെസിക്കേറ്റഡ്

കോക്കനട്ട് പൗഡറും പ്രതിമാസം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് 2019-ൽ പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതാണ്.

കോഴിക്കോട് എലത്തൂരിൽ 3000 ലിറ്റർ ഹെയർ ഓയിൽ പ്രതിമാസം ഉല്പാദിപ്പിക്കാവുന്ന ഒരു യൂണിറ്റും 300 ലിറ്റർ പ്രതിദിന സംസ്കരണ ശേഷിയുള്ള നീരാ പ്ലാന്റ്, കോക്കനട്ട് ചിപ്സ് യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വെളിച്ചെണ്ണയിൽ നിന്നുള്ള കൊതുക് റിപ്പലന്റ്, ബേബി ഓയിൽ, ഷാമ്പു തുടങ്ങിയവയുടെ ഉല്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും ചെറുകിട ഉല്പാദന സംരംഭങ്ങൾ ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് നിലവിൽ കോർപ്പറേഷന്റെ പരിഗണനയിലാണ്.

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകൾ കാർഷിക ഉത്പന്നങ്ങളുടെ ശാസ്ത്രീയ സൂക്ഷിപ്പിന് ഉപയോഗിച്ചുവരുന്നു. സംഭരണശേഷി ഉയർത്തുന്നതിന്റെ ഭാഗമായി തലശ്ശേരി, മുതലമട, കൊഴിഞ്ഞാംപാറ, പുനലൂർ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്**

" ജൈവ്" ബ്രാൻഡിൽ വിവിധ രുചികളിൽ 250 മി.ലി, 500 മി.ലി. പെറ്റ് ബോട്ടിൽ ഫ്രൂട്ട് ജ്യൂസ്, പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, പൈനാപ്പിൾ, മിക്സഡ് ഫ്രൂട്ട് ജാം എന്നീ ശ്രേണികളിലേയ്ക്ക് വിപുലീകരിക്കുന്നതിന് സാധിച്ചു. ആയതിലേയ്ക്കായി ആധുനിക പെറ്റ് ബോട്ടിൽ പ്ലാന്റ്, ഫ്രൂട്ട് ജാം പ്രോസസ്സിംഗ് യൂണിറ്റ് എന്നിവ സ്ഥാപിച്ചു. സൗകര്യമില്ലാത്തതിനാൽ നിലവിൽ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ കോ-പാക്കിംഗ് അടിസ്ഥാനത്തിലാണ് ഉൽപാദിപ്പിച്ചുവരുന്നത്. പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ അതോടൊപ്പം കാർബണേറ്റഡ് വാട്ടർ എന്നിവയ്ക്കുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ശ്രമം നടത്തിവരുന്നു. ഉപയോഗശൂന്യമായി പോകുന്ന പൈനാപ്പിൾ ഇലകളിൽ നിന്ന് ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ് എന്നിവ നിർമ്മിക്കുന്നതിലേയ്ക്കായി ആർ.കെ.വി.വൈ പ്രകാരം ലഭ്യമായ പൈനാപ്പിൾ ലീഫ് ബേസ്ഡ് ബയോഡീഗ്രേഡബിൾ പ്ലേറ്റ്സ് ആന്റ് കട്ട്ലറി യൂണിറ്റ് എന്ന പദ്ധതി നിലവിൽ നടന്നു വരികയാണ്.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്**

പുനലൂരിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ RKVY പദ്ധതി പ്രകാരം മാമ്പഴ പൾപ്പ് നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിച്ച്

പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Comb Honey, Creamed Honey, Honey Capsule, Honey Stick, Honey Sip up, Honey Wine, Honey Nuts, Honey Mead എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു.

മുനിസിപ്പൽ 'സോളിഡ് വേസ്റ്റ്' പ്രോസസ്സ് ചെയ്യുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ് പിറ്റുകൾ, മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ മുതലായ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നു.

വേങ്ങേരി, കുത്താളി എന്നിവിടങ്ങളിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കാർഷിക യന്ത്രങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണത്തിനുള്ള ഒരു ഉൽപ്പാദനശാല പാലക്കാട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഗ്രി-ടെക് ഫെസിലിറ്റേഷൻ സെന്ററുകളുടെ നിർവ്വഹണ ഏജൻസിയായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മാളയിലെ ചക്ക സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം 2023 മാർച്ച് മാസത്തോടുകൂടി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്**

കാംകോയുടെ ഉത്പന്നമായ ഡീസൽ എഞ്ചിൻ പരിശോധിക്കുന്നതിനായി ആധുനിക രീതിയിലുള്ള ഡയനാമോ മീറ്റർ സ്ഥാപിക്കുകയും വിവിധ പാർട്സുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുമായി ഗുണമേന്മാ പരിശോധന വിഭാഗത്തിൽ ഉപകരണങ്ങൾ വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തു. പവർ ടില്ലർ പാർട്സുകൾ പെയിന്റ് ചെയ്യുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി കൺവെയർ സിസ്റ്റം സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ ടില്ലറുകളുടെ വകഭേദങ്ങൾ

ഉത്പാദിപ്പിക്കുവാനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കാർഷികവൃത്തിക്കനുയോജ്യമായ പുതിയ സാങ്കേതികവിദ്യയായ ഇലക്ട്രിക് മെഷിനറികളും ഉപകരണങ്ങളും നിർമ്മിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കേരള ലാന്റ് ഡെലവപ്മെന്റ് കോർപ്പറേഷൻ**

ആധുനിക കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനുമായി കെ.എൽ.ഡി.സി.-യുടെ 275-ാമത്തെ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം Revival Package തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റിവൈവൽ പാക്കേജിന്റെ ഭാഗമായി സ്ഥാപനത്തിൽ Strategic Development Plan, Organization Re-arrangement Plan, Policy & procedural reforms, financial restructuring strategy എന്നിവ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കോർപ്പറേഷന് സ.ഉ. (സാധാ) നം. 77/2019/ഫിൻ പ്രകാരം ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്ക്സ് തുടങ്ങിയ മേഖലയിൽ അക്രഡിറ്റേഷൻ ലഭിച്ചു. ഇതുകൂടാതെ മറ്റു diversification മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയും നിരവധി പുതിയ

പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരികയും ചെയ്യുന്നു.

Organization Re-arrangement Plan-ന്റെ ഭാഗമായും നിലവിലെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായും ഓഫീസുകൾ വിഘടീകരിച്ച് മേഖലാ ഓഫീസുകൾ പുനഃസംഘടിപ്പിച്ചു. മാൻപവർ മാനേജ്മെന്റ് നടപ്പാക്കുകയും ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിവരുന്നു.

ഐ.ടി അധിഷ്ഠിത ആധുനികീകരണത്തിന്റെ ഭാഗമായി, വില സോഫ്റ്റ്‌വെയർ, Goe tagging, ഇ-ഓഫീസ്, എം.ഐ.എസ്. എന്നിവയുടെ നടപ്പിലാക്കൽ പുരോഗമിച്ചുവരുന്നു.

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ**

66 (5339) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു +.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു + .

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ 12 പേർ ജോലി ചെയ്യുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു + .

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ

67 (5340) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ സ്മാർട്ട് ആക്കുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവൻ ഏതാണെന്ന് അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽനിന്നും പറവൂർ കൃഷി ഭവനെയാണ് സ്മാർട്ട് കൃഷി ഭവനായി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) സ്മാർട്ട് കൃഷി ഭവൻ നിർമ്മാണത്തിനായി എത്ര രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് എത്രയെന്ന് അറിയിക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം 35.89 ലക്ഷം രൂപ വീതമാണ് ഒരു കൃഷി ഭവന് അനുവദിക്കുന്നത്. പ്രസ്തുത തുകയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | അനുവദിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഫ്രണ്ട് ഓഫീസ് സംവിധാനം | 7.5 ലക്ഷം |
| 2 | കൃഷി ഭവന്റെ നവീകരണം | 10 ലക്ഷം |
| 3 | IT ഇൻഫ്രാസ്ട്രക്ച്ചർ | 2.5 ലക്ഷം |
| 4 | പ്ലാൻഹെൽത്ത് ക്ലിനിക്കിന്റെ സ്ഥാപനം/നവീകരണം | 5 ലക്ഷം |
| 5 | ഗ്രാമപഞ്ചായത്തിന്റെ ഡിജിറ്റൽ റിസോഴ്സ് മാപ്പിംഗ് | 5 ലക്ഷം |
| 6 | കർഷകർക്ക് സ്മാർട്ട് കാർഡ് വിതരണം | 2.14 ലക്ഷം |
| 7 | കൃഷി ഭവൻ നടത്തിപ്പിനായി ഡിജിറ്റൽ പ്ലാറ്റ്ഫോം | 3.75 ലക്ഷം |
| **ആകെ** | | **35.89 ലക്ഷം** |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആദ്യഘട്ടമായി 25 ലക്ഷം രൂപ കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

68 (5341) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും ആയത് ഇതുവരെ നികത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

(എ&ബി) മീഞ്ച, മൂളിയാർ, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. മീഞ്ച കൃഷി ഭവനിൽ കൃഷി ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് 01-08-2022 മുതലും മൂളിയാർ, മഞ്ചേശ്വരം കൃഷി ഭവനുകളിൽ യഥാക്രമം 28-02-2023 മുതലും 31-01-2023 മുതലും (വിരമിക്കൽ മൂലം) ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. കൃഷി ഓഫീസർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് 23-07-2020-ൽ അവസാനിച്ചതിനാലാണ് ഈ തസ്തികയിലെ ഒഴിവുകൾ നികത്താൻ സാധിക്കാത്തത്.

(സി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകാരണം കർഷകരും പൊതുജനങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കർഷകർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് നേരിടാതിരിക്കാൻ ചാർജ്ജ് ക്രമീകരണം/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം എന്നിവ സ്വീകരിച്ചുവരുന്നു.

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കാമോ?

കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം അന്തിമ ഘട്ടത്തിലാണ്.

**കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

69 (5342) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലയളവിൽ താൽക്കാലികമായി പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏത് രീതിയിലാണ് നിയമനം നടത്തിയിരുന്നതെന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ കൃഷി ഓഫീസർ തസ്തികയിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

## തിരുവല്ല മണ്ഡലത്തിലെ കൃഷി ഓഫീസർ തസ്തികകൾ

70 (5343) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിൽ പെരിങ്ങര, നിരണം കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. തിരുവല്ല മണ്ഡലത്തിലെ പെരിങ്ങര കൃഷി ഭവനിൽ കൃഷി ഓഫീസറെ നിയമിച്ചിട്ടുണ്ട്. നിരണം കൃഷി ഭവനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിര നിയമനം നൽകുന്നതാണ്.

## കിഴക്കമ്പലം കാർഷിക വികസന സമിതി

71 (5344) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുതല കാർഷിക വികസന സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഗ്രാമപഞ്ചായത്തുതല കാർഷിക വികസന സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം പഞ്ചായത്തിലെ കാർഷിക വികസന സമിതിയും അപ്പെക്സ് ബോഡിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ ആറ് മാസത്തോളമായി യോഗം ചേരാത്തതിനാൽ കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെടുത്തി എം.എൽ.എ. നൽകിയ കത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കിഴക്കമ്പലം പഞ്ചായത്തിലെ കാർഷിക വികസന സമിതി കഴിഞ്ഞ ആറ് മാസത്തോളമായി യോഗം ചേരാത്തതിനാൽ ബഹു. എം.എൽ.എ. നല്കിയ കത്തിന്മേൽ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ പ്രസ്തുത കാലയളവിലെ കൃഷി ഓഫീസറായ ശ്രീമതി ശ്രീബാല അജിത്തിനോട് വിശദീകരണം ചോദിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. കാർഷിക വികസന സമിതി കൂട്ടുന്നതിനായി കാർഷിക വികസന സമിതിയുടെ ചെയർമാനായ പഞ്ചായത്ത് പ്രസിഡന്റിൽനിന്നും സൗകര്യപ്രദമായ തീയതി ലഭിക്കാത്തതുമൂലമാണ് മീറ്റിംഗ് ചേരാൻ വൈകിയതെന്നാണ് കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നത്. എല്ലാ മാസവും കൃത്യമായി കാർഷിക വികസന സമിതി യോഗം സംഘടിപ്പിക്കേണ്ടതാണെന്ന് കൃഷി ഓഫീസർക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാർഷിക വികസന സമിതി യഥാസമയം വിളിച്ചുചേർത്ത്

കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയ കിഴക്കമ്പലം കൃഷി ഓഫീസർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കാർഷിക വികസന സമിതി യോഗം യഥാസമയം വിളിച്ച് ചേർക്കാത്തതുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറോട് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അതിനുള്ള മറുപടി കൃഷി ഓഫീസർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## ജൈവ വൈപ്പിൻ പദ്ധതി

72 (5345) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-03-2015-ലെ 505/2015-ാം നമ്പർ ഉത്തരവ് പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് 36 കോടി രൂപ ഭരണാനുമതി നൽകിയിരുന്നതും എന്നാൽ പ്രളയവും കോവിഡ് മഹാമാരിക്കുംശേഷം സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിച്ചപ്പോഴേയ്ക്കും കാലാവധി അവസാനിച്ചതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വീരൻ

പുഴ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട ജൈവ വൈപ്പിൻ പദ്ധതി മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ആയത് സംബന്ധിച്ച് വൈപ്പിൻ എം.എൽ.എ. 17-10-2022-ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നബാർഡ് ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനോട് ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ.-യുടെ 07-10-2022-ലെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIX-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം 2023 മേയ്, ജൂൺ മാസങ്ങളിലാണ് ലഭിക്കുന്നത്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി ഉൾപ്പെടുത്താനാകുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## കൃഷിശ്രീ സെന്റർ

73 (5346) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ ആലുവ ബ്ലോക്കിലാണ് കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുള്ളത്.

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ ബ്ലോക്കിൽ നിലവിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടില്ല.

(സി) കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ബ്ലോക്ക് അടിസ്ഥാനത്തിലാണ് കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചുവരുന്നത്. ഓഫീസ് പ്രവർത്തിക്കുന്നതിന് 25 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും മെഷിനറി സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്റർ

സ്ഥലസൗകര്യവും നൽകാൻ തയ്യാറുള്ള ഏജൻസി/ബ്ലോക്ക്പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് എന്നിവർക്ക് കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നു. കൃഷി വകുപ്പ് ഡയറക്ടറുടെ അനുമതി ലഭിച്ചതിനുശേഷം ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കേണ്ട നിയോജകമണ്ഡലങ്ങളിലെ ബ്ലോക്കുകൾ പ്രോജക്ട് ഡയറക്ടർ ആത്മ തെരഞ്ഞെടുക്കുന്നതാണ്.

## ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ

74 (5347) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിൽ കാർഷിക ഉത്പാദന കമ്മീഷണർ ചെയർമാനും അഗ്രിക്കൾച്ചറൽ സെക്രട്ടറി വൈസ് ചെയർമാനുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം 2015-നുശേഷം ചേർന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ചേരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററിൽ എം.എൽ.എ. അദ്ധ്യക്ഷനും എക്സിക്യൂട്ടീവ്

ഡയറക്ടർ കൺവീനറുമായ ഉപദേശക സമിതി യോഗം ഇക്കാലയളവിൽ ചേർന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ചേരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കൃഷി വകുപ്പിന്റെ അധീനതയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനും ബഹുമാനപ്പെട്ട കൂത്തുപറമ്പ് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 27-07-2022-നും ടി യോഗനടപടികളിലെ പുരോഗതി വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി 01-11-2022-ന് കൃഷി വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലും യോഗങ്ങൾ ചേർന്നിരുന്നു. 2023-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ചേരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പ്രസ്തുത സെന്ററിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നത് പരിശോധിക്കാവുന്നതാണ്.

## അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം

75 (5348) ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം എന്ന പേരിൽ നിലവിൽ ഒരു പദ്ധതിയില്ല. എന്നാൽ ഗോത്രവർഗ്ഗ വിഭാഗക്കാരുടെ കാർഷിക മേഖലയുടെ ഉന്നമനത്തിനുവേണ്ടിയും ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി 2019-20 മുതൽ 'അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിൽ അഗളി താലൂക്കിൽ അഗളി, അട്ടപ്പാടി, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകളിൽ 1150 ഹെക്ടർ സ്ഥലത്ത് 1236 ആദിവാസി വിഭാഗത്തിൽപ്പെടുന്ന കൃഷിക്കാരെ ഉൾപ്പെടുത്തിയാണ് അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി

പുനഃസ്ഥാപിക്കുകന്നതിനായി ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

2. ജൈവ കൃഷി പ്രോത്സാഹനം വഴി കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക.

3. അട്ടപ്പാടിയുടെ കാർഷിക-പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുക.

4. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുക.

5. വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിന് വൈദ്യുതിവേലി ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസനം നടപ്പിൽ വരുത്തുക.

6. ആദിവാസി ഉത്സവങ്ങൾ, പരിശീലന പരിപാടികൾ, പഠനയാത്രകൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

7. സുസ്ഥിരതാ കൃഷി പ്രോത്സാഹിപ്പിക്കുക.

**പാലക്കാട് ജില്ലയിലെ സ്മാർട്ട് കൃഷി ഭവൻ**

76 (5349) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി

ഭവനകളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ കൊടുമ്പ്, പട്ടാമ്പി എന്നീ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന RIDF ട്രാഞ്ചെ 27 പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ പെരുവമ്പ കൃഷി ഭവനും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാന വാർഷിക പദ്ധതി 2022-2023 പ്രകാരം സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി നിലവിൽ 37.5 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചു വരികയും ചെയ്യുന്നു. നബാർഡിന്റെ സാമ്പത്തിക സാഹയത്തോടെ നടപ്പിലാക്കുന്ന RIDF സ്മാർട്ട് കൃഷിഭവൻ പദ്ധതി The Kerala Land Development Corporation Limited (KLDC) മുഖാന്തരം നടപ്പിലാക്കിവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

77 (5350) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ സംബന്ധിച്ച് വിശദമാക്കുമോ?

മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 2 പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽനിന്നും ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## പഠനയാത്രാ സംഘത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

78 (5351) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇസ്രായേൽ കൃഷി രീതിയെക്കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാനത്തുനിന്നും അയച്ച പ്രതിനിധി സംഘത്തിൽപ്പെട്ട ഒരാൾ യാത്രാ സംഘത്തെ അറിയിക്കാതെ പോയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇസ്രയേൽ കൃഷി രീതികളെക്കുറിച്ച് പഠിക്കുന്നതിനായി കേരളത്തിൽ നിന്നും ഇസ്രായേലിലേയ്ക്ക് പഠന യാത്ര നടത്തിയ കർഷക പ്രതിനിധി സംഘത്തിലുൾപ്പെട്ടിരുന്ന കർഷകന്റെ തിരോധാനം സംബന്ധിച്ച് ഇസ്രായേൽ കോൺസുലേറ്റ് ജനറൽ, ബാംഗ്ലൂർ, ഇസ്രായേലിലെ ഇന്ത്യൻ എംബസി/സ്റ്റേറ്റ് പോലീസ് ചീഫ്, കേരള എന്നിവരെ യഥാസമയം വിവരം അറിയിക്കുകയും ടിയാളെ കണ്ടെത്തി നാട്ടിൽ തിരിച്ചെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇസ്രായേൽ അധികൃതരോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടിയാളെ സംഘത്തിൽ ഉൾപ്പെടുത്തിയത് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായിട്ടായിരുന്നോ എന്നത് പരിശോധിക്കാൻ കണ്ണൂർ, കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ഉന്നതതല കമ്മിറ്റി രൂപികരിച്ച് പരിശോധന നടത്തുകയും ചെയ്തിരുന്നു.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ

ഔദ്യോഗിക സംഘത്തിൽ ഉൾപ്പെടുത്തുന്നതിനായി ആളുകളെ തെരഞ്ഞെടുക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർഷക പഠനയാത്രാസംഘത്തിൽ ഉൾപ്പെടുന്നവർ നിർദ്ദിഷ്ട യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പാലിക്കേണ്ടതാണെന്നും വിദേശയാത്രയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം വിസ റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശനമായ നിയമ നടപടികൾ നേരിടേണ്ടിവരുന്നതാണെന്ന് ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുന്നതും ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിന്റെ ആനുകൂല്യങ്ങളൊന്നും ലഭ്യമാക്കുന്നതല്ലെന്നും ഉറപ്പുവരുത്തുന്നതുമാണ്.

(സി) ഔദ്യോഗിക സംഘത്തിൽ ആളുകളെ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിലവിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കർഷകരെ തെരെഞ്ഞെടുക്കുന്നത്.

- കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരായിരിക്കണം.

- 0.4 ഹെക്ടറോ അതിന് മുകളിലോ കൃഷിഭൂമി ഉള്ളവരായിരിക്കണം:

- കാർഷികവൃത്തിയിലെ പരിചയം (10 മുതൽ 30 വർഷം)
- കൃഷിയിൽ നിന്നുള്ള പ്രതിവർഷ വരുമാനം (2 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ)
- വിള വൈവിധ്യം/വിദേശ വിളകൾ നാട്ടിൽ കൃഷി ചെയ്യുന്നവർക്ക് മുൻഗണന
- പത്താം ക്ലാസ്, പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയോടൊപ്പം ഇംഗ്ലീഷിൽ സംസാരിക്കാനും എഴുതാനുമുള്ള പ്രാഥമിക ജ്ഞാനം.
- 50 വയസ്സിന് താഴെയുള്ള കർഷകൻ
- കർഷക ഉല്പാദക സംഘത്തിലെ (FPO) അംഗത്വത്തിന് മുൻഗണന.
- വരുമാന നികുതിയടയ്ക്കുന്നവർക്ക് മുൻഗണന
- ലിംഗനീതി ഉറപ്പുവരുത്തുന്നതിനായി സംഘത്തിൽ 2-4 വരെ വനിതാ കർഷകർ
- സാധുതയുള്ള പാസ്പോർട്ട് കൈവശമുള്ള കർഷകൻ
- അത്യാധുനിക കൃഷിരീതികളിൽ താത്പര്യമുള്ളവരും നൂതനാശയങ്ങൾ

കൈമുതലായിട്ടുള്ളവരുമായ കർഷകർ

- വിമാന യാത്രാ കൂലി നൽകാൻ തയ്യാറാകുന്നവർക്ക് മുൻഗണന
- നൂതനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സാങ്കേതികവിദ്യാകൈമാറ്റത്തിനും തയ്യാറായിട്ടുള്ളവർ.
- ബന്ധപ്പെട്ട കൃഷി ഓഫീസർ മാനദണ്ഡങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖ
- സന്ദർശന റിപ്പോർട്ട് കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
- സന്ദർശിക്കുന്ന പ്രദേശം/രാജ്യം എന്നിവയുടെ പ്രത്യേകതകൾക്കനുസരിച്ചും ഉൾക്കൊള്ളിക്കേണ്ട കർഷകരുടെ മേഖലകൾക്കനുസരിച്ചും മേൽ മാനദണ്ഡങ്ങൾക്ക് ആവശ്യമായ മാറ്റം വരുത്തിയായിരിക്കും തുടർന്നുള്ള സന്ദർശനം ആസൂത്രണം ചെയ്യുക.

**ആലത്തൂർ മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

79 (5352) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലാണ് അഗ്രോ സർവ്വീസ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

2022-2023 വർഷത്തിൽ ആലത്തൂർ ബ്ലോക്കിലുൾപ്പെട്ട കിഴക്കഞ്ചേരി പഞ്ചായത്തിൽ പുതിയതായി അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്.

## പേരാമ്പ്ര മണ്ഡലത്തിലെ കുത്താളി കൃഷി ഫാം

80 (5353) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ കുത്താളി കൃഷി ഫാമിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ നികത്താത്ത തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ആകെ 13 തസ്തികകളുണ്ട്. അതിൽ കൃഷി ഓഫീസറുടെ ഒരു ഒഴിവുണ്ട്.

ടി തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫാമിൽ നിലവിൽ ടെണ്ടർ ചെയ്ത പ്രവൃത്തികൾ എതൊക്കെയാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

കൂത്താളി ഫാമിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ടെണ്ടർ പ്രകാരം നടത്തുന്ന പ്രവൃത്തികൾ കോഴിക്കോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) മുഖേനയാണ് നടക്കുന്നത്.

(സി) പ്രസ്തുത ഫാമിൽ ഇതുവരെ കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്ത എത്ര ഭൂമി നിലവിലുണ്ടെന്ന് അറിയിക്കുമോ; ആയത് പൂർണ്ണമായും കൃഷി യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

4 ഹെക്ടർ തരിശുനിലമുണ്ടായിരുന്നു. ആയത് കൃഷി യോഗ്യമാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1) ഒരു ഹെക്ടർ സ്ഥലത്ത് പുതുതായി തീറ്റപ്പുൽ കൃഷി

2) 0.5 ഹെക്ടറിൽ കുറിയ ഇനം തെങ്ങിന്റെ മാതൃവൃക്ഷത്തോട്ടം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) 0.3 ഹെക്ടർ വിദേശ ഫല വൃക്ഷങ്ങളുടെ മാതൃ സസ്യത്തോട്ടം

4) 0.2 അതിസാന്ദ്രം മാവിൻ തോട്ടം

5) കഴിഞ്ഞ വർഷത്തേക്കാൾ 54000 കുറ്റ്യാടി തെങ്ങിൻ തൈകളുടെ വിത്ത് തേങ്ങ അധികം പാകി

6) ഇഞ്ചി, മഞ്ഞൾ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7) ആർ.കെ.വി.വൈ. പദ്ധതിയിൽ കെ.എൽ.ഡി.സി. മുഖേന 15 ലക്ഷം രൂപ ചെലവഴിച്ച് റൂട്ട് സ്റ്റോക്ക് ആന്റ് സയോൺ ബാങ്ക് പദ്ധതി

8) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 40 കോടി രൂപയുടെ പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

**അരുവിക്കര മണ്ഡലത്തിൽ കൃഷിചെയ്യുന്ന കാർഷിക വിളകൾ**

81 (5354) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പ്രധാനമായും കൃഷിചെയ്യുന്ന കാർഷിക വിളകൾ ഏതെല്ലാമാണെന്നും എത്ര വിസ്തൃതിയിലാണ് അവ കൃഷി

ചെയ്യുന്നതെന്നുമുള്ള വിവരം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പ്രധാനമായും കൃഷി ചെയ്യുന്ന കാർഷിക വിളകൾ ഏതെല്ലാമാണെന്നും എത്ര വിസ്തൃതിയിലാണ് അവ കൃഷി ചെയ്യുന്നതെന്നുമുള്ള ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭൂപ്രദേശങ്ങളുടെ ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും അടിസ്ഥാനമാക്കി പുതിയ ഏതെങ്കിലും കാർഷിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശയിന ഫലവൃക്ഷങ്ങളായ റംബുട്ടാൻ ഒരു ഹെക്ടർ സ്ഥലത്തും ഡ്രാഗൺഫ്രൂട്ട് 2 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നതിനുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം

82 (5355) ശ്രീ. എം. എം. മണി:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം സംബന്ധിച്ച് വിശദമാക്കുമോ?

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ ഉല്പാദനശേഷി ഉയർത്തുകയുമാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനംകൊണ്ട് ലക്ഷ്യമിടുന്നത്. സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തെരഞ്ഞെടുക്കുകയും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റധിഷ്ഠിത

കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ വിളനാശം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ട് ഭൂമിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നു. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശ സംവിധാനത്തിന്റെ പിന്തുണയോടെ കൃഷി ഭവനുകൾ മുഖേന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ തെരഞ്ഞെടുക്കുന്നു. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകാലശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണ രേഖ (Farm Plan) പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക.

ടി പദ്ധതി പ്രകാരം ഒരു കൃഷി ഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നു. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും 9760 എണ്ണം Non IFS പ്ലോട്ടുകളുമാണ്. ഈ പദ്ധതിയിൽ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടി ഉല്പാദന പൂർവ്വപിന്തുണ

ഉൾപ്പെടെ - 1200 ലക്ഷം രൂപ

2. സംയോജിത കൃഷി സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം - 250 ലക്ഷം രൂപ.

3. ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനം ശക്തിപ്പെടുത്തൽ - 200 ലക്ഷം രൂപ

4. ഉല്പാദന സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യ പിന്തുണക്കുമായുള്ള പദ്ധതി - 900 ലക്ഷം രൂപ

5. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വികസന /മൂല്യ ശൃംഖല വികസനത്തിനായുള്ള പദ്ധതി - 800 ലക്ഷം രൂപ.

(ബി) പ്രസ്തുത സമീപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കൃഷിയിടാധിഷ്ഠിത ഉല്പാദന പരിപാടികളുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ആകെ 3350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികളുടെ ഭാഗമായി നടത്തപ്പെടുത്തുന്ന ഫീൽഡുതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ മാസംതോറും നടത്തിവരുന്നു. കൂടാതെ ജില്ലകളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രോജക്റ്റ് ഡയറക്ടർ ആത്മ എന്നിവരുടെ മേൽനോട്ടത്തിലും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിലും നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ഒരു കൃഷി ഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും 9760 എണ്ണം non IFS പ്ലോട്ടുകളുമാണ്. പ്രാരംഭ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ച്, പദ്ധതിയുടെ നോഡൽ ഓഫീസർമാർക്കും ബ്ലോക്ക് ലെവൽ കൃഷി ഉദ്യോഗസ്ഥർക്കും ഫാം പ്ലാനിംഗ് അനുബന്ധ വിഷയങ്ങളിൽ പരിശീലനങ്ങൾ 14 ജില്ലകളിലും നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ബാക്കിയുള്ള പരിശീലന പരിപാടികൾ പുരോഗമിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാതല സ്പെഷ്യലൈസ്ഡ് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി നാളിതുവരെ 16344 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബ്ലോക്കുകളിൽ ഫാം പ്ലാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രത്യേക യോഗങ്ങൾ

നടത്തി വരുന്നു. (നാളിതുവരെ 339 എണ്ണം നടത്തിയിട്ടുണ്ട്). ഇതിലൂടെ 10760 (1000 IFS-ഉം 9760 non IFS-ഉം) കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി നാളിതുവരെ 13919 ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്). ബ്ലോക്കുകളിൽ ഫാം പ്ലാൻ വാലിഡേഷനുവേണ്ടി നാളിതുവരെ 406 വർക്ക്ഷോപ്പുകൾ നടത്തിയിട്ടുള്ളതിലൂടെ 10760 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇതിനോടനുബന്ധിച്ച് വിതരണ ശൃംഖലയുടെയും മൂല്യ ശൃംഖലയുടെയും വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉത്പാദന പരിപാടിയിൽ ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യ പിന്തുണയ്ക്കുമുള്ള ഘടകത്തിൽ 2401-00-109-56 പ്ലാൻ ശീർഷകത്തിൽ 650 ലക്ഷം രൂപയും കൃഷിയിടാസൂത്രണ അധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യ ശൃംഖല വികസനത്തിനുള്ള ഘടകത്തിൽ 2401-00-111-97 പ്ലാൻ ശീർഷകത്തിൽ 500 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്.

കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉത്പാദന പരിപാടിയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൃഷിക്കൂട്ടം, കൃഷി ഭവൻ പരിധിയിൽ വിവിധ പദ്ധതികൾ പ്രകാരവും ആത്മ പദ്ധതിയിലും രൂപീകൃതമായ കർഷക ഗ്രൂപ്പുകൾ, പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയിലൂടെ കാർഷിക ഉത്പന്നങ്ങളുടെ അഗ്രിഗേഷൻ സെന്ററുകൾക്ക് ഓരോ കൃഷി ഭവൻ പരിധിയിലും 25,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്. ആയതിന് സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾക്കായി 269 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഓരോ ജില്ലയിലും കാർഷിക ഉത്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് 14 ഹബ്ബുകൾ രൂപീകരിക്കാൻ തുക വകയിരുത്തിയിട്ടുണ്ട്. അനുയോജ്യമായ FPO-കൾ പ്രവർത്തിപ്പിക്കുന്ന ഓരോ ഹബ്ബിനും 2.21 ലക്ഷം രൂപ വീതം 30.94 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഫാം പ്ലാൻ പ്രകാരം കൃഷിക്കൂട്ടങ്ങളിൽനിന്നും രൂപീകരിച്ച FPO-കൾക്കും, കുടുംബശ്രീ, കർഷക ഉത്പാദക സംഘങ്ങൾ, പ്രാഥമിക

കാർഷിക സഹകരണ സൊസൈറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഫെഡറേറ്റഡ് രജിസ്റ്റേർഡ് സംഘങ്ങൾ എന്നിവയും എഫ്.പി.ഒ.-കളുടെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡിയിൽ പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം നൽകുവാൻ സാധിക്കും. ഇതിനായി സംസ്ഥാനത്ത് 60 പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ എഫ്.പി.ഒ.-കൾക്ക് കാർഷിക ഉത്പന്നങ്ങളുടെ ഔട്ട്ലെറ്റ്/ശേഖരണ സെന്ററുകളിൽ, വില വിവരം പ്രദർശിപ്പിക്കുന്നതിന് ഡിജിറ്റൽ വില വിവര ഡിസ്പ്ലേയ്ക്ക് 50% സബ്സിഡിയിൽ ഒരു ഔട്ട്ലെറ്റിന് 5,000/- രൂപ വീതം ധനസഹായം നൽകുന്നു. ഇതിനായി ആകെ 1000 ഡിസ്പ്ലേകൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 100 കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് ഓരോ സംഘത്തിനും 6.5 ലക്ഷം രൂപ വീതം 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റൽ**

83 (5356) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലത്തകർച്ചയെത്തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റ് കൃഷിയിലേയ്ക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2023 ഫെബ്രുവരി മാസം വരെ 1035.331 ഹെക്ടർ സ്ഥലത്തെ റബ്ബർ വെട്ടിമാറ്റി മറ്റ് വിളകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്

(ബി) ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ സംയോജിത കൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഒന്നെങ്കിലും ആവിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമാക്കുമോ?

സാധ്യമായ എല്ലാ സ്ഥലത്തും സംയോജിത കൃഷിയും ബഹുവിള സമ്പ്രദായവും വ്യാപിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി നിലവിൽ തുടർന്നുവരുന്ന വിള അധിഷ്ഠിത ആസൂത്രണ സമീപനത്തിൽനിന്നും മാറി കൃഷിയിട അധിഷ്ഠിത ആസൂത്രണ

സമീപനത്തിലേയ്ക്ക് സർക്കാർ മാറിയിട്ടുണ്ട്. ഈ സമീപനത്തിന്റെ ഭാഗമായി 10760 മാതൃകാ കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഇതിൽ 1000 എണ്ണം സംയോജിത കൃഷി പ്രാവർത്തികമാകുന്ന കൃഷിയിടങ്ങളാണ്. കൃഷി വകുപ്പ് മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സംയോജിത കൃഷി സമ്പ്രദായം നടപ്പാക്കുന്ന കൃഷിയിടങ്ങൾക്ക് 25,000/- രൂപ ആനുകൂല്യമായി ലഭിക്കും. 2023-24 വാർഷിക പദ്ധതിയിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയിൽ സംയോജിത കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന ഘടകം ഉൾപ്പെടുത്തുന്നതാണ്. ആയതു സംബന്ധിച്ച പ്രൊപ്പോസലിൽ ഇത്തരം കൃഷിയിടങ്ങൾ പഞ്ചായത്തിൽ ഒരെണ്ണം എന്ന തോതിൽ ഉൾപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കേരളത്തിലെ പഴം-പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെയും സഹകരണ ബാങ്കുകളുടെയും സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴിവളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ നിലവിൽ സ്വീകരിച്ചുവരുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുമ്പോൾ ത്രിതല

പഞ്ചായത്തുകളുടെയും സഹകരണ ബാങ്കുകളുടെയും സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴി വളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ സാധിക്കുന്നതാണ്. ഈ സമീപനവും അതുമായി ബന്ധപ്പെട്ട പദ്ധതി ഘടകങ്ങളും 2023-24 സാമ്പത്തിക വർഷവും തുടരുന്നതുമാണ്. കൃഷി ഓഫീസർ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കുന്ന കൃഷിയിട ആസൂത്രണ രേഖയിൽ ഈ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും സേവനങ്ങളുടേയും സംയോജനം വിഭാവനം ചെയ്തിട്ടുണ്ട്.

**യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റ്**

84 (5357) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിന്റെയും മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ (കാംകോ) യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ന്യൂജനറേഷൻ പവർ ടില്ലർ ഉല്പാദനം ലക്ഷ്യമിട്ട് വലിയവെളിച്ചം

വ്യവസായ കേന്ദ്രത്തിൽ 2016 ജനുവരിയിൽ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ (കാംകോ) പുതിയ യൂണിറ്റ് ആരംഭിച്ചു. പ്രസ്തുത യൂണിറ്റിൽ ന്യൂജനറേഷൻ പവർ ടില്ലർ ഉല്പാദനം തുടങ്ങുന്നതിനായി 307 ഘടകങ്ങൾ തദ്ദേശീയമായി വികസിപ്പിച്ചെടുക്കേണ്ട സാഹചര്യം വന്നിരുന്നു. ഈ കാലയളവിൽ അവിടെ ബ്രഷ് കട്ടർ, പവർ വീഡർ, പവർ റീപ്പർ (ലോ ഹൈറ്റ്), വിവിധതരം പമ്പ് സെറ്റുകൾ തുടങ്ങിയവ നിർമ്മിക്കുകയുണ്ടായി.

(ബി) പ്രസ്തുത യൂണിറ്റിന് നാളിതുവരെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലക്ഷ്യം കൈവരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വലിയവെളിച്ചം യൂണിറ്റിൽ വിഭാവനം ചെയ്ത ന്യൂജനറേഷൻ പവർ ടില്ലർ ഉൽപ്പാദനം തുടങ്ങുന്നതിനുവേണ്ടിയുള്ള കമ്പോണന്റുകൾ വികസിപ്പിച്ച് പുതിയ സപ്ലൈയർമാരെ നിശ്ചയിച്ചു കഴിഞ്ഞു. പത്ത് ടില്ലറുകൾ ഇതിനകം ഉല്പാദിപ്പിച്ചു. വിവിധ സ്ഥലങ്ങളിൽ അതിന്റെ ഫീൽഡ് ടെസ്റ്റുകൾ നടത്തിയതിൽനിന്നും ന്യൂനതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കാർഷിക ഉപകരണങ്ങൾക്കുള്ള സബ്സിഡി ലഭിക്കുന്നതിനുവേണ്ടി, അതിൽ ഒരെണ്ണം അനന്തപൂരിലുള്ള സതേൺ റീജിയണൽ ഫാം മെക്കനൈസേഷൻ ടെസ്റ്റിംഗ് സെന്ററിൽ ഫെബ്രുവരിയിൽ പരിശോധന കഴിഞ്ഞു. അതിന്റെ സർട്ടിഫിക്കറ്റ്

പ്രതീക്ഷിച്ചിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഉല്പാദനം തുടങ്ങാൻ വേണ്ടിയുള്ള ടില്ലർ കമ്പോണന്റ്സ് എത്തിത്തുടങ്ങിയിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത യൂണിറ്റിൽ ഉല്പാദിപ്പിച്ച ചെറിയ ടില്ലറുകൾ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വലിയവെളിച്ചം യൂണിറ്റിൽ നിർമ്മിച്ച ചെറിയ ടില്ലറുകൾ (ഗാർഡൻ ടില്ലറുകൾ) ഉപയോഗയോഗ്യമാണ്. എങ്കിലും മാർക്കറ്റിന് അനുയോജ്യമായ ചില പരിഷ്കരണങ്ങൾ വരുത്തി കൂടുതൽ വില്പന നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിലുള്ള കെ.എ.എം.സി.ഒ.-യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

അടുത്ത സാമ്പത്തിക വർഷത്തിൽ ന്യൂജനറേഷൻ പവർ ടില്ലർ ഉല്പാദനം നടത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യജീവികൾ മൂലമുള്ള കൃഷിനാശം തടയുന്നതിന് പദ്ധതി

85 (5358) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾമൂലമുള്ള കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

വന്യജീവികൾമൂലമുള്ള കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് നിലവിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി വന്യമൃഗ ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം കൃഷി വകുപ്പ് മുഖേന നൽകിവരുന്നു. കൂടാതെ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണം തടയുന്നതിന് പ്രതിരോധ മാർഗ്ഗങ്ങൾക്കായി കൃഷി ഓഫീസർ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം ഇക്കാര്യത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് സർക്കാർ പരിഗണനയിലാണ്.

(ബി) ഇസ്രായേൽ മോഡലിൽ വെള്ളക്കെട്ടില്ലാത്ത നെൽകൃഷിയും ലവണാംശമുള്ള വെള്ളത്തിന് അനുയോജ്യമായ വിത്തിനങ്ങൾ വികസിപ്പിച്ചുള്ള കൃഷി രീതിയും പരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ തോടുകളും കുളങ്ങളും നവീകരിക്കുന്നതിന് പദ്ധതി**

86 (5359) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ ആർ.കെ.ഐ., ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നിവ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി നിലവിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിൽ ആർ.കെ.ഐ., ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നിവ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി കൃഷി വകുപ്പ് മുഖാന്തരം നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

എന്നാൽ മണ്ഡലത്തിൽ മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലവിൽ ആർ.ഐ.ഡി.എഫ് XXII-ൽ ഉൾപ്പെടുത്തി കുണ്ടറ ഗ്രാമപഞ്ചായത്തിലെ 1, 4 എന്നീ വാർഡുകളിൽ ഉൾപ്പെടുന്ന 78 ഹെക്ടർ പ്രദേശത്ത് 'ആനക്കുഴി ചാമുണ്ടിമൂല തോട് ഡ്രൈനേജ് പ്രൊട്ടക്ഷൻ & ഫ്ലഡ് കൺട്രോൾ പദ്ധതി' 2019 ജനുവരി മുതൽ നടപ്പിലാക്കിവരുന്നു.

## കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി കണക്ഷനുകളുടെ കുടിശ്ശിക

87 (5360) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷി ഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ വൈദ്യുതി കണക്ഷനുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ വൈദ്യുതി കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ചാർജ് കുടിശ്ശികയുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; എത്ര രൂപയാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടിശ്ശികയുള്ളതെന്ന് അറിയിക്കാമോ?

വൈദ്യുതി ചാർജ് കുടിശ്ശികയുടെ തുക ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) വൈദ്യുതി ചാർജ് കുടിശ്ശിക അടയ്ക്കുന്നതിലെ കാലതാമസം എന്താണെന്നും ഈ സാമ്പത്തിക വർഷം കുടിശ്ശിക മുഴുവൻ അടക്കുമോയെന്നും വ്യക്തമാക്കാമോ?

ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിക്കായി കൃഷി വകുപ്പിന് എല്ലാ വർഷവും 60 മുതൽ 80 കോടി രൂപവരെ ആവശ്യമുണ്ട്. എന്നാൽ വർഷങ്ങളായി ഏകദേശം 35-40 കോടി രൂപയാണ് അനുവദിച്ചുവരുന്നത്. ഇത് വർഷം തോറുമുള്ള കുടിശ്ശിക തുക ഉയരുന്നതിന് കാരണമാകുന്നു. 2022-23 സാമ്പത്തിക വർഷം 36.92 കോടി രൂപയാണ് ഈ പദ്ധതിക്ക് അനുവദിച്ചത്. വൈദ്യുതി കുടിശ്ശിക തുക തീർപ്പാക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.

## കാർഷിക ആവശ്യത്തിനായി സൗജന്യ വൈദ്യുതി

88 (5361) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക ആവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ 1995-96 വർഷം മുതൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 31-08-1995-ലെ സർക്കാർ ഉത്തരവ് നം. 311/95/എ.ഡി പ്രകാരം നെൽകൃഷിക്ക് ഭൂവിസ്തൃതി പരിഗണിക്കാതെ സൗജന്യ വൈദ്യുതി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തുടർന്ന് 31-10-1998-ലെ സർക്കാർ ഉത്തരവ് നം. 235/98/എഡി പ്രകാരം 01-04-1997 മുതൽ 2 ഹെക്ടർ വരെയുള്ള കരകൃഷിക്കും കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം താരിഫ് തുക അനുവദിച്ചുവരുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ

ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.

iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ

iv) കൂടാതെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

കർഷകർ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ്ജ് ഇൻവോയ്സ് ലഭിക്കുന്നമുറയ്ക്ക് കൃഷിഭവൻ മുഖേന KSEB-യ്ക്ക് നൽകുകയാണ് ചെയ്തു വന്നിരുന്നത്. തുടർന്ന് ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന നൽകുന്നതിന് 22/09/2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് കർഷകരുടെ സഹകരണം കുറവായതിനാൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് ഒരു ബദൽ സംവിധാനം സർക്കാർ പരിഗണിക്കുകയും KSEB-യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന Escrow അക്കൗണ്ട് വഴി കാർഷിക വൈദ്യുതി ചാർജ് ഒടുക്കുന്നത് സംബന്ധിച്ച് നടപടി കൈക്കൊള്ളാൻ തീരുമാനിക്കുകയും തുടർന്ന് 23-01-2023-ലെ സ.ഉ.

(കൈ)നമ്പർ.11/2023/കൃഷി പ്രകാരം ഉത്തരവ് ഭേദഗതി ചെയ്യുകയും ചെയ്തു.

നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ 2.37 ലക്ഷം കണക്ഷനുകൾ ഉൾപ്പെട്ടിട്ടുള്ളതിൽ 2109 കണക്ഷൻ പാടശേഖരങ്ങളുടെയും അവശേഷിക്കുന്നവ വ്യക്തിഗത കണക്ഷനുമാണ്. 2022-23 സാമ്പത്തിക വർഷം ബജറ്റ് വിഹിതം 3692 ലക്ഷം രൂപ കർഷകർക്കുള്ള സൗജന്യ വൈദ്യുതിയുടെ പണം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

**നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

89 (5362) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കൃഷി വിളകളായ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നെല്ല്: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ഉണ്ടായിരുന്നത് 2020-21 വർഷത്തിൽ 205040 ഹെക്ടർ വരെയും ഉല്പാദനം 549275 ടണ്ണിൽ നിന്നും 633739 ടൺ വരെയും വർദ്ധിപ്പിക്കാൻ സാധിച്ചു. നെല്ലിന്റെ ഉല്പാദനക്ഷമത 2015-16 വർഷത്തിൽ

2790 കിലോ/ഹെക്ടർ ആയിരുന്നത് 2020-21 വർഷത്തിൽ 3090.8 കിലോ/ഹെക്ടർ ഉയർത്താൻ സാധിച്ചു.

<u>നാളികേരം</u>: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16 വർഷത്തിൽ നാളികേരകൃഷിയുടെ വിസ്തൃതി 790223 ഹെക്ടർ ഉണ്ടായിരുന്നത് 2020-21 വർഷത്തിൽ 768809 ഹെക്ടറായും ഉൽപ്പാദനം 5873 മില്യൺ നട്സിൽ നിന്നും 4788 മില്യൺ നട്സായും കുറയുകയുണ്ടായി. നാളികേരത്തിന്റെ ഉല്പാദനക്ഷമത 2015-16 വർഷത്തിൽ 7432 നാളികേരം/ഹെക്ടറിൽ നിന്നും 2020-21 വർഷത്തിൽ 6228 നാളികേരം/ഹെക്ടറായി കുറഞ്ഞിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2015-16 മുതൽ 2020-21 വരെയുള്ള അരിയുടെയും നാളികേരത്തിന്റെയും ഉല്പാദനം സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത കൃഷിവിളകളുടെ ഉല്പാദനത്തിൽ എന്തുകൊണ്ട് കുറവുണ്ടായി എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളികേരത്തിന്റെ ഉല്പാദനക്ഷമതയിൽ കുറവ് വന്നത് പരിഹരിക്കുന്നതിനായി 2014-15 മുതൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. കേരഗ്രാമം നടപ്പിലാക്കിയതിനുശേഷം, 2019-20 വർഷത്തിൽ കേരഗ്രാമത്തിന്റെ വിലയിരുത്തൽ സംസ്ഥാന വില നിർണ്ണയ ബോർഡ് (SAPB) നടത്തുകയും അതിൻപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കേരഗ്രാമങ്ങളിലെ ശരാശരി ഉല്പാദനക്ഷമത 10739 നാളികേരം/ഹെക്ടർ ആണ്. സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ 2019-20-ലെ നാളികേരത്തിന്റെ ശരാശരി ഉല്പാദന ക്ഷമതയെക്കാൾ കൂടുതലാണിത് (6328 നാളികേരം/ഹെക്ടർ). ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമത്തിൽ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായംചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിളകളുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനായി കർഷകർക്ക്

നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഗുണമേൻമയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും ഉല്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയിൽനിന്നും പരമാവധി ഉല്പാദനം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപ നിരക്കിൽ നൽകുന്നു. ഒരു ഹെക്ടർ കരനെൽകൃഷി ചെയ്യുന്നതിന് 13,600/- രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10,000/- രൂപയും തരിശു നിലങ്ങളിൽ നെൽകൃഷിക്ക് 40,000/- രൂപ (35,000/- രൂപ കർഷകനും 5,000/- രൂപ സ്ഥലം ഉടമയ്ക്കും) ധനസഹായമായി നൽകുന്നുണ്ട്. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസുമതി) കൃഷിക്ക്

ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. നെൽകൃഷിക്ക് ആവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി നടപ്പിലാക്കുന്നുണ്ട്. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്. ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുമുള്ള ആനുകൂല്യവും (പരമാവധി 25,000/- രൂപ) കർഷകർക്ക് നൽകുന്നുണ്ട്. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്.

നാളികേരം: 2022-23 വർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കൽ, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ

പരിപാലനം എന്നിവയാണ് നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ തെങ്ങിന്റെ പുനരുദ്ധാരണവും പുനർനടീലും ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2022-23 നാളികേര വികസന പദ്ധതിയിലെ, കേരഗ്രാമം ഘടകത്തിൽ തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ/രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന് തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. തെരെഞ്ഞെടുക്കപ്പെട്ട കേരഗ്രാമങ്ങൾക്ക് മൂന്നു വർഷം ആനുകൂല്യം നൽകുന്നു. 2022-23

വർഷത്തിൽ, 100 ഹെക്ടർ ചേർന്ന് കിടക്കുന്ന പ്രദേശത്തെ കർഷകരെ ഉൾപ്പെടുത്തിയാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നതിന് നടപടികൾ

90 (5363) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ നിരവധി സഹകരണ സ്ഥാപനങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്തും പായ്ക്ക് ചെയ്തും വിപണനം നടത്തുന്നതുപോലെ സഹകരണ സ്ഥാപനങ്ങളുടെ ശൃംഖല സൃഷ്ടിച്ച് സർക്കാർ നേതൃത്വത്തിലോ സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യത്തിന്റെ നേതൃത്വത്തിലോ ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് നേതൃത്വം നൽകുമോ; വിശദമാക്കാമോ?

കൃഷി വകുപ്പ് "കേരളാഗ്രോ" ബ്രാന്റിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ഓൺലൈൻ സംവിധാനം മുഖേനയുള്ള വിപണനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർ/എഫ്.പി.ഒ.-കൾ/കർഷക കൂട്ടായ്മകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളും ഇതേ ബ്രാന്റിൽ ഓൺലൈൻ മുഖേന മാർക്കറ്റിംഗ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള മണ്ണ് പരിശോധന

91 (5364) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തെയും മണ്ണിനും പ്രകൃതിക്കുമുള്ള (മൈക്രോ ക്ലൈമറ്റ്) സൂക്ഷ്മമായ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ വിളകൾ തെരഞ്ഞെടുക്കാനും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനുമായി ഓരോ പ്രദേശത്തെയും മണ്ണും പ്രകൃതിയും പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനായി മൊബൈൽ ടെസ്റ്റിംഗ് യൂണിറ്റുകൾ മണ്ഡല തലത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്തെ 5 കാർഷിക പാരിസ്ഥിതിക മേഖലകളായും തുടർന്ന് മൈക്രോ ക്ലൈമറ്റും ഭൂപ്രകൃതിയും വിളകളും കണക്കിലെടുത്ത് 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തിരിച്ചിട്ടുണ്ട്. ഇതിനുപുറമെ

ഓരോ കർഷകന്റെ കൃഷിയിടം അടിസ്ഥാനപ്പെടുത്തിയ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽനിന്നും സാധ്യമായ എല്ലാ രീതിയിലും ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും കൃഷി ഒരു നല്ല ആദായം നൽകുന്ന ജീവിതമാർഗ്ഗമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിള അധിഷ്ഠിത സമീപനത്തിൽനിന്നും കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിലേയ്ക്കുള്ള മാറ്റം കൊണ്ടുവന്നത്. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പദ്ധതിയിൽ ഓരോ കൃഷിയിടത്തിന്റെയും ഭൂപ്രകൃതി, മണ്ണിന്റെ തരം, ഫലഭൂയിഷ്ഠത, നീരൊഴുക്ക്, മണ്ണ് ജല സംരക്ഷണ നടപടികൾ മുതലായവ കണക്കിലെടുത്തുകൊണ്ടാണ് പ്രസ്തുത കൃഷിയിടത്തിലേയ്ക്കുള്ള പ്ലാൻ തയ്യാറാക്കുന്നത്. ഇതിനായി പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാന ഘടകമായി മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

തെരഞ്ഞെടുത്ത ഓരോ കൃഷിയിടത്തിലും മണ്ണ് സാമ്പിളുകളുടെ ശേഖരണവും ഇവയുടെ പരിശോധനയും നടത്തുന്നു. മണ്ണ് പരിശോധനയുടെ ഫലം ഓരോ കർഷകന്റെയും കൃഷിയിടത്തിൽത്തന്നെ സൂക്ഷിക്കുന്ന ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആദ്യഘട്ടത്തിൽ

സംസ്ഥാനമൊട്ടാകെ 10760 കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി ക്രമേണ മുഴുവൻ കൃഷിയിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

സംസ്ഥാനത്ത് ആകെ 15 സ്ഥിരം മണ്ണ് പരിശോധന ലബോറട്ടറികളും 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം നാളിതുവരെ 133564 സാമ്പിളുകൾ പരിശോധിച്ച് ഹെൽത്ത് കാർഡുകൾ നൽകിയിട്ടുമുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളിൽ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും മണ്ണ് പരിശോധന ക്യാമ്പയിൻ നടത്തുന്നതിനുള്ള പദ്ധതി ഘടകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

ഓരോ കൃഷി ഭവൻ തലത്തിലും ഇത്തരം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യത്തക്ക വിധത്തിൽ 'വിള ആരോഗ്യ ക്ലിനിക്കുകൾ ' സ്ഥാപിച്ചുവരുന്നു. ഇതുവരെ ഇത്തരം 276 വിള ആരോഗ്യ ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) ഇത്തരം മൈക്രോ ക്ലൈമറ്റ് വിവരങ്ങൾ ഇന്റഗ്രേറ്റ് ചെയ്ത് ഒരു

മൊബൈൽ ആപ്പ് സർക്കാരിന്റെ നേതൃത്വത്തിൽ ഒരുക്കാമോ; വിശദമാക്കുമോ?

കൃഷിവകുപ്പ്, മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കേരള കാർഷിക സർവകലാശാല എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു സമഗ്ര മണ്ണ് വിവര പോർട്ടൽ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ വിവിധ മൊബൈൽ ആപ്പുകൾ വിഭാവനം ചെയ്തിട്ടുണ്ട്. കാലാന്തരത്തിൽ മണ്ണും മൈക്രോക്ലൈമറ്റും കൃഷിയിട വിവരങ്ങളും വിഭവ ലഭ്യതയും ഉൾപ്പെടുത്തി ഒരു സംയുക്ത മൊബൈൽ ആപ്പ് നിർമ്മിക്കുന്നതും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തിയാണ്. എല്ലാ ഏജൻസികളും നടത്തുന്ന മണ്ണ് പരിശോധനാ വിവരങ്ങൾ ഒരു കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് എത്തിക്കുകയും വിശകലനം കൂടുതൽ കാര്യക്ഷമമാക്കുകയും അതുവഴി കർഷകന് സമയബന്ധിതമായി വിവരം നൽകുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. വിള ആസൂത്രണത്തിനും കാര്യക്ഷമമായ വിഭവ ഉപഭോഗത്തിനും ഇത് സഹായിക്കും.

**നീർത്തട സംരക്ഷണ പ്രവൃത്തികൾ**

92 (5365) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീർത്തട സംരക്ഷണ പ്രവൃത്തികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മണ്ണ് സംരക്ഷണ, മണ്ണ് പര്യവേഷണ ഡയറക്ടറേറ്റിൽ നിന്നും ഡയറക്ടർ ശിപാർശ ചെയ്തുകൊണ്ട് പ്ലാനിംഗ് ബോർഡ് വഴി സർക്കാരിൽ സമർപ്പിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ എസ്റ്റിമേറ്റ് തുകകൾ എത്രയെല്ലാമാണെന്നുമുള്ള വിവരം ഇനം തിരിച്ച് വിശദമാക്കാമോ?

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ പ്ലാനിംഗ് ബോർഡുവഴി സർക്കാരിൽ സമർപ്പിച്ച വിവിധ നീർത്തട സംരക്ഷണ പ്രവൃത്തികൾ, ശിപാർശ ചെയ്ത തുക, 2023-24 ബഡ്ജറ്റിൽ വകുപ്പിനു വകയിരുത്തിയിരിക്കുന്ന തുക എന്നിവയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ പ്ലാനിംഗ് ബോർഡുവഴി സർക്കാരിൽ സമർപ്പിച്ച വിവിധ നീർത്തട സംരക്ഷണ പ്രവൃത്തികൾ, ശിപാർശ ചെയ്ത തുക, 2023-24 ബഡ്ജറ്റിൽ വകുപ്പിനു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിരിക്കുന്ന തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ

93 (5366) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കുമോ?

1. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, തിരുവനന്തപുരം

4th നില, എ ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം

ഫോൺ-0471- 2732648

ഇ മെയിൽ ഐ.ഡി - dscotvpm1@gmail.com

2. സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി, പാറോട്ടുകോണം

സോയിൽ കെമിസ്റ്റ്,

സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി,

പാറോട്ടുകോണം, തിരുവനന്തപുരം - 15

ഫോൺ-0471 2541776

ഇ മെയിൽ ഐ.ഡി - psccsal@gmail.com

മേൽപ്പറഞ്ഞ ഓഫീസുകളിലെ ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ നമ്പർ ഇല്ല.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, പാറോട്ടുകോണം സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ ഓഫീസുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാർ/താൽക്കാലികം/ദിവസവേതനം/അന്യത്ര സേവനം- വ്യവസ്ഥയിൽ നിലവിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും അതിന് ആവശ്യമായ മുൻഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും അറിയിക്കുമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്ന് വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

94 (5367) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി 'കരണ്ടോട് നീർത്തട പദ്ധതി' നടപ്പിലാക്കിവരുന്നു. 217.416 ലക്ഷം രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിയിൽ 106.477 ലക്ഷം രൂപ ചെലവഴിച്ച് 1028.47 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികളിൽ കൃഷി ഭൂമിയിലെ സംരക്ഷണ പ്രവൃത്തികൾക്ക് 90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവും, പൊതു പ്രവൃത്തികൾക്ക് 100% സബ്സിഡിയും നൽകി വരുന്നു. വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റു പദ്ധതികളായ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിത/സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പദ്ധതി, നിഡ പദ്ധതി, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതി, പരമ്പരാഗത ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി എന്നിവയ്ക്ക് 100% സബ്സിഡിയും നൽകി വരുന്നു.

## കാർഷിക സർവകലാശാല അദ്ധ്യാപക നിയമനം

95 (5368) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാർഷിക സർവകലാശാല നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ വിശദാംശം, നിയമനം നേടിയ വ്യക്തികൾ, നിയമനം ലഭിച്ച ഡിപ്പാർട്ട്മെന്റ്, നിയമനപ്രക്രിയയുടെ രീതി, നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ, ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവ തിരിച്ച് വിശദമാക്കാമോ?

നേരിട്ടുള്ള നിയമന രീതിയിലൂടെയാണ് അസിസ്റ്റന്റ് പ്രൊഫസർ നിയമനം നടത്തിയത്. 50% മാർക്ക് എഴുത്ത് പരീക്ഷയ്ക്കും, 30% മാർക്ക് ഡൊമൈൻ നോളജിനും, 20% മാർക്ക് അഭിമുഖത്തിനും നൽകുന്നതിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി റൊട്ടേഷനും റിസർവേഷൻ റൂൾസും അനുസരിച്ചാണ് നിയമനം നൽകിയിരിക്കുന്നത്. നിയമന വിവരങ്ങൾ, ഡിപ്പാർട്ട്മെന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളും നിയമനപ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ, അവരുടെ വിദ്യാഭ്യാസ

യോഗ്യത എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ സർവ്വകലാശാല അന്വേഷണം നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; എത്ര പരാതികളിൽ ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിലെ അപാകത സംബന്ധിച്ച് പരാതികളുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമനം ലഭ്യമാകുന്നതിനായി ഉദ്യോഗാർത്ഥികൾ നൽകിയിട്ടുള്ള നിവേദനങ്ങളും കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജികളിലെ വിധിന്യായങ്ങളുമാണ് ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ചിട്ടുള്ളത്. നിയമനത്തിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ അന്വേഷണം നടത്തേണ്ടതായോ നടപടികൾ സ്വീകരിക്കേണ്ടതായോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്നിട്ടില്ല.

## കെ.ജി.റ്റി.ഇ. (അഗ്രികൾച്ചർ) എം.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സുകൾ

96 (5369) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സ് നിലവിൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ?

കെ.ജി.റ്റി.ഇ (അഗ്രികൾച്ചർ) കോഴ്സ് നടത്തുന്നില്ല. കെ.ജി.സി.ഇ. (ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷിനറി) എന്ന കോഴ്സാണ് നിലവിൽ നടത്തി വരുന്നത്.

(ബി) കെ.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സും എം.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സും തുല്യമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സും എം.ജി.റ്റി.ഇ. (അഗ്രികൾച്ചർ) കോഴ്സും തുല്യമല്ല.

## അതിക്രമങ്ങൾ തടയുന്നതിന് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടി

97 (5370) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രണയപ്പകയുടെ പേരിൽ യുവതികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും സാമൂഹ്യപ്രതിരോധം തീർക്കുന്നതിനും സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കലാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും മാനസികാരോഗ്യം വളർത്തുന്നതിനുമായി 'ജീവനി പദ്ധതി' നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിൽ സൈക്കോളജി വിദഗ്ദ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും കൗൺസിലിംഗും നൽകിവരുന്നു. സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ പോലീസ്, സാമൂഹ്യനീതി വകുപ്പുകളുടെ സഹകരണത്തോടെ സ്ത്രീ സുരക്ഷാ ബോധവൽക്കരണ പരിപാടികളും സ്വയംപ്രതിരോധ പരിശീലനപരിപാടികളും നടത്തുന്നു.

04-10-2021-ലെ സ.ഉ.(സാധാ)നം.1317/2021/ഉ.വി.വ. പ്രകാരം

കലാലയങ്ങളിൽ അധ്യയന വർഷാരംഭത്തിൽ ലിംഗനീതിയെ സംബന്ധിച്ചും ലൈംഗികാതിക്രമങ്ങളും സ്ത്രീപീഡനങ്ങളും തടയുന്നതിനുള്ള നിയമങ്ങളും അവ നടപ്പിലാക്കുന്നതിനുള്ള വേദികളും സംബന്ധിച്ചും വിശദമായ വിവരണം ഉൾപ്പെടുന്ന ക്ലാസുകൾ, ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ, Internal Compliance Committee (ICC) എന്നിവയെ ഉപയോഗിച്ച് സംഘടിപ്പിക്കുന്നതിനും Internal Compliance Committee അംഗങ്ങളുടെ പേരുവിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യിൽ അഡോളസെന്റ് ചിൽഡ്രൻ അവയർനെസ്സ് പ്രോഗ്രാം 2022-23-ന്റെ ഭാഗമായി സ്കൂളുകളിൽ ടീൻസ് ക്ലബ് പ്രവർത്തനം ആരംഭിക്കുകയും ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യുവതികളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിനെതിരെ സെമിനാർ സംഘടിപ്പിക്കുകയും കോളേജുകളിൽ വിമൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു.

കൂടാതെ, സംസ്ഥാനത്തെ ലോ കോളേജുകളിൽ എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ ഇതിനെതിരെ അവബോധ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എൻ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആന്റി ഹരാസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കെതിരെയുള്ള ശാരീരിക, മാനസിക, വൈകാരിക ചൂഷണത്തിനെതിരെ ജാഗ്രതയും നിയമസംരക്ഷണവും നൽകിവരുന്നു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ അസാധാരണ സാഹചര്യങ്ങളെ നേരിടുന്നതിന് മാനസികവും ശാരീരികവുമായ ധൈര്യം ലഭിക്കത്തക്കവിധത്തിൽ ഗ്രീൻ റൂം എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടി നടത്താറുണ്ട്.

സോഷ്യൽ മീഡിയവഴി പെട്ടെന്ന് പൊട്ടിമുളയ്ക്കുന്ന പ്രണയങ്ങൾ മൂലമുള്ള ചതിക്കുഴികളെപ്പറ്റി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് പോലീസ് മീഡിയ സെൽ, സൈബർ ഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ ഇക്കാര്യത്തിൽ രക്ഷകർത്താക്കളിലും അവബോധം സൃഷ്ടിക്കണമെന്നതിന്റെ ഭാഗമായി "സൂക്ഷിക്കണം e-കാലം" എന്ന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിക്കുകയും ആയതിൽ സൈബർ സൗഹൃദങ്ങൾ പരിധിവിട്ടു പോകാതിരിക്കാൻ മാതാപിതാക്കൾ ജാഗ്രത പുലർത്തണമെന്ന് പ്രത്യേക പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ,

സോഷ്യൽ മീഡിയ വഴിയുള്ള സൗഹൃദങ്ങളിലൂടെ പ്രണയബദ്ധരായി ചതിയിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ കൗൺസിലിംഗ് നൽകിവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ക്ലാസുകൾ സ്കൂളുകളിലും കോളേജുകളിലും നൽകിവരുന്നുണ്ട്.

## ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ നിലവിലെ സ്ത്രീ പുരുഷാനുപാതം

98 (5371) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ നിലവിലെ സ്ത്രീ പുരുഷാനുപാതം എത്രയെന്ന് വിശദമാക്കാമോ?

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിനികൾക്ക് മെഡിക്കൽ കോളേജുകളുടെ ഹോസ്റ്റലുകളിൽ ലഭ്യമായ മുറികളുടെ അടിസ്ഥാനത്തിൽ താമസ സൗകര്യം

ഒരുക്കി നൽകിവരുന്നുണ്ട്.

(ബി) നിലവിൽ ഹോസ്റ്റലുകളിലെ ഓരോ മുറികളിലും എത്ര കുട്ടികളാണ് താമസിക്കുന്നതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് ലേഡീസ് ഹോസ്റ്റലിൽ ഒന്നാം വർഷ ബ്ലോക്കിൽ 39 റൂമുകളിൽ 3 കുട്ടികൾ വീതവും 2 ഡോർമെട്രികളിൽ 12 കുട്ടികൾ വീതവും രണ്ടാം വർഷ ബ്ലോക്കിൽ 28 റൂമുകളിൾ 7 കുട്ടികൾ വീതവും 2 റൂമുകളിൽ 4 കുട്ടികൾ വീതവും പഴയ ബ്ലോക്കിൽ 30 സിംഗിൾ റൂമുകളിൽ ഓരോ കുട്ടികൾ വീതവും 20 റൂമുകളിൽ 5 കുട്ടികൾ വീതവും 135 റൂമുകളിൽ 2 കുട്ടികൾ വീതവും താമസിച്ചുവരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളജിലെ പുരുഷ ഹോസ്റ്റലിൽ ഒരു മുറിയിൽ 3 കുട്ടികളും സ്ത്രീ ഹോസ്റ്റലിൽ ഒരു മുറിയിൽ 4 കുട്ടികളുമാണ് താമസിക്കുന്നത്.

കോന്നി മെഡിക്കൽ കോളജേിലെ ഹോസ്റ്റലിൽ ഒരു മുറിയിൽ 3 കുട്ടികളെ വീതമാണ് താമസിപ്പിക്കുന്നത്.

ഇടുക്കി മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ ഓരോ മുറികളിലും 7 കുട്ടികൾ വീതം താമസിക്കുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് മുതൽ മൂന്നു വരെ വിദ്യാർത്ഥി/

വിദ്യാർത്ഥിനികളെ ഹോസ്റ്റലിലെ ഓരേ റൂമിൽ പ്രവേശിപ്പിക്കുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ ആൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റൽ മുറിയിൽ 3 കുട്ടികൾ വീതവും പെൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റൽ മുറിയിൽ 2-3 കുട്ടികൾ വീതവും താമസിക്കുന്നു.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി ഹോസ്റ്റലിൽ 2 പേർ വീതവും എം.ബി.ബി.എസ്./പാരാമെഡിക്കൽ ഹോസ്റ്റലുകളിൽ 2 - 3 പേർ വീതമാണ് താമസിക്കുന്നത്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഹോസ്റ്റലിൽ മുറികളിലെ സൗകര്യമനുസരിച്ച് 3 മുതൽ 4 വരെ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിൽ ഹോസ്റ്റലിൽ ഒരു മുറിയിൽ 4 കുട്ടികളാണ് താമസിക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജ് മെൻസ് ഹോസ്റ്റലിൽ ഒരാൾക്ക്, രണ്ടാൾക്ക്, മൂന്നാൾക്ക്, നാലാൾക്ക് എന്നിങ്ങനെയാണ് മുറികളുള്ളത്. ഡോർമെട്ടിയിൽ ഒൻപത് പേർ താമസിക്കുന്നു. ലേഡീസ് ഹോസ്റ്റലിൽ 6 പേർ താമസിക്കുന്ന മുറികളാണുള്ളത്. SRQ ഹോസ്റ്റലിൽ 6 പേർ താമസിക്കുന്ന മുറികളാണുള്ളത്. HSQ ഹോസ്റ്റലിൽ രണ്ട് പേർ

താമസിക്കുന്ന മുറികളാണുള്ളത്.

കണ്ണൂർ മെഡിക്കൽ കോളേജിലെ ഹോസ്റ്റലുകളിൽ റൂമിന്റെ വലിപ്പമനുസരിച്ച് 2 മുതൽ 6 വരെ വിദ്യാർത്ഥികളെ വരെ താമസിപ്പിക്കാറുണ്ട്.

(സി) വനിതാ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി ഹോസ്റ്റലുകളിൽ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇടുക്കി, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥല പരിമിതികൾക്ക് അനുസൃതമായി സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജിലെ ഹോസ്റ്റൽ നിർമ്മാണം മേയ് മാസത്തോടെ പൂർത്തിയാകും.

ആലപ്പുഴ മെഡിക്കൽ കോളേജിൽ രണ്ട് പുതിയ ഹോസ്റ്റലുകൾക്കായുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നു.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ ഹോസ്റ്റൽ സൗകര്യമുണ്ട്. നിലവിലുള്ള കോഴ്സുകൾക്ക് സീറ്റ് വർദ്ധനയുണ്ടാകുന്ന അവസരത്തിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേരി മെഡിക്കൽ കോളേജിൽ വനിതാ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ പെൺകുട്ടികൾക്ക് താമസിക്കുന്നതിനായി G+8 നിലകളുള്ള (2 BED-108, 3 BED 97) കെട്ടിടത്തിന്റെ നിർമ്മാണം M/s. കിറ്റ്കോ മുഖേന പുരോഗമിക്കുന്നു. നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ ബോയ്സ് ഹോസ്റ്റലിലാണ് പെൺകുട്ടികളെ താമസിപ്പിച്ചുവരുന്നത്. പുതിയ ഗേൾസ് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സൗകര്യങ്ങളോടെ പെൺകുട്ടികൾക്ക് താമസം സജ്ജമാകുന്നതാണ്. Reading Room, Dining , Kitchen തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളോടുകൂടിയാണ് ഈ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നത്. ടി പ്രവൃത്തി 80 ശതമാനം പൂർത്തിയായതായി നിർമ്മാണ ചുതലയുള്ള M/s. കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വനിതാ വിദ്യാർത്ഥികളുടെ താമസ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ട് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കണ്ണൂർ മെഡിക്കൽ കോളേജിൽ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഒരു പി.ജി. ഹോസ്റ്റലിനും ഒരു പാരാമെഡിക്കൽ ഹോസ്റ്റലിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

## പഠനം മുടങ്ങിയ വനിതകൾക്ക് പഠനം പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ

99 (5372) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് പഠനം മുടങ്ങിയ വനിതകൾക്ക് പഠനം പുനരാരംഭിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോളേജ് പഠനം മുടങ്ങിയ വനിതകൾക്ക് മാത്രമായി പഠനം പുനരാരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നിരുന്നാലും പഠനം മുടങ്ങിയ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സർവ്വകലാശാലാ നിയമങ്ങളനുസരിച്ച്

പുനഃപ്രവേശനം നേടുന്നതിന് അനുമതി നൽകാറുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ അതത് സ്ഥാപനങ്ങളിൽ അനുവർത്തിച്ചുവരുന്ന കരിക്കുലം റിവിഷൻ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിനുള്ളിൽ പുനഃപ്രവേശനം നേടുന്നതിനുള്ള അവസരം നിലവിലുണ്ട്. അതത് പ്രോഗ്രാമുകളുടെ കരിക്കുലം www.sitttrkerala.ac.in എന്ന വെബ്സൈറ്റിൽ നിലവിൽ ലഭ്യമാണ്.

(ബി) ഇയർ ഗ്യാപ്പുള്ള വിദ്യാർത്ഥിനികൾക്ക് പഠനം തുടരുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അതിനായി സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുമോ?

ഇയർ ഗ്യാപ്പുള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സർവ്വകലാശാലാ നിയമങ്ങളനുസരിച്ച് പുനഃപ്രവേശനം നേടി പഠനം തുടരാവുന്നതാണ്.

(സി) പഠനം മുടങ്ങിയ വിദ്യാർത്ഥിനികളെ പുനഃപ്രവേശിപ്പിക്കുന്നതിനുവേണ്ടി കോളേജുകളിൽ അഡീഷണൽ സീറ്റുകൾ അനുവദിക്കുന്നത് പരിഗണിക്കുമോ?

പഠനം മുടങ്ങിയ വിദ്യാർത്ഥികൾക്ക് അതേ പ്രോഗ്രാമിലേയ്ക്ക് പുനഃപ്രവേശനം അനുവദിക്കുന്നതിന് സീറ്റുകളുടെ എണ്ണം പരിഗണിക്കാറില്ല.

ആയതിനാൽ ഈ വിഷയത്തിൽ അഡീഷണൽ സീറ്റുകൾ അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഇൻടേക്ക്/മൊത്തം സീറ്റുകൾ അനുവദിക്കാൻ കഴിയുകയുള്ളൂ. നിലവിൽ കോളേജ് പഠനം മുടങ്ങിയ വിദ്യാർത്ഥിനികളെ പുനഃപ്രവേശിപ്പിക്കുന്നതിന് അധിക സീറ്റുകൾ അനുവദിച്ചിട്ടില്ല.

(ഡി) പുനഃപ്രവേശനം നേടുമ്പോൾ സിലബസ് മാറ്റം മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വിദ്യാർത്ഥിനികൾക്കായി ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്നത് പരിഗണിക്കാമോ?

പുനഃപ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഭിന്നശേഷി സംവരണം

100 (5373) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ ഭിന്നശേഷി സംവരണം

ഗവൺമെന്റ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും ഓട്ടോണമസ് സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ഗവൺമെന്റ് മെറിറ്റ് സീറ്റുകളിലും അനുവദിക്കണമെന്ന അവിനാഷ്, പിങ്കു എം. എന്നിവരുടെ 02-07-2022-ലെ ഇ-6299779/2022/എം- ഉ.വി.വ. & സാ.നീ.വ. നമ്പർ അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ; അന്തിമ തീരുമാനം സംബന്ധിച്ച അറിയിപ്പോ കത്തോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 5% സംവരണം 03-09-2022-ലെ സ.ഉ. (കൈ) നം.438/2022/HEDN ഉത്തരവു പ്രകാരം നടപ്പാക്കി ഉത്തരവായിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു +.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രസ്തുത ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് സർവ്വകലാശാല രജിസ്ട്രാർമാർ/സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണെന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

ടി അപേക്ഷ സംബന്ധിച്ച് കുമാരി തീർത്ഥ എ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) നം.24877/2022 പ്രകാരമുള്ള വ്യവഹാരങ്ങൾ അവസാനിച്ചിട്ടില്ലാത്തതിനാൽ അതിന്മേൽ അന്തിമ തീരുമാനമായിട്ടില്ല.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ

101 (5374) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളും അവയുടെ പുരോഗതിയും ചുവടെ കൊടുക്കുന്നു.

1. **ഡിജിറ്റൈസേഷൻ പ്രോജക്ടുകൾ**

a. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ്) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് പ്രവർത്തനം ആരംഭിച്ചു. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമായിട്ടുണ്ട്.

b. ഇ-ജേർണൽ കൺസോർഷ്യം-സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം പ്രവർത്തനക്ഷമമാണ്.

c. DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):- കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് Digital Enablement of Higher Education Institutions in Kerala (Let's go digital).

d. ഓൺലൈൻ ഡിജിറ്റൽ ശേഖരം:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ " ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ഡിജിറ്റൽ പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുന്നതായ ഈ സംഭരണിയിൽ ഇതിനോടകം 130-ൽപ്പരം അദ്ധ്യാപകർ തയ്യാറാക്കിയ വിവിധ യു.ജി./പി.ജി പ്രോഗ്രാമുകളുടെ രണ്ടായിരത്തിലധികം pdf, word, audio, video, ppt, e-content-കൾ ലഭ്യമാക്കിയിട്ടുണ്ട്.

e. ആൾ കേരള ഹയർ എഡ്യുക്കേഷൻ സർവ്വേ:- ഉന്നത വിദ്യാഭ്യാസ

മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളും സർവ്വകലാശാലകളും സർവ്വേയുടെ പരിധിയിൽ വരും.

f. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## 2. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ രാജ്യത്തെ പ്രമുഖ മികവിന്റെ കേന്ദ്രങ്ങളിലെ പണ്ഡിതൻമാരുടെ സേവനം പ്രയോജനപ്പെടുത്തി അധ്യാപനവുമായി ബന്ധപ്പെട്ട ബോധന നിപുണിയും അക്കാദമിക മികവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടിയാണ്.

**a. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ (OBE)**:- ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

**b. MOODLE LMS പരിശീലന പരിപാടി:-** ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കായി നൽകിവരുന്ന പരിശീലന പരിപാടിയാണിത്. സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തിയായി. ഡേറ്റാ സെന്ററിന്റെ വിപുലീകരണത്തോടെ കൂടുതൽ കോളേജുകൾക്ക് സെർവർ

സൗകര്യം പ്രദാനം ചെയ്യാൻ സാധിക്കും.

3. **Institutional Strengthening and Quality Assurance Projects.**

**a. സാക്ക് (SAAC - State Assessment & Accreditation Centre)**:- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും. ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, ഫറൂക്ക് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട എന്നീ സ്ഥാപനങ്ങൾ സാക്ക് അക്രഡിറ്റേഷൻ (A ഗ്രേഡ്) ലഭിച്ച സംസ്ഥാനത്തെ കോളേജുകളാണ്. മറ്റ് കോളേജുകളുടെ അസസ്സ്മെന്റ്/അക്രഡിറ്റേഷൻ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

b. **ബ്രെയിൻ ഗെയിൻ**:- Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ

ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യഘട്ടത്തിൽ തോന്നയ്ക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച ഡോ. വേണുഗോപാൽ നായർ (Pir Bright Institute, UK), എം.ജി. സർവ്വകലാശാല സന്ദർശിച്ച ഡോ. ടി. വി. പോൾ (McGill University, Canada), കേരള വെറ്ററിനറി യൂണിവേഴ്സിറ്റി സന്ദർശിച്ച ഡോ. മനോഷ് എസ്. മോഹൻ (South Dakota State University, USA) എന്നിവരാണ് ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്തിയിട്ടുള്ളത്.

**c. എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം**:-സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനും കൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച 330 ഓളം എറുഡൈറ്റ് സ്കോകോളർറുമായി ചേർന്ന് നിരവധി അക്കാദമിക പ്രൊജക്റ്റുകളും, (പ്രബന്ധങ്ങളും, സംസ്ഥാനത്തെ സർവകലാശാല/ കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവ്വകലാശാലകളും ഗവേഷണ

സ്ഥാപനങ്ങളും സന്ദർശിക്കാനും/സഹകരിക്കാനും അവസരമുണ്ടായി.

**d. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി**

(കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ):- ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രത്യേകിച്ചും കോളേജുകൾ, മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഈ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത്, ഉന്നത വിദ്യാഭ്യാസ രംഗത്ത് മേൻമ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യു.ജി.സി നിർദ്ദേശാനുസരണം " ക്ലസ്റ്റർ ഓഫ് കോളേജസ്" എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്.

**e. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്:-** നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചറൽ & ഇക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ

ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും 500 ഫെല്ലോഷിപ്പുകളാണ് ആകെ പ്രഖ്യാപിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ വിതരണം ചെയ്തു കഴിഞ്ഞു.

**f. കൈരളി ഗവേഷക പുരസ്കാരം:-** രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയരായ അക്കാദമിക് ഗവേഷക പ്രഗത്ഭരെ ആദരിക്കുന്നതിനും നൂതനവും വ്യത്യസ്തവുമായ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതാണ് കൈരളി ഗവേഷണ പുരസ്കാരങ്ങൾ. കൈരളി അവാർഡുകൾ 4 ശ്രേണിയിൽ ഉൾപ്പെടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത് -

1. കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റെ പ്രൈസ് ഫോർ റിസർച്ചേഴ്സ്.

2. കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്.

3. കൈരളി ഗവേഷണ പുരസ്കാരം.

4. കൈരളി ഗവേഷക പുരസ്കാരം.

(ബി) അക്കാദമിക സമൂഹവും വ്യവസായ മേഖലയും കൈകോർത്തുകൊണ്ട് നവീന സാങ്കേതികവിദ്യയുടെ വ്യവസായവൽക്കരണമെന്ന ലക്ഷ്യത്തിലെത്താൻ എന്തെല്ലാം പദ്ധതികൾക്കാണ് വകുപ്പ് രൂപം നൽകിയിട്ടുള്ളതെന്നും ഇതുസംബന്ധിച്ച് ഏതെല്ലാം വകുപ്പുകളുമായി ഏകോപനവും ധാരണയും വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:-** സർവ്വകലാശാലകളിൽ സൃഷ്ടിക്കുന്ന അറിവുകൾ ഉൾപ്പന്നങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി ആറ് സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ 20 കോടി രൂപ വീതം കിഫ്ബിയിൽ നിന്ന് ലഭ്യമാക്കുന്നതിന് 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ വെറ്ററിനറി സർവ്വകലാശാല, കേരള സർവ്വകലാശാല, കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല എന്നിവിടങ്ങളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് കിഫ്ബിയിൽനിന്ന് പണം അനുവദിച്ചിട്ടുണ്ട്.

(സി) ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രസ്റ്റ് പാർക്ക്) സ്ഥാപിക്കുന്നതിന്റെ പ്രാരംഭ

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതുവഴി എത്ര സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനാവശ്യമായ സ്ഥലവും സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് (ട്രസ്റ്റ്) പാർക്ക് സെക്ഷൻ 8 കമ്പനിയായി 2015-ൽ വ്യവസായ-അക്കാഡമിക് സഹകരണവും സംയുക്ത ഗവേഷണവും മുഖ്യലക്ഷ്യമായി രൂപീകരിച്ചു. വിവിധ സാങ്കേതിക മേഖലകളിലുള്ള 8 കമ്പനികൾ ഈ സ്ഥാപനത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, ശ്രീകാര്യത്ത് 20000 ചതുരശ്ര അടി വിസ്തീർണമുള്ള വാടക കെട്ടിടത്തിലാണ് നിലവിൽ ട്രസ്റ്റ് റിസർച്ച് പാർക്ക് പ്രവർത്തിച്ചുവരുന്നത്. ട്രസ്റ്റ് റിസർച്ച് പാർക്കിന് സ്വന്തമായി ഒരു സ്ഥിരം ക്യാമ്പസ് വികസിപ്പിക്കുന്നതിനായി വിളപ്പിൽശാലയിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയോട് ചേർന്ന് കിടക്കുന്ന 50 ഏക്കർ സ്ഥലം കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനം

102 (5375) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിൽ അനുവദിച്ചിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം, ഓരോ തസ്തികകളിലും നികത്തിയ ഒഴിവുകളുടെയും നിലവിലുള്ള ഒഴിവുകളുടെയും വിവരം, പ്രസ്തുത വിഭാഗങ്ങളിൽ ഒഴിവുകൾ നികത്തിയ പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം ഓരോ വിഭാഗത്തിലും നിയമനം ലഭിച്ച റിസർവേഷൻ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം എന്നിവ റിസർവേഷൻ കാറ്റഗറിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) സർവ്വകലാശാലയിലെ റെഗുലർ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം ഓരോ കേഡറിലും അനുവദിച്ചിട്ടുള്ള തസ്തികകളുടെ ആകെ എണ്ണം, ഓരോ കേഡറിലും നികത്തിയ തസ്തികകളുടെ എണ്ണം, പൊതുവിഭാഗത്തിന് അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം, ഓരോ കേഡറിലും നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, നികത്തിയ ഒഴിവുകളിൽ പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം, റിസർവേഷൻ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ എണ്ണം എന്നിവ റിസർവ്വേഷൻ കാറ്റഗറിയുടെ

അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) വിവരം അനുബന്ധമായി+ ചേർക്കുന്നു.

## കോളേജ് അധ്യാപക നിയമന പ്രായപരിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

103 (5376) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് അധ്യാപകരുടെ നിയമനത്തിന് നിലവിലുള്ള പ്രായപരിധിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കോളേജ് അധ്യാപകരുടെ നിയമനത്തിന് നിലവിലുള്ള പ്രായപരിധിയിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. യു.ജി.സി. റെഗുലേഷന് അനുസൃതമായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി ഒഴിവാക്കണമെന്ന ശിപാർശ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം വഴി ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

യു.ജി.സി റെഗുലേഷന് അനുസൃതമായി പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് ഫാക്കൽറ്റി മൊബിലിറ്റി സുഗമമാക്കുന്നതിനും സർവ്വകലാശാല കോളേജ് തലത്തിൽ പ്രൊഫഷണൽ മികവ് വർദ്ധിക്കുന്നതിനും പി.എച്ച്.ഡി.-യും മറ്റ് ഗവേഷണ ബിരുദങ്ങളും നേടിയെടുക്കുന്നതിന്റെ ഭാഗമായി പ്രായപരിധി അധികരിച്ച് പോയവരുടെയും അക്കാദമിക മികവ് പ്രയോജനപ്പെടുത്തുന്നതിനും ഇടയാക്കും.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

104 (5377) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അവയുടെ ഫോൺ നമ്പർ,

മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ അവയുടെ എണ്ണം ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകളും അവയിൽ ഒഴിവുള്ള തസ്തികകളും സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും എങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസവേതന/അന്യത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നവരുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയെന്നും പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻ ഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിക്കുന്ന വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം

105 (5378) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. റെഗുലേഷൻ പ്രകാരം സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ ആയി നിയമിക്കപ്പെടുന്നതിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചുവടെ ചേർക്കുന്ന യോഗ്യതയുള്ള അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ-മാരെയാണ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ നിയമനത്തിനായി പരിഗണിക്കുന്നത്.

i. Educational qualifications in the category of Assistant Professor

ii. Should posses Ph.D Degree in concerned/allied/relevant discipline approved by the UGC

iii. Should have minimum of 15 years of teaching/research experience in Government Colleges under the Collegiate Education Department.

iv. Should have a minimum of 10 research publications in UGC care listed journals (in peer-reviewed journals prior to 14-06-2019) and has to be evaluated and approved by the Selection Committee constituted as per the 2018 UGC Regulations.

v. Should have a minimum of 110 Research Score on evaluation by the Selection Committee constituted as per UGC 2018 Regulations.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം ലഭിച്ചതിനുശേഷം അയോഗ്യരാക്കപ്പെട്ട ആർക്കെങ്കിലും പിന്നീട് പ്രൊമോഷൻ നൽകി നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകിയതെന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

നിയമനം ലഭിച്ചതിനുശേഷം അയോഗ്യരാക്കപ്പെട്ട ആർക്കും നാളിതുവരെ പിന്നീട് പ്രൊമോഷൻ നൽകി നിയമനം നൽകിയിട്ടില്ല. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 668/2019-ൽ 16-12-2022-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 23-12-2017-ലെ സ.ഉ.(സാധാ) നം.2327/2017/ഉ.വി.വ, 29-05-2018-ലെ സ.ഉ.(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി മുഖാന്തരം നടത്തിയത് അല്ലാത്തതാകയാൽ 2010 യു.ജി.സി. റെഗുലേഷൻ പ്രകാരം ക്രമപ്രകാരം ഉള്ളതല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. OA No. 668/2019-ൽ

16-12-2022-ലെ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മേൽ പരാമർശിച്ച 12 അധ്യാപകർക്ക് തുടർ സ്ഥാനക്കയറ്റങ്ങൾ നാളിതുവരെ നൽകിയിട്ടില്ല.

**ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തിക**

106 (5379) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിനായി കേരള പി.എസ്.സി. കാറ്റഗറി നമ്പർ 34/2015 പ്രകാരം വിജ്ഞാപനം ചെയ്ത ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത തസ്തിക പുനർവിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടോ; യു.ജി.സി. തസ്തികയിലെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയ്ക്ക് കാറ്റഗറി നമ്പർ 34/2015 വിജ്ഞാപന പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിരുന്നില്ല; പ്രസ്തുത തസ്തികയ്ക്ക് പുനർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. യു.ജി.സി. സ്കെയിലിലെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയിൽ ഇളവ് നൽകിയിട്ടില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ

ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയുടെ നിശ്ചിത യോഗ്യതകളിൽ ഒന്നായ ബന്ധപ്പെട്ട വിഷയത്തിലുള്ള നെറ്റ്/പിഎച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലും ഹോട്ടൽ മാനേജ്മെന്റ് വിഷയത്തിൽ യുജിസി നെറ്റ് പരീക്ഷ നടത്തുന്നില്ല എന്നതിനാലും സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയാൽ മാത്രമേ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നതിനാലും പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ ഇളവ് വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**യു.ജി.സി. ലൈബ്രേറിയൻ നിയമനം**

107 (5380) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിലവിലുള്ള യു.ജി.സി. ലൈബ്രേറിയൻ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ചട്ടങ്ങൾക്ക് വിരുദ്ധമായി കോമൺ പൂളിൽ നിന്നും ഓപ്ഷൻ

നൽകി പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് അടിയന്തരമായി നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് യു.ജി.സി വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കോമൺപൂൾ ലൈബ്രേറിയന്മാരിൽ നിന്നും യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂളിന്റെ കൂടി അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.

ടി തസ്തികയിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തണമെന്ന് യു.ജി.സി നിഷ്കർഷിച്ചിട്ടില്ല.

(സി) യോഗ്യരായ നിരവധി ഉദ്യോഗാർത്ഥികളുള്ളപ്പോൾ യു.ജി.സി. റെഗുലേഷന് അനുസൃതമായി പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

യു.ജി.സി ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കോളേജുകളിലെ എഡ്യൂക്കേഷൻ വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും തസ്തികകളിൽ മേൽപ്പറഞ്ഞ പ്രകാരം ഓപ്ഷൻ നൽകി യു.ജി.സി. മാനദണ്ഡത്തിന് വിരുദ്ധമായി നിയമനം നടത്തുന്നുണ്ടോ;

വ്യക്തമാക്കുമോ?

ഇല്ല.

(ഇ) നിലവിൽ ഒഴിവുള്ള ഒരു യു.ജി.സി. ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് മേൽപ്പറഞ്ഞ രീതിയിൽ ഓപ്ഷൻ നൽകി നിയമനം നടത്തുന്നുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കാസർഗോഡ് സർക്കാർ കോളേജിൽ യു.ജി.സി. ലൈബ്രേറിയൻ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവിലേയ്ക്ക് കോമൺപൂൾ ലൈബ്രേറിയന്മാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തിയിട്ടുണ്ട്. അത് റദ്ദ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## ഫൈൻ ആർട്സ് കോളേജുകളിലെ അപ്ലൈഡ് ആർട്സ് ലക്ച്ചറർ നിയമനം

108 (5381) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മൂന്ന് ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലായി എത്ര അപ്ലൈഡ് ആർട്സ് ലക്ച്ചറർമാരുടെ തസ്തികകളുണ്ടെന്ന് അറിയിക്കാമോ?

12 എണ്ണം

(സി) പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവിലേയ്ക്ക് പി.എസ്.സി ശിപാർശ ചെയ്തതനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

**അധ്യാപക നിയമനം**

109 (5382) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കുസാറ്റിൽ നടത്തിയ അധ്യാപക നിയമനങ്ങളിൽ നിയമനം നേടിയ വ്യക്തി, നിയമനം ലഭിച്ച ഡിപ്പാർട്ട്മെന്റ്, നിയമന പ്രക്രിയയുടെ രീതി എന്നിവയും പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ പേര്, വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവയും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കുസാറ്റിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര പരാതികളിൽ ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

നിയമനങ്ങൾ സംബന്ധിച്ച് വിവരാവകാശ നിയമം മുഖേനയും അല്ലാതെയും ലഭിച്ച പരാതികൾ പരിശോധിച്ച് കൃത്യമായ മറുപടികൾ യഥാസമയം സർവ്വകലാശാല നൽകിയിട്ടുണ്ട്.

## കേരള യൂണിവേഴ്സിറ്റി അധ്യാപക നിയമനം

110 (5383) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കേരള യൂണിവേഴ്സിറ്റിയിൽ നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ നിയമനം നേടിയ വ്യക്തി, നിയമനം ലഭിച്ച ഡിപ്പാർട്ട്മെന്റ്, നിയമനപ്രക്രിയയുടെ രീതി എന്നിവയും പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ പേര്, വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവ ഉൾപ്പെടെയുള്ള വിശദാംശവും നൽകുമോ?

അധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കേരള യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ സർവകലാശാല അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര പരാതികളിൽ ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

അധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാലയ്ക്ക് കൈമാറിനൽകിയ പരാതികളും (10) അവയ്ക്ക് സർവ്വകലാശാല നൽകിയ മറുപടിയുടെ പകർപ്പുകളും അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം

111 (5384) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ നടത്തിയ പ്രിൻസിപ്പൽ നിയമനങ്ങളുടെ വിശദാംശം കോളേജ് തിരിച്ച് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ആകെ 79 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ടി നിയമനങ്ങളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത നിയമനങ്ങൾ യു.ജി.സി. റെഗുലേഷൻ അനുസരിച്ചുള്ളതായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

അതെ. 19-03-2017-ലെ സ.ഉ.(പി) നം 10/2017/ഉ.വി.വ ഉത്തരവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം യു.ജി.സി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത നിയമനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദാക്കിയ നിയമനങ്ങൾക്ക് പകരം നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No. 668/2019-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 23-12-2017-ലെ സ.ഉ.(സാധാ) നം.2327/2017/ഉ.വി.വ, 29-05-2018-ലെ സ.ഉ.(സാധാ)നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി മുഖാന്തരം നടത്തിയതല്ലാത്തതാകയാൽ 2010 യു.ജി.സി റെഗുലേഷൻ പ്രകാരം ക്രമപ്രകാരം ഉള്ളതല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No. 668/2019-മേലുള്ള ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കണ്ണൂർ സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ

112 (5385) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കണ്ണൂർ സർവ്വകലാശാല നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശം, നിയമനം നേടിയ വ്യക്തി, നിയമനം ലഭിച്ച ഡിപ്പാർട്ട്മെന്റ്, നിയമന പ്രക്രിയയുടെ രീതി, നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ ആരൊക്കെ, ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവ സഹിതം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കണ്ണൂർ സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ സർവ്വകലാശാല അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര പരാതികളിൽ ആരോപണ വിധേയരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ തസ്തികകൾ

113 (5386) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിലും (2016-2021) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കാലയളവിൽ എത്ര തസ്തികകളിൽ പുതുതായി നിയമനം നടത്തിയിട്ടുണ്ടെന്ന് നിയമനം നൽകിയ തസ്തിക ഉൾപ്പെടെ വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കാലയളവിൽ പുതുതായി നിയമനം നടത്തിയിട്ടുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം (2) ആയി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിയ നിയമനങ്ങൾ എത്രയെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കാലയളവിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 6614 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പ് - 1698

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - 1598

എൻ.സി.സി. - 616

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി - 12

ലോ കോളേജുകൾ - 32

കേരള സർവ്വകലാശാല – 941

മഹാത്മാഗാന്ധി സർവ്വകലാശാല – 743

കുസാറ്റ് - 323

കാലിക്കറ്റ് സർവ്വകലാശാല – 358

നുവാൽസ് - 9

എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി - 36

കണ്ണൂർ സർവ്വകലാശാല – 206

സംസ്കൃത സർവ്വകലാശാല – 42

## ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

114 (5387) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പരപ്പനങ്ങാടി എൽ.ബി.എസ്., ഐ.ഐ.എസ്.ടി. എന്നിവയ്ക്ക് സ്വന്തം സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ തുക അനുവദിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും 186.62 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ്. ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ 2023-24 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടില്ല. തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതാണ്.

(സി) ഈ പദ്ധതിക്ക് നൂറ്റി മുപ്പത് കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്ന മുൻഉത്തരവിന് നിലവിൽ പ്രാബല്യമുണ്ടോ; വിശദമാക്കാമോ ?

06-12-2013-ലെ സ.ഉ.(സാധാ)നം. 2400/2013/ഉ.വി.വ പ്രകാരം എൽ.ബി.എസ്., ഐ.ഐ.എസ്.ടി.-ക്കായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി പുറപ്പെടുവിച്ച് 9 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്.

## മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം

115 (5388) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിനോട് ചേർന്നുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉപയോഗമില്ലാതെ കിടക്കുന്ന ബുക്ക് ഡിപ്പോ കെട്ടിടം ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഉപയോഗത്തിന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ വിവിധ സ്ഥാപനങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ 11-07-2022-ൽ നടത്തിയ യോഗത്തിൽ ടെക്സ്റ്റ് ബുക്ക് ഡിപ്പോ ആയി പ്രവർത്തിച്ചിരുന്ന കെട്ടിടം ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്.

## നാദാപുരം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

116 (5389) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്താമോ?

നാദാപുരം ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ക്യാന്റീൻ, അക്കാഡമിക് ബ്ലോക്ക് എന്നിവയുടെ 90% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

2023 ജൂൺ മാസത്തിൽ കെട്ടിടം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം

117 (5390) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ പൂക്കോട്ട്പാടത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനായി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ

താൽക്കാലികമായി തുടങ്ങിയ ക്യാമ്പസിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ പഠനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുമോ; വ്യക്തമാക്കാമോ?

2018-19 അക്കാദമിക് വർഷം മുതലാണ് നിലമ്പൂർ നിയോജക മണ്ഡലത്തിലെ പൂക്കോട്ടുപാടത്ത് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നത്. ഒരു വാണിജ്യ കെട്ടിടത്തിന്റെ രണ്ട്, മൂന്ന് നിലകളിലാണ് നിലവിൽ കോളേജ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സാമ്പത്തിക വർഷം ലാബ്, ലൈബ്രറി വികസനത്തിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനായി 7.5 ലക്ഷം രൂപയും സ്പോർട്സ് ഉപകരണങ്ങൾക്കായി 1.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിൽ കായികാധ്യാപകന്റെ സേവനം നിലവിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പുതുതായി പ്രവർത്തനമാരംഭിച്ച നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഉൾപ്പെടെയുള്ള 7 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭ്യമായത് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത കോളേജിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും കെട്ടിടവും അധ്യാപകരെയും അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലമ്പൂർ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സാമ്പത്തിക വർഷം ലാബ്, ലൈബ്രറി വികസനത്തിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോളേജിന്റെ അടിസ്ഥാന സൗകര്യത്തിനായി 7.5 ലക്ഷം രൂപയും സ്പോർട്സ് ഉപകരണങ്ങൾക്കായി 1.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിലമ്പൂർ ഉൾപ്പെടെയുള്ള എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും അധ്യാപക തസ്തികയിലെ കുറവ് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിലൂടെയും അതിഥി അധ്യാപകരുടെ

സേവനം പ്രയോജനപ്പെടുത്തിയും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജ് കെട്ടിട നിർമ്മാണം**

118 (5391) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിൽ അനുവദിച്ച സംസ്കൃത ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

2018-19-ലേയ്ക്കുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ അനുബന്ധം 11-ൽ 90,00,000/- (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റായി പട്ടാമ്പി സംസ്കൃത ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ചിട്ടില്ല.

(ബി) സംസ്കൃത ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിലെ പുരോഗതി വിവരം അറിയിക്കാമോ?

സംസ്കൃത ബ്ലോക്കിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ

119 (5392) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിൽ എത്ര ഡിപ്പാർട്ട്മെന്റുകളിലായി എത്ര അധ്യാപകരുണ്ടെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര സി.കെ.ജി. മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ 10 ഡിപ്പാർട്ട്മെന്റുകളിലായി 34 അദ്ധ്യാപകരുണ്ട്.

(ബി) ഏതെങ്കിലും ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്;

ഇക്കണോമിക്സ് - 1 ഒഴിവ്

ഹിന്ദി - 1 ഒഴിവ്

(സി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകളുണ്ട്; ഏതൊക്കെ പുതിയ കോഴ്സുകൾ ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പുതിയ ഏതെങ്കിലും കോഴ്സുകൾ അനുവദിക്കുന്നതിന്

നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകൾ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത കോളേജിൽ നിലവിൽ 10 കോഴ്സുകളുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് യൂണിവേഴ്സിറ്റിയിലോ സർക്കാരിലോ ലഭ്യമായിട്ടില്ല.

## കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിലെ ഓഡിറ്റോറിയം നവീകരണം

120 (5393) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിരുന്ന കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിലെ ഓഡിറ്റോറിയം നവീകരണവും റോഡ് ടാർ ചെയ്യുന്നതും സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ കോളേജിലെ ഓഡിറ്റോറിയം നവീകരണത്തിനും റോഡ് ടാർ ചെയ്യുന്നതിനും വേണ്ടി

അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ; പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ഡോ. ബി.ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

121 (5394) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ എത് ഘട്ടത്തിലാണ്; പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടത്തിന്റെ 65% മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. ഹോസ്റ്റൽ, കാന്റീൻ എന്നിവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത കോളേജിന്റെ മാസ്റ്റർ പ്ലാൻ പ്രകാരം എത്ര നിലകളുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്; വിശദമാക്കാമോ?

മാസ്റ്റർ പ്ലാൻ പ്രകാരം മൂന്ന് നില (G+2) കെട്ടിടമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) മാസ്റ്റർ പ്ലാൻ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എത്ര കോടി രൂപ ആവശ്യമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മാസ്റ്റർ പ്ലാൻ പ്രകാരമുള്ള മൂന്ന് നില (G+2) കെട്ടിടം പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

## വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ നിയന്ത്രണം

122 (5395) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ :
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ഉപരിപഠനത്തിനായി സേവനം തേടിയെത്തുന്ന വിദ്യാർത്ഥികളെ വൻതോതിൽ ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്നതും ഉൾപ്പെടെയുള്ള

വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദേശ ഉന്നത വിദ്യാഭ്യാസ കൺസൾട്ടൻസി ഏജൻസികളുടെ ചൂഷണവും കബളിപ്പിക്കലും തടയുന്നതിന് ഏജൻസികൾക്ക് ലൈസൻസ് ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത കൺസൾട്ടൻസികൾ നൽകുന്ന സേവനങ്ങൾക്ക് ഏകീകൃത സേവന നിരക്ക് നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി പ്രത്യേക നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ടി വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ചെയർമാനായും ഉന്നതവിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് ബോഡി മെമ്പർ ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവർ അംഗങ്ങളായുമുള്ള ഒരു 3 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

## എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനുള്ള പഠനം

123 (5396) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനായി ഒരു സമഗ്രമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

2020-21 ലെ ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2 ശതമാനമായി ഉയർന്നിട്ടുണ്ട്. ദേശീയ ശരാശരി കേവലം 27.3% മാത്രമാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇതേപ്പറ്റി പ്രത്യേക പഠനം നടത്താൻ തീരുമാനിച്ചിട്ടില്ല.

എന്നാൽ, സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പുതുതലമുറ കോഴ്സുകൾ ആരംഭിക്കുക, നിലവിലുള്ള പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധിപ്പിക്കുക, പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കുക, സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യം വിപുലീകരിക്കുക എന്നിങ്ങനെ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനോടകം ഏതെങ്കിലും സർക്കാർ ഏജൻസികൾ പഠനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

**ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി**

124 (5397) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ-വ്യവസായ വികസന സഹകരണം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-വ്യവസായ വികസന സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുക എന്ന ലക്ഷ്യം

പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടും കൂടിയ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 'Earn while you learn' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ വ്യാവസായിക അന്തരീക്ഷത്തിലേയ്ക്ക് സ്ഥാപനത്തെ പരിവർത്തനം ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളിൽ പ്രായോഗിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക,

ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ വിദഗ്ദ്ധരായ കലാകാരന്മാർ ഉൾപ്പെടുന്ന ഫൈൻ ആർട്സ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കളിമണ്ണ്, ഫൈബർ, ലോഹങ്ങൾ എന്നിവകൊണ്ടുള്ള ശില്പ നിർമ്മാണം അവിടെ അഭ്യസിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ശില്പങ്ങൾ നിർമ്മിക്കുന്ന ഒരു ഇൻഡസ്ട്രിയൽ യൂണിറ്റ് കോളേജിൽ ആരംഭിക്കുന്നതിനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. കോളേജിലെ നിലവിലെ വിദ്യാർത്ഥികളെയും പൂർവ്വവിദ്യാർത്ഥികളെയും ഉൾപ്പെടുത്തി അധ്യാപകരുടെ സഹായത്തോടെ ടി പദ്ധതി നടപ്പിലാക്കാൻ കഴിയും.

ഐ.എച്ച്.ആർ.ഡി.-യിൽ എഞ്ചിനീയറിംഗ് കോഴ്സുകളുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി Skill Development Centre സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥി സമൂഹത്തിനും നിലവിലുള്ള പ്രായോഗിക അറിവുകൾ സംരംഭങ്ങളാക്കി മാറ്റുവാനുള്ള idea lab AICTE-യുടെ സാമ്പത്തിക സഹായത്തോടുകൂടി IHRD Model Engineering College-ൽ

സ്ഥാപിച്ച വരുന്നു. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന സർക്കാർ പദ്ധതി പ്രകാരം സ്റ്റാർട്ടപ്പുകളും ആരംഭിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാല Kerala University Business Innovation and Incubation Centre (KUBIIC) - (വ്യവസായവുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ), Centre for Academic and Industrial Collaboration (അക്കാദമിക് ഇൻഡസ്ട്രി ഇന്റർഫെയിസിനായി), വ്യവസായവുമായി ചേർന്ന് Masters Programme-ന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ്, കൂടാതെ സംസ്ഥാനത്തെ ഭാവി തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ശാസ്ത്ര സാങ്കേതിക രംഗവും ആധുനിക വ്യവസായ മേഖലയുമായി ചേർന്നുണ്ടാകുന്ന മുന്നേറ്റങ്ങളും പഠന/ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബിരുദാനന്തരബിരുദ, ഗവേഷണ പ്രോഗ്രാമുകൾ എന്നിവ നടപ്പിലാക്കിവരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഒരു ബിസിനസ് ഇന്നൊവേഷൻ ഇക്കോസിസ്റ്റമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ സെക്ഷൻ 8 കമ്പനി നിയമപ്രകാരം, 2013 (ഒരു പ്രത്യേക പർപ്പസ് വെഹിക്കിൾ) എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ ആരംഭിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ നൂതന ആശയങ്ങളെ സമൂഹത്തിന് ഉപകാരപ്രദമായ വാണിജ്യ ഉല്പന്നങ്ങളാക്കി മാറ്റുക എന്നതാണ് ടി കമ്പനിയുടെ ലക്ഷ്യം. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റൂസ 2.0 പദ്ധതിയിൽ രൂപീകരിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷൻ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്ന മികച്ച ഇൻക്യൂബേറ്ററുകളും ലാബുകളും കോ വർക്കിംഗ് സ്പേസും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സയന്റിഫിക് കോർ ക്ലൗഡ് കമ്പ്യൂട്ടിംഗ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഐ.ഒ.ടി., മൊബൈൽ & വെബ് ആപ്പുകൾ, നാനോ-ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, ഡ്രഗ് ഡിസൈൻ സർവ്വീസ് തുടങ്ങിയവയിൽ ഒരു ഫിസിക്കൽ അഥവാ വെർച്വൽ യൂണിറ്റായി സ്റ്റാർട്ടപ്പുകൾക്ക് " MGU ഇൻകുബേറ്റഡ് കമ്പനികൾ" ആയി മാറുന്നതിനുവേണ്ട സാങ്കേതിക സൗകര്യങ്ങൾ എം.ജി.യു.ഐ.എഫ്. മുഖേന ലഭ്യമാണ്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗപ്പെടുത്താനും അക്കാദമിക് വൃത്തത്തിൽ ചുരുങ്ങിനിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ

മേഖല മാറ്റപ്പെടണമെന്ന ലക്ഷ്യത്തോടെയും കേരളത്തിലെ സർവ്വകലാശാല കാമ്പസുകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേരള, എം.ജി., കണ്ണൂർ, കുസാറ്റ്, എ.പി.ജെ. എന്നീ സർവകലാശാലകൾക്ക് 20 കോടി രൂപ വീതം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ സംരംഭകത്വം കൂടി വളർത്തിയെടുക്കാൻ ലക്ഷ്യമിട്ട് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളിൽ സംരംഭകത്വം കൂടി വളർത്തിയെടുക്കാൻ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. College of Engineering, Thiruvananthapuram

2. Government Engineering College, Barton Hill, Thiruvananthapuram

3. RIT, Kottayam

4. Government Engineering College, Thrissur

5. Government Engineering College, Palakkad

6. Government Engineering College, Kozhikode

7. Government Engineering College, Kannur

8. Government Engineering College, Wayanad

9. Government Engineering College, Idukki

10. Supervisory Development Centre, Kalamassery

11. Government Polytechnic College, Kaduthuruthy

ഈ ലക്ഷ്യത്തോടെ കേരള സർവകലാശാലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

i) Kerala University Business Innovation and Incubation Centre KUBIIC) - വ്യവസായവുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ.

ii) Centre for Academic & Industrial Collaboration

iii) വ്യവസായവുമായി ചേർന്ന് Masters Programme-ന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ്

കേരളത്തിലെ സർവകലാശാല കാമ്പസുകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേരള, കുസാറ്റ്, എം.ജി.,

കണ്ണൂർ, എ.പി.ജെ. എന്നീ സർവകലാശാലകൾക്ക് 20 കോടി രൂപ വീതം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സെന്ററുകളോട് ചേർന്ന് സ്റ്റാർട്ടപ്പുകളും ഇൻകുബേഷൻ സെന്ററുകളും സജ്ജമാക്കുന്നതിന് ലക്ഷ്യമിടുന്നു.

## കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയം

125 (5398) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ പറയുന്ന പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് NEP 2020-യിലെ പ്രധാന പരിഷ്കാര നിർദ്ദേശങ്ങൾ:

1. Institutional restructuring and Consolidation

    a. Multi disciplinary research institutions

    b. Multi disciplinary teaching Universities

    c. Autonomous Colleges.

2. 2030-ഓടുകൂടി GER 50 ശതമാനമായി ഉയർത്തുക

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാൻ സാധ്യമാണോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുന്നതും സാധിക്കാത്തതുമായ കാര്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി & സി) ദേശീയ വിദ്യാഭ്യാസ നയം 2020 കേരള സംസ്ഥാനത്തിന്റെ സാഹചര്യത്തിൽ പഠിച്ച് പ്രൊഫ. പ്രഭാത് പട്നായ്കിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുന്നതും സാധിക്കാത്തതുമായ കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(ഡി) രാജ്യത്തെ ഇതര സംസ്ഥാനങ്ങൾ കേന്ദ്രത്തിന്റെ പുതിയ വിദ്യാഭ്യാസ നയത്തോട് എങ്ങനെയാണ് പ്രതികരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് തമിഴ്നാട്, പശ്ചിമ ബംഗാൾ സർക്കാരുകൾ പ്രത്യേക പഠനങ്ങൾ നത്തിയിട്ടുണ്ട്.

തമിഴ്നാട് സ്കൂൾ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് 13 അംഗ സമിതി രൂപീകരിച്ചിരുന്നു. ഇത് പ്രധാനമായും രണ്ട് ഭാഷാ നയത്തിലും (two language policy) മറ്റ് പ്രശ്നങ്ങളിലും NEP 2020-യുടെ പശ്ചാത്തലത്തിൽ സർക്കാരിനുവേണ്ട ഉപദേശം നൽകുന്നതിനാണ് രൂപീകരിച്ചിരുന്നത്.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

126 (5399) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന സംസ്ഥാന ലക്ഷ്യത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ ചില കേന്ദ്രങ്ങൾ മാദ്ധ്യമ പിന്തുണയോടെ നടത്തുന്ന ദുഷ്പ്രചരണങ്ങളും നിയമവിരുദ്ധ ഇടപെടലുകളും അതിജീവിക്കാനായിട്ടുണ്ടോ?

അതിജീവിക്കാനിടയായിട്ടുണ്ട്.

(ബി) എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ യോഗ്യതയില്ലാത്തയാളെ നിയമവിരുദ്ധമായി വൈസ് ചാൻസലറാക്കിയതിനെത്തുടർന്ന് സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങളും മറ്റ് അക്കാദമിക പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും പ്രതിസന്ധി നേരിടുന്നത് പരിഹരിക്കാൻ അടിയന്തര നടപടിയുണ്ടാകുമോ?

സർവ്വകലാശാലയുടെ ഗവേഷണ അക്കാദമിക് വികസന പ്രവർത്തനങ്ങളിൽ നേരിട്ടിരുന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിനായുള്ള നടപടികൾ സർവകലാശാല ഭരണ സംവിധാനം സ്വീകരിച്ചിട്ടുണ്ടെങ്കിലും ഭരണസമിതികൾക്ക് ഇക്കാലയളവിൽ കൃത്യമായി യോഗം ചേരാൻ കഴിഞ്ഞിട്ടില്ല.

**മലപ്പുറം ജില്ലയിലെ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾ**

127 (5400) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയതായി അനുവദിച്ച

കോഴ്സുകളും ഓരോ കോഴ്സിനും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും വെളിപ്പെടുത്തുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മലപ്പുറം ഗവ. കോളേജിൽ എം.എ. അറബിക്, മലപ്പുറം ഗവ. വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി എന്നീ പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധികബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പിന്നീട് പരിഗണിക്കുന്നതിലേയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഗ്രന്ഥശാലകൾ**

128 (5401) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള എത്ര ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള 28 ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഗ്രന്ഥശാലകളുടെ നവീകരണത്തിനും പുരോഗതിക്കുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റ് നൽകിവരുന്നുണ്ട്.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കാൻ നടപടി

129(5402) ശ്രീ. എം. വിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ നവീകരിക്കാനും വ്യവസായ ബന്ധിതമാക്കുവാനും നവീകരണ വ്യവസായ കൗൺസിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഗവേഷണ കൗൺസിലുകൾക്കുള്ള സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ വ്യവസായ കൗൺസിലിനും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ&ബി) വ്യവസായ കൗൺസിൽ സംബന്ധിച്ച് വിശദമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) വ്യവസായങ്ങളുടെ ചെറിയ യൂണിറ്റുകൾ തന്നെ കാമ്പസിൽ പ്രവർത്തിക്കുക എന്ന വിദേശമാതൃക എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ കൂടുതൽ തൊഴിലധിഷ്ഠിതമാക്കുമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ?

ഈ വകുപ്പിനുകീഴിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും Technology Business Incubators (TBI) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29-09-2022-ലെ സ.ഉ. (സാധാ) നം. 1437/2022/ഉവിവ പ്രകാരം

അനുവദിച്ചിട്ടുണ്ട്. കൂടാതെ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് എന്നിവിടങ്ങളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റുകളുടെ എണ്ണം

130 (5403) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര പഠനത്തിന് എത്ര സീറ്റുകൾ വീതമാണുണ്ടായിരുന്നതെന്ന് സർവ്വകലാശാല തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021-22, 2022-23 കാലയളവിൽ സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്ക് എത്ര ശതമാനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സീറ്റുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് കോഴ്സ്, സർവ്വകലാശാല ,കോളേജ് എന്നിവ തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത കോളേജുകളിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്ര സീറ്റുകളാണ് ഓരോ വിഷയത്തിനും ഒഴിവുള്ളതെന്ന് വിഷയം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് എം.ബി.എ. പഠനത്തിന് സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി എത്ര സീറ്റുകളാണുള്ളതെന്ന് അറിയിക്കാമോ; അതിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര സീറ്റുകളാണ് ഒഴിവുള്ളതെന്ന് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

(ബി-ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഇ) സംസ്ഥാനത്ത് നിലവിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി 177 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. (എൻട്രൻസ് എക്സാം കമ്മീഷണറേറ്റ് പ്രകാരം 175-ഉം, കുസാറ്റിൽ 2-ഉം.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം

131 (5404) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനതലത്തിൽ വിജയികളായിട്ടുള്ള കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യസത്തിന് ഏതെല്ലാം കോഴ്സുകൾക്കാണ് സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനതലത്തിൽ വിജയികളായിട്ടുള്ള കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞുള്ള ഉന്നതവിദ്യാഭ്യാസത്തിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ്, കോമേഴ്സ് ബിരുദ പ്രോഗ്രാമുകൾക്ക് ഓരോ വിഷയത്തിനും 3 സീറ്റ് വീതവും സയൻസ് പ്രോഗ്രാമുകൾക്ക് ഓരോ വിഷയത്തിനും 1 സീറ്റ് വീതവും എല്ലാ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്കും ഒരു സീറ്റ് വീതവും അനുവദിക്കുന്നുണ്ട്. എം.ജി. സർവ്വകലാശാലയുടെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും നടത്തപ്പെടുന്ന എല്ലാ യു.ജി/പി.ജി. പ്രോഗ്രാമുകൾക്കും ഓരോ വർഷത്തെയും പ്രോസ്പെക്ടസിൽ പ്രതിപാദിക്കുന്ന പ്രകാരം സ്പോർട്സ് ക്വാട്ടവഴി പ്രവേശനം അനുവദിക്കുന്നുണ്ട്. കൊച്ചിൻ

സർവ്വകലാശാല നടത്തുന്ന വിവിധ ബി.ടെക് കോഴ്സുകൾ, B.Voc (Business Process and Data Analytics), B.A LLB, B.Com LLB, LLM, MBA, MCA, M.Sc, M.Voc (Software Application Development Consultancy Management) എന്നീ കോഴ്സുകൾക്ക് ഓരോ സീറ്റുവീതം സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നുണ്ട്. കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലും വിവിധ പ്രോഗ്രാമുകളിലും സ്പോർട്സ് ക്വാട്ടയിൽ 2 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. കോഴിക്കോട് ഗവ. ലാ കോളേജിലെ BBA, LLB കോഴ്സിന് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ബി.ടെക് പ്രവേശനത്തിന് അതതു വർഷത്തെ KEAM Prospectus-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകിവരുന്നു.

**കോതമംഗലം എം.എ. കോളേജിൽ കോപ്പിയടിച്ച് പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ**

132 (5405) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോതമംഗലം എം.എ. കോളേജിൽ 1994 ഏപ്രിൽ മാസം പ്രീ-ഡിഗ്രി പരീക്ഷയെഴുതിയ എത്ര വിദ്യാർത്ഥികളെ കോപ്പിയടിച്ച് പിടികൂടിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ?

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള മൂന്ന് വിദ്യാർത്ഥികൾ.

(ബി) എങ്കിൽ അതിൽ ആരെയെങ്കിലും മഹാത്മാഗാന്ധി സർവകലാശാല ഡീബാർ ചെയ്തിട്ടുണ്ടോ; എങ്കിൽ അവരുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ?

മൂന്നുപേരെയും മഹാത്മാഗാന്ധി സർവകലാശാല ഡീബാർ ചെയ്തിട്ടുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. Mathew A Kuzhalnadan, Reg.No.35761

2. Shamon P.Y., Reg.No.35958

3. Jissa Kuriakose, Reg.No. 36050

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അക്കാദമി

133 (5406) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന് അധിക ബാധ്യത വരാത്ത രീതിയിൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ഒരു സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഒരു ജില്ലയിൽ ഒരു സെന്റർ എന്ന രീതിയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ പാലക്കാട് വിക്ടോറിയ കോളേജ് കേന്ദ്രമായി പാലക്കാട് ജില്ലയിലും ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നു. കുട്ടികളിൽനിന്നും ഈടാക്കി വരുന്ന ഫീസിനത്തിലുള്ള തനതുവരുമാനത്തിലാണ് അക്കാദമി സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. നിലവിൽ പല സെന്ററുകളും നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**പോളിടെക്നിക് ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള അപേക്ഷകൾ**

134 (5407) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക ഡയറക്ടറേറ്റിൽ പോളിടെക്നിക് ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയ്ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന്റെ കൂടെ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; വ്യക്തമാക്കാമോ?

1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ

2) സെർച്ച് ഫീസ് ഉൾപ്പെടെ നിശ്ചിത ഫീസ്, അസൽ ചെലാൻ/ഡിമാൻഡ് ഡ്രാഫ്റ്റ്

3) നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിനായി 220 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്

4) കേടായ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡ് എന്നിവ സറണ്ടർ ചെയ്യണം

5) അപേക്ഷകർ പഠിച്ച സ്ഥാപനത്തിലെ മേധാവി മുഖേന ഉചിത മാർഗ്ഗേണ ആമുഖ കത്ത് സഹിതം അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കണം

(ബി) അപേക്ഷയിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് സമയ പരിധിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിന് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുൻപ് വിവരം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഗസറ്റ് നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു മാസം കഴിഞ്ഞുമാത്രമേ പ്രിന്റിംഗ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കേടായ സർട്ടിഫിക്കറ്റിന് പകരമുള്ള ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്, ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് എന്നിവ നൽകുന്നതിന് നിശ്ചിത സമയ പരിധിയില്ല.

(സി) അപേക്ഷകനെ വെരിഫൈ ചെയ്യുന്നത് ഇ-സംവിധാനത്തിലൂടെയാണോ റെക്കോർഡ് റൂമിലെ രജിസ്റ്റർ പരിശോധിച്ചാണോയെന്ന് വ്യക്തമാക്കാമോ; വിശദാംശം അറിയിക്കാമോ?

അപേക്ഷകർ പഠിച്ച സ്ഥാപനത്തിലെയും സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിലെയും (ഇ-സംവിധാനം/റെക്കോർഡ് റൂമിലെ രേഖകൾ ഉൾപ്പെടെ) രേഖകൾ പരിശോധിച്ചാണ് അപേക്ഷകളുടെ പ്രോസസ്സിംഗ് നടത്തുന്നത്. റെക്കോർഡ് റൂമിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഉൾപ്പെടെ പരിശോധിച്ച് അപേക്ഷയുടെ വസ്തുത ബോധ്യപ്പെട്ടതിനുശേഷം മാത്രമാണ് ആവശ്യപ്പെട്ട രേഖകൾ പ്രിന്റ് ചെയ്യുന്നതിനുള്ള നടപടി

സ്വീകരിക്കുന്നത്. 2009 മുതലുള്ള രേഖകൾ പരിശോധിക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം നിലവിലുണ്ട്.

(ഡി) മാർക്ക് ലിസ്റ്റ്, ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നിവ അയയ്ക്കുന്നത് തപാൽ വഴിയാണോ; നേരിട്ട് കൈപ്പറ്റാൻ സാധിക്കുമോ; വിശദാംശം നൽകാമോ?

ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്, ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിദ്യാർത്ഥികൾ/അപേക്ഷകർ അതത് സ്ഥാപനം വഴിയാണ് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലേയ്ക്ക് അപേക്ഷിക്കുന്നത്. തുടർന്ന് ആവശ്യപ്പെട്ട ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്/ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നിന്നും തപാൽ മാർഗ്ഗം നിർദ്ദിഷ്ട സ്ഥാപനത്തിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്. സ്ഥാപനങ്ങളിൽനിന്നും കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതാണ്. ഒറിജിനൽ മാർക്ക് ലിസ്റ്റ്, എസ്.ബി.ടി.ഇ. പോർട്ടൽ വഴി വിദ്യാർത്ഥികൾ അപേക്ഷിക്കുമ്പോൾ അപേക്ഷിക്കുന്ന അഡ്രസ്സിൽ തപാൽ മുഖാന്തരം ഡിപ്ലോമ ഒറിജിനൽ സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കുന്നതാണ്.

## വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ സംരക്ഷണഭിത്തി

135 (5408) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ സുരക്ഷയ്ക്കും പുതിയ ബ്ലോക്കിന്റെ സംരക്ഷണത്തിനും വേണ്ടി പുതിയ ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും ഇടയിലായി സംരക്ഷണഭിത്തി നിർമ്മിക്കേണ്ടത് അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ സുരക്ഷയ്ക്കും പുതിയ ബ്ലോക്കിന്റെ സംരക്ഷണത്തിനുംവേണ്ടി പുതിയ ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും ഇടയിലായി സംരക്ഷണഭിത്തി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സ്ഥാപന മേധാവി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പയ്യന്നൂരിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ

136 (5409) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് മുഖേന പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് സ്വന്തമായുള്ള 22 ഏക്കർ സ്ഥലവും കെട്ടിട സൗകര്യവും ഉപയോഗപ്പെടുത്തി പുതിയ തലമുറ കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ലഭിച്ചിട്ടില്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ തലമുറ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജ്

137 (5410) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി സർക്കാർ പോളിടെക്നിക്കിന്റെ അക്കാദമിക് ബ്ലോക്ക് (3.135 കോടി രൂപ) നിർമ്മാണം നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 17,46,20,000/- രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ തുടർനടപടി

138 (5411) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല ഗവൺമെന്റ് പോളിടെക്നിക്കിലെ ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന അബി കെ. അലിയാരുടെ അപകട മരണത്തെത്തുടർന്ന് ആശ്രിത നിയമനത്തിനുവേണ്ടി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ജാസ് മോൾ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 17-12-2022-ലെ ഇ.ബി.2/44213/22/ഡി.റ്റി.ഇ. നമ്പർ കത്തിന്മേൽ ടിയാളുടെ ആശ്രിത നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശവും സെക്രട്ടേറിയറ്റിലെ ഫയൽ നമ്പരും ലഭ്യമാക്കാമോ;

(സി) ശ്രീമതി ജാസ് മോൾ ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൽ അടിയന്തരമായി തീരുമാനമെടുത്ത് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഇ.ബി.2/44213/22/ഡി.റ്റി.ഇ. നമ്പർ കത്ത് പ്രകാരം, പാല സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ്

ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട എബി കെ. അലിയാരുടെ ഭാര്യയായ ശ്രീമതി ജാസ്മോൾ എ.എം.-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ ജോലിക്കായി സമർപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ, എന്നിവ 24-5-1999-ലെ സ.ഉ.(പി)നം.12/99/P&ARD നം. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 13-2-2023-ലെ HEDN-L1/65/2023-HEDN നം. കത്ത് പ്രകാരം, എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ശ്രീമതി ജാസ്മോളുടെ അപേക്ഷയിൽ തീരുമാനമെടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

## വനിത പോളിടെക്നിക്കുകളിലെ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് കോഴ്സ്

139 (5412) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിത പോളിടെക്നിക്കുകളിലെ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് കോഴ്സ് കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കോഴ്സാണോ സർട്ടിഫിക്കറ്റ് ലെവൽ കോഴ്സാണോ എന്ന് വ്യക്തമാക്കാമോ; ഏത് വർഷം മുതലാണ് പ്രസ്തുത കോഴ്സ്

ആരംഭിച്ചതെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത കോഴ്സ് ഉള്ളതെന്നും വ്യക്തമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 1963-64-ൽ വനിത പോളിടെക്നിക് കോളേജ് കൈമനം, വനിത പോളിടെക്നിക് കോളേജ് കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തിയിരുന്നത് 2 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സായിരുന്നു. ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് കോഴ്സിന്റെ യഥാർത്ഥ പേര് ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻഷിപ്പ് എന്നായിരുന്നു.

(ബി) മൂന്നുവർഷത്തെ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് കോഴ്സ് നിലനിൽക്കുമ്പോൾ വനിത പോളിടെക്നിക്കുകളിൽ രണ്ടുവർഷത്തെ പ്രസ്തുത കോഴ്സ് ആരംഭിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് അവസാനിപ്പിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഈ കോഴ്സ് അവസാനിപ്പിച്ചത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) പ്രസ്തുത കോഴ്സ് നിലവിലില്ല. 1966-67 വരെ സിവിൽ ഡിപ്ലോമയ്ക്ക് അഡ്മിഷൻ നടത്തിയിരുന്നു. രണ്ട് വർഷത്തെ കോഴ്സ് കഴിഞ്ഞവർക്ക് ഒരു വർഷത്തെ സപ്ലിമെന്ററി കോഴ്സുകൂടി 1967-68,

1969-70 വർഷങ്ങളിൽ നടത്തിയിട്ടുള്ളതായി കാണുന്നു. ഏകദേശം 55 വർഷങ്ങൾക്ക് മുമ്പുള്ള വിഷയമായതിനാലും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള അധിക വിവരങ്ങൾ പരിമിതമായതിനാലും കോഴ്സ് അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുന്ന മറ്റ് രേഖകൾ നിലവിൽ ലഭ്യമല്ല.

## തൊളിക്കോട് യു.ഐ.റ്റി.-യിൽ പുതിയ കോഴ്സുകൾ

140 (5413) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന തൊളിക്കോട് യു.ഐ.റ്റി.-യിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തിയ സാഹചര്യത്തിൽ അടുത്ത അധ്യയന വർഷം മുതൽ പുതിയ കോഴ്സുകളോ ബാച്ചുകളോ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പുതിയ കോഴ്സുകളോ ബാച്ചുകളോ ആരംഭിക്കുന്നതിനെക്കുറിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

## എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ ടെക്നിക്കൽ ഓഫീസർ നിയമനം

141 (5414) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ നിലവിൽ ടെക്നിക്കൽ ഓഫീസറുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

രണ്ട് ഒഴിവുകൾ.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള ഫീഡർ കാറ്റഗറി ഏതാണ്; ഈ ഫീഡർ കാറ്റഗറിയിൽ നിന്നും ടെക്നിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ എത്ര പേരുണ്ട്; ഇവർക്ക് പ്രൊമോഷൻ യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഏതെല്ലാം തസ്തികകളിലേയ്ക്കാണ് ഫീഡർ കാറ്റഗറിയിൽ നിശ്ചിത യോഗ്യതയുള്ളവരുണ്ടായിട്ടും പ്രൊമോഷൻ അനുവദിക്കാത്തതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ടെക്നിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള പ്രൊമോഷന്റെ ഫീഡർ കാറ്റഗറി ഫോർമാൻ, സീനിയർ ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ എന്നിവയാണ്. ഇവയിൽ ഭേദഗതി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്. കൂടാതെ എൽ.ബി.എസ്. സെന്ററിൽ സാമ്പത്തിക പരാധീനതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രൊമോഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്കുവേണ്ടി എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്കുവേണ്ടി എൽ.ബി.എസ്. ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതിക്ക് മുൻപ് ജീവനക്കാരുടെ

സംഘടനകളുമായി ചർച്ച നടത്തണമെന്ന നിയമപരമായ ബാധ്യത നിർവ്വഹിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) അതത് സമയത്ത് നിലവിലുള്ള സ്പെഷ്യൽ റൂളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാനുള്ള നിയമപരമായ ഉത്തരവാദിത്വമുണ്ടെന്നിരിക്കെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പ്രൊമോഷനുകൾ നൽകുന്നതിന് കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(ഇ&എഫ്) സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് എൽ.ബി.എസ്.-ലെ അംഗീകൃത സംഘടനകൾ രേഖാമൂലം എഴുതി സമർപ്പിച്ച ഭേദഗതികളും എൽ.ബി.എസ്.-ലെ ജീവനക്കാർ സമർപ്പിച്ച പരാതികളും ക്രോഡീകരിച്ച് എൽ.ബി.എസ്.-ന്റെ 110-ാം മത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഭേദഗതി പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ആയത് സർക്കാർ അംഗീകാരത്തിനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സർവകലാശാലകളിലെ താൽക്കാലിക നിയമനങ്ങൾ

142 (5415) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിലവിൽ ജോലിനോക്കുന്നുണ്ട്; സർവകലാശാലകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. വഴി നിയമനം നടത്തുന്ന തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും എത്ര പേർ ജോലിനോക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(സി) സർവ്വകലാശാലകളിൽ ഇനിയും പി.എസ്.സി. വഴി നിയമനം നടത്താത്ത എത്ര തസ്തികകളുണ്ട്; ഈ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; സർവ്വകലാശാലകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; എല്ലാ തസ്തികകളിലും പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഉന്നതവിദ്യാഭ്യാസത്തിനായി രാജ്യത്തിന് പുറത്തുപോകുന്ന വിദ്യാർത്ഥികൾ**

143 (5416) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഉന്നത വിദ്യാഭ്യാസത്തിനായി പ്രതിവർഷം രാജ്യത്തിന് പുറത്ത് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം നിലവിൽ എത്രയാണെന്ന് അറിയിക്കാമോ?

വിദേശപഠനത്തിന് പോകുന്ന മലയാളി വിദ്യാർത്ഥികളുടെ രജിസ്ട്രേഷനായി നോർക്ക റൂട്ട്സ് 2020 ഏപ്രിൽ മുതൽ ആരംഭിച്ച പ്രവാസി സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതി പ്രകാരം 54 വിദേശരാജ്യങ്ങളിലേയ്ക്ക് പഠനത്തിനായി പോയിട്ടുള്ള 2034 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഏത് സാഹചര്യത്തിലാണ് ഇത്രയും വിദ്യാർത്ഥികൾ രാജ്യത്തിന് പുറത്ത് പോകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉന്നതവിദ്യാഭ്യാസരംഗം അനാകർഷകമായി മാറാനിടയാക്കിയ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർ പഠനത്തിനും തൊഴിലിനുംവേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽനിന്ന് വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട് (eg: India Migration Report). ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്.

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ; അതിനുവേണ്ടി ചെലവഴിച്ച തുകയും ചെലവഴിക്കാതെ പാഴാക്കിയ തുകയും എത്രയെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് വിവിധ പ്രൊഫഷണൽ കോളേജുകളിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ എത്രയെന്ന് കോളേജ് തിരിച്ചും കോഴ്സുകൾ തിരിച്ചും വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

## ഇന്റർവ്യൂ ബോർഡുകളുടെ നടപടി

144 (5417) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർവ്യൂ ബോർഡുകൾ ഉദ്യോഗാർത്ഥികൾക്ക് മാർക്ക് നൽകുന്നതിലെ നടപടികൾ സ്വയം വിശദീകരിക്കുന്നവയും സുതാര്യവുമാണെന്ന് സർവകലാശാലകൾ ഉറപ്പുവരുത്തണമെന്ന് വിവരാവകാശ കമ്മീഷൻ ഉത്തരവാകുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) എം.ജി. സർവകലാശാലയിലെ പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങളിൽ സ്ക്രീനിംഗ് കമ്മിറ്റിയും ഇന്റർവ്യൂ ബോർഡും നൽകിയ മാർക്കിലെ വിശദാംശം തേടിയ വിദ്യാർത്ഥിനിയുടെ

പരാതിയിന്മേലാണോ കമ്മീഷൻ ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ&ബി) സ്ക്രീനിംഗ് കമ്മിറ്റികളും ഇന്റർവ്യൂ ബോർഡുകളും ഉദ്യോഗാർത്ഥികൾക്ക് സ്കോർ അനുവദിച്ച് നൽകുമ്പോൾ വിവിധ ക്രൈറ്റീരിയകളിൽ വിവിധ കാറ്റഗറികളിൽ എത്ര സ്കോർ വീതം അനുവദിച്ചുവെന്നും ഓരോ ക്രൈറ്റീരിയയിലും ആകെ സ്കോർ എത്രയാണെന്നും നിയമനാധികാരിയെ രേഖാമൂലം അറിയിക്കുന്നത് ഇന്റർവ്യൂ ബോർഡിനെ കൂടുതൽ വിശ്വാസയോഗ്യമാക്കുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന ഒരു നിർദ്ദേശം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ അധ്യാപക നിയമനത്തിലെ ഒരു അപേക്ഷകയായ ഡോ. ശ്രീവൃന്ദ നായർ നൽകിയ RTI 2005 അപ്പീൽ പരാതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ നൽകിയിട്ടുണ്ട്.

(സി) ഈ ഇന്റർവ്യൂവിൽ പങ്കെടുത്ത പതിനാല് പേരിൽ പന്ത്രണ്ട് പേരെയും ഇന്റർവ്യൂ ബോർഡും സ്ക്രീനിംഗ് കമ്മിറ്റിയും

അയോഗ്യരാക്കുകയുണ്ടായോ; എങ്കിൽ ഇവരെ അയോഗ്യരാക്കിയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഇല്ല. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത ആരെയും അയോഗ്യരാക്കിയിട്ടില്ല. എന്നാൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ചിരുന്ന അപേക്ഷയും അനുബന്ധ രേഖകളും സെലക്ഷൻ കമ്മിറ്റി പരിശോധിക്കുകയും യു.ജി.സി റെഗുലേഷൻസ് 2010-ലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട മിനിമം യോഗ്യതകൾ പാലിക്കാതിരുന്ന 12 അപേക്ഷകരെ ഒഴിവാക്കുകയും ചെയ്തിരുന്നു. യോഗ്യതകൾ പാലിച്ച രണ്ട് അപേക്ഷകരാണ് ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി യോഗ്യത നേടിയത്.

(ഡി) ഇന്റർവ്യൂ ബോർഡിന്റെ നടപടി സുതാര്യമല്ലെന്ന് നിരീക്ഷിച്ച കമ്മീഷൻ സ്കോർ ഷീറ്റ് രേഖപ്പെടുത്തുമ്പോൾ മാർക്കിന്റെ വിശദാംശം തരംതിരിച്ച് രേഖപ്പെടുത്തണമെന്ന് ഉത്തരവിടുകയുണ്ടായോ; വ്യക്തമാക്കുമോ?

സ്ക്രീനിംഗ് കമ്മിറ്റികളും ഇന്റർവ്യൂ ബോർഡുകളും ഉദ്യോഗാർത്ഥികൾക്ക് സ്കോർ അനുവദിച്ച് നൽകുമ്പോൾ വിവിധ ക്രൈറ്റീരിയകളിൽ വിവിധ

കാറ്റഗറികളിൽ എത്ര സ്കോർ വീതം അനുവദിച്ചുവെന്നും ഓരോ ക്രൈറ്റീരിയയിലും ആകെ സ്കോർ എത്രയാണെന്നും നിയമനാധികാരിയെ രേഖാമൂലം അറിയിക്കുന്നത് ഇന്റർവ്യൂ ബോർഡിനെ കൂടുതൽ വിശ്വാസയോഗ്യമാക്കുമെന്നും സർവകലാശാല അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നുമാണ് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നൽകിയിരുന്ന അപ്പീൽ പരാതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചത്.

(ഇ) എങ്കിൽ സംസ്ഥാനത്തെ സർവകലാശാലകളിലേയ്ക്കുള്ള ഇന്റർവ്യൂകൾ കുറ്റമറ്റതും സുതാര്യവുമാക്കി മാറ്റുന്നതിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അതത് കാലങ്ങളിൽ പ്രാബല്യത്തിലുള്ള യു.ജി.സി. റെഗുലേഷൻസിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നിയമന നടപടികൾ നടത്തുന്നതിന് സർവകലാശാലകൾ ശ്രദ്ധിക്കുന്നുണ്ട്.

## വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ

145 (5418) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ 2020-21 അക്കാദമിക വർഷം വിദൂര വിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ ഏതെല്ലാം ബിരുദാനന്തര ബിരുദ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

കേരള സർവകലാശാല

പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന 2020-2021 അക്കാദമിക വർഷം ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നടത്തിയിട്ടില്ല. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2020-2021 അക്കാദമിക വർഷം 13 ബിരുദാനന്തര ബിരുദ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. കോഴ്സ് വിശദാംശം ചുവടെ നൽകുന്നു.

1. എം.എ. പൊളിറ്റിക്കൽ സയൻസ്

2. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ

3. എം.എ. ഇക്കണോമിക്സ്

4. എം.എ. ഇംഗ്ലീഷ്

5. എം.എ. ഹിന്ദി

6. എം.എ. ഹിസ്റ്ററി

7. എം.എ. മലയാളം

8. എം.എ. സോഷ്യോളജി

9. എം.കോം.

10. എം.എൽ.ഐ.എസ്.സി.

11. എം.എസ്‌സി. കംപ്യൂട്ടർ സയൻസ്

12. എം.എസ്‌സി. മാത്തമാറ്റിക്സ്

13. എം.ബി.എ.

മഹാത്മാഗാന്ധി സർവകലാശാല

മഹാത്മാഗാന്ധി സർവകലാശാലയിൽ 2020-2021 അക്കാദമിക വർഷം പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ ബിരുദാനന്തര ബിരുദത്തിന്

താഴെ പറയുന്ന കോഴ്സുകളിലേയ്ക്കാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുള്ളത്.

1. M.A. Hindi
2. M.A. Arabic
3. M.A. Sanskrit
4. M.A. Malayalam
5. M.A. English
6. M.A. History
7. M.A. Economics
8. M.A. Philosophy
9. M.A. Political Science
10. M.A. Sociology
11. M.A. Islamic History
12. M.Sc. Mathematics
13. M.Com. Finance & Taxation

14. M.Com. Marketing & International Business

15. M.Com. Management & Information Technology

കാലിക്കറ്റ് സർവകലാശാല

2020-21 അക്കാദമിക വർഷം പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ 12 ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നടത്തിയിട്ടുണ്ട്. കോഴ്സ് വിശദാംശം ചുവടെ നൽകുന്നു.

1. അറബിക്

2. സോഷ്യോളജി

3. ഇക്കണോമിക്സ്

4. ഹിന്ദി

5. ഹിസ്റ്ററി

6. ഫിലോസഫി

7. പൊളിറ്റിക്കൽ സയൻസ്

8. സംസ്കൃതം

9. എം.കോം.

10. എം.എസ്‌സി. മാത്തമാറ്റിക്സ്

11. ഇംഗ്ലീഷ്

12. മലയാളം

<u>കണ്ണൂർ സർവകലാശാല</u>

കണ്ണൂർ സർവകലാശാലയിൽ 2020-21 അക്കാദമിക വർഷം വിദൂര വിദ്യാഭ്യാസം-ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) രീതിയിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾകളിലേയ്ക്ക് പ്രവേശനം നടത്തിയിട്ടില്ല. എന്നാൽ, പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ എം.എ. ഇക്കണോമിക്സ്/എം.എ. ഹിസ്റ്ററി/എം.എ. ഇംഗ്ലീഷ്/എം.എ. അറബിക് എന്നീ നാല് ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി.

(ബി) പ്രസ്തുത ബിരുദാനന്തര ബിരുദ കോഴ്സുകളുടെ കാലാവധി 2022 മാർച്ച് മാസത്തോടെ അവസാനിച്ചിട്ടും ഏതെങ്കിലും കോഴ്സകളുടെ പരീക്ഷകൾ ഇനിയും നടത്താനുണ്ടോയെന്നും ഏതെങ്കിലും പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കാനുണ്ടോയെന്നും വിശദമാക്കാമോ?

കേരള സർവകലാശാലയിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2020 അഡ്മിഷന്റെ എല്ലാ കോഴ്സുകളുടെയും പരീക്ഷകൾ നടന്നു. മൂല്യനിർണ്ണയം പുരോഗമിക്കുന്നു.

എം.ജി. സർവകലാശാലയിലെ 2020-2022 ബാച്ച് പ്രൈവറ്റ് രജിസ്ട്രേഷനിലെ ബിരുദാനന്തര ബിരുദ കോഴ്സുകളായ എം. എ. (ഇംഗ്ലീഷ് / മലയാളം/പൊളിറ്റിക്കൽ സയൻസ്/സോഷ്യോളജി/അറബിക്/ഹിന്ദി/ സംസ്കൃതം/ഹിസ്റ്ററി/ഇക്കണോമിക്സ്/ഇസ്ലാമിക് ഹിസ്റ്ററി/ഫിലോസഫി), എം. കോം. (ഫിനാൻസ് & ടാക്സേഷൻ, മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, മാർക്കറ്റിംഗ് & ഇന്റർനാഷണൽ ബിസിനസ്) എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ III &IV സെമസ്റ്ററിന്റെ പരീക്ഷ നടത്താനുണ്ട്. ടി പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ബാച്ചിന്റെ I & II സെമസ്റ്ററിന്റെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാനുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ 2020-21 അക്കാദമിക വർഷം പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ പരീക്ഷകൾ പൂർത്തീകരിച്ചിട്ടുണ്ട്. നാലാം സെമസ്റ്റർ പരീക്ഷകൾ

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്ന്, രണ്ട്, സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയിൽ 2020 അഡ്മിഷൻ ബിരുദാനന്തര ബിരുദ (പ്രൈവറ്റ് രജിസ്ട്രേഷൻ) വിദ്യാർത്ഥികളുടെ 4 സെമസ്റ്റർ പരീക്ഷകളും യഥാസമയം നടത്തിയിട്ടുണ്ട്. നാലാം സെമസ്റ്റർ ഫലം പ്രസിദ്ധീകരിക്കാനുണ്ട്.

(സി) 2021-22 അക്കാദമിക വർഷം വിദൂര വിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഏതെങ്കിലും കോഴ്സുകളുടെ പരീക്ഷകൾ ഇനിയും നടത്താനുണ്ടോയെന്നും ഏതെങ്കിലും പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കാനുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) വിദൂര വിദ്യാഭ്യാസ രീതിയിൽ വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സമ്പർക്ക ക്ലാസുകൾ, പരീക്ഷകൾ എന്നിവ കൃത്യസമയത്ത് നടത്താത്തതുമൂലം സമയപരിധിക്കുള്ളിൽ അവരുടെ കോഴ്സ് പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സമ്പർക്ക ക്ലാസുകൾ, പരീക്ഷകൾ എന്നിവ നടത്തുന്നതിൽ സർവകലാശാലകളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ വിദൂരവിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിലുള്ള കോഴ്സുകളുടെ പ്രവേശനത്തെയും കോഴ്സ് നടത്തിപ്പിനെയും പ്രതികൂലമായി ബാധിക്കില്ലേയെന്ന് വിശദമാക്കാമോ?

(സി-ഇ) കേരള യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2021-2022 അക്കാദമിക വർഷം അഡ്മിഷൻ എടുത്ത കോഴ്സുകളിൽ MLISc യുടെ പരീക്ഷ (S1, S2) തുടങ്ങിയിട്ടില്ല. ബാക്കി എല്ലാ കോഴ്സുകളുടെയും S1, S2 exam March 16 - ഓടുകൂടി കഴിയുന്നതാണ്.

എം.ജി. സർവ്വകലാശാലയിൽ 2021-2022 അക്കാദമിക വർഷം പ്രൈവറ്റ് രജിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദ കോഴ്സുകളായ എം.എ. (ഇംഗ്ലീഷ്/മലയാളം/പൊളിറ്റിക്കൽ സയൻസ്/സോഷ്യോളജി/അറബിക്/ ഹിന്ദി/സംസ്കൃതം/ഹിസ്റ്ററി/ഇക്കണോമിക്സ്/ഇസ്ലാമിക് ഹിസ്റ്ററി/ ഫിലോസഫി), എം.കോം (ഫിനാൻസ് & ടാക്സേഷൻ, മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, മാർക്കറ്റിംഗ് & ഇന്റർനാഷണൽ ബിസിനസ്)

എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ I & II സെമസ്റ്ററിന്റെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാനുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ 2021-22 അക്കാദമിക വർഷം വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേന ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ 2023 ഫെബ്രുവരി മാസം 14 തീയതി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം സെമസ്റ്റർ എം.എ. പരീക്ഷകൾ 2023 മാർച്ച് മാസം 08-ാം തീയതി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം സെമസ്റ്റർ എം.എസ്സി/എം.കോം പരീക്ഷകൾ 2023 മാർച്ച് മാസം 10-ാം തീയതി പൂർത്തിയാകുന്നതാണ്. മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിച്ച ഒന്നാം സെമസ്റ്റർ പരീക്ഷാ ഫലം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം സെമസ്റ്റർ പരീക്ഷകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫല പ്രഖ്യാപനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ സർവകലാശാലയിൽ 2021 അഡ്മിഷൻ ബിരുദാനന്തര ബിരുദ (പ്രൈവറ്റ് രജിസ്ട്രേഷൻ) വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 15 മുതൽ ആരംഭിക്കുകയാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 2022-ൽ തുടങ്ങിയ കോഴ്സുകളുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ 2023 മാർച്ചിന് ശേഷമാണ് നടക്കുന്നത്.

**സർവകലാശാലകൾക്ക് ഗ്രാന്റ്**

146 (5419) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ സർവകലാശാലകൾക്ക് വകയിരുത്തിയ പ്ലാൻ ഗ്രാന്റ് കൃത്യമായി അനുവദിക്കാത്തതുമൂലം 30-08-2018-ലെ GO(P)No.138/2018/Fin. സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാറുണ്ടോയെന്നും അപ്രകാരം സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പൂർണ്ണമായും സർക്കാരിൽനിന്നും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് കണക്കിലെടുത്ത് സർവകലാശാലകൾ നിലവിലും തനത് ഫണ്ടിൽ നിന്നും തുകയെടുത്ത്

പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാറുണ്ടെങ്കിൽ ആയതിന്റെ 2018-19 സാമ്പത്തിക വർഷം മുതലുള്ള വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) എം.ജി., കണ്ണൂർ, കാലിക്കറ്റ്, കുസാറ്റ്, ശ്രീനാരായണഗുരു ഓപ്പൺ, എ.പി.ജെ. സാങ്കേതികശാസ്ത്ര സർവകലാശാലകൾ തനത് ഫണ്ടിൽ നിന്നുള്ള തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. സർവകലാശാലകൾ ലഭ്യമാക്കിയ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

മഹാത്മാഗാന്ധി സർവകലാശാല

2022-23 വാർഷിക പദ്ധതിക്കായി സർവകലാശാല തനത് ഫണ്ടിൽ നിന്ന് 77,77,588/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക പ്ലാൻ ഫണ്ടിൽ നിന്നും recoup ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല

2021-22 സാമ്പത്തിക വർഷത്തിൽ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ തനത് ഫണ്ട് ഉപയോഗിച്ചിട്ടുള്ളത്. 46,86,765/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. ഈ തുക സർക്കാരിൽനിന്നും ലഭ്യമാക്കിയിട്ടില്ല.

<u>കാലിക്കറ്റ് സർവകലാശാല</u>

2017-18 വാർഷിക പദ്ധതിക്കായി സർക്കാരിൽ നിന്ന് ലഭിച്ചത് 5 കോടി രൂപയും ചെലവഴിച്ചത് 17,61,93,420/- രൂപയുമാണ്. 2018-19 വാർഷിക പദ്ധതിക്കായി സർക്കാരിൽ നിന്ന് ലഭിച്ചത് 13 കോടി രൂപയും ചെലവഴിച്ചത് 14,42,08,407/- രൂപയുമാണ്. മേൽ വർഷങ്ങളിൽ മുഴുവൻ തുകയും ലഭിക്കാത്തതിനാൽ യൂണിവേഴ്സിറ്റിയുടെ കണ്ടിജൻസി ഫണ്ടിൽ നിന്നും പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി 2018-19-ൽ 14,04,01,827/- രൂപ ചെലവഴിച്ചു. പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ, 2019-20 സാമ്പത്തിക വർഷം 8 കോടി രൂപ സർക്കാരിൽ നിന്ന് അനുവദിക്കുകയും 13,43,52,679/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി വർഷത്തിൽ മതിയായ ഫണ്ട് ലഭ്യമാകാത്തതിനാൽ പൂർത്തീകരിച്ച പദ്ധതികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി സർവകലാശാല തനത് ഫണ്ടിൽ നിന്നും 2,60,05,799/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് 8 കോടി രൂപ അനുവദിക്കുകയും 13,43,52,679/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത് പദ്ധതി വിഹിതമായി ലഭിച്ച 8 കോടി രൂപയേക്കാൾ 5,43,52,679/- രൂപ അധികമാണ്. പ്രസ്തുത അധിക തുകയിൽ, വിവിധ പദ്ധതികളുമായി

ബന്ധപ്പെട്ട് തീർപ്പാക്കാതെ പോയ ബില്ലുകളിലുള്ള തുകയായ 2,83,46,880/- രൂപ 2020-21 സാമ്പത്തിക വർഷത്തെ പ്ലാൻ ഗ്രാന്റിൽ നിന്നും അനുവദിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം (2022-23) പ്ലാൻ ഫണ്ടിന്റെ അഭാവം മൂലം 2,47,12,963/- രൂപ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി സർവകലാശാലയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

<u>കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല</u>

2018-19 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല തനതുഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല.

<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

2020-21, 2021-22 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.

2022-23 വർഷം പ്ലാൻ ഗ്രാന്റിനു പകരം ചെലവഴിച്ച തനത് ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Plan Salary - 20,10,667/-

Plan Non Salary - 68,99,830/-

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല

സർവകലാശാലയുടെ സ്ഥിര ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷം 106.91 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 71.70 കോടി രൂപയും സർവ്വകലാശാലയുടെ തനത് ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്നും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

**സർവകലാശാലകൾക്കുള്ള ഗ്രാന്റ്**

147 (5420) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്ക് 2016-2017 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പ്ലാൻ/നോൺപ്ലാൻ ഗ്രാന്റിനത്തിൽ അതത് വർഷത്തെ സംസ്ഥാന

ബജറ്റിൽ വകയിരുത്തിയ തുക, അനുവദിച്ച തുക എന്നിവയുടെ വിശദാംശം സർവകലാശാല അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഓരോ സർവകലാശാലയും ചെലവഴിച്ച ആകെ തുകയുടെയും പ്രസ്തുത തുകയിൽ ഓരോ സർവകലാശാലയും അവരുടെ തനത് ഫണ്ടിൽ നിന്നും (റെസിപ്റ്റസ് ഫ്രം ഓൺ സോഴ്സസ്) ചെലവഴിക്കേണ്ടി വന്ന തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതിയിന പ്രവർത്തനങ്ങളും പദ്ധതിയേതര പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് 2016-2017 സാമ്പത്തിക വർഷം മുതൽ ഓരോ സാമ്പത്തിക വർഷവും ഓരോ സർവകലാശാലയും സർക്കാരിലേയ്ക്ക് സമർപ്പിച്ച അധിക ധനാഭ്യർത്ഥനകളുടെ വിശദാംശവും ആയതിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികളും അനുവദിച്ച അധിക വിഹിതത്തിന്റെ വിശദാംശവും സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വിദ്യാർത്ഥികൾക്കുള്ള ഹാജർ ഇളവുകൾ

148 (5421) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല പരീക്ഷകൾ എഴുതുന്നതിനും കോഴ്സുകൾ പൂർത്തീകരിക്കുന്നതിനും നിലവിൽ എത്ര ശതമാനം ഹാജർ വിദ്യാർത്ഥികൾ നിർബന്ധമായും നേടിയിരിക്കണമെന്നതിന്റെയും എത്ര ശതമാനം ഹാജർ കുറവിനുവരെ കണ്ടോണേഷൻ അനുവദിക്കാറുണ്ടെന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ അഫിലിയേറ്റിംഗ് സർവകലാശാലകളിൽ പരീക്ഷ എഴുതുന്നതിന് 75% ഹാജർ നിർബന്ധമാണ്. ഹാജർ കുറവിന് പത്ത് ശതമാനം വരെ സർവ്വകലാശാലകൾ കണ്ടോണേഷൻ അനുവദിക്കാറുണ്ട്.

(ബി) 2021-22, 2022-23 അക്കാദമിക വർഷങ്ങളിൽ വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒന്നു മുതൽ രണ്ടു ശതമാനം വരെ ഹാജർ കണ്ടോണേഷൻ അനുവദിക്കപ്പെട്ട വിദ്യാർത്ഥിനികളുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത അക്കാദമിക വർഷങ്ങളിൽ വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒന്നു മുതൽ

രണ്ടു ശതമാനം വരെ ഹാജർ കുറവ് നേരിട്ടതുമൂലം പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥിനികളുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

ഈ വിവരം സർവകലാശാല തലത്തിൽ ലഭ്യമല്ല.

(സി) ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ ഹാജർ കുറവ് കണ്ടോണേഷന് പ്രത്യേക ഇളവ് അനുവദിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; വിദ്യാർത്ഥികൾക്ക് ഹാജർ നിലയ്ക്കനുസരിച്ച് ഇന്റേണൽ മാർക്ക് അനുവദിക്കുന്നതിൽ നിലവിൽ വിവിധ സർവകലാശാലകൾ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ ഹാജർ കുറവ് കണ്ടോണേഷന് പ്രത്യേക ഇളവ് അനുവദിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ ഹാജർ ഇന്റേണൽ മാർക്ക് അനുവദിക്കുന്നതിൽ ഒരു ഘടകം മാത്രമാണ്. വിവിധ സർവകലാശാലകൾ പരമാവധി 5 മാർക്ക് വരെ ഹാജറിന് നൽകുന്നുണ്ട്. കേരള സർവകലാശാലയിൽ ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

| ഹാജർ | മാർക്ക് |
|---|---|
| 90 ശതമാനവും അതിനു മുകളിലും | 5 |

| | |
|---|---|
| 85 ശതമാനത്തിന് മുകളിൽ 90 ശതമാനത്തിൽ താഴെ | 4 |
| 80 ശതമാനത്തിന് മുകളിൽ 85 ശതമാനത്തിൽ താഴെ | 3 |
| 75 ശതമാനത്തിന് മുകളിൽ 80 ശതമാനത്തിൽ താഴെ | 2 |
| 75% | 1 |

(ഡി) 19-01-2023-ലെ സ.ഉ. (കൈയ്യെഴുത്ത്) നം.33/2023/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം വിദ്യാർത്ഥിനികൾക്ക് ഹാജർ ഇളവ് അനുവദിച്ച് നൽകിയതുപോലെ ഹാജർ നിലയ്ക്കനുസരിച്ച് നൽകുന്ന ഇന്റേണൽ മാർക്കിന് വിദ്യാർത്ഥിനികൾക്ക് രണ്ട് ശതമാനം ഹാജർ നില കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഉന്നതവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് പദ്ധതി**

149 (5422) ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും

അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

പ്ലാൻ ഫണ്ട്, റൂസ ഫണ്ട്, നബാർഡ് ആർ.ഐ.ഡി.എഫ്. ഫണ്ട്, കിഫ്ബി മുതലായ ഫണ്ടുകൾ ഉപയോഗിച്ച് സർവ്വകലാശാലകളുടെയും കോളേജുകളുടെയും അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ, ലൈബ്രറി, ലാബ്, കാന്റീൻ, വർക്ക്ഷോപ്പ് മുതലായ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും കാലിക പ്രാധാന്യമുള്ള കോഴ്സുകൾ അനുവദിക്കാനും നിലവിലുള്ളവ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതടക്കമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്) രൂപീകരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനോട് ചേർന്ന് ഒരു കരിക്കുലം കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ

സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. കൂടാതെ, സർവകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സംസ്ഥാനത്തെ സർവകലാശാലകളിലെ എല്ലാ ബിരുദ/ബിരുദാനന്തര ബിരുദ വിഷയങ്ങളുടെയും സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്. തൊഴിൽപരിചയം, നൈപുണി വികസനം, ഗവേഷണം, സ്റ്റാർട്ടപ്പ് സംസ്കാരത്തിന്റെ വ്യാപനം എന്നിവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള വിവിധ പരിഷ്കരണങ്ങൾ നടപ്പിലാക്കിവരുന്നു. യു.ജി.സി നിർദ്ദേശമനുസരിച്ച് സർവകലാശാലകളിലെ എല്ലാ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സുകളും Outcome Based Education (OBE) രീതിയിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഗവേഷണ പ്രബന്ധത്തിലെ പിഴവുകൾ തിരുത്തൽ

150 (5423) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷൻ അദ്ധ്യക്ഷ കേരള സർവകലാശാലയിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിലെ പിഴവുകൾ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗവേഷണ പ്രബന്ധത്തിലെ പിഴവ് സംബന്ധിച്ച് ടിയാളോട് സർവകലാശാലയിൽനിന്ന് വിശദീകരണം തേടുകയോ ടിയാൾ വിശദീകരണം നൽകുകയോ ചെയ്തിട്ടുണ്ടോ?

(എ&ബി) ഇല്ല.

(സി) ഗവേഷണ പ്രബന്ധത്തിലെ തെറ്റുകൾ തിരുത്തി സമർപ്പിക്കാനോ പിൻവലിക്കാനോ ടിയാൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ടി വിഷയം സംബന്ധിച്ച ബന്ധപ്പെട്ട വിഷയ വിദഗ്ധന്റെ റിപ്പോർട്ട് സർവകലാശാലയുടെ പരിഗണനയിലാണ്.

**എം.ജി. സർവകലാശാല അധ്യാപക നിയമനം**

151 (5424) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ എം.ജി. സർവകലാശാലയിൽ നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശം നിയമനം നേടിയ വ്യക്തി, നിയമനം ലഭിച്ച ഡിപ്പാർട്ട്മെന്റ്, നിയമന പ്രക്രിയയുടെ രീതി, നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ ആരൊക്കെ, ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവ സഹിതം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ എം.ജി. സർവകലാശാലയിൽ നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ എം.ജി. സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ സർവ്വകലാശാല അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര പരാതികളിൽ ആരോപണ വിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ മഹാത്മാഗാന്ധി സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ലഭ്യമായവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

## എം.ജി. സർവകലാശാലയിലെ റിട്ടയർമെന്റ് ഒഴിവുകൾ

152 (5425) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ കലണ്ടർ വർഷത്തിൽ വിവിധ വകുപ്പുകളിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 8-11-2022-ലെ ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവകലാശാലകൾ നടപ്പിലാക്കിയിട്ടുണ്ടോ; ആയത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ?

പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ സർവകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ബി) എം.ജി. സർവകലാശാലയിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര റിട്ടയർമെന്റ് ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ, നിലവിൽ 13 റിട്ടയർമെന്റ് ഒഴിവുകളുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത സർവകലാശാലയിലെ 2022 ഓഗസ്റ്റ് ഒന്ന് മുതലുള്ള അസിസ്റ്റന്റ് തസ്തികയിലെ റിട്ടയർമെന്റ് ഒഴിവുകൾ 2023 ഫെബ്രുവരി ആയിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി സർവകലാശാലയിലെ അനധ്യാപക ജീവനക്കാരുടെ ജോലിഭാരവും പുനർവിന്യാസവും സംബന്ധിച്ച റിപ്പോർട്ട് പരിഗണിച്ചതിനുശേഷം അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-യിലേക്ക് റിപ്പോർട്ട് ചെയ്താൽ മതിയെന്ന സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്, 2023-ലെ കലണ്ടർ വർഷത്തിൽ എം.ജി. സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-യിലേക്ക് മുൻകൂറായി റിപ്പോർട്ട് ചെയ്യാൻ സാധിക്കാതിരുന്നത്.

## കാലിക്കറ്റ് സർവകലാശാലയുടെ ചെതലയം ഗോത്രവർഗ പഠനഗവേഷണ കേന്ദ്രം

153 (5426) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ വയനാട് ജില്ലയിലെ ചെതലയത്ത് പ്രവർത്തിക്കുന്ന ഗോത്രവർഗ്ഗ പഠനഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള വിവിധ കോഴ്സുകളുടെയും ഓരോ കോഴ്സുകളിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെയും വിശദാംശം ലഭ്യമാക്കാമോ?

1. ബി.എ. സോഷ്യോളജി

ഈ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം-40 (ആൺ-14, പെൺ-26)

ആകെ വിദ്യാർത്ഥികളുടെ എണ്ണം-109 (ആൺ-35, പെൺ-74)

2. എം.എ. സോഷ്യോളജി.

ഈ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം-20 (ആൺ-7, പെൺ-13)

ആകെ വിദ്യാർത്ഥികളുടെ എണ്ണം - 40 (ആൺ-21, പെൺ-19)

(ബി) പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ ജോലിചെയ്യുന്ന അധ്യാപക, അനധ്യാപക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; അവരിൽ കരാർ, ദിവസവേതന ജീവനക്കാർ മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താത്കാലിക ജീവനക്കാർ എന്നിവർ

പ്രസ്തുത തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി, റീഎൻഗേജ്മെന്റ് അനുവദിച്ച തീയതി എന്നിവയുൾപ്പെടെ നാളിതുവരെ സർവകലാശാലയിൽ ജോലിചെയ്ത കാലയളവ് ഉൾപ്പെടുന്ന വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത കേന്ദ്രത്തിലെ ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സർവകലാശാലയിലെ സ്ഥിരം അധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ടോ; നിലവിൽ പ്രസ്തുത ചുമതല വഹിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ?

ഡയറക്ടർ തസ്തികയുടെ ചുമതല കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ. ഹരികുമാർ സി.-ക്ക് നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ചിൽ (ഐ.ടി.എസ്.ആർ.) താത്കാലികാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. വൽസരാജൻ പുത്തംവീട്ടിലിനെ നിയമിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേന്ദ്രത്തിലെ ഏതെല്ലാം തസ്തികകൾ കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട് ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നവയും

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാർ അംഗീകാരം ലഭിച്ചവയുമാണെന്നും ഏതെല്ലാം തസ്തികകൾ സർവകലാശാല സ്റ്റാറ്റ്യൂട്ട് ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരം ലഭിക്കാത്തവയുമാണെന്നും ഏതെല്ലാം തസ്തികകൾ അംഗീകൃത അംഗബലത്തിൽ കവിഞ്ഞ് നിയമനം നൽകിയവയാണെന്നും വിശദമാക്കാമോ?

നിലവിൽ പ്രസ്തുത കേന്ദ്രത്തിന്റെ നടത്തിപ്പിനാവശ്യമായ അധ്യാപക/അനധ്യാപക തസ്തികകൾ (ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ ഒഴികെ) സർവകലാശാല സ്റ്റാറ്റ്യൂട്ട് ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സർക്കാർ അംഗീകാരം ലഭിക്കാത്തവയാണ്.

(ഇ) പ്രസ്തുത കേന്ദ്രത്തിലെ ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ സർവകലാശാല ചട്ടങ്ങളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകൾ സർവകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയാണ്.

(എഫ്) പ്രസ്തുത കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സർവകലാശാല പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ജി) സർവകലാശാലയുടെ മറ്റു കേന്ദ്രങ്ങളായ സി.സി.എസ്.ഐ.റ്റി., എസ്.എം.എസ്., സി.യു.റ്റി.ഇ.സി. എന്നിവയുടെ ചീഫ് കോ-ഓർഡിനേറ്റർ, കോ-ഓർഡിനേറ്റർ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ തുടങ്ങിയ ചുമതലകൾ വഹിച്ചുവരുന്നത് സ്ഥിരം അധ്യാപകനാണെന്നിരിക്കെ ഐ.റ്റി.എസ്.ആർ.-ൽ മാത്രമായി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ വിരമിച്ച ജീവനക്കാരന് ചുമതല നൽകിയത് ഏത് ചട്ട പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ച് (ITSR)-ൽ അസിസ്റ്റന്റ് ഡയറക്ടറെ നിയമിച്ചത് 1975-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട് 23 (ix) അധ്യായം 4 പ്രകാരമാണ്.

സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം

154 (5427) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ സർവ്വകലാശാലയിലെയും പഠന വകുപ്പുകളിൽ അധ്യാപക തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും നിലവിൽ എത്ര പേർ ഈ ഒഴിവുകളിൽ ഗസ്റ്റ്/കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിതരായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കേരള സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ - 103

കരാർ അടിസ്ഥാനത്തിൽ നിയമിതരായവർ - 94

ഗസ്റ്റ് അടിസ്ഥാനത്തിൽ നിയമിതരായവർ - 133

എം.ജി. സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -22

2022-23 അധ്യയന വർഷം താൽക്കാലിക ഒഴിവുകളിൽ 67 ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

കൊച്ചി സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ - 283

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ - 155

കാലിക്കറ്റ് സർവ്വകലാശാലയിലെ പഠന
വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ - 67

നിലവിൽ പഠനവകുപ്പുകളിൽ 72 പേർ ഗസ്റ്റ് /Hourly/visiting അടിസ്ഥാനത്തിലും 3 പേർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്.

കണ്ണൂർ സർവ്വകലാശാലയിലെ പഠന വകുപ്പിൽ 61 ഒഴിവുകൾ നിലവിലുണ്ട്. 40 കോൺട്രാക്ട് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ
അദ്ധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ - 54

ടി ഒഴിവുകളും, പഠനവകുപ്പുകളിലെ വർക്ക് ലോഡും കണക്കാക്കി 198 ഗസ്റ്റ്/കരാർ അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ - 8

8 ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

നുവാൽസ് (NUALS) സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ -5

3 ഗസ്റ്റ് അധ്യാപകരെയും 1 കോൺട്രാക്ട് അധ്യാപകനെയും നിയമിച്ചിട്ടുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ 42 അസിസ്റ്റന്റ് പ്രൊഫസർമാർ നിയമിതരായിട്ടുണ്ട്.

(ബി) ഇങ്ങനെ നിയമനം ലഭിച്ചവരിൽ യു.ജി.സി. നിർദേശിച്ചിട്ടുള്ള അധ്യാപക തസ്തിക യോഗ്യതയില്ലാത്തവർ എത്ര പേരുണ്ടെന്ന് സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ?

കേരള സർവ്വകലാശാലയിലെ School of Distance Education-ൽ യു.ജി.സി. അധ്യാപക യോഗ്യതയില്ലാത്ത 2 ഗസ്റ്റ് അധ്യാപകരുണ്ട്.

എം.ജി. സർവ്വകലാശാലയിൽ യു.ജി.സി. അധ്യാപക യോഗ്യതയില്ലാത്ത 13 ഗസ്റ്റ് അധ്യാപകരുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി. അധ്യാപക യോഗ്യതയില്ലാത്ത ഒരാൾ ജോലി ചെയുന്നുണ്ട്.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള ഗസ്റ്റ്/കരാർ അധ്യാപകരിൽ UGC (NET/Ph.D) യോഗ്യതയില്ലാത്തവർ - 11

(സി) യോഗ്യതയില്ലാത്തവർ ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്ത് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

യു.ജി.സി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രമാണ് ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളത്. യോഗ്യതയുള്ള അദ്ധ്യാപകർ തുടർ അഭിമുഖങ്ങൾക്ക് ഹാജരാകുന്ന മുറയ്ക്ക് അവരെ പരിഗണിക്കുന്നതാണ്.

## സാങ്കേതിക സർവ്വകലാശാല നിയമനം

155 (5428) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാങ്കേതിക സർവ്വകലാശാല നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശം നിയമനം നേടിയ വ്യക്തിയുടെ പേര്, നിയമനം ലഭിച്ച വകുപ്പ്, നിയമന പ്രക്രിയയുടെ രീതി, നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ പേര്, അവരുടെ വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവ ഉൾപ്പെടുത്തി നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള സാങ്കേതിക സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ട്; പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ്

ലഭ്യമാക്കുമോ; എത്ര പരാതികളിൽ ആരോപണവിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ പഠന വകുപ്പുകൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇതുവരെ അധ്യാപക നിയമനം നടത്തിയിട്ടില്ല.

## വിദേശ സർവ്വകലാശാലകൾ

156 (5429) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ട് അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

അപേക്ഷ നൽകിയിട്ടുള്ളതായി കാണുന്നില്ല.

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന സർവ്വകലാശാലകളുടെ ഉപ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ?

അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഒരു ഓഫ്-കാമ്പസ് മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകളെ വരവേൽക്കുവാൻ എന്തെങ്കിലും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകളെ വരവേൽക്കുവാൻ നിർദ്ദേശങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

**സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ്**

157 (5430) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയ്ക്കും 2023-24 സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ, പ്രത്യേക ധനസഹായം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഓരോ സർവ്വകലാശാലയ്ക്കും 2023-24 സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ, പ്രത്യേക ധനസഹായം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**കേരള സർവ്വകലാശാല**

പ്ലാൻ - 3520 കോടി

നോൺ പ്ലാൻ - 32022.1 കോടി

**മഹാത്മാഗാന്ധി സർവ്വകലാശാല**

പ്ലാൻ – 36,45,00,000/-

നോൺ പ്ലാൻ – 196,02,00,000 /-

**കാലിക്കറ്റ് സർവ്വകലാശാല**

പ്ലാൻ - 31,80,00,000/-

നോൺ പ്ലാൻ - 244,27,00,000 /-

**കണ്ണൂർ സർവ്വകലാശാല**

പ്ലാൻ - 32,00,00,000 /-

നോൺ പ്ലാൻ - 66,17,60,000 /-

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

പ്ലാൻ - 31.25 കോടി

നോൺ പ്ലാൻ - 168.1570 കോടി

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

പ്ലാൻ - 2205 ലക്ഷം

നോൺ പ്ലാൻ - 7390.90 ലക്ഷം

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

പ്ലാൻ - 8,20,00,000 /-

നോൺ പ്ലാൻ - 4,40,00,000/-

**എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല**

പ്ലാൻ - 26,15,00,000/-

നോൺ പ്ലാൻ - 40,38,10,000 /-

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല**

പ്ലാൻ - 1035.00 ലക്ഷം

നോൺ പ്ലാൻ - 533.50 ലക്ഷം

**നുവാൽസ്**

പ്ലാൻ - 12.25 കോടി

(ബി) പ്രസ്തുത ഇനങ്ങളിലായി ഓരോ സർവ്വകലാശാലയ്ക്കും 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

## എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമനം

158 (5431) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 25 അസിസ്റ്റന്റ് തസ്തികകളിൽ 21 തസ്തികകളിൽ നിയമനം നടത്തിയെങ്കിലും ശേഷിക്കുന്ന നാല് ഒഴിവുകളിലേക്ക് നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

25 തസ്തികകളിലും പി.എസ്.സി. മുഖേന നിയമനം നടന്നു.

(ബി) കേസിൽപ്പെട്ട് കിടക്കുന്ന തസ്തികകളിൽ താൽക്കാലിക പ്രമോഷൻ നൽകി എൻട്രി കേഡർ പോസ്റ്റുകളിൽ ഒഴിവ് സൃഷ്ടിക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവ് പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

സർവ്വകലാശാലയിൽ ഒഴിഞ്ഞുകിടക്കുന്ന സൂപ്പർവൈസറി തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാനായി ആ തസ്തികകളുടെ ഫീഡർ കാറ്റഗറിയിലെ തസ്തികകളിൽ ഉൾപ്പെട്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ നിലവിൽ വരുന്നതിന് മുൻപ് സർവ്വകലാശാലയിൽ നിയമിക്കപ്പെട്ടവരുടെ സേവന/വേതന വ്യവസ്ഥകൾ (പ്രൊമോഷൻ ഉൾപ്പെടെ) ഓർഡിനൻസുകൾ പ്രകാരമല്ല നിശ്ചയിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ആയതിനാൽ പ്രൊമോഷനോ താത്കാലിക പ്രൊമോഷനോ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## കാലിക്കറ്റ് സർവ്വകലാശാലയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർ

159 (5432) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ വിവിധ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ ജോലിചെയ്തു വരുന്ന അധ്യാപക, അനധ്യാപക ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) മേൽ ജീവനക്കാർക്ക് കാലിക്കറ്റ് സർവ്വകലാശാല അനുവദിച്ച് നൽകിയ പ്രതിമാസ അടിസ്ഥാന ശമ്പളം, മറ്റ് അലവൻസുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

1. കാലിക്കറ്റ് സർവ്വകലാശാല സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായ ശ്രീ. രജീഷ് കെ. പി.-ക്ക് നിർണ്ണയിച്ച പ്രതിമാസ അടിസ്ഥാന ശമ്പളം 01-03-2021 മുതൽ ₹ 62,200/-, 01-12-2021 മുതൽ ₹ 63,700/- എന്നിങ്ങനെ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്.

2. കാലിക്കറ്റ് സർവ്വകലാശാല പ്രോഗ്രാം കോർഡിനേറ്റർ (എൻ.എസ്.എസ്.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിതയായ ഡോ. സോണി ടി. എൽ.-ന് നിർണ്ണയിച്ച പ്രതിമാസ അടിസ്ഥാന ശമ്പളം ₹ 1,35,300/- (ശമ്പള സ്കെയിൽ: Level 13 A (131400-217100) ആണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

3. കാലിക്കറ്റ് സർവ്വകലാശാല പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഡോ. സാബു തോമസിന്റെ അടിസ്ഥാന ശമ്പളം ₹ 1,35,300/- ആണ്.

4. കാലിക്കറ്റ് സർവ്വകലാശാല സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഡോ. അഭിലാഷ് പിള്ളയുടെ അടിസ്ഥാന ശമ്പളം ₹ 1,62,300/- ആണ്.

(സി) പ്രസ്തുത ജീവനക്കാർ സർവ്വകലാശാലയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിതരാകുന്നതിന് മുമ്പ് തങ്ങളുടെ മാതൃവകുപ്പിൽ നിന്നും കൈപ്പറ്റിയ ശമ്പളത്തിന്റെയും മറ്റാനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ?

1. ശ്രീ. രജീഷ് കെ. പി. മാതൃവകുപ്പിൽ നിന്നും കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ (ശമ്പള സ്കെയിൽ ₹ 39500-83000 (pre revised)

| | |
|---|---|
| Basic Pay | ₹ 44700/- |
| DA | ₹ 8940/- |
| HRA | ₹ 2500/- |

| | |
|---|---|
| CCA | 0 |
| Spl Allowance | 0 |
| Total | ₹ 56,140/- |

പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശ്രീ. രജീഷ് കെ.പി.-യുടെ പുതുക്കിയ അടിസ്ഥാന ശമ്പളം 01-03-2021 മുതൽ ₹ 62,200/- ആണ്. അദ്ദേഹത്തിന്റെ വാർഷിക വേതന വർദ്ധനവ് തീയതിയായ 01-12-2021 മുതൽ ₹ 63,700/- (ശമ്പള സ്കെയിൽ ₹ 55200-115300 എന്നിങ്ങനെയാണെന്ന് മാതൃവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.

2. ഡോ. സോണി ടി. എൽ.-ന്റെ 2022 ജനവരി മാസത്തെ ശമ്പളത്തിന്റെ വിശദാംശങ്ങൾ (ശമ്പള സ്കെയിൽ : Level 13 A (131400-217100).

| | |
|---|---|
| Basic Pay | ₹ 1,35,300/- |
| DA | ₹ 23,001/- |
| HRA | ₹ 10,000/- |
| CCA | 0 |
| Spl Allowance | 0 |
| Total | ₹ 1,68,301/- |

3. ഡോ. സാബു തോമസിന്റെ ലാസ്റ്റ് പേ സർട്ടിഫിക്കറ്റിലെ വിശദാംശങ്ങൾ.

| | |
|---|---|
| Basic Pay | Rs.109100/- |
| Da | Rs.37094/- |
| HRA | Rs.29457 |

4. ഡോ. അഭിലാഷ് പിള്ളയുടെ ലാസ്റ്റ് പേ സർട്ടിഫിക്കറ്റിലെ വിശദാംശങ്ങൾ

| | |
|---|---|
| Basic Pay | ₹ 1,09,100/- |
| Special pay | ₹ 7,000/- |
| DA | ₹ 37,094/- |
| HRA | ₹ 29,457/- |
| TA | ₹ 7,200/- |
| DA on TA | ₹ 2,448/- |
| Gross Salary | ₹ 1,92,299/- |

(ഡി) ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് അവർ മാതൃവകുപ്പിൽ കൈപ്പറ്റിയതിനേക്കാൾ ഉയർന്ന ശമ്പളത്തിനോ ശമ്പള സ്കെയിലിനോ അർഹതയുണ്ടോയെന്ന് വിശദമാക്കാമോ; 14-01-2021-ലെ

നം.ബി5/139/2020/ഉ.വി. കത്ത്, 17-08-2004-ലെ സ.ഉ.(പി) നം.377/2004/ധന നമ്പർ ഉത്തരവ് എന്നിവ സർവ്വകലാശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും ബാധകമല്ലേയെന്ന് വിശദമാക്കാമോ; മേൽ സർക്കാർ ഉത്തരവ്, കത്ത് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 144 അനുസരിച്ച് സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ കാലയളവിലെ ശമ്പള തുക ഡെപ്യൂട്ടേഷൻ അനുവദിക്കുന്ന അധികാരി ഫോറിൻ എംപ്ലോയറുമായി കൂടിയാലേചിച്ച് നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. 17-08-2004-ലെ സ.ഉ.(പി) നം.377/2004/ധന നമ്പർ ഉത്തരവ് സർവ്വകലാശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും ബാധകമാണ്. 14-01-2021-ലെ നം.ബി5/139/2020/ഉ.വി.വ. നമ്പർ കത്ത്, 17-08-2004-ലെ സ.ഉ.(പി) നം.377/2004/ധന നമ്പർ ഉത്തരവ് എന്നിവയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) 14-01-2021-ലെ നം.ബി5/139/2020/ഉ.വി. നമ്പർ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന ഏതെങ്കിലും ജീവനക്കാരന് മാതൃവകുപ്പിൽ കൈപ്പറ്റിയതിനേക്കാൾ ഉയർന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശമ്പളം, ശമ്പളസ്കെയിൽ എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഡോ. അഭിലാഷ് പിള്ളയുടെ പ്രാരംഭ ശമ്പളം സിൻഡിക്കേറ്റ് ഇനം നമ്പർ 2022.1444* തീരുമാനത്തിന്റെ വെളിച്ചത്തിൽ, അക്കാഡമിക് ലെവൽ 14-ലെ ശമ്പള സ്കെയിലായ 144200-218200-ൽ, rationalized entry pay (5) ₹ 1,62,300/- ആയി നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുമോയെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 144 പ്രകാരം ഡെപ്യൂട്ടേഷൻ കാലയളവിലെ ശമ്പളം ഫോറിൻ എംപ്ലോയറുമായി ആലോചിച്ച് നിജപ്പെടുത്താവുന്നതാണ്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അധ്യാപക നിയമനം

160 (5433) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശം നിയമനം നേടിയ വ്യക്തിയുടെ പേര്, നിയമനം ലഭിച്ച വകുപ്പ്, നിയമനപ്രക്രിയയുടെ രീതി, നിയമന പ്രക്രിയയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ പേര്, അവരുടെ വിദ്യാഭ്യാസ യോഗ്യത, അക്കാദമിക പരിചയം എന്നിവയുൾപ്പെടെ നൽകുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടത്തിയ അധ്യാപക നിയമനങ്ങളുടെ വിശദാംശം, നിയമനം നേടിയ വ്യക്തിയുടെ പേര്, നിയമനം ലഭിച്ച വകുപ്പ് എന്നിവ അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത നിയമനങ്ങളെല്ലാം നേരിട്ടുള്ളവയായിരുന്നു.

യു.ജി.സി. റെഗുലേഷനിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായാണ് അധ്യാപക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. 31-12-2019-ൽ ഇറങ്ങിയ വിജ്ഞാപനപ്രകാരം മാത്രം മൂവായിരത്തിലധികം അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ വിവിധ മേഖലകളിൽ അക്കാദമിക പരിചയമുള്ള നിരവധി അപേക്ഷകർ ഉൾപ്പെട്ടിട്ടുണ്ട്. യു. ജി. സി. റെഗുലേഷനിൽ നിഷ്കർഷിച്ച യോഗ്യതകളുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ ഉദ്യോഗാർത്ഥികളെയും നിയമനപ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ട്; എത്ര പരാതികളിൽ ആരോപണവിധേയർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനം സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിനും സർവ്വകലാശാലയിലും ലഭിച്ചിട്ടുണ്ട്. പരാതികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ സർവ്വകലാശാലയിൽ ലഭിച്ച പരാതികൾ വിശദമായി പരിശോധിച്ച് സർവ്വകലാശാല തലത്തിൽത്തന്നെ തീർപ്പാക്കിയിട്ടുണ്ട്. നിയമനപ്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ പ്രാഥമിക പരിശോധനയിൽ കഴമ്പുള്ളതായി കാണാത്തതിനാൽ അന്വേഷണ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ അസാപ് പരിശീലന കേന്ദ്രങ്ങൾ**

161 (5434) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പരിശീലന കേന്ദ്രങ്ങൾ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ കോഴ്സുകളാണ് ഇവിടെ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

5 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്കുമാണ് കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നത്. നിലവിൽ സജീവമായി നൈപുണ്യ പരിശീലന പരിപാടികൾ നടക്കുന്നത് ഹോസ്ദുർഗ്, ചെറുവത്തൂർ തുടങ്ങിയ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലും കാസർഗോഡ് ഗവൺമെന്റ് കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിലുമാണ്. ജില്ലയിൽ 2022-23 അക്കാദമിക വർഷം 482 വിദ്യാർത്ഥികൾ അസാപ് കമ്മ്യൂണിറ്റി സ്കിൽപാർക്ക് വഴിയും 704 വിദ്യാർത്ഥികൾ അസാപ്-ന്റെ മറ്റു പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നേടി.

നിലവിൽ സർട്ടിഫൈഡ് അക്കൗണ്ടിംഗ് ടെക്നീഷ്യൻ, കമ്മ്യൂണിറ്റി മൊബിലൈസർ, ഇന്റീരിയർ ഡിസൈൻ, എൻറോൾഡ് ഏജന്റ്, ആർട്ടിസിനൽ ബേക്കറി, ജി.എസ്.ടി യൂസിംഗ് ടാലി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, അഡ്വർടൈസിംഗ് ഡിസൈൻ, ടാലി എസൻഷ്യൽ കോമ്പ്രിഹെൻസീവ്, ബേസിക് പ്രൊഫിഷ്യൻസി ഇൻ ഇംഗ്ലീഷ്, വർക്ക് റെഡിനെസ് പ്രോഗ്രാം എന്നീ കോഴ്സുകളാണ് നടത്തിവരുന്നത്. മേല്പറഞ്ഞവ കൂടാതെ അസാപ് കേരള നടത്തി വരുന്ന മറ്റേത് കോഴ്സുകളും ട്രെയിനിംഗ് പാർട്ണറുകളുടെയും വിദ്യാർത്ഥികളുടെയും ലഭ്യതയനുസരിച്ച് ജില്ലയിൽ നടത്തപ്പെടുന്നതാണ്.

കാസർഗോഡ് വിദ്യാനഗറിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ഓപ്പറേറ്റിംഗ് പാർട്ണർ ലിങ്ക് നടത്തുന്ന മൈക്രോസോഫ്റ്റ് അസൂർ, മൈക്രോസോഫ്റ്റ് 365, ആമസോൺ വെബ് സർവ്വീസ് ഡെവലപ്പർ എന്നീ കോഴ്സുകൾ നടത്തി വരുന്നു.

(ബി) പിന്നാക്ക പ്രദേശമായ മഞ്ചേശ്വരം താലൂക്കിൽ ഉപ്പള, കുമ്പള, മഞ്ചേശ്വരം എന്നിവിടങ്ങളിൽ അസാപ് പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഹോസ്ദുർഗ്, ചെറുവത്തൂർ എന്നീ കേന്ദ്രങ്ങളിലാണ്. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാനഗറിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിലെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ അസാപ് പ്രവർത്തനങ്ങൾ**

162 (5435) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അസാപ് കേരള നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

ഈരാറ്റുപേട്ട പഞ്ചായത്തിലെ വനിതകൾക്കായി 2023 ഫെബ്രുവരി 22 മുതൽ 24 വരെ വർക്ക് റെഡിനെസ് പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. ഉദ്യോഗാർത്ഥികളെ തൊഴിലിടത്തിലേക്ക് ആത്മവിശ്വാസത്തോടെ കടന്നു ചെല്ലാൻ പ്രാപ്തരാക്കുന്ന ഈ പാഠ്യപദ്ധതിയിൽ 22 പേർ പങ്കെടുത്തു. വരും മാസങ്ങളിൽ കൂടുതൽ ബാച്ചുകൾക്ക് പരിശീലനം നൽകാൻ പദ്ധതിയുണ്ട്.

## ഉപേക്ഷിക്കപ്പെടുന്ന രോഗികളുടെ പുനരധിവാസം

163(5436) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ചശേഷം തിരികെ കൊണ്ടുപോകാത്ത രോഗികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഉപേക്ഷിക്കപ്പെടുന്നവരിൽ ഭൂരിഭാഗവും വയോജനങ്ങളാകയാൽ ഇവരുടെ പുനരധിവാസം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽത്തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാരുടെ സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ദുർബ്ബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മേൽ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ

സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തരം സ്ഥാപനങ്ങളിൽ പുനരധിവസിക്കപ്പെടുന്നവർക്കാണ് പ്രസ്തുത പദ്ധതിപ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ആലോചിക്കുന്നതിനായി 20-12-2022-ൽ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു ഉന്നതതല യോഗം ചേരുകയും സർക്കാർ അല്ലെങ്കിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## അംഗപരിമിതരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

164 (5437) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകളെക്കാൾ ഇരുപത് ശതമാനം അധികം തുക അംഗ പരിമിതരുടെ പെൻഷനായി നൽകണമെന്ന് ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2016-ലെ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ്-ലെ 24(1) പ്രകാരം ഭിന്നശേഷി പെൻഷൻ മറ്റു പെൻഷനുകളെക്കാൾ 25% കൂടുതലായി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പ് 24(1)-ൽ സർക്കാരിന്റെ സാമ്പത്തികശേഷികൂടി കണക്കിലെടുത്തുവേണം ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കേണ്ടതെന്നും പ്രതിപാദിക്കുന്നുണ്ട്. എൻ.എസ്.എ.പി. മാർഗ്ഗനിർദ്ദേശപ്രകാരം ഭിന്നശേഷി പെൻഷൻ കേന്ദ്രസഹായം 300/- രൂപയാണെങ്കിൽ സംസ്ഥാനത്ത് ഇത് 1600/- രൂപയാണ്. കൂടാതെ, സംസ്ഥാനത്ത് ഭിന്നശേഷി പെൻഷൻ

ലഭിക്കുന്നവർക്ക് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു സാമൂഹ്യ സുരക്ഷാ /ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) അംഗ പരിമിതർക്ക് വൈകല്യത്തിന്റെ ശതമാനമനുസരിച്ച് പെൻഷൻ നൽകുന്ന രീതി സംസ്ഥാനത്തുണ്ടായിരുന്നോ; എങ്കിൽ അത് അവസാനിപ്പിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

40 ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്കാണ് ഭിന്നശേഷി പെൻഷന് അർഹത. മേൽപ്പറഞ്ഞ ഭിന്നശേഷി പെൻഷൻ കുറഞ്ഞ നിരക്കായിരുന്ന സമയത്ത് 80 ശതമാനവും അതിന് മുകളിലും വൈകല്യമുള്ളവർക്ക് ഭിന്നശേഷി പെൻഷൻ ഉയർന്ന നിരക്കിൽ നൽകിയിരുന്നു. 21-02-2018 മുതൽ ഇത് 1,300/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. 01-04-2020 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 1,300/- രൂപയായി വർദ്ധിപ്പിച്ച് ഏകീകൃതമാക്കി. (75 വയസ്സിനു മുകളിൽ പ്രായമുള്ള വാർദ്ധക്യകാല പെൻഷൻകാർക്ക് 1,500/- രൂപ നിരക്കിൽ മുമ്പുമുതലേ ലഭിച്ചിരുന്നത് തുടർന്നും ലഭിച്ചിരുന്നു.) തുടർന്നുവന്ന സാമൂഹ്യസുരക്ഷാ പെൻഷൻ വർദ്ധനവുകളെല്ലാംതന്നെ ഏകീകൃതമായാണ് നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ എല്ലാത്തരം സാമൂഹ്യസുരക്ഷാ

പെൻഷനുകളും 1,600/- രൂപയെന്ന ഏകീകൃത നിരക്കിലാണ് നൽകിവരുന്നത്.

(സി) അംഗ പരിമിതരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

165 (5438) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽനിന്നും ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ

ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അഞ്ച് വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.

2. കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

5. സ്ഥിരമായി സ്പീച്ച് തെറാപ്പി നടത്താൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.

6. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. ആയത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(ബി) അഞ്ച് വയസ്സിന് മുകളിലുള്ള കുട്ടികൾക്കും മുതിർന്നവർക്കും ശ്രവണ സഹായികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ 5 വയസ്സിന് മുകളിൽ പ്രായമുള്ള കേൾവി ശക്തിക്ക് തകരാർ സംഭവിക്കുകയും കോക്ലിയാർ ഇംപ്ലാന്റേഷൻ ആവശ്യമായവരുമായ നിർദ്ധനരായ രോഗികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് സർക്കാർ നിരക്കിൽ വി-കെയർ പദ്ധതി വഴി വാങ്ങാനുള്ള ധനസഹായം അനുവദിക്കുന്നുണ്ട്.

5 വയസ്സിന് മുകളിലുള്ള കുട്ടികൾക്കും മുതിർന്നവർക്കും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ശ്രവണ സഹായികൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ADIP പദ്ധതി വഴി 5 വയസ്സിന് മുകളിലുള്ള ശ്രവണ പരിമിതിയുള്ള കുട്ടികൾക്കും അംഗപരിമിതർക്കും ശ്രവണ സഹായികൾ നിഷ് മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

## സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നൽകാൻ പ്രത്യേക പദ്ധതി

166 (5439) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ ഏറ്റവും കൂടുതൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സമൂഹത്തിൽ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കുംവേണ്ടി വനിത-ശിശുവികസനം, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് മേൽ സൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ടവർക്കായി ഗൈഡൻസ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കുംവേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വച്ചുകൊണ്ട് വനിത ശിശുവികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിത കമ്മീഷന്റെ സഹായത്തോടെ ജാഗ്രതാ സമിതികൾ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിച്ചുവരുന്നു. വാർഡുതല ജാഗ്രതാ സമിതിയുടെ കൺവീനർ അങ്കണവാടി വർക്കറും പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ കൺവീനർ ഐ.സി.ഡി.എസ്. സൂപ്പർവൈസറുമാണ്. സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഢനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി, സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ജൻഡർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയങ്ങളെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി പീഢനങ്ങൾ,

ഗാർഹികാതിക്രമങ്ങൾ, സ്ത്രീധന പീഢനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ സേവനങ്ങൾ, ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവത്ക്കരിക്കാനും വേണ്ട സഹായം ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും, പരിരക്ഷയും ലഭ്യമാക്കുന്നതിനും അവർക്ക് സൗജന്യ നിയമ സഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം മറ്റ് സേവനങ്ങൾ എന്നിവ വേണ്ടതുണ്ടെങ്കിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി വനിത സഹായ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഉത്തരവാദിത്തപൂർണ്ണമായ രക്ഷാകർതൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്കിടയിൽ ശരിയായ അവബോധം സൃഷ്ടിക്കുവാനും പാരന്റിംഗിൽ ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലുമായി ആകെ

158 പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. പാരന്റിംഗ് ക്ലിനിക്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്തുതലങ്ങളിൽ പാരന്റിംഗ് ഔട്ട്റീച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുകയും മാതാപിതാക്കൾക്ക് പാരന്റിംഗ് സംബന്ധിച്ച ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിലവിലെ മാർഗ്ഗരേഖയിൽ ലിംഗപദവിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനും വിവിധ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും ജെൻഡർ അനുബന്ധ ഇടപെടലുകൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ജെൻഡർ റിസോഴ്സ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണെന്നും ജാഗ്രതാ സമിതി, ജി.ആർ.സി. തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഫെസിലിറ്റേറ്റ് ചെയ്യുന്നതിനുമായി വിമൻ സ്റ്റഡീസ്/ജെൻഡർ സ്റ്റഡീസ്, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദമുള്ള ഒരു വനിതയെ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററായി നിയോഗിക്കാവുന്നതാണെന്നും വ്യവസ്ഥ

ചെയ്തിട്ടുള്ളതാണ്. ആയതുപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ജെൻഡർ റിസോഴ്സ് സെൻ്ററുകളും ജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) മുതിർന്ന പൗരന്മാരുടെ വസ്തുവകകൾ ഭാഗം വച്ചെടുത്തശേഷം അവരുടെ സംരക്ഷണം ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായാൽ പ്രസ്തുത വസ്തുവകകൾ തിരികെ നൽകുന്നതിന് ശക്തമായ നിയമ നിർമ്മാണം നടത്തുമോ?

മുതിർന്ന പൗരന്മാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനായുള്ള MWPSC ആക്ട് 2007-ലെ സെക്ഷൻ 23-ൽ മുതിർന്ന പൗരന്മാരുടെ സ്വത്ത് കൈമാറ്റം അസാധുവാകുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്ഷൻ 23(1) പ്രകാരം മാതാപിതാക്കളുടെ സ്വത്ത് കൈമാറ്റം ചെയ്തുകിട്ടിയ ആൾ, അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതിക ആവശ്യങ്ങളും നൽകിക്കൊള്ളാമെന്ന വ്യവസ്ഥയിന്മേൽ ഏതെങ്കിലും മുതിർന്ന പൗരൻ അയാളുടെ സ്വത്ത് സമ്മാനമായോ, മറ്റു വിധത്തിലോ കൈമാറ്റം ചെയ്യുകയും അങ്ങനെ കൈമാറ്റം കിട്ടിയ ആൾ അങ്ങനെയുള്ള സുഖസൗകര്യങ്ങളും ഭൗതിക ആവശ്യങ്ങളും നൽകുന്നത് നിരസിക്കുകയോ അതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ പ്രസ്തുത സ്വത്ത് കൈമാറ്റം വഞ്ചനാ

പൂർവ്വകമായോ ഭീഷണി മൂലമോ അനുചിതമായ സ്വാധീനത്താലോ ഉണ്ടാക്കിയതായി കരുതപ്പെടുകയും കൈമാറ്റം നൽകിയ ആളുടെ ഇച്ഛയനുസരിച്ച് ട്രൈബ്യൂണലിന് അസാധുവായി പ്രഖ്യാപിക്കുകയും ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വി കെയർ പദ്ധതി**

167 (5440) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി കെയർ പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം എത്ര പേർക്കായി എത്ര കോടി രൂപയാണ് ചികിത്സാ ധനസഹായം അനുവദിച്ചതെന്ന് അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷം 99 ഗുണഭോക്താക്കൾക്കായി 2,79,13,546/- രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) 2022 ഡിസംബർ മാസം വരെ ലഭിച്ച എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ; ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി ധനസഹായം അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ വി കെയർ പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ 322 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. വി കെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിച്ചാണ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷയിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വി കെയർ പദ്ധതി

168(5441) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹായമർഹിക്കുന്ന മുഴുവൻ ആളുകൾക്കും കൈത്താങ്ങാകാൻ കഴിയുംവിധം സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനം പരിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സഹായമർഹിക്കുന്ന ആളുകൾക്ക് കൈത്താങ്ങാകാൻ കഴിയുംവിധം കേരള സാമൂഹ്യസുരക്ഷാ മിഷൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വി കെയർ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

വി കെയർ പദ്ധതിയുടെ പുരോഗതി സാമൂഹ്യസുരക്ഷാ മിഷന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്.

(സി) വി കെയർ പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അപേക്ഷകൾ വി കെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിച്ചാണ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വി കെയർ പദ്ധതിയിലേയ്ക്കുള്ള ധനസമാഹരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇതിലേക്ക് ധനസമാഹരണം നടത്തുന്നതിന് തദ്ദേശ, സഹകരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വി കെയർ പദ്ധതി മുഖേന ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം ലഭിക്കുന്നില്ല. വിവിധ സർക്കാർ-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ ഏജൻസികൾ എന്നിവയിലൂടെ ലഭിക്കുന്ന സംഭാവനകൾ മുഖേനയാണ് വി കെയർ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി വി കെയർ പേമെന്റ് ഗേറ്റ്വേ സംവിധാനം നിലവിലുണ്ട്. നിലവിൽ ധനസമാഹരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരമുള്ള ഒരു സ്റ്റാർട്ടപ്പ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. CEO മീറ്റ് നടത്തുക, CSR ഫണ്ട് സമാഹരിക്കുക, വി കെയർ പേമെന്റ് ഗേറ്റ് വേ വഴി സംഭാവന നൽകാൻ കഴിയുന്നവരിലേയ്ക്ക് പദ്ധതിയുടെ വിവരങ്ങൾ എത്തിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. എൻ.എസ്.എസ്.-എൻ.സി.സി. വോളന്റിയർമാരുടെ സഹകരണത്തോടെ കേരളത്തിലെ വിവിധ കലാലയങ്ങളിൽ ധനസമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കിവരുന്നു.

(ഇ) പ്രസ്തുത പദ്ധതിയുടെ ധനവിനിയോഗമടക്കമുള്ള കാര്യങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സുതാര്യ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വി കെയർ പദ്ധതി സുതാര്യമായ രീതിയിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പരിഗണനയിലാണ്.

**ഭിന്നശേഷിക്കാർക്കുള്ള മുച്ചക്രവാഹനം പദ്ധതി**

169 (5442) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടും സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള ഫണ്ടും ഉപയോഗിച്ച് ഭിന്നശേഷിക്കാരായവർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 2018 വരെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തിരുന്നു. ഇപ്പോൾ പ്രസ്തുത പദ്ധതിക്കായി

എം.എൽ.എ. ഫണ്ട് അനുവദിക്കുന്നില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മുമ്പ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായി ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്

നിലവിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഭിന്നശേഷിക്കാർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങൾ സൗജന്യമായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

170 (5443) ഡോ. കെ. ടി. ജലീൽ:
ശ്രീ വി. ജോയി:
ശ്രീ. ടി. ഐ. മധുസൂദനൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതി മുടങ്ങിയെന്ന് വ്യാപകമായി പ്രചരിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് പ്രസ്തുത പദ്ധതിവഴി ആനുകൂല്യം ലഭ്യമാക്കുന്നത്; കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. തീവ്രമായ ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

സാമൂഹ്യനീതി വകുപ്പിന്റെ 11-10-2012-ലെ 60/2012 നമ്പർ ഉത്തരവു പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന

ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്കുപുറമെ 100% അന്ധത, പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായ സാഹചര്യം സംജാതമാകുകയും ചെയ്തു.

(ബി) പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കാൻ ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക, വിതരണം ചെയ്ത തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിൽ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 പേരിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 4 മാസത്തെയും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ധനസഹായം ബാങ്ക് മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

രണ്ടാം ഗഡുവായി അനുവദിച്ച 15 കോടി രൂപ ഉപയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 37950 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

171 (5444) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവരിൽനിന്നും പുതിയ വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രുവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം (കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി). പദ്ധതി ഗുണഭോക്താക്കളെ സാമ്പത്തിക വർഷം തിരിച്ചാണ് തെരഞ്ഞെടുക്കുന്നത്. 24-10-2022 മുതൽ 31-01-2023 വരെ ലഭിച്ച 29 അപേക്ഷകൾ 02-02-2023-ന് കൂടിയ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് 22 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽ 22 ഗുണഭോക്താക്കൾക്ക് കോക്ലിയാർ ഇംപ്ലാന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ആയത് അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുമോ?

പദ്ധതിയുടെ സ്റ്റേ ലെവൽ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് തുടർനടപടിക്രമങ്ങൾ കഴിഞ്ഞാൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകി 14 ദിവസത്തിനുള്ളിൽ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രികളിൽ എത്തിക്കുകയും ആശുപത്രി നടപടിക്രമങ്ങൾ പൂർത്തിയാക്കി സർജറി നടത്തുകയുമാണ് ചെയ്തുവരുന്നത്.

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വ്യാഖ്യാതാവിന്റെ സേവനം**

172 (5445) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകൾ എഴുതുവാൻ തയ്യാറെടുക്കുന്ന ഭിന്നശേഷിക്കാരായ സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിനായി സഹായിയുടെയോ വ്യാഖ്യാതാവിന്റെയോ സേവനം ആവശ്യമായിവരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സമഗ്ര ശിക്ഷ കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പൊതുപരീക്ഷ എഴുതുന്ന അർഹതയുള്ള കുട്ടികൾക്ക് വ്യാഖ്യാതാവായി പ്രവർത്തിച്ചുവരുന്നു.

(ബി) എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി പരീക്ഷകളിൽ വ്യാഖ്യാതാവായി സേവനമനുഷ്ഠിക്കുന്ന വിവിധ ബി.ആർ.സി.-കളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് 2023 മാർച്ച് 1 മുതൽ സമഗ്ര ശിക്ഷാ കേരള റെസിഡൻഷ്യൽ ട്രെയിനിംഗ് സംഘടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 2023 ഫെബ്രുവരി 27 ന് ആരംഭിക്കുന്ന മോഡൽ പരീക്ഷകൾക്ക് അവരുടെ സേവനം മേൽപ്പറഞ്ഞ കുട്ടികൾക്ക് ലഭിക്കാതെ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാർച്ച് 9-ന് ആരംഭിക്കുന്ന എസ്.എസ്.എൽ.സി., ഹയർസെക്കൻഡറി പരീക്ഷകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഈ അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി & സി) പൊതുപരീക്ഷയ്ക്കും മോഡൽ പരീക്ഷയ്ക്കും വ്യാഖ്യാതാവായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ആയതിന് തടസ്സമുണ്ടാകാതെ പരിശീലനം പൂർത്തീകരിക്കുന്നതിന്

നിലവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാധിക്കും. പരീക്ഷയിൽ വ്യാഖ്യാതാവായി പ്രവർത്തിക്കുന്ന സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് തടസ്സം വരാത്ത വിധത്തിൽ പരിശീലനം ക്രമപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫംഗ്ഷണൽ അസ്സസ്മെന്റ്**

173(5446) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>

<u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗക്കാർക്കുള്ള നിയമനങ്ങളിൽ ഫംഗ്ഷണൽ അസ്സസ്മെന്റ് നടത്തി യോഗ്യത നിർണ്ണയിക്കുന്നതുമൂലം കൂടുതൽ വൈകല്യമുള്ളവർ പ്രത്യേകിച്ച് കാഴ്ചവൈകല്യമുള്ളവർ ഭൂരിഭാഗം തസ്തികകളിലെ നിയമനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഭിന്നശേഷി വിഭാഗക്കാർക്കുള്ള നിയമനങ്ങളിൽ ഫംഗ്ഷണൽ അസ്സസ്മെന്റ് നടത്തി യോഗ്യത നിർണ്ണയിക്കുന്നതുമൂലം കൂടുതൽ വൈകല്യമുള്ളവർ ഭൂരിഭാഗം തസ്തികകളിലെ നിയമനത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാനിടയില്ല.

കേന്ദ്ര സർക്കാർ 04-01-2021-ൽ പുറപ്പെടുവിച്ചിട്ടുള്ള 38-16/82020-DD III നമ്പർ നോട്ടിഫിക്കേഷനിൽ ക്രമ നം. 8-ൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണ പ്രകാരം നിയമനം നൽകുമ്പോൾ ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ ആധികാരികതയുടെയും ഓരോ തസ്തികയിലെയും Functional Requirement-ന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥിയുടെ സ്യൂട്ടബിലിറ്റിയും പരിശോധിക്കുന്നത് ഉചിതമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

1995-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം 31 തസ്തികകളാണ് കാഴ്ച വൈകല്യമുള്ളവർക്ക് ഭിന്നശേഷി സംവരണത്തിന് അനുയോജ്യമായി കണ്ടെത്തിയിരുന്നത്. എന്നാൽ 28-10-2022-ലെ G.O.(P) No.7/2022/SJD നമ്പർ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിലെ 109 തസ്തികകൾ കാഴ്ച വൈകല്യമുള്ളവർക്ക് സംവരണത്തിന് അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. RPwD Act 2016, വകുപ്പ് 33 പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി ഡയറക്ടർ ചെയർപേഴ്സണായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 2

കമ്മിറ്റികളിലും എല്ലാ ഭിന്നശേഷി മേഖലയിൽനിന്നുള്ള വിദഗ്ധർ ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ എക്സ്പെർട്ട് കമ്മിറ്റിയിൽ ഭിന്നശേഷി മേഖലയിലെ പ്രമുഖ സംഘടനകളുടെ പ്രാതിനിധ്യവുമുണ്ട്. എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം സ്വരൂപിച്ച് NISH തയ്യാറാക്കുന്ന functionality മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ച ശേഷം, പൊതുജനങ്ങളുടെയും, സംഘടനകളുടെയും, ബന്ധപ്പെട്ട വകുപ്പുകളുടെയും അഭിപ്രായത്തിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് അപ്രകാരം സ്വരൂപിക്കുന്ന അഭിപ്രായങ്ങൾ വീണ്ടും മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച ശേഷമാണ് കരട് ശിപാർശകൾ എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. വിശദമായ ചർച്ചകൾക്കും പരിശോധനയ്ക്കും ശേഷം മാത്രമാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ബി) ഇത്തരത്തിലുള്ള വേർതിരിവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന്; വ്യക്തമാക്കുമോ?

ഏതെങ്കിലും വിഭാഗം ഭിന്നശേഷിക്കാരെയോ കാഴ്ച വൈകല്യമുള്ളവരെയോ ഭിന്നശേഷി സംവരണത്തിൽനിന്നും ഒഴിവാക്കുന്ന തരത്തിലുള്ള വേർതിരിവില്ല. എല്ലാ ഭിന്നശേഷി മേഖലയിൽ നിന്നുള്ള

വിദഗ്ദ്ധരുടെയും വിവിധ വകുപ്പുകളുടെയും എക്സ്പെർട്ട് കമ്മിറ്റിയിലുള്ള ഭിന്നശേഷി മേഖലയിലെ പ്രമുഖ സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം സ്വരൂപിച്ച ശേഷമാണ് എക്സ്പെർട്ട് കമ്മിറ്റി ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഒരു തരത്തിലുള്ള വേർതിരുവുകളോ കാഴ്ച വൈകല്യമുള്ളവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരെ പ്രത്യേകമായി സംവരണത്തിൽ നിന്നും ഒഴിവാക്കുന്ന തരത്തിലുള്ള നടപടികളോ ഇല്ല. മറിച്ച്, തസ്തികകളുടെ സ്വഭാവമനുസരിച്ച് പരമാവധി ഭിന്നശേഷിക്കാർക്ക് സംവരണം ഉറപ്പുവരുത്തുന്ന തരത്തിലാണ് ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തകകൾ കണ്ടെത്തുന്നത്.

## നിരാമയ ഇൻഷുറൻസ്, ലീഗൽ ഗാർഡിയൻഷിപ് പദ്ധതികൾ

174 (5447) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള നിരാമയ ഇൻഷുറൻസ്, ലീഗൽ ഗാർഡിയൻഷിപ് എന്നീ ആനുകൂല്യങ്ങൾ

നടപ്പിലാക്കാൻ 2235-02-101-66 എന്ന ശീർഷകത്തിൽ 2023-24 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി 2022-23-ലെ ബഡ്ജറ്റിൽ എത്ര കോടി രൂപയായിരുന്നു അനുവദിച്ചിരുന്നതെന്ന് അറിയിക്കാമോ?

2.20 കോടി രൂപയായിരുന്നു അനുവദിച്ചിരുന്നത്.

(സി) 2023-24 വർഷത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ മുൻ വർഷത്തെ അപേക്ഷിച്ച് ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുൻ വർഷത്തെ പദ്ധതി വിഹിതം 2.20 കോടി രൂപയായിരുന്നു. 2023-24 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനെ ഇത് ബാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

## ബഡ്സ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം

175 (5448) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ കുട്ടികളുടെ മിനിമം എണ്ണം എത്രയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

25-03-2013-ലെ സ.ഉ. (കൈ) നം.28/2013/സ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് സ്ഥാപനങ്ങളിൽ കുറഞ്ഞത് 20 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം.

(ബി) 18 വയസ്സിൽ താഴെയുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം 20-ൽ കുറഞ്ഞാൽ സ്കൂളുകളുടെ രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കുട്ടികളുടെ മിനിമം എണ്ണം കുറച്ചുകൊണ്ട് ഇത്തരം സ്കൂളുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാമൂഹ്യനീതി വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം 20-ൽ കുറഞ്ഞാൽ സ്കൂളുകൾക്ക് രജിസ്ട്രേഷൻ നിലവിൽ നൽകിവരുന്നില്ല. രജിസ്ട്രേഷൻ ലഭിച്ച്

പ്രവർത്തിച്ചിരുന്ന പല ബഡ്സ് സ്ഥാപനങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുള്ളതിനാൽ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല. ആയതിനാൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയം കുട്ടികളുടെ എണ്ണം 20-ൽ കുറവു വന്നാൽപോലും ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന്, രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്ന വിഷയം സാമൂഹ്യനീതി വകുപ്പ് മുഖേന പരിശോധിച്ച് വരികയാണ്.

**വയോജന ക്ലബുകൾ**

176 (5449) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വയോജന ക്ലബുകൾ രൂപീകരിക്കുന്നതിനും വയോജന ഗ്രാമസഭകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വയോജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വയോജന സംരക്ഷണത്തിനും ക്ഷേമത്തിനുമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വയോജന ക്ലബ്ബുകളുടെ രൂപീകരണം, വയോജന ഗ്രാമസഭകളുടെ നടത്തിപ്പ് എന്നിവ നിർവ്വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കേരള സാമൂഹ്യസുരക്ഷ മിഷൻ സംസ്ഥാനത്തെ വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട നഗരസഭകളുമായി ചേർന്നുകൊണ്ട് വയോമിത്രം പദ്ധതിയിലൂടെ വയോജന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ (സ.ഉ. (കൈ)നം.84/2022/തസ്വഭവ തീയതി 19-04-2022) ഖണ്ഡിക 3.2. പ്രകാരം പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭ യോഗങ്ങൾ ചേരണം എന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.

പ്രസ്തുത പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 6.5(2)-ൽ സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി മൂന്ന് വീതം വയോ ക്ലബ്ബുകൾ (പകൽസമയത്ത് പ്രവർത്തിക്കുന്ന വിശ്രമ വിനോദ കേന്ദ്രങ്ങൾ) വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ

കഴിയുന്ന സ്ഥലത്ത് ഗ്രാമ പഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്നും ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം വയോജനങ്ങൾക്ക് ശാരീരിക, മാനസിക, സാംസ്കാരിക പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകിക്കൊണ്ട് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നുണ്ട്. പകൽവീടുകൾ, വയോജന പരിപാലന കേന്ദ്രം, വയോക്ലബുകൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കുന്നത്തുനാട് മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ

177 (5450) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിലവിലുള്ള ബഡ്സ് സ്കൂളുകൾ ഏതൊക്കെയാണ്; പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം, ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ 3 ബഡ്സ് സ്കൂളുകളും, ഒരു ബി.ആർ.സി.-യും പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ബഡ്സ്/ബി.ആർ.സി.-കളുടെ പേര് | ആകെ കുട്ടികൾ | സ്റ്റാഫ് വിവരങ്ങൾ | ഭൗതിക സാഹചര്യങ്ങൾ |
|---|---|---|---|---|
| 1 | കുന്നത്തുനാട് ബഡ്സ് സ്കൂൾ | 62 | ടീച്ചർ-4<br>ആയ-3<br>കുക്ക്-1<br>ഡ്രൈവർ-2<br>ഡാൻസ് ടീച്ചർ-1<br>തെറാപ്പിസ്റ്റ്-1 | സ്ഥലം-10 സെന്റ്<br>കെട്ടിടം-2556 ചതുരശ്ര അടി<br>ടോയ്‌ലറ്റ്-7<br>ക്ലാസ്സ് റൂം-6<br>തെറാപ്പി റൂം-1<br>കിച്ചൺ-1<br>സ്റ്റോർ റൂം-1<br>ഡൈനിംഗ് റൂം-1<br>സ്കൂൾ ബസ്സ്-2 |

| | | | | |
|---|---|---|---|---|
| 2 | മഴവന്നൂർ ബഡ്സ് സ്കൂൾ | 48 | ടീച്ചർ-2<br>ആയ-2<br>കുക്ക്-1<br>ഡ്രൈവർ-1<br>തെറാപ്പിസ്റ്റ്-2 | സ്ഥലം-15 സെന്റ്<br>കെട്ടിടം-932<br>ചതുരശ്ര അടി<br>ടോയ്ലറ്റ്-2<br>ക്ലാസ്സ് റൂം-2<br>ഹാൾ-1<br>കിച്ചൺ-1<br>സ്കൂൾ ബസ്സ്-1 |
| 3 | കിഴക്കമ്പലം ബഡ്സ് സ്കൂൾ | 40 | ടീച്ചർ-2<br>ആയ-2<br>കുക്ക്-1<br>ഡ്രൈവർ-1<br>തെറാപ്പിസ്റ്റ്-1 | സ്ഥലം-25 സെന്റ്<br>കെട്ടിടം-2800<br>ചതുരശ്ര അടി<br>ടോയ്ലറ്റ്-2<br>ക്ലാസ്സ് റൂം-3<br>തെറാപ്പി റൂം-1<br>കിച്ചൺ-1<br>സ്കൂൾ ബസ്സ്-2 |
| 4 | വടവുക്കോട്-പുത്തൻ കുരിശ് (ബി.ആർ.സി.) | 20 | ടീച്ചർ-1<br>ആയ-2 | സ്ഥലം-10 സെന്റ്<br>കെട്ടിടം-2200<br>ചതുരശ്ര അടി<br>ടോയ് ലറ്റ്-2<br>ക്ലാസ്സ് റൂം-3<br>തെറാപ്പി റൂം-1<br>കിച്ചൺ-1<br>ഡൈനിംഗ് റൂം-1 |

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്, പൂതൃക്ക ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പുതുതായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ആശ്വാസ കിരണം പദ്ധതി**

178 (5451) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ആശ്വാസ കിരണം പദ്ധതിയിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി) അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആശ്വാസ കിരണം പദ്ധതിയിൻകീഴിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം

179 (5452) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിന്റെ വിവരങ്ങൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിന്റെ വിവരങ്ങൾ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | വർഷം | എണ്ണം |
|---|---|---|---|
| 1 | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 2018<br>2019 | 6<br>1 |
| 2 | സീനിയർ സൂപ്രണ്ട് | 2018<br>2019<br>2020 | 3<br>1<br>1 |
| 3 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I | 2018<br>2019 | 10<br>4 |
| 4 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -III | 2018 | 2 |

| | | | |
|---|---|---|---|
| 5 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II | 2022 | 7 |
| 6 | ജൂനിയർ സൂപ്രണ്ട് | 2018<br>2021 | 6<br>3 |
| 7 | ഹെഡ് അക്കൗണ്ടന്റ് | 2018<br>2019<br>2020<br>2021<br>2022 | 20<br>1<br>5<br>2<br>5 |
| 8 | ക്ലർക്ക്/ സീനിയർ ക്ലർക്ക് / ക്ലർക്ക് ടൈപ്പിസ്റ്റ് | 2018<br>2019<br>2020<br>2021<br>2022 | 48<br>44<br>4<br>4<br>9 |
| 9 | ടൈപ്പിസ്റ്റ് | 2018 | 15 |
| 10 | കുക്ക് | 2018 | 3 |
| 11 | ഓഫീസ് അറ്റൻഡന്റ്/ വാച്ച്മാൻ | 2018<br>2021<br>2022 | 30<br>12<br>2 |
| 12 | ഡ്രൈവർ | 2018 | 5 |

(ബി) വകുപ്പിൽ ഓൺലൈനായി പൊതു സ്ഥലംമാറ്റം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പൊതു സ്ഥലംമാറ്റം എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

വകുപ്പിൽ ഓൺലൈനായി പൊതു സ്ഥലംമാറ്റം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഓൺലൈനായി അല്ലാതെ സ്ഥലംമാറ്റം അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം, സ്ഥലംമാറ്റം നടത്തിയ തസ്തിക, അനുബന്ധ വിവരങ്ങൾ എന്നിവയുടെ വിശദാംശം നൽകാമോ?

ഉണ്ട്. സീനിയർ ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സൂപ്രണ്ട് ഗ്രേഡ്-I, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നീ തസ്തികകളിൽ ജീവനക്കാരുടെ രോഗാവസ്ഥയെ അനുകമ്പാപൂർവ്വം പരിഗണിച്ചുകൊണ്ടും ഉദ്യോഗക്കയറ്റ നിയമനത്തിലൂടെയുണ്ടാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിലും സ്ഥലംമാറ്റം അനുവദിച്ച് നൽകിയിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതി

180 (5453) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ്

പദ്ധതിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം എത്ര രൂപയാണ് വേണ്ടിവരുന്നത്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ രൂപീകരണത്തിനായി മൊത്തം 25 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ആയതുപ്രകാരം കാസർഗോഡ് ജില്ലാ കളക്ടറുടെ പക്കലുണ്ടായിരുന്ന 5 കോടി രൂപ വിനിയോഗിച്ച് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് അനുമതി നൽകി 25-10-2017-ലെ സ.ഉ.(സാധാ) നം.708/2017/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ബി) നിലവിൽ എത്ര രൂപയുടെ പ്രവൃത്തിയാണ് നടന്നുവരുന്നത്; വിശദാംശം അറിയിക്കാമോ?

മേൽപ്പറഞ്ഞ 5 കോടി രൂപ വിനിയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിച്ചുവരുന്നത്. പ്രസ്തുത ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും, ഹൈഡ്രോ തെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്.

(സി) ഇനി എത്ര തുക കണ്ടെത്തേണ്ടിവരും; ഇതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച് സൈറ്റ് എഞ്ചിനീയർ തയ്യാറാക്കിയ 26,10,00,000/- രൂപയുടെ (ഇരുപത്തിയാറ് കോടി പത്ത് ലക്ഷം രൂപ മാത്രം) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിൽ മെയിൻ ബ്ലോക്ക്, ഫിസിയോ തെറാപ്പി/ഒക്കുപേഷണൽ തെറാപ്പി ബ്ലോക്ക്, സ്പീച്ച് തെറാപ്പി/ബിഹേവിയറൽ തെറാപ്പി ബ്ലോക്ക്, എൻട്രി & ഡൈനിംഗ് തെറാപ്പി ബ്ലോക്ക്, മാനുഫാക്ചർ & ബൗണ്ടറി സ്റ്റോൺ, ബാർബൈഡ് വയർ ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയ്ക്കായുള്ള ബാക്കി തുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

## പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്ക്

181 (5454) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്കിന്റെ പ്ലാൻ, എസ്റ്റിമേറ്റ് മുതലായ മുഴുവൻ രേഖകളും സമർപ്പിച്ചിട്ടും നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുമോ?

2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ വിനിയോഗിച്ച് പറവൂർ മണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി, എന്നാൽ ബജറ്റ് വിഹിതത്തിലുണ്ടായ കുറവ് കാരണം 37.5 ലക്ഷം രൂപയാണ് നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയത്. മുഴുവൻ തുകയും അനുവദിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചില്ല. നിലവിലെ നിരക്കുകൾ പ്രകാരം 70 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ആയതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. മുഖേന വിനോദസഞ്ചാര യാത്രകൾ**

182 (5455) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. മുഖേന വിനോദസഞ്ചാര യാത്രകൾ നടപ്പാക്കിയതിന് ജനങ്ങളിൽനിന്ന് നല്ല പ്രതികരണം ഉണ്ടാകുന്ന സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളേയും വിനോദസഞ്ചാര കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ടൂർ പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളെയും വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ മറ്റെല്ലാ ജില്ലകളിൽ നിന്നും ടൂർ പാക്കേജുകൾ ക്രമീകരിക്കുന്നുണ്ട്.

നിലവിൽ നാലമ്പല ദർശനം, ഗുരുവായൂർ ക്ഷേത്രം, വടക്കുംനാഥ ക്ഷേത്രം എന്നിവിടങ്ങളിലേക്കും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ ആതിരപ്പള്ളി, മലക്കപ്പാറ, വാഴച്ചാൽ എന്നീ സ്ഥലങ്ങളിലേക്കും ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. കൂടുതൽ പാക്കേജുകൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പുലിയന്നൂർ പാലത്തിനുസമീപം നിരന്തരമായുണ്ടാകുന്ന വാഹനാപകടം ഒഴിവാക്കാൻ നടപടി

183 (5456) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയിൽ പാലാ പുലിയന്നൂർ പാലത്തിനുസമീപം നിരന്തരമായി വാഹനാപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വാഹനാപകടം ഒഴിവാക്കാൻ ശാസ്ത്രീയപഠനം നടത്തി പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) തുടർച്ചയായ വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സംയുക്ത പരിശോധന നടത്തിയിട്ടില്ല.

**ടോറസ് മാതൃകയിലുള്ള വാഹനങ്ങൾക്ക് നിയന്ത്രണം**

184 (5457) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോറസ് മാതൃകയിലുള്ള വാഹനങ്ങൾ റോഡ് ഗതാഗതത്തിന് എന്തെങ്കിലും തരത്തിലുള്ള അപകടങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങൾ ഭാരം കയറ്റി പോകുന്ന സമയത്ത് ബാലൻസ് ലഭിക്കാൻ വേണ്ടി റോഡിന് നടുവിലൂടെ സഞ്ചരിക്കുന്നതിനാൽ മറ്റ് വാഹനങ്ങൾക്ക് അപകടം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ടോറസ് പോലുള്ള ഹെവി വാഹനങ്ങൾ റോഡിന്റെ വലത് വശം ചേർന്ന് സഞ്ചരിക്കുന്നത് മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തെങ്കിലും സമയക്രമം ഇത്തരം വണ്ടികൾക്ക് കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ ഹെവി വാഹനങ്ങൾക്ക് സമയക്രമം നിശ്ചയിച്ചിട്ടില്ല. എന്നാൽ ലെയിൻ ട്രാഫിക് സംവിധാനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്. ടി സംവിധാനം നടപ്പിലാക്കിയതിലൂടെ ടോറസ് പോലെയുള്ള ഹെവി വാഹനങ്ങൾ

റോഡിന് നടുവിലൂടെ സഞ്ചരിക്കുന്നത് തടയുവാനും മറ്റ് വാഹന യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

**റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ**

185 (5458) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളും ഓരോന്നിനും ചെലവാക്കുന്ന തുകയും അറിയിക്കാമോ?

റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവ മുഖേന സംസ്ഥാന തലത്തിലുള്ള പദ്ധതികൾക്കും 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ മുഖേന ജില്ലാതലത്തിലുള്ള പദ്ധതികൾക്കുമാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നത്.

തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസിനുവേണ്ടി റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി 66.50 ലക്ഷം രൂപയുടെ പദ്ധതി 46-ാം

റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകരിച്ചിട്ടുണ്ട്.

## അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ

186 (5459) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ബസ് സ്റ്റാൻഡിൽനിന്നും ആരംഭിക്കുന്ന ഒ.എൻ.വി. റോഡിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി മോട്ടോർ വാഹന വകുപ്പ് പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

നിലവിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡ് നിൽക്കുന്ന സ്ഥലം നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഹൈവേ അതോറിറ്റി ഏറ്റെടുത്തിരിക്കുകയാണ്. പ്രൈവറ്റ് സ്റ്റാൻഡ്, ഓട്ടോ സ്റ്റാൻഡ് എന്നിവ സ്ഥിതി ചെയ്യുന്ന ഈ സ്ഥലത്തുകൂടിയാണ് ഒ.എൻ.വി. റോഡിലേക്കുള്ള വഴിയും. താലൂക്ക് വികസന സമിതിയുടെ തീരുമാനവും ബഹുമാനപ്പെട്ട ചവറ എം.എൽ.എ.-യുടെ നിർദ്ദേശവും പ്രകാരം 01-03-2023-ൽ ചവറ

പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, പോലീസ് എന്നിവരുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പാർക്കിംഗ്, നോ പാർക്കിംഗ്, ബസ് ബേ എന്നിവ മാർക്ക് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട്**

187 (5460) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന

വകുപ്പ്, പൊതുമരാമത്ത് (ദേശീയ പാത) വകുപ്പ്, പൊതുമരാമത്ത് (റോഡ്സ്) ആരോഗ്യം, വിദ്യാഭ്യാസം 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത്.

## 'സേഫ് കേരള' പദ്ധതി

188 (5461) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സേഫ് കേരള പദ്ധതി' നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24x7 പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഉൾപ്പെടെ ആകെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ നിരത്തുകളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമറകൾ മുഖേന കണ്ടെത്തുന്ന ഗതാഗത നിയമലംഘനങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ഒരു സ്റ്റേറ്റ്

കൺട്രോൾ റൂമും 14 ജില്ലാതല കൺട്രോൾ റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത നടപടികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ?

റോഡപകടങ്ങളും അതുമായി ബന്ധപ്പെട്ട മരണങ്ങളും ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2019-ൽ സേഫ് കേരള എൻഫോഴ്സ്മെന്റ് പദ്ധതി നടപ്പിൽവരുത്തിയിട്ടുള്ളത്. ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരുടെ നിയന്ത്രണത്തിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും അടങ്ങുന്ന സ്ക്വാഡുകൾ വാഹന പരിശോധന, റോഡപകടങ്ങളുടെ വിശകലനം, സുരക്ഷാ ബോധവൽക്കരണ പരിപാടികൾ, റോഡ് സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുക എന്നിവ നടപ്പിലാക്കിവരുന്നു. അമിത വേഗത കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് റഡാറുകൾ ഘടിപ്പിച്ച 17 ഇന്റർസെപ്റ്റർ വാഹനങ്ങളും പദ്ധതിയിലുണ്ട്.

സേഫ് കേരള പദ്ധതിയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള 726 ക്യാമറകളും അതിനോടനുബന്ധിച്ചുള്ള കൺട്രോൾ റൂമുകളും

പ്രവർത്തനക്ഷമമാകുന്നതോടെ വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിഞ്ഞ് വാഹനങ്ങളുടെ രേഖകൾ പരിശോധിക്കാനും ഹെൽമറ്റ്/ സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനമോടിക്കുന്നത് കണ്ടെത്താനും അപകടമുണ്ടായിട്ട് നിർത്താതെ പോകുന്ന വാഹനങ്ങൾ തിരിച്ചറിയാനും സാധിക്കുന്നതാണ്.

(സി) നിലവിൽ 'സേഫ് കേരള' പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സേഫ് കേരള പദ്ധതിയിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വാഹന പരിശോധന ശക്തമായി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്നുവർഷത്തെ പരിശോധനയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| **Year** | **No. of cases** | **Compounding Fees** |
|---|---|---|
| 2020 | 183068 | 178560584 |
| 2021 | 376056 | 473016025 |
| 2022 | 634040 | 582045570 |

പ്രസ്തുത പദ്ധതിയിൻകീഴിലെ ക്യാമറകളും കൺട്രോൾ റൂമുകളും പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത

പദ്ധതിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ക്യാമറകളും കൺട്രോൾ റൂമുകളും സ്ഥാപിച്ചതിന് കെൽട്രോൺ ചെലവഴിച്ച 165,89,71,150/- രൂപ അഞ്ച് വർഷ കാലാവധിയിൽ 20 തുല്യ ത്രൈമാസ ഗഡുക്കളായിട്ടാണ് സർക്കാർ നൽകേണ്ടത്. ആവർത്തന സ്വഭാവമുള്ള ചെലവുകളായ വൈദ്യുതി ചാർജ്ജ്, കൺട്രോൾ റൂമുകളുടെ വാടക, ഇലക്ട്രിക് വാഹനങ്ങളുടെ വാടക, ദിവസ വേതന ഡ്രൈവർമാരുടെ വേതനം എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 5,20,64,137/- രൂപ ചെലവായിട്ടുണ്ട്.

## ഓൺലൈൻ ഓട്ടോ ടാക്സി ആപ്ലിക്കേഷൻ

189 (5462) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ ഓട്ടോ ടാക്സി ആപ്ലിക്കേഷനായ സവാരി ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടത്തിവരുന്നത്; ഇതുവഴി ടാക്സികൾ ബുക്ക് ചെയ്യാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന "കേരള സവാരി" പ്രവർത്തനക്ഷമമാണ്.

ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസ് പാലക്കാടാണ് ടെക്നിക്കൽ പാർട്ണർ. പദ്ധതി തിരുവനന്തപുരം നഗരപരിധിയിൽ മാത്രമാണ് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളത്. ടാക്സികൾ ബുക്ക് ചെയ്യുവാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓരോ ജില്ലയിലും എത്ര ടാക്സികളാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; പദ്ധതി ആരംഭിച്ചശേഷം എത്ര യാത്രക്കാർ ഇത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

കേരള സവാരിയിൽ ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനുശേഷം ആകെ 1023 യാത്രക്കാർ ഇത് ഉപയോഗിച്ച് 2234 റൈഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ ആപ്ലിക്കേഷനുവേണ്ടി എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സവാരിക്കുവേണ്ടിയുള്ള ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത് ഐ.ടി.ഐ. പാലക്കാട് ആണ്. പ്രസ്തുത ആപ്ലിക്കേഷനുവേണ്ടി സർക്കാരിൽനിന്നോ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നോ യാതൊരു ചെലവും ഉണ്ടായിട്ടില്ല.

(ഡി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സ്വകാര്യ കോൺട്രാക്ട് ബസുകൾക്ക് നൽകിയിരുന്ന അനുമതി**

190 (5463) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി എല്ലാ പ്രവൃത്തി ദിനങ്ങളിലും സർവ്വീസ് നടത്തുന്നതിന് സ്വകാര്യ കോൺട്രാക്ട് ബസുകൾക്ക് നൽകിയിരുന്ന അനുമതി പിൻവലിച്ചുവെങ്കിലും ആയത് ലംഘിച്ച് കോൺട്രാക്ട് ബസുകൾ നിലവിൽ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിയമ ലംഘനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്രകാരമുള്ള നിയമ ലംഘനം തടയുന്നതിനായി വ്യാപകമായ പരിശോധനകൾ നടത്തുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

നിയമ ലംഘനം നടക്കുന്നുണ്ടോയെന്ന് കണ്ടെത്തുവാൻ വ്യാപകമായ

പരിശോധനകൾ നടത്തിവരുന്നു.

## കേരള സവാരി ഓൺലൈൻ ടാക്സി സംവിധാനം

191 (5464) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സവാരി എന്ന പേരിൽ ഓൺലൈൻ ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ കേരള സവാരി എന്ന ഓൺലൈൻ ഓട്ടോ ടാക്സി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ എത്ര ടാക്സികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നാളിതുവരെയായി എത്ര സവാരി നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

കേരള സവാരിയിൽ ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനുശേഷം ആകെ 2234 റൈഡുകൾ നടത്തിയിട്ടുണ്ട്.

(സി) കേരള സവാരിയിൽ ഓൺലൈൻ ടാക്സി വിളിക്കുമ്പോൾ കിട്ടാറില്ല എന്നതും യൂബർ, ഓല പോലുള്ള ഓൺലൈൻ ടാക്സികളെ സഹായിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നതെന്നുമുള്ള വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സവാരിയിൽ ഓൺലൈൻ ടാക്സി വിളിക്കുമ്പോൾ കിട്ടാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ കേരള സവാരി പദ്ധതി കുറ്റമറ്റതാക്കി പരമാവധി ടാക്സികൾ ഇതിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരപരിധിയിൽ ആരംഭിച്ചിട്ടുള്ള കേരള സവാരിയിൽ നഗരപരിധിയിൽ മാത്രം ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനുശേഷം ആകെ 1023 യാത്രക്കാർ ഇതുപയോഗിച്ച് 2234 റൈഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോ ടാക്സി സ്റ്റാൻഡുകൾ കേന്ദ്രീകരിച്ച് ജീവനക്കാർ നേരിട്ടെത്തി ഡ്രൈവർമാരെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ ജനങ്ങളെ പദ്ധതിയിൽ

അംഗങ്ങളാക്കുന്നതിന് റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡ്, ഫ്ലാറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, എയർപോർട്ട് എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## കെ.ടി.ഡി.എഫ്.സി.-ക്ക് കെ.എസ്.ആർ.ടി.സി. ഭൂമി

192 (5465) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി.) പ്രവർത്തനമാരംഭിച്ചത് എന്നുമുതലാണെന്നും അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.ടി.ഡി.എഫ്.സി.) പ്രവർത്തനമാരംഭിച്ചത് 27-02-1991-ലാണ്.

മുഖ്യലക്ഷ്യങ്ങൾ

1. യന്ത്രങ്ങൾ, വർക്ക് ഷോപ്പുകൾ, ഗതാഗതത്തിനാവശ്യമായ വാഹനങ്ങൾ എന്നിവയ്ക്കാവശ്യമായ സാമ്പത്തിക സഹായം

വ്യക്തികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും കമ്പനികൾക്കും പ്രധാനമായി കെ.എസ്.ആർ.ടി.സി.-ക്കും ആവശ്യമായ വാഹനങ്ങൾ പാട്ടവ്യവസ്ഥയിലും വാടകയ്ക്കും ചൂണ്ടുപണയ വ്യവസ്ഥയിലും വാങ്ങുന്നതിനാവശ്യമായ

ധനസഹായം നൽകുക. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനാവശ്യമായ സ്പെയർപാർട്സ് ഷോപ്പുകൾ, ഡീസൽ പമ്പ് സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, വാണിജ്യ സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക സഹായം നൽകൽ.

വായു, റോഡ്, ജല ഗതാഗതത്തിന് അനുയോജ്യമായ ഗതാഗത വാഹനങ്ങളായ ബോട്ട്, കപ്പൽ, ലോറികൾ, വിമാനങ്ങൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകൽ.

2. ഗതാഗതത്തിനാവശ്യമായ വാഹനങ്ങൾ, യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക ക്രമീകരണം

ബസ്സുകൾ, ലോറികൾ, ട്രാക്ടറുകൾ, വിമാനങ്ങൾ, കപ്പലുകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, മന്ദിരങ്ങൾ എന്നിവയ്ക്ക് വാങ്ങൽ, പാട്ടം, വാടക, ചൂണ്ടിപ്പണയം എന്നീ വ്യവസ്ഥയിൽ ആവശ്യമായ സാമ്പത്തിക ക്രമീകരണം ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ;

ഉത്പാദനം-പ്രക്രിയ-സംഭരണം-യൂണിറ്റുകളുടെ ബന്ധപ്പെട്ട യന്ത്രഭാഗങ്ങൾ എന്നിവയുടെയും മറ്റ് ഗതാഗത സ്ഥാപനങ്ങളുടെയും പ്രവർത്തന, പരിപാലന, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ക്രമീകരണം നൽകൽ.

3. ഗതാഗത മേഖലയിലുള്ളതും മറ്റ് ഇതര സ്ഥാപനങ്ങൾക്കും വായ്പാ ലഭ്യമാക്കൽ

കേരളത്തിൽ രൂപീകൃതമായിട്ടുള്ളതും അല്ലാത്തതുമായ ഗതാഗത സ്ഥാപനങ്ങൾക്കും മറ്റിതര സ്ഥാപനങ്ങൾക്കും ഏത് കാര്യത്തിനും ഉപകരിക്കുന്നതിനുവേണ്ടി ദീർഘ-മധ്യ-ഹ്രസ്വകാല വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യൽ. റിസർവ് ബാങ്കിന്റെ കാലാകാലങ്ങളായുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി മൂലധനം, ഓഹരി, മുൻഗണന കഥാപാത്രം അഥവാ മറ്റ് തരത്തിലുള്ള സഹായങ്ങൾ നൽകൽ.

(ബി) കെ.ടി.ഡി.എഫ്.സി. ആരംഭിച്ചതുമുതൽ ഓരോ വർഷത്തിലുമുണ്ടായ ലാഭം/നഷ്ടം എത്രവീതമാണെന്ന് അറിയിക്കാമോ?

1991-1992-ൽ 6,257/- രൂപ (ലാഭം)

1992-1993-ൽ 1,055,359 (ലാഭം)

1993-1994-ൽ 4,326,199 (ലാഭം)

1994-1995-ൽ 9,410,087 (ലാഭം)

1995-1996-ൽ 10,461,403 (ലാഭം)

1996-1997-ൽ 16,163,531 (ലാഭം)

1997-1998-ൽ 21,142,358 (ലാഭം)

1998-1999-ൽ 26,233,241 (ലാഭം)

1999-2000-ൽ 15,069,129 (ലാഭം)

2000-2001-ൽ 9,413,721 (ലാഭം)

2001-2002-ൽ 2,650,896 (ലാഭം)

2002-2003-ൽ 20,142,135 (ലാഭം)

2003-2004-ൽ 16,947,769 (ലാഭം)

2004-2005-ൽ 18,807,952 (ലാഭം)

2005-2006-ൽ 10,792,818 (ലാഭം)

2006-2007-ൽ 931,044 (ലാഭം)

2007-2008-ൽ (6,161,842) (നഷ്ടം)

2008-2009-ൽ 5,521,088 (ലാഭം)

2009-2010-ൽ 1,375,628 (ലാഭം)

2010-2011-ൽ 70,097,177 (ലാഭം)

2011-2012-ൽ 88,138,402(ലാഭം)

2012-2013-ൽ 134,753,328 (ലാഭം)

2013-2014-ൽ 109,613,472(ലാഭം)

2014-2015-ൽ 117,045,997 (ലാഭം)

2015-2016-ൽ 199,385,279 (ലാഭം)

2016-2017-ൽ (413,213,998) (നഷ്ടം)

2017-2018-ൽ 24,071,360 (ലാഭം)

2018-2019-ൽ (2,413,052,277) (നഷ്ടം)

2019-2020-ൽ (793,511,734) (നഷ്ടം)

2020-2021-ൽ (Provisional) (632,981,144) (നഷ്ടം)

2021-2022-ൽ (Provisional) (434,725,731) (നഷ്ടം)

(സി) നിലവിൽ കെ.ടി.ഡി.എഫ്.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ സ്ഥാപനം നഷ്ടത്തിലായതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ള വായ്പകളിൽ 453 കോടി രൂപയുടെ വായ്പയിൽ കെ.എസ്.ആർ.ടി.സി. 2018-19 വർഷം മുതൽ തിരിച്ചടവ് മുടങ്ങിയതിനാലും BOT നിക്ഷേപങ്ങളിൽനിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരുന്നതിനാലും പുതിയ ലോൺ കൊടുക്കുന്നത് നിർത്തലാക്കിയതും നഷ്ടത്തിന് കാരണമാണ്.

(ഡി) സാമ്പത്തിക ബാധ്യതയെത്തുടർന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽനിന്നും കെ.ടി.ഡി.എഫ്.സി.-ക്ക് റിസർവ് ബാങ്കിന്റെ വിലക്കുണ്ടായിട്ടുണ്ടോ?

അറ്റ ആസ്തി നെഗറ്റീവ് ആയതിനാൽ NBFI പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ RBI നിർദ്ദേശിച്ചിട്ടുണ്ട്. (TVM.DOS.SED.No. S569/02.03.054/2022-23 August 03,2022)

(ഇ) ഈ വിലക്ക് മറികടക്കുന്നതിനായി കെ.ടി.ഡി.എഫ്.സി.-യും കെ.എസ്.ആർ.ടി.സി.-യും തമ്മിൽ ഭൂമി കൈമാറ്റം നടത്തുന്നതിനായി സർക്കാർ അനുമതി തേടുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ കെ.എസ്.ആർ.സി.-യുടെ കൈവശമുള്ള ഏതൊക്കെ ഭൂമികളാണ് ഇപ്രകാരം കെ.ടി.ഡി.എഫ്.സി.-ക്ക് കൈമാറുന്നതിനായി ആലോചിക്കുന്നതെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ&എഫ്) G.O. (Ms) No.42/2007/TRAN Dated 25-10-2007 പ്രകാരം അങ്കമാലി, തിരുവല്ല, തമ്പാനൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-ക്ക് ഭൂമി വിട്ടുനൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം BOT കാലാവധി തീരുന്ന മുറയ്ക്ക് ടി സ്ഥലവും കെട്ടിടവും കെ.എസ്.ആർ.ടി.സി.-ക്ക് തിരികെ നൽകണമെന്ന് വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ 4 സ്ഥലങ്ങളും കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കരം അടച്ചുവരുന്ന സ്ഥലങ്ങളാണ്. ടി സ്ഥലങ്ങൾ

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് നടത്തിപ്പിന് നിലവിൽ ഉപയോഗിച്ചുവരുന്നതും മേലിലും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിക്കാൻ ലഭിക്കത്തക്കരീതിയിലും കെ.എസ്.ആർ.ടി.സി.-ക്ക് നിലനിർത്തിക്കൊണ്ട്, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിൽക്കുന്ന Foot Print Area മാത്രം ഭൂമിയുടെ വില നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.-ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് കാര്യക്ഷമമാക്കാനുള്ള നടപടികൾ

193(5466) ശ്രീ. തോമസ് കെ. തോമസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കുറഞ്ഞ ചെലവിൽ പുതിയ സൂപ്പർക്ലാസ് ബസ്സുകളും ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽനിന്നും വാടകയ്ക്ക് ലഭ്യമാക്കി

സർവ്വീസ് നടത്തുന്നതിലൂടെ പ്രവർത്തന ചെലവ് കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്.

ചെലവുകുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, കാട്ടാക്കട, പൂവാർ, നെയ്യാറ്റിൻകര, വിഴിഞ്ഞം, വെള്ളറട എന്നീ യൂണിറ്റുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുകയും സംസ്ഥാനാടിസ്ഥാനത്തിൽ 2023 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമാണ്. ഇതിലൂടെ മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യാനും അതിലൂടെ അധിക വരുമാനം നേടാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനാടിസ്ഥാനത്തിൽ 800 ബസ്സുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് 25 കോടി രൂപ അധിക വരുമാനം ലഭിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഡിയൽ, സിറ്റി സർക്കുലർ എന്നീ സർവ്വീസുകൾ ആരംഭിച്ചതിലൂടെ സിറ്റിക്ക് പുറത്തേയ്ക്കുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ സിറ്റിയിലൂടെ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാകുകയും ഇത്തരം ബസ്സുകളെ യാത്രക്കാർ കൂടുതലായി ആശ്രയിക്കുകയും ചെയ്തുവരുന്നുണ്ട്. സിറ്റി സർക്കുലർ സർവ്വീസിനായി 50 ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ചതുമുഖേന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്.

ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ

ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനവവിഭവ

ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാനവവിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഓപ്പൺ മാർക്കറ്റിൽനിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിവിധ ഉന്നത തസ്തികകളിൽ യോഗ്യതയും പരിചയവുമുള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കോർപ്പറേഷന്റെ അക്കൗണ്ടിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ച് അക്കൗണ്ടിംഗ് വിഭാഗവും ഭരണപരവും അക്കൗണ്ട്സ്പരവുമായ ജോലികൾ ജില്ലാ

അടിസ്ഥാനത്തിൽ നിർവ്വഹിക്കാനായി 15 ജില്ലാ ഓഫീസുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ എല്ലാ വിഭാഗം ജീവനക്കാർക്കും വിദഗ്ദ്ധ പരിശീലനവും നൽകുന്നുണ്ട്. വാഹന പരിപാലനത്തിന്റെ കാര്യക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനം താഴെപ്പറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകൾ പ്രൊഡക്ഷൻ യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 22 ജില്ല/സബ് ജില്ല വർക്ക്ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. ഡിപ്പോ ഗ്യാരേജുകൾ പ്രതിദിന മെയിന്റനൻസ് നിർവ്വഹിക്കുന്നതിനായി ക്രമീകരിച്ചു. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ വാഹന പരിപാലനത്തിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിലേക്കായി ഫ്ലോട്ട് യൂണിറ്റുകൾ, ആധുനിക ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് എന്നിവ ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) തൃപ്തികരമായ സേവനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ജീവനക്കാർ അവരുടെ വിഭാഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ജോലികൾ യാതൊരു വീഴ്ചയുമുണ്ടാകാതെ പൂർത്തീകരിക്കുന്നതോടൊപ്പം സ്തുത്യർഹമായ രീതിയിൽ കോർപ്പറേഷൻ ഏൽപ്പിച്ച ജോലി വളരെ അർപ്പണബോധത്തോടും കൃത്യനിഷ്ഠയോടെയും സമയബന്ധിതമായും മാതൃകാപരമായും പൂർത്തീകരിക്കുകയും തത്ഫലമായി കോർപ്പറേഷന്റെ യശസ്സ് ഉയർത്തിക്കാട്ടുന്നവിധം സേവനം അനുഷ്ഠിച്ചിട്ടുള്ള ജീവനക്കാർക്ക് സത്സേവനരേഖയും ക്യാഷ് അവാർഡും അനുവദിച്ചിട്ടുണ്ട്. തൃപ്തികരമായി സേവനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് ഉയർന്ന ഇ.പി.കെ.എം., ഇ.പി.ബി., കളക്ഷൻ, മികവുറ്റ പ്രകടനം എന്നിവയുടെ അടിസ്ഥാനത്തിൽ യൂണിറ്റ്, ജില്ല, സംസ്ഥാന തലത്തിൽ ക്യാഷ് അവാർഡും പ്രോത്സാഹന സമ്മാനവും നൽകിയിട്ടുണ്ട്. കൂടാതെ മികച്ച കളക്ഷൻ ലഭിക്കുന്ന ജീവനക്കാർക്ക് വരുമാനത്തിന്റെ 1% മുതൽ 2% വരെ ആകർഷകമായ ഇൻസെന്റീവ് 07-01-2023 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് മേഖലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രത്യേക

പ്രോത്സാഹനം നൽകിവരുന്നുണ്ട്.

<u>ദക്ഷിണ മേഖല</u>

ഏറ്റവും മികച്ച ഒന്നാമത്തെ ഡിപ്പോ - പത്തനംതിട്ട

ഏറ്റവും മികച്ച രണ്ടാമത്തെ ഡിപ്പോ - പാറശ്ശാല

ഏറ്റവും മികച്ച ഒന്നാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - വിതുര

ഏറ്റവും മികച്ച രണ്ടാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - പന്തളം

ഏറ്റവും മികച്ച ക്ലസ്റ്റർ - തിരുവനന്തപുരം സെൻട്രൽ

<u>മദ്ധ്യ മേഖല</u>

ഏറ്റവും മികച്ച ഒന്നാമത്തെ ഡിപ്പോ - ചെങ്ങന്നൂർ

ഏറ്റവും മികച്ച രണ്ടാമത്തെ ഡിപ്പോ - കോട്ടയം

ഏറ്റവും മികച്ച ഒന്നാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - എരുമേലി

ഏറ്റവും മികച്ച രണ്ടാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - മൂന്നാർ

ഏറ്റവും മികച്ച ക്ലസ്റ്റർ - കായംകുളം

<u>ഉത്തര മേഖല</u>

ഏറ്റവും മികച്ച ഒന്നാമത്തെ ഡിപ്പോ - കാസർഗോഡ്

ഏറ്റവും മികച്ച രണ്ടാമത്തെ ഡിപ്പോ - കോഴിക്കോട്

ഏറ്റവും മികച്ച ഒന്നാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - മണ്ണാർക്കാട്

ഏറ്റവും മികച്ച രണ്ടാമത്തെ ഓപ്പറേറ്റിംഗ് സെന്റർ - വടകര

ഏറ്റവും മികച്ച ക്ലസ്റ്റർ - കോഴിക്കോട്.

(സി) നല്ല നിലയിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് പ്രത്യേക ഗ്രേഡിംഗ് നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലാഭകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക പരിഗണനയും ഇൻസെന്റീവും നൽകുന്നതിനുള്ള പദ്ധതി തയ്യാറായിവരുന്നു.

**വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിലുള്ള നിയന്ത്രണങ്ങൾ**

194 (5467) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദേശപ്രകാരമാണോ പ്രസ്തുത തീരുമാനങ്ങൾ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക്

അനുവദിച്ചുവരുന്ന എല്ലാ യാത്രാസൗജന്യങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം ചെലവിന് പര്യാപ്തമല്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.-യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽനിന്നും വ്യത്യസ്തമായി പൂർണ്ണമായും സൗജന്യയാത്രയും മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റുമാണ് നൽകിവന്നിരുന്നത്. കൺസഷൻ ഉൾപ്പെടെയുള്ള വിവിധ സൗജന്യങ്ങൾ നൽകിവരുന്നതിലൂടെ 2016 മുതൽ 2020 വർഷം വരെ 966.31 കോടി രൂപയുടെ സാമ്പത്തിക ബാധ്യത കെ.എസ്.ആർ.ടി.സി.-ക്ക് വന്നുചേർന്നിട്ടുണ്ട്. വ്യാപകമായി അനുവദിച്ചുവരുന്ന വിവിധ സൗജന്യങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥി കൺസഷൻ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അൺ എയ്ഡഡ് സ്കൂളുകളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ബി.പി.എൽ. പരിധിയിൽ ഉൾപ്പെടുന്നവർക്ക് മാത്രമേ ഇനി കൺസഷൻ അനുവദിക്കുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ?

സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും BPL പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും

സൗജന്യ നിരക്കിൽ നിലവിലെ കൺസഷൻ അനുവദിക്കുന്നതാണ്. എന്നാൽ അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ എന്നിവയിൽ വലിയ തുക ഫീസും ക്യാപിറ്റേഷൻ ഫീസും വാങ്ങി വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തമായി യാത്രാസൗകര്യം ലഭ്യമാക്കേണ്ടതുകൂടിയുണ്ട്. എന്നാൽ ഇത്തരം ചില കോളേജുകൾ കോളേജ് ബസ് ഓപ്പറേറ്റ് ചെയ്യാതെ ബാധ്യത കെ.എസ്.ആർ.ടി.സി.-യിൽ വരുത്തുന്നത് കെ.എസ്.ആർ.ടി.സി.-ക്കുമാത്രമായി താങ്ങുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ 35% ടിക്കറ്റ് തുക ഇത്തരം സ്ഥാപനങ്ങളും 35% ടിക്കറ്റ് തുക ഇത്തരത്തിൽ ഫീസ് കൊടുത്ത് പഠിപ്പിക്കുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന മാതാപിതാക്കളും 30% തുക കെ.എസ്.ആർ.ടി.സി.-യും വഹിക്കുന്നതാണ് എന്ന നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കൺസഷൻ പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തുവാനും നിരക്കിളവ് സ്വാശ്രയ കോളേജുകളിലെ എ.പി.എൽ. പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ടതില്ലെന്നുമുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം മുന്നോട്ടുവയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ?

വിദ്യാർത്ഥി കൺസഷൻ ലഭിക്കുന്നതിനായി 72 വയസ്സുള്ള സാമ്പത്തികമായി ഉയർന്ന നിലയിലുള്ള ഉദ്യോഗത്തിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥ വിദ്യാർത്ഥി കൺസഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇത് വിശദമായി പരിശോധിച്ചതിൽ ടി ഉദ്യോഗസ്ഥയെപ്പോലെ ഉയർന്ന സാമ്പത്തികശേഷിയുള്ള അനർഹരായ ധാരാളം പേർ വിദ്യാർത്ഥി കൺസഷൻ ആനുകൂല്യം തട്ടിയെടുക്കുന്നതിന് നിലവിലെ പ്രായപരിധിയില്ലാത്ത സാഹചര്യം വഴിയൊരുക്കുന്നുവെന്നും അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യം ലഭ്യമാകുന്നില്ലായെന്നും കാണുകയും ഇത്തരത്തിൽ സ്വാഭാവികമായി തൊഴിലോ മറ്റ് വരുമാന മാർഗ്ഗമോ ആയിട്ടുള്ളവരുടെ സമ്പാദിക്കുവാൻ കഴിയുന്ന ഒരു പ്രായപരിധി നിശ്ചയിക്കണം എന്നതിന്റെ ഭാഗമായാണ് 25 വയസ്സായി പ്രായപരിധി നിജപ്പെടുത്തിയിട്ടുള്ളത്.

അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോളേജുകൾ എന്നിവയിൽ വലിയ തുക ഫീസും ക്യാപിറ്റേഷൻ ഫീസും വാങ്ങി വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തമായി യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതുകൂടിയുണ്ട്. എന്നാൽ ഇത്തരം കോളേജുകൾ കോളേജ് ബസ് ഓപ്പറേറ്റ് ചെയ്യാതെ ബാധ്യത കെ.എസ്.ആർ.ടി.സി.-യിൽ വരുത്തുന്നത്

കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി താങ്ങുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ 35% ടിക്കറ്റ് തുക ഇത്തരം സ്ഥാപനങ്ങളും 35% ടിക്കറ്റ് തുക ഇത്തരത്തിൽ ഫീസ് കൊടുത്ത് പഠിപ്പിക്കുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന മാതാപിതാക്കളും 30% തുക കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സി.-യും വഹിക്കുന്നതാണ് എന്ന നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും നിലവിലുള്ള വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി പരിഷ്കരിച്ച് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനും അനർഹർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് ഇതിലൂടെയുണ്ടാകുന്ന കടുത്ത സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനുമാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് നിലവിൽ കൺസഷൻ ലഭിച്ചുവന്നിരുന്ന മുഴുവൻ വിദ്യാർത്ഥി വിഭാഗങ്ങൾക്കും തുടർന്നും കൺസഷൻ അതേപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി

അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ ലഭ്യമാക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിലുള്ള പൊതുഗതാഗത സംവിധാനം

195(5468) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിലുള്ള പൊതുഗതാഗത സംവിധാനം ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ റോഡ് ഗതാഗത സംവിധാനത്തിൽ കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്, കെ.യു.ആർ.ടി.സി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ശക്തമായ ഇടപെടൽ സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിശ്ചിത ഷെഡ്യൂളുകളും സമയക്രമവും പാലിക്കുവാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങളായ യാത്രക്കാരുടെ സൗകര്യാർത്ഥം നിശ്ചിത

ഷെഡ്യൂളുകളും സമയക്രമവും പാലിച്ച് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നുണ്ട്. എന്നാൽ അപ്രതീക്ഷിത ട്രാഫിക് ബ്ലോക്കുകളും മറ്റും കാരണമുണ്ടാകുന്ന തടസ്സങ്ങൾ ചില സമയങ്ങളിൽ ബസ്സുകൾ താമസിക്കുന്നതിന് കാരണമാകുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസുകളെ ആശ്രയിക്കുന്ന മേഖലകളിൽ ശാസ്ത്രീയമായി ഷെഡ്യൂളുകൾ പരിഷ്കരിച്ചും സമയക്രമം പൂർണ്ണമായും പാലിച്ചും സർവ്വീസ് നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. സർവ്വീസുകളെ ആശ്രയിക്കുന്ന മേഖലകളിൽ ശാസ്ത്രീയമായി ഷെഡ്യൂളുകൾ പരിഷ്കരിച്ചും സമയക്രമം പൂർണ്ണമായും പാലിച്ചും സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന

പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക**

196 (5469) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക എത്രയാണ്; ഇതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി വിഹിതമായി 106 കോടി രൂപ വകയിരുത്തുകയും നാളിതുവരെ

12.51 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽനിന്നും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 10.11 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി വകയിരുത്തിയ തുകയിൽ മിച്ചമുള്ള തുക അനുവദിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഗണനയിലാണ്. വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതിയുടെ പേര്** | **വിനിയോഗിച്ച തുക (തുക കോടിയിൽ)** |
|---|---|
| വർക്ക്ഷോപ്പുകളുടെയും ഡിപ്പോകളുടെയും ആധുനികവൽക്കരണവും നവീകരണവും | 3.51 |
| സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും ഇ-ഗവേണൻസും | 5.90 |
| ജീവനക്കാരുടെ പരിശീലനം | 0.70 |
| ആകെ | 10.11 |

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച വായ്പ വിഹിതത്തിൽനിന്നും നാളിതുവരെ എത്ര കോടി രൂപ കൈപ്പറ്റിയിട്ടുണ്ട്; കൈപ്പറ്റിയ തുക ചെലവഴിച്ചതിന്റെ വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ വിഹിതമായി നാളിതുവരെ 1342.13 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ കൈപ്പറ്റിയ തുക പൂർണ്ണമായും ശമ്പളം, പെൻഷൻ മുതലായ പ്രവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ സ്വീകരിച്ച നടപടികൾ**

197 (5470) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ 16 മാസത്തെ വരുമാന കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ; കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന് പ്രയോജനം ലഭിച്ചതായി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2021 നവംബർ മാസം മുതൽ 2023 ഫെബ്രുവരി മാസം വരെയുള്ള 16 മാസക്കാലയളവിലെ വരുമാന കണക്കുകൾ ചുവടെ ചേർക്കുന്നു.

| **മാസം** | **ആകെ വരുമാനം (തുക കോടിയിൽ)** |
|---|---|
| 11/2021 | 126.03 |
| 12/2021 | 161.86 |
| 01/2022 | 143.53 |
| 02/2022 | 129.19 |
| 03/2022 | 164.18 |
| 04/2022 | 168.67 |

| | |
|---|---|
| 05/2022 | 192.67 |
| 06/2022 | 188.62 |
| 07/2022 | 184.84 |
| 08/2022 | 180.50 |
| 09/2022 | 189.58 |
| 10/2022 | 205.39 |
| 11/2022 | 211.82 |
| 12/2022 | 243.35 |
| 01/2023 | 233.82 |
| 02/2023 | 195.55 |

ടിക്കറ്റ് വരുമാനത്തിന് പുറമെ ടിക്കറ്റിതര വരുമാനം കൂടി വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനായി നിരവധി നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണ തോതിൽ നടപ്പിലാക്കുക വഴി കോവിഡിനെത്തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾകൂടി പുനരാരംഭിക്കാനും അതുവഴി 35% അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷോപ്പ് ഓൺ വീൽസ്, യാത്രാ ഫ്യൂവൽസ്, സ്ലീപ്പർ ഇൻ ബസ്, ല്യൂബ് ഷോപ്പ്, ടൂർ പാക്കേജസ്, സമുദ്ര, ഹോർഡിംഗ്സ്

സ്ഥാപിച്ച് പരസ്യ വരുമാനം നേടുക തുടങ്ങി നിരവധി നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രതിദിന വരുമാനവും മറ്റിതര വരുമാനവും വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുറഞ്ഞ ചെലവിൽ പുതിയ സൂപ്പർക്ലാസ് ബസ്സുകളും ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽനിന്നും വാടകയ്ക്ക് ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിലൂടെ പ്രവർത്തന ചെലവ് കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്. ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം, വെള്ളറട എന്നീ യൂണിറ്റുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുകയും സംസ്ഥാനാടിസ്ഥാനത്തിൽ 2023 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമാണ്. ഇതിലൂടെ മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം

അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 800 ബസ്സുകൾ എങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് 25 കോടി രൂപ അധിക വരുമാനം ലഭിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഡിയൽ, സിറ്റി സർക്കുലർ എന്നീ സർവ്വീസുകൾ ആരംഭിച്ചതിലൂടെ സിറ്റിക്ക് പുറത്തേയ്ക്കുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ സിറ്റിയിലൂടെ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാകുകയും ഇത്തരം ബസ്സുകളെ യാത്രക്കാർ കൂടുതലായി ആശ്രയിക്കുകയും ചെയ്തതിനാൽ സിറ്റിയിലേയ്ക്ക് കട്ട് ട്രിപ്പുകൾ നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സിറ്റി സർക്കുലർ സർവ്വീസിനായി 50 ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

വിനോദ സഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് അതുമുഖേന വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും യഥാസമയം ശമ്പളവും പെൻഷനും നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

കോവിഡ് മഹാമാരിക്കുശേഷം, കോർപ്പറേഷൻ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചെങ്കിലും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചതുമൂലമുണ്ടായ അധിക ബാധ്യത, ഡീസൽ വിലവർദ്ധനവ്, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിവ നിമിത്തം വരവും ചെലവും തമ്മിലുള്ള അന്തരം ഏറിയതിനാൽ ശമ്പള വിതരണത്തിനായി പ്രതിമാസം തുകയൊന്നും മിച്ചംപിടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ടി സാഹചര്യത്തിൽ സർക്കാർ സാമ്പത്തിക സഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ കൂടി ലഭ്യമാക്കിയാണ് ശമ്പളം വിതരണം ചെയ്യുന്നത്. മാത്രമല്ല സർക്കാർ സാമ്പത്തിക സഹായം വഴി അനുവദിക്കുന്ന തുക, ഓവർഡ്രാഫ്റ്റ് വായ്പ തുക എന്നിവ വിവിധ തലങ്ങളിലുള്ള സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കി കോർപ്പറേഷന്റെ അക്കൗണ്ടിൽ എത്തിയതിനുശേഷം മാത്രമാണ് ശമ്പള വിതരണം ആരംഭിക്കാൻ സാധിക്കുന്നത്. ഇത്തരം നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എടുക്കുന്ന കാലതാമസം നിമിത്തമാണ് ശമ്പളം യഥാസമയം നൽകാൻ സാധിക്കാത്തത്. പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകയ്യെടുത്ത്

സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർതന്നെ മടക്കിനൽകുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ 2023 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക അനുവദിച്ചിട്ടുമുണ്ട്.

ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും അൽപ്പം വൈകിയാണെങ്കിലും എല്ലാ മാസവും മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ട്.

(സി) ചില പ്രധാന കേന്ദ്രങ്ങളിലെ സ്ഥലവും കെട്ടിടവും കെ.ടി.ഡി.എഫ്.സി.-ക്ക് കൈമാറുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

25-10-2007-ലെ സ.ഉ. (കൈ) നം.42/2007/TRAN പ്രകാരം അങ്കമാലി, തിരുവല്ല, തമ്പാനൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.എസ്.ആർ.ടി.സി, കെ.റ്റി.ഡി.എഫ്.സി.-ക്ക് ഭൂമി വിട്ടുനൽകിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം BOT കാലാവധി തീരുന്ന മുറയ്ക്ക് ടി

സ്ഥലവും കെട്ടിടവും കെ.എസ്.ആർ.ടി.സി.-ക്ക് തിരികെ നൽകണമെന്ന് വ്യവസ്ഥയുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-ക്ക് 700 കോടിയോളം രൂപ നൽകാനുണ്ടെന്ന് കെ.റ്റി.ഡി.എഫ്.സി. അവകാശപ്പെട്ടുവരുന്നു. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സുകളിൽനിന്നും ലഭ്യമാകുന്ന വാടകയുടെ 50% Annuity ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകണമെന്ന് വ്യവസ്ഥയിൽ പറയുന്നുണ്ട്. ഇതുപ്രകാരം 25 കോടിയിൽപ്പരം രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കെ.റ്റി.ഡി.എഫ്.സി. ലഭ്യമാക്കാനുണ്ട്. മേൽപ്പറഞ്ഞ 4 സ്ഥലങ്ങളും കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കരം അടച്ചുവരുന്ന സ്ഥലങ്ങളാണ്. ടി സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് നടത്തിപ്പിന് നിലവിൽ ഉപയോഗിച്ചുവരുന്നതും മേലിലും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിക്കാൻ ലഭിക്കത്തക്ക രീതിയിലും കെ.എസ്.ആർ.ടി.സി.-ക്ക് നിലനിർത്തിക്കൊണ്ട്, ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിൽക്കുന്ന Foot Print Area മാത്രം ഭൂമിയുടെ വില നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.-ക്ക് വിട്ടുകൊടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഓരോ ഡിപ്പോയ്ക്കും ഓപ്പറേറ്റിംഗ് സെന്ററുകൾക്കും പ്രതിമാസം കളക്ട് ചെയ്യേണ്ടതായ തുക സംബന്ധിച്ച് പുതിയ നിർദ്ദേശം

നൽകിയിട്ടുണ്ടോ; പ്രതിദിന കളക്ഷനിലൂടെ ലഭിക്കുന്ന തുക ശമ്പള ഇനത്തിൽ ജീവനക്കാർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

സമഗ്ര പുനരുദ്ധാരണത്തിന്റെയും വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിന്റെയും ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവുകുറച്ച് പ്രവർത്തന ലാഭം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലെയും ഡിപ്പോകളിലെയും ചെലവും വരുമാനവും സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡങ്ങളാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയ്ക്കും പ്രവർത്തന ലക്ഷ്യം നൽകി ആയത് നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാന നഷ്ടം കുറയ്ക്കുന്നതിന് നടപടി**

198 (5471) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള സ്റ്റാളുകൾ, നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സുകൾ മുതലായവ എന്നുമുതലാണ്

ഒഴിഞ്ഞുകിടക്കുന്നതെന്നുള്ള വിവരം സ്റ്റേഷനുകൾ തിരിച്ച് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ സ്റ്റാളുകൾക്ക് സ്ഥലം അനുവദിച്ച് ടെണ്ടർ നടപടികളിലൂടെയാണ് ലൈസൻസിയെ കണ്ടെത്തുന്നത്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിയുന്ന മുറയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാളുകൾ, നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സുകൾ മുതലായവ എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന സ്റ്റേഷനുകൾ തിരിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഓരോ സ്റ്റാളുകൾക്കും, ഷോപ്പിംഗ് കോംപ്ലക്സുകൾക്കും ലൈസൻസിയെ കണ്ടെത്തുന്നതിനായി ലേലം/ടെണ്ടർ നടപടികൾ ഏതെല്ലാം തീയതികളിൽ നടത്തുകയുണ്ടായെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഒഴിഞ്ഞുകിടക്കുന്ന സ്റ്റാളുകൾക്കും ഷോപ്പിംഗ് കോംപ്ലക്സുകൾക്കും അടിയന്തരമായി ലൈസൻസിയെ കണ്ടെത്തുക വഴി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾക്കും ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾക്കും

ലൈസൻസികളെ കണ്ടെത്തുന്നതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് അധിക വരുമാനം ലഭിക്കുന്നുണ്ട്. കടമുറികൾ ഒഴിയുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാരുടെ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി. ബസ്സ്**

199 (5472) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ യാത്രയ്ക്കായി ഓഫീസ് ബസ്സ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ബസ് വിട്ടുനൽകുവാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുമോ; എങ്കിൽ വിശദമാക്കാമോ?

സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ യാത്രയ്ക്കായി ഓഫീസ് ബസ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ പ്രത്യേക നിരക്കിൽ ബസ്സുകൾ ക്രമീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കോവിഡ് സാഹചര്യത്തിനുശേഷം പ്രായോഗികമായ രീതിയിൽ സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാൻഡ് (BOND) പദ്ധതി മറ്റ് സാധാരണ ജനങ്ങൾക്കുകൂടി ഗുണകരമാകുന്ന വിധത്തിൽ ആകർഷകമാക്കി പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ എ.സി. ബസ്സുകൾ പൂർണ്ണമായ സീറ്റിംഗ് കപ്പാസിറ്റി ലഭ്യമാകുകയാണെങ്കിൽ ബോണ്ട്

സർവ്വീസിനായിത്തന്നെ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇങ്ങനെ കെ.എസ്.ആർ.ടി.സി.-യുടെ ബസ് ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ബസ് ഓൺ ഡിമാൻഡ് സർവ്വീസ് ആവശ്യപ്പെട്ട് പ്രത്യേക അപേക്ഷ നൽകി നിശ്ചയിച്ചിട്ടുള്ള നിരക്ക് മുൻകൂട്ടി ഒടുക്കുന്ന മുറയ്ക്ക് പ്രത്യേക എ.സി. ബസ് അനുവദിച്ചുനൽകുന്നതാണ്. പൂർണ്ണമായും സീറ്റിംഗ് കപ്പാസിറ്റിയിലുള്ള യാത്രക്കാർ മുൻകൂറായി ആവശ്യപ്പെടുന്ന പക്ഷം ആകർഷകമായ നിരക്കിൽ എ.സി. ബസ്സുകൾ ബോണ്ട് സർവ്വീസുകൾക്കായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിച്ച് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ യാത്രക്കാർ കുറവായതിനാൽ പ്രത്യേക ബോണ്ട് സർവ്വീസുകൾ മിക്കവയും നിന്നുപോകുകയാണുണ്ടായത്.

(സി) നിലവിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഇങ്ങനെ കെ.എസ്.ആർ.ടി.സി. ബസ് വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ KMML, NIPMR എന്നീ സ്ഥാപനങ്ങൾക്ക് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ബസ് അനുവദിച്ചുനൽകിയിട്ടുണ്ട്. ആയത്

ഇപ്പോഴും സർവ്വീസ് നടത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി നിലനിർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

200 (5473) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും ധനസഹായങ്ങളും സംബന്ധിച്ച വിശദവിവരം അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുറഞ്ഞ ചെലവിൽ പുതിയ സൂപ്പർക്ലാസ് ബസ്സുകളും ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽനിന്നും വാടകയ്ക്ക് ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിലൂടെ പ്രവർത്തന ചെലവ് കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്. ചെലവുകുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര, പൂവാർ,

വിഴിഞ്ഞം, വെള്ളറട എന്നീ യൂണിറ്റുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുകയും സംസ്ഥാനാടിസ്ഥാനത്തിൽ 2023 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമാണ്. ഇതിലൂടെ മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26% അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14% അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ 800 ബസ്സുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് 25 കോടി രൂപ അധിക വരുമാനം ലഭിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഡിയൽ, സിറ്റി സർക്കുലർ എന്നീ സർവ്വീസുകൾ ആരംഭിച്ചതിലൂടെ സിറ്റിക്ക് പുറത്തേയ്ക്കുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ സിറ്റിയിലൂടെ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാകുകയും ഇത്തരം ബസ്സുകളെ യാത്രക്കാർ കൂടുതലായി ആശ്രയിക്കുകയും ചെയ്തതിനാൽ സിറ്റിയിലേയ്ക്ക് കട്ട് ട്രിപ്പുകൾ നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതക്കുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സിറ്റി സർക്കുലർ സർവ്വീസിനായി 50 ഇലക്ട്രിക് ബസ്സുകൾ

ഉപയോഗിക്കുന്നതിലൂടെ പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ കൊല്ലയിൽ, കുന്നത്തുകാൽ, എളവള്ളി, ചാത്തമംഗലം, കടുത്തുരുത്തി (2 എണ്ണം), എടവണ്ണ, പത്തിയൂർ, ചേന്ദമംഗലം, മാനന്തവാടി എന്നീ പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലുമായി 12 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് സ്ഥായിയായ വരുമാന വർദ്ധനവിനും നഷ്ടം കുറയ്ക്കുവാനും സഹായകരമാണ്.

വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ചതുമുഖേന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക

വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി 2037.51 കോടി രൂപയും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി 1342.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ

മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്. വാഹന പരിപാലനത്തിന്റെ കാര്യക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനം താഴെപ്പറയുന്ന പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകൾ പ്രൊഡക്ഷൻ യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 22 ജില്ല/സബ് ജില്ല വർക്ക്ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. ഡിപ്പോ ഗ്യാരേജുകൾ പ്രതിദിന മെയിന്റനൻസ് നിർവ്വഹിക്കുന്നതിനായി ക്രമീകരിച്ചു.

കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ വാഹന പരിപാലനത്തിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിലേക്കായി ഫ്ലോട്ട് യൂണിറ്റുകൾ, ആധുനിക ടൂൾസ് ആൻഡ് എക്യുപ്മെന്റ്സ് എന്നിവ

ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## യാത്രക്കാരോട് മോശമായി പെരുമാറുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ നടപടി

201 (5474) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരോട് മോശമായി പെരുമാറുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ യാത്രക്കാരിൽനിന്നും പരാതികൾ ലഭിക്കുന്നപക്ഷം കെ.എസ്.ആർ.ടി.സി. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ഇപ്രകാരം എത്ര ഉദ്യോഗസ്ഥർക്കെതിരെ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ചുവടെ പറയുന്ന എണ്ണം ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡ്രൈവർ - 314

കണ്ടക്ടർ - 464

മിനിസ്റ്റീരിയൽ - 1

(സി) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നിയമനം നടത്തുന്നത് കൂടുതൽ പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് കെ.എസ്.ആർ.ടി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ എന്ന തസ്തിക നിലവിലില്ല. കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ടക്ടർ ലൈസൻസ് കൈവശമുള്ള ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് ഭരണപരമായ സൗകര്യാർത്ഥം കണ്ടക്ടർ ജോലികൂടി ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ

നൽകിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകളിലും അന്തർ സംസ്ഥാന സർവ്വീസുകളിലും സുരക്ഷിത യാത്ര പ്രദാനം ചെയ്യുന്നതിനായും സർവ്വോപരി അപകടകരഹിത യാത്ര ഉറപ്പുവരുത്തുന്നതിനും ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക പ്രയോജനപ്രദമാണ്. നിലവിലെ സേവന വേതന കരാർ 2021-ലെ വ്യവസ്ഥകൾ പ്രകാരം ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക രൂപീകരിക്കുന്നതിനുള്ള വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## യാത്രാ ഫ്യൂവൽസ് പദ്ധതി

202 (5475) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാ ഫ്യൂവൽസ് പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നാളിതുവരെ എത്ര രൂപ ലാഭമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ?

യാത്രാ ഫ്യൂവൽസ് പദ്ധതിയിലൂടെ 2021 സെപ്റ്റംബർ മുതൽ 2023 ജനുവരി മാസം വരെ 20.38 കോടി രൂപയുടെ ലാഭം (ജീവനക്കാരുടെ വേതനം ഒഴികെ) കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വൻകിട ഉപഭോക്താക്കൾക്ക് (Bulk consumers) കേന്ദ്ര പൊതുമേഖലാ എണ്ണക്കമ്പനികൾ ഡീസൽ നൽകിവന്നിരുന്നത് പൊതുവിപണിയി

ലേതിനേക്കാൾ കുറഞ്ഞ വിലയ്ക്കായിരുന്നു. എന്നാൽ 2022 ഫെബ്രുവരി മുതൽ വൻകിട ഉപഭോക്താക്കൾക്കുള്ള ഡീസലിന്റെ വില ക്രമാതീതമായി വർദ്ധിപ്പിക്കുകയുണ്ടായി. 2022 ജനുവരിയിൽ ലിറ്ററിന് 84.74 രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന ഡീസലിന്റെ വില ക്രമാതീതമായി വർദ്ധിച്ച് ഒരു ഘട്ടത്തിൽ ലിറ്ററിന് 138.46 രൂപവരെ എത്തുകയും വിപണി വിലയേക്കാൾ ലിറ്ററിന് 41.94 രൂപവരെ അധികം നൽകേണ്ട സ്ഥിതി സംജാതമാകുകയും ചെയ്തിരുന്നു. ഇത് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി വളരെ രൂക്ഷമാക്കിയിരുന്നു. ഈ അവസരത്തിൽ നമ്മുടെ സ്ഥാപനത്തിന് പിടിച്ചു നിൽക്കുവാൻ സാധിച്ചത് യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇന്ധന വിതരണം സാധ്യമായതുകൊണ്ടുമാത്രമാണ്. ഇപ്രകാരം 18-2-2022 മുതൽ 2023 ജനുവരി വരെ ഏകദേശം 163 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) യാത്രാ ഫ്യൂവൽസിലെ ജീവനക്കാർക്ക് ഏത് സ്ഥാപനത്തിൽ നിന്നാണ് ശമ്പളം നൽകുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാരെയാണ് യാത്രാ ഫ്യൂവൽസിൽ നിയോഗിച്ചിരിക്കുന്നത്. അതിലെ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി.-

യിൽ നിന്നാണ് ശമ്പളം നൽകുന്നത്.

(സി) യാത്രാ ഫ്യൂവൽസ് പദ്ധതി ഏതൊക്കെ ഡിപ്പോകളിലാണ് ആരംഭിച്ചിട്ടുള്ളതെന്നും കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

തിരുവനന്തപുരം സിറ്റി, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, വികാസ് ഭവൻ എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലാണ് യാത്രാ ഫ്യൂവൽസ് പദ്ധതി നിലവിൽ ആരംഭിച്ചിട്ടുള്ളത്. പൊൻകുന്നം, പെരുമ്പാവൂർ എന്നീ ഡിപ്പോകളിൽകൂടി ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇപ്രകാരം സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി ഘട്ടംഘട്ടമായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

## കാസർഗോഡ് - മംഗലാപുരം റൂട്ടിലെ ബസ് സർവ്വീസ്

203 (5476) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർണ്ണാടക ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് പ്രകാരം എത്ര

ബസ്സുകളാണ് കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്തേണ്ടതെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ എത്ര ബസ്സുകൾ എത്ര ട്രിപ്പ് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള-കർണ്ണാടക ഇന്റർസ്റ്റേറ്റ് എഗ്രിമെന്റ് പ്രകാരം കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 45 സർവ്വീസുകളാണ് പ്രതിദിനം ഓപ്പറേറ്റ് ചെയ്യേണ്ടത്. ഇതിൽ 38 സർവ്വീസുകളിലായി 224 ട്രിപ്പുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത എഗ്രിമെന്റ് പ്രകാരം കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്താനാവശ്യമായ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ?

അന്തർ സംസ്ഥാന കരാർ പ്രകാരം കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്താനാവശ്യമായ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിൽ ലഭ്യമാണ്.

(സി) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യിൽ ബദലി തൊഴിലാളി നിയമനത്തിൽ സീനിയോറിറ്റി മറികടന്ന് നിശ്ചിത യോഗ്യതയില്ലാത്തവരെ നിയമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. അന്വേഷണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ ആഭ്യന്തര വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാസർഗോഡ് ഡിപ്പോയിൽ കോവിഡിനുമുൻപ് ഉണ്ടായിരിന്ന എല്ലാ സർവ്വീസും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ടോയെന്നും എത്ര സർവ്വീസ് ഇനിയും പുനരാരംഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ഇല്ല. കോവിഡ് സാഹചര്യത്തിൽ നിന്നുപോയ സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വാടക കരാർ**

204 (5477) <u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച തുക ഉപയോഗിച്ച് വാങ്ങിയ ബസുകൾ സ്വിഫ്റ്റ് കമ്പനി കെ.എസ്.ആർ.ടി.സി.-ക്കുതന്നെ വാടകയ്ക്ക് നൽകി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-യുമായുള്ള കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്കാവശ്യമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാന സൗകര്യ, സാങ്കേതിക, മാനേജീരിയൽ, പ്രവർത്തന പിന്തുണ എന്നിവ നൽകുന്നതിന് KIIFB ധനസഹായം നൽകുന്ന പുതിയ ബസ്സുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള ബസ്സുകൾ, സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസ്സുകൾ, സ്പോൺസർഷിപ്പിനുകീഴിൽ ലഭിച്ച ബസ്സുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഇന്റലിജന്റ് സെൻട്രൽ കൺട്രോൾ സെന്ററിനുകീഴിൽ വാടകയ്ക്കെടുക്കൽ, കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് സ്വിഫ്റ്റ് രൂപീകരിച്ചത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും വാങ്ങിയ 116 ബസ്സുകളും കിഫ്ബി ധനസഹായമുപയോഗിച്ച് വാങ്ങിയ 50 ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകളിൽ സർവ്വീസ് നടത്തിവരുന്നു. മേൽ ഉത്തരവ് പ്രകാരം സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിക്കുന്നതിന് ധാരണ പ്രകാരമുള്ള വാടക നൽകേണ്ടതുണ്ട്.

കെ.എസ്.ആർ.ടി.സി.-ക്ക് കുറഞ്ഞ പ്രവർത്തന ചെലവിലാണ് പ്രസ്തുത ബസ്സുകൾ ജീവനക്കാരടക്കം ലഭ്യമാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ബസ് വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിനേക്കാൾ ചെലവ്

കുറയ്ക്കുവാൻ സ്വിഫ്റ്റ് വഴി ബസ്സുകൾ ലഭ്യമാക്കിയതിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയും തമ്മിൽ വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കരാറിൽ സ്വിഫ്റ്റ് കമ്പനിയിൽനിന്നും ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുക്കുന്ന എന്നാണോ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസിന് കെ.എസ്.ആർ.ടി.സി. തന്നെ വാടക നൽകണമെന്ന വ്യവസ്ഥ പ്രസ്തുത കരാറിന്റെ ഭാഗമായുണ്ടോ എന്ന് വിശദമാക്കാമോ?

(സി-ഡി) കെ.എസ്.ആർ.ടി.സി.-യും KSRTC-SWIFT കമ്പനിയും തമ്മിൽ 02-12-2022-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം KSRTC-SWIFT കമ്പനിയിൽനിന്നും ഡ്രൈവർ-കം-കണ്ടക്ടർ ഉൾപ്പെടെ ബസ് വാടകയ്ക്കെടുത്താണ് സർവ്വീസ് നടത്തിവരുന്നത്. കാലാകാലങ്ങളിൽ പരസ്പരം സമ്മതിച്ച് നിശ്ചയിക്കുന്ന വാടകയ്ക്കനുസൃതമായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്.

## ഡിസ്ട്രിക്റ്റ് കോമൺ പൂൾ സംവിധാനം

205(5478) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പ്രവർത്തിച്ചിരുന്ന വർക്ക്ഷോപ്പുകൾ നിർത്തലാക്കി ഡിസ്ട്രിക്റ്റ് കോമൺ പൂൾ എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസ്ട്രിക്റ്റ് കോമൺ പൂൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പ്രവർത്തിച്ചിരുന്ന വർക്ക്ഷോപ്പുകൾ നിർത്തലാക്കിയിട്ടില്ല. ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിലാക്കിയപ്പോൾ പ്രതിദിന, പ്രതിവാര മെയിന്റനൻസുകളും മൈനർ റിപ്പയറിംഗുകളും നിർവ്വഹിക്കുന്നത് ഡിപ്പോതല വർക്ക്ഷോപ്പുകളിലാണ്.

(ബി) എങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടായ സാഹചര്യം

വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ഏകീകൃത സ്വഭാവം കൈവരിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കും ഇൻവെന്ററി നിയന്ത്രിച്ച് പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനും സേവന വേതന കരാർ 2021-ലെ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരവും നിലവിലെ വർക്ക്ഷോപ്പുകൾ പുനഃക്രമീകരിച്ച് ത്രീ ടയർ മെയിന്റനൻസ് സംവിധാനത്തിലേക്ക് മാറ്റേണ്ടത് അനിവാര്യമായതിന്റെ അടിസ്ഥാനത്തിൽ 5 സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ യൂണിറ്റുകളായും 22 ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകൾ രൂപീകരിച്ച് പ്രതിദിനം പ്രതിവാര മെയിന്റനൻസ് ഒഴികെയുള്ളതും സി.എഫ്. ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ, ആക്സിഡന്റ് റിപ്പയർ എന്നിവ നിർവ്വഹിക്കുന്നതിനും ഡിപ്പോ ഗ്യാരേജുകളിൽ പ്രതിദിന/പ്രതിവാര മെയിന്റനൻസുകൾ (ഇലക്ട്രിക്കൽ, ടയർ ഉൾപ്പെടെ) നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ഡിസ്ട്രിക്റ്റ് കോമൺ പൂൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ബസ്സുകളുടെ വാഹന ഉപയോഗ നിരക്ക് വർദ്ധിപ്പിക്കുന്നതിലേക്ക്

മെയിന്റനൻസ് സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും അറ്റകുറ്റപ്പണികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്പെയർ പാർട്സുകളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമാണ് ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുണ്ടായ സാഹചര്യം.

(സി) തകരാറിലാകുന്ന ബസ്സുകൾ ഒരു ഡിപ്പോയിൽനിന്നും കിലോമീറ്ററുകളോളം കൊണ്ടുപോയി ഡി.സി.പി. സ്ഥിതി ചെയ്യുന്ന ഡിപ്പോകളിലെത്തിച്ച് അറ്റകുറ്റപ്പണി ചെയ്യേണ്ടിവരുന്നത് കാരണമുണ്ടാകുന്ന അധിക ഡീസൽ ഉപയോഗവും സമയനഷ്ടവും നിമിത്തം കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുമുമ്പ് സെൻട്രൽ /റീജണൽ വർക്ക്ഷോപ്പുകൾ (5 എണ്ണം) കേന്ദ്രീകരിച്ചായിരുന്നു ആക്സിഡന്റ് റിപ്പയർ, മറ്റ് മേജർ റിപ്പയർ വർക്കുകൾ സി.എഫ്. ജോലികൾ നിർവ്വഹിച്ചിരുന്നത്. നിലവിൽ 22 ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണുണ്ടായത്.

ഡിപ്പോകളിൽ നിന്നും ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിലേക്ക് ബസ്സുകൾ അയച്ചുനൽകുന്നത് മേജർ അഗ്രഗേറ്റ് റീപ്ലേസ്മെന്റ്, സി.എഫ്, quarterly and half yearly maintenance, accident repair എന്നിവ നിർവ്വഹിക്കുന്നതിനാണ്. Float unit replacement, മറ്റ് പീരിയോഡിക് മെയിന്റനൻസുകൾ vehicle manufacture നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുമ്പോൾ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ ഒഴിവാക്കാൻ സാധിക്കുന്നതുമാണ്. കൂടാതെ ത്രിതല മെയിന്റനൻസ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കി പ്രവർത്തനം വിലയിരുത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**കെ.എസ്.ആർ.ടി.സി.-യും സ്വിഫ്റ്റ് കമ്പനിയും തമ്മിലുള്ള വാടക കരാർ**

206 (5479) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യും സ്വിഫ്റ്റ് കമ്പനിയും തമ്മിൽ ബസുകളുടെ വാടക സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്കും സ്വിഫ്റ്റിനും വേണ്ടി എം.ഡി. എന്ന നിലയിൽ ഒരേ വ്യക്തിയാണ് ഒപ്പുവച്ചിരിക്കുന്നത് എന്നത് വസ്തുതയാണോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം KSRTC ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KSRTC-SWIFT Ltd.-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും ആയിരിക്കും.

കെ.എസ്.ആർ.ടി.സി.-ക്കും KSRTC-SWIFT-നും വേണ്ടി മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ശ്രീ. ബിജു പ്രഭാകർ IAS ആണ് ഒപ്പുവച്ചിട്ടുള്ളത്.

(സി) പ്രസ്തുത കരാർ നിയമപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ ആവശ്യമായ നിയമോപദേശം തേടിയിരുന്നതായി അറിയിച്ചിട്ടുണ്ട്.

**പൊതുഗതാഗത സൗകര്യത്തിന്റെ ശാക്തീകരണം**

207(5480) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതത്തിൽ രാജ്യത്ത് ഏറ്റവും കുറവ് ബസ്സുകൾ

പൊതുഗതാഗതത്തിനായുള്ളത് കേരളത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ജനസംഖ്യാനുപാതത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള പൊതുഗതാഗതം സംബന്ധിച്ച പഠനം മോട്ടോർ വാഹനവകുപ്പ് നടത്തിയിട്ടില്ല. എന്നിരുന്നാലും ജനസംഖ്യാനുപാതത്തിൽ ഏറ്റവും കൂടുതൽ സ്വകാര്യ വാഹനങ്ങളുപയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ പൊതുഗതാഗതം ഉപയോഗിക്കുന്ന യാത്രക്കാരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്.

(ബി) പൊതു, സ്വകാര്യ മേഖലകളുടെ ഏകോപനത്തിലൂടെ പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ദേശസാൽക്കൃത റൂട്ടുകളൊഴികെ മറ്റ് റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് ഓർഡിനറി സർവ്വീസുകൾ നടത്തുന്നതിന് അനുമതി നൽകുന്നുണ്ട്.

(സി) യാത്രക്കാരെ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന് വികസിത രാജ്യങ്ങളുടെ മാതൃകയിൽ ഒറ്റ ടിക്കറ്റിൽ ഒന്നിലധികം യാത്രാ മാർഗ്ഗങ്ങൾ കോർത്തിണക്കുന്ന സംവിധാനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഒറ്റ ടിക്കറ്റിൽ ഒന്നിലധികം യാത്രാ മാർഗ്ഗങ്ങൾ കോർത്തിണക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കെ-സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ**

208 (5481) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ എല്ലാ മാസത്തെയും വരവ് ചെലവ് കണക്കുകളുടെ വിശദരൂപം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) കെ-സ്വിഫ്റ്റിന് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ബാധകമാണോയെന്നത് വ്യക്തമാക്കാമോ?

സ്വിഫ്റ്റ് കമ്പനിക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ബാധകമാണ്.

(സി) കെ-സ്വിഫ്റ്റിന്റെ ബസുകൾ മെയിന്റനൻസ് ചെയ്ത വകയിൽ ആ കമ്പനി കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശികയുണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകളുടെ ഉപയോഗംമൂലം

കെ.എസ്.ആർ.ടി.സി.-ക്ക് നാളിതുവരെ എത്ര രൂപ ലാഭം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ ഓപ്പറേറ്റിംഗ് ജീവനക്കാർക്ക് ഏതുസ്ഥാപനത്തിൽ നിന്നാണ് ശമ്പളം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ ഓപ്പറേറ്റിംഗ് വിഭാഗം ദിവസക്കൂലി ജീവനക്കാരായ ഡ്രൈവർ-കം-കണ്ടക്ടർമാർക്ക് സ്വിഫ്റ്റ് കമ്പനിയാണ് പ്രതിഫലം നൽകുന്നത്.

(എഫ്) കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനുള്ള ചുമതല കെ-സിഫ്റ്റിനെ ഏല്പിച്ചിട്ടുണ്ടോ; ഇനിയും പുതിയ റൂട്ടുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനുള്ള ചുമതല കെ.എസ്.ആർ.ടി.സി.-സിഫ്റ്റിനെ ഏല്പിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകളൊന്നുംതന്നെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് കൈമാറിയിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. നിലവിലെ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്വിഫ്റ്റ് ബസ്സുകൾ ലീസിനെടുത്ത്

ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്കുണ്ടായിരുന്ന ദീർഘദൂര സൂപ്പർ ക്ലാസ് ബസ്സുകൾക്ക് കാലപ്പഴക്കം വന്നതിനാലും എ.സി. സ്ലീപ്പർ, എ.സി. സീറ്റർ പോലുള്ള ഉയർന്ന ശ്രേണിയിലുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് മുമ്പ് ഇല്ലാതിരുന്നതിനാലും ചെലവുകുറച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിൽ സ്വിഫ്റ്റിൽനിന്നും ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുള്ളത്.

(ജി) കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം, ഡിപ്പോ, ബസ് സ്റ്റാന്റ്, മറ്റ് സൗകര്യങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനായി കെ-സ്വിഫ്റ്റ് കെ.എസ്.ആർ.ടി.സി.-ക്ക് വാടക നൽകുന്നുണ്ടോ; ആയതിനായി കെ.എസ്.ആർ.ടി.സി.-യും കെ-സ്വിഫ്റ്റും തമ്മിൽ ഏതെങ്കിലും കരാറുണ്ടാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ വാടക ഇനത്തിൽ കെ-സ്വിഫ്റ്റ് കെ.എസ്.ആർ.ടി.സി.-ക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനിയും കുടിശികയായി എന്തുതുക നല്കാനുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമസഭയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

209 (5482) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമസഭയിൽ ജോലി നോക്കുന്നവരുടെ വിശദവിവരം ലഭ്യമാക്കാമോ; ഇത്തരം ജീവനക്കാരുടെ പേ-ഫിക്സേഷൻ വിവരങ്ങൾ ലഭ്യമാക്കണമെന്ന അറിയിപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത അറിയിപ്പിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും ശ്രീ. ആർ. പ്രശാന്ത് (ചാർജ്ജ്മാൻ, പേരൂർക്കട) നിയമസഭയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്. ടി ജീവനക്കാരന്റെ പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ്, ഡി.എ. അരിയർ, ആമുഖ കത്ത് എന്നിവ ലഭ്യമാക്കുന്നതിനായി രണ്ട് കത്തുകൾ യഥാക്രമം 02-7-2022, 03-11-2022 എന്നീ തീയതികളിൽ നിയമസഭാ സെക്രട്ടറിയേറ്റിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

ഒന്നാമത്തെ കത്തിനുള്ള മറുപടി, E8/1437/22/ PKDA/തിരു.സൗത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തീയതി 21-9-2022 നമ്പരായി നൽകിയിരുന്നു. ശ്രീ. ആർ. പ്രശാന്തിന്റെ സേവന പുസ്തകത്തിൽ പുതുക്കിയ ശമ്പളം സംബന്ധിച്ച് Fixation Approval നൽകിയിട്ടില്ലാത്തതിനാൽ Fixation Register തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ അധികാരിക്ക് നൽകിയിട്ടുള്ളതും പ്രസ്തുത നടപടി പൂർത്തിയാകുന്നമുറയ്ക്ക് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള 31-10-2022 തീയതിയായ കത്തിന് മറുപടി നൽകുന്നതുമാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥലംമാറ്റം**

210 (5483) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷവും അതിൽ കൂടുതലും ഹോം ഡിപ്പോയിൽനിന്നും മാറി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഒഴിവുകളുണ്ടായിട്ടും സ്ഥലംമാറ്റം ലഭിക്കാതിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഹോം യൂണിറ്റ്, ഹോം സർക്കിൾ, ഹോം ഡിസ്ട്രിക്ടിനുപുറത്ത്

ജോലിചെയ്യുന്ന ജീവനക്കാരന് തിരികെ മാറ്റം ലഭിക്കുന്നതിന് അർഹത നേടുന്നതിനായുള്ള ഏറ്റവും കുറഞ്ഞ സേവന കാലയളവ് പൂർത്തീകരിച്ചാൽ മാത്രമേ ഹോം യൂണിറ്റ്, ഹോം സർക്കിൾ, ഹോം ഡിസ്ട്രിക്റ്റിലേക്ക് സ്ഥലം മാറ്റത്തിന് അർഹതയുള്ളൂ. മേൽപ്പടി കാലയളവ് പൂർത്തീകരിക്കുന്ന ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം ഒഴിവുകളുള്ള യൂണിറ്റുകളിൽ സ്ഥലംമാറ്റം അനുവദിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

211 (5484) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ യൂണിയനുകളും ജീവനക്കാരും ചേർന്ന് നിരുത്സാഹപ്പെടുത്തുന്നതായി കരുതുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ അംഗീകൃത യൂണിയനുകളുമായി ചർച്ച ചെയ്യുകയും യൂണിയനുകളെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്തുമാണ്

പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) അതുകൊണ്ടാണോ കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യ വിതരണം നൽകിവരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച ഫണ്ടിൽനിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടിവരുന്നുണ്ട്. ഇക്കാരണങ്ങളാലാണ് വിരമിച്ചവർക്കുള്ള

പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന തുക

212 (5485) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും വിവിധ ഇനങ്ങളിലേക്ക് അടയ്ക്കുന്നതിന് എത്ര വീതം തുകകൾ ഏതുനിരക്കിലാണ് പിടിക്കുന്നതെന്ന വിവരം ഇനം തിരിച്ച് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഡിപ്പാർട്ട്മെന്റൽ റിക്കവറികളായ പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ., ജി.ഐ.എസ്., എൻ.പി.എസ്., നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറികളായ എൽ.ഐ.സി., കെ.എസ്.എഫ്.ഇ., കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ ഉൾപ്പെടെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് പ്രതിമാസ തിരിച്ചടവ് ഇനത്തിൽ ഒടുക്കുവാനുള്ള തുകകൾ എന്നിവ ഈടാക്കുന്നുണ്ട്. എന്നാൽ എൽ.ഐ.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരിച്ചടവ് തുക എന്നിവയ്ക്ക് കോർപ്പറേഷൻ പ്രത്യേക

നിരക്കൊന്നും നിശ്ചയിച്ചിട്ടില്ല. പകരം ടി തുകകൾ ഓരോ ജീവനക്കാരും അവരവരുടെ താല്പര്യ പ്രകാരവും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലും പ്രതിമാസ ശമ്പളത്തിൽനിന്നും ഈടാക്കുന്നതാണ്.

PF - Basic pay യുടെ 10%

NPS - (Basic pay + DA)യുടെ 10% നിരക്കിൽ ഈടാക്കുന്നു.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കുന്ന SLI, GIS എന്നിവ ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായി സ്ലാബ് കണക്കാക്കിയാണ് ഈടാക്കുന്നത്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്കും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലേക്കുമുൾപ്പെടെ ഇപ്രകാരം ജീവനക്കാരിൽനിന്നും പിടിച്ച തുക യഥാസമയത്തുതന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാത്ത സാഹചര്യം നിലവിലുണ്ടോ?

ഉണ്ട്. എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതി എന്നീ ഇനങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കിയ തുകകളിൽ നിന്നും 2022 ഡിസംബർ മാസം വരെയുള്ളവ മുടക്കം കൂടാതെ ഇൻഷ്വറൻസ് വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. തുടർന്നുള്ള 2023 ജനുവരി, ഫെബ്രുവരി

മാസങ്ങളിലെ തുക കാലതാമസംകൂടാതെ ഒടുക്കുന്നതാണ്.

(സി) എങ്കിൽ ഇപ്രകാരം പിടിച്ചിട്ടുള്ളതിൽ ആകെ എത്ര തുകയാണ് കെ.എസ്.ആർ.ടി.സി. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാതെ കൈവശം സൂക്ഷിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കിയ റിക്കവറി തുകകളിൽനിന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറാത്ത തുക സംബന്ധിച്ച ഇനം തിരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| എൻ.പി.എസ്. (കെ.എസ്.ആർ.ടി.സി. വിഹിതം ഉൾപ്പെടെ) | 267.00 |
| എസ്.എൽ.ഐ, ജി.ഐ.എസ്. | 2.09 |
| എൽ.ഐ.സി. | 0.46 |
| കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കെ.എസ്.ആർ.ടി.സി. സൊസൈറ്റി, കെ.എസ്.എഫ്.ഇ. | 32.25 |

(ഡി) ഈ തുകകൾ കുടിശ്ശികയാകുന്നതുമൂലം ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളിൽ എന്തൊക്കെ നഷ്ടങ്ങളാണുണ്ടാകുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇനങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കിയ തുകയിൽ

2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തുക മാത്രമാണ് ഒടുക്കുവാനുള്ളത്. ടി തുകയും കാലതാമസം കൂടാതെ ഒടുക്കുന്നതാണ്. ഇത്തരത്തിൽ എൽ.ഐ.സി., എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇനങ്ങളിൽ അധികം കുടിശ്ശികയില്ലാത്തതിനാൽ ജീവനക്കാർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്.

എൻ.പി.എസ്. കുടിശ്ശികയാകുന്നതുമൂലം SBI Pension Fund Scheme (State Govt.) UTI retirement solutions - pension fund scheme (State Govt.), LIC Pension Fund Scheme (State Govt.) എന്നിവയിൽനിന്നും ലഭിക്കേണ്ട പലിശ നഷ്ടപ്പെടുന്നു.

(ഇ) ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കെ.എസ്.ആർ.ടി.സി. പിടിച്ച തുക ആറുമാസത്തിനകം അതത് പദ്ധതികളുടെ അക്കൗണ്ടുകളിലേയ്ക്ക് അടയ്ക്കണമെന്നും ശമ്പളത്തിൽനിന്നും പിടിച്ച തുക വക മാറ്റി ചെലവഴിക്കുന്നത് അനുവദിക്കാനാകില്ലെന്നും ഹൈക്കോടതി ഉത്തരവിടുകയുണ്ടായോ?

ശ്രീ. എസ്. എ. സുനീഷ് കുമാർ മുതൽ 106 പേർ ഫയൽ ചെയ്ത WP(C) 33790/2022 എന്ന കേസിന്മേലുള്ള 22-2-2023-ലെ വിധിന്യായത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കിയ NPS തുകയും

കെ.എസ്.ആർ.ടി.സി.-യുടെ കോൺട്രിബ്യൂഷനും SLI, GIS-ഉം ആറ് മാസത്തിനകം അടയ്ക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. ശമ്പളത്തിൽനിന്നും ഈടാക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് അനുവദിക്കാനാകില്ലെന്ന് കോടതി പ്രസ്തുത ഉത്തരവിൽ നിരീക്ഷിച്ചതായി കാണുന്നു.

(എഫ്) എങ്കിൽ ഈ തുകകൾ എന്നത്തേയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടയ്ക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം ജീവനക്കാർക്ക് റിക്കവറി തുകകൾ ഒഴിവാക്കിയുള്ള നെറ്റ് സാലറിയാണ് കഴിഞ്ഞ കുറെയേറെ മാസങ്ങളായി നൽകിവരുന്നത്. ടി പ്രതിസന്ധി നിമിത്തമാണ് ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കുന്ന റിക്കവറി തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ യഥാസമയം ഒടുക്കാൻ കഴിയാതിരിക്കുന്നത്. എന്നിരുന്നാലും കഴിഞ്ഞ ശബരിമല സ്പെഷ്യൽ നടത്തിപ്പിനോടനുബന്ധിച്ച് ലഭ്യമായ അധിക വരുമാനം ഉപയോഗിച്ച് എസ്.എൽ.ഐ., ജി.ഐ.എസ്., എൽ.ഐ.സി. എന്നീ ഇനങ്ങളിൽ ഒരു വർഷത്തോളം കുടിശ്ശികയുണ്ടായിരുന്ന തുക മുഴുവൻ കോർപ്പറേഷൻ ഒറ്റത്തവണയായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുകയുണ്ടായി. ടി ഇനങ്ങളിൽ നിലവിൽ കുടിശ്ശികയുള്ള 2023 ജനുവരി മാസത്തെ തുക 2023

മാർച്ച് മാസത്തിലും 2023 ഫെബ്രുവരി മാസത്തെ തുക 2023 ഏപ്രിൽ മാസത്തിലുമായി ഒടുക്കിത്തീർക്കുന്നതാണ്. മാത്രമല്ല നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കെ.എസ്.ആർ.ടി.സി. സൊസൈറ്റി, കെ.എസ്.എഫ്.ഇ. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുവാനായി കുടിശ്ശികയുള്ള തുക ഒറ്റത്തവണയായി അടച്ചുതീർക്കുവാൻ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കോർപ്പറേഷന് സാധിക്കുകയില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് അടച്ചുതീർക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസ് ഓൺ ഡിമാൻഡ് (BOND)**

213 (5486) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാൻഡ് (BOND) എന്ന പേരിൽ ഇപ്പോഴും സർവ്വീസ് നടത്തുന്നുണ്ടോ?

കോവിഡ്കാല യാത്രാ നിയന്ത്രണങ്ങളോടനുബന്ധിച്ച് പൊതുജനങ്ങൾ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കാതിരുന്ന സാഹചര്യത്തിൽ സർക്കാർ/അർദ്ധ സർക്കാർ/വിവിധ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ ആവശ്യപ്രകാരമാണ് ബസ് ഓൺ ഡിമാന്റ് (BOND) എന്ന

പേരിൽ പ്രത്യേക സർവ്വീസുകൾ നടത്തിയിരുന്നത്. കോവിഡ് സാഹചര്യത്തിനുശേഷം പ്രായോഗികമായ രീതിയിൽ സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതി മറ്റ് സാധാരണ ജനങ്ങൾക്കുകൂടി ഗുണകരമാകുന്ന വിധത്തിൽ ആകർഷകമാക്കി പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ എ.സി. ബസ്സുകൾ പൂർണ്ണമായ സീറ്റിംഗ് കപ്പാസിറ്റി ലഭ്യമാകുകയാണെങ്കിൽ ബോണ്ട് സർവ്വീസിനായിത്തന്നെ ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വഴി എത്ര ബസ്സുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വഴി ബസ്സുകൾ വാടകയ്ക്ക് നൽകിയിട്ടില്ല.

(സി) ബസ് ഓൺ ഡിമാൻഡ് സർവ്വീസ് ആവശ്യപ്പെട്ട് ലഭിച്ച എല്ലാ അപേക്ഷകളിലും കെ.എസ്.ആർ.ടി.സി.-ക്ക് ബസ് അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കുമോ?

മുമ്പുണ്ടായിരുന്ന ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതി പുനഃക്രമീകരിച്ച് പൂർണ്ണമായും സീറ്റിംഗ് കപ്പാസിറ്റിയിലുള്ള യാത്രക്കാർ

മുൻകൂറായി ആവശ്യപ്പെടുന്നപക്ഷം ആകർഷകമായ നിരക്കിൽ എ.സി. ബസ്സുകൾ ബോണ്ട് സർവ്വീസുകൾക്കായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിച്ച് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ യാത്രക്കാർ കുറവായതിനാൽ പ്രത്യേക ബോണ്ട് സർവ്വീസുകൾ മിക്കവയും നിന്നുപോവുകയാണുണ്ടായത്.

(ഡി) കോവിഡ് മഹാമാരിയെത്തുടർന്ന് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളെല്ലാം പുനഃസ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി നിന്നുപോയ സർവ്വീസുകളിൽ യാത്രക്കാരുടെ ആവശ്യകതയും കോർപ്പറേഷന്റെ വരുമാന ലഭ്യതയും ഉറപ്പുവരുത്തി എല്ലാ സർവ്വീസുകളും/ട്രിപ്പുകളും പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ പ്രവർത്തന ചെലവ് ലഭിക്കാത്ത ചില ട്രിപ്പുകൾ/ സർവ്വീസുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല. ഡീസൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കി തുടങ്ങുന്ന ഗ്രാമവണ്ടി സർവ്വീസുകൾ വ്യാപകമായി ആരംഭിച്ചുവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-ൽ ഡീസൽ എത്തിക്കുന്നതിലെ ക്രമക്കേടുകൾ

214(5487) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡീസൽ എത്തിക്കുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്?

നെടുമങ്ങാട് ഡിപ്പോയിൽ 19-02-2023-ൽ സ്വകാര്യ പമ്പിൽനിന്നും ഇൻവോയ്സ് പ്രകാരം 5000 ലിറ്റർ ഡീസലാണ് എത്തിക്കേണ്ടിയിരുന്നത്. എന്നാൽ പരിശോധനയിൽ 1000 ലിറ്റർ കുറവുള്ളതായി കണ്ടെത്തുകയും കുറവുള്ള ഡീസൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൃത്യ അളവിൽ ഡീസൽ നൽകാത്തതിനാലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ?

നഷ്ടമുണ്ടായിട്ടില്ല. അന്വേഷണത്തിൽ ടി അപാകത ശ്രദ്ധയിൽപ്പെട്ട ബന്ധപ്പെട്ട ഏജൻസിതന്നെ ആയത് പരിഹരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(സി) ഡീസലടിക്കുന്നതിൽ കുറവുണ്ടായത് കണ്ടുപിടിക്കുന്നതിൽ ഉദ്യോഗസ്ഥ വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഇല്ല. സ്വകാര്യ പമ്പിനെതിരെ ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനോട് (IOC) ആവശ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പരിശോധനയിലാണ് കുറവ് കണ്ടെത്തിയിട്ടുള്ളത്. ഡീസൽ ഡി-ക്യാന്റേഷൻ സംബന്ധിച്ച 18-09-2021-ലെ കോർപ്പറേഷന്റെ ഉത്തരവ് കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നിരന്തര നിരീക്ഷണവും പരിശോധിച്ചുറപ്പാക്കലും കാര്യക്ഷമമായി തുടർന്നുവരുന്നുണ്ട്.

**ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ്**

215 (5488) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകൾ വന്നെത്തുന്ന കാലയളവിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽനിന്നും വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കുമോ?

ടൂറിസം കാലയളവിൽ സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനായി നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ആയത് വിനോദ സഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ നടത്തിവരുന്ന ഭൂരിഭാഗം ടൂർ പാക്കേജുകളും വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളും ഡി.ടി.പി.സി. എന്നിവയുമായി ചേർന്നാണ്.

## അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണവും പരിഷ്കരണവും

216 (5489) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നാളിതുവരെയായി ആയതിന് പരിഹാരമുണ്ടാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായുള്ള

പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുമോ; നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ PMC ആയ M/s. KRDCL മുഖേന നടപ്പിലാക്കുന്നതിനായി 16-02-2023-ൽ 4,34,32,197/- രൂപയുടെ ഭരണാനുമതി (അനുബന്ധമായി ചേർക്കുന്നു+) നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10-3-2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് അങ്കമാലി ഡിപ്പോയിൽ ഏതെങ്കിലും പുതിയ സംരംഭം ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ദീർഘദൂര സർവ്വീസുകൾ കാലാനുസൃതമായി പരിഷ്കരിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരത്തിൽ എത്തിച്ചേരുന്ന വിധത്തിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് സഹായകരമാകുന്ന വിധത്തിൽ അങ്കമാലി ഡിപ്പോയിൽ ദീർഘദൂര സർവ്വീസുകളുടെ ട്രാൻസിറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ചർച്ചകൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ 02-09-2022-ലെ യോഗത്തിൽ നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

എൻ.എച്ച്. റോഡും എം.സി. റോഡും വന്നുചേരുന്ന അങ്കമാലി പട്ടണത്തിലെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതിനാൽ അങ്കമാലി ഡിപ്പോയിൽ ഇതിനുവേണ്ട ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ചുവരുന്നു. സിവിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അങ്കമാലി ഡിപ്പോയിലെ നിലവിലെ കെട്ടിടത്തിൽ താഴത്തെ നിലയിൽ AC/Non AC Restaurant, AC Passenger Waiting Lounge, ഒന്നാം നിലയിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകമായി Dormitory (AC/Non AC) സംവിധാനം, രണ്ടാം നിലയിൽ KSRTC സ്റ്റാഫുകൾക്കായി AC റെസ്റ്റ് റൂം/Dormitory സംവിധാനം, Lift, പുതിയ ഓഫീസ് ബ്ലോക്ക് നിർമ്മാണം, യാർഡ് നവീകരണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് നിലവിലുള്ള കൺസ്യൂമർ പമ്പിനെ ഫ്യൂവൽസ് റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റായി പരിവർത്തനം നടത്തി യാത്രാ ഫ്യൂവൽസ് ആരംഭിക്കുന്നതിനുള്ള പദ്ധതിയിൽ അങ്കമാലി ഡിപ്പോയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ഫ്യൂവൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതിയുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ നിലവിൽ അങ്കമാലി ഡിപ്പോയിൽനിന്നും നടന്നുവരുന്ന ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകളിലേതെങ്കിലും വിധത്തിലുള്ള മാറ്റമോ തടസ്സമോ ഉണ്ടാകുന്നതിന് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി ഡിപ്പോയെ സെൻട്രൽ ട്രാൻസിറ്റ് ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾക്ക് മാറ്റമോ തടസ്സമോ വരുത്തുന്നതിനുള്ള സാധ്യതയില്ലാത്തതാണ്.

(ഇ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതുതായി നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് ജനപ്രതിനിധികളുടെ യോഗം വിളിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രാഥമിക നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ജനപ്രതിനിധികളുടെ യോഗം വിളിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിന് നടപടി

217 (5490) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സിവിൽ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ജില്ലാ വർക്ക് ഷോപ്പ് നിർമ്മാണത്തിനായി 06-5-2021-ലെ AB3/001243/2021 ഉത്തരവ് പ്രകാരം 4,71,20,000/- രൂപയുടെ ഭരണാനുമതി PMC ആയ M/s. HLL Lifecare Limited-ന് നൽകുകയുണ്ടായി. ഈ പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടർ നടപടി പ്രകാരം M/s. Success Steel Structures എന്ന സ്ഥാപനത്തിന് Work Order നൽകിയെങ്കിലും ടി സ്ഥാപനം ഈ പ്രവൃത്തിയിൽനിന്നും പിന്മാറുകയും തുടർന്ന് വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## പുനലൂർ നിയോജകമണ്ഡലത്തിലെ ഡിപ്പോകളിൽനിന്നും നിർത്തിവച്ച സർവ്വീസുകൾ

218 (5491) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ ഡിപ്പോകളിൽനിന്നും കോവിഡ് രോഗബാധയുടെ കാലത്ത് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിലവിൽ നടത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ പുനലൂർ, കുളത്തൂപ്പുഴ, ആര്യങ്കാവ് എന്നീ ഡിപ്പോകളിൽനിന്നും കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി നിന്നുപോയ ലാഭകരമായ സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യകതയും കോർപ്പറേഷന്റെ വരുമാന ലഭ്യതയും ഉറപ്പുവരുത്തി ലാഭകരമായ വിധത്തിൽ സർവ്വീസുകളും/ട്രിപ്പുകളും നടത്തുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലാഭകരമായ ഗ്രാമീണ സർവ്വീസുകൾ ആവശ്യാനുസരണം നടത്തുന്നതിന് മേഖലാ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിർത്തിവച്ചവയിൽ ഏതൊക്കെ സർവ്വീസുകൾ പുനരാരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

നിന്നുപോയ ദീർഘദൂര സർവ്വീസുകൾക്ക് പകരമായി മിക്കവാറും എല്ലാ റൂട്ടുകളിലും പുതിയ സർവ്വീസുകളും ട്രിപ്പുകളും ആരംഭിച്ചിട്ടുണ്ട്. കോവിഡാനന്തരം ട്രാഫിക് ഡിമാന്റ് വർദ്ധിക്കുന്നതിനനുസരിച്ച് ആവശ്യമെങ്കിൽ സർവ്വീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ MTW Act പ്രകാരമുള്ള ഡ്യൂട്ടി സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതോടുകൂടി എല്ലാ യൂണിറ്റുകളിലും മേഖലകളിലും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത സർവ്വീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; പുനരാരംഭിക്കാൻ കഴിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

നഷ്ടത്തിലുള്ള ട്രിപ്പുകളും സർവ്വീസുകളും നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

219 (5492) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര സർവ്വീസുകൾ നിർത്തലാക്കിയെന്നുള്ള വിവരം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരി കാലത്ത് മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 17 സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്.

(ബി) ഇതിൽ എത്ര ബസ് സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഇതിൽ 11 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. 05.00 ഗുരുവായൂർ, 05.20 കോട്ടയം, 06.50 തുറയിൽക്കടവ്, 06.00 ആലപ്പുഴ, 06.00 ചങ്ങനാശ്ശേരി, 07.30 കായംകുളം എന്നീ 6 സർവ്വീസുകൾ പുനരാരംഭിക്കാനുണ്ട്.

(സി) പ്രസ്തുത ബസ് സർവ്വീസുകൾ നിർത്തലാക്കിയതിലൂടെ പൊതുജനങ്ങൾക്കുണ്ടായ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിന്നുപോയ സർവ്വീസുകളിലെ ജനോപകാരപ്രദമായ പ്രധാന ട്രിപ്പുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ

നിലവിലുള്ള സർവ്വീസുകളിൽ ക്രമീകരിച്ചിട്ടുണ്ട്.

(ഡി) നിർത്തിവച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിന്നുപോയ സർവ്വീസുകൾ/ട്രിപ്പുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി സർവ്വീസ് ആരംഭിക്കുന്നതിന് കഴിയുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

220 (5493) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യംമൂലം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യംമൂലം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 12 സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്.

1. 04.15 കാടാമ്പുഴ

2. 07.10 ഗുരുവായൂർ

3. 09.45 ഗുരുവായൂർ / കാടാമ്പുഴ

4. 12.45 ഗുരുവായൂർ

5. 07.10 കുറ്റിപ്പുറം

6. 12.30 കുറ്റിപ്പുറം

7. 13.00 ഗുരുവായൂർ

8. 10.00 ഗുരുവായൂർ

9. 12.00 ഗുരുവായൂർ

10. 07.10 ഒറ്റപ്പാലം

11. 08.10 ഒറ്റപ്പാലം

12. 04.45 ചെറായി (09.30 പാലക്കാട് ഷൊർണ്ണൂർ -ഒറ്റപ്പാലം വഴി).

(ബി) ഇവയിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും ബാക്കിയുള്ളവ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

പുനരാരംഭിച്ച സർവ്വീസുകൾ ചുവടെ ചേർക്കുന്നു.

1. 07.10 കുറ്റിപ്പുറം

2. 12.30 കുറ്റിപ്പുറം

3. 13.00 ഗുരുവായൂർ

4. 10.00 ഗുരുവായൂർ

5. 12.00 ഗുരുവായൂർ

6. 07.10 ഒറ്റപ്പാലം

കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നുപോയ സർവ്വീസുകൾ/ട്രിപ്പുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി എത്രയുംവേഗം സർവ്വീസ് ആരംഭിക്കുന്നതിന് കഴിയുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയോജകമണ്ഡലത്തിലൂടെ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയോജകമണ്ഡലത്തിലൂടെ 4 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

1. 15.15 ഷൊർണ്ണൂർ

2. 15.30 കുറ്റനാട്

3. 15.00 ഗുരുവായൂർ

4. 14.00 തൃശ്ശൂർ മെഡിക്കൽ കോളേജ്

## കോട്ടയം ജില്ലയിലെ ഗ്രാമവണ്ടി സർവ്വീസുകൾ

221 (5494) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്; പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ രണ്ട് ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽനിന്നും ഗ്രാമവണ്ടി ആരംഭിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡ് നിർമ്മാണം

222 (5495) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബഡ്ജറ്റിൽ അനുമതി നൽകി ഇരുപത് ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡ് നിർമ്മാണം എന്ന പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള ബഡ്ജറ്റ് 2021-22 വാല്യം II, അനുബന്ധം II-ൽ ചിറ്റൂർ കെ.എസ്.ആർ.ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. (പേജ് നമ്പർ 78, ക്രമനമ്പർ 1310, അടങ്കൽ തുക 200 ലക്ഷം, 20% വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം) KSRTC-യുടെ Functional Requirements ഉൾപ്പെടുത്തി അംഗീകൃത PMC ആയ Kerala Rail Development Corporation Limited മുഖേന പ്രസ്തുത പദ്ധതിക്കായി പ്ലാൻ തയ്യാറാക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിനായി 10-3-2023-ൽ പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതുമാണ്.

**നെയ്യാറ്റിൻകര-പയ്യാമ്പലം ബസ് സർവ്വീസ്**

223 (5496) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മനാടായ നെയ്യാറ്റിൻകരയിൽനിന്നും അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തിയിരുന്ന ബസ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര-പയ്യാമ്പലം ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിൽ പൊതുജനങ്ങളുടെ യാത്രാവശ്യം പൂർണ്ണമായും നിറവേറ്റുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിവരികയാണ്. കൂടാതെ തിരുവനന്തപുരം- കോഴിക്കോട് റൂട്ടിൽ അരമണിക്കൂർ ഇടവേളകളിൽ ബൈപ്പാസ് റൈഡർ സർവ്വീസും പുതുതായി നടത്തിവരുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും കണ്ണൂർ പയ്യാമ്പലത്തേയ്ക്ക് ഒരു സർവ്വീസ് 1997-2000 കാലഘട്ടത്തിൽ നടത്തിയിരുന്നുവെങ്കിലും പിന്നീട് കോഴിക്കോട് മുതൽ കണ്ണൂർ വരെ

കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ചെയിൻ സർവ്വീസുകൾ നടത്തിവന്നതിനാൽ വരുമാനമില്ലാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത സർവ്വീസ് ആദ്യം വടകര വരെയും പിന്നീട് കോഴിക്കോട് വരെയുമായി പുനഃക്രമീകരിക്കുകയാണുണ്ടായത്. നിലവിൽ ധാരാളം സർവ്വീസുകൾ ടി റൂട്ടിൽ ഓപ്പറേറ്റ് ചെയ്യുന്നതിനാൽ ടി സർവ്വീസ് പുനരാരംഭിക്കുന്നത് പ്രായോഗികമല്ലാത്തതാണ്.

**ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി**

224 (5497) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-പെരുമ്പിലാവ് സംസ്ഥാന പാതയിൽ പെരിന്തൽമണ്ണയ്ക്കടുത്തുള്ള പൂപ്പലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

പെരിന്തൽമണ്ണയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ള സ്ഥലത്തുനിന്നും രണ്ടര കിലോമീറ്റർ കഴിഞ്ഞാണ് പൂപ്പലത്ത് സ്റ്റോപ്പുള്ളത്. ഈ സ്റ്റോപ്പ് കഴിഞ്ഞ് രണ്ടര കിലോമീറ്ററിനുള്ളിൽ പട്ടിക്കാട് ചുങ്കം സ്റ്റോപ്പുണ്ട്. ടി സ്റ്റോപ്പിൽ കെ.എസ്.ആർ.ടി.സി.-യുടെ

ഫാസ്റ്റ് പാസഞ്ചർ വരെയുള്ള എല്ലാ ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പൂപ്പലം സ്റ്റോപ്പിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതാണ്. ദീർഘദൂര ബസ്സുകൾക്ക് അടുത്തടുത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് നിർദ്ദിഷ്ട സമയപരിധി പാലിക്കാതെ വരികയും ഇത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ദീർഘദൂര സർവ്വീസുകളെ സാരമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ പൂപ്പലത്ത് ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാവുകയില്ല.

**തൊട്ടിൽപ്പാലം ഡിപ്പോയിൽ നിന്നുള്ള ബസ് സർവീസുകൾ**

225 (5498) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും വിവിധ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് ബസ് സർവ്വീസുകൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ടൂർ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. നിലവിൽ കുട്ടതലായും മൂന്നാർ ടൂർ ട്രിപ്പുകളും പിൽഗ്രിം ട്രിപ്പുകളുമാണ് നടത്തിവരുന്നത്.

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ**

226 (5499) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള പ്രധാന പാതയിൽ കൃത്യമായ സമയക്രമം പാലിച്ച് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ക്രമീകരിച്ചതിലൂടെ അങ്കമാലി ഡിപ്പോയിൽനിന്നും മുഴുവൻ സമയവും പ്രധാന പാതകളിലേയ്ക്ക് ട്രാഫിക് ഡിമാന്റനുസരിച്ച് സർവ്വീസുകൾ ലഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ റദ്ദാക്കുകയോ സമയക്രമത്തിലോ, റൂട്ടിലോ പുനഃക്രമീകരണം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ റദ്ദാക്കിയിട്ടില്ല. തിരുവനന്തപുരം – കോഴിക്കോട് റൂട്ടിൽ ദീർഘദൂര സർവ്വീസുകൾ കൃത്യമായ സമയക്രമം പാലിച്ച് ട്രാഫിക് ഡിമാന്റിനനുസരിച്ച് സർവ്വീസ് നടത്തുന്നതിനായി പുനഃക്രമീകരിച്ചപ്പോൾ ചില ദീർഘദൂര സർവ്വീസുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തിയിട്ടുള്ളതും അങ്കമാലിയിൽനിന്നും പ്രധാന പാതകളിലേയ്ക്ക് കൂടുതൽ ട്രിപ്പുകൾ ലഭിക്കുന്ന വിധത്തിൽ ക്രമീകരിച്ചിട്ടുള്ളതുമാണ്.

(സി) നിലവിൽ പ്രസ്തുത ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന ഹ്രസ്വദൂര, ദീർഘദൂര സർവ്വീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

വിശദവിവരം ചുവടെ ചേർക്കുന്നു.

1. 05.50 തിരുവനന്തപുരം

2. 08.45 തിരുവനന്തപുരം

3. 06.00 ആലപ്പുഴ

4. 07.00 എറണാകുളം

5. 07.30 തൃശ്ശൂർ

6. 06.30 ആലപ്പുഴ

7. 06.30 തൃശ്ശൂർ

8. 07.50 എറണാകുളം

9. 07.20 ആലപ്പുഴ

10. 05.50 ചാലക്കുടി

11. 05.50 ആലുവ

12. 06.10 ചാലക്കുടി

13. 06.10 ആലുവ

14. 06.30 ചാലക്കുടി

15. 06.45 ചാലക്കുടി

16. 06.30 ആലുവ

17. 06.45 ആലുവ

18. 06.30 മഞ്ഞപ്ര

19. 06.45 ചേർത്തല

20. 06.20 ചേർത്തല

21. 07.20 എയിംസ്

22. 07.45 ദേവഗിരി

23. 07.30 മുന്നൂർപ്പിള്ളി

24. 05.00 കാലടി പ്ലാന്റേഷൻ

25. 07.00 ഏലൂർ

26. 07.50 തോപ്പുംപടി

27. 06.55 അയ്യംപ്പുഴ

28. 07.30 തൃപ്പൂണിത്തുറ

29. 06.50 മുളങ്കുഴി

30. 07.00 മാള

31. 07.40 വല്ലം

32. 07.30 അൻപ്ര

33. 08.45 എറണാകുളം

34. 06.40 തോപ്പുംപടി

35. 06.35 എറണാകുളം ജെട്ടി

36. 07.35 എറണാകുളം ജെട്ടി

37. 08.10 എറണാകുളം ജെട്ടി

38. 08.30 എറണാകുളം ജെട്ടി

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകളാണ് പ്രസ്തുത ഡിപ്പോയ്ക്ക് നൽകിയതെന്ന് വിശദമാക്കുമോ?

13 ബസ്സുകൾ അങ്കമാലി യൂണിറ്റിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള സ്പെയർപാർട്ട്സുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

09-3-2023-ൽ അങ്കമാലി ഡിപ്പോയിലെ 7 ബസ്സുകൾ ഡോക്ക് ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ച് ബസ്സുകൾ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് പുതുക്കുന്നതിന് ഡിസ്ട്രിക്ട് വർക്ക്ഷോപ്പ് പെരുമ്പാവൂരിലാണ് ഡോക്ക് ചെയ്തിരിക്കുന്നത്. ഇതിന്റെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ജോലികൾ തീർന്നിട്ടുണ്ട്. കൂടാതെ രണ്ട് ബസ്സുകളിൽ ഒരു ബസ് മൈനർ ആക്സിഡന്റ് റിപ്പയർ വർക്കിനാണ് (Rear body damage and emergency glass broken) ഡോക്ക് ചെയ്തിരിക്കുന്നത്. മറ്റൊരു ബസ് ക്രോസ് മെമ്പറിനുവേണ്ടിയാണ് ഡോക്ക് ചെയ്തിരിക്കുന്നത്. ക്രോസ് മെമ്പർ 10-3-2023-ൽ റീജിയണൽ വർക്ക്ഷോപ്പ് ആലുവയിൽനിന്ന് ലഭ്യമാക്കുന്നതാണ്.

## പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ്

227 (5500) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 544-ൽ പുതുക്കാട്, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് "മൊബിലിറ്റി ഹബ്ബ്" സ്ഥാപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് (Hub and Spoke Model)-നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.

പുതുക്കാട് ബസ് സ്റ്റേഷനിലുള്ള 4.05 ഏക്കർ സ്ഥലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേഷന്റെ സെൻട്രൽ ഹബ് ആക്കി മാറ്റുന്നതിന്, 2 ഏക്കർ സ്ഥലം അത്യാധുനിക സൗകര്യങ്ങൾക്കുള്ള ഒരു ബസ് ഡിപ്പോയുടെ നിർമ്മാണത്തിനും ഒരു ഏക്കർ സ്ഥലം

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനും ഒരു ഏക്കർ സ്ഥലത്ത് ഗ്യാരേജ് നിർമ്മിക്കുന്നതിനുമായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് KSRTC, Project Management Consultant ആയ M/s. Hindustan Prefab Ltd-നെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും യാതൊരു നടപടിയും കൈക്കൊണ്ടില്ല.

24-09-2021-ന് KIIFB CEO-യും മറ്റ് ഉദ്യോഗസ്ഥരുമായി KIIFB ഫണ്ടിനുവേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് BURO Development Architecture Planning എന്ന സ്ഥാപനം മുഖേന concept drawing-ഉം Rough Cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്.

തുടർന്ന് സർക്കാർ ഉത്തരവ് G.O.(Rt)328/2022/Trans dt:05-08-2022 പ്രകാരം KSRTC-യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB-യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ആയതിനാൽ പുതുക്കാട് ഉൾപ്പെടെയുള്ള 8 (എട്ട്) സ്ഥലങ്ങളിൽ നേരിട്ട് EOI ക്ഷണിക്കുന്നതിന് 09-2-2023-ൽ

M/s. KIIFCON Chief Executive Officer-ക്ക് കത്ത് നൽകിയിട്ടുണ്ട്.

## കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടം

228 (5501) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതി അനിശ്ചിതമായി നീളുന്നതിനാൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് നിലവിൽ ഗ്യാരേജ് പ്രവർത്തിക്കുന്ന സ്ഥലത്ത് ഡിപ്പോ ടെർമിനൽ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽനിന്നും ആവശ്യമായ തുക വിനിയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ അനുകൂലമായി പരിഗണിക്കുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയുടെ ധനസഹായത്തോടെയുള്ള വാണിജ്യ സമുച്ചയം ഉൾപ്പെടെയുള്ള വികസന പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ഡിപ്പോ കെട്ടിടം പൊളിച്ച് മാറ്റേണ്ടിവരുന്ന സാഹചര്യത്തിൽ ഡിപ്പോയുടെ പ്രവർത്തനത്തിന് പകരം സംവിധാനം ആവശ്യമാകയാൽ, സമഗ്ര വികസന

പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഗ്യാരേജ് നിൽക്കുന്ന സ്ഥലത്ത് ഡിപ്പോ ടെർമിനൽ നിർമ്മിക്കുന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ നിൽക്കുന്ന സ്ഥലം വാണിജ്യ പ്രാധാന്യമുള്ളതാകയാൽ ബസ് സ്റ്റേഷൻ വികസനത്തോടൊപ്പം വാണിജ്യപരമായ സാദ്ധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. നിലവിൽ കൊല്ലം ഡിപ്പോയിൽ ശരാശരി 77 ബസ് സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ ഡിപ്പോ വഴി കടന്നുപോകുന്ന സർവ്വീസുകൾക്കും ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന തരത്തിൽ ഡിപ്പോ വികസനത്തിനായി ഏകദേശം 15-20 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

വാണിജ്യ പ്രാധാന്യമുള്ള സ്ഥലമായതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുമെന്നതിനാലും സർക്കാരിന് തുക മുടക്കേണ്ടതില്ലാത്തതിനാലും സർക്കാർ ഉത്തരവ് G.O (Rt) 328/2022/ Trans dt. 05-8-2022 പ്രകാരം KSRTC-യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതാ പഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB-യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor

ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നേരിട്ട് EOI ക്ഷണിക്കുന്നതിന് 9-2-2023-ൽ M/s. KIIFCON Chief Executive Officer-ക്ക് കത്ത് നൽകിയിട്ടുണ്ട്.

**അയ്ക്കൂപ്പ് യുവ സഹകരണ സംഘത്തിന്റെ ഓഫീസായി പ്രവർത്തിപ്പിക്കുന്നതിന് ലോ ഫ്ലോർ ബസ്**

229 (5502) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സഹകരണ മീഡിയ പ്രൊഡക്ഷൻ ഹൗസ് ആയ അയ്ക്കൂപ്പ് യുവ സഹകരണ സംഘത്തിന്റെ ഓഫീസ് വ്യത്യസ്തമായി പ്രവർത്തിപ്പിക്കുന്നതിന് ലോ ഫ്ലോർ ബസ് ലഭ്യമാക്കുന്നതിനുവേണ്ട സഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ?

സ്ക്രാപ്പ് ചെയ്ത ലോ ഫ്ലോർ ബസ്സുകളിൽ 4 ബസ്സുകൾ സർക്കാർ സ്കൂൾ / കോളേജുകളുടെ പഠന ആവശ്യത്തിനായി അനുവദിച്ചുനൽകിയിരുന്നു. ശേഷിച്ച ബസ്സുകൾ നടപടിക്രമം പൂർത്തീകരിച്ച് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ MSTC (Metal Scrap Trade Corporation Limited) മുഖാന്തരം ഇ-ലേലത്തിലൂടെ വില്പന നടത്തിവരികയാണ്. ടി ഇ-ലേലത്തിൽ

പങ്കെടുത്ത് സ്ക്രാപ്പ് ചെയ്ത ലോ ഫ്ലോർ ബസ്സുകൾ വാങ്ങാവുന്നതാണ്.

## സ്പീഡ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും പിഴയും

230 (5503) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇവ സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് ചെലവ് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ?

ക്യാമറകളും അതിനോടനുബന്ധിച്ച് കൺട്രോൾ റൂമുകളും സ്ഥാപിച്ചതിന് 165,89,71,150/- രൂപ (നൂറ്റി അറുപത്തിയഞ്ച് കോടി എൺപത്തിഒമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി അമ്പത് രൂപ) ചെലവായിട്ടുണ്ട്. കെൽട്രോൺ ചെലവാക്കിയ പ്രസ്തുത തുക 5 വർഷ കാലാവധിയിൽ 20 തുല്യ ത്രൈമാസ ഗഡുക്കളായിട്ടാണ് സർക്കാർ നൽകേണ്ടത്.

(സി) പ്രസ്തുത ക്യാമറകൾ വഴിയായി നാളിതുവരെ എത്ര

നിയമലംഘനങ്ങൾക്ക് കേസെടുത്തിട്ടുണ്ടെന്നും നാളിതുവരെയായി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ക്യാമറകളും കൺട്രോൾ റൂമുകളും സ്ഥാപിച്ചുവെങ്കിലും ആയത് പ്രവർത്തനക്ഷമമായിട്ടില്ല.

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഈ ക്യാമറകൾ വഴി നാളിതുവരെ ഈടാക്കിയ പിഴ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 181 സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ 54 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. ഈ ക്യാമറകൾ വഴി നാളിതുവരെ 123,71,86,600/- രൂപ (നൂറ്റി ഇരുപത്തിമൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി അറുനൂറ് രൂപ) പിഴ ഈടാക്കിയിട്ടുണ്ട്.

**സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമതയും സുരക്ഷയും**

231 (5504) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിനും

മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ-എയ്ഡഡ് സ്കൂളുകൾ സ്വന്തമായി വാങ്ങിയ പല വാഹനങ്ങളും കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തെ എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകൾക്കാണ് നിലവിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി വാഹനസൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാഹനങ്ങളെല്ലാം നിലവിൽ ഗതാഗത യോഗ്യമാണോ എന്ന് ഉറപ്പാക്കാൻ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര വാഹനങ്ങൾ ഗതാഗത യോഗ്യമല്ലാത്തതായി കണ്ടെത്തുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകൾക്ക് ഗതാഗത യോഗ്യമായ ഏകദേശം 4810 വാഹനങ്ങളും ഗതാഗത യോഗ്യമല്ലാത്തതായി 152 വാഹനങ്ങളുമുണ്ട്. എല്ലാ അധ്യയന വർഷവും ആരംഭിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കൂടാതെ ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുന്ന സമയത്ത് വാഹനങ്ങൾ പരിശോധിച്ച് കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്തവയ്ക്ക് ഫിറ്റ്നസ് പുതുക്കി നൽകാതിരിക്കുന്നുമുണ്ട്.

(സി) ഗതാഗത യോഗ്യമല്ലാത്ത സ്കൂൾ വാഹനങ്ങൾ സ്കൂളുകളിൽനിന്ന് ഒഴിവാക്കുന്നതിനായി എന്ത് നടപടിയാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദീകരിക്കാമോ?

MLA fund മുഖേനയും PTA/School fund/CSR fund എന്നിവ ഉപയോഗിച്ചും വാഹനങ്ങൾ വാങ്ങാൻ കഴിയും. പഴക്കം ചെന്ന വാഹനങ്ങൾ പൊളിക്കാനുള്ള നയം കേന്ദ്രസർക്കാരാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

## പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ്

232 (5505) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ മൂന്ന് ഓഫീസുകളിൽ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2018 മാർച്ച് മാസത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ മോട്ടോർ വാഹന വകുപ്പിന്റെ മൂന്ന് ഓഫീസുകളിൽ, ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സൊസൈറ്റി, കോഴിക്കോട് മുഖേന, നടപ്പിലാക്കുന്നതിന് G.O.(Rt)No.89/2018/Tran. Dated 03-03-2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ പ്രക്രിയ മുഖേനയാണോ പ്രസ്തുത സ്ഥാപനത്തെ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്തത്; അല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഈ ചുമതല നൽകിയത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

G.O.(Ms)No.1/2016/ITD dated 18-01-2016-ലെ വ്യവസ്ഥകൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ ഐ.ടി. സംബന്ധമായ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എത്ര ഡ്രൈവിംഗ് ലൈസൻസുകൾ അച്ചടിച്ചുനൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിക്കായി ഊരാളുങ്കൽ സൊസൈറ്റിക്ക് മോട്ടോർ വാഹന വകുപ്പ് എത്ര തുകയാണ് നൽകിയതെന്ന് അറിയിക്കുമോ?

15206 എണ്ണം. 3,53,390/- രൂപ

(ഡി) ഗുണമേന്മയില്ലാത്തതുകൊണ്ട് പ്രസ്തുത ഡ്രൈവിംഗ് ലൈസൻസിന് പകരം ലാമിനേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതായി വന്നിട്ടുണ്ടോ; അപ്രകാരമുണ്ടായിട്ടുണ്ടെങ്കിൽ സർക്കാരിന് എത്ര രൂപയുടെ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കുമോ?

ഇല്ല.

## ഡ്രൈവിംഗ് ലൈസൻസ് കാർഡിന്റെ ഗുണനിലവാരം

233 (5506) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് വിതരണം ചെയ്യുന്ന ഡ്രൈവിംഗ് ലൈസൻസ് കാർഡിന്റെ ഗുണനിലവാരം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മൂന്ന് ആർ.ടി. ഓഫീസുകളിലെ ഡ്രൈവിംഗ് ലൈസൻസുകൾ Pilot project ആയി കാർഡ് രൂപത്തിൽ പ്രിന്റ് ചെയ്തുവരികയാണ്. പ്രസ്തുത സംവിധാനം എല്ലാ ഓഫീസുകളിലും

നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

234 (5507) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

സംസ്ഥാന മോട്ടോർ വാഹന വകുപ്പ്:- വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിനുകീഴിൽ ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ദേശസാൽകൃത വിഭാഗത്തിന്റെ കാര്യാലയവുമാണ് പ്രവർത്തിക്കുന്നത്. ഇവ കുടപ്പനക്കുന്നിൽ സ്ഥിതി ചെയ്യുന്ന സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. വിശദവിവരം അനുബന്ധമായി (1) ചേർക്കുന്നു.+

കെ.എസ്.ആർ.ടി.സി.:- വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഗതാഗത വകുപ്പിന് കീഴിൽ കെ.എസ്.ആർ.ടി.സി. വികാസ്ഭവൻ ഡിപ്പോ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പേരൂർക്കട ഡിപ്പോ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു. അവയുടെ ഫോൺ നമ്പർ: വികാസ്ഭവൻ ഡിപ്പോ - 0471 2301555, പേരൂർക്കട ഡിപ്പോ - 0471 2437572 മേൽവിലാസം:-അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, വികാസ്ഭവൻ, തിരുവനന്തപുരം/അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, പേരൂർക്കട, തിരുവനന്തപുരം ഇ-മെയിൽ വിലാസം:- vkb@kerala.gov.in, prk@kerala.gov.in ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ:- അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, വികാസ്ഭവൻ - 9188526715, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, പേരൂർക്കട - 9188526716.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

സംസ്ഥാന മോട്ടോർ വാഹന വകുപ്പ് :- അനുബന്ധമായി ചേർക്കുന്നു+.

കെ.എസ്.ആർ.ടി.സി.:- കെ.എസ്.ആർ.ടി.സി.-യിൽ വിവിധ തസ്തികകളുടെ എണ്ണം കണക്കാക്കുന്നത് സംസ്ഥാന തലത്തിലാണ്. കൂടാതെ ടി ഡിപ്പോകളിൽനിന്നും നടത്തേണ്ട ബസ് സർവ്വീസുകൾക്കാവശ്യമായ ജീവനക്കാർ നിലവിലുണ്ട്. ആയതിനാൽ ജീവനക്കാരുടെ ഒഴിവുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഒന്നുംതന്നെ നിലവിലില്ല.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

<u>സംസ്ഥാന മോട്ടോർ വാഹന വകുപ്പ്</u>:-

ഡി.റ്റി.സി. (സൗത്ത് സോൺ):- ഇല്ല.

ആർ.ടി.ഒ.(എൻ.എസ്.):- ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ ആർ.ടി.ഒ. എൻ.എസ്.-ൽ നിയമിച്ചിട്ടുണ്ട്. ഓഫീസിൽ ഡ്രൈവർ സ്ഥിരം തസ്തികയില്ല.

**കെ.എസ്.ആർ.ടി.സി.**

<u>വികാസ്ഭവൻ ഡിപ്പോ : അസ്ഥിര ജീവനക്കാർ</u>

കാഷ്വൽ ലേബർ വിഭാഗം ജീവനക്കാർ - 07

ബസ് വാഷിംഗ് ജീവനക്കാർ - 02

ബദലി കണ്ടക്ടർ - 07

ബദലി സെയിൽസ് അസിസ്റ്റന്റ് - 13

ബദലി അസിസ്റ്റന്റ് - 04

അന്യത്ര സേവനം -ഇല്ല

<u>പേരൂർക്കട ഡിപ്പോ: അസ്ഥിര ജീവനക്കാർ</u>

കാഷ്വൽ ലേബർ വിഭാഗം ജീവനക്കാർ - 05

ബസ് വാഷിംഗ് ജീവനക്കാർ- 04

ബദലി കണ്ടക്ടർ -13

ബദലി ഡ്രൈവർ -05

ബദലി അസിസ്റ്റന്റ് 03

അന്യത്ര സേവനം - ഇല്ല

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ഡ്രൈവർ കം കണ്ടക്ടർ (കരാർ) - 32

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിന് സമർപ്പിക്കേണ്ട രേഖകൾ, സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിശദമാക്കാമോ?

<u>സംസ്ഥാന മോട്ടോർ വാഹന വകുപ്പ്</u>

<u>ഡി.റ്റി.സി. (സൗത്ത് സോൺ)</u>:- പൊതുജനങ്ങൾക്കായി രജിസ്റ്ററിംഗ് അതോറിറ്റി, ടാക്സേഷൻ ഓഫീസർ എന്നിവയുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നു. മറ്റ് പൊതുജന സേവനങ്ങളൊന്നും ലഭ്യമല്ല. രജിസ്റ്ററിംഗ് അതോറിറ്റി, ലൈസൻസിംഗ് അതോറിറ്റി, ടാക്സേഷൻ അതോറിറ്റി എന്നിവരുടെ ഉത്തരവിന്റെ അസ്സൽ പകർപ്പും

അപ്പീലിനുവേണ്ടിയുള്ള അപേക്ഷയും സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസ് അടച്ചതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല.

ആർ.ടി.ഒ. (എൻ.എസ്.):- ഈ ഓഫീസിൽനിന്നും ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച സേവനങ്ങളും കെ.എസ്.ആർ.ടി.സി.-യുടെ രജിസ്ട്രേഷൻ പെർമിറ്റ് സംബന്ധിച്ച സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. കൂടുതൽ വ്യക്തത വേണ്ടാത്തപക്ഷം അപേക്ഷകൻ ഓഫീസിൽ വരേണ്ട കാര്യമില്ല. ലൈസൻസ്, ആർ.സി. സംബന്ധിച്ച സേവനങ്ങൾ സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കി നൽകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.:- കെ.എസ്.ആർ.ടി.സി. വികാസ്ഭവൻ ഡിപ്പോ, പേരൂർക്കട ഡിപ്പോ എന്നീ ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ ആയതിന് സമർപ്പിക്കേണ്ട രേഖകൾ, വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥികൾക്കുള്ള കൺസഷന് ആവശ്യമായ രേഖകൾ:

- വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവി നൽകുന്ന തിരിച്ചറിയൽ

കാർഡ്

- കോളേജ് വിദ്യാർത്ഥികൾക്ക് പഠന കാലയളവ് തെളിയിക്കുന്ന രേഖ
- എ.പി.എൽ., ബി.പി.എൽ. വിഭാഗമെന്ന് തെളിയിക്കുന്നതിനായി റേഷൻ കാർഡിന്റെ പകർപ്പ്
- രക്ഷകർത്താക്കളുടെ ആദായ നികുതി ഒടുക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം.

സമയപരിധി: അപേക്ഷകളുടെ എണ്ണമനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന അന്നുതന്നെയോ തൊട്ടടുത്ത കൺസഷൻ കൗണ്ടർ പ്രവൃത്തി ദിവസമോ വിതരണം ചെയ്യുന്നതാണ്.

വിവിധതരം സൗജന്യ യാത്രാ പാസുകൾ

(എ) വിവിധതരം വൈകല്യമുള്ള വ്യക്തികൾക്ക് 21 തരത്തിൽപ്പെട്ട യാത്രാപാസ് അനുവദിക്കുന്നുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ രേഖകൾ ചുവടെ ചേർക്കുന്നു.

1. വിവിധതരം വൈകല്യങ്ങൾക്ക് അനുസരിച്ചുള്ള അപേക്ഷ ഫോം
2. മെഡിക്കൽ സർട്ടിഫിക്കറ്റ്
3. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്
4. ആധാറിന്റെ പകർപ്പ്

5. Unique Disability ID Card ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

6. ഒരു ഫോട്ടോ.

അംഗപരിമിതിയുള്ളവർക്ക് മേൽ പറഞ്ഞിരിക്കുന്ന രേഖകൾ കൂടാതെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിന്റെ വാർഷിക വരുമാന പരിധി 20,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാക്കുന്നതിൽ അപാകതകൾ ഒന്നുംതന്നെ കാണുന്നില്ലെങ്കിൽ എത്രയും വേഗം പാസ് അനുവദിക്കുന്നതാണ്.

(ബി) മാധ്യമ പ്രവർത്തകർക്ക് അക്രെഡിറ്റേഷൻ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുന്നതനുസരിച്ച് പ്രസ് പാസ് അനുവദിക്കുന്നുണ്ട്. ആയതിലേയ്ക്കായി അക്രെഡിറ്റേഷൻ കാർഡിന്റെ പകർപ്പ്, പഴയ പാസ് എന്നിവ ലഭ്യമാക്കുന്നതനുസരിച്ച് പാസ് അനുവദിച്ചുനൽകുന്നുണ്ട്.

<u>സമയപരിധി</u>: ഡിപ്പോയിൽ നടപടി സ്വീകരിക്കേണ്ട അപേക്ഷകളിന്മേൽ അപേക്ഷ സമർപ്പിക്കുന്ന അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ വിതരണം ചെയ്യുന്നതാണ്. ചീഫ് ഓഫീസിൽ നടപടി സ്വീകരിക്കേണ്ടവ പ്രസ്തുത നടപടികൾക്കുശേഷം ഡിപ്പോയിൽ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

## ഈരാറ്റുപേട്ടയിൽ പുതിയ ആർ.ടി. ഓഫീസ്

235 (5508) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ഒരു ആർ.ടി. ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇത് പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## ഡ്രൈവിംഗ് ലൈസൻസുകളുടെ വിവരം

236 (5509) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ ജോയിന്റ് ആർ.ടി.ഒ. 2016 മുതൽ നാളിതുവരെ നൽകിയ പുതിയതും കാലാവധി കഴിഞ്ഞ് പുതുക്കിയതുമായ ഡ്രൈവിംഗ് ലൈസൻസുകളുടെ വിശദവിവരം ഇരുചക്രവാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ലൈറ്റ് വെഹിക്കിൾ, ഹെവി വെഹിക്കിൾ എന്നിങ്ങനെ ഇനവും വർഷവും തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ആംബുലൻസുകളുടെ സേവനം

237 (5510) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ആംബുലൻസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ ആർ.ടി.ഒ. ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

ആകെ 8322 ആംബുലൻസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സംസ്ഥാനത്ത് ഏതെല്ലാം മോഡൽ വാഹനങ്ങൾക്കാണ് ആംബുലൻസായി സേവനം നടത്താൻ അനുമതി നൽകുന്നത്?

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 126 പ്രകാരമുള്ള കേന്ദ്ര സർക്കാർ ഏജൻസികൾ ടെസ്റ്റ് ചെയ്തശേഷം ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ അംഗീകാരം നൽകിയിട്ടുള്ള വാഹനങ്ങൾക്ക് മാത്രമേ ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരം ഏജൻസികൾ മറ്റൊരു വിഭാഗത്തിൽ അംഗീകാരം നൽകിയിട്ടുള്ള വാഹനങ്ങൾ ആംബുലൻസ് വിഭാഗത്തിലേക്ക് തരം മാറ്റുകയാണെങ്കിൽ അത്തരം വാഹനങ്ങൾ ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ കഴിയില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അതുപോലെതന്നെ പാസഞ്ചർ വാഹനത്തിന്റെ ഷാസി (chasis) എടുത്ത് ആംബുലൻസുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള ബോഡി കോഡിൽ ബോഡി നിർമ്മിക്കുന്ന വാഹനത്തിനും ആംബുലൻസായി രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്.

(സി) ആംബുലൻസുകളുടെ ഗുണനിലവാരം/പ്രവർത്തനക്ഷമത സംബന്ധിച്ച് കൃത്യമായി പരിശോധന നടത്താറുണ്ടോ?

ആംബുലൻസുകളുടെ ഗുണനിലവാരം ഫിറ്റ്നസ് പരിശോധനാ വേളയിലും അതുപോലെ റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പാക്കാറുണ്ട്. ഗുണനിലവാരമില്ലാത്ത വാഹനങ്ങൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഫിറ്റ്നസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആംബുലൻസ് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോ?

ആംബുലൻസ് ഡ്രൈവർമാർക്ക് നിലവിൽ പ്രത്യേക പരിശീലനം നൽകിവരുന്നില്ല.

## വിദ്യാലയങ്ങളിൽനിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധന

238 (5511) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പുതുക്കിയ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1) വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദയാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശം വിനോദയാത്ര ആരംഭിക്കുന്ന തീയതിക്കുമുമ്പ് 7 ദിവസത്തിനകം സംസ്ഥാനത്തെ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

2) വിനോദയാത്ര ആരംഭിക്കുന്നതിനുമുമ്പ് 7 ദിവസത്തിനകം വാഹന ഉടമ/വാഹന ഡ്രൈവറുടെ സൗകര്യപ്രകാരം സംസ്ഥാനത്തെ ഏത് ഓഫീസിൽ വേണമെങ്കിലും വാഹനം പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണ്.

3) വാഹന പരിശോധനയ്ക്കുശേഷം വാഹനം പരിശോധിച്ചത്

സംബന്ധിച്ചുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി ഒരു പകർപ്പ് വാഹന ഉടമ/ഡ്രൈവർക്ക് നൽകേണ്ടതും ഓരോ പകർപ്പുകൾ ഓഫീസ് മേധാവിയും വാഹന പരിശോധന നടത്തിയ ഉദ്യോഗസ്ഥനും കൈവശം വയ്ക്കേണ്ടതുമാണ്.

4) വിനോദയാത്രയ്ക്കായുള്ള വാഹനത്തിന്റെ ഡ്രൈവർ മേൽ റിപ്പോർട്ട് കൈവശം വയ്ക്കേണ്ടതും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

5) വിനോദയാത്രയ്ക്കുള്ള ബസ്സിന്റെ പരിശോധനയിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07-07-2022-ലെ ഇ 1/121/2022 നമ്പർ കത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. ടി കത്ത് അനുബന്ധമായി ചേർക്കുന്നു.+

6) വാഹന പരിശോധനയിൽ വാഹന ഉടമ/ഡ്രൈവറെ അനാവശ്യമായി ബുദ്ധിമുട്ടിക്കുവാൻ പാടുള്ളതല്ല.

7) ഒരു സ്കൂൾ അധികാരിയുടെ അപേക്ഷയിന്മേൽ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസ്തുത സ്കൂളിന്റെ പ്രസ്തുത തീയതിയിലെ വിനോദയാത്രയ്ക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

**ജലഗതാഗത വകുപ്പിലെ യൂണിഫോം ഏകീകരണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

239 (5512) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ യൂണിഫോം ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

യൂണിഫോം ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) യൂണിഫോം ഏകീകരണം നടപ്പിലാക്കുന്നതിനുമുൻപ് ഓരോ കാറ്റഗറിയിലും ഉപയോഗിച്ചിരുന്ന യൂണിഫോം ഏതെല്ലാമായിരുന്നുവെന്നും അതിനുപകരം പുതുതായി ഏർപ്പെടുത്തിയ യൂണിഫോം ഏതെല്ലാമെന്നും കാറ്റഗറി തിരിച്ച് വിശദമാക്കാമോ?

<u>യൂണിഫോം ഏകീകരണം നടപ്പിലാക്കുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന യൂണിഫോം</u>

സ്റ്റേഷൻ മാസ്റ്റർ - കാക്കി പാന്റ്, കാക്കി ഷർട്ട്

ചെക്കിംഗ് സ്റ്റാഫ് - കാക്കി പാന്റ്, കാക്കി ഷർട്ട്

ബോട്ട് മാസ്റ്റർ - കാക്കി പാന്റ്, കാക്കി ഷർട്ട്

ബോട്ട് ഡ്രൈവർ - കാക്കി പാന്റ്, കാക്കി ഷർട്ട്

ബോട്ട് സ്രാങ്ക് - കാക്കി പാന്റ്, കാക്കി ഷർട്ട്

ബോട്ട് ലാസ്കർ - നേവിബ്ലൂ പാന്റ്, നേവിബ്ലൂ ഷർട്ട്

**പുതുതായി ഏർപ്പെടുത്തിയ യൂണിഫോം**

സ്റ്റേഷൻ മാസ്റ്റർ, ചെക്കിംഗ് സ്റ്റാഫ്: കോട്ടൺ കാക്കി പാന്റ്, കോട്ടൺ വെള്ള ഷർട്ട്, ബ്രൗൺ ബെൽറ്റ്, ബ്രൗൺ സോളിഡ് ഷൂ, പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയ നെയിംപ്ലേറ്റ്, ഷർട്ടിന്റെ ഷോൾഡറിൽ ഗ്രേഡ് അനുസരിച്ചുള്ള ഗോൾഡ് കളർ സ്റ്റാർ.

ക്രൂ വിഭാഗത്തിന് (ബോട്ട് മാസ്റ്റർ, ബോട്ട് ഡ്രൈവർ, ബോട്ട് സ്രാങ്ക്, ബോട്ട് ലാസ്കർ): കോട്ടൺ കാക്കി പാന്റ്, കോട്ടൺ കാക്കി ഷർട്ട്, ബ്രൗൺ ബെൽറ്റ്, ബ്രൗൺ സോളിഡ് ഷൂ, പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയ നെയിംപ്ലേറ്റ്, ഷർട്ടിന്റെ ഷോൾഡർ ഫ്ലാപ്പിൽ ഗോൾഡ് കളർ സ്റ്റാർ ചിഹ്നവും ഗ്രേഡ് അനുസരിച്ചുള്ള ലൈനും.

(സി) ബോട്ടുകൾ തകരാറിലാകുമ്പോഴും മറ്റ് പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും നിരന്തരം വെള്ളത്തിൽ ഇറങ്ങേണ്ടി വരുന്ന ലാസ്കർ തസ്തികയിലെ ജീവനക്കാർക്ക് പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കോഡ് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി

240 (5513) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി പ്രകാരം 2022-23 വർഷത്തേക്ക് തെരെഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി പ്രകാരം 2022-23 വർഷത്തേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് നെടുമങ്ങാട് മണ്ഡലത്തിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിനെയാണ്.

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് 2023-24 വർഷത്തേക്ക് പരിഗണിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി നടപ്പിലാക്കേണ്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിന്റെ ഗുണനിലവാര പരിശോധന

241 (5514) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാലുല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടത്തുന്ന ഇടപെടൽ വിശദമാക്കാമോ?

ഇതരസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാലുല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ മൃഗസരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തിവിടുന്നത്. ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റു സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തിവിടുന്നത്. നിലവിൽ കുളമ്പ് രോഗം, ബ്രൂസല്ല രോഗം, ജോണീസ് ഡിസീസ് എന്നിവയും ആട് വസന്ത, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങളും പടർന്നുപിടിക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ പാലക്കാട് ജില്ലയിൽ

ഒരുക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് സംവിധാനം ഒഴിവാക്കിവരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ വിജിലൻസ് യൂണിറ്റും മൊബൈൽ ചെക്ക്പോസ്റ്റ് സംവിധാനവും പാലക്കാട് ജില്ലയിൽ രാത്രിയും പകലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെയും പക്ഷികളെയും മറ്റു ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നവരുടെ ഒരു വിവരശേഖരണം നടത്തി ആരൊക്കെ എന്തെല്ലാം സാധനങ്ങൾ എവിടെനിന്നും എവിടേയ്ക്ക് കൊണ്ടുവരുന്നു എന്നുള്ളത് രേഖപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാഹനവും തിരിച്ചറിയാനും രോഗം സ്ഥിരീകരിച്ചാൽ കരുതൽ നടപടികൾ എത്രയും പെട്ടെന്ന് തുടങ്ങുവാനും വാഹനവും കൊണ്ടുവന്ന ഉരുപ്പടികളും ബന്ധവസാക്കുവാനും സാധിക്കുന്നു. അതുവഴി രോഗവ്യാപനം തടയാനും കഴിയുന്നു. നിലവിൽ ഇറച്ചിക്കോഴി, പാലുല്പന്നങ്ങൾ, പക്ഷിമൃഗാദികൾ തുടങ്ങി അതിർത്തി കടന്നുവരുന്ന ഇനങ്ങളുടെ കണക്കും വിവരശേഖരണവും രോഗപരിശോധനയുമാണ് ചെക്ക്പോസ്റ്റുകളിൽ നടത്തുന്നത്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാലും പാലുല്പന്നങ്ങളും അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്ഷീരവികസന വകുപ്പ്

സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന (അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പാൽ ഗുണനിയന്ത്രണ ലബോറട്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർ ചെക്ക്പോസ്റ്റിൽ അനധികൃത കടത്തിന് കൂട്ടുനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ ചെക്ക്പോസ്റ്റുകളിൽ അനധികൃതമായ കടത്ത്

തടയുന്നതിനായി നിരന്തരമായ മിന്നൽ പരിശോധനകൾ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ CCTV പ്രവർത്തനക്ഷമമാക്കുന്നതിനും ചെക്ക്പോസ്റ്റുകളിൽ നേരിട്ടുള്ള പണമിടപാടുകൾ ഒഴിവാക്കി ഓൺലൈൻ സംവിധാനമൊരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ കുറ്റമറ്റതാക്കി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രോഗ നിർണ്ണയത്തിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. രോഗമുണ്ടെന്ന് സംശയിക്കുന്ന മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് സംവിധാനം സജ്ജീകരിച്ചുവരുന്നു. രോഗനിർണ്ണയത്തിന് ലബോറട്ടറി വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പാൽ, മാംസം, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവയിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകൾ നടന്നുവരുന്നു.

സംസ്ഥാനത്തിന് പുറത്തുനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലും പാലുല്പന്നങ്ങളും അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ക്ഷീരവികസന വകുപ്പ് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ക്ഷീര വികസന

വകുപ്പ് പ്രാഥമിക പരിശോധനകളാണ് ചെക്ക് പോസ്റ്റിൽ നടത്താറുള്ളത്. നിശ്ചിത ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിലവിൽ അധികാരമുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിനെ ഈ വിവരം അറിയിക്കുകയാണ് ചെയ്തുവരുന്നത്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

242 (5515) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തസ്തികകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണവും അതിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണവും അതിൽ ഒഴിവുള്ള തസ്തികകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ, താൽക്കാലിക, ദിവസവേതന, അന്യത്രസേവന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ, താൽക്കാലിക, ദിവസവേതന, അന്യത്ര സേവന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ച വിശദാംശം അനുബന്ധായി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻ ഉപാധികൾ/രേഖകൾ ഏതൊക്കെയാണെന്നും ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധമായണ ചേർത്തിട്ടുണ്ട്.+

## പശു വളർത്തൽ ലാഭകരമാക്കാൻ നടപടി

243 (5516) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശു വളർത്തൽ ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പശുവളർത്തൽ ലാഭകരമാക്കാൻ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ:

1. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലനകേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം, തീറ്റപ്പുൽക്കൃഷി, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകന് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉറപ്പുവരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവുമൂലമുണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ തീർത്ത് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു.

3. അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

4. കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്യുന്ന കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു.

5. കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്നു.

6. കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ

ഗുണമേന്മ ക്രമമായി ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു.

7. മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു.

<u>പശുവളർത്തൽ ലാഭകരമാക്കാൻ ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ</u>:

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹത, മുൻഗണന എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണത്തിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ്

2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ

ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

പശുവളർത്തൽ ലാഭകരമാക്കാൻ കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സ്വീകരിച്ച നടപടികൾ:

പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ ബീജാധാനത്തിലൂടെ പശുക്കിടാങ്ങളെ മാത്രം ഉത്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കേരളത്തിലുടനീളം ലഭ്യമാക്കിവരുന്നു. രാഷ്ട്രീയ ഗോകുൽ മിഷനുകീഴിൽ തെരഞ്ഞെടുക്കപ്പെട്ട കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലേക്ക് ലിംഗനിർണയം നടത്തിയ ബീജമാത്രകൾ വിതരണം ചെയ്യുന്നു. ഉയർന്ന ഉത്പാദന ക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉത്പാദിപ്പിക്കുന്നു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. തത്ഫലമായി അടുത്ത തലമുറ പശുക്കളുടെ ഉത്പാദനക്ഷമത വർദ്ധിക്കുകയും പശുവളർത്തൽ ലാഭകരമാവുകയും ചെയ്യും.

പശുവളർത്തൽ ലാഭകരമാക്കാൻ കേരള ഫീഡ്സ് ലിമിറ്റഡ് സ്വീകരിച്ച

<u>നടപടികൾ</u>:

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കാലിത്തീറ്റയുടെ വിലവർദ്ധനവ്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യംമൂലം 2022 നവംബർ മാസത്തിൽ കേരള ഫീഡ്സ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടും നിലവിൽ സ്വകാര്യ കമ്പനികളുടെ തത്തുല്യമായ കാലിത്തീറ്റയേക്കാൾ കേരളാഫീഡ്സ് കാലിത്തീറ്റയ്ക്ക് 35 രൂപയുടെ വിലക്കുറവ് നിലവിലുണ്ട്.

(ബി) ശാസ്ത്രീയ തീറ്റക്രമം, പരിചരണം, രോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് കർഷകരിൽ കൂടുതൽ അവബോധം വളർത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ 11 ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ വഴി എല്ലാവർഷവും തെരഞ്ഞെടുക്കുന്ന ക്ഷീരകർഷർക്ക് ശാസ്ത്രീയ തീറ്റക്രമം, പരിചരണം, രോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകിവരുന്നുണ്ട്. വിവിധ ജില്ലകളിലെ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, ക്ഷീരവികസന വകുപ്പ് നടത്തുന്ന ക്ഷീരോത്സവങ്ങൾ എന്നീ പരിപാടികളിൽ കർഷകർക്ക് അവബോധന ക്ലാസുകൾ നടത്തുന്നു.

(സി) വിപണി ലക്ഷ്യമിട്ട് ഉല്പാദന പ്രക്രിയ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിപണി ലക്ഷ്യമിട്ട് ഉല്പാദന പ്രക്രിയ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ സംരംഭകരെ ആകർഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ, വകുപ്പിനുകീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങളിലൂടെ നടത്തുന്ന സംരംഭകത്വ പരിശീലന പരിപാടികൾ, ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള പരിശീലനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം വഴി കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിലവാര നിയന്ത്രണം സംബന്ധിച്ച പദ്ധതികൾ എന്നിവയിലൂടെ ക്ഷീരമേഖല കൂടുതൽ ലാഭകരമാക്കുന്നതിനും ക്ഷീരവൃത്തിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും സാധിക്കുന്നു. പരോക്ഷമായി ക്ഷീരകർഷക ക്ഷേമനിധി ബോർഡുവഴിയുള്ള സഹായങ്ങളും ക്ഷീരകർഷകരെ ഈ മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നു.

(ഡി) തീറ്റയിലെ ചേരുവകൾ ഒരുമിച്ച് വാങ്ങി ഗ്രൂപ്പടിസ്ഥാനത്തിൽ തീറ്റ നിർമ്മിച്ച് മിൽക്ക് സൊസൈറ്റികൾ കേന്ദ്രീകരിച്ച് വിപണനം നടത്താനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**പശുക്കളിലെ ചർമ്മമുഴ രോഗം തടയുന്നതിന് നടപടി**

244 (5517) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കളിൽ കാണുന്ന ചർമ്മമുഴ രോഗം തടയുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2022-2023 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ആദ്യമായി രോഗം സ്ഥിരീകരിച്ചത് 16-10-2022-ൽ തൃശ്ശൂർ ജില്ലയിലാണ്. സംസ്ഥാനത്ത് ഏതാണ്ട് എല്ലാ ജില്ലകളിലും ചെറിയ തോതിൽ രോഗബാധയുണ്ടായി. ഈ രോഗത്തിനെതിരെ ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ്പ് മാത്രമാണ് ഏക പോംവഴി. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ രോഗബാധയിൽ നേരിയ വർദ്ധനയുണ്ടായതിനെത്തുടർന്ന് മൂന്നാംഘട്ട കുളമ്പ് രോഗപ്രതിരോധ

കുത്തിവയ്പ്പിനൊപ്പം പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് കണ്ടെയിൻമെന്റ് വാക്സിനേഷൻ നടത്തി രോഗം നിയന്ത്രണ വിധേയമാക്കി. ഈ രോഗത്തെ പ്രതിരോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തൊട്ടാകെ 18-01-2023 മുതൽ 24-02-2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ നടത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ചില ജില്ലകളിൽ പക്ഷിപ്പനി, പന്നിപ്പനി മുതലായ രോഗങ്ങളുണ്ടായ സാഹചര്യത്തിൽ കാർപ്പെറ്റ് വാക്സിനേഷൻ പൂർത്തിയാക്കാനായി സമയപരിധി 14-03-2023 വരെ നീട്ടിനൽകിയിരിക്കുകയാണ്. ഇതിലേയ്ക്കായി 1104500 ഡോസ് വാക്സിനും (ഒരു ഡോസ് വാക്സിന് 5.25/-രൂപാ നിരക്കിൽ) ആവശ്യമായ ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധശേഷി ഏറ്റവും മികച്ച രീതിയിൽ ഉറപ്പാക്കുന്നതിനായി 25 ഡോസ്, 50 ഡോസ് വയലുകളിലാണ് വാക്സിൻ ലഭ്യമാക്കിയിട്ടുള്ളത്. കേരളമൊട്ടാകെ വാക്സിനേഷൻ നടത്തുന്നതിലേക്കായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി 1393 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വാക്സിനേഷൻ നടത്തുന്നതിനായി ഓരോ സ്ക്വാഡിനും പ്രതിദിനം 200/-രൂപ നിരക്കിൽ മൊബിലിറ്റി ചാർജ്ജ് നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് 1,58,55,708/- രൂപ വകയിരുത്തിയിട്ടുണ്ട്.

08-03-2023 വരെ 7,91,586 ഉരുക്കളെ കാർപ്പെറ്റ് വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. കാർപ്പെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷനുൾപ്പെടെ 8,53,346 ഉരുക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

(ബി) ചർമ്മമുഴ രോഗത്തിനുള്ള ചികിത്സ കിട്ടാതെ ചത്തൊടുങ്ങുന്ന പശുക്കളുടെ ഉടമകളായ ക്ഷീര കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുമോയെന്ന് അറിയിക്കുമോ?

നഷ്ടപരിഹാര ഇനത്തിൽ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കേന്ദ്രസർക്കാരിൽനിന്നും നഷ്ടപരിഹാര ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത രോഗത്തെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പകർച്ച വ്യാധിയാണോയെന്ന് അറിയിക്കുമോ; ഈ രോഗം ഫലപ്രദമായി തടയുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പഠനത്തിന്റെ ഭാഗമായി രോഗബാധ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ വകുപ്പിന്റെ രോഗ നിർണ്ണയ വിഭാഗമായ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് (SIAD) പരിശോധന നടത്തി

രോഗവ്യാപനം അവലോകനം ചെയ്യുന്നുണ്ട്. പകർച്ചവ്യാധിയായ ഈ രോഗത്തിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദേശങ്ങളനുസരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2022-2023 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ആദ്യമായി രോഗം സ്ഥിരീകരിച്ചത് 16-10-2022-ൽ തൃശ്ശൂർ ജില്ലയിലാണ്. സംസ്ഥാനത്ത് ഏതാണ്ട് എല്ലാ ജില്ലകളിലും ചെറിയ തോതിൽ രോഗബാധയുണ്ടായി. ഈ രോഗത്തിനെതിരെ ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ്പ് മാത്രമാണ് ഏക പോംവഴി. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ രോഗബാധയിൽ നേരിയ വർദ്ധനയുണ്ടായതിനെത്തുടർന്ന് മൂന്നാംഘട്ട കുളമ്പ് രോഗപ്രതിരോധ കുത്തിവയ്പ്പിനൊപ്പം പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് കണ്ടെയിൻമെന്റ് വാക്സിനേഷൻ നടത്തി, രോഗം നിയന്ത്രണ വിധേയമാക്കി. ഈ രോഗം പ്രതിരോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തൊട്ടാകെ 18-01-2023 മുതൽ 24-02-2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ നടത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ചില ജില്ലകളിൽ പക്ഷിപ്പനി, പന്നിപ്പനി മുതലായ രോഗങ്ങളുണ്ടായ സാഹചര്യത്തിൽ കാർപ്പെറ്റ് വാക്സിനേഷൻ പൂർത്തിയാക്കാനായി സമയപരിധി 14-03-2023

വരെ നീട്ടിനൽകിയിരിക്കുകയാണ്. ഇതിലേയ്ക്കായി 11,04,500 ഡോസ് വാക്സിനും (ഒരു ഡോസ് വാക്സിന് 5.25/-രൂപാ നിരക്കിൽ) ആവശ്യമായ ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ ശേഷി ഏറ്റവും മികച്ച രീതിയിൽ ഉറപ്പാക്കുന്നതിനായി 25 ഡോസ്, 50 ഡോസ് വയലുകളിലാണ് വാക്സിൻ ലഭ്യമാക്കിയിട്ടുള്ളത്. കേരളമൊട്ടാകെ വാക്സിനേഷൻ നടത്തുന്നതിലേയ്ക്കായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി 1393 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വാക്സിനേഷൻ നടത്തുന്നതിനായി ഓരോ സ്ക്വാഡിനും പ്രതിദിനം 200/- രൂപ നിരക്കിൽ മൊബിലിറ്റി ചാർജ്ജ് നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് 1,58,55,708/- രൂപ വകയിരുത്തിയിട്ടുണ്ട്. 08-03-2023 വരെ 7,91,586 ഉരുക്കളെ കാർപ്പെറ്റ് വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്. കാർപ്പെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷനുൾപ്പെടെ 8,53,346 ഉരുക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്. രോഗബാധയുണ്ടായിട്ടുള്ള ഉരുക്കൾക്കുള്ള ചികിത്സയും പകരുന്നത് തടയുന്നതിനുള്ള നടപടികളും കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശപ്രകാരം സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത രോഗത്തെക്കുറിച്ച് വെറ്ററിനറി ഡോക്ടർമാർക്ക് ശരിയായ

അവബോധം ലഭ്യമായിട്ടുണ്ടോ; ഇതിനാവശ്യമായ മരുന്ന് മൃഗാശുപത്രികളിൽ ലഭ്യമാണോ; അറിയിക്കുമോ?

ഉണ്ട്. വിശദമായ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആവശ്യമായ മരുന്നുകളും വാക്സിനും ലോജിസ്റ്റിക്സും മൃഗാശുപത്രികളിൽ ലഭ്യമാണ്.

(ഇ) ഈ രോഗം കാലിത്തീറ്റയിൽനിന്നും ഉണ്ടാകുന്നതാണോയെന്നും ഇത് മനുഷ്യരിലേയ്ക്ക് പകരാൻ സാധ്യതയുണ്ടോയെന്നും അറിയിക്കുമോ?

ഈ രോഗം കാലിത്തീറ്റയിൽനിന്നും ഉണ്ടാകുന്നതല്ല. വൈറസ്മൂലം ഉണ്ടാകുന്നതാണ്. മനുഷ്യരിലേക്ക് പകർന്നതായി നാളിതുവരെ റിപ്പോർട്ടില്ല.

**ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ്**

245 (5518) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ?

1) സംസ്ഥാനത്ത് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ മുഖേന കർഷകർക്കും പൊതുജനങ്ങൾക്കുമായി താഴെപ്പറയുന്ന

വിഷയങ്ങളിൽ ശാസ്ത്രീയ മൃഗപരിശീലനം നൽകിവരുന്നു.

- മുട്ടക്കോഴി വളർത്തൽ
- ഇറച്ചിക്കോഴി വളർത്തൽ
- കറവപ്പശു പരിപാലനം
- പന്നിവളർത്തൽ
- കാടക്കോഴി വളർത്തൽ
- താറാവ് വളർത്തൽ
- എരുമ വളർത്തൽ
- മുയൽ വളർത്തൽ
- ടർക്കിക്കോഴി വളർത്തൽ
- തീറ്റപ്പുൽകൃഷി
- എമു വളർത്തൽ
- വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ

2) പി.എസ്.സി. മുഖേന നിയമിതരായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കുള്ള ഇൻ-സർവ്വീസ് ട്രെയിനിംഗുകൾ.

3) പത്താം ക്ലാസ് യോഗ്യതയുള്ള, 25 വയസ്സിൽ താഴെയുള്ള

കുട്ടികൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്ന ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് എന്ന 5 മാസ സ്കിൽ ഡെവലപ്മെന്റ് കോഴ്സ്.

4) വിവിധ സാങ്കേതിക വിഷയങ്ങളിൽ വെറ്ററിനറി ഡോക്ടർമാർക്ക് നൽകുന്ന പരിശീലനങ്ങൾ.

5) വകുപ്പിലെ വിവിധ കേഡറിലുള്ള ജീവനക്കാർക്കായി വിവിധ വിഷയങ്ങളിൽ നൽകുന്ന പരിശീലനങ്ങൾ.

6) ജന്തുജന്യ രോഗങ്ങളെക്കുറിച്ചും മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും ബോധവത്കരണത്തിനായുള്ള പ്രദർശനങ്ങൾ അടക്കമുള്ള ഐ.ഇ.സി. പരിശീലനങ്ങൾ.

(ബി) ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് ഏത് വർഷമാണ് ആരംഭിച്ചതെന്നും പ്രസ്തുത കോഴ്സ് പഠിക്കാനാവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

1967-ൽ 13-10-1967-ലെ GO(Rt) No. 2871/67/Agri നമ്പർ ഉത്തരവ് പ്രകാരം ചിക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ആരംഭിച്ചു. തുടർന്ന് 1983-ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ H4/3223/84 dtd 31-1-1984 നമ്പർ ഉത്തരവ് പ്രകാരം

കുടപ്പനക്കുന്ന് എൽ.എം.ടി.സി.-യിലും പ്രസ്തുത കോഴ്സ് ആരംഭിക്കുകയും ടി കോഴ്സിന്റെ ഹെഡ് ക്വാർട്ടർ കുടപ്പനക്കുന്ന് എൽ.എം.ടി.സി. ആയി നിശ്ചയിക്കുകയും ചെയ്തു. പത്താം ക്ലാസ് പാസ്സായതും കാഴ്ചക്കുറവോ കൈവിരലുകൾക്ക് അപാകതയോ ഇല്ലാത്തതുമായ 25 വയസ്സിൽ താഴെയുള്ള കുട്ടികൾക്കാണ് ഈ കോഴ്സ് പഠിക്കാൻ യോഗ്യത തീരുമാനിക്കപ്പെട്ടിട്ടുള്ളത്.

(സി) തിരുവനന്തപുരം കുടപ്പനക്കുന്ന് ചിക് സെക്സിംഗ് സ്കൂളിൽ ആദ്യ പതിനഞ്ച് ബാച്ചുകളിലെ ഓരോ കോഴ്സിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം, പേര്, ജാതി, ജനന തീയതി, മേൽവിലാസം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളിൽ ആദ്യ പതിനഞ്ച് ബാച്ചുകളിൽ പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പേര്, മേൽവിലാസം, ജാതി, പാസ്സായ വർഷം, മാസം, തീയതി, മാർക്ക് ശതമാനം, റാങ്ക് ലിസ്റ്റ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ബാച്ചുകൾക്ക് അനുവദിച്ച കോഴ്സ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

(സി-ഇ) മേൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന

246 (5519) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത കാലിത്തീറ്റയുടെ ഉപയോഗംമൂലം കന്നുകാലികൾക്ക് നിരന്തരമായി രോഗങ്ങൾ ബാധിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തൃശ്ശൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയിൽനിന്നുമാണ് കന്നുകാലികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ നൽകിയതിനെത്തുടർന്ന് വിശപ്പില്ലായ്മ, പാലുല്പാദനത്തിൽ കുറവ്, ചോരയോടുകൂടിയ വയറിളക്കം, വയറുകമ്പിക്കൽ, പനി എന്നിവയാണ് കന്നുകാലികളിലുണ്ടായ രോഗ ലക്ഷണങ്ങൾ. ഭക്ഷ്യ വിഷബാധ കണ്ടെത്തിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ ചികിത്സാ പുരോഗതി വിലയിരുത്തുകയും കാലിത്തീറ്റയുടെ സാമ്പിളുകൾ വിഷാംശ പരിശോധനയ്ക്കുള്ള അഫ്ലാടോക്സിൻ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യൂറിയ തീറ്റയുടെ ഘടകങ്ങൾ അഫ്ലാടോക്സിൻ പരിശോധനയ്ക്കായി

വെറ്ററിനറി കോളേജ് ന്യൂട്രീഷ്യൻ ഡിപ്പാർട്ട്മെന്റിലേയ്ക്കും നൽകിയിട്ടുണ്ട്. വെറ്ററിനറി ഡോക്ടർമാരുടെ ടീമുകൾ ഫാമുകൾ സന്ദർശിക്കുകയും കന്നുകാലികളുടെ രക്തസാമ്പിൾ പരിശോധന, ലിവർ ഫംഗ്ഷൻ ടെസ്റ്റ് എന്നിവയ്ക്കുള്ള സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകളിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കൾ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാങ്ങുന്നതും ഉല്പാദനത്തിന് ഉപയോഗിക്കുന്നതും. ഇത് ഉറപ്പുവരുത്തുന്നതിനായി കമ്പനിയിലേയ്ക്ക് വരുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഗുണനിലവാര പരിശോധന അടക്കം നാലുഘട്ടത്തിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിൽ അസംസ്കൃത പദാർത്ഥങ്ങളുടെ പ്രാഥമിക ഗുണനിലവാരം, ഗോഡൗണിൽ ഇറക്കിയശേഷമുള്ള സമഗ്രമായ ഗുണനിലവാര പരിശോധന,

ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധന, ഉല്പാദനത്തിനുശേഷമുള്ള ഉത്പന്നത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയാണ് നാലുഘട്ട ഗുണനിലവാര പരിശോധനയുടെ ഭാഗമായി വരുന്നത്. ഉല്പാദനത്തിനായി ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങൾ കൃത്യതയാർന്നതും വിദേശനിർമ്മിതവുമാണ്. ആയതിനാൽ ഉല്പാദനത്തിന്റെ സ്ഥിരതയുള്ള ഗുണനിലവാരം ഉറപ്പുവരുത്താൻ സഹായിക്കുന്നു. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മിൽമ കർശനമായ ഗുണനിലവാര പരിശോധനയ്ക്കുശേഷം മാത്രമേ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യാറുള്ളൂ. കാലിത്തീറ്റയുടെ proximate analysis-നുവേണ്ടിയുള്ള സജ്ജീകരണവും സൗകര്യവും മണ്ണുത്തി വെറ്ററിനറി കോളേജിലും മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സെൻട്രൽ ഹാച്ചറിയിലെ ഫീഡ് ടെസ്റ്റിംഗ് ലാബിലും ലഭ്യമാണ്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള ബിൽ (2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ)) നിയമം നിർമ്മാണ ഘട്ടത്തിലാണ്.

(സി) ഇപ്രകാരം ഭക്ഷ്യവിഷബാധയേൽക്കുന്ന കന്നുകാലികൾക്ക് അടിയന്തര ചികിത്സ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള

നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യവിഷബാധയേൽക്കുന്ന കന്നുകാലികൾക്കുവേണ്ടിയുള്ള അടിയന്തിരചികിത്സാ സഹായം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ മൃഗാശുപത്രികളിലും നടത്തിവരുന്നുണ്ട്.

## മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി

247 (5520) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; മണ്ഡലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷം മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനതലത്തിൽ 14 ജില്ലകളിലെയും 14 പഞ്ചായത്തുകളിലാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. മാതൃകാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മൃഗസംരക്ഷണ ഗ്രാമം പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ടുവരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതിയിലേയ്ക്ക് അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) പദ്ധതി പ്രകാരം നിലവിൽ എത്ര പ്രോജക്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ?

ടി പദ്ധതിക്കായി പഞ്ചായത്തിനെ തെരഞ്ഞെടുക്കുന്നത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലാണ്.

(ഡി) പിറവം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം പിറവം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല.

(ഇ) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനതലത്തിൽ 14 ജില്ലകളിലെ 14 പഞ്ചായത്തുകളിലാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. ഓരോ ജില്ലയിലും ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ വെറ്ററിനറി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയാണ് പദ്ധതിക്ക് അംഗീകാരം നൽകുന്നത്. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്തുകളിലെയും മൃഗസംരക്ഷണമേഖലയിലെ പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ പദ്ധതികളിൽ താല്പര്യമുള്ളവരെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിക്കുകയും ഒരോ വിഭാഗത്തിന്റെയും ആവശ്യപ്രകാരം ഉല്പാദനം, സംഭരണം, വിപണനം, അതുപോലെ ഈ മേഖലയുടെ വളർച്ചയ്ക്കുവേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളും നൽകിവരുന്നു.

## വിദ്യാലയങ്ങളിൽ സംരംഭക സ്റ്റാർട്ടപ്പുകൾ

248 (5521) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് സംരംഭക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

വ്യക്തമാക്കുമോ?

ഇല്ല.

(ബി) എങ്കിൽ ഏതെല്ലാം പക്ഷികളെയും മൃഗങ്ങളെയുമാണ് പ്രസ്തുത സ്റ്റാർട്ടപ്പുകളുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ബാധകമല്ല.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ പദ്ധതികൾ

249 (5522) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

2021-22

1. നൈറ്റ് സർവ്വീസ്- വെറ്ററിനറി പോളി ക്ലിനിക്, ചങ്ങനാശ്ശേരിയിൽ 33,0819 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

2. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - കുറിച്ചി, മാടപ്പള്ളി, പായിപ്പാട്, തൃക്കൊടിത്താനം ഇത്തിത്തി, ചങ്ങനാശ്ശേരി, വാകത്താനം എന്നീ

മൃഗാശുപത്രികളിൽ 18,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3. <u>ഗോട്ട് സാറ്റലൈറ്റ്</u>- കുറിച്ചി, പായിപ്പാട്, തുരുത്തി, മാടപ്പള്ളി വെറ്ററിനറി പോളിക്ലിനിക്, ചങ്ങനാശ്ശേരി, വാകത്താനം എന്നീ മൃഗാശുപത്രികളിൽ 6 യൂണിറ്റ് - 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്

4. <u>ബയോവേസ്റ്റ്</u> - മാടപ്പള്ളി, തുരുത്തി, ചങ്ങനാശ്ശേരി, വാകത്താനം ആകെ 6 യൂണിറ്റ് - 75,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

5. <u>ഡക്ക് നഴ്സറി</u>- പായിപ്പാട്- 50 യൂണിറ്റ് - 60,600/-, തുരുത്തി- 40 യൂണിറ്റ് - 48,480/-

6. <u>റീ ബിൽഡ് കേരള</u>

1) ക്യാറ്റിൽ റിയറിംഗ് - വെറ്ററിനറി പോളിക്ലിനിക്, ചങ്ങനാശ്ശേരി- 1 യൂണിറ്റ് - 60,000/-

2) <u>ക്യാറ്റിൽ ഫീൽഡ്</u>

തുരുത്തി- 23 യൂണിറ്റ് - 69,000/-

കുറിച്ചി- 21 യൂണിറ്റ് - 84,000/-

മാടപ്പള്ളി- 1 യൂണിറ്റ് - 3000/-

പായിപ്പാട് - 29 യൂണിറ്റ് - 87,000/-

3) ഗോട്ട് റിയറിംഗ് - തൃക്കൊടിത്താനം 1 യൂണിറ്റ് - 25,000/-

7. Interest Subvention -

കുറിച്ചി 2 ബെനിഫിഷ്യറി - 10,000/-

മാടപ്പള്ളി - 3 ബെനിഫിഷ്യറി - 11,119/-

തൃക്കൊടിത്താനം 1 ബെനിഫിഷ്യറി - 4184/-

8. കറവ യന്ത്രം -

തുരുത്തി - 1 യൂണിറ്റ് - 25,000/-

കുറിച്ചി - 2 യൂണിറ്റ് - 50,000/-

തൃക്കൊടിത്താനം - 1 യൂണിറ്റ്- 25,000/-

9. വികസന സമിതി

കുറിച്ചി- 1500/-, ചങ്ങനാശ്ശേരി- 1500/-, മാടപ്പള്ളി- 1500/-, വാകത്താനം, തുരുത്തി- 1500/-, തൃക്കൊടിത്താനം- 1500/-

10. കൊമേഴ്സ്യൽ ഗോട്ടറി -

തുരുത്തി - 1,00,000/-

മാടപ്പള്ളി - 1,00,000/-

11. വന്ധ്യതാ നിവാരണം പദ്ധതി

പായിപ്പാട് - 10,000/-

12. NLM Backyard Goat

മാടപ്പള്ളി - 1 യൂണിറ്റ് - 59400

13. SCA to SCP

കുറിച്ചി - 2 യൂണിറ്റ് - 14,000/-

2022-23

1.ആട് സാറ്റലൈറ്റ് യൂണിറ്റ്

ചങ്ങനാശ്ശേരി വെറ്ററിനറി പോളി ക്ലിനിക് - 25,000/-

VD കുറിച്ചി - 25,000/-

VD പായിപ്പാട് - 25,000/-

VD തൃക്കൊടിത്താനം - 25,000/-

VH വാകത്താനം - 25,000/-

VD മാടപ്പള്ളി - 25,000/-

VD തുരുത്തി - 25,000/-

ആകെ 1,75,000/-

2. ആശുപത്രി വികസന സമിതി (HDC)

VPC, ചങ്ങനാശ്ശേരി - 1,500/-

VD കുറിച്ചി - 1,500/-

VD പായിപ്പാട് - 1,500/-

VD തൃക്കൊടിത്താനം - 1,500/-

VH വാകത്താനം - 1,500/-

VD മാടപ്പള്ളി - 1,500/-

VD തുരുത്തി - 1,500/-

**ആകെ - 10,500/-**

3. <u>എമർജൻസി നൈറ്റ് സർവ്വീസ്</u>

വെറ്ററിനറി പോളിക്ലിനിക്, ചങ്ങനാശ്ശേരി - 1,95,378/-

<u>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ</u>

മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 9 ഒരു പശു യൂണിറ്റിന് 35,000/- രൂപ നിരക്കിൽ 3,15,000/- രൂപയും ആറ് 2 പശു യൂണിറ്റിന് 69,000/- രൂപ നിരക്കിൽ 4,14,000/- രൂപയും രണ്ട് കോമ്പോസിറ്റ് ഡയറി യൂണിറ്റിന് (1+1) 53,000/- നിരക്കിൽ 1,06,000/- രൂപയും ഒരു 3+2 യൂണിറ്റിന് 1,50,000/- രൂപയും 3 കന്നുകാലി തൊഴുത്തിന് 50,000/- രൂപ നിരക്കിൽ 1,50,000/- രൂപയും 3 കറവയന്ത്രത്തിന് 30,000/- രൂപ നിരക്കിൽ 60,000/- രൂപയും 11 പേർക്ക് അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയും ഉൾപ്പെടുത്തി 1,50,000/- രൂപയും വിതരണം ചെയ്തു.

തീറ്റപ്പുൽകൃഷി പദ്ധതി പ്രകാരം 9 ഹെക്ടർ സ്ഥലത്ത് പുൽകൃഷി

നടപ്പിലാക്കുകയും 52 പേർക്ക് 1,12,500/- രൂപ സബ്സിഡി നൽകുകയും ചെയ്തു. തരിശു ഭൂമി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി ചെയ്തതിന് 93,007/- രൂപ സബ്സിഡി നൽകി. ഒരു ഹെക്ടർ സ്ഥലത്ത് ചോളം കൃഷി ചെയ്തതിന് 12,570/- രൂപയും 50 സെന്റ് സ്ഥലത്തിൽ ജലസേചന സൗകര്യത്തോടെ പുൽകൃഷി ചെയ്തതിന് 10,000/- രൂപയും വിതരണം ചെയ്തു. ക്ഷീരസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങിയതിനും മാനേജീരിയൽ സബ്സിഡി ഇനത്തിലുമായി 2,50,980/- രൂപ വിതരണം ചെയ്തു. വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി 15,000/- രൂപ നിരക്കിൽ ഇൻഷ്വർ ചെയ്യാതെ ചത്തുപോയ രണ്ട് പശുക്കൾക്ക് 30,000/- രൂപയും 5 കർഷക സമ്പർക്ക പരിപാടികൾക്ക് 2500/- രൂപ നിരക്കിൽ 12,500/- രൂപയും ബ്ലോക്ക് കന്നുകാലി പ്രദർശനവും എക്സിബിഷനും നടത്തിയ വകയിൽ 31,500/- രൂപയും വിതരണം ചെയ്തു.

ജനകീയാസൂത്രണ പദ്ധതി 2021-22 പദ്ധതി പ്രകാരം 5 പഞ്ചായത്തുകളിലും ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലുംകൂടി പാലിന് സബ്സിഡിയായി 35,48,431/- രൂപയും കാലിത്തീറ്റയ്ക്ക് 32,00,500/- രൂപയും ക്ഷീരസാന്ത്വനം പദ്ധതി (സ്പിൽ ഓവർ) ഉൾപ്പെടുത്തി ബാങ്ക് ലോൺ

മുഖാന്തരം 40 കറവപശുക്കളെ വാങ്ങി വിതരണം ചെയ്തതിന് 12,00,000/- രൂപയും ചെലവഴിച്ചു. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം രണ്ട് രണ്ടു പശു യൂണിറ്റ് 46,500/- രൂപ നിരക്കിൽ 93,000/- രൂപയും ഒരു അഞ്ച് പശു യൂണിറ്റിന് 1,32,000/- രൂപയും കറവയന്ത്രത്തിന് 30,000/- രൂപയും ആധുനികവത്കരണം/യന്ത്രവത്കരണത്തിന് 50,000/- രൂപയും കാലിത്തൊഴുത്തിന് 50,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി പദ്ധതി പ്രകാരം 8 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടപ്പിലാക്കുകയും 30 പേർക്ക് 1,10,000/- രൂപ സബ്സിഡി നൽകുകകയും ചെയ്തു. ക്ഷീരസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങിയതിന് 1,20,000/- രൂപ ചെലവഴിച്ചു.

വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി 15,000/- രൂപ നിരക്കിൽ ഇൻഷ്വർ ചെയ്യാതെ ചത്തുപോയ 4 പശുക്കൾക്ക് 60,000/- രൂപയും 6 കർഷക സമ്പർക്ക പരിപാടികൾക്ക് 3000/- രൂപ നിരക്കിൽ 18,000/- രൂപയും ബ്ലോക്ക് കന്നുകാലി പ്രദർശനം നടത്തിയ വകയിൽ 30,000/- രൂപയും വിതരണം ചെയ്തു. ഒരു ലിറ്റർ പാലിന് 4/- രൂപ നിരക്കിൽ 4,83,376/- രൂപ 16 ക്ഷീരസംഘങ്ങളിലൂടെ 422 ക്ഷീരകർഷകർക്ക് വിതരണം ചെയ്തു. മിൽക്ക് റൂട്ട് ഇല്ലാത്ത സംഘത്തിന് ധനസഹായമായി

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ പുഴവാതു ക്ഷീരസംഘത്തിന് 17,500/- രൂപയും അനുവദിച്ചു. ജനകീയാസൂത്രണ പദ്ധതി 2022-23 പ്രകാരം 5 പഞ്ചായത്തുകളിലും ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും കൂടി പാലിന് സബ്സിഡിയായിയി 32,13,085/- രൂപയും 4 ക്ഷീരസംഘത്തിന് റിവോൾവിംഗ് ഫണ്ടായി 8,00,000/- രൂപയും 5 ക്ഷീരകർഷകർക്ക് കറവയന്ത്രം വാങ്ങിയ വകയിൽ 1,50,000/- രൂപയും ചെലവഴിച്ചു.

## കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

250 (5523) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കായംകുളം മണ്ഡലത്തിലെ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ പദ്ധതികൾ

251 (5524) ശ്രീ. ഇ കെ വിജയൻ: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

1. മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിറ്റേഷൻ മെക്കാനിസം പദ്ധതി

2. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി

3. വ്യാവസായികാടിസ്ഥാനത്തിൽ ആട്ട വളർത്തൽ പദ്ധതി

4. വായ്പാ പലിശ സഹായ പദ്ധതി

5. മെയിൽകാഫ് ഫാറ്റനിംഗ് യൂണിറ്റ് പദ്ധതി

6. വന്ധ്യതാ നിവാരണ പദ്ധതി

7. ചാണകക്കുഴി നിർമ്മാണത്തിനുള്ള ധനസഹായം പദ്ധതി

8. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

9. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറീസ് പദ്ധതി

10. റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതികൾ :-

(a) കിടാരി വളർത്തൽ പദ്ധതി

(b) കാലിത്തൊഴുത്ത് നിർമ്മാണം

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഇ-സമൃദ്ധ പദ്ധതി

252 (5525) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസന മേഖലയിൽ കൈവരിച്ച നേട്ടം സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി മൃഗരോഗ പ്രതിരോധ സംവിധാനവും മൃഗചികിത്സ സംവിധാനവും വിപുലീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യ പരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്ക് തലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, സാംക്രമിക രോഗ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശകലന യൂണിറ്റ്, കന്നുകാലി ഉല്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗചികിത്സയ്ക്കത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾ വഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. അകിടുവീക്ക രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സമഗ്ര പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉല്പാദിപ്പിച്ച്, മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. നിലവിൽ പത്തിനം വാക്സിനുകളാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി, വെറ്ററിനറി സർജൻമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചാണ് നടപ്പിലാക്കുന്നത്. വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ 6 മണി വരെയാണ് സേവനം നൽകുന്നത്. പദ്ധതിയുടെ പ്രയോജനം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വ്യാപിപ്പിച്ച് എല്ലാ ബ്ലോക്കുകളിലുമാക്കി (152 + 4 = 156).

<u>പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞങ്ങൾ</u>

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷംതോറും രണ്ടുതവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട് വസന്ത, കോഴി - താറാവ് രോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകളും എ.ഡി.സി.പി. സംഘടിപ്പിക്കുന്നു.

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന റഫറൽ ലബോറട്ടറിയാണ് തിരുവനന്തപുരം ജില്ലയിലെ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD). പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ പ്രവർത്തിക്കുന്ന മേഖല ലാബായ ഏവിയൻ ഡിസീസ് ഡയോഗ്നോസ്റ്റിക്ക് ലാബിൽ (ADDL) പക്ഷിരോഗ നിർണ്ണയ (ബയോ സേഫ്റ്റി ലെവൽ - 2 ഗ്രേഡിൽ പ്രവർത്തിക്കുന്ന 2 ലബോറട്ടറികൾ) സംവിധാനങ്ങളുണ്ട്. ഇതിനുപുറമേ 14 ജില്ലാ ലാബുകൾ, 50 താലൂക്കതല ലാബുകൾ തുടങ്ങിയവ SIAD-ന്റെ കീഴിൽ പ്രവർത്തിക്കുന്നു. SIAD-ൽ

പുതുതായി മൃഗങ്ങളിലെ ക്യാൻസർ നിർണ്ണയത്തിനുള്ള ഓങ്കോളജി വിഭാഗവും പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രസ്തുത ലാബിന് NABL അക്രഡിറ്റേഷനും ലഭ്യമാക്കി. എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്റ്റ്സ് (SLMAP), തിരുവനന്തപുരം ജില്ലയിലെ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD), ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലാബ്, പാലക്കാട് മേഖലാ രോഗനിർണ്ണയ ലബോറട്ടറി എന്നിവയ്ക്ക് NABL അക്രഡിറ്റേഷനും ലഭ്യമാക്കി.

സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ് (SLMAP) ലാബിൽ പാലിലും മാംസത്തിലുമുള്ള ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം, മാംസം ഏത് ജന്തുവിന്റേതാണെന്ന് തിരിച്ചറിയുന്നതിനുള്ള പരിശോധന എന്നിവയ്ക്കുള്ള സൗകര്യങ്ങളുണ്ട്.

മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും എന്ന പദ്ധതിയിൽ മൃഗചികിൽസ സംവിധാനം വിപുലീകരിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി നിലവിൽ

കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് 2 പുതിയ യൂണിറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്.

12 സർജറി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾകൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കന്നുകാലികൾക്ക് മികച്ച പരിപാലനം ഉറപ്പാക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയ മാതൃകയിൽ ഇ-സമൃദ്ധ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പത്തനംതിട്ട ജില്ലയിൽ പൈലറ്റ് പ്രോജക്ടായി ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**കോഴി, താറാവ് എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി**

253 (5526) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ

മുട്ടയുടെ ആഭ്യന്തര ഉല്പാദനം കുറയാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്തുണ്ടായ (2017-2022) മഹാപ്രളയവും തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുടെ വ്യാപനവും മനുഷ്യവിഭവശേഷിയെ സാരമായി ബാധിച്ചത് മുട്ടയുടെ ആഭ്യന്തര ഉല്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലാണ് ഉല്പാദനത്തിൽ കുറവുണ്ടായിട്ടുള്ളത് എന്നാൽ 2020-21, 2021-22 വർഷങ്ങളിൽ ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര ആവശ്യത്തിനുള്ള കോഴി, താറാവ് എന്നിവയുടെ മുട്ടകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മുട്ടകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ഫാമുകളുടെ ശാക്തീകരണം, ഫാമുകളിലെ തീറ്റ ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കൽ, മെച്ചപ്പെട്ട പേരന്റ് സ്റ്റോക്ക് നിലനിർത്തൽ, ശാസ്ത്രീയ പരിചരണം, പഞ്ചായത്ത് തലത്തിൽ രോഗപ്രതിരോധ ചികിത്സ സംവിധാനങ്ങൾ എന്നിവ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിവരുന്നു.

കോഴിമുട്ടയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ (കെപ്കോ) മുഖേന സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾവഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കെപ്കോ നഗരപ്രിയ, 100 കോഴിയും കൂടും മുതലായ പദ്ധതികൾവഴി കഴിഞ്ഞ 6 വർഷത്തിനുള്ളിൽ മുട്ടയുടെ ആഭ്യന്തര ഉല്പാദനത്തിൽ ഏകദേശം 80 കോടിയുടെ വർദ്ധനവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് കോഴി, താറാവ് എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ ഫാമുകളിൽനിന്നും കോഴിക്കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എഗ്ഗർ നഴ്സറികൾ വഴി പഞ്ചായത്ത് പദ്ധതികൾക്ക് വിതരണം ചെയ്യുകയും യുവതലമുറകളെ ആകർഷിക്കുന്നതിന് സ്കൂൾ പൗൾട്രി ക്ലബ് വഴിയും കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിവരുന്നു. താറാവുകൃഷിയുടെ പ്രോൽസാഹനത്തിനും താറാവ് മുട്ട, ഇറച്ചി ഉല്പാദന വർദ്ധനവിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിരണം ഡക്ക് ഫാമും

തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറിയും പ്രവർത്തിക്കുന്നു. കൂടാതെ താറാവ് കർഷകർക്കുവേണ്ടി ഒരു പരിശീലന കേന്ദ്രവും മഞ്ഞാടിയിലുണ്ട്. അവിടെ കുട്ടനാടൻ താറാവുകളായ ചാര, ചെമ്പല്ലി ഇറച്ചിത്താറാവായ വിഗോവ എന്നിവയെയാണ് വളർത്തുന്നത്. താറാവ് കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളും പ്രവർത്തിക്കുന്നു. ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനും മുട്ടക്കോഴി കൃഷിയുടെ വ്യാപനത്തിനും വളരെയധികം പ്രയോജനപ്പെടുന്ന തരത്തിൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) മുഖേന സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾവഴി കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കെപ്കോ നഗരപ്രിയ, 100 കോഴിയും കൂട്ടും മുതലായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. താറാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കെപ്കോയ്ക്ക് നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല.

**മാവേലിക്കര മണ്ഡലത്തിലെ മൃഗാശുപത്രികളിലെ അടിസ്ഥാനസൗകര്യ വികസനം**

254 (5527) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിക്കര മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ, അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ തഴക്കര മൃഗാശുപത്രിയുടെ കീഴിലുള്ള ഉപകേന്ദ്രങ്ങളായ ഇറവങ്കര, വഴുവാടി എന്നീ ഉപകേന്ദ്രങ്ങളിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി യഥാക്രമം 3,00,000/- (മൂന്ന് ലക്ഷം രൂപ) 2,15,000/- (രണ്ട് ലക്ഷത്തി പതിനയ്യായിരം രൂപ) എന്നിങ്ങനെ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## തിരൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം

255 (5528) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുർ മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്നും അവ ഒരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

തിരൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും അവ ഓരോന്നിന്റേയും പ്രവർത്തന പുരോഗതിയും അനുബന്ധം-I+ ആയും ക്ഷീരവികസന വകുപ്പിന്റേത് അനുബന്ധം-II+ ആയും ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

പദ്ധതി വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായി സർക്കാർ ടി വിഷയം പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## തിരൂരങ്ങാടി പോളിക്ലിനിക് നിർമ്മാണം

256 (5529) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം താലൂക്കുകളിലാണ് നിലവിൽ പോളിക്ലിനിക്കുകൾ ഇല്ലാത്തതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾ ജില്ലാടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.[+]

(ബി) തിരൂരങ്ങാടി നഗരസഭയിൽ ചെമ്മാട് കേന്ദ്രീകരിച്ച് ഒരു പോളിക്ലിനിക് സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത ക്ലിനിക് സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത ക്ലിനിക് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്നും ഇത് നടപ്പിലാക്കുന്നതിന് സമയബന്ധിതമായി നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(ബി-ഡി) ഇപ്പോൾ പരിഗണനയിലില്ല.

**വാമനപുരം മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ്**

257 (5530) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വാമനപുരം, നെടുമങ്ങാട് എന്നീ ബ്ലോക്കുകളിൽ നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണോ; വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിലെ നെടുമങ്ങാട് ബ്ലോക്കിലാണ് നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളത്തിലെ എല്ലാ ബ്ലോക്കുകളിലേയ്ക്കും മൊബൈൽ വെറ്ററിനറി യൂണിറ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്.

## മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ

258 (5531) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ 14 ജില്ലകളിലെ 29 ബ്ലോക്കുകളിലാണ് ആരംഭിച്ചിട്ടുള്ളത്. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ള ബ്ലോക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനത്തിൽ പൊതുമേഖല സ്ഥാപനങ്ങളുടെ പങ്കാളിത്തം

259 (5532) ശ്രീ. ടി. സിദ്ദിഖ്
ശ്രീമതി ഉമ തോമസ്
ശ്രീമതി കെ. കെ. രമ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കോഴിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോഴിത്തീറ്റയുടെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ മണ്ണുത്തിയിലും തിരുവാഴാംകുന്നുമുള്ള പൗൾട്രി സയൻസ് വിഭാഗം Revolving Fund Poultry Project - ഫീഡ് മില്ലുകളിൽ നിന്നാണ് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള Regional Poultry Farm-കളിലേയ്ക്കും മറ്റ് പൊതുമേഖലാ കോഴി ഫാമുകളിലേയ്ക്കും കോഴിത്തീറ്റ വിതരണം ചെയ്യുന്നത്. ഈ തീറ്റ എല്ലാംതന്നെ കേന്ദ്ര അംഗീകൃത ഏജൻസി നിഷ്കർഷിക്കുന്ന ഗുണനിലവാരമുള്ളവയാണ്.

മണ്ണുത്തിയിൽത്തന്നെയുള്ള അനിമൽ ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റിലെ NABL അംഗീകാരമുള്ള ലാബിൽ തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള ബിൽ (2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ)) നിയമനിർമ്മാണ ഘട്ടത്തിലാണ്.

(സി) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനും കുറഞ്ഞ വിലയിൽ കർഷകർക്ക് ലഭ്യമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇവയുടെ ഉല്പാദനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് 1750 മെട്രിക്

ടൺ പ്രതിദിന ഉല്പാദനക്ഷമതയുള്ള നാല് കാലിത്തീറ്റ നിർമ്മാണ ഫാക്ടറികളുണ്ട്. നിലവിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കും (SLBP), ക്ഷീരവികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ നടപ്പിലാക്കുന്ന വിവിധ കാലിത്തീറ്റ വിതരണ പദ്ധതികൾക്കും കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം നടത്തിവരുന്നുണ്ട്. പ്രതിദിനം 300 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള രണ്ടു കാലിത്തീറ്റ ഫാക്ടറികൾ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങൾ വഴി കർഷകരിൽനിന്നും ലഭിക്കുന്ന ഇൻഡന്റുകൾ സമയബന്ധിതമായി മിൽമ നൽകിവരുന്നുണ്ട്. കാലിത്തീറ്റ കുറഞ്ഞവിലയിൽ കർഷകർക്ക് ലഭ്യമാക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്.

## ആയമ്പാറയിലെ ലൈവ്സ്റ്റോക്ക് ഫാം

260 (5533) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ആയമ്പാറയിൽ സ്പെഷ്യൽ കോമ്പോണന്റ് പ്ലാൻ പ്രകാരം 1996-97-ൽ ലൈവ്സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ?

തീരുമാനിച്ചിരുന്നു. കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ ആയമ്പാറയിൽ സ്പെഷ്യൽ കൊമ്പോണന്റ് പ്ലാൻ പ്രകാരം 1996-97-ൽ എസ്.സി. കോളനിയിൽ ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിനായി ജില്ലാ കളക്ടറുടെ 11-02-1997-ലെ 605/96.ഡി.പി.ഒ. നമ്പർ പ്രകാരം ഉത്തരവാകുകയും, കോളനി നിവാസികളെ ഉൾപ്പെടുത്തി, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത, "ശ്രീ വിഷ്ണു പശു വളർത്തൽ യൂണിറ്റ്" മുഖാന്തിരം നടപ്പിലാക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ലഭ്യമാക്കിയിട്ടുള്ളത് ആരാണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഫാം തുടങ്ങുന്നതിന് ശ്രീ. കൃഷ്ണൻ എച്ച്., S/o.

ചളുങ്കൻ, ആയമ്പാറ, ബണ്ണൂർ എന്നയാൾ പെരിയ വില്ലേജിലെ ടിയാന്റെ 50 സെന്റ് സ്ഥലം സ്വന്തം ഇഷ്ടപ്രകാരം കൈമാറി നല്കിയിരുന്നു. പ്രസ്തുത ഫാം തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഫാമിന്റെ പ്രവർത്തനം നിലച്ചുപോകുകയുണ്ടായി.

(സി) പ്രസ്തുത പദ്ധതി ഉപേക്ഷിച്ചെങ്കിൽ സ്ഥലം ഉടമസ്ഥന് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത സ്ഥലം ഉടമസ്ഥന് തിരികെ ലഭ്യമാക്കുന്നതിലേയ്ക്കായി കളക്ടറുടെ പരാതി പരിഹാര അദാലത്തിൽ പരാതിപ്പെട്ടിരുന്നുവെങ്കിലും, KERALA LAND RELINQUISHMENT ACT, 1958 പ്രകാരം ഭൂമിയുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമായതിനാൽ, ശ്രീ. കൃഷ്ണൻ എച്ച്-ന്റെ പരാതി പരിഹരിക്കാൻ സാധിക്കുന്നതല്ലെന്നറിയിച്ചുകൊണ്ട് മൃഗസംരക്ഷണ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

261 (5534) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ക്ഷീര വികസനത്തിന് ഏറെ സാധ്യതകളുള്ള പ്രസ്തുത മണ്ഡലത്തിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(സി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അർഹതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ  ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പദ്ധതികൾ

262 (5535) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ക്ഷീരവികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും കിടാരി പാർക്ക്, ക്ഷീരഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം

നടത്തുന്നവർക്കും കറവയന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

**കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം**

263 (5536) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും ഓണമധുരം പദ്ധതി മുഖേന എറണാകുളം ജില്ലയിലെ ക്ഷീര സംഘങ്ങളിൽ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും എറണാകുളം ജില്ലയ്ക്ക് ഓണമധുരം പദ്ധതി മുഖേന 2,30,750/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ ക്ഷീരസംഘങ്ങളിൽ ഓണമധുരം പദ്ധതി പ്രകാരം എത്ര തുക കൂടി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ 256 ക്ഷീരസംഘങ്ങളിലെ അപേക്ഷകളുടെ അന്തിമഘട്ട സൂക്ഷ്മപരിശോധന നടന്നുവരികയാണ്. ആയതുമായി ബന്ധപ്പെട്ട് 22 ലക്ഷത്തോളം രൂപ നൽകേണ്ടതായുണ്ട്.

(സി) പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ക്ഷീരകർഷകർക്കായി 2022 സാമ്പത്തിക വർഷം ക്ഷീരകർഷക ക്ഷേമനിധി ബോർഡ് തുടങ്ങിവച്ച ഓണമധുരം പദ്ധതി-2022-മായി ബന്ധപ്പെട്ട് ജില്ലകളിൽനിന്നുള്ള അപേക്ഷകൾ ക്ഷേമനിധി ഹെഡ് ഓഫീസിൽ ലഭ്യമായത് 2022 ഒക്ടോബർ, നവംബർ മാസങ്ങളിലാണ്. ആയതുസംബന്ധിച്ച പദ്ധതിയുടെ രേഖകളിലൂടെ സൂക്ഷ്മപരിശോധന തൊട്ടടുത്ത മാസം മുതൽ തന്നെ ക്ഷേമനിധി ഓഫീസിൽ തുടങ്ങിയിട്ടുണ്ട്. 14 ജില്ലകളിലെയും അപേക്ഷകൾ ജില്ലകളിൽനിന്നും തപാലുകൾ ഓഫീസിൽ

ലഭ്യമാകുന്ന മുൻഗണനാ ക്രമത്തിലാണ് സ്വീകരിച്ചുവരുന്നത്. ജില്ലകളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കുന്നതിൽ ധാരാളം ന്യൂനതകളുള്ളതിനാൽ പല അപേക്ഷകളും ന്യൂനതാപരിഹരണത്തിനായി തിരികെ അയക്കേണ്ടതായും ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യുന്നു. നിലവിൽ എറണാകുളം ജില്ലയിൽനിന്നുള്ള അപേക്ഷകളിലും അന്തിമഘട്ട സൂക്ഷ്മപരിശോധന നടന്നുവരികയാണ്. ആയതുസംബന്ധിച്ച് നൽകാനുള്ള തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണ്.

## ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

264 (5537) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരസംഘങ്ങൾ മുഖേന നടപ്പാക്കിവരുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി എന്നിവ എത്രത്തോളം വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന്

വിശദമാക്കാമോ?

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയും അതിലെ ക്ഷീരഗ്രാമം പദ്ധതിയും ക്ഷീരവികസന വകുപ്പിന്റെ വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. കേരളത്തിലുടനീളമുള്ള 3634 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 21.19 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിൽ സംഭരിക്കുന്നുണ്ട്. മുൻകാലങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവന്നാണ് സംസ്ഥാനത്തിന്റെ പാൽ ഉപഭോഗം പൂർണ്ണമായും നടത്തിയിരുന്നത്. എന്നാൽ ഇത്തരം പദ്ധതികളിലൂടെ നിലവിൽ സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടത്തെ ക്ഷീരകർഷകരിൽനിന്നും സംഭരിക്കുന്നതിന് സാധിക്കുന്നുണ്ട്. 2021-22, 2022-23 എന്നീ വർഷങ്ങളിലായി മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെയും അതിലെ ക്ഷീരഗ്രാമം പദ്ധതിയിലൂടെയുമായി 12051 കറവപ്പശുക്കളേയും കൂടാതെ 1428 കിടാരികളേയും വാങ്ങുന്നതിന് കർഷർക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. 1036 കർഷകർക്ക് തൊഴുത്ത് നവീകരണത്തിനും 895 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനും 1309

വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവശ്യാധിഷ്ഠിത രീതിയിൽ ധനസഹായം നൽകിയിട്ടുണ്ട്. ഇത് സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

(ബി) ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്നും അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ?

ഉല്പാദന ചെലവ് ഏറിയതിനാൽ സംസ്ഥാനത്തെ ക്ഷീരമേഖല പ്രതിസന്ധി നേരിടുന്നുണ്ട്. ഇന്ത്യയിലെ തന്നെ പാലുല്പാദന ചെലവ് ഏറ്റവും കൂടിയ സംസ്ഥാനം കേരളമാണ്. മികച്ച ഉല്പാദന ശേഷിയുള്ള പശുക്കളുടെ ഉയർന്ന വിലയും അവയുടെ ദൗർലഭ്യവും കാലിത്തീറ്റയുടെയും മറ്റിതര തീറ്റ വസ്തുക്കളുടെയും ഉയർന്ന വിലയും ക്ഷീര മേഖലയെ ബാധിച്ചിട്ടുണ്ട്. പശുവളർത്തൽ ലാഭകരമാക്കുന്നതിനും ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് മുഖേന ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2

പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവൽക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന

സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83 ശതമാനം നേരിട്ടുള്ള സംഭരണ വിലയായും കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകിവരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽ നിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമ നിധിയിലേയ്ക്ക് നൽകിവരുന്നു. കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകുന്നു. ചെലവ് കുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക്

വിപണിയിലെത്തിക്കുന്നു. സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ വഴി വൈക്കോൽ ബൈലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ വിപണിയിലെത്തിക്കുന്നു. അടിസ്ഥാനസൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും, ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിന് 15,000/- രൂപ വരെയും കാലിത്തൊഴുത്ത് നിർമാണത്തിന് 15,000/- രൂപ വരെയുമുള്ള ധനസഹായങ്ങൾ നൽകിവരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ

മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച് നൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കിവരുന്നു. സംഘങ്ങളിലൂടെയുള്ള പാൽ വില വർദ്ധനവും പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം യൂണിയന് ആവശ്യമുള്ളതിന്റെ 85 ശതമാനമായിയി ഉയർന്നിട്ടുണ്ട്. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മേയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നു. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്ക് ഒന്നിന് 35/- രൂപ കുറവാണ്.

(സി) തീറ്റപ്പുൽ ലഭ്യത സംബന്ധിച്ച് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തീറ്റപ്പുൽ വികസനത്തിന്റെ നോഡൽ ഏജൻസിയാണ് ക്ഷീരവികസന

വകുപ്പ്. 2021-22, 2022-23 എന്നീ വർഷങ്ങളിലായി 25.20 കോടി രൂപ സംസ്ഥാന ബജറ്റിൽ നിന്നും തീറ്റപ്പുൽവികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. 8287 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചതുവഴി 14.05 ലക്ഷം മെട്രിക്ക് ടൺ ഫോഡർ അധിക ഉല്പാദനം സാധ്യമായി. തരിശുഭൂമിയിൽ പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021-22, 2022-23 എന്നീ വർഷങ്ങളിലായി 139 ഹെക്ടർ തരിശുഭൂമിയിൽ സർക്കാർ ധനസഹായത്തോടുകൂടി തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി.

(ഡി) മിൽമ പാലിന്റെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വില വർദ്ധനവിന്റെ ഗുണഫലം ക്ഷീരകർഷകർക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലിന്റെ വിൽപ്പന വില ലിറ്ററിന് 6.00 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ

83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽനിന്നും ക്ഷീരസഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീരസംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ അവലംബിക്കുന്നത്.

**ക്ഷീര കർഷകരുടെ പ്രതിസന്ധി**

265 (5538) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ രോഗബാധയും അതുമൂലമുള്ള വരുമാനനഷ്ടവും ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കന്നുകാലികളുടെ രോഗബാധയും അതുമൂലമുള്ള വരുമാനനഷ്ടവും ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്. കന്നുകാലികളിൽ ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധികളുണ്ടായാൽ ആയത് നിയന്ത്രിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് എല്ലാ നടപടികളും ചെയ്യുന്നുണ്ട്. രോഗബാധയുണ്ടായാൽ ഉടൻതന്നെ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ടീം പ്രസ്തുത പ്രദേശം സന്ദർശിച്ച് ആവശ്യമായ മുൻകരുതലുകളും പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന് നേതൃത്വം നൽകുന്നത് വകുപ്പിന്റെ കീഴിൽ പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് ലാബാണ്. രോഗം ബാധിച്ച കന്നുകാലികൾക്ക് ആവശ്യമായ ചികിത്സ, വകുപ്പ് മൃഗാശുപത്രികൾ മുഖേന നൽകിവരുന്നു.

നിലവിൽ പന്നിപ്പനി, പക്ഷിപ്പനി, ചർമ്മമുഴ എന്നീ രോഗങ്ങൾ നിയന്ത്രണ വിധേയമാണ്. പന്നിപ്പനിമൂലം നഷ്ടമുണ്ടായ കർഷകർക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പക്ഷിമൃഗാദികളെ പരിശോധിക്കാനുള്ള സംവിധാനം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ പ്രതിരോധ കുത്തിവയ്പുകൾ നിലവിലുള്ള കുളമ്പ് രോഗം, ചർമ്മമുഴ, ആട് വസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ വകുപ്പ് നടത്തുന്നുണ്ട്. പ്രതിരോധ കുത്തിവയ്പിന് ആവശ്യമായ വാക്സിനുകൾ പാലോട് വെറ്ററിനറി ബയോളജിക്കൽസിൽ ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ക്ഷീര കർഷകർക്ക് വരുമാനം ഉറപ്പാക്കുന്നതിനായി അവരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഡയറി ഫാമിംഗ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയിലെ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ ആയതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. എന്നിരുന്നാലും കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന നിരവധി ഉല്പാദനക്ഷമവും പൊതുജനോപകാരപ്രദവുമായ പദ്ധതികളുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ക്ഷീര മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഒട്ടുമിക്ക പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നുണ്ട്. തീറ്റപ്പുൽകൃഷി, തൊഴുത്ത് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിൽ ഇത്തരത്തിൽ ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ക്ഷീരകർഷകരെ നഗരസഭകൾ വഴി നടപ്പാക്കുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളാക്കി ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീരകർഷകർക്ക്

പശുപരിപാലനത്തിന് ചുവടെ ചേർക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 10 ലിറ്ററിൽ കുറയാതെയുള്ള പാൽ ക്ഷീരസഹകരണ സംഘത്തിന് നൽകിയ ദിവസങ്ങളിൽ മാത്രം ഒരു ദിവസത്തെ വേതനം (നിലവിൽ 311/- രൂപ) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിപ്രകാരം അനുവദിച്ച് നൽകുന്നുണ്ട്.

1. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം നൽകുന്ന ദിവസങ്ങളിൽ പശുക്കളെ വളർത്തുന്നുവെന്ന വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം

2. പശുക്കളുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്

3. ക്ഷീരകർഷക സഹകരണ സംഘത്തിന്റെ പാസ് ബുക്ക് പരമാവധി 100 ദിവസത്തെ വേതനമാണ് ഇപ്രകാരം ഒരു കുടുംബത്തിന് അനുവദിച്ചുനൽകുന്നത്.

**വ്യാവസായികാടിസ്ഥാനത്തിൽ ഡയറി ഫാമുകൾ**

266 (5539) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡയറി ഫാമുകളാണ് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

ക്ഷീരവികസനവകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 21,004 ഡയറി ഫാമുകളാണ് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്.

(ബി) ഇത്തരം ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഇത്തരം ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും ക്ഷീരവികസന വകുപ്പ് മുഖേന നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ

നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

**പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി**

267 (5540) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

അർഹതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും

വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഈ വർഷം സംസ്ഥാനത്ത് 20 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ ലഭിച്ച അപേക്ഷകളിൽ ആദ്യ 20 എണ്ണത്തിൽ എത്താൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന് സാധിച്ചില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തുടർ വർഷങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക്, ആവശ്യമായ പരിശോധനകൾക്കുശേഷം അർഹതാ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും പൂഞ്ഞാർ ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതി ഉൾപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**പായ്ക്കറ്റ് പാലിന് ഈടാക്കുന്ന അധിക നിരക്ക്**

268 (5541) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പായ്ക്കറ്റ് പാൽ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച വിലയിൽ കൂടുതൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും ലിറ്ററിന് എത്ര രൂപയാണ് വാങ്ങുന്നതെന്നും ഇത്തരത്തിൽ കൂടുതൽ തുക ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന് സർക്കാർ വില നിശ്ചയിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പാലിന്റെ വില നിശ്ചയിക്കാനുള്ള അവകാശം കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനാണ്. "മിൽമ" മാത്രമാണ് കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ നിശ്ചയിച്ച വിലയിൽ പായ്ക്കറ്റ് വിപണനം നടത്തുന്നത്. മറ്റ് സ്വകാര്യ സ്ഥാപനങ്ങളുടെ പായ്ക്കറ്റ് പാലിന് ഗുണനിലവാരത്തിനും അളവിനും അനുസരിച്ച് വിപണി വിലയിൽ മാറ്റം വരാം.

**അഞ്ചൽ മാവിള കേന്ദ്രമാക്കി ക്ഷീര സഹകരണ സംഘം**

269 (5542) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ ഗ്രാമവാസികൾക്ക് ക്ഷീര സഹകരണ സംഘം സംബന്ധമായ സേവനങ്ങൾക്ക് അഞ്ചൽ, അഗസ്ത്യകോട് അല്ലെങ്കിൽ ചോരനാട് ക്ഷീര സഹകരണ സംഘങ്ങളിൽ ബന്ധപ്പെടേണ്ടതായി വരുന്നതും ഇവിടങ്ങളിലേയ്ക്കുള്ള ദൂരം കൂടുതലായതിനാൽ കർഷകർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൂറിലധികം ക്ഷീര കർഷകർ നിലവിലുള്ള പ്രസ്തുത മേഖലയിലെ ജനങ്ങൾക്ക് സഹായകരമായ രീതിയിൽ അഞ്ചൽ മാവിള കേന്ദ്രമാക്കി ക്ഷീര സഹകരണ സംഘം അനുവദിക്കുമോ;

(സി) പ്രസ്തുത ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ

ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിന് പ്രദേശവാസി ഒരുക്കമാണെന്നറിയിച്ച സാഹചര്യത്തിൽ ഇവിടെ ക്ഷീര സഹകരണ സംഘം അനുവദിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ആർച്ചൽ, നെടിയറ വാർഡുകൾ പൂർണ്ണമായും അരിപ്ലാച്ചി വാർഡ് ഭാഗികമായും വരുന്ന പ്രദേശത്ത് മാവിള കേന്ദ്രമാക്കി ക്ഷീരസംഘം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത സാമ്പത്തിക വർഷം തുക ലഭ്യമാകുന്ന മുറയ്ക്ക് സംഘം രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിൽ ക്ഷീരവികസന സർവ്വീസ് യൂണിറ്റ്**

270 (5543) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റിന് കീഴിൽ

എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത സംഘങ്ങൾ വഴി പ്രതിദിനം എത്ര ലിറ്റർ പാലുല്പാദനം നടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കോതമംഗലം ക്ഷീരവികസന യൂണിറ്റിൽ നിലവിൽ 47 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത സംഘങ്ങൾ വഴി പ്രതിദിനം 18500 ലിറ്ററിലധികം പാൽ സംഭരണമുണ്ട്.

(ബി) പദ്ധതി പ്രദേശത്തെ വിപുലമായ ഏരിയയും ക്ഷീര സഹകരണ സംഘങ്ങളുടെ കൂടുതൽ എണ്ണവും നിലവിലെ യൂണിറ്റിൽ രണ്ട് ഉദ്യോഗസ്ഥർ മാത്രമാണുള്ളതെന്നതും പദ്ധതി നിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് കുട്ടമ്പുഴ, കീരമ്പാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റ് ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ?

എറണാകുളം ജില്ലയിലെ ഏറ്റവും വലിയ ബ്ലോക്കായ കോതമംഗലത്ത് നിലവിൽ പ്രവർത്തിക്കുന്ന 47 ക്ഷീരസംഘങ്ങളിലെ 1856 ക്ഷീരകർഷകരിൽ നിന്നായി പ്രതിദിനം 18500 ലിറ്ററിലധികം പാൽ

സംഭരിക്കുന്നുണ്ട്. പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും 10 ഗ്രാമപഞ്ചായത്തുകൾ, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, എറണാകുളം ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവ മുഖേന ക്ഷീരമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ ഒരു ക്ഷീര വികസന ഓഫീസർ, രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാർ, ഒരു ക്ലാർക്ക് എന്നിവർ മാത്രമാണ് ജോലി ചെയ്യുന്നത്.

കോതമംഗലം ഉൾപ്പെടെ സംസ്ഥാനത്തെ കൂടുതൽ ഏരിയയും ക്ഷീരസഹകരണ സംഘങ്ങളുടെ കൂടുതൽ എണ്ണവുമുള്ള ബ്ലോക്കുകളിൽ പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള പഠനത്തിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വിവിധ ജില്ലകളിലായി 13 ബ്ലോക്കുകൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പഠന സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## ക്ഷീരഗ്രാമം പദ്ധതി

271 (5544) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരഗ്രാമം പദ്ധതി നാളിതുവരെ ഏതൊക്കെ ജില്ലകളിലായി എത്ര വീതം പഞ്ചായത്തുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

നാളിതുവരെ ഓരോ വർഷവും നടപ്പിലാക്കിയ ക്ഷീരഗ്രാമം പദ്ധതിയുടെ പഞ്ചായത്ത് തിരിച്ച്, ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## ചാത്തന്നൂർ മണ്ഡലത്തിലെ പാൽ സംഭരണം

272 (5545) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽനിന്നും പാൽ സംഭരിക്കുന്നതിനായി മിൽമ കൊല്ലം ഡയറിയിൽ നിന്നെത്തുന്ന വാഹനങ്ങളുടെ സമയക്രമം അടിക്കടി മാറ്റുന്നതുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടമുൾപ്പെടെയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം വാഹനങ്ങളുടെ സമയക്രമം മാറ്റുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങളിലെ പാൽ സംഭരണം വർദ്ധിച്ചതിനാൽ ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മീനാട് ബി.എം.സി.സി.-യിൽ പാൽ എത്തിക്കുന്ന പാൽ സംഭരണ വാഹനങ്ങളുടെ പരിവാഹന ശേഷിയെക്കാൾ കൂടുതൽ ക്യാനുകൾ എത്തിക്കേണ്ട സാഹചര്യമുണ്ടായി. ആയതുകൊണ്ട് പ്രസ്തുത 2 റൂട്ടുകളിൽ ഒരെണ്ണത്തിന് 2 ട്രിപ്പുകളിലായി സമയം ക്രമീകരിച്ച് പാൽ സംഭരിക്കേണ്ടി വന്നു. 2 ട്രിപ്പായി എത്തുമ്പോൾ സമയം വൈകുന്നത് കാരണം പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് സംഘങ്ങളുടെ സംഭരണ സമയം 30 മിനിട്ട് നേരത്തെയാക്കേണ്ടി വന്നിട്ടുള്ളത്.

(സി) ഇത്തരം പ്രവണതകൾ ഒഴിവാക്കി ക്ഷീരകർഷകരെ സഹായിക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന്

വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ എൻ.പി.ഡി.ഡി. പദ്ധതിയിൽ കൂടുതൽ ബി.എം.സി.സി.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബി.എം.സി.സി.-കളുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഇതിന് ശാശ്വതപരിഹാരം ഉണ്ടാകുന്നതാണ്.

**ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി**

273 (5546) ഡോ. മാത്യു കുഴൽനാടൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പശുവളർത്തൽ ലാഭകരമാക്കുന്നതിനും ക്ഷീര മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ്

പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവൽക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ

പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83 ശതമാനം നേരിട്ടുള്ള സംഭരണ വിലയായും കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകിവരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽനിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമ നിധിയിലേക്ക് നൽകിവരുന്നു. കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകുന്നു. ചെലവ് കുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷക സമൃദ്ധമായ

കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു. സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ വഴി വൈക്കോൽ ബൈലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ വിപണിയിലെത്തിക്കുന്നു. അടിസ്ഥാനസൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് 15,000/- രൂപ വരെയും കാലിത്തൊഴുത്ത് നിർമ്മാണത്തിന് 15,000/- രൂപ വരെയുമുള്ള ധനസഹായങ്ങൾ നൽകി വരുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി, മരണാനന്തര

ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ചുനൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കിവരുന്നു.

സംഘങ്ങളിലൂടെയുള്ള പാൽ വില വർദ്ധനവും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി എറണാകുളം മേഖല യൂണിയന്റെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം യൂണിയന് ആവശ്യമുള്ളതിന്റെ 85 ശതമാനമായി ഉയർന്നിട്ടുണ്ട്. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 250/- രൂപ വർദ്ധിപ്പിക്കുന്നതിന് പകരം ചാക്കൊന്നിന് 150/- രൂപ മാത്രമായി നിജപ്പെടുത്തുകയാണുണ്ടായത്.

2019 മുതൽ 2022 ഒക്ടോബർ മാസം വരെ കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ നിലവിൽ

കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചുവെങ്കിലും വിപണി വിലയേക്കാൾ ഇപ്പോഴും ഒരു കിലോയ്ക്ക് 70 പൈസ കുറവാണ് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കുള്ളത്.

(ബി) ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി വൈക്കോൽ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ക്ഷീരവികസന വകുപ്പ് വൈക്കോലും പച്ചപ്പുല്ലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ

മുഖാന്തരം അന്യസംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കിസാൻ റെയിൽ പദ്ധതിവഴി വിവിധ സംസ്ഥാനങ്ങളിൽനിന്നും സൈലേജ്/വൈക്കോൽ കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാൻ കേരള ഫീഡ്സ് നടപടികൾ സ്വീകരിച്ചുവരുന്നു. പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി സൈലേജ്/വൈക്കോൽ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ആന്ധ്രപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതിയിടുന്നു.

(സി) സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വായ്പകൾ അനുവദിക്കാൻ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വായ്പകൾ അനുവദിക്കാൻ പദ്ധതികൾ നിലവിലില്ല. എന്നാൽ ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം

ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനിൽ റിവോൾവിംഗ് ഫണ്ടിൽനിന്ന് പശുക്കളെ വാങ്ങുന്നതിന് പലിശ സബ്സിഡി നൽകാറുണ്ട്.

(ഡി) കാർഷിക വിളകൾക്ക് നൽകുന്ന പ്രോത്സാഹനം തീറ്റപ്പുൽകൃഷിയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയ്ക്ക് ക്ഷീരവികസന വകുപ്പിലൂടെ തീറ്റപ്പുൽകൃഷി പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം, ചോളം കൃഷിയ്ക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി യന്ത്രവത്കരണത്തിനുള്ള ധനസഹായം, തീറ്റപ്പുൽ കൃഷിക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തൽ, ഹൈഡ്രോപോണിക്സ് ഫോഡർ ഉല്പാദനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ കർഷകർക്ക്

ലഭ്യമാക്കുക, വലിയതുറയിൽ സ്റ്റേറ്റ് ഫോഡർ ഫാമിന്റെയും പരിശീലന കേന്ദ്രത്തിന്റെയും അടിസ്ഥാനസൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽകൃഷിയും വിപണനവും, ക്ഷീരസഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശ് ഭൂമികളിലും, ഉപയോഗശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. 760 ലക്ഷം രൂപയാണ് ഈ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾക്കായി 2022-23 വർഷം അനുവദിച്ചിരിക്കുന്നത്.

**ക്ഷീര സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് പദ്ധതികൾ**

274 (5547) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനുമാണ് വിവിധ പദ്ധതികൾ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കിവരുന്നത്. സംഘങ്ങളുടെ പാൽ സംഭരണ സംവിധാനം ആധുനികവൽക്കരിക്കൽ, ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കൽ, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കാലിത്തീറ്റ ഗോഡൗണുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, മിൽക്ക് റൂട്ട് അസിസ്റ്റൻസ് പദ്ധതി, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തികവർഷം

ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി 3498 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വൈവിധ്യവൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്, പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളുടെ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സംഘങ്ങൾക്ക് തന്നെ വൈവിധ്യവൽക്കരണം നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ സംസ്ഥാനത്തെ വിവിധ ക്ഷീര സഹകരണസംഘങ്ങൾ വാണിജ്യസ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷീരസംഘങ്ങൾ**

275 (5548) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന്

വ്യക്തമാക്കാമോ?

<u>നെയ്യാറ്റിൻകര മണ്ഡലം</u>

നെയ്യാറ്റിൻകര നഗരസഭ -10

അതിയന്നൂർ പഞ്ചായത്ത് - 8

തിരുപ്പുറം പഞ്ചായത്ത് - 5

ചെങ്കൽ പഞ്ചായത്ത് - 8

കാരോട് പഞ്ചായത്ത് - 5

കുളത്തൂർ പഞ്ചായത്ത് - 3

(ബി) പ്രസ്തുത ക്ഷീരസംഘങ്ങളുടെ പേരുവിവരവും സ്ഥലവും വിശദമാക്കാമോ?

**(A)നെയ്യാറ്റിൻകര നഗരസഭ**

1. ഇരുമ്പിൽ KUCS Ltd. No.T 189 (D) Apcos, നെയ്യാറ്റിൻകര പി.ഒ.
2. കരിപ്രക്കോണം KUCS Ltd. No.T 298(D) Apcos, പെരുമ്പെഴുതൂർ പി.ഒ.
3. മണലൂർ KUCS Ltd. No. T 273(D) Apcos, ഊരൂട്ടമ്പലം, നെയ്യാറ്റിൻകര പി.ഒ.
4. മുട്ടയ്ക്കാട് KUCS Ltd. No. T 15 (D) Apcos, പെരുമ്പെഴുതൂർ പി.ഒ.
5. ഓലത്താന്നി KUCS Ltd. No. T 91(D) Apcos, നെയ്യാറ്റിൻകര പി.ഒ.

6. പറയ്ക്കോട്ടുകോണം KUCS Ltd. No. T 16(D) Apcos,
ചായ്ക്കോട്ടുകോണം പി.ഒ.

7. തൊഴുക്കൽ KUCS Ltd. No. T 30(D) Apcos തൊഴുക്കൽ,
നെയ്യാറ്റിൻകര പി.ഒ.

8. വൃന്ദാവൻ KUCS Ltd. No. T 310 (D) Apcos, പനയ്ക്കാട്ടുകരി,
നെയ്യാറ്റിൻകര പി.ഒ.

9. സ്നേഹ KUCS Ltd. No. T 322 (D) Apcos, പിര്യായുംമൂട്,
നെയ്യാറ്റിൻകര പി.ഒ.

10. തേരന്നൂർ KUCS Ltd. No. T 214(D) Apcos, നെയ്യാറ്റിൻകര പി.ഒ.

**(B) അതിയന്നൂർ പഞ്ചായത്ത്**

1. ചിത്തിരം പഴിഞ്ഞി KVCS Ltd. No. T 15 (D) Apcos ആറാലുംമൂട് പി.ഒ.

2. അരംഗമുകൾ KUCS Ltd. No. T 146 (D) Apcos അരംഗമുകൾ,
ആറാലുംമൂട് പി.ഒ.

3. അതിയന്നൂർ KVCS Ltd. No. T 261 (D) Apcos, കൊടങ്ങാവിള പി.ഒ.

4. കമുകിൻകോട് KVCS Ltd. No. T 4184 (D) Apcos,
കൊടങ്ങാവിള പി.ഒ

5. കണ്ണറവിള KUCS Ltd. No. T 134 (D) Apcos തെങ്ങനി,
നെല്ലീമൂട് പി.ഒ.

6. പോങ്ങുവിള KUCS Ltd. No. T 99 (D) Apcos, നെല്ലീമൂട് പി.ഒ.

7. ശ്രീ അരങ്ങൻ KUCS Ltd. No. T 237 (D) Apcos, വെൺപകൽ പി.ഒ.

8. വെൺപകൽ KUCS Ltd. No. T 4212 (D) Apcos, വെൺപകൽ പി.ഒ.

**(C)തിരുപ്പുറം പഞ്ചായത്ത്**

1. ഇരുവൈക്കോണം KUCS Ltd. No. T 140 (D) Apcos,
   ഇരുവൈക്കോണം പി.ഒ.

2. കഞ്ചാംപഴിഞ്ഞി KUCS Ltd.No.T79(D) Apcos കഞ്ചാംപഴിഞ്ഞി പി.ഒ.

3. കുമിളി KUCS Ltd. No. T 137 (D) Apcos, കുമിളി പി.ഒ.

4. പരണിയം KVCS Ltd. No. T 64 (D) പരണിയം പി.ഒ.

5. പുത്തൻകട KUCS Ltd. No. T 118 (D) Apcos, പുത്തൻകട പി.ഒ.

**(D) ചെങ്കൽ പഞ്ചായത്ത്**

1. ആറയൂർ KUCS Ltd. No. T 106(D) Apcos, ആറയൂർ പി.ഒ.

2. കീഴമ്മാകം KUCS Ltd. No. T 299(D) Apcos, കീഴമ്മാകം പി.ഒ.

3. കീഴ്ക്കൊല്ല KUCS Ltd. No. T 120 (D) Apcos കീഴ്ക്കൊല്ല പി.ഒ.

4. കിഴക്കേ ചെങ്കൽ KUCS Ltd. No. T 293 (D) Apcos, വട്ടവിള പി.ഒ.

5. മര്യാപുരം KUCS Ltd. No. T 92(D) Apcos, മര്യാപുരം പി.ഒ.

6. നൊച്ചിയൂർ KUCS Ltd. No. T 320 (D) Apcos, നൊച്ചിയൂർ പി.ഒ.

7. പോരന്നൂർ KUCS Ltd. No. T 179 (D) Apcos, തൊട്ടിൻകര പി.ഒ.

8. വ്ലാത്താങ്കര KUCS Ltd. No. T 48 (D) Apcos, വ്ലാത്താങ്കര പി.ഒ.

**(E) കാരോട് പഞ്ചായത്ത്**

1. അയിര KUCS Ltd. No. T 175 (D) Apcos, അയിര പി.ഒ.

2. കാരക്കോട് KUCS Ltd. No. T 68 (D) Apcos, ചെങ്കവിള പി.ഒ.

3. കുന്നിയോട് KUCS Ltd. No. T 21 (D) Apcos, കുന്നിയോട് പി.ഒ.

4. കുഴിഞ്ഞാൻവിള രാജീവ് ജി KUCS Ltd. No. T 377(D) Apcos, കുഴിഞ്ഞാൻവിള പി.ഒ.

5. വടക്കേപുതുവീട് KUCS Ltd. No. T 100 (D) Apcos, കാക്കറവിള പി.ഒ.

**(F)കുളത്തൂർ പഞ്ചായത്ത്**

1. കോട്ടയ്ക്കകം KUCS Ltd. No. T 207 (D) Apcos, കോട്ടയ്ക്കകം

2. പൂഴിക്കുന്ന് KUCS Ltd. No. T 31(D) Apcos, പൂഴിക്കുന്ന്

3. വിരാലി KUCS Ltd. No. T 54(D) Apcos, വിരാലി

(സി) 2016 മുതൽ 2023 ജനുവരി മാസം വരെ പ്രസ്തുത പഞ്ചായത്തുകളിൽ എത്ര ക്ഷീര സംഘങ്ങൾ ആരംഭിച്ചുവെന്ന് വിശദമാക്കാമോ?

2016 മുതൽ 2023 ജനുവരി മാസം വരെ പ്രസ്തുത പഞ്ചായത്തുകളിൽ ക്ഷീരസംഘങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ സുഷുപ്തിയിലായിരുന്ന തേരന്നൂർ KUCS പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

## ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം

276 (5549) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതി പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ് പദ്ധതി പ്രകാരം ഫാമേഴ്സ് ഫെസിലിറ്റേഷൻ കം - ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (ധനസഹായം - ₹ 5,25,000/-), ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (ധനസഹായം -

₹ 3,75,000/-), കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ആവശ്യാധിഷ്ഠിത ധനസഹായം പദ്ധതി (ധനസഹായം - ₹ 1,20,000/-) എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ക്ഷീര സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന, പ്രാദേശിക വികസന ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിവിധ ക്ഷീര സംഘങ്ങളിൽ നടത്തിയിട്ടുണ്ട്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിലെ വാകയാട് ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ വാകയാട് ക്ഷീര സഹകരണ സംഘത്തിന്റെ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മൃഗശാലയിൽ പുതിയ പക്ഷിമൃഗാദികൾ**

277 (5550) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ജിറാഫ്, സീബ്ര, വെള്ള സിംഹം, ഗറില്ല എന്നീ മൃഗങ്ങൾ പ്രദർശനത്തിനുണ്ടോ; ഇല്ലെങ്കിൽ അവയെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം മൃഗശാലയിൽ ജിറാഫ്, സീബ്ര, വെള്ളസിംഹം, ഗറില്ല എന്നീ മൃഗങ്ങൾ പ്രദർശനത്തിനില്ല. കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാനിലെ കളക്ഷൻ പ്ലാൻ പ്രകാരമുള്ള മൃഗങ്ങളെ മാത്രമേ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. പ്രസ്തുത കളക്ഷൻ പ്ലാനിൽ ഗറില്ല ഉൾപ്പെടുന്നില്ല. സീബ്ര, സിംഹം എന്നീ മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) മൃഗശാലയിൽ നിലവിൽ ഇല്ലാത്ത മൃഗങ്ങളെയും പക്ഷികളെയും എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇൻഡോറിലെ കമല നെഹ്റു സുവോളജിക്കൽ പാർക്കിലേയ്ക്ക് റിയ പക്ഷികൾ 1:1, കാട്ടുപോത്ത് 1:1 എന്നിവയെ നൽകി. സിംഹം 1:1, കോമൺ ലംഗുർ 1:1 എന്നീ മൃഗങ്ങളെ മൃഗശാലയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ മൃഗങ്ങളെ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതാണ്.

തിരുപ്പതി ശ്രീ വെങ്കിടേശ്വര സുവോളജിക്കൽ പാർക്കിൽ നിന്നും സിംഹം ഹൈബ്രീഡ് 1:1, കോമൺ ലംഗുർ 1:1, വെള്ളമയിൽ 1:1, ഗ്രേ ജംഗിൾ ഫൗൾ 2:2, എമു 1:1 എന്നീ മൃഗങ്ങളെ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വഴിയുള്ള വായ്പകൾ

278 (5551) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വഴി മദ്രസ അധ്യാപകർക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് നാളിതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി അംഗങ്ങൾക്കുള്ള പലിശ രഹിത ഭവന വായ്പ നൽകുന്നത് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനാണ്. 2020-21 സാമ്പത്തിക വർഷം മുതലാണ് മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡ് പലിശ രഹിത ഭവന വായ്പയ്ക്കുള്ള അപേക്ഷ നേരിട്ട് സ്വീകരിച്ചുതുടങ്ങിയത്. ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ചാണ് ഭവന വായ്പയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡ് 217 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയാറാക്കി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്

കൈമാറിയിരുന്നു. പ്രസ്തുത ലിസ്റ്റിലുള്ള മുഴുവൻ പേർക്കും ഇതുവരെ ഭവന വായ്പ കൊടുത്തുകഴിയാത്തതിനാലാണ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ ഭവനവായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. പ്രസ്തുത ലിസ്റ്റിൽനിന്നും ഈ വർഷം 13 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോർപ്പറേഷൻ വഴി നൽകുന്ന ഏതെല്ലാം ഗുണഭോക്തൃ വായ്പാ ആനുകൂല്യങ്ങൾക്കാണ് ഈ വർഷം ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകർക്ക് വായ്പ അനുവദിച്ചുവെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

മദ്രസ അധ്യാപകർക്കുള്ള ഭവന വായ്പ ഒഴികെ കോർപ്പറേഷന്റെ മറ്റ് വായ്പാ പദ്ധതികൾക്കൊന്നും പ്രത്യേകമായി അപേക്ഷ ക്ഷണിക്കാറില്ല. കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളിലായി ഈ വർഷം ഗുണഭോക്തൃ വായ്പാ ആനുകൂല്യങ്ങൾ നൽകിയതിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(സി) കോർപ്പറേഷൻ ഓഫീസുകളുടെ ഭരണസംവിധാനവും വായ്പാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോർപ്പറേഷൻ ഓഫീസുകളുടെ ഭരണ സംവിധാനവും വായ്പാ നടപടിക്രമങ്ങളും നിലവിൽ ഓൺലൈൻ ആക്കിയിട്ടില്ല. ഓൺലൈൻ ആക്കുന്നതിലേയ്ക്കുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

(ഡി) മാന്വലായി കണക്കെടുപ്പ് നടത്തുന്നതുമൂലം വായ്പക്കാരുടെ പക്കൽനിന്നും അമിത തുക പലിശയായും പിഴപ്പലിശയായും ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ഓഫീസുകളിലും ഇത് സംബന്ധിച്ച പ്രത്യേക പരിശോധനകൾ നടത്തുമോ; വ്യക്തമാക്കുമോ?

വായ്പാക്കാരുടെ പക്കൽ നിന്നും അമിത തുക പലിശയായും പിഴപ്പലിശയായും ഈടാക്കുന്നതായ പരാതി ലഭിച്ചിട്ടില്ല. പലിശയും പിഴപ്പലിശയും കൃത്യമായി കണക്ക് കൂട്ടുന്നതിന് സോഫ്റ്റ്‌വെയർ സംവിധാനം കോർപ്പറേഷനിൽ നിലവിലുണ്ട്. കോർപ്പറേഷനിൽ ഇന്റേണൽ ഓഡിറ്റും

സി.&എ.ജി. നിയമിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും സി.&എ.ജി. അനുബന്ധ ഓഡിറ്റും കൃത്യമായി ഓഡിറ്റ് പരിശോധനയും നടത്തുന്നുണ്ട്.

**മലപ്പുറം ജില്ലയിലെ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി**

279 (5552) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ അനുമതി ലഭിച്ചതെന്നും പ്രസ്തുത പദ്ധതികളുടെ വിശദാംശവും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾ സർക്കാർ സ്ഥാപനങ്ങൾക്കാണോ ലഭിച്ചതെന്ന് അറിയിക്കുമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ മുൻ വർഷങ്ങളിൽ അനുമതി ലഭിച്ചതും തുക അനുവദിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി

ചേർക്കുന്നു.+

പ്രസ്തുത പദ്ധതികൾ സർക്കാർ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും നിർദ്ദേശിച്ചതും ജില്ലാതല സമിതി ശിപാർശ ചെയ്തതുമായ പദ്ധതികളാണ്.

(ബി) വഖഫ് ഭൂമിയിലുള്ള നിർമ്മാണ പ്രവൃത്തികളുടെ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് സംസ്ഥാന വഖഫ് ബോർഡ് വഴിയാണോ ബ്ലോക്ക് പഞ്ചായത്തുകൾ വഴിയാണോ എന്ന് വ്യക്തമാക്കാമോ; വഖഫ് ചെയ്ത ഭൂമിയിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ പദ്ധതികളായി കണക്കാക്കുമോ; വിശദമാക്കുമോ?

വഖഫ് ബോർഡ് ഭൂമിയിലെ പ്രോജക്ടുകൾ വഖഫ് ബോർഡിനും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സമർപ്പിക്കാവുന്നതാണ്. പ്രോജക്ടിന് തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽനിന്നും മുക്തവും ഒഴിഞ്ഞുകിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് വഖഫ് ബോർഡ് അനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർബന്ധമാണ്. പദ്ധതികൾ സംസ്ഥാനതല സമിതി അംഗീകരിക്കേണ്ടതുമുണ്ട്. അതിനാൽ വഖഫ് ബോർഡിന്റെ അനുമതിയോടെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വഖഫ് ഭൂമി അടിസ്ഥാനമാക്കി പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ പ്രോജക്ടുകൾ സമർപ്പിക്കാവുന്നതാണ്. വഖഫ് ചെയ്ത ഭൂമിയിലെ PMJVK പദ്ധതിയിൻകീഴിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ പദ്ധതികളായി കണക്കാക്കും.

**തമിഴ്-കന്നഡ ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് നടപടി**

280 (5553) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്-കന്നഡ ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കണ്ടറിതല വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിൽത്തന്നെ

നൽകിവരുന്നുണ്ട്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 10(aaaa) പ്രകാരം, മലയാളം അല്ലാത്ത മറ്റൊരു ഭാഷയിൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും ഏതെങ്കിലും സർവ്വീസിലേയ്ക്ക് നിയമനം ലഭിക്കുകയും ചെയ്യുന്ന ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ 31-03-1966-ലെ G.O.(Ms)No.142/PD നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മലയാളം ഭാഷ പരീക്ഷ, ജോലിയിൽ പ്രവേശിച്ച് പരമാവധി 10 വർഷത്തിനുള്ളിൽ പാസായാൽ മതിയാകുന്നതാണ്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവിധ കോളേജുകളിലും വിവിധ ഹയർസെക്കണ്ടറി സ്കൂളുകളിലും ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി 5% സംവരണം അനുവദിച്ചിട്ടുണ്ട്. ഭാഷ ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാതല ഭാഷ ന്യൂനപക്ഷ സമിതി രൂപീകരിക്കുന്നതിന് 16-10-2002-ലെ G.O.(Rt) No.6324/2002/GAD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ

സംസ്ഥാനത്തെ ഭാഷ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല ഭാഷ ന്യൂനപക്ഷ സമിതിയും നിലവിലുണ്ട്.

കെ.എസ്.&എസ്.എസ്.ആർ ഭാഗം-II ചട്ടം- 9(d) പ്രകാരം ഒരു തസ്തികയിലെ ഒഴിവിലേയ്ക്ക് ഏതെങ്കിലും ഒരു പ്രാദേശികഭാഷ പരിജ്ഞാനം ആവശ്യമുണ്ടെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് പ്രാദേശിക ഭാഷാജ്ഞാനമില്ലാത്ത സീനിയറിനെ മറികടന്ന് പ്രസ്തുത പ്രാദേശികഭാഷ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ ബോധന മാധ്യമമായി പഠിച്ചിട്ടുള്ളതും ചട്ടപ്രകാരം ആവശ്യമായ യോഗ്യതകളുള്ളതുമായ ജൂനിയറിനെ താൽക്കാലികമായി നിയമിക്കാവുന്നതാണ്.

എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ്റൈറ്റിംഗ് യോഗ്യത

ഒഴിവാക്കിക്കൊണ്ടുള്ള 11-05-1977-ലെ G.O.(P)No.139/77/GAD ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾക്കുകൂടി ബാധകമാക്കിക്കൊണ്ട് 26-10-2019-ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സമർപ്പിക്കപ്പെട്ട നടുവട്ടം ഗോപാലകൃഷ്ണൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റിപ്പോർട്ടിലെ ശിപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചുവരുന്നു.

(സി) തമിഴ് ഭാഷ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസവും സംസ്കാരവും പ്രോൽസാഹിപ്പിക്കുവാൻ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ തമിഴ് അക്കാഡമി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന തമിഴ് ഭാഷ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ 1950-നുമുമ്പ് കേരളത്തിൽ വന്നവരാണെന്ന് തെളിയിക്കണമെന്ന വ്യവസ്ഥയ്ക്ക് പകരം നടുവട്ടം ഗോപാലകൃഷൻ റിപ്പോർട്ട് ശിപാർശ പ്രകാരം 1970-നുമുമ്പ് കേരളത്തിൽ സ്ഥിര താമസമാക്കിയവർ എന്ന വ്യവസ്ഥയിൽ പ്രസ്തുത ഭാഷ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾ

281 (5554) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി എത്ര തുക വകയിരുത്തി; അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ചെലവഴിക്കാതെ

നഷ്ടമായി എന്നുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് UGC/CSIR-NET പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

2. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നാഷണൽ ടാലെന്റ് സെർച്ച് പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

3. PG Diploma in GST പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

4. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിനായുള്ള സ്കോളർഷിപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവ, വിവാഹമോചിത, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ തുടങ്ങിയവർക്കായി നടപ്പാക്കുന്ന ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചു, എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകി, അർഹരായ അപേക്ഷകരിൽ എത്ര ശതമാനം പേർക്കാണ് ആനുകൂല്യം ലഭിച്ചത് എന്നിവ വ്യക്തമാക്കുമോ?

ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

## വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി

282 (5555) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ പ്രധാൻ മന്ത്രി ജൻ വികാസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട പ്രപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പദ്ധതികളുടെ പേര്, ആവശ്യമായ തുക എന്നിവയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനതല സമിതി അംഗീകരിച്ച 37308.2 ലക്ഷം രൂപയുടെ 23 പ്രൊപ്പോസലുകൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയ്ക്കായി വള്ളിക്കുന്ന് മണ്ഡലത്തിൽ തെരഞ്ഞെടുത്ത പദ്ധതികളുടെ പേര്, അടങ്കൽ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ആദ്യഘട്ടത്തിൽ അംഗീകരിച്ച 23 പ്രൊപ്പോസലുകളിൽ വള്ളിക്കുന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മണ്ഡലത്തിലെ പദ്ധതികളൊന്നും ഉൾപ്പെട്ടിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഓഫീസ്**

283 (5556) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കാസർഗോഡ് ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചെർക്കളയിലെ ബസ് സ്റ്റാൻഡ് ബിൽഡിംഗിലെ ഗ്രൗണ്ട് ഫ്ലോറിലാണ് കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കാസർഗോഡ് ഓഫീസ് പ്രവർത്തിക്കുന്നത്.

(ബി) എത്രകാലമായി പ്രസ്തുത ഓഫീസ് കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നുവെന്നും ആയത് സ്വന്തം കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ഓഫീസ് 7 വർഷമായി വാടക കെട്ടിടത്തിലാണ്

പ്രവർത്തിച്ചുവരുന്നത്.

(സി) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര രൂപയാണ് വാടക നൽകുന്നതെന്നും ഇതുവരെ വാടകയിനത്തിൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

മാസ വാടക 10,000/- രൂപയാണ്. ഇതുവരെ 8,40,000/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസിലെ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ?

ഡെപ്യൂട്ടി മാനേജർ, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളാണുള്ളത്. ടി തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ഇ) പ്രസ്തുത ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്ന് മാറ്റി സ്ഥാപിക്കാൻ ആലോചനയുണ്ടോ; അറിയിക്കുമോ;

(എഫ്) എങ്കിൽ ഏത് പ്രദേശത്തുള്ള ഏത് കെട്ടിടത്തിലേയ്ക്കാണ്

മാറ്റാൻ ഉദ്ദേശിക്കുന്നതെന്നും ഇത്തരത്തിൽ ആലോചിക്കാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

(ഇ&എഫ്) ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി പ്രസ്തുത ഓഫീസ് മാറ്റി സ്ഥാപിക്കുന്ന കാര്യം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പരിശോധിച്ചുവരികയാണ്. തീരുമാനമായിട്ടില്ല.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതികൾ

284 (5557) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ല പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ

ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ല പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ച ജില്ലാതല സമിതിയുടെ അംഗീകാരത്തോടുകൂടി ന്യൂനപക്ഷക്ഷേമ വകുപ്പിന് ലഭിച്ച നാല് പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **Sl No.** | **Name of Project** | **Project Cost (Amount in lakhs)** |
|---|---|---|
| 1 | Kuttiady Taluk Hospital Scanning Centre Building | 217.74 |
| 2 | Upgradation of Community Health Centre in Thiruvallur GP | 500.00 |
| 3 | Construction of Homeo Hospital Building in Thiruvallur GP | 300.00 |
| 4 | Construction of Koolikunnu Indoor Stadium | 526.46 |

പ്രസ്തുത പ്രോജക്ടുകളിൽ ക്രമ നമ്പർ രണ്ട് മുതൽ നാലുവരെയുള്ള മൂന്ന് പ്രോജക്ടുകൾ 2022-23 വർഷത്തെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഈ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശിപാർശ ലഭിക്കാതിരുന്നതിനാൽ സംസ്ഥാനതല സമിതി ഈ പ്രോജക്ടുകൾ പരിഗണിച്ചില്ല. ബന്ധപ്പെട്ട വകുപ്പുകൾ ഈ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രൊപ്പോസലിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ക്രമനമ്പർ ഒന്നിലെ പ്രോജക്ട് വരും വർഷം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി

285 (5558) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിന്നും പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര പദ്ധതികളാണ് ഈ വർഷം വിവിധ ബ്ലോക്കുകൾ മുഖാന്തരം ജില്ലാതല യോഗത്തിൽ പരിഗണിച്ചതെന്നും ആയതിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനതല യോഗത്തിൽ സമർപ്പിക്കുന്നതിന് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക വർഷത്തിൽ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ മുഖാന്തരം ജില്ലാതല കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള 62 പ്രൊപ്പോസലുകളിൽ പ്രാഥമിക പരിശോധന നടത്തി അതിൽനിന്നും 58 പ്രോജക്ടുകൾ ന്യൂനപക്ഷക്ഷേമ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതിൽനിന്നും സംസ്ഥാനതല യോഗത്തിൽ സമർപ്പിക്കാൻ തെരഞ്ഞെടുത്ത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Project Description | Project Cost (Amount in lakh) |
|---|---|---|
| 1 | Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP | 1850.00 |
| 2 | Construction of Building for BUDS School in | 68.00 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | | |
|---|---|---|
| | Ayiroor, Perumpadappu GP | |
| 3 | Construction of Library Building at Mylady in Nilambur Block, Chaliyar GP | 1500.00 |
| 4 | Infrastructure Development of CHC Neduva in Parappanangadi Municipality | 480.00 |
| 5 | Construction of New Building for Govt. Ayurveda Hospital in Munniyur GP | 628 |
| 6 | Construction of School Building for Govt UP School in Munniyur GP | 120 |
| 7 | Construction of Building for Govt. LPS Valamangalam, Pulpatta GP | 128.7 |

(ബി) ഇത്തരത്തിൽ ആകെ ലഭിച്ചതും മുൻഗണന നിശ്ചയിച്ചതുമായ പദ്ധതികളുടെ പട്ടിക സഹിതം വിശദാംശം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ പി.എം.ജെ.വി.കെ. ജില്ലാതല സമിതി അംഗീകരിച്ച് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഇങ്ങനെ സമർപ്പിച്ചതിൽ സർക്കാർ സ്ഥാപനങ്ങളുടേതല്ലാത്ത എത്ര പ്രപ്പോസലുകൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ?

സർക്കാർ വകുപ്പുകളോ സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങളോ നിർദ്ദേശിക്കാത്തതും ഈ പദ്ധതിയുടെ ജില്ലാതല സമിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അംഗീകരിക്കാത്തതുമായ പദ്ധതികളൊന്നും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

**വാമനപുരം മണ്ഡലത്തിലെ മൈനോറിറ്റി ഏരിയ ഡവലപ്മെന്റ് പദ്ധതി**

286 (5559) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ മൈനോറിറ്റി ഏരിയ ഡെവലപ്മെന്റ് പദ്ധതി പ്രകാരം ഏതെല്ലാം ജലവിതരണ പദ്ധതികളുടെ നവീകരണത്തിനുള്ള ശിപാർശകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയിൻകീഴിൽ വാമനപുരം മണ്ഡലത്തിലെ ജലവിതരണ പദ്ധതികളുടെ നവീകരണത്തിനായുള്ള ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

**ന്യൂനപക്ഷ സ്കോളർഷിപ്പ്**

287 (5560) <u>ശ്രീ. തോമസ് കെ. തോമസ്:</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന സ്കോളർഷിപ്പുകൾ തുടർന്നും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ സ്കോളർഷിപ്പിന്റെ തുകയിലോ എണ്ണത്തിലോ കുറവുവരാതെ ഈ വർഷവും പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 29430 ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് സ്കോളർഷിപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. വിദേശ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, അസാപ് മുഖേന നൈപുണ്യ വികസനം നൽകുന്ന പദ്ധതി, PG Diploma in GST പഠനത്തിനുള്ള സ്കോളർഷിപ്പ്, UGC/CSIR പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

എന്നീ സ്കോളർഷിപ്പുകളുടെ ഒന്നാം ഘട്ട വിതരണം പൂർത്തികരിച്ചുകഴിഞ്ഞു. സ്കോളർഷിപ്പ് വിതരണത്തിന് ഉൾപ്പെടെയുള്ള പദ്ധതി ഫണ്ടിൽനിന്നും ഇതുവരെ 2605 ലക്ഷം രൂപ വിനിയോഗിച്ചുകഴിഞ്ഞു. ശേഷിക്കുന്ന സ്കോളർഷിപ്പ് അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. വരും ദിവസങ്ങളിൽ തന്നെ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച് അർഹരായ അപേക്ഷകർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതും ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം 31-03-2023-ന് മുൻപായി പൂർണ്ണമായും വിനിയോഗിക്കുന്നതുമാണ്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്കോളർഷിപ്പുകളിൽ കേന്ദ്ര സർക്കാർ ഏതെല്ലാം സ്കോളർഷിപ്പുകളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിച്ചുവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പും ന്യൂനപക്ഷ ഗവേഷക വിദ്യാർത്ഥികൾക്ക് ലഭിച്ചുവന്നിരുന്ന ആസാദ് ഫെല്ലോഷിപ്പും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഈ വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽ അർഹതപ്പെട്ട എല്ലാവർക്കും സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷ വിഭാഗത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് ഓൺലൈനായി അപേക്ഷകൾ ക്ഷണിയ്ക്കുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് സ്കോളർഷിപ്പ് വിതരണം 31-03-2023-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതി**

288 (5561) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതി വഴി സംസ്ഥാനത്തിന് ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എത്ര തുകയുടെ

പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് പദ്ധതി, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം പദ്ധതികളൊന്നും ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ 129.94 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന മറ്റ് കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ?

ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ന്യൂനപക്ഷ ഡയറക്ടറേറ്റ് മുഖേന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നീ പദ്ധതികളും കേരള മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡിന് കീഴിൽ പെൻഷൻ, മരണാനന്തര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ പദ്ധതികളും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികളും കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന വിവിധ വായ്പാ പദ്ധതികളും നടപ്പിലാക്കിവരുന്നു. മേൽ വിവരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ന്യൂനപക്ഷക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ

289 (5562) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതാറിറ്റി മുഖേനയാണ് ന്യൂനപക്ഷക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതുവരെയുള്ള ഉത്തരവാദിത്തം പ്രസ്തുത ഏജൻസിയാണോ നിർവഹിക്കുന്നതെന്ന് അറിയിക്കുമോ?

ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതുവരെയുള്ള ഉത്തരവാദിത്തം കേരള വാട്ടർ അതാറിറ്റിക്കും പദ്ധതി നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമാണ്.

(സി) ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാതെ ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തതായി ബന്ധപ്പെട്ട ഏജൻസി റിപ്പോർട്ട് നൽകിയാൽ ആയത് പരിശോധിച്ച് വസ്തുതകൾ ഉറപ്പുവരുത്തുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പിൽ സംവിധാനമുണ്ടോ; എങ്കിൽ ഇതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ചതുമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാതെ ഏതെങ്കിലും

പദ്ധതി കമ്മീഷൻ ചെയ്തതായി ബന്ധപ്പെട്ട ഏജൻസി റിപ്പോർട്ട് നൽകിയാൽ ഈ വിഷയം ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ടും ജില്ലാകളക്ടറുടെ നിയന്ത്രണത്തിലുള്ള ജില്ലാ ന്യൂനപക്ഷസെൽ മുഖേനയും പരിശോധിച്ച് വസ്തുതകൾ ഉറപ്പുവരുത്തുന്നതിന് സംവിധാനമുണ്ട്. ഇതിന്റെ ഉത്തരവാദിത്വം നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതാറിറ്റിക്കും പദ്ധതി ശിപാർശ ചെയ്ത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമായിരിക്കും.

## മലപ്പുറം ജില്ലയിൽ പി.എം.ജെ.വി.കെ. പദ്ധതി

290 (5563) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തെ പി.എം.ജെ.വി.കെ. പദ്ധതിയുടെ സംസ്ഥാനതല ലിസ്റ്റിൽ മലപ്പുറം ജില്ലയിൽ നിന്നും ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന്റെ വിശദവിവരവും ലഭ്യമാക്കാമോ?

നടപ്പ് വർഷത്തെ പി.എം.ജെ.വി.കെ. പദ്ധതിയുടെ സംസ്ഥാനതല സമിതി അംഗീകരിച്ച ലിസ്റ്റിൽ മലപ്പുറം ജില്ലയിൽനിന്നും ഉൾപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| Sl No. | Project Description | Project Cost (Amount in lakh) |
|---|---|---|
| 1 | Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP | 1850.00 |
| 2 | Construction of Building for BUDS School in Ayiroor, Perumpadappu GP | 68.00 |
| 3 | Construction of Library Building at Mylady in Nilambur Block, Chaliyar GP | 1500.00 |

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മലപ്പുറം ജില്ലയിൽ നിന്നും സമർപ്പിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഒഴിവാക്കിയതെന്നും ഇവ ഒഴിവാക്കിയതിനുള്ള കാരണങ്ങളും ഇനം തിരിച്ച് വിശദമാക്കാമോ?

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മലപ്പുറംജില്ലയിൽ നിന്നും സമർപ്പിച്ച പ്രവൃത്തികളൊന്നും ഒഴിവാക്കിയിട്ടില്ല.

**കുറ്റ്യാടി മണ്ഡലത്തിലെ ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

291 (5564) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ

നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നീ വിഭാഗങ്ങളായിട്ടാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികളുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്കായി സമർപ്പിക്കേണ്ട രേഖകൾ, നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ?

ഉണ്ട്. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി എന്നിവ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിയാണ്. പ്രസ്തുത പദ്ധതികൾക്കായി സമർപ്പിക്കേണ്ട രേഖകൾ, നടപടിക്രമങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(സി) കുറ്റ്യാടി മണ്ഡലത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

നിലവിൽ കുറ്റ്യാടി മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളൊന്നും വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നില്ല.

## കോഴിക്കോട് ജില്ലയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

292 (5565) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ 2021, 2022, 2023 വർഷങ്ങളിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കാൻ നിർദേശിച്ചിട്ടുള്ള പ്രധാന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആനുകൂല്യം ലഭ്യമാക്കുന്ന പദ്ധതികളുടെ പ്രയോജനം കോഴിക്കോട് ജില്ലയ്ക്ക് ലഭിക്കുന്നുണ്ട്. ഇതുകൂടാതെ ജില്ലയിൽ അനുവദിച്ചിരിക്കുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി., യു.പി.എസ്.സി. തുടങ്ങിയ മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്ന കോച്ചിംഗ് സെന്ററുകളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം

293 (5566) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതിയുടെ സംസ്ഥാനതല യോഗത്തിൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ മലപ്പുറം ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചതെന്നും അവയുടെ പേരും തുകയും സംസ്ഥാനതല മുൻഗണനാക്രമവും അടക്കമുള്ള വിവരങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമാക്കാമോ; ഇങ്ങനെ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ സർക്കാർ സ്ഥാപനങ്ങളുടേതല്ലാത്ത എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ സംസ്ഥാനതല സമിതി അംഗീകരിച്ച് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ച മലപ്പുറം ജില്ലയിലെ പദ്ധതികളുടെ വിവരവും മുൻഗണനാക്രമവും ചുവടെ കൊടുക്കുന്നു.

| Sl No. | Project Description | Project Cost (Amount in lakh) |
|---|---|---|
| 1 | Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP | 1850.00 |
| 2 | Construction of Building for BUDS School in Ayiroor, Perumpadappu GP | 68.00 |
| 3 | Construction of Library Building at Mylady in Nilambur Block, Chaliyar GP | 1500.00 |

സർക്കാർ വകുപ്പുകളോ തദ്ദേശഭരണ സ്ഥാപനങ്ങളോ നിർദ്ദേശിക്കാത്തതും ബന്ധപ്പെട്ട ഭരണവകുപ്പ് അംഗീകാരം നൽകാത്തതുമായ പ്രോജക്ടുകളൊന്നും ഇതിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന പ്രസ്തുത പദ്ധതിയിലേയ്ക്ക് സർക്കാർ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ മാത്രമാണോ

സമർപ്പിക്കാനാകുന്നതെന്നും സ്വകാര്യ, എയ്ഡഡ്, വഖഫ് സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾക്ക് സർക്കാർ സ്ഥാപനങ്ങളുടെ പദ്ധതികളേക്കാൾ മുൻഗണന നൽകാറുണ്ടോയെന്നും വിശദമാക്കാമോ?

പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭൂമിയിലും വഖഫ് ഭൂമിയിലും സാമൂഹ്യ ആസ്തിവികസനത്തിനുള്ള പ്രോജക്ടുകൾ അനുവദനീയമാണ്. ഈ പദ്ധതിയിൽ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാതല സമിതി മുഖേനയും സംസ്ഥാനതലത്തിൽ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും (വഖഫ് ബോർഡ് ഉൾപ്പെടെ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലേയ്ക്ക് നേരിട്ടും പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ഈ രണ്ട് മാർഗ്ഗത്തിലൂടെയും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരം നിർബന്ധമാണ്. ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് അവരുടെ ഭാവിവികസന ലക്ഷ്യം പരിഗണിച്ചുകൊണ്ട് അവരുടെ വകുപ്പുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നത്. പ്രധാൻ മന്ത്രി ജനവികാസ്

കാര്യക്രം പദ്ധതിക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും പ്രോജക്റ്റ് ഫീസിബിലിറ്റി നോക്കിയുമാണ് പ്രോജക്റ്റുകളുടെ മുൻഗണന നിശ്ചയിക്കുന്നത്. പ്രധാൻ മന്ത്രി ജനവികാസ് കാര്യക്രം പദ്ധതി സർക്കാർ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതിയല്ല, മറിച്ച് ന്യൂനപക്ഷക്ഷേമം ലക്ഷ്യമിട്ടുള്ള സാമൂഹ്യ ആസ്തി സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണ്.

## ആലപ്പുഴ ജില്ലയിലെ വിദ്യാലയങ്ങളിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

294 (5567) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ സ്കൂളുകളിൽ കായിക വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സ്കൂളുകളുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ?

കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആലപ്പുഴയിൽ ആര്യാട് കണിച്ചികുളങ്ങര ജി.എച്ച്.എസ്.എസ്. മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി 5,00,00,000/- രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. മികച്ച ഫുട്ബോൾ കളിക്കാരെ സൃഷ്ടിക്കുന്നതിനുള്ള ഗോൾ പദ്ധതി ആലപ്പുഴ ജില്ലയിലെ എല്ലാ നിയോജകമണ്ഡലത്തിലെയും ഓരോ സ്കൂളിൽ വീതം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ട്, മുളക്കുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. ഗ്രൗണ്ട്, കഞ്ഞിക്കുഴി പഞ്ചായത്ത് ചാരമംഗലം ഡി.വി. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ഗവ. മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട്, ആലപ്പുഴ മുനിസിപ്പാലിറ്റി സെന്റ് തോമസ് സ്കൂൾ, ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത് മംഗളം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹെൽത്തി കിഡ്സ് പദ്ധതിക്കായി ആലപ്പുഴ ജില്ലയിലെ ജി.യു.പി.എസ്., പെണ്ണുക്കര, ഗവ. ന്യൂ എൽ.പി.എസ്., കലിമേൽ, എസ്.സി.എസ്. എച്ച്.എസ്, വളമംഗലം എന്നീ സ്ഥാപനങ്ങൾ

പരിഗണിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുകയെന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന ജൂഡോക്ക പദ്ധതിയിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കായുള്ള പരിശീലനത്തിൽ സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിൽ ഒന്നായി ആലപ്പുഴ ജില്ലയിലെ ജി.എച്ച്.എസ്. എസ്. കലവൂരിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

**നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ നടപടി**

295 (5568) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

21-12-2022-ലെ എം.എൽ.എ.-06/22 കത്ത് പ്രകാരം നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 6842269/വിഐപി/എം (എസ്&ഡബ്ല്യൂ)2023 പ്രകാരം കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

21-12-2022-ലെ എം.എൽ.എ.-06/22 കത്ത് പ്രകാരം ബഹുമാനപ്പെട്ട

നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ നിവേദനം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ടി.എ./ഡി.എ. അസോസിയേഷനുകൾക്കുപകരം കായികതാരങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കണമെന്ന നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശോധിച്ചുവരികയാണ്.

**കായികതാരങ്ങളുടെ മത്സര നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് നടപടി**

296 (5569) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കായികതാരങ്ങളുടെ മത്സര നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതികവിദ്യകളും ആശയങ്ങളും കായിക രംഗത്ത് കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കായിക താരങ്ങളുടെ മത്സര നൈപുണ്യങ്ങൾ

വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതികവിദ്യകളും ആശയങ്ങളും കായികരംഗത്ത് കൊണ്ടുവരുന്നതിനായി മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ, വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൗൺസിലിലെ പരിശീലകരുടെ കീഴിൽ പ്രസ്തുത പദ്ധതികളിലെ കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങളിൽ ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ചവരും ഉൾപ്പെടുന്നു. ഇതോടൊപ്പം സംസ്ഥാനത്ത് മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉന്നത നിലവാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും മികവിന്റെ കേന്ദ്രമായിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്ന

ലക്ഷ്യത്തോടെ Center of Excellence in Districts എന്ന വിഷയത്തിൽ Workshop and Expert Panel Discussion എന്ന പരിപാടി കായികരംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി.

കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കായിക രംഗത്ത് മുൻനിരയിൽ നിൽക്കേണ്ട വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടി 2019 മുതൽ ശ്രീ. രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, ചെന്നൈയും കായിക യുവജനകാര്യാലയവുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതിയാണ് സയൻസ് ആന്റ് ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്.  പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളുടെ കായിക ക്ഷമത വളർത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ കുട്ടികളെ വിലയിരുത്തി മുന്നോട്ടുകൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ ജി.വി. രാജ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്കൂളുകളിലെ 461 കുട്ടികൾക്ക് പരിശോധന നടത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുകയെന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ കായികയുവജനകാര്യാലയത്തിൻ കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്ത് ആന്റ് ഫിറ്റ്നസ് അസസ്മെന്റ് & ആന്റി ഡ്രഗ് അവയർനസ് ക്യാമ്പെയ്ൻ. 6 മുതൽ 12 വരെയുള്ള ക്ലാസിലെ 12-നും 17-നും ഇടയിൽ പ്രായമുള്ള പതിനായിരം കുട്ടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കായിക വകുപ്പിനെ കൂടാതെ പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാനത്തുടനീളമുള്ള ഓരോ അത്ലറ്റിന്റെയും ക്ഷമതയും മറ്റ് അവശ്യ വൈദഗ്ധ്യങ്ങളും വിലയിരുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. കായികതാരങ്ങളുടെ ആരോഗ്യനിലയും ഫിറ്റ്നസ്സും നിർണ്ണയിക്കാൻ സഹായിക്കുന്ന മൂല്യനിർണ്ണയ പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ

വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ കണ്ടെത്താനും അതുവഴി കഴിവുള്ള പ്രതിഭകളെ തിരിച്ചറിയാനും ഈ വിവരങ്ങൾ ഉപയോഗിച്ച് അവർക്ക് പരിശീലന പ്രോട്ടോകോൾ രൂപകൽപ്പന ചെയ്യാനും കഴിയും. ആധുനിക സംവിധാനങ്ങളോടുകൂടിയ പ്രത്യേക രീതിയിൽ സജ്ജീകരിച്ച ബസ് ഓരോ സ്കൂളുകളും സന്ദർശിച്ച് സെലക്ഷൻ ടെസ്റ്റ് നടത്തിവരുന്നു.

## പേരാമ്പ്ര മണ്ഡലത്തിലെ കളി സ്ഥലം നിർമ്മാണം

297 (5570) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജനതയുടെ ഒരു ജീവിത രീതിയെന്ന നിലയിൽ സ്പോർട്സിനെ വളർത്തുകയും രൂപപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് ഒരു സമഗ്രമായ കായിക നയം രൂപപ്പെടുത്തുന്നതിന് തയ്യാറാകുമോ; അറിയിക്കുമോ;

ദേശീയ അന്തർദ്ദേശീയ തലത്തിൽ കായിക മികവ് ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ശാരീരികക്ഷമതയുടെയും

വ്യായാമത്തിന്റെയും അവബോധം സൃഷ്ടിച്ച് ഒരു ജീവിതരീതി എന്ന നിലയിൽ സ്പോർട്സിനെ രൂപപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യം സാധ്യമാക്കുന്നതിനുമാണ് കായിക നയം രൂപീകരിക്കുന്നത്. നടപടികൾ അന്തിമ ഘട്ടത്തിലാണ്. 08-03-2023-ന് ചേർന്ന മന്ത്രിസഭായോഗം കായിക നയം 2023-ന് അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് ആരോഗ്യം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി യോജിച്ച് കായികനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്.

## അരുവിക്കര മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന കായിക പരിശീലനം

298 (5571) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന കായിക പരിശീലനം നൽകുന്ന പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിലെ ജി. വി. രാജ സ്പോർട്സ് സ്കൂൾ ഒഴികെയുള്ള വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതികളും പ്രസ്തുത വിദ്യാലയങ്ങളുടെ പേരുവിവരങ്ങളും അറിയിക്കാമോ?

അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന ജൂഡോക്ക പദ്ധതിയിൽ അരുവിക്കര ജി.എച്ച്.എസ്.എസ്-നെ തെരഞ്ഞെടുത്തിട്ടുണ്ട്.

## ലോക വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാമ്പത്തിക സഹായം

299 (5572) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ മകൾക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോർജ്ജ്

ജോൺ 08-10-2021-ന് സമർപ്പിച്ച അപേക്ഷയിൽ (344/VIP/M(S&W)2021, E-5538448) കായിക വകുപ്പ് സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ലോക വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ മകൾക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോർജ്ജ് ജോൺ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 27-11-2021-ലെ കാ.യു.വ-എ 2/380/2021-കാ.യു.വ. നമ്പർ കത്ത് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോടും കായിക യുവജനകാര്യ ഡയറക്ടറോടും ആവശ്യപ്പെട്ടതിൻപ്രകാരം 23-12-2021-ലെ KSSC/C2/5325/2021 നമ്പർ കത്ത് പ്രകാരം നിലവിൽ കേരള ചെസ് അസോസിയേഷൻ എന്ന സംഘടനയുടെ അംഗീകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ റദ്ദ് ചെയ്തിരിക്കുന്നതിനാൽ കുമാരി നിമ്മി

ജോർജ്ജിന്റെ അപേക്ഷയിലെ ആവശ്യം ശിപാർശ ചെയ്യാൻ നിർവ്വാഹമില്ലെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 2021 ഒക്ടോബറിൽ ഗ്രീസിൽ വച്ച് നടന്ന ലോക അമേച്വർ ചെസ് ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയ നിമ്മി ജോർജ്ജിന് മത്സരത്തിൽ പങ്കെടുത്ത ചെലവിൽ 5,43,960/- രൂപ ചെലവായിട്ടുണ്ടെന്നും അസോസിയേഷനിൽനിന്നും സഹായമൊന്നും ലഭിച്ചിട്ടില്ലെന്നും അപേക്ഷക തൃക്കാക്കര ഭാരത് മാതാ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തുവരികയാണെന്നും ടിയാൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതുസംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും **23-09-2022-ലെ** എ 5-6530/2021/DSYA കത്ത് പ്രകാരം കായിക യുവജനകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, **06-04-2022-ലെ** കാ.യു.വ-എ 2/380/2021-കാ.യു.വ നമ്പർ സർക്കാർ കത്ത് പ്രകാരം കേരള ചെസ് അസോസിയേഷൻ എന്ന സംഘടനയുടെ അംഗീകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ റദ്ദ് ചെയ്തിരിക്കുന്നതിനാൽ സാമ്പത്തിക സഹായം

അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നുള്ള വിവരം അപേക്ഷകയെ അറിയിച്ചിട്ടുള്ളതും ടി കത്തിന്റെ പകർപ്പ് ഉൾപ്പെടെ ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഫയലിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ വഴി നൽകിയ 22-10-2021-ലെ CMO - G211003517/CMO നമ്പർ പരാതിയിന്മേൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയൽ തീർപ്പാക്കി അപേക്ഷകന് അന്തിമ മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

(സി&ഡി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച ജി-211003517 നമ്പർ പ്രകാരമുള്ള അപേക്ഷ കേരള സ്റ്റേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്പോർട്സ് കൗൺസിലിന് നൽകുകയും നിലവിൽ കേരള ചെസ് അസോസിയേഷൻ എന്ന സംഘടനയുടെ അംഗീകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ റദ്ദ് ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത അപേക്ഷയിലെ ആവശ്യം ശിപാർശ ചെയ്യാൻ നിർവ്വാഹമില്ലെന്നും സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം 05-03-2022-ലെ കെ.എസ്.എസ്.സി/സി3/317/2022 നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

## കായിക പ്രതിഭകളായ കുട്ടികൾക്കുള്ള പരിശീലനം

300 (5573) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് അനുയോജ്യമായ കായിക ഇനത്തിൽ പരിശീലനം നൽകുന്നതിനുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വിവിധ കായികയിനങ്ങളിൽ തൽപ്പരരായ കായിക പ്രതിഭകളായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ് ബോൾ, അത്‌ലറ്റിക്സ്, ജൂഡോ, ബോക്സിംഗ്, ഫുട്ബോൾ എന്നീ കായികയിനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായികയുവജനകാര്യാലയം മുഖേന ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ തിരിച്ചറിയുന്നതിനും അതിലൂടെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ഹെൽത്ത് & ഫിറ്റ്നസ് അസസ്മെന്റ് & ആന്റി ഡ്രഗ് അവയർനസ് ക്യാമ്പെയിൻ. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മൊബൈൽ കായികക്ഷമത പരിശോധനാ യൂണിറ്റുകൾ

301 (5574) ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. പി. എസ്. സുപാൽ
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് അവർക്ക് താല്പര്യമുള്ള കായിക ഇനങ്ങളിൽ കുട്ടിക്കാലത്തുതന്നെ മികച്ച പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സ്കൂൾ കുട്ടികൾക്ക് അടിസ്ഥാന കായിക പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഫുട്ബോൾ, ബാസ്കറ്റ്ബോൾ, ജൂഡോ, ബോക്സിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങളിൽ ഗോൾ, ഹൂപ്സ്, ജൂഡോക്ക, പഞ്ച്, സ്പ്രിന്റ് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സ്കൂളുകളിലെത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുന്നതിനായി മൊബൈൽ പരിശോധന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത യൂണിറ്റുകളിൽ എന്തെല്ലാം പരിശോധന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള മൊബൈൽ കായികക്ഷമത പരിശോധനാ യൂണിറ്റുകൾ സ്വകാര്യ പങ്കാളിത്തത്തോടെയാണോ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി)കുട്ടികളുടെ കായികക്ഷമത കൃത്യമായി വിലയിരുത്തി അവരെ അനുയോജ്യമായ കായിക ഇനത്തിലേയ്ക്ക് തിരിച്ചുവിടാൻ പ്രസ്തുത പദ്ധതി സഹായിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ബി-ഡി) വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണ പരിപാടി നടത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി കേരള സർക്കാർ കായിക യുവജനകാര്യാലയത്തിൻകീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്ത് ആന്റ് ഫിറ്റ്നസ് അസെസ്മെന്റ് & ആന്റി-ഡ്രഗ് അവയർനസ് ക്യാമ്പെയിൻ. 6 മുതൽ 12 വരെയുള്ള ക്ലാസിലെ 12-നും 17-നും ഇടയിൽ പ്രായമുള്ള പതിനായിരം കുട്ടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ വകുപ്പിന്റെ ഉൾപ്പെടെ പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ്

വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ട്രാൻസ് സ്റ്റേഡിയ ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പ്രൈവറ്റ് കമ്പനിയെയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

കേരള സംസ്ഥാനത്തുടനീളമുള്ള ഓരോ അത്‌ലറ്റിന്റെയും വസ്തുനിഷ്ഠമായ വിശകലനം നടത്തുന്നതിന് വിദ്യാർത്ഥിയുടെ ഫിറ്റ്നസ് ലെവലും മറ്റ് അവശ്യ നൈപുണ്യങ്ങളും വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കായികതാരങ്ങളുടെ ആരോഗ്യനിലയും ഫിറ്റ്നസ്സും നിർണ്ണയിക്കാൻ സഹായിക്കുന്ന മൂല്യനിർണ്ണയ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ വിദ്യാർത്ഥികളുടെ ഫിറ്റ്നസ് ലെവൽ കണ്ടെത്താനും അതുവഴി കഴിവുള്ള പ്രതിഭകളെ തിരിച്ചറിയാനും ഈ വിവരങ്ങൾ ഉപയോഗിച്ച് അവർക്ക് പരിശീലന പ്രോട്ടോകോൾ രൂപകൽപ്പന ചെയ്യാനും കഴിയും. ആധുനിക സംവിധാനങ്ങളോടുകൂടിയ പ്രത്യേക രീതിയിൽ സജ്ജീകരിച്ച ബസ് ഓരോ സ്കൂളുകളും സന്ദർശിച്ചാണ്

സെലക്ഷൻ ടെസ്റ്റുകൾ നടത്തുന്നത്. ഇതിലുൾപ്പെടുത്തിയിരിക്കുന്ന പരിശോധന സംവിധാനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## തദ്ദേശ സ്പോർട്സ് കൗൺസിലുകൾ

302 (5575) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ചുമതലകൾ വിശദമാക്കുമോ?

സംസ്ഥാനത്ത് തദ്ദേശ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കുകയെന്നതാണ് തദ്ദേശ സ്ഥാപനതല സ്പോർട്സ് കൗൺസിലുകളുടെ അടിസ്ഥാന ദൗത്യം. ഗ്രാമീണ, നഗര തലത്തിൽ നടക്കുന്ന കായിക പ്രവർത്തനങ്ങൾ എകോപിപ്പിച്ച് കായിക വികസനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഓരോ പ്രദേശത്തിന്റെയും സാധ്യതകളും സാഹചര്യങ്ങളും തിരിച്ചറിഞ്ഞ് കളികളും ശാരീരിക ക്ഷമതാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കായിക പദ്ധതികളും പരിപാടികളും മുഴുവൻ മേഖലകളിലും ഊർജ്ജിതമായി നടപ്പാക്കുക, അതത് തദ്ദേശസ്വയംഭരണ പ്രദേശത്തെ സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക, കായിക മത്സരങ്ങൾ, ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയവ പ്രധാന ചുമതലകളിൽ ഉൾപ്പെടുന്നു.

(ബി) കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സ്പോർട്സ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കൗൺസിലുകളുടെ ഘടനയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

303 (5576) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 15-05-2017-ൽ സ.ഉ. (സാധാ) നം. 95/2017/കാ.യു.വ. പ്രകാരം 14.35 കോടി രൂപ അനുവദിച്ചെങ്കിലും കിഫ്ബി അനുവദിച്ച തുക 5.54 കോടി രൂപയാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തിര പ്രാധാന്യത്തോടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത പദ്ധതി 29-10-2019-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും പദ്ധതി പ്രദേശത്തെ മരം മുറിക്കുന്നതിനുള്ള തടസ്സങ്ങൾ, മണ്ണ് കിട്ടാനുള്ള തടസ്സങ്ങൾ, കൊറോണ, പ്രതികൂല കാലാവസ്ഥ, നിർവ്വഹണ ഏജൻസിയായ കിറ്റ്കോയുടെയും കോൺട്രാക്ടറുടെയും ഭാഗത്തുനിന്നും വന്ന വീഴ്ച എന്നിവ കാരണം പദ്ധതി പൂർത്തീകരിക്കുന്നതിന് താമസം നേരിട്ടിട്ടുണ്ട്. 2023 ജൂൺ മാസത്തോടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

## പൊന്നാനി മണ്ഡലത്തിലെ ഇൻഡോർ ആന്റ് അക്വാറ്റിക് കോംപ്ലക്സിന്റെ പ്രവൃത്തി

304 (5577) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ 2017-18 വർഷത്തിൽ അനുവദിച്ച ഇൻഡോർ ആന്റ് അക്വാറ്റിക് കോംപ്ലക്സിന്റെ പ്രവൃത്തിക്ക് കിഫ്ബിയിൽ

നിന്ന് ഇതുവരെ അനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പദ്ധതി പ്രദേശം CRZ ക്ലിയറൻസ് പരിധിക്ക് കീഴിൽ വരുന്നതായി കണ്ടെത്തിയതിനാൽ CRZ ക്ലിയറൻസിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. വിവിധ ചർച്ചകൾക്കുശേഷം കായികവകുപ്പ് മുഖേന സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ രീതിയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൂടി നിർമ്മിക്കണമെന്ന് CZMA നിർദ്ദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 10 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാക്കി അടച്ച് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ പേര് 'പൊന്നാനി നിള തീരം ഇൻഡോർ ആന്റ് അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്' എന്നാക്കി ഭേദഗതി വരുത്തി കിഫ്ബിയിൽ നിന്നും 14.094 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും DSR 2016 പ്രകാരമുള്ള 14.02 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ വിവിധ ക്ലിയറൻസ് തടസ്സങ്ങൾ, പേര് മാറ്റൽ, മുനിസിപ്പാലിറ്റിയിൽ നിന്നും

MoU ലഭ്യമാകാനുണ്ടായ കാലതാമസം തുടങ്ങിയ കാരണങ്ങളാലാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാതെ വന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്.-ന് കൈമാറിയതിനുശേഷമുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറിയശേഷം കായിക വകുപ്പിന് കീഴിലുള്ള സാങ്കേതികാനുമതി കമ്മിറ്റിയുടെ 17-ാമത് യോഗത്തിൽ ടി പദ്ധതിക്ക് ഡി.എസ്.ആർ. 2018 പ്രകാരം 16.90 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്ത് മണ്ണ് പരിശോധനയും സർവ്വേയും നടത്തി. 20-02-2023-ൽ പ്രവൃത്തിയുടെ സ്ഥലം മുനിസിപ്പാലിറ്റിയുടെ മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ ഏരിയയിൽ ഉൾപ്പെടുന്നതാണെന്നും ആയതിനാൽ ഇവിടെ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം സാധ്യമാകുന്നതാണോയെന്ന കാര്യം പരിശോധിക്കണമെന്നും ഇതിന്മേൽ മുനിസിപ്പാലിറ്റിയിൽ നിന്നും ഉറപ്പ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബിയിൽ നിന്നുമുള്ള

കത്ത് സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ലഭിച്ചു. ഇതിന്മേൽ അന്വേഷണം നടത്തിയപ്പോൾ പദ്ധതിയുടെ ലേ ഔട്ട് പ്രകാരം പ്രൊപ്പോസ് ചെയ്തിരിക്കുന്ന അലൈൻമെന്റ് നിലവിൽ മുനിസിപ്പാലിറ്റി റിവൈസ് ചെയ്ത് പബ്ലിഷ് ചെയ്ത മാസ്റ്റർ പ്ലാൻ പ്രകാരം കളിസ്ഥലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയിലാണ് വരുന്നതെന്നും ഇവിടം റസിഡൻഷ്യൽ ഭൂമിയല്ലെന്നും മുനിസിപ്പാലിറ്റി മാസ്റ്റർ പ്ലാൻ പ്രകാരം ഇവിടെ അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നില്ലായെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിക്കുകയും ഇതനുസരിച്ച് കിഫ്ബിക്ക് ഈ വിഷയം സംബന്ധിച്ച് വിശദമായ മറുപടി നൽകുകയും ചെയ്തു.

CRZ ക്ലിയറൻസിൽ പറയുന്ന പ്രകാരം ആവശ്യമായ STP-യുടെ നിർമ്മാണം മുനിസിപ്പാലിറ്റിയുടെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 02-03-2023-ൽ ചേർന്ന ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ യോഗത്തിൽ നിർദ്ദേശിച്ചതുപ്രകാരം ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി മുനിസിപ്പാലിറ്റിയുമായി ചർച്ചകൾ നടത്തി ഇത്തരത്തിൽ അനുമതി വാങ്ങി കിഫ്ബി ഉന്നയിക്കുന്ന തടസ്സങ്ങൾ നീക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമെന്നും ഇതനുസരിച്ച്

പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് കിഫ്ബിയിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

**തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം**

305 (5578) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കേരള ഫൗണ്ടേഷന് കീഴിലുള്ള തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം നിലവിൽ എന്തൊക്കെ പരിപാടികൾക്കാണ് അനുവദിച്ചുവരുന്നത്; വിശദമാക്കുമോ; സ്പോർട്സ് അല്ലാത്ത എന്തൊക്കെ പരിപാടികൾക്കാണ് നിലവിൽ സ്റ്റേഡിയം അനുവദിച്ചുവരുന്നത്?

സ്പോർട്സ് കേരള ഫൗണ്ടേഷന് കീഴിലുള്ള തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം നിലവിൽ കായിക പരിപാടികൾ, പൊതുപരിപാടികൾ, സിനിമ ഷൂട്ടിംഗ് എന്നിവയ്ക്കാണ് അനുവദിച്ച് നൽകിവരുന്നത്.

(ബി) വിവിധ ആവശ്യങ്ങൾക്ക് നിലവിൽ തീരുമാനിച്ചിട്ടുള്ള വാടക എത്രയെന്ന് അറിയിക്കുമോ; വാടകയിനത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഇളവുകൾ അനുവദിക്കാറുണ്ടോ; അറിയിക്കുമോ?

വിവിധ ആവശ്യങ്ങൾക്ക് നിലവിൽ തീരുമാനിച്ചിട്ടുള്ള വാടക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ സർക്കാർ പരിപാടികൾക്ക് പരമാവധി 30% വരെ ഇളവ് അനുവദിക്കാറുണ്ട്.

(സി) നിയമപ്രകാരമുള്ള വാടകയിനത്തിൽ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിയമപ്രകാരമുള്ള വാടകയിനത്തിൽ കുടിശ്ശികയുണ്ട്. SENSEI VISHNU MEMORIAL National Open Karate Championship 2022 നടത്തുന്നതിന് Shitoryu Shukokai OSITA Ha Karate, India-ക്ക് സ്റ്റേഡിയം അനുവദിച്ചുനൽകിയിരുന്നു. പരിപാടി നടത്തിയിട്ട് നാളിതുവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേഡിയത്തിന്റെ വാടക അടച്ചിട്ടില്ല. പ്രസ്തുത ദിവസങ്ങളിലെ സ്റ്റേഡിയത്തിന്റെ വാടകയിനത്തിൽ 1,28,089/- രൂപ ലഭിക്കാനുണ്ട്.

(ഡി) എസ്.കെ.എഫ്.-ന് കീഴിലായതിനുശേഷം പ്രസ്തുത സ്റ്റേഡിയത്തിന്റെ ഇതുവരെയുള്ള വരുമാനം സംബന്ധിച്ച ഓരോ മാസത്തേയും കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത സ്റ്റേഡിയം സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിലായതിനുശേഷം സ്റ്റേഡിയത്തിന്റെ മാസവരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) സ്റ്റേഡിയവും സ്വിമ്മിംഗ് പൂളും ഫിറ്റ്നസ് സെന്റർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും കൂടുതൽ ഉയർന്ന നിലവാരത്തിലാക്കുന്നതിനും ലാഭകരമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ഫിറ്റ്നസ് സെന്റർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ കൂടുതൽ ലാഭകരമാക്കുന്നതിന് പുതിയ സ്ലോട്ടുകളും പാക്കേജുകളും നടപ്പിലാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫിറ്റ്നസ് സെന്ററുകൾ

306 (5579) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യായാമശീലം ജീവിതത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ കായിക വകുപ്പ് എത്ര ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യായാമ ശീലം ജീവിതത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെ കായിക വകുപ്പ് ആരംഭിച്ചിട്ടുള്ള ഫിറ്റ്നസ് സെന്ററുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

(ബി) കൂടുതൽ ഫിറ്റ്നെസ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൊയിലാണ്ടി സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ പ്രവൃത്തിയ്ക്കായി 66.11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പബ്ലിക് ഓപ്പൺ ജിമ്മുകൾ**

307 (5580) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പബ്ലിക് ഓപ്പൺ ജിമ്മുകളിൽ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനായി എന്തെങ്കിലും മാർഗ്ഗനിർദേശങ്ങൾ നൽകുന്നുണ്ടോ;

ഓപ്പൺ ജിമ്മുകളിൽ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിദഗ്ധാഭിപ്രായം തേടിയിട്ടുണ്ടോ; അറിയിക്കുമോ?

നിലവിൽ ഇതുമായി ബന്ധപ്പെട്ട വിദഗ്ധാഭിപ്രായം തേടിയിട്ടില്ല. ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ച് വിദഗ്ധാഭിപ്രായം ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഓപ്പൺ ജിം ഫിറ്റ്നസ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അതത് സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഓപ്പൺ ജിം സ്ഥാപിക്കുന്ന സമയത്ത് ഓരോ ജിം ഫിറ്റ്നസ് ഉപകരണങ്ങളുടെയും സമീപം അത് ഉപയോഗിക്കേണ്ട രീതിയും പ്രസ്തുത ഉപകരണം ഉപയോഗിക്കുന്നതുകൊണ്ട് ശരീരത്തിലെ ഏത് അവയവത്തിനാണ് ഈ വ്യായാമംകൊണ്ട് പ്രയോജനമുണ്ടാകുന്നത് എന്നുമുള്ള വിവരങ്ങൾ അടങ്ങുന്ന പ്ലക്കാർഡ് പ്രദർശിപ്പിക്കുന്നതായിരിക്കും.

**കുഴൽമന്ദം ജി.എൽ.പി. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

308 (5581) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പെരിങ്കുന്നം ജി.എൽ.പി. സ്കൂൾ ഗ്രൗണ്ട് നിർമ്മാണ നടപടികൾ

ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ്. പെരുംകുന്നം ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കായിക വകുപ്പിന് അനുവദിച്ചിരുന്ന 4 കോടി രൂപയിൽ 8

പദ്ധതികൾക്കുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

309 (5582) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ?

ചേലാട് സ്റ്റേഡിയം പ്രോജക്ടിൽ പോപ്പ് അപ്പ് സ്പ്രിംഗ്ലർ ഇറിഗേഷൻ സിസ്റ്റത്തോടുകൂടിയ ഫുട്ബോൾ കളിക്കളം (105x 68 മീ.), 8 ലെയ്ൻ 400 മീ. സിന്തറ്റിക് ട്രാക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക്, സംപ് & പമ്പ് റൂം, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം പദ്ധതിക്ക് 17.14 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ആയതിന് കിഫ്ബി അനുമതി

ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ സെലക്ട് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) നിർമ്മാണപ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി-ഡി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടി പദ്ധതി സ്ഥലം രേഖകളിൽ പാടം/ തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പദ്ധതിഭൂമിയുടെ തരം മാറ്റുന്നതിനോ ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും

ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റെയും എം.എൽ.എ.-യുടെയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി എസ്.പി.വി. ആയ കിറ്റ്കോ ക്ഷണിച്ച റീ ടെണ്ടർ, ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. രേഖകളുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു. പരിശോധനയ്ക്ക് ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 22-02-2023-ന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടെണ്ടർ അംഗീകരിക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള തടസ്സരഹിത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

310 (5583) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി

നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

311 (5584) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ചേവായൂർ കുഷ്ഠരോഗാശുപത്രിയുടെ പിറകുവശത്തുള്ള ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള 5 ഏക്കർ ഭൂമി ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പിന് ഉപാധികളോടെ

കൈമാറുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ആരോഗ്യവകുപ്പിന്റെ അധീനതയിലുള്ള ഈ സ്ഥലത്ത് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനമായിട്ടുള്ള സ്ഥിതിയ്ക്ക് ആ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിന് കഴിയില്ല. പുതിയ സ്ഥലം കണ്ടെത്തുന്ന സാഹചര്യത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകുന്നതായിരിക്കും.

**കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി**

312 (5585) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഏതെല്ലാം കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശം താരങ്ങളുടെ പേര്, ജോലി നൽകിയ സ്ഥാപനം, തീയതി അടക്കമുള്ള വിവരങ്ങൾ സഹിതം ലഭ്യമാക്കുമോ?

2016 മുതൽ കായിക മേഖലയിൽ നിന്നും സർക്കാർ സർവ്വീസിൽ

നിയമനാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

04-03-2016-ലെ സ.ഉ.(എം.എസ്.)നം.36/2016/പൊ.ഭ.വ പ്രകാരം 2009 വർഷത്തെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായുള്ള കബഡി ഇനത്തിലെ ഒഴിവിൽ ശ്രീ. രാജേഷ് ഒ. കെ.-യ്ക്ക് സാമൂഹ്യ നീതി വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 22-07-2017-ലെ സ.ഉ.(കൈ)നം.235/2017/പൊ.ഭ.വ പ്രകാരം നിയമനാനുമതി നൽകിയിട്ടുണ്ട്.

01-12-2017-ലെ സ.ഉ.(കൈ)നം.359/2017/പൊ.ഭ.വ. പ്രകാരം ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ

നിയമനാനുമതി നൽകിയിട്ടുണ്ട്.

06-03-2018-ലെ സ.ഉ.(കൈ)നം.48/2019/പൊ.ഭ.വ. പ്രകാരം മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച് രാജ്യത്തിനുവേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

05-11-2019-ലെ സ.ഉ.(കൈ)നം.208/2019/പൊ.ഭ.വ. പ്രകാരം 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച 15-07-2019-ലെ സ.ഉ.(സാധാ) നം.4180/2019/പൊ.ഭ.വ. പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട 195 കായിക താരങ്ങൾക്ക് 10-02-2020-ലെ സ.ഉ.(കൈ)നം.20/2020/പൊ.ഭ.വ. പ്രകാരം സർക്കാർ സർവ്വീസിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

25-02-2021-ലെ സ.ഉ.(കൈ)നം.65/2021/പൊ.ഭ.വ. പ്രകാരം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായികയുവജന കാര്യാലയത്തിൽ എൽ.ഡി. ക്ലർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനാനുമതി നൽകിയിട്ടുണ്ട്.

14-03-2022-ലെ സ.ഉ.(കൈ)നം.39/2022/പൊ.ഭ.വ. പ്രകാരം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റോവിംഗ് ടീം ഇനത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ശ്രീ. സുഭാഷ് കെ. കെ.-യ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ, ഓഫീസ് അറ്റൻഡന്റ്

ഗ്രേഡ് II തസ്തികയിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച 21-12-2020-ലെ സ.ഉ. (സാധാ) നം.3923/2020/പൊ.ഭ.വ. പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട 24 കായിക താരങ്ങൾക്ക് 22-04-2022-ലെ സ.ഉ.(കൈ) നം.63/2022/പൊ.ഭ.വ. പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

മുൻ ദേശീയ കബഡിതാരവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ താൽക്കാലികാടിസ്ഥാനത്തിൽ ഹോസ്റ്റൽ വാർഡൻ തസ്തികയിൽ ജോലി ചെയ്തു വരുന്നതുമായ ശ്രീമതി പി. കെ. രാജിമോൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിൽ ഒഴിവുള്ള ക്ലറിക്കൽ തസ്തികയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനുണ്ടാക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെങ്കിലും മുൻഗണനാ ലിസ്റ്റ്/റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ NJD ഒഴിവുകൾ ഉൾപ്പെടെ ശേഷിക്കുന്ന 41 ഒഴിവുകൾ, 21-12-2020-ലെ സ.ഉ.(സാ.ധാ) നം.3923/2020/പൊ.ഭ.വ പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും നികത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇന്ത്യൻ സീനിയർ ഫുട്ബോൾ ടീമിൽ കളിച്ച അനസ് എടത്തൊടികയ്ക്ക് ജോലി നൽകുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2015-19 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്നതിനായി ശ്രീ. അനസ് എടത്തൊടിക അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പോർട്സ് ക്വാട്ടാ സെൽ മുഖേന സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്പോർട്ട്സ് ക്വാട്ട നിയമനം

313 (5586) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്ട്സ് ക്വാട്ട നിയമനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മാനദണ്ഡം പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയങ്ങളൊന്നും പരിഗണനയിലില്ല.

## വഖഫ് ഭൂമിയിലെ കയ്യേറ്റങ്ങൾ

314 (5587) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഖഫ് ഭൂമികളിലെ ഇരുന്നൂറ്റി അറുപത്തിയാറ്

കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ വഖഫ് ഭൂമികളിൽ തിരുവനന്തപുരം-4, കൊല്ലം-1, ആലപ്പുഴ-5, കോട്ടയം-2, ഇടുക്കി-1, എറണാകുളം-56, തൃശ്ശൂർ-24, പാലക്കാട്-3, മലപ്പുറം-21, കോഴിക്കോട്-54, കണ്ണൂർ-88, കാസർഗോഡ്-7 എന്നിങ്ങനെ 266 അനധികൃത കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) കയ്യേറ്റം നടത്തിയത് ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കയ്യേറ്റം നടത്തിയവരുടെ വിശദാംശങ്ങൾ വഖഫ് ബോർഡ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ വഖഫ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൈയേറ്റ ഭൂമി ഒഴിപ്പിച്ചെടുക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ വിചാരണയിൽ വസ്തു വഖഫാണെന്നും കയ്യേറ്റമുണ്ടെന്നും കണ്ടെത്തിയാൽ ഒരു നിശ്ചിത സമയപരിധിക്കകം കയ്യേറ്റം ഒഴിയുന്നതിന് കയ്യേറ്റക്കാർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ഒഴിയാത്തപക്ഷം വഖഫ് നിയമം വകുപ്പ് 54(3) പ്രകാരം വഖഫ് ട്രൈബ്യൂണൽ മുമ്പാകെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് അപേക്ഷ നൽകുകയും അപേക്ഷയിൽ ഉത്തരവാകുന്ന മുറയ്ക്ക് വഖഫ് നിയമം വകുപ്പ് 55 പ്രകാരം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുഖാന്തിരം വസ്തുവിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ് നടപടിക്രമം.

## വഖഫ് ബോർഡിന്റെ ഭൂമിയുടെ സർവേ നടപടി

315 (5588) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് ഭൂമിയുടെ സർവ്വെ പൂർത്തിയാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇത് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത

പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; വിശദമാക്കാമോ?

(എ&ബി) 1995-ലെ വഖഫ് ആക്ട് സെക്ഷൻ 4(1) പ്രകാരം സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾക്കായി സർവ്വെ കമ്മീഷണറെയും അഡീഷണൽ സർവ്വെ കമ്മീഷണർമാരെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരെയും നിയമിച്ചിട്ടുണ്ട്. അഡീഷണൽ സർവ്വെ കമ്മീഷണർമാരായ ജില്ലാ കളക്ടർമാരുടെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരായ സർവ്വെ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും വഖഫ് സ്വത്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിച്ച ജില്ലകളിലെ സർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ മതിയായ എണ്ണം സർവ്വേയർമാരെ ഉൾക്കൊള്ളിച്ച് ഒരു സ്പെഷ്യൽ യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കാൻ തീരുമാനിച്ചിട്ടുള്ളതും അതിന്മേൽ അടിയന്തിര തുടർനടപടികൾ

സ്വീകരിച്ചുവരികയുമാണ്.

## വഖഫ് ബോർഡിൽ നിന്നുമുള്ള ധനസഹായ വിതരണം

316 (5589) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വഖഫ് ബോർഡിൽ നിന്നും നൽകിവരുന്ന സാമൂഹ്യ ക്ഷേമ പദ്ധതികളായ പ്രതിമാസ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവ കഴിഞ്ഞ നാല് വർഷമായി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിക്കായി വഖഫ് ബോർഡിന് സർക്കാർ നൽകിവരുന്ന സ്പെഷ്യൽ ഗ്രാന്റിൽ നിന്നും പ്രതിമാസ ധനസഹായം (പെൻഷൻ), മാരക രോഗം ബാധിച്ചവർക്കുള്ള ചികിൽസാ ധനസഹായം, നിർദ്ധനരായ മുസ്ലീം പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്നീ ഇനങ്ങൾക്ക് കഴിഞ്ഞ നാല് വർഷം താഴെ പറയും പ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | പ്രതിമാസ ധനസഹായം (പെൻഷൻ) | ചികിത്സാ ധനസഹായം | വിവാഹ ധനസഹായം |
|---|---|---|---|
| 2018-19 | 50,02,143.00 | 39,90,000.00 | -- |
| 2019-20 | 40,09,051.00 | 66,70,000.00 | 20,90,000.00 |
| 2020-21 | 1,43,03,719.00 | 26,85,000.00 | 73,55,000.00 |
| 2021-22 | 54,75,432.00 | 1,80,000.00 | 79,50,000.00 |

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ഇപ്പോൾ കെട്ടിക്കിടക്കുന്നതെന്നും ധനസഹായത്തിനായി 2022-23 വർഷത്തെ ബജറ്റിൽ അനുവദിച്ച 1.32 കോടി രൂപയിൽ എത്ര തുക നാളിതുവരെ ബോർഡിന് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സാമൂഹ്യക്ഷേമ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ വഖഫ് ബോർഡ് സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ളതും തീർപ്പുകൽപ്പിക്കാൻ കുടിശ്ശികയായതുമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| പ്രതിമാസ ധനസഹായം (പെൻഷൻ) (ഒക്ടോബർ 2022 മുതൽ മാർച്ച് 2023 വരെ) | 537 @ 6000/- | 32,22,000/- |

| | | |
|---|---|---|
| പ്രതിമാസ ധനസഹായം (ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ വൈകിയവർ) | 463 @ 12,000/- | 55,56,000/- |
| ചികിൽസാ ധനസഹായം (14-07-2022-ലെ സാംഗ്ഷൻകമ്മിറ്റി പാസ്സാക്കിയ 1716 അപേക്ഷകളിൽ കൊടുക്കുവാൻ ബാക്കിയുള്ളത് | 1406 @ 15,000/- | 2,10,90,000/- |
| വിവാഹ ധനസഹായം (28-05-2018 ൽ പാസാക്കിയതിൽ ബാക്കി കൊടുക്കുവാനുള്ളത് 475-ഉം, 14-07-2022-ൽ പാസാക്കിയ 2575 -ഉം ഉൾപ്പെടെ | 3050 @ 10,000/- | 3,05,00,000/- |
| ഇസ്ലാമിക് ചെയർ (2021-2022 വർഷത്തെ) | 1 വർഷത്തെ | 3,00,000/- |
| ആകെ | | 6,06,68,000/- |

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം രൂപയിൽ ആദ്യ ഗഡുവായി ഒരു കോടി രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. അവസാന ഗഡുവായി റിലീസ് ചെയ്യ 32 ലക്ഷം രൂപ വഖഫ് ബോർഡിന് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വഖഫ് ബോർഡ് സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയ ധനസഹായ അപേക്ഷകൾ തീർപ്പുകല്പിക്കാൻ ആവശ്യമായ ആറ് കോടി രൂപ ധനകാര്യ വകുപ്പിൽനിന്നും ലഭ്യമായിട്ടുണ്ടോ; നിലവിലുള്ള കുടിശികത്തുക എന്നത്തേയ്ക്ക്

വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി&ഡി) നിലവിൽ അധിക തുക നീക്കിവച്ച് ഉത്തരവായിട്ടില്ല. ബജറ്റിൽ അധിക തുക അനുവദിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ സാധിക്കും.

**അഴീക്കോട് മണ്ഡലത്തിലെ വഖഫ് ഭൂമിയുടെ വിശദാംശം**

317 (5590) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിൽ വഖഫ് ബോർഡിന്റെ കീഴിലുള്ളതും പരിപാലിച്ചുപോരുന്നതുമായ ഭൂമിയുടെ വിവരങ്ങൾ, പ്രസ്തുത ഭൂമിയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ സർവ്വെ നമ്പർ ഉൾപ്പെടെ വില്ലേജ് തിരിച്ച് അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും വഖഫ് ബോർഡിന്റെ

കീഴിൽ പരിപാലിച്ചുപോരുന്നതുമായ ഭൂമിയുടെയും മറ്റും WAMSI.NIC.IN എന്ന പോർട്ടലിൽ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മുക്കം പോളിടെക്നിക്കിന് സ്ഥലം

318 (5591) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം താഴേക്കോട്ട് വില്ലേജിൽ ഇസ്ലാഹിയ ട്രസ്റ്റിന് കീഴിലുള്ള വഖഫ് ഭൂമി സർക്കാർ പോളിടെക്നിക്കിന് വിട്ടുനൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) വഖഫ് ഭൂമി മറ്റൊരു വകുപ്പിന്റെ ആവശ്യത്തിന് വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ൽ ഉണ്ടായ നിയമഭേദഗതി അനുസരിച്ച് 51(1 എ), 104 എ എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും 51(1 എ) പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. അത്തരത്തിൽ പൊതുകാര്യത്തിനായി വഖഫ് ഭൂമി ഏറ്റെടുക്കുമ്പോൾ ടി ഏറ്റെടുക്കുന്ന വഖഫ് ഭൂമിയ്ക്ക് പകരം നിലവിലുള്ള മാർക്കറ്റ് വില നഷ്ടപരിഹാരമായോ അല്ലെങ്കിൽ ന്യായമായ നഷ്ടപരിഹാരം സഹിതം അനുയോജ്യമായ ഭൂമിയോ നൽകേണ്ടതാണ്.

**സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേനയുള്ള ഹജ്ജ് തീർത്ഥാടനം**

319 (5592) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന ഹജ്ജിന് പോകുന്ന തീർത്ഥാടകർ സൗദി അറേബ്യയിൽ പ്രയാസമനുഭവിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാർ ആയതിനാൽ, സംസ്ഥാന സർക്കാരിന് ലഭിച്ച പരാതികൾ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനും കേന്ദ്രഹജ്ജ് കമ്മിറ്റി സി.ഇ.ഒ.-യ്ക്കും ആവശ്യമായ നടപടികൾക്കായി കൈമാറിയിരുന്നു. കൂടാതെ, ബഹുമാനപ്പെട്ട കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ഈ വിഷയം നേരിട്ട് അവതരിപ്പിക്കുകയും ചെയ്തിരുന്നു.

(ബി) ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന തീർത്ഥാടകരുടെ സേവനത്തിന് വോളണ്ടിയർമാരെ നിയമിക്കുന്നതിന് സമാനമായി സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന പോകുന്ന തീർത്ഥാടകരുടെ സേവനത്തിനായി സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വോളണ്ടിയർമാരെ നിയോഗിക്കുന്ന വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവും കേന്ദ്ര ഹജ്ജ് കമ്മിറ്റിയും പുറപ്പെടുവിക്കുന്ന ഹജ്ജ് പോളിസിയും മാർഗ്ഗരേഖയും അനുസരിച്ചാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത്. സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർ മുഖേന

ഹജ്ജിന് പോകുന്ന തീർത്ഥാടകർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന വോളണ്ടിയർമാരെ നിയോഗിക്കുന്നതിന് നിലവിലെ ഹജ്ജ് പോളിസി പ്രകാരം സാധ്യമല്ല. ഈ വർഷം 300 തീർത്ഥാടകർക്ക് ഒന്ന് എന്ന തോതിൽ ഖാദിമുൽ ഹജ്ജാജുമാരെ നിയോഗിക്കാനാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

**കണ്ണൂരിൽ ഹജ്ജ് എംബാർക്കേഷൻ ക്യാമ്പ്**

320 (5593) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകർക്കായി സംസ്ഥാന സർക്കാർ സബ്സിഡിയോ മറ്റ് ആനുകൂല്യങ്ങളോ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഹജ്ജ് തീർത്ഥാടകർക്കായി നിലവിൽ സബ്സിഡികൾ ഒന്നുംതന്നെ നൽകിവരുന്നില്ല. എന്നാൽ ഹജ്ജ് ട്രെയിനിംഗ് ക്ലാസുകൾ, കുത്തിവയ്പ് വിപുലമായ ഹജ്ജ് ക്യാമ്പ് തുടങ്ങി തീർത്ഥാടനം കഴിഞ്ഞ് മടങ്ങി വരുന്നതുവരെയുള്ള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹാജിമാരുടെ

എല്ലാ സേവനങ്ങളും സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഈ വർഷം കണ്ണൂരിൽ ഹജ്ജ് എംബാർക്കേഷൻ ക്യാമ്പ് ആരംഭിക്കുന്നതിന്റെ മുന്നോടിയായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ വർഷം കണ്ണൂർ എയർപോർട്ട് ഹജ്ജ് എംബാർക്കേഷൻ പോയിന്റായി പ്രഖ്യാപിച്ച സാഹചര്യത്തിൽ 14-02-2023-ന് കണ്ണൂർ എയർപോർട്ട് അതോറിറ്റിയുമായി സ്ഥലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ആദ്യയോഗം കൂടിയിരുന്നു. കൂടാതെ 21-02-2023-ന് തിരുവനന്തപുരത്ത് വിളിച്ചുചേർത്ത ഹജ്ജ് റിവ്യൂ യോഗത്തിലെ നിർദ്ദേശപ്രകാരം കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ സർക്കാർ ഏജൻസികളുടെ വിപുലമായ മീറ്റിംഗ് 06-03-2023-ന് കണ്ണൂർ കളക്ടറേറ്റിൽ ചേരുകയും വിവിധ വകുപ്പുകളുടെ ഏകോപനം സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. ഹജ്ജ് ക്യാമ്പ് വിജയിപ്പിക്കുന്നതിലേയ്ക്കാവശ്യമായ നടപടികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. 10-03-2023-ന് കണ്ണൂർ എയർപോർട്ടിൽ ഹജ്ജ് കമ്മിറ്റിയുടെയും എയർപോർട്ട് അതോറിറ്റിയുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും രണ്ടാമതൊരുയോഗം സ്ഥലം എം.എൽ.എ., തദ്ദേശ സ്ഥാപനങ്ങളിലെ അധികാരികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൂടുകയും വിവിധ തയ്യാറെടുപ്പുകൾ വിലയിരുത്തുകയുമുണ്ടായി.

**റെയിൽവേയുടെ ഭൂമി കൊല്ലം കോർപ്പറേഷന് വിട്ട് നൽകുന്നതിന് നടപടി**

321 (5594) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടുനൽകുന്ന കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പുള്ളിക്കട കോളനി നിവാസികളുടെ പുനരധിവാസത്തിനായി റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി കൊല്ലം കോർപ്പറേഷന് വിട്ടുനൽകുന്ന വിഷയത്തിൽ ഒരു പദ്ധതി തയ്യാറാക്കിവരികയാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിലവിൽ റെയിൽവേ ബോർഡുമായി ഇതുവരെ കത്തിടപാടുകൾ നടത്തിയിട്ടില്ല. പദ്ധതി കൊല്ലം കോർപ്പറേഷനുമായി ചർച്ച ചെയ്ത് റെയിൽവേ ഡിവിഷന്റെയും കോർപ്പറേഷന്റെയും സമ്മതത്തിനുശേഷം അംഗീകാരത്തിനായി ദക്ഷിണ റെയിൽവേ ആസ്ഥാനത്തേയ്ക്ക് അയയ്ക്കുമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

**മഞ്ചേശ്വരം മണ്ഡലത്തിലെ റെയിൽവേ ഭൂമി**

322 (5596) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള, ഉപ്പള, മഞ്ചേശ്വരം എന്നീ റെയിൽവേ സ്റ്റേഷനുകളോടനുബന്ധിച്ച് റെയിൽവേയ്ക്ക് എത്ര ഭൂമിയുണ്ടെന്ന് സർവ്വെ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, ഭൂമിയുടെ തരം എന്നിവ തിരിച്ച് വിശദ വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും പദ്ധതി റെയിൽവേയുടെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയ പാതയോട് ചേർന്ന് കിടക്കുന്ന കുമ്പള റെയിൽവേ സ്റ്റേഷന്റെ റെയിൽവേ ഭൂമിയിൽ പൊതു, സ്വകാര്യ പങ്കാളിത്തത്തോടെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ റെയിൽവേ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഇല്ല.

[നക്ഷത്രചിഹ്നമിടാത്ത 5595-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II ശ്രദ്ധക്ഷണിക്കൽ

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) മേശപ്പുറത്തുവച്ച മറുപടി

കേരളം അഭിമുഖീകരിക്കുന്ന ശ്രദ്ധേയമായ വിഷയങ്ങളിൽ ഒന്നാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വയോജനക്ഷേമവും സംരക്ഷണവും പുനരധിവാസവും. സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുകയെന്നതാണ് സാമൂഹ്യനീതി വകുപ്പിന്റെ ലക്ഷ്യം. വയോജനക്ഷേമത്തിന് സാമൂഹ്യനീതി വകുപ്പ് മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. വയോജന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നോഡൽ വകുപ്പായി സാമൂഹ്യനീതി വകുപ്പ് പ്രവർത്തിച്ചുവരുന്നു. വികസിത രാജ്യങ്ങളുടേതിന് സമാനമായ ആയുർദൈർഘ്യമുള്ള കേരളത്തിൽ വയോജനങ്ങളുടെ എണ്ണം താരതമ്യേന കൂടുതലാണ്. 2011-ലെ സെൻസസ് പ്രകാരം 12.55 ശതമാനമാണ് കേരളത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണം. 2026-ഓടെ ഇത് ആകെ ജനസംഖ്യയുടെ 23 ശതമാനമാകുമെന്നാണ് കണക്കാക്കുന്നത്. വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാമൂഹിക സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ ചികിത്സ, സംരക്ഷണം, നിയമസഹായം

കെയർ ഗിവർ സേവനം എന്നിവ ഉറപ്പുവരുത്തുന്നതിനായി വയോരക്ഷാ പദ്ധതി, ആയുർവേദ ശാസ്ത്രവിധി പ്രകാരം സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും നൽകുന്ന വയോ അമൃതം പദ്ധതി, സാമ്പത്തിമായി പിന്നോക്കം നിൽക്കുന്ന പ്രമേഹ രോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ സൗജന്യമായി നൽകുന്ന വയോ മധുരം പദ്ധതി, സർക്കാർ വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കി വരുന്ന സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി, വയോജന ക്ഷേമത്തിനായി സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി, മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി ഫുഡ്കിറ്റ് വിതരണം ചെയ്യുന്നതിനുള്ള വയോപോഷണം പദ്ധതി, മുതിർന്ന പൗരന്മാർക്കിടയിൽ അനുദിനം വർദ്ധിച്ചുവരുന്ന ഡിമൻഷ്യ രോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധി പദ്ധതി

തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്. അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനായി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഡിമൻഷ്യ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

മുതിർന്ന പൗരന്മാരുടെ പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ രാവിലെ 8 മുതൽ രാത്രി 8 മണി വരെ എൽഡർ ലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി എൽഡർ ലൈൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകി നവീകരിക്കുന്നതിനുള്ള സായംപ്രഭാ ഹോം പദ്ധതി, വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും വിവിധ സേവനങ്ങളും ശുശ്രൂഷ സംവിധാനങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള മാതൃകാ സായം പ്രഭ പദ്ധതി എന്നിവയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് എന്ന ഒരു പുതിയ പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡിമൻഷ്യ/അൽഷിമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും പരിചരണം നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 16 ഓൾഡേജ് ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 199 ഓൾഡ് ഏജ് ഹോമുകൾക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുമുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 27 റവന്യൂ സബ് ഡിവിഷൻ ഓഫീസർമാർ മെയിന്റനൻസ് ട്രൈബ്യൂണലുകളായും 14 ജില്ലാ കളക്ടർമാർ അപ്പലേറ്റ് അതോറിറ്റികളുമായി പ്രവർത്തിച്ചുവരുന്നു. മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കി മുതിർന്ന പൗരന്മാരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വയോജന മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് കേരളത്തിന് രണ്ട് തവണ കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ ലഭിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിനുപുറമെ വയോജന മേഖലയിൽ

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. അങ്ങനെ നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് വയോജന പെൻഷൻ പദ്ധതി. നിലവിൽ 5219542 വയോജനങ്ങൾ ഈ പെൻഷൻ പദ്ധതിയിലുൾപ്പെട്ട് പ്രതിമാസം 1,600/- രൂപ നിരക്കിൽ പെൻഷൻ കൈപ്പറ്റുന്നുണ്ട്. വയോജനങ്ങൾക്കായി സംസ്ഥാന വ്യാപകമായി വയോജന ക്ലബ്ബുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോസൗഹൃദമാക്കുന്നതിനായി വയോസൗഹൃദ തദ്ദേശഭരണം എന്നത് നയമായി സ്വീകരിക്കാനും വയോജനങ്ങളുടെ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് അതിന്റെയടിസ്ഥാനത്തിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ കിടപ്പുരോഗികൾക്കും സാന്ത്വന പരിചരണം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പ്രായാധിക്യത്താൽ അവശതയനുഭവിക്കുന്ന വയോജനങ്ങൾക്ക് സർക്കാർ സേവനങ്ങളും ജീവൻ രക്ഷാ മരുന്നുകളും വീടുകളിലേയ്ക്ക് എത്തിച്ചുനൽകുന്ന വാതിൽപ്പടി സേവന പദ്ധതി ആവിഷ്കരിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണം നടത്തിവരുന്നു. സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി പകൽവീടുകൾക്ക് സാങ്കേതിക പിന്തുണ നൽകി പകൽ വീടുകളെ വയോജന സേവന മേഖലയിലെ റിസോഴ്സ് സെന്ററായി ഉയർത്തണമെന്ന ലക്ഷ്യത്തോടുകൂടി ഒരു പുതിയ പദ്ധതി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്.

'ഉപയോഗിക്കുക വലിച്ചെറിയുക' എന്ന സംസ്കാരത്തിന്റെ ഭാഗമായി ഒറ്റപ്പെട്ട് പോകുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന വയോജനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിലോ മറ്റ് ഹോമുകളിലോ പോകുന്ന വയോജനങ്ങളുടെ എണ്ണവും വീടുകളിൽ നിന്നുകൊണ്ടുതന്നെ പരിചരണവും ശ്രദ്ധയും ആവശ്യമായ വയോജനങ്ങളുടെ എണ്ണവും വർദ്ധിച്ചുവരുന്നുണ്ട്. ഇത്തരം ആളുകളെ പരിചരിക്കുന്നതിനായി കെയർ ഗിവർമാർ, ഹോംനഴ്സ് എന്നിവരെയാണ് പ്രധാനമായും ആശ്രയിക്കേണ്ടിവരുന്നത്. ഇത്തരം കെയർ ഗിവർമാരെ ലഭ്യമാക്കുന്ന ഏജൻസികൾ, പെയ്ഡ് ഹോമുകൾ

എന്നിവ ഇന്ന് സമൂഹത്തിൽ ധാരാളമായി ആരംഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. കെയർ ഗിവർമാരെ നൽകുന്ന ഏജൻസികളെക്കുറിച്ച് പഠനം നടത്തി ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനായി ഉചിതമായ നിയമനിർമ്മാണം നടത്തുകയെന്നതും വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്.

വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിലേയ്ക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേയ്ക്കും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതുസംബന്ധിച്ച പരിശോധന നടത്തുന്നതിനും ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്ത് വയോജനങ്ങളെ സംബന്ധിച്ച സമഗ്രമായ ഒരു ഡാറ്റ ബാങ്ക് നിലവിലില്ലാത്തതിനാൽ സമഗ്രമായ വയോജന സർവ്വേ നടത്തുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിച്ചുവരുന്നുണ്ട്. വയോജനങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ സമഗ്രമായി അപഗ്രഥിച്ച്

അവയ്ക്കുള്ള പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പ്രസ്തുത സർവ്വെയിലൂടെ സാധ്യമാകും. ഇതുകൂടാതെ, സംസ്ഥാന വയോജന നയത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കാലഘട്ടം ആവശ്യപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി വയോജന നയം പരിഷ്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## III സബ്മിഷൻ

(1) അഴീക്കോട് വൃദ്ധമന്ദിരത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) മേശപ്പുറത്തുവച്ച മറുപടി

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധമന്ദിരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുകയും ചെയ്ത് സ്ഥാപനത്തെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി Second Innings Home എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. Hindustan Latex Family Planning Promotion Trust (HLFPPT) മുഖേന പ്രസ്തുത പദ്ധതി കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ ആരംഭിക്കുന്നതിന് 2018-19-ൽ തീരുമാനിക്കുകയും ചെയ്തു.

മൂന്ന് വർഷത്തേയ്ക്കാണ് പദ്ധതിക്ക് അനുമതി നൽകി MoU ഒപ്പിട്ടിരുന്നത്. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 22-09-2019-ന് നടത്തി. 07-12-2018 മുതൽ 06-12-2019 വരെയുള്ള ആദ്യവർഷ പ്രവർത്തനത്തിനായി 73,62,960/- രൂപ രണ്ട് ഘട്ടമായി HLFPPT-ക്ക് അനുവദിക്കുകയുണ്ടായി. പ്രോജക്ടിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, മനുഷ്യ വിഭവശേഷി മെച്ചപ്പെടുത്തൽ, സേവന നിലവാരം മെച്ചപ്പെടുത്തുക എന്നീ പ്രവർത്തനങ്ങളാണ് ആദ്യ വർഷം നടത്തിയത്.

തുടർന്ന് 07-12-2019 മുതൽ 06-12-2020 വരെയുള്ള രണ്ടാം വർഷത്തെ പ്രവർത്തനങ്ങൾ നടത്തുന്നതിന് 38,75,828/- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി അനുവദിച്ചതുപ്രകാരം ആദ്യ ഗഡുവായി 22,34,103/- രൂപ HLFPPT-ക്ക് അനുവദിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലൂടെ ടി സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങളും അന്തേവാസികളുടെ ജീവിത നിലവാരവും വളരെയധികം മെച്ചപ്പെടുകയുണ്ടായി. പ്രകടമായ ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, കൊല്ലം ജില്ലകളിൽകൂടി ഈ പദ്ധതി നടപ്പിലാക്കുകയും ആയത് വിജയകരമായി നടന്നുവരികയുമാണ്.

HLFPPT വഴി നടപ്പിലാക്കിയ Second Innings Home പദ്ധതി, കണ്ണൂരിന്റെ കരാർ കാലാവധി 30-04-2022-ൽ അവസാനിച്ചു. Second Innings Home പദ്ധതിക്കായി HLFPPT താൽക്കാലികമായി നിയമിച്ചിരുന്ന ജീവനക്കാരുടെ സേവന പരിചയം കണക്കിലെടുത്ത് അവരെ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലെടുക്കുകയും പദ്ധതി മുടങ്ങിപ്പോകാതിരിക്കാൻ നാലാം വർഷം മുതൽ വകുപ്പ് നേരിട്ട് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം നാലാം വർഷം വകുപ്പ് നേരിട്ട് പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതിക്കായി വർക്കിംഗ് ഗ്രൂപ്പിൽ 2022 ജൂൺ മാസത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കായി അയക്കുകയും ചെയ്തു.

ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട രണ്ടും മൂന്നും വർഷങ്ങളിലെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ HLFPPT അധികൃതരിൽനിന്നും ലഭ്യമാക്കി 15-02-2023-ൽ സമർപ്പിക്കുകയും ആയത് ധനകാര്യവകുപ്പിന് പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയും ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയുമാണ്.

സ്ഥാപനത്തിലെ താമസക്കാർക്ക് വളരെയേറെ പ്രയോജനപ്രദമായ ഈ പദ്ധതി മുടങ്ങിപ്പോകാതിരിക്കുന്നതിനായി നാലാം വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, ഹൗസ് കീപ്പിംഗ് സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ തസ്തികകളിലായി HLFPPT മുഖേന നിയോഗിച്ചിരുന്ന ജീവനക്കാരെ 2022 മേയ് മാസം മുതൽ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തുടരാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022 സാമ്പത്തിക വർഷത്തിലെ തുക അനുവദിക്കുന്നതിലെ കാലതാമസംമൂലം മേൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിഞ്ഞിരുന്നില്ല. ശമ്പളം മുടങ്ങിയതിനാൽ Second Innings Home പദ്ധതിക്കായി നിയമിച്ച ജീവനക്കാരിൽ അഞ്ച് പേർ രാജിവച്ച് പോകുകയുണ്ടായി.

നിലവിൽ കണ്ണൂർ വൃദ്ധസദനത്തിൽ സൂപ്രണ്ട്, ഫീമെയിൽ അറ്റൻഡന്റ്, ഓഫീസ് അറ്റൻഡന്റ്, പി.ടി.എസ്., വാച്ച് മാൻ എന്നിവർ വകുപ്പിന്റെ സ്ഥിരം ജീവനക്കാരായും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒരു ഡ്രൈവർ എന്നിവർ മാനേജ്മെന്റ് കമ്മിറ്റി വഴിയായും രണ്ട് മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ, ഒരു നഴ്സ് എന്നിവർ കരാർ വ്യവസ്ഥയിലും സേവനം ചെയ്തുവരുന്നു. ഇതുകൂടാതെ Second Innings Home പദ്ധതി പ്രകാരം

നിയമിച്ച മൂന്ന് ഹൗസ് കീപ്പിംഗ് സ്റ്റാഫും ജോലിയിൽ തുടർന്നുവരുന്നു. അതുകൊണ്ടുതന്നെ മുമ്പ് നടന്നിരുന്നതുപോലുള്ള സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയോ അന്തേവാസികളുടെ ഏതെങ്കിലും ആവശ്യങ്ങളെയോ ജീവനക്കാർ പിരിഞ്ഞുപോയതുമൂലം പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയില്ല. എന്നാൽ Second Innings Home പദ്ധതി പ്രകാരം ലഭ്യമായ അധിക സൗകര്യങ്ങൾ ലഭിക്കുന്നതിന് നിലവിൽ കുറച്ച് തടസ്സങ്ങളുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥാപനത്തിൽ അധിക ജീവനക്കാർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പുനഃസ്ഥാപിക്കാൻ കഴിയുന്നതും നേരത്തെ ആവിഷ്കരിക്കപ്പെട്ടതുപ്രകാരം ദേശീയ നിലവാരത്തിലുള്ള Second Innings Home പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതുമാണ്.

(2) <u>ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണം സംബന്ധിച്ച ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി</u>

ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണ പദ്ധതിക്ക് കിഫ്ബിയിൽനിന്നും 30.26 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി

ആരംഭിച്ചെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കേണ്ടിവന്നു. തുടർ പ്രവൃത്തിക്ക് ടെണ്ടർ വിളിക്കുകയും ടെണ്ടറിന്, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടറിന് കിഫ്ബിയുടെ അംഗീകാരംകൂടി ലഭ്യമായാൽ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കും.

(3) വെള്ളൂർ-മുണ്ടകം, പൂവം-നാക്രപുതുവൽ റിംഗ് റോഡ് സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന ഒരു പദ്ധതിയെ സംബന്ധിച്ചുള്ളതാണ് ബഹുമാനപ്പെട്ട ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷൻ. PMGSY പദ്ധതിയിൽ പ്രസ്തുത റോഡ് ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. PMGSY-3 മാനദണ്ഡപ്രകാരം ഈ റോഡ് ഉൾപ്പെടുത്താൻ കഴിയുകയില്ലെന്ന് തദ്ദേശസ്വയഭരണ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. പാടശേഖരത്തിൽ കൂടിയുള്ള റോഡായതിനാൽ ഉയർത്തി നിർമ്മിക്കേണ്ടതായും വരും. റിംഗ് റോഡിനുള്ള സാധ്യത അവിടെ നിലനിൽക്കുന്നുവെന്നാണ് പറയുന്നത്. ഏതെങ്കിലും പദ്ധതികൾ

ആവിഷ്കരിക്കുമ്പോൾ ഇത് പ്രത്യേകമായി പരിശോധിക്കാം.

(4) ഐക്കോൺസ് ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച മറുപടി

സിൽവർ ജൂബിലി വർഷത്തിൽ നിൽക്കുന്ന ഐക്കോൺസ് ആരോഗ്യവകുപ്പിന്റെ കീഴിൽ ഗ്രാന്റ്-ഇൻ-എയ്ഡായി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. കുട്ടികളിലും മുതിർന്നവരിലുമുള്ള ബൗദ്ധികവും ഭാഷാപരവുമായ പിന്നാക്കാവസ്ഥയുള്ള രോഗനിർണ്ണയം, ചികിത്സ, പുനരധിവാസം എന്നിവയാണ് ഐക്കോൺസിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഈ പ്രയാസങ്ങളുള്ള കുട്ടികളെ കൂട്ടിരിപ്പുകാരില്ലാതെ കിടത്തി ദീർഘകാലം പരിചരിക്കുകയും ചികിത്സ നൽകുകയും ചെയ്യുന്നത് ഇന്ന് ഐക്കോൺസിൽ മാത്രമേയുള്ളൂ. ഐക്കോൺസിൽ നിന്നുള്ള സേവനങ്ങൾ പൂർണ്ണമായി സൗജന്യമോ വളരെ ലഘുവായ ഫീസോടുകൂടിയോ ആണ് നൽകിവരുന്നത്.

ഈ മേഖലയിൽ ആവശ്യമായ മാനവശേഷി വികസനം ലക്ഷ്യമിട്ട് ഐക്കോൺസ് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (RCI) ആരോഗ്യ സർവ്വകലാശാല (KUHS) എന്നിവയുടെ മേൽനോട്ടത്തിൽ BASLP കോഴ്സ് നടത്തിവരുന്നു.

2021 ആഗസ്റ്റിൽ പുതിയ ഡയറക്ടറെ നിയമിക്കുകയും സ്ഥാപനത്തിന്റെ

വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം ചെയ്ത് പ്രവർത്തനനിരതമാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷത്തെ പ്ലാൻ ഫണ്ടുപയോഗിച്ച് അഞ്ചുകോടി രൂപ ചെലവിൽ ആശുപത്രി നവീകരിക്കുകയും പുതിയ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. 2023 മാർച്ച് 1 മുതൽ ഐക്കോൺസ് ഷൊർണ്ണൂരിൽ ഒരു പൂർണ്ണ സമയ ന്യൂറോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സിന്റെ (ASD) നൂതന ചികിത്സയായ ട്രാൻസ്ക്രനിയേൽ മാഗ്നെറ്റിക് സ്റ്റിമുലേഷൻ (TMS) ചികിത്സ ഐക്കോൺസ് ഷൊർണ്ണൂരിൽ ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ ചികിത്സാ സംവിധാനം ഇപ്പോൾ കേരളത്തിൽ ലഭ്യമല്ല.

ഐക്കോൺസിൽനിന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി സ്ട്രോക്ക് എപ്പിലെപ്സി, മറ്റ് ന്യൂറോ സംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്കുള്ള ചികിത്സയും ഇപ്പോൾ ലഭ്യമാണ്. ഗവേഷണതലത്തിൽ ഐക്കോൺസ് കാതലായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഐക്കോൺസിന്റെ മൾട്ടി റിസർച്ച് യൂണിറ്റിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ ഗവേഷണ വിഭാഗത്തിന്റെ

പരിഗണനയിലാണ്.

ഒരു അഡ്വാൻസ്ഡ് ന്യൂറോ മെറ്റബോളിക് ആൻഡ് ജനറ്റിക് ലാബ് ഐക്കോൺസിൽ നബാർഡ് സഹായത്തോടെ സ്ഥാപിക്കുന്ന വിഷയം പരിശോധനയിലാണ്. ഈ സേവനത്തിലൂടെ നവജാത ശിശുക്കളിൽ ഇപ്പോൾ നടത്തുന്ന രോഗനിർണ്ണയത്തിന് ഉപരിയായി ഏകദേശം 50-ന് മേൽ രോഗങ്ങൾ കണ്ടെത്തുന്നതിന് സഹായകരമാകുന്നതാണ്. ഈ സേവനങ്ങൾക്കായി ഇപ്പോൾ കേരളത്തിന് പുറത്ത് രക്ത പരിശോധനയ്ക്ക് അയയ്ക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ബൗദ്ധികവും ഭാഷാപരവുമായ പരിമിതികൾ കുട്ടികളിലും മുതിർന്നവരിലും ഒരു പ്രധാന വെല്ലുവിളിയാണ്. കേരളത്തിലെ ജനസംഖ്യയിൽ വയോധികരുടെ അനുപാതം വർദ്ധിക്കുകയും ജീവിതശൈലീരോഗങ്ങൾ കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന അവസരത്തിൽ ഇവയോട് ബന്ധപ്പെട്ട് എല്ലാ പ്രായക്കാരിലും കാണുന്ന ബൗദ്ധികവും ഭാഷാപരവുമായ രോഗനിർണ്ണയം, ചികിത്സ എന്നിവയ്ക്ക് ഐക്കോൺസ് നേതൃത്വം വഹിക്കുന്നതാണ്. ഇവയ്ക്ക് ആവശ്യമായ എല്ലാ ലബോറട്ടറി സൗകര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഐക്കോൺസിലെ ജീവനക്കാരിൽ ഭൂരിഭാഗവും

താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്. ഐക്കോൺസിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരുടെ സേവനങ്ങൾ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ഐക്കോൺസിന്റെ സ്ഥിരം ജീവനക്കാരുടെ 10, 11 ശമ്പളപരിഷ്കരണങ്ങൾ 22-01-2023-ലെ G.O.(Ms)No.10/2023/H&FWD പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷിയാൽ ബുദ്ധിമുട്ടുന്ന പൊതുജനങ്ങളിൽനിന്നും ആശുപത്രി സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുന്നതിന് പരിമിതികളുണ്ട്. ഇത് ഐക്കോൺസിന്റെ സാമ്പത്തിക ഭദ്രതയെ ഗൗരവമായി ബാധിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ പ്ലാൻ വിഹിതമായി ഐക്കോൺസിന് വകയിരുത്തിയിരുന്നു. ഇതിൽ 266.67 ലക്ഷം രൂപ ഐക്കോൺസിന് റിലീസ് ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന തുക റിലീസ് ചെയ്യുന്ന വിഷയം പരിശോധിച്ചുവരികയാണ്. ഇതുകൂടാതെ ശമ്പള വിതരണമുൾപ്പെടെയുള്ള ചെലവുകൾക്കായി നോൺ പ്ലാൻ വിഹിതമായി 241.14 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക മുഴുവനായി ഐക്കോൺസിന് റിലീസ് ചെയ്തു നൽകിയിരുന്നു. ഇതുകൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന 24 ലക്ഷം രൂപയും

ഐക്കോൺസിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് റിലീസ് ചെയ്തു നൽകിയിട്ടുണ്ട്.

(5) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് എന്ന വിഷയം സംബന്ധിച്ച ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച മറുപടി

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ ട്രയാജ് കെട്ടിടം നിർമ്മിക്കുന്നതിനായി 24-07-2012-ലെ സ.ഉ. (സാധാ) നം. 2447/2012/ആ.കു.വ. ഉത്തരവ് പ്രകാരം 'Commencement of Emergency and Critical Care departments in all medical colleges and strengthening of supporting facilities' എന്ന പദ്ധതിയിലുൾപ്പെടുത്തി 1459.03 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ മേൽനോട്ടച്ചുമതല വഹിക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി എച്ച്.എൽ.എൽ.(HLL)-നെ നിയോഗിക്കുകയും ചെയ്തിരുന്നു. തുടർന്ന് 06-11-2014-ന് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. 18 മാസമായിരുന്നു പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ചിരുന്ന സമയമെങ്കിലും കെട്ടിടത്തിന്റെ പണികൾ ഇടയ്ക്കുവച്ച് നിന്നുപോകുന്ന അവസ്ഥയുണ്ടായിരുന്നു. 2014-ൽ നിർമ്മാണം ആരംഭിച്ച ട്രയാജ് കെട്ടിടം കരാറുകാരൻ നിർത്തിവയ്ക്കുകയും കോടതിയിൽ കേസായതോടെ പൂർണ്ണമായും

തടസ്സപ്പെടുകയുമായിരുന്നു. തുടർന്ന് കോടതി വ്യവഹാരം പരിഹരിക്കുകയും നിർമ്മാണം തുടരാനുള്ള സാഹചര്യങ്ങളിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തു. വകുപ്പിന്റെ സമയോചിതമായ ഇടപെടലിലൂടെ കെട്ടിടം പണി വളരെ വേഗത്തിൽ പൂർത്തിയാക്കാൻ സാധിച്ചു. നേരത്തേയുള്ള കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ തുടരാൻ വിസമ്മതിച്ചത് കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയെങ്കിലും ജനപ്രതിനിധികളുടെയും കോളേജ് അധികൃതരുടെയും അദ്ധ്യക്ഷതയിൽ HLL അധികൃതരുമായി അഞ്ചോളം യോഗങ്ങൾ ചേരുകയും നിർമ്മാണം പുനരാരംഭിക്കാനുള്ള നീക്കങ്ങൾക്ക് തുടക്കമിടുകയും പുരോഗതികൾ നിരന്തരം വിലയിരുത്തുകയും ചെയ്തു. 90 ശതമാനം പൂർത്തിയായിരുന്ന ഇലക്ട്രിക്കൽ, മെഡിക്കൽ ഗ്യാസ്, HVAC എന്നീ ജോലികൾ നിലവിലെ ഉപകരാറുകാർക്ക് മാത്രമേ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഇതിനായി പ്രത്യേകം ശിപാർശ HLL-HITES-ൽ നിന്നും ആവശ്യപ്പെടുകയും അത് സമർപ്പിച്ചതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുകയും നിർമ്മാണം തുടരാനും ഉപകരാറുകാരുമായി HLL-ന് പുതിയ കരാറിൽ ഏർപ്പെടാനും സർക്കാർതലത്തിൽ അനുമതി നൽകുകയും ചെയ്തു. സിവിൽ പ്രവൃത്തികൾക്ക് പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയും പുതിയ കരാറുകാരനെ കണ്ടെത്തുകയും ചെയ്തു. നിലവിലുള്ള കെട്ടിടവുമായി

ബന്ധിപ്പിക്കുന്ന connecting കൊറിഡോർ അധിക നിർമ്മാണ പ്രവൃത്തിയായി ഉൾപ്പെടുത്തി ടെണ്ടർ ചെയ്തു. എല്ലാ പ്രവൃത്തികളും, അധികമായി പദ്ധതിയിലുൾപ്പെടുത്തിയ കണക്ഷൻ കോറിഡോർ ഉൾപ്പെടെ നിശ്ചയിച്ച സമയക്രമത്തിനുള്ളിൽത്തന്നെ പൂർത്തിയാക്കി. 16-11-2022-നാണ് പ്രസ്തുത കെട്ടിടം മെഡിക്കൽ കോളേജിന് കൈമാറിയത്.

ട്രയാജ് കെട്ടിടത്തിന്റെ എനർജൈസേഷനുവേണ്ടി 2022 മാർച്ച് മാസത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. കൂടാതെ ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് വകയിരുത്തുകയും അതിന്റെ ഇൻസ്റ്റലേഷൻ നടപടികൾ കെ.എം.എസ്.സി.എൽ. മുഖേന പുരോഗമിക്കുകയുമാണ്. KASP ഫണ്ട് ഉപയോഗിച്ച് 4,91,09,389/- രൂപയുടെ സി.റ്റി. സ്കാനർ (128 slice) സ്ഥാപിക്കുന്നതിന് 10-01-2023-ലെ G.O.(Rt)No.68/2023/H&FWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിലെ സി.റ്റി. സ്കാനർ, ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീൻ എന്നിവയുടെ എനർജൈസേഷൻ പ്രവൃത്തികൾക്കായി PWD എസ്റ്റിമേറ്റ് പ്രകാരം 42.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രയാജ്

ബ്ലോക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങളിൽ വലിയൊരു ശതമാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കോവിഡ് സമയത്ത് പ്രവർത്തനമാരംഭിച്ച സെൻട്രൽ ബയോമെഡിക്കൽ ഡിപ്പോയിൽ ലഭ്യമാണ്. ഇതിനായി ഇനിയും ആവശ്യമുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയതിന്റെ ഭാഗമായി തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ NMC നിബന്ധന പ്രകാരം എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനും ട്രയാജ് ബ്ലോക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുമായി ഡോക്ടർമാർ, നഴ്സുമാർ, അറ്റൻഡർ, മറ്റ് ടെക്നിക്കൽ സ്റ്റാഫ് എന്നിവരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ മുഖേന ലഭ്യമാകുകയും ഈ പ്രൊപ്പോസലിന്റെ തുടർനടപടികൾ പുരോഗമിക്കുകയുമാണ്. ട്രയാജ് ബ്ലോക്ക് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതുവഴി റോഡ് അപകടങ്ങൾ, ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയ എല്ലാ അത്യാഹിതങ്ങൾക്കും ഒരു കുടക്കീഴിൽ ചികിത്സയൊരുക്കാൻ സാധിക്കുന്നതാണ്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിയെന്ന നിലയിൽ നേരിട്ട് നിരവധി യോഗങ്ങൾ ചേർന്നുകൊണ്ട് നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വികസന പ്രവർത്തനത്തിന്റെ ഓരോ ഘട്ടങ്ങളിലും സ്ഥലം എം.എൽ.എ.-യുടെ കാര്യക്ഷമമായ ഇടപെടൽ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു.

ഇപ്രകാരം ജനങ്ങൾക്ക് ആതുരസേവനത്തിന് മികച്ച മുതൽക്കൂട്ടായി ട്രയാജ് ബ്ലോക്ക് അത്യാധുനികമായ രീതിയിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള എല്ലാ പ്രവൃത്തികളും വകുപ്പിന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി സ്വീകരിക്കുന്നുണ്ട്. ട്രോമാ കെയർ സെന്ററിന്റെ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കായി എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള ഒരു പ്രൊഫസർ, ഒരു അസോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒൻപത് സീനിയർ റസിഡന്റ് എന്നീ തസ്തികകൾക്കായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ആയത് സർക്കാരിൽ പരിശോധിച്ചുവരുന്നു. കൂടാതെ ട്രോമാ കെയർ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി അത്യാവശ്യംവേണ്ട നഴ്സിംഗ്, ശുചീകരണ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജ് ആശുപത്രി, നെഞ്ചുരോഗാശുപത്രി എന്നിവിടങ്ങളിലെ മുനഷ്യവിഭവശേഷിയുടെ ആവശ്യകത, ലഭ്യത എന്നിവ സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കിഫ്ബി ഫണ്ടുപയോഗിച്ച് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ അമ്മയും കുഞ്ഞും ബ്ലോക്ക് നിർമ്മാണത്തിന് 277,76,61,670/- രൂപയുടെ ഭരണാനുമതി 04-07-2019-ലെ G.O.(Rt)No.1616/2019/Health ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ധനാനുമതി കഴിഞ്ഞ മാസം ചേർന്ന കിഫ്ബി യോഗത്തിൽ പരിഗണിച്ച് അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് 22-12-2018-ലെ G.O.(Rt)No.3774/2018/Health ഉത്തരവുപ്രകാരം 285,54,01,787/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 169,01,37,365/- രൂപയുടെ ധനാനുമതി 29-01-2022-ലെ ഉത്തരവുപ്രകാരം കിഫ്ബി നൽകിയിട്ടുണ്ട്.

5.5 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കീമോ ഡേകെയർ സെന്ററിനും 5 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെയും നിർമ്മാണ

പ്രവൃത്തികൾക്കാവശ്യമായ നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ മെഡിക്കൽ കോളേജ് ആവശ്യങ്ങൾക്ക് മാത്രമായി ഒരു 33 കെ.വി. സബ് സ്റ്റേഷൻ, സെക്ഷൻ ഓഫീസ്, ഇ.വി. ചാർജ്ജിംഗ് സ്റ്റേഷൻ എന്നിവ കെ.എസ്.ഇ.ബി.എൽ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് 20 സെന്റ് ഭൂമി പാട്ടവ്യവസ്ഥയിൽ കെ.എസ്.ഇ.ബി.എൽ.-ന് അനുവദിക്കുന്നതിന് അനുമതിയാവശ്യപ്പെട്ട് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ രണ്ടാംഘട്ടമായി തൃശ്ശൂർ മെഡിക്കൽ കോളേജിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(6) <u>വൈക്കം താലൂക്ക് ആശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ആരംഭിക്കണമെന്നത് സംബന്ധിച്ച ശ്രീമതി സി. കെ. ആശ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന</u>

വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച മറുപടി

1893-ൽ സ്ഥാപിതമായ സ്ഥാപനമാണ് വൈക്കം ആശുപത്രി. തുടക്കത്തിൽ ഒരു ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച് പിന്നീട് പ്രാഥമികാരോഗ്യ കേന്ദ്രമായും സാമൂഹ്യാരോഗ്യ കേന്ദ്രമായും താലൂക്ക് ആസ്ഥാന ആശുപത്രിയായും മാറ്റപ്പെട്ടു. ഏകദേശം 5.5 ഏക്കറോളം വിസ്തീർണ്ണമുള്ള സ്ഥലമുള്ള ഈ ആശുപത്രിക്ക് അനുവദിക്കപ്പെട്ട കിടക്കകൾ 272 ആണ്. എന്നാൽ പരമാവധി 110 കിടക്കകൾക്കുള്ള സ്ഥലം മാത്രമേ നിലവിൽ ഈ ആശുപത്രിയിലുള്ളൂ. മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതിനാൽ അമ്മയും കുഞ്ഞും ആശുപത്രിക്കായി നിർമ്മിച്ച 5 നില കെട്ടിടത്തിലാണ് ഈ ആശുപത്രി നിലവിൽ താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നത്. പ്രതിദിനം ആയിരത്തിലധികം പേർ ഒ.പി. ചികിത്സയ്ക്കായി എത്തുന്ന ഈ സ്ഥാപനത്തിലെ ശരാശരി ഐ.പി. 55 ആണ്.

ഒ.പി., ഐ.പി. സേവനവും വിവിധ സ്പെഷ്യാലിറ്റി വിഭാഗം ചികിത്സയും കാഷ്വൽറ്റി സേവനവും ലാബ്, എക്സ്റേ, ഇ.സി.ജി., ഫാർമസി സേവനങ്ങളും, ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ

പരിപാലനത്തിനായി പി.പി. യൂണിറ്റ്, ന്യൂബോൺ സ്റ്റബിലൈസേഷൻ യൂണിറ്റ് (എൻ.ബി.എസ്.യു), ന്യൂബോൺ സ്ക്രീനിംഗ്, എൻ.സി.ഡി. ക്ലിനിക്ക്, മെഡിസിൻ സ്റ്റോർ, ഓഡിയോളജി, ഓപ്പറേഷൻ തിയേറ്റർ, ഫിസിയോതെറാപ്പി തുടങ്ങിയവ പ്രവർത്തിക്കുന്നു. കൂടാതെ പാലിയേറ്റീവ് സേവനങ്ങളും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ആംബുലൻസ് സേവനങ്ങളും ഈ ആശുപത്രിയിൽ നൽകിവരുന്നുണ്ട്. മോർച്ചറിയും പോസ്റ്റ്മോർട്ടം സർവ്വീസും ലഭ്യമാണ്. ഇതുകൂടാതെ കാസ്പ്, കെ.ബി.എഫ്., മെഡിസെപ്, ജെ.എസ്.എസ്.കെ., ആർ.ബി.എസ്.കെ., ആരോഗ്യ കിരണം തുടങ്ങി വിവിധങ്ങളായ രോഗീ ചികിത്സാ സഹായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 131 ഡയാലിസിസ് രോഗികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 17 രോഗികൾക്ക് നിലവിൽ ഡയാലിസിസ് നൽകിവരുന്നു. ഒരു ഷിഫ്റ്റിൽ 8 മെഷീനുകളാണ് പ്രവർത്തിക്കുന്നത്. വൈക്കം താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനുവേണ്ടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും ചെയ്തു. കിഫ്ബിയിൽനിന്നും 66.96 കോടി

രൂപയുടെ ധനാനുമതി ലഭ്യമായതിനെത്തുടർന്ന് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ആയത് പുരോഗമിച്ചുവരികയുമാണ്.

വൈക്കം താലൂക്കാശുപത്രിയിൽ സൂപ്രണ്ട്-1, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-2, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-1, കൺസൾട്ടന്റ് (ഗൈനക്കോളജി)-2, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, കൺസൾട്ടന്റ് (അനസ്തേഷ്യ)-1, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1, കൺസൾട്ടന്റ് (സർജറി)-1, ജൂനിയർ കൺസൾട്ടന്റ് (സർജറി)-1, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)-1, ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമിക്)-1, ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.)-1, ജൂനിയർ കൺസൾട്ടന്റ് (ഡർമ്മറ്റോളജി)-1, ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി)-1 എന്നിങ്ങനെ 17 സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാർ, അസിസ്റ്റന്റ് സർജൻ-9 ഉൾപ്പെടെ 169 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, എൻ.എച്ച്.എം., കാസ്പ് തുടങ്ങിയവ മുഖാന്തരം അൻപതോളം താൽക്കാലിക ജീവനക്കാരുമുണ്ട്. അങ്ങനെ ആകെ 220-ഓളം ജീവനക്കാരുടെ

സേവനമാണ് ഇവിടെ ലഭ്യമാകുന്നത്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഇ.എൻ.ടി., പീഡിയാട്രിക്സ്, ജനറൽ സർജറി, അനസ്തേഷ്യ, ഓഫ്ത്താൽമോളജി, സൈക്യാട്രി, ഓർത്തോ, ഡെർമ്മറ്റോളജി എന്നിങ്ങനെ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ഈ ആശുപത്രിയിൽ അനുവദിച്ചുനൽകിയിട്ടുള്ളത്.

സർക്കാരിന്റെ ആർദ്രം സ്റ്റാൻഡേഡൈസേഷൻ മാർഗ്ഗരേഖ പ്രകാരം താലൂക്കുതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യലിറ്റി വിഭാഗം സേവനം ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. താലൂക്കാശുപത്രി മുഖാന്തരം സ്പെഷ്യാലിറ്റി വിഭാഗം സേവനങ്ങളാണ് ലഭ്യമാക്കി വരുന്നത്. ഈ സൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ രോഗികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് താലൂക്കുതല ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ഡോക്ടർമാർക്കും മറ്റ് അനുബന്ധ വിഭാഗം ജീവനക്കാർക്കും ആധുനിക ചികിത്സാ രീതികളും രോഗീ പരിപാലനവും സംബന്ധിച്ച പരിശീലനം നൽകുന്നതിനും ആശുപത്രിയുടെ മൊത്തത്തിലുള്ള പ്രവർത്തനം രോഗീ സൗഹൃദമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

വൈക്കം താലൂക്കാശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ആരംഭിക്കണമെന്നതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. കോട്ടയം ജില്ലയിൽ സർക്കാർ മേഖലയിൽ കാത്ത് ലാബ് സൗകര്യം നിലവിലുള്ളത് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലുമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ട് കാത്ത്ലാബുകളും കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച ഒരു കാത്ത്ലാബും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഹൃദയ ശസ്ത്രക്രിയ വിജയകരമായി നടത്തുന്ന ആശുപത്രിയാണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി. സർക്കാരിന്റെ നയമനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗമായ ഹൃദ്രോഗവിഭാഗം (കാർഡിയോളജി) ജില്ലാ ആശുപത്രി മുതലാണ് അനുവദിക്കുന്നത്.